032:3M69:12
G10

032:3M69:12 GO

ARMA (B.).

M.U.V

Date label

28 MAR 1992

22 APR 1962

24 JUL 1962

22 APR 1961

25 OCT 1959

29 JUL 1960

# TAMARASSERI.

BY

B. KALYANI AMMA, B. A. L. T.

# താമരശ്ശേരി.

അഥവാ

## അമ്മുവിന്റെ ഭാഗ്യം.

ബി. കല്യാണിഅമ്മ ബി. എ എൽ. ടി.

രചിച്ചത്.

പ്രസാധിക:

കെ. ഗോമതിഅമ്മ.

(മൂന്നാം പതിപ്പ് — 1000 പ്രതി)

PRINTERS:

THE MANGALODAYAM PRESS,

TRICHUR.

1930.

(പകർപ്പവകാശം)

Price Re. 1 & 4 annas) (വില 1-ക. 4-ണ.

UNIVERSITY LIBRARY
31 MAR 1935
MADRAS

80615

032:3M69:12

## മുഖവുര.

'താമരശ്ശേരി' അഥവാ 'അമ്മുവിന്റെ ഭാഗ്യം' എന്നു പേരായ ഇപ്പുസ്തകം, ഞാൻ, കുന്നരക്കൊല്ലംമുമ്പ് വായിച്ചിരുന്ന ഒരിംഗ്ലീഷ് ആഖ്യായികയെ അനുകരിച്ചെഴുതിയതാകുന്നു. പ്രഖ്യാതന്മാരായ ആഖ്യായികാകാരന്മാരിലാരുമല്ലാ അതിന്റെ കൎത്താവെന്നിരുന്നാലും, കഥ ലോകഗതിയെ അനുസരിച്ചുള്ളതും, സമുദായാഭിവൃദ്ധിയെ സംബന്ധിക്കുന്ന ചില തത്ത്വങ്ങൾ അടങ്ങിയതും ആയിക്കണ്ടതിനാൽ, പറയത്തക്ക പണിയൊന്നും മനസ്സിനെ ആവൎജ്ജിക്കാതെയിരുന്ന ആ അവസരത്തിൽ, അതിനെ മലയാളത്തിലെഴുതിയാലോ, എന്ന് ആലോചിക്കു ഉണ്ടായി. എന്നാൽ, ഇംഗ്ലീഷ് ജനസമുദായത്തിലെ ആചാരങ്ങളെ പ്രതിപാദിക്കുന്ന നിലയ്ക്ക്, കഥയെ, കേവലം പാത്രദേശാദിനാമങ്ങൾക്കു ഭേദം വരുത്തി തൎജ്ജമ ചെയ്യുന്നത് അനുചിതം എന്നും തോന്നി. അതിനാൽ, കഥാസൂത്രത്തെ അനുവൎത്തിച്ച്, മലയാളനാട്ടിലെക്കു യോജിപ്പായ വിധത്തിൽ ഒരാഖ്യായിക നിൎമ്മിക്കയാണു ഉത്തമമെന്നു നിശ്ചയിക്കയും, അങ്ങിനെ ഈ കഥ രചിക്കയും ചെയ്തു. ഇംഗ്ലീഷ് കഥയുടെ ഗതിയിൽനിന്നു വളരെ അന്തരം ഇതിൽ വരുത്തീട്ടുണ്ട്: മുഖ്യമായും, ഇംഗ്ലീഷ് കഥയിൽ, നായകൻ നായികയുടെ അമ്മയെ വിവാഹം ചെയ്വാൻ പ്രതിജ്ഞാപിക്കയും, പിന്നെ മനസ്സു മാറുകയും ചെയ്യുന്നു; അങ്ങിനെയുള്ള വേറേയും ചില സംഗതികൾ ഈ മലയാളകൃതിയിൽ അംഗീകരിച്ചിട്ടില്ല. കാലചക്രത്തിരിച്ചലിൽ, ഓരോ സമുദായവും അതാതിന്റെ പൂൎവ്വബന്ധങ്ങളിൽനിന്നു വിട്ടുപോകയും, വിവേകത്തെ ആസ്പദമാക്കീട്ടുള്ള പുതിയ നടവടികളെ സ്വീകരിക്കേണ്ടിവരുകയും ചെയ്യുമെന്ന്, ഈ കഥയിൽനിന്നു ഗ്രഹിക്കാം. ആഭിജാത്യത്തിരക്കം മാമൂൽ നിൎബ്ബന്ധവും യുക്തിശക്തിയുടെ മുമ്പിൽ തലതാഴ്ത്തി

നില്ലേണ്ടിവരുമെന്നതിന്, ഇതിലെ നായികാനായകന്മാരുടെ കഥ ദൃഷ്ടാന്തമാകുന്നു. ദാരിദ്ര്യത്തിൽ ജനിച്ചു എന്നുള്ളതുകൊണ്ട് ഒരുവൻ ഗഹ്ണീയനായിരിക്കേണമെന്നില്ലെന്നും; അവന്റെ മനോവൃത്തികളും അവയെത്തുടർന്നുള്ള ബാഹ്യവൃത്തികളും ഏതു നിലയിലിരിക്കുന്നുവോ, അതിന്നനുസരിച്ചാകുന്നു, അവന് ശ്രേഷ്ഠതയോ നികൃഷ്ടതയോ കല്പിക്കേണ്ടതെന്നും, കഥാനായകനായ കൃഷ്ണക്കുറുപ്പിനെക്കൊണ്ട്, ഉദാഹരിക്കാം. നായികയുടെ മാതാവും, 'മക്കടമുഷ്ടി'ക്കാരിയും ആയുള്ള നാരായണി അമ്മയുടെ 'തറവാട്ടവമ്പ്', ഒടുവിൽ വിവേകം ഉദിച്ചപ്പോൾ, അനന്തരക്ഷണത്തിൽത്തന്നെ അസ്തമിച്ചതും പ്രകൃതി നിയമത്തിന്റെ പ്രഭാവത്തിനുള്ള മറെറാരു ലക്ഷ്യമാകുന്നു.

ഈ കഥ, മലയാളനാട്ടുകാൎക്ക്, വിശേഷിച്ചും, സ്ത്രീജനങ്ങൾക്ക് പ്രിയപ്പെട്ടു എങ്കിൽ, ഞാൻ ചരിതാൎത്ഥതയെ പ്രാപിച്ചു, എന്നുകൂടി പറഞ്ഞുകൊണ്ട്, ഇതിനെ സജ്ജനസമക്ഷം സമൎപ്പിക്കുന്നു.

കണ്ണൂർ,
1915 ആഗസ്റ്റ് 16-ാംനു. } ബി. കല്യാണിഅമ്മ.

# വിഷയാനുക്രമണിക.


| | | | |
|---|---|---|---|
| അദ്ധ്യായം | ൧: കൈമാറി | — പുറം | 1 |
| ടി | ൨: അമ്മയും മകളും | — | 14 |
| ടി | ൩: സോദരീസോദരന്മാർ | — | 22 |
| ടി | ൪: മൎക്കടമുഷ്ടി | — | 33 |
| ടി | ൫: അപസ്മാരം | — | 44 |
| ടി | ൬: ആകസ്മികസംവാദം | — | 52 |
| ടി | ൭: 'ഇരയിട്ടു മീൻ പിടിക്ക' | — | 66 |
| ടി | ൮: ഭാഗീരഥിയുടെ ഉദ്യമങ്ങൾ | — | 77 |
| ടി | ൯: കുടി പൊളിച്ചു | — | 88 |
| ടി | ൰: അമ്മായിയുടെ ദൌത്യം | — | 99 |
| ടി | ൰൧: പ്രണയാരംഭം | — | 111 |
| ടി | ൰൨: കവിതയെഴുത്ത് | — | 123 |
| ടി | ൰൩: കമലയുടെ പരുങ്ങൽ | — | 133 |
| ടി | ൰൪: കുറുപ്പിനോടുള്ള പക | — | 143 |
| ടി | ൰൫: രണ്ടു സന്ദൎശനങ്ങൾ | — | 153 |
| ടി | ൰൬: അനുരാഗപ്രതിജ്ഞ | — | 170 |
| ടി | ൰൭: ദുൎഘടസ്ഥിതി | — | 179 |
| ടി | ൰൮: സമാധാനമായി | — | 189 |
| ടി | ൰൯: ഇടനാട്ടിലെ സ്വത്ത് | — | 200 |
| ടി | ൨൰: പ്രേമപ്രകാശം | — | 208 |
| ടി | ൨൰൧: ഉണ്ണിത്താന്റെ യാത്ര | — | 213 |
| ടി | ൨൰൨: മനസ്സുമാറി | — | 222 |
| ടി | ൨൰൩: ആപത്തു, അനുഗ്രഹം | — | 232 |
| ടി | ൰൪: അമ്മയുടെ അഭിമതം | — | 242 |
| ടി | ൨൰൫: അമ്മുവിന്റെ ഭാഗ്യം | — | 250 |

UNIVERSITY LIBRARY
31. MAR. 1935
MADRAS

# ശുദ്ധിപത്രം.

| പുറം | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 2 | 20 | ജീവാവസനം | ജീവാവസാനം |
| 4 | 24 | അരക്കാശുവോലും | അരക്കാശുപോലും |
| 5 | 24 | തട്ടുമട്ട | തട്ടുമുട്ടു |
| 6 | 5 | ഇല്ലിക്കി | ഇളക്കി |
| 7 | 9 | തുനിഞ്ഞിരുലോ | തുനിഞ്ഞിരുന്നാലോ |
| 8 | 15 | കൃഷ്ണക്കറപ്പ് | കൃഷ്ണക്കുറുപ്പ് |
| 8 | 21 | അഭിപ്രയാവും | അഭിപ്രായവും |
| 12 | 19 | കുറപ്പു | കുറുപ്പു |
| 15 | 5 | മുഴവൻ | മുഴുവൻ |
| 16 | 18 | നടവടികുൾ | നടവടികൾ |
| 17 | 9 | വണ്ണമാണ് | വണ്ണമാണ് |
| 19 | 2 | കൈക്കലാക്കാനാനാണോ | കൈക്കലാക്കാനാണോ |
| 19 | 18 | കാണ്ടോന്തോ? | കണ്ടോന്തോ? |
| 22 | 27 | മുടങ്ങിട്ടില്ല. | മടങ്ങീട്ടില്ല |
| 25 | 14 | ആഹ്ലാദയത്തിൽ | ആഹ്ലാദത്തിൽ |
| 29 | 6 | പരിചിതവാണെന്നും | പരിചിതനാണെന്നും |
| 33 | 4 | അമ്മക്കുട്ടി | അമ്മുക്കുട്ടി |
| 38 | 27 | വിക്രമനുണ്ണിത്താന്റെ | വിക്രമനുണ്ണിത്താന്റെ |
| 35 | 9 | മാനസാ | മനസാ |
| 36 | 25 | കുരക്കാരും | കരക്കാരും |
| 41 | 26 | കൃഷ്ണക്കുറുപ്പിനോട് | കൃഷ്ണക്കുറുപ്പിനോട് |

| പറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 42 | 7 | ഇരപ്പാളിയെപ്പോയെലാണ് | ഇരപ്പാളിയെപ്പോലെയാണ് |
| 43 | 11 | കുട്ടികളാരും | കുട്ടികളാരും |
| 43 | 24 | അടുളക്കാരി | അടുക്കളക്കാരി |
| 44 | 3 | കടുത | കട്ടത |
| 44 | 6 | പോയിരിക്കായാണെന്നു | പോയിരിക്കയാണെന്നു |
| 44 | 15 | പയവം | പയവും |
| 45 | 9 | സേവാദിവങ്ങളിൽ | സേവാദിവസങ്ങളിൽ |
| 46 | 29 | മാറിപ്പോയിയിരിക്കുന്നു! | മാറിപ്പോയിരിക്കുന്നു! |
| 47 | 27 | നാസാദാരം | നാസാദ്വാരം |
| 56 | 4 | വിളക്കിനോടപ്പം | വിളക്കിനോടൊപ്പം |
| 56 | 22 | തിരിക്കിനിടയിൽ | തിരക്കിനിടയിൽ |
| 59 | 24 | വിനീതവുംആകണ്ണമധുരവും | വിനീതവുംകണ്ണമധുരവും |
| 62 | 4 | മര്യാദക്കേടും | മര്യാദകേടും |
| 72 | 14 | ബ ന്ധുക്കളും | ബന്ധുക്കളും |
| 82 | 8 | അല്പ്യസന്താനമാണ് | അല്പസന്താനമാണ് |
| 83 | 20 | പ്രയന്തിക്കുന്നു | പ്രയത്നിക്കുന്നു |
| 83 | 28 | രാസയുടെ | രാധയുടെ |
| 90 | 3 | സഹാച്ചിരുന്നില്ലയോ | സഹായിച്ചിരുന്നില്ലയോ |
| 92 | 4 | തന്നെയായിരുന്നു | തന്നെയിരുന്നു |
| 93 | 22 | അധൈര്യശേലം | അധൈര്യലേശം |

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 95 | 1 | ഇടിച്ചുപൊളച്ചു. | ഇടിച്ചുപൊളിച്ചു |
| 98 | 8 | തലിയിൽ കയറി | തലയിൽ കയറി |
| 99 | 13 | അതിലതികം | അതിലധികം |
| 100 | 16 | കക്ഷിപരിവരങ്ങളോടുകൂടെ | കക്ഷിപരിവാരങ്ങളോടുകൂടെ |
| 101 | 28 | കഷ്ടപ്പാടിലായിപ്പോയൊങ്കിലെം | കഷ്ടപ്പാടിലായിപ്പോയെങ്കിലും |
| 104 | 14 | അമ്മാതൻ | അമ്മാവൻ |
| 108 | 14 | വിവാജ്യമായ | നിർവ്യാജമായ |
| 109 | 17 | പോക്കരി | പോക്കിരി |
| 112 | 5 | അലങ്കിരിക്കുന്നു | അലങ്കരിക്കുന്നു |
| 113 | 13 | പെരുനഴി | പെരുവഴി |
| 115 | 14 | നാററായണി | നാരായണി |
| 115 | 25 | വെട്ടത്തോട്ടി | വെട്ടത്തോട്ടിന്റെ |
| 130 | 17 | ഒപ്പികടലാസ്സു | ഒപ്പുകടലാസ്സു |
| 141 | 28 | ഏതുകലത്തോ | ഏതുകാലത്തോ |
| 165 | 1 | നിർവ്യാജ്യവും | നിർവ്യാജവും |
| 166 | 7 | നിലയ്ലിയിരുന്ന | നിലയിലിരുന്ന |
| 170 | 6 | അവിവഗം | അവിവേകം |
| 178 | 29 | ചേദിക്കുന്നുള്ളത് | ചോദിക്കുന്നുള്ളത്? |
| 177 | 8 | നാരയണി | നാരായണി |
| 179 | 22 | നാരാണി | നാരായണി |
| 180 | 2 | വയറി | കയറി |
| 180 | 8 | ഒടി | ഓടി |
| 181 | 18 | പോവിടിശ്ശി | തേവിടിശ്ശി |
| 188 | 28 | മറവോളം | മറയുവോളം |
| 195 | 19 | നരായണി | നാരായണി |
| 199 | 13 | ഉണ്ടായട്ടില്ല | ഉണ്ടായിട്ടില്ല |

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 200 | 19 | രചറുതായൊന്നു | ചെറുതായൊന്നു |
| 201 | 23 | പാൎപ്പുക്കാമെന്നു | പാൎപ്പാക്കാമെന്നു |
| 202 | 17 | ഗ്രസ്ഥങ്ങളുടെ | ഗ്രന്ഥങ്ങളുടെ |
| 202 | 24 | കണ്ടുപിടച്ചതു് | കണ്ടുപിടിച്ചതു് |
| 217 | 3 | ജ്യേത്തി | ജ്യേഷ്ഠത്തി |
| 217 | 23 | പാരുഷ്യത്താടെ | പാരുഷ്യത്തോടെ |
| 218 | 8 | വളിച്ചിട്ടു | വിളിച്ചിട്ടു |
| 119 | 15 | ഇങ്ങറയൊരു | ഇങ്ങിനെയൊരു |
| 2 9 | 28 | എത്തിഃപ്പാൾ | എത്തിയപ്പോൾ |
| 228 | 6 | അത്തു | അകത്തു |
| 223 | 18 | അടിങ്ങിക്കിടക്കു് | അടങ്ങിക്കിടക്കു് |
| 234 | 6 | കടിത്തിറക്കിനുള്ള | കടത്തിറക്കിനുള്ള |
| 235 | 27 | ശ്രുതിപഥം | ശ്രുതിപഥം |
| 240 | 7 | ഒടിറച്ചെന്നു | ഓടിച്ചെന്നു |
| 240 | 22 | കുറപ്പിന്നു് | കുറുപ്പിന്നു |
| 244 | 18 | സഹിക്കാനായി | സഹായിക്കാനായി |
| 218 | 6 | വാൎക്ക | വാൎക്ക |
| 48 | 18 | തലവെച്ചു | തലവെച്ചു |
| 19 | 14 | പെരുമാറാണം | പെരുമാറണം |
| 53 | 29 | ഒൎമ്മ | ഓൎമ്മ |

UNIVERSITY LIBRARY
31. MAR. 1935
MADRAS



ബി. കല്യാണി അമ്മ ബി. എ., എൽ. ടി.

The Mangalodayam Press, Trichur.

UNIVERSITY LIBRARY
31 MAR 1935
MADRAS

# താമരശ്ശേരി

## അഥവാ

# അമ്മുവിന്റെ ഭാഗ്യം.

---

## അദ്ധ്യായം, ൧.

### കൈമാറി.

---

താമരശ്ശേരിത്തറവാട്ടിന്റെ കഥ കലാശിച്ചു. ഈ വമ്പിച്ച തറവാട്ട് അധോഗതിയെ പ്രാപിച്ചുതുടങ്ങീട്ട് രണ്ടുമൂന്നു തലമുറയായി. ഇവിടത്തെ കാരണവന്മാർ, ഒരു 'ചെലവാളി'യും, ഒരു 'മുതലാളി'യും എന്ന ക്രമത്തിൽ, തുടരെത്തുടരെ തറവാടു ഭരിച്ചുവന്നിരുന്നതായി കേട്ടുകേൾവി ഉണ്ടു. ചെലവാളികളുടെ കാലത്ത്, തറവാട്ടുസ്വത്തുകൾ മിക്കവയും അന്യാധീനമാവും; മുതലാളികളുടെ കാലത്ത്, അവയൊക്കെ വീണ്ടെടുക്കുകയും ചെയ്യും. ഇങ്ങനെ ചെലവാളികളെ പിന്തുടരാൻ മുതലാളികൾ ഉണ്ടായിരുന്ന കാലത്തോളം, താമരശ്ശേരിയുടെ പ്രാബല്യത്തിനു് ഉലച്ചൽ പററാതെ കഴിഞ്ഞു. എന്നാൽ അടുത്തടുത്തു രണ്ടുമൂന്നു തലമുറ, കാരണവന്മാരൊക്കെ ചെലവാളികളായിരുന്നു; തറവാടു 'ദീപാളി'യുമായി. ഇതിൽ അത്ഭുതപ്പെടുവാനുണ്ടോ?

കാരണവർ വിക്രമനുണ്ണിത്താന്റെ ഭരണദശയിലായിരുന്നു, തറവാടു പൊളിഞ്ഞത്. വിക്രമനുണ്ണിത്താന്റെ മരണവും താമരശ്ശേരിയിലെ തറവാട്ടുലക്ഷ്മിയുടെ അന്തർദ്ധാനവും ഒപ്പം കഴിഞ്ഞു. തറവാട്ടുലക്ഷ്മി അദ്ദേഹത്തെ വെടിഞ്ഞു പോകുവാൻ തുടങ്ങുകനിമിത്തമാണു് കാരണവർ ഇത്ര പെട്ടെന്നു മരിക്കാനും സംഗതിയായത്; എന്നു നാട്ടുകാർ പറക

പറഞ്ഞു. അതല്ലെങ്കിൽ, മദ്ധ്യവയസ്കനായി, അരോഗദൃഢഗാത്രനായി, തലേന്നു രാത്രികൂടിയും ചീട്ടുകളിച്ചും വേട്ടയാടിയും ആൎത്തിമത്തു നടന്നിരുന്ന കാരണവർ ഇങ്ങനെ അപ്രതീക്ഷിതമായി മരിക്കുമായിരുന്നുവോ?

വിക്രമനുണ്ണിത്താനോ? ഒരു വിക്രമി: ചെറുപ്പത്തിൽ ചില ചില്ലറ വികൃതികൾ കാട്ടിയിരിക്കാം; ചീട്ടുകളിയും വിസ്കികുടിയും ചെറുപ്പം മുതല്ക്കേ വേരൂന്നിപ്പോയിരിക്കാം; എങ്കിലും അടുത്ത കാലത്തൊന്നും അദ്ദേഹത്തിന്റെ ആരോഗ്യത്തിനു യാതൊരു കുറവും ഉണ്ടായിക്കണ്ടിട്ടില്ല. മലയാളനാട്ടിലുള്ള മററു ജന്മികളെപ്പോലെ, ഉണ്ണിത്താനും സുഖപ്രിയനായിട്ടാണു കഴിഞ്ഞുവന്നതു്. അദ്ദേഹം ഗ്രാമപഞ്ചായത്തിലും, പട്ടണപരിഷ്കരണസംഘത്തിലും, പ്രജാസഭയിലും ഒക്കെ സാമാജികസ്ഥാനം വഹിച്ചു കീൎത്തി നേടീട്ടുണ്ടു്. ഉത്സവസ്ഥലങ്ങളിലും, കല്യാണസഭകളിലും, മററു മഹാസദസ്സുകളിലും പരിവാരസമേതം വേഷംകെട്ടി ഞെളിഞ്ഞിരുന്നു് 'വങ്കപ്രഭു' എന്ന പേരും സമ്പാദിച്ചിട്ടുണ്ടു്. തറവാട്ടുമഹിമയെ നിലനിൎത്തുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു; എന്നാലും, കൈയിൽ കിട്ടിയതും, കണ്ണിൽ കണ്ടതുമൊക്കെ ധൂൎത്തടിച്ചു ചെലവാക്കി സുഖിച്ചിരുന്നു്, അന്യചിന്തയില്ലാതെ കാലം കഴിച്ചു. ഏകപത്നീവ്രതം, ജീവാവസാനംവരെ, ദീക്ഷിച്ചിരുന്നു. ഭാൎയ്യ, ചിറയ്ക്കൽ ലക്ഷ്മിഅമ്മ അതിരൂപലാവണ്യവതിയായിരുന്നു. ആ അമ്മ സാധാരണമായി സ്വഭവനത്തിൽ പാൎത്തിരുന്നു; ഭൎത്താവിന്റെ സഹോദരി നാരായണി അമ്മയുമായി സ്വരച്ചേൎച്ചയില്ലാഞ്ഞ നിമിത്തമാണു് അദ്ദേഹത്തിന്റെ അനുമതിയോടുകൂടി സ്വന്തം വീട്ടിൽ പാൎപ്പാക്കിയതു്. തനിക്കു സുഖമായി കഴിഞ്ഞുകൂടാനുള്ള വക, പണമായും പണ്ടമായും, പറമ്പായും, തന്റെ ഭൎത്താവു് തറവാട്ടുസ്വത്തിനെ കരണ്ടെടുത്തു് ഇഷ്ടദാനം ചെയ്തതിൽ പിന്നെയേ ലക്ഷ്മിഅമ്മ താമരശ്ശേരിയിലെ നായികാസ്ഥാനം വെടി

ത്തുള്ള അന്നു തുടങ്ങി, ലക്ഷ്മിഅമ്മയും നാരായണിഅമ്മയുമായുള്ള വിരോധം മൂത്തു്, തമ്മിൽ കാണ്മാൻവയ്യ എന്ന മട്ടിലായി. നാരായണിഅമ്മ, തന്റെ മക്കളായ അമ്മുക്കുട്ടിയോടും മാധവനോടുംകൂടി, കാരണവരുടെ സംരക്ഷണയിൽ താമരശ്ശേരിയിൽ പാർപ്പുറപ്പിക്കയും ചെയ്തു.

ഈ കഥ തുടങ്ങുന്ന ദിവസം രാവിലെ, അമ്മുക്കുട്ടി കായലിൽ പോയി കുളിയും കഴിച്ചു് മടങ്ങി താൻ ഇരിക്കുന്ന നാലുകെട്ടിലേക്കു പോകുംവഴിക്കു്, കാരണവരുടെ മുറിയിൽ കയറിച്ചെന്നു. കാരണവർക്കു വർത്തമാനപത്രങ്ങൾ വായിപ്പാൻ അസാധാരണമായ താല്പര്യമുണ്ടായിരുന്നതുകൊണ്ടു്, നാട്ടിലുള്ള വർത്തമാനപത്രികകൾക്കും, മാസികപുസ്തകങ്ങൾക്കുംകൂടി അദ്ദേഹം വരിക്കാരനായിരുന്നു. അവയെ അദ്ദേഹം ഉപയോഗപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ, തന്റെ ആവശ്യത്തിന്നായി, അമ്മുക്കുട്ടി എടുത്തുകൊണ്ടുപോക പതിവായിരുന്നു. ആ പതിവിൻപ്രകാരം കടലാസുകൾ എടുക്കാനായി അവൾ കടന്നുചെന്നപ്പോൾ, കാരണവർ നിലത്തു കമിഴ്ന്നു കിടക്കുന്നതായി കണ്ടു. അവൾ അല്പം ശങ്കിച്ചു പിൻമാറി; പിന്നെ അനക്കം കാണാഞ്ഞു് കാരണവരുടെ സമീപത്തേക്കു ചെന്നു നോക്കി. അദ്ദേഹം ഛർദ്ദിച്ചതിന്റെ അടയാളങ്ങൾ ചുറ്റും കണ്ടു. മുറിയിൽ മറ്റാരും ഉണ്ടായിരുന്നില്ല; ഉണ്ണിത്താന്റെ മരിച്ചു വിറങ്ങലിച്ച ദേഹംമാത്രം നെടുനീളത്തിൽ കിടന്നിരുന്നു.

അമ്മുക്കുട്ടിയുടെ നിലവിളി കേട്ടിട്ടായിരുന്നു, വീട്ടിലുണ്ടായിരുന്നവരൊക്കെ അവിടെ കൂടിയതു്. ഉടൻതന്നെ, ബന്ധുക്കളേയും സ്നേഹിതന്മാരേയും വിവരമറിയിക്കാനായി ചിലർ പാഞ്ഞുപോയി. ഡാക്കടരെ വരുത്തി ദേഹം പരിശോധിപ്പിച്ചാലൊ, എന്നു് മറ്റുചിലർ ആലോചിച്ചു. നന്ദപുരിയിൽ രാജകീയ-ഇംഗ്ലീഷ്-മഹാപാഠശാലയിൽ പഠിച്ചുകൊണ്ടിരുന്ന മാധവനുണ്ണിത്താനെ, കാരണവരുടെ ശേഷക്രിയകൾ

നടത്തുവാൻ തക്കസമയത്തിനു കൂട്ടിക്കൊണ്ടുവരുവാനായി, വേറെ ചിലർ ചവിട്ടുവണ്ടിയിൽ കയറി പോയി. വമ്പിച്ച നായർത്തറവാട്ടുകളിൽ കാരണവരുടെ മരണശേഷം ഉണ്ടാകാറുള്ള ബഹളങ്ങളൊക്കെ താമരശ്ശേരിയിലും ഉണ്ടായി. ഈ തിരക്കിന്നിടയിൽ, അദ്ദേഹത്തിന്റെ കൈവിരലിൽ ധരിച്ചിരുന്ന മോതിരത്തിലെ ചില വജ്രക്കല്ലുകൾ കാണ്മാനില്ലെന്ന് നാരായണിഅമ്മ പിറുപിറുത്തുതുടങ്ങി. പട്ടും, കച്ചയും, പുകലക്കെട്ടും, വാസ്സൂരി മുതലായവയും കടമപ്പെട്ടവർ കൊണ്ടുവന്നതു കണ്ടപ്പോൾ, ഡോക്ടരോ മറ്റോ വന്നുനോക്കി കൂട്ടവും കുറിയും ഉണ്ടാക്കുന്നതു് 'അലോഹ്യം' അല്ലേ, എന്നു വിചാരിച്ചു, കാരണവരുടെ ഇഷ്ടമിത്രങ്ങൾ ചേൎന്ന് അദ്ദേഹത്തിന്റെ ശേഷക്രിയകൾക്കു ബദ്ധപ്പെടുത്തി. അവസ്ഥാനുരൂപമായ ബഹുമാനചിഹ്നങ്ങളോടുകൂടി, വിക്രമനുണ്ണിത്താന്റെ ശവശരീരം ചിതയിൽ വച്ചു; സമയത്തിനു വന്നുചേൎന്ന മാധവനുണ്ണിത്താനെക്കൊണ്ടു കുടമുടപ്പിച്ചു കൊള്ളിയും വയ്പിച്ചു: സകലവും വേണ്ടുംവണ്ണം കഴിച്ചുകൂട്ടി.

* * * * * * *

മരിച്ചുപോയവർ ഭാഗ്യവാന്മാർ! ഇന്നലെ മരിച്ച വിക്രമനുണ്ണിത്താനും ഭാഗ്യവാൻ തന്നെ, സംശയമില്ല. അദ്ദേഹം ഇന്നലെ മരിച്ചിട്ടില്ലായിരുന്നാൽ, ഇന്നത്തെക്കഥ എന്തായിരുന്നു? ഉണ്ടിയൽവ്യാപാരം ചൊക്കലിംഗംപിള്ളയും ഭൈരവൻ പണ്ടാരവും ലേലക്കറിമുമ്പൻ കൊച്ചുകുഞ്ഞു പിള്ളയും കാരണവരുടെ മേൽ സമ്പാദിച്ചിട്ടുള്ള 'എക്സ് പാൎട്ടിഡിക്രീ'കളുംകൊണ്ടു് ജപ്തിക്കായി എത്തിയിരിക്കുന്നു. പണപ്പെട്ടിയിലോ, അരക്കാശുപോലും ഇല്ല. ആധാരക്കെട്ടഴിച്ചു നോക്കി: കുടിയിരുന്നുവരുന്ന തറവാട്ടുവീടും, തൊട്ടുകിടക്കുന്ന പറമ്പുപാടങ്ങളും ഒഴികെ, ശേഷമെല്ലാം വിററു കാശുമാറിയിരിക്കുന്നു! പത്തായത്തിലാവട്ടെ, കഷ്ടിച്ചു പുണ്യാഹമടിയന്തരത്തിനു മാത്രം നെല്ലുണ്ടാവും!! പുലകുളി കഴിയും മുമ്പുതന്നെ വീടു ജപ്തിചെയ്യാല്ലൊ? അടിയന്തരം കഴിഞ്ഞാൽ ഉടൻ തറ

വാട്ടുവകകൾ വിററു കടം തീക്കാമെന്നു്, നാരായണിഅമ്മയും മാധവനുണ്ണിത്താനും ചേൎന്നു സമ്മതപത്രിക എഴുതി കൊടുക്കയാൽ, ജപ്തിക്കു വന്നവർ സമാധാനപ്പെട്ടു മടങ്ങി. അയല്ക്കാരുടെ സഹായംകൊണ്ടു് നാരായണിഅമ്മയ്ക്കും മക്കൾക്കും പാൎക്കുവാൻ, സമീപത്തു് ഒരു ചെറിയ വീടു് ഏൎപ്പാടുചെയ്കയും, താമരശ്ശേരിവീട്ടിന്നു് ആവശ്യക്കാരെ അന്വേഷിപ്പാൻ ഒരു ദല്ലാളിനെ ഏല്പിക്കയും ചെയ്തു.

പുലകുളിയും പിണ്ഡവും കഴിഞ്ഞു: നാരായണി അമ്മ താമരശ്ശേരി ഒഴിഞ്ഞുകൊടുക്കേണ്ടുന്ന ഘട്ടമായി. മേലിൽ കഴിഞ്ഞുകൂടേണ്ടതെങ്ങനെയെന്ന ചിന്തകൊണ്ടു്, നാരായണി അമ്മ നട്ടംതിരിയുന്നു തന്റെ സ്വകാൎയ്യമായി ആയിരം ഉറുപ്പിക പലിശയ്ക്കു കൊടുത്തിട്ടുണ്ടു്. അതിന്റെ പലിശകൊണ്ടു്, രണ്ടുമൂന്നാളുകൾക്കു സുഖമായി കഴിഞ്ഞുകൂടാൻ സാധിക്കുമോ? തറവാടു വിററുകഴിഞ്ഞാൽ, കടക്കാരെ തൃപ്തിപ്പെടുത്തി വല്ലതും ശേഷിക്കും. എന്നാൽ ഇടവാടുകൾ ഒതുങ്ങുന്നതുവരെ എങ്ങിനെ നിത്യത കഴിക്കേണ്ടു? ഇങ്ങിനെ ചിന്തിച്ചു ചിന്തിച്ചു ഒടുവിൽ നൈരാശ്യം തോന്നി. എങ്കിലും, 'വേവുന്ന പുരയിൽ വലിച്ചതാദായം' എന്നുണ്ടല്ലോ? തറവാടോ, മുടിഞ്ഞു; തറവാട്ടുവക സാമാനങ്ങൾ ഉണ്ടു്. അവയൊക്കെ വെച്ചു സൂക്ഷിക്കുവാൻപോലും, തന്റെ പുതിയ പാൎപ്പിടത്തിൽ സൗകൎയ്യമില്ല; കൈവശം കിട്ടിയവയൊക്കെ വിററു കാശുമാറുക: അതാണുത്തമം. ആദ്യമായി പാത്രങ്ങളിൽ കൈ വെച്ചു. ചെമ്പു്, വാൎപ്പു്, ഉരുളി, കുട്ടകം, കിണ്ടി, മൊന്ത, കലശപ്പാന, നിലവിളക്കു്, തൂക്കുവിളക്കു്, കുത്തുവിളക്കു്,—ഇങ്ങനെ തട്ടുമുട്ടുസാമാനങ്ങൾപോലും ലോഹവിലക്കു് വിററു. എണ്ണച്ഛായത്തിലുള്ള ഏതാനും ചിത്രങ്ങൾ ഉണ്ടായിരുന്നവയും വില്പാനൊരുമ്പെട്ടു; മേടിപ്പാനാളുണ്ടായില്ല. കുറെ പുസ്തകങ്ങളും കടലാസുകെട്ടുകളും ഉണ്ടായിരുന്നു; അവ എന്തൊക്കെയാണെന്നു നോക്കുകപോലും ചെയ്യാതെ, ചന്തയിൽ കൊടുത്തയച്ചു കടലാസുവിലയ്ക്കു തൂക്കിവിററു; കിട്ടിയ പണ

ത്തിന്, ഒരു വട്ടി നിറയെ പലവെഞ്ഞനം മേടിപ്പിച്ചു. കാച്ചുനിന്നിരുന്ന നാളികേരം, ഇളനീർവരെ താഴത്തിറക്കി, കാശുമാറി. മററു വൃക്ഷങ്ങളിൽ, ഉടൽത്തടി നിറുത്തി, കൊമ്പുകൾ സകലം അരഞ്ഞി, വിറകുവണ്ടിക്കാരെ ഏല്പിച്ചു; അങ്ങനെയും കുറെ ആദായം ഉണ്ടാക്കി. മത്സ്യാമാറങ്ങൾ, ഇളിക്കിയെടുത്തു കൊണ്ടുപോകാവുന്നവയൊക്കെ, പുതിയ പാപ്പിടത്തിലേക്കു മാററി. ഇങ്ങിനെ താമരശ്ശേരി ഭവനം 'എല്ലം തൊലി'യുമായിത്തീൎന്നു

ഇതൊക്കെ നാരായണി അമ്മയുടെ സ്വന്തം കൃതിയാണ്. മാധവനുണ്ണിത്താനാകട്ടെ, അമ്മുക്കുട്ടിയാകട്ടെ ഇതിൽ അമ്മയെ സഹായിക്കയോ, അമ്മയുടെ ഹിതത്തെ തടയുകയോ ചെയ്വാൻ പുറപ്പെട്ടില്ല. അവരോ, "വന്നതു വന്നു, നാരായണ ജയ" എന്നു വിചാരിച്ചു സമാധാനപ്പെട്ട്, മനസ്സിനെ ക്ലേശിപ്പിക്കാതെ സ്വന്തം കാൎയ്യങ്ങൾ നോക്കി നടന്നു. മാധവനുണ്ണിത്താൻ പഠിപ്പാനായി തിരികെ പോയതേ ഇല്ല. അനദ്ധ്യായകാലം അടുത്തതുകൊണ്ടും, അക്കൊല്ലം പരീക്ഷയ്ക്കു കൂടീട്ടില്ലായിരുന്നതുകൊണ്ടും മാധവന്, ബദ്ധപ്പെട്ടുപോകേണ്ടുന്ന ആവശ്യമുണ്ടായിരുന്നില്ല. പാഠശാല ഒഴിവു കഴിഞ്ഞു തുറന്നാലുംകൂടി, അവൻ തിരികെപ്പോവുക സംശയത്തിലാണ്. പഠിത്തച്ചിലവിന്, ആരാണ്, എവിടെനിന്നാണ്, പണം കൊടുക്കുക? പകൽ മുഴുവൻ ചുരുട്ടും കത്തിച്ചു കടിച്ചുപിടിച്ച്, കൂട്ടുകാരുമായി തെക്കുവടക്കു നടക്കും. രാത്രി 'ചേക്കേറ്റു' വീട്ടിൽ മടങ്ങുകയും ചെയ്യും. അമ്മുക്കുട്ടിക്കും, മിക്കവാറും ഇതേസമ്പ്രദായം തന്നെ. ഉച്ചവരെ, സ്നേഹിതകളൊന്നിച്ച് കുളത്തിൽ കളിച്ചും, അമ്പലത്തിൽ ഭജിച്ചും കഴിയും. വീട്ടിൽ അടങ്ങിയിരിക്കുക, അമ്മുവിനു ബഹു സങ്കടമാണ്. ബാല്യത്തിൽ, പറമ്പിലും പാടത്തിലും ഓടി നടന്നു, കാററും വെയിലും ഏററുവശമായ ശീലം യൌവനപൂൎത്തിയിങ്കലും അവളെ വിട്ടുമാറിയില്ല. വെയിൽകൊണ്ടു വാടുന്ന പ്രകൃതിയല്ല അവളുടെ ദേഹം. ഈ പതിനെട്ടാം വയസ്സിൽ

അവളെക്കണ്ടാൽ, ആരോഗ്യം മൂർത്തീകരിച്ചിരിക്കയാണെന്ന് ആക്ഷം തോന്നും. നാലഞ്ചുനാഴിക ചുററിലുള്ള സ്നേഹിതക ളുടെ ഭവനങ്ങളിൽ പലപ്പോഴും ഒററയ്ക്കു നടന്നുതന്നെ അ വൾ പോകാറുണ്ട്. യൗവനയുക്തയായ അമ്മുവിനെ ഏക യായി അലഞ്ഞു നടക്കുവാൻ അനുവദിക്കുന്നതിനെപ്പററി, ക രക്കാർ പലരും അപഹസിക്കയും ചെയ്യിരുന്നു. ഈ അപഹാ സം നാരായണിഅമ്മയുടെ ചെവിയിൽ പെട്ടിട്ടും മകളുടെ രക്ഷയെക്കുറിച്ചു ശങ്കയില്ലാഞ്ഞിട്ടോ, എന്തോ, മകളെ ശാ സിച്ചു വഴിപ്പെടുത്താൻ തുനിഞ്ഞിരുന്നില്ല. തുനിഞ്ഞിരു ലൊ, ഫലം സന്ദിഗ്ദ്ധവുമാണ്. നാരായണിഅമ്മയ്ക്ക് മക്ക ളുടെ പേരിൽ വലിയ പ്രതിപത്തിയുള്ളതായി കണ്ടിട്ടില്ല. അ വർ ശിശുക്കളായിരുന്ന നാളിൽപോലും, അവരുടെ ശുശ്രൂ ഷയിൽ സന്തോഷമോ താല്പര്യമോ ആ അമ്മ കാണിച്ചിരു ന്നില്ല. തന്നെ ഉപദ്രവിക്കയോ ബുദ്ധിമുട്ടിക്കയോ ചെയ്യുന്നി ല്ലെങ്കിൽ, അവർ എന്തുചെയ്താലും, ഏതുവഴിക്കു പോയാലും, നാരായണി അമ്മയ്ക്കു ചിന്തയില്ല. ഈ വിധം വളർത്തിയ ക ട്ടികൾ, തൻകാര്യം നേടത്തക്ക പ്രായം ആയിരിക്കുന്ന കാല ത്ത്, അമ്മയ്ക്കു കീഴടങ്ങുമോ? എന്നാൽ ഇപ്പോഴും, ആപത്തു ചുററിപ്പിണഞ്ഞു കിടക്കുന്ന ഈ സന്ദർഭത്തിൽ കൂടിയും, നാ രായണിഅമ്മയ്ക്കു തന്റെ കുട്ടി തനിക്കു കീഴടങ്ങണമെന്നൊ രാഗ്രഹം ഉണ്ടായിട്ടില്ല. ആപന്മോചനത്തിന് അവരിൽനി ന്നു യാതൊരു സഹായവും നാരായണിഅമ്മ ആശിക്കുന്നു മില്ല.

നാരായണിഅമ്മ സ്വതേ ഗർവ്വിഷ്ഠയാണ്. ഭർത്താവു മ രിച്ച്, രണ്ടു കുട്ടികളേയും പിടിച്ചുകൊണ്ട്, ഒററക്കാശുപോ ലും കൈയിലില്ലാതെ, തറവാട്ടിൽ വന്ന്, തന്റെ ജ്യേഷ്ഠസ ഹോദരനെ ശരണം പ്രാപിച്ച കാലത്തും, ആ ഗർവ്വ് അണു മാത്രം താണില്ല. ജ്യേഷ്ഠനും മരിച്ച്, തറവാടും നശിച്ച്, അ നന്യഗതിയായി ഭവിച്ച ഈ സന്ദർഭത്തിലും, ആ ഗർവ്വ് ഇരട്ടി

ച്ചതേയുള്ളു. താൻ താമരശ്ശേരിയിലെ തറവാട്ടിലമ്മയാണെന്നും, തറവാട്ട മുടിഞ്ഞുവെന്നിരുന്നാലും, തന്നെ സകലരും ഉപചരിക്കയും, തന്റെ അഭിപ്രായങ്ങളെ സകലരും ആദരിക്കയും ചെയ്യണമെന്നുമാണ് നാരായണിഅമ്മ തന്റെ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും അറിയിക്കുന്നത്. ഈ ഉദ്ദേശം എത്രത്തോളം ഫലപ്പെടുന്നു എന്ന് നമ്മൾക്ക വഴിയേ കാണാം.

താമരശ്ശേരിയും അതോട്ട ചേർന്ന വസ്തുക്കളും താൻ വാങ്ങാമെന്നു നന്ദപുരിയിലെ കൃഷ്ണക്കുറുപ്പു സമ്മതിച്ചു. നാല്പതിനായിരം ഉറുപ്പികക്കു ജന്മാവകാശം വിട്ടുകൊടുക്കാമെന്നാണ് നാരായണിഅമ്മയും മകനും ദല്ലാളിനോട്ട പറഞ്ഞേല്പിച്ചിട്ടുള്ളത്. ആ തുക മുഴുവൻ, ഒററക്കാശ്ശുകുറയാതെ, റൊക്കം കൊടുത്ത് തീറുവാങ്ങിക്കൊള്ളാമെന്നുതന്നെ കൃഷ്ണക്കുറുപ്പ് ഉറപ്പു പറഞ്ഞു. എഴുത്തോട്ട പൂർത്തിയാകുംമുമ്പ്, വീടും മററും നോക്കാനായി, കൃഷ്ണക്കുറുപ്പു താമരശ്ശേരിയിൽ ചെന്നു. ആയാളോടൊന്നിച്ചു, തന്റെ ഏകസന്താനമായ ഭാഗീരഥിയും ഉണ്ടായിരുന്നു. ഭാഗീരഥിയുടെ അമ്മ അവളെ പ്രസവിച്ചു സമയംതന്നെ മരിച്ചു പോയിരുന്നു. അന്നുമുതൽ, കുറുപ്പ്, പുത്രിയെ തന്റെ സർവ്വസ്വമായി കരുതി വളർത്തുകയും, പ്രായമാകും തോറും, തന്റെ എല്ലാ കാര്യങ്ങളിലും, അവളുടെ അഭിപ്രായവും അനുമതിയും ക്ഷണിക്കയും ചെയ്തിരുന്നു. അതിനാലായിരുന്നു, വീട നോക്കാനായി അവളെയും കൂട്ടിക്കൊണ്ടുവന്നത്. അവർ പുരയിടവളപ്പിൽ കടന്ന്, വണ്ടിനിർത്തി, അകത്തേക്ക പോകുവാൻ തുടങ്ങുമ്പോൾ, രണ്ടുമൂന്നാളുകൾ— കൂലിവേലക്കാരായിരിക്കാം— ചില ചുമട്ടുകളും പേറിക്കൊണ്ട് പുറത്തേക്ക പോരുന്നുണ്ടായിരുന്നു. അച്ഛനും മകളും ഉററു നോക്കി; കതകുകൾ, കട്ടിളകൾ, ജനാവാതലുകൾ മുതലായവയാണെന്നു കണ്ടു. "അല്ലാ! എന്തൊക്കെയാ എടുത്തുകൊണ്ടു പോകുന്നു! വീട മുഴുവൻ കുറേശ്ശ കുറേ

ങ്ങെ മുറിച്ചെടുത്തു കൊണ്ടുപോകയാണോ?" എന്നു ഭാഗീരഥി കോപത്തോടെ പറഞ്ഞു.

കൃഷ്ണക്കുറുപ്പ് (പുഞ്ചിരിയോടുകൂടെ):—അതും ചെയ്യാത്ത ആളല്ല നാരായണി അമ്മ. ഞാനായിരുന്നു അവരെങ്കിൽ, ഞാനും അങ്ങിനെതന്നെ ചെയ്യും. സാധുസ്ത്രീ! അവരുടെ കഷ്ടസ്ഥിതി ഏറെക്കുറെ എനിക്കൂഹിക്കാം. ബായി! ഞാൻ അവരെ ബാല്യത്തിലേ അറിയും. ഞാനും ഈ വീട്ടിൽതന്നെയാണ് ജനിച്ചു വളൎന്നത്. എനിക്കു എട്ടുവയസ്സായിരുന്നപ്പോൾ, ഞാൻ പലപ്പോഴും അവരുടെ പുസ്തകക്കെട്ടു ചുമന്നു പള്ളിക്കൂടത്തിൽ കൊണ്ടുകൊടുത്തിട്ടുണ്ട്. അവർ പഠിച്ചിരുന്ന പെൺപള്ളിക്കൂടത്തിന്നു സമീപമുള്ള ആശാന്റെ വീട്ടിലാണ് ഞാനും പഠിക്കാൻ പോയിരുന്നത്. ഞാൻ രാവിലെ പഴഞ്ചോറും ഉണ്ടു, ഉച്ചയ്ക്കുണ്ണാനുള്ള പൊതിച്ചോറും എടുത്ത്, ഏടും കക്ഷത്തിടുക്കി, ആശാന്റെ വീട്ടിലേക്കു പുറപ്പെടും. നാരായണിഅമ്മയെ വഴിയിൽ കണ്ടാൽ, ഞാൻ അവരെ തൊഴുതു, അവരുടെ പുസ്തകക്കെട്ടു വാങ്ങി പള്ളിക്കൂടം വരെ ചുമന്നുകൊണ്ടുപോകും. പലപ്പോഴും, അവർ ഒന്നും രണ്ടും ചെമ്പുകാശു എനിക്കു തന്നിരുന്നു.

ഭാഗീരഥി:—ചെമ്പുകാശോ? എന്നിട്ട്, അപ്ഫൻ അതു വാങ്ങിയോ?

കൃ. കു:—വാങ്ങി; അതിലെന്ത്? എനിക്ക് അക്കാലത്തു, കാശു, കണികാണ്മാൻപോലും ഉണ്ടായിരുന്നില്ലല്ലൊ. നാരായണിഅമ്മയുടെ കാശിനെ പവനെപ്പോലെ ഞാൻ വിചാരിച്ചിരുന്നു: അന്നു നാരായണിഅമ്മ ചെറുപ്പമായിരുന്നു. സംബന്ധംപോലും കഴിഞ്ഞിരുന്നില്ല. എത്ര അവസ്ഥയിൽ ഇരുന്നിരുന്നു! കഷ്ടം! ഈ വിധമായല്ലൊ അവരുടെ തലയിലെഴുത്ത്!

ഭാഗീരഥിക്കു ഈ വിവരങ്ങൾ കേട്ടതിൽ അത്ര സുഖമായില്ല. അല്പം നീരസഭാവത്തിൽ അവൾ പറഞ്ഞു:—"ഛ

ല്ലാത്ത തലയിലെഴുത്തുതന്നെ! അച്ഛനെ അവരിപ്പോൾ ഓ ൎമ്മിക്കുന്നുണ്ടാകുമോ? നമ്മൾ അവരുടെ വസ്തുക്കൾ മേടിക്കുന്ന തു അവൎക്ക ഹിതമാകുമോ, എന്തോ?"

കൃ. കു:—അവർ എന്നെ മറന്നിരിക്കുമെന്നു തോന്നുന്നില്ല. വസ്തു മേടിക്കുന്നതു അവൎക്ക രസിച്ചാലും, ഇല്ലെങ്കിലും, എന്താണു ചേതം? വില്ക്കേണ്ടതു് അത്യാവശ്യം. അധികം പണം കൊടുക്കുന്നയാൾക്കു കിട്ടുകയും ചെയ്യും; ഞാനായാലെന്തു്, മറ്റൊരാളായാലെന്തു്?

ഭാ:—എനിക്കു സംശയമാണു! പരിചയമില്ലാത്ത ഒരാൾ മേടിക്കുന്നതായിരിക്കും അവൎക്കിഷ്ടം.

കൃ. കു:—നിന്റെ ഊഹം മാത്രമല്ലേ? ആട്ടെ കാണാം.

ഇങ്ങിനെ സംസാരിച്ചുംകൊണ്ടു്, അവർ വീട്ടിനുള്ളിൽ കടന്നു.

* * * * * * *

താമരശ്ശേരി വീട്ടു് വരവൂരത്തെ പുരാതനഭവനങ്ങളിൽ ഒന്നാണു്; മറ്റെല്ലാ ഭവനങ്ങളെക്കാളും ഏറെ പഴക്കം ചെന്നതു്, എന്നുതന്നെ പറയാം. ഒരു ഇരുനൂറു കൊല്ലത്തോളം പഴക്കം വരും. പണികഴിച്ച കാലത്തു ഈ വീട്ടിലെ ഉണ്ണിത്താന്മാർ കുബേരപദവിയിലിരുന്നിരുന്നു. അക്കാലത്തു് അവൎക്കു പണവും തുണവും സമമായിരുന്നു. വീട്ടുപണിക്കായി പണം ചെലവാക്കിയതു്, എണ്ണീട്ടും മററുമല്ല, ഇടങ്ങഴികൊണ്ടു് അളന്നിട്ടായിരുന്നു, എന്നു കരക്കാർ പറഞ്ഞിരുന്നു. കഥയും, നൂററിനു എഴുപതഞ്ചു വാസ്തവമായിരുന്നു. തേക്കു, വീട്ടി, പിലാവു മുതലായ ഉത്തമവൃക്ഷങ്ങളെയേ ഉപയോഗപ്പെടുത്തിട്ടുള്ളൂ. മുഴുവൻ നിരയും പുരയുമാണു്. നാലുകെട്ടു്, നടുക്കെട്ടു്, എട്ടുകെട്ടു്, ഇടക്കെട്ടു്, അടുക്കള, പടിപ്പുര, കലവറ, നിലവറ, തെക്കതു്, വടക്കതു്, കളപ്പുര, കുളപ്പുര, ആട്ടാല, മാട്ടാല—ഇങ്ങിനെ എല്ലാ അംഗങ്ങളും തികഞ്ഞ ഒരു വമ്പിച്ച ഭവനമായിട്ടാണു് പണികഴിപ്പിച്ചതു്. മരത്തൂണുക

ളിലും, വാതലുകളിലും മററും ചെയ്യിപ്പിച്ചിരുന്ന കൊത്തുപണികൾ, ഇക്കാലത്തെ ശില്പിവൎമ്മാരേപ്പോലും വിസ്മയിപ്പിക്കത്തക്കതാണ്. കെട്ടിടത്തിനു പൊക്കം കുറെ കുറവാണെന്നു ഒരു കുററമുണ്ട്; എന്നാലും അകങ്ങളും അറകളും ധാരാളം വായുസഞ്ചാരമുള്ളവയായിരിപ്പാൻ വേണ്ടുന്ന കണ്ണാടിജനലുകളും വാതായനങ്ങളും ഇടക്കാലത്ത് ഉണ്ടാക്കിച്ചേൎത്തു ഒരു പുതിയ പരിഷ്കാരമോടിയായിത്തീൎന്നു. പക്ഷെ, അക്കാലത്തെ താമരശ്ശേരി വീടിനെ ഇക്കഥനടന്ന കാലത്തേതിനോടു താരതമ്യപ്പെടുത്തുന്നത്, നവയൌവനയുക്തയായ ഒരു വനിതാരത്നത്തിൻെറ രൂപത്തെ അവളുടെ ൭൦ാമത്തെ വയസ്സിലെ ആകൃതിയോടു താരതമ്യപ്പെടുത്തുന്നതിനൊപ്പമായിരിക്കും. അതിൎത്തിവേലി ഉണങ്ങിപ്പൊളിഞ്ഞ്, ആടിഉലഞ്ഞ്, അങ്ങുമിങ്ങും ചിലടത്തേ കാണ്മാനുള്ളു. പറമ്പുകൾ കാടുപിടിച്ചും, അവയിലുള്ള വൃക്ഷങ്ങൾ ശാഖാഫലാദികൾ കൂടാതെ ഒററത്തടി ശേഷിച്ചും, കാണുന്നു. ഭവനത്തിൻെറ ചുററുമുള്ള മതില്ക്കെട്ടുകൾ കുമ്മായം അടൎന്നും, ഇഷ്ടികകൾ പൊടിഞ്ഞും, പായൽ പിടിച്ചും, പച്ചപററിയും കിടക്കുന്നു. മുററങ്ങളിലെ തുളസിമാടം, വിലത്തറ മുതലായവ നശിച്ച് നരിച്ചുപ്പച്ച കറുത്തിരിക്കുന്നു. പൂന്തോട്ടങ്ങളിൽ തൊട്ടാവാടി നിറഞ്ഞിരിക്കുന്നു. ഭവനത്തിൻെറ മേൽപ്പുര മേഞ്ഞിരിക്കുന്ന ഓടുകൾ, ചില ദിക്കിൽ തീരെ പൊളിഞ്ഞും, മററു ചിലെടുത്തു സ്ഥാനഭ്രംശം ഭവിച്ചും ഇരിക്കുന്നു; തട്ടുകളും, നിരകളും, ജീൎണ്ണിച്ചും പിളൎന്നും, അഴുക്കടഞ്ഞും ഇരിക്കുന്നു. ജനലുകളുടെ നഷ്ടപ്രായമായ ചട്ടക്കൂടുകൾ മാത്രമേ കാണ്മാനുള്ളു. വാതലുകൾ മിക്ക മുറികളിലും ഇല്ല; ഉള്ളവ ചിലതു് ഇളകിയും ചിലതു മറിഞ്ഞും തിരിഞ്ഞും നില്ക്കുന്നു. അകങ്ങളുടെ നിലം ഇളകിത്തകൎന്നു കുഴിയായി കിടക്കുന്നു. ഒടുവിൽ പാൎത്തിരുന്നവർ ഉപയോഗിച്ചുവന്ന ഏതാനും ചില തളങ്ങളും മുറികളും മാത്രം ഉപയോഗയോഗ്യമായി കാണുന്നുണ്ട്. പലപ്രകാരത്തി

ലും ജീൎണ്ണിച്ചിരിക്കുന്ന ഈ ഭവനത്തിനു അവൎണ്ണ്യവും അസാമാന്യവും ആയ ഒരാകൎഷണശക്തി ഉണ്ടെന്നുള്ളതിനു സംശയമില്ല. അതല്ലെങ്കിൽ, എന്തുകൊണ്ടാണ് കൃഷ്ണക്കുറുപ്പ് അവിടെയുള്ള ഓരോ മുറിയും, മുക്കും, മൂലയും, കൌതുകത്തോടുകൂടെ നോക്കുന്നത്? അവയുടെ നഷ്ടപ്രായമായ അവസ്ഥ, കുറുപ്പിനു പരമാനന്ദപ്രദമായി തോന്നുന്നതും എന്തുകൊണ്ടാണ്? ഭവനം മുഴുവനും നോക്കി തൃപ്തിവരുത്തി മുറ്റത്തേക്കിറങ്ങാൻ ഭാവിച്ചപ്പോൾ, കാടുപിടിച്ചു കിടന്ന പൂന്തോട്ടത്തിൽ ആരോ ഒരു സ്ത്രീ നില്ക്കുന്നതു കുറുപ്പു കണ്ടു. അവൾ ഈ അപരിചിതന്മാരെ കണ്ടിട്ടും, കണ്ടതായ ഭാവംപോലും നടിക്കാതെ, ഏതാനും കാട്ടുപുഷ്പങ്ങളും ശേഖരിച്ചുകൊണ്ട് അവരുടെ മുമ്പിൽക്കൂടെ, കൂസൽ കൂടാതെ വീട്ടിനുപുറമെ കടന്നു. അവളുടെ കൂസലില്ലായ്മയും ഗംഭീരമായ നടയും, ഭാഗീരഥിയുടെ മനോവീണയിൽ ഒന്നു രണ്ടു തന്ത്രികളെ മീട്ടിയതിന്റെ ഫലമായി, ഭാഗീരഥി ഇങ്ങിനെ ചോദിച്ചു:—"ആ സ്ത്രീ ആരായിരിക്കാം അപ്പാ?"

കൃ. കു:—ഇരുപതുകൊല്ലം മുമ്പായിരുന്നുവെങ്കിൽ താമരശ്ശേരിയിലെ നാണിക്കുട്ടി—(അതായിരുന്നു നാരായണി അമ്മയുടെ ചെല്ലപ്പേർ)—ആണെന്നു പറഞ്ഞുതരാമായിരുന്നു. പക്ഷെ ഇതു് അവരുടെ മകളായിരിക്കും. അംബികയെന്നോ, അമ്മുവെന്നോ ആണ് പേരെന്നു തോന്നുന്നു.

ചിന്താമഗ്നനായിട്ടായിരുന്നു കുറുപ്പ് ഈ ഉത്തരം പറഞ്ഞതു്. പൂന്തോട്ടത്തിലെ കാഴ്ച അയാളുടെ ഹൃദയത്തിന്റെ അഗാധമായ അറകളിൽ ഒളിഞ്ഞു കിടന്ന ചില സ്മരണകളെ ഉണൎത്തി. ആ തോട്ടം തനിക്കു എത്രയോ പരിചിതമായിരുന്നു! നാരായണി അമ്മ പൂ അറക്കുന്നതു താൻ എത്രയോ പ്രാവശ്യം നോക്കിനിന്നിട്ടുണ്ട്! ഒരു പൂ അറക്കാനായി ഒരു ദിവസം താൻ ആ വളപ്പിനുള്ളിൽ കടന്നപ്പോൾ അനുവാദം കൂടാതെ കടന്ന ഉന്മത്തനായി നാരായണി അമ്മ തന്നെ

ആട്ടിപ്പായിച്ചില്ലേ? ഹാ! അന്നു താൻ അനുഭവിച്ച സങ്കടവും ലജ്ജയും എന്തുമാത്രമായിരുന്നു! ഇപ്പോഴോ? ആ പൂന്തോട്ടവും, താമരശ്ശേരി ഭവനവും, എല്ലാം ഏറെ നാൾ കഴിയും മുമ്പ് തന്റെ സ്വന്തമാവുകയില്ലേ? ഇത്യാദി വിചാരങ്ങളാൽ അയാൾ മൌനമായി നില്ക്കുന്നതിനെ തെററിദ്ധരിച്ച് ഭാഗീരഥി വീണ്ടും ചോദിച്ചു:—"വീട്, അച്ഛനു അത്ര പിടിച്ചില്ല; തീരെ പഴയതായിപ്പോയി, ഇല്ലേ അച്ഛാ?"

കൃ. കു:—ഇതിലധികം നന്നായിരിക്കുമെന്നു ഞാൻ ആശിച്ചിരുന്നില്ലല്ലോ.

ഭാ:—വാങ്ങുമ്പോൾ തന്നെ തീർച്ചയാക്കിയോ?

കൃ. കു:—ഓതാ, ആ കാണുന്ന തൊഴുത്തിന്റെ അരികിൽ ഏതാനും ഇടിഞ്ഞുതകർന്ന ചുമരുകൾ കാണുന്നില്ലേ? അതു കരുതീട്ടെങ്കിലും, ഞാൻ ഇതു വാങ്ങും, നിശ്ചയം.

തൊഴുത്തിനരികിൽ കണ്ട ഇടിഞ്ഞു തകർന്ന ചുമരു, കൃഷ്ണക്കുറുപ്പ് ജനിച്ചുവളർന്ന വീട്ടിന്റെ നഷ്ടശിഷ്ടമായിരുന്നു. അവിടെയായിരുന്നു ദരിദ്രരായ അയാളുടെ അച്ഛനമ്മമാർ പാർത്തിരുന്നത്. അച്ഛൻ താമരശ്ശേരിയിലെ കന്നുകാലികളെ മേച്ചും, അമ്മ അവിടെ അടിച്ചുതളിച്ചും നിത്യവൃത്തി കഴിച്ചിരുന്നു. അവരുടെ മരണാനന്തരം, അശരണനായിട്ടായിരുന്നു അയാൾ ലോകരംഗത്തിൽ പ്രവേശിച്ചത്. ജീവിതമത്സരത്തിൽ അന്നുമുതൽ അയാൾക്കു വിജയമേ ഉണ്ടായിട്ടുള്ളു. ലക്ഷ്മീദേവി കടാക്ഷിച്ചതിന്റെ ഫലമായി അയാൾ ഇപ്പോൾ ലക്ഷപ്രഭുവായി, ബഹുമാന്യനായി, ഇതാ ജന്മഭൂമിയിൽ തന്നെ മടങ്ങി വന്നിരിക്കുന്നു.

തന്റെ അച്ഛന്റെ വിചാരങ്ങൾ ഏതുവിധത്തിലുള്ളവയായിരുന്നു എന്നു ഭാഗീരഥി ഏറെക്കുറെ ഊഹിച്ചു. അവൾ അദ്ദേഹത്തിന്റെ കൈകളെ ലാളിച്ചുകൊണ്ടു നില്ക്കവേ പിൻവശത്തെ പറമ്പിൽ ചില കൂലിക്കാർ കടന്നു വന്ന് മരക്കൊമ്പുകൾ മുറിക്കാൻ തുടങ്ങി. "ഏയ്, അനുവദിച്ചുകൂടാ;

ഈ സ്ഥലത്തുനിന്നും ഇനി ഒരു ചുള്ളിക്കൊമ്പുപോലും വെട്ടിക്കൊണ്ടുപോവാൻ പാടില്ല." — എന്നു പറഞ്ഞു്, കുറുപ്പു തന്റെ ചിന്തയിൽനിന്നു വിമുക്തനായി.

ഭാ: — വീടു വാങ്ങാൻ തീച്ചപ്പെടുത്തി; ഇനി അതിനു ഇളക്കമില്ല; അല്ലേ അച്ഛാ?

കൃ. കു: — തീച്ചപ്പെടുത്തി. ഇനി അതിളക്കകയുമില്ല. ഭായീ! ഒരു പാവപ്പെട്ട ചെക്കന്റെ നിലയിൽ എന്നെ ഈ സ്ഥലത്തുനിന്നു് അവർ ആട്ടിപ്പുറത്താക്കിയപ്പോൾ, ഞാൻ ഒരു ശപഥം ചെയ്തിരുന്നു: എന്റെ. സ്ഥിതി ഭേദപ്പെട്ടു് എപ്പോഴെങ്കിലും, ധനവാനാകാൻ സംഗതി വന്നാൽ, ഞാൻ ഭഗീരഥപ്രയത്നം ചെയ്തിട്ടെങ്കിലും ഈ സ്ഥലം വാങ്ങുമെന്നു്. ഇപ്പോൾ ആ ശപഥം നിറവേററാനുള്ള കാലമായി. കൃതാൎത്ഥനായി.

## അദ്ധ്യായം, ൨.

### അമ്മയും മകളും.

അമ്മുക്കുട്ടി ചിന്താമഗ്നയായിട്ടായിരുന്നു പുതിയ പാൎപ്പിടത്തിലേക്കു മടങ്ങിയതു്. അവൾ കണ്ട പുതിയ ആളുകളെക്കുറിച്ചായിരുന്നു വിചാരം മുഴുവനും. തോട്ടവക്കത്തുള്ള വൃക്ഷത്തണലിൽ കൂടെ നടന്നുപോകുമ്പോൾ, അവളുടെ മനസ്സു വിഷാദപൂൎണ്ണമായിത്തീൎന്നു. അവൾ കണ്ട ആളുകൾ അവൾക്കു തീരെ അപരിചിതരാണു്; എന്നാലും അവർ അവിടെ വന്നതിന്റെ ഉദ്ദേശ്യം ഊഹിച്ചറിവാൻ അവൾക്കു പ്രയാസമുണ്ടായില്ല. വിഷാദത്തിനൊപ്പം, അവരുടെ നേരെ രോഷവും അവളുടെ ഉള്ളിൽ ഉദിച്ചു.

അവൾ ആ പഴയ വീട്ടിനെ എന്തുമാത്രം സ്നേഹിച്ചിരുന്നു എന്നു് ഇപ്പോഴേ — അതു കൈയൊഴിക്കുവാൻ പോകുന്ന ഈ സന്ദൎഭത്തിലേ — അവൾക്കു അറിയാറായുള്ളു. അതിന്റെ

പഴക്കവും ജീൎണ്ണാവസ്ഥയും. അതിനെ എത്രയോ അധികം പ്രിയതരമാക്കി. പുതിയ പരിഷ്കാരരീതിയിൽ പണികഴിച്ചിട്ടുള്ള ഒരു ബങ്കളാവായിരുന്നാൽപോലും, അവൾക്കു ഇത്ര വളരെ പ്രിയം തോന്നുകയില്ലായിരുന്നു. അവൾ തന്റെ കഴിഞ്ഞ കാലം മുഴവൻ അവിടെയല്ലേ കളിച്ചുവളൎന്നതു്? ചിരപരിചിതമായ അതിന്റെ ജീൎണ്ണാവസ്ഥ അവളുടെ മനസ്സിനെ പലപ്പോഴും ആനന്ദപൂൎണ്ണമാക്കിയിരുന്നു. എവിടെയെല്ലാമാണു് വേലി പൊളിഞ്ഞിട്ടുള്ളതെന്നും; ഏതുഭാഗത്തെ മതിലിന്മേലാണു് ഇടിഞ്ഞു തകൎന്നു കിടക്കുന്നതെന്നും; ഏതെല്ലാം മുറികൾക്കാണു് വാതലുകളും ജനലുകളും ഇല്ലാത്തതെന്നും; എവിടെയൊക്കെയാണു് ചോൎച്ചയുള്ളതെന്നും അവൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു. അതിത്തിവേലിയിലുള്ള ദ്വാരങ്ങളെ കാണുവാൻ അവൾക്കു പ്രത്യേകകൗതുകമുണ്ടായിരുന്നു. തന്റെ സഹോദരനൊന്നിച്ചു തോട്ടത്തിലും പറമ്പിലും ഓടിക്കളിക്കുമ്പോൾ, പുറത്തു കടക്കാനായി അവർ ഉണ്ടാക്കിയ ദ്വാരങ്ങളല്ലേ അവ? ഈ അററകുററങ്ങൾ നീക്കി നന്നാക്കുവാൻ അവൾക്കു അധികാരവും പണവും ഉണ്ടായിരുന്നാൽ പോലും, അവൾ അവയെ അതേസ്ഥിതിയിൽതന്നെ വിട്ടേയ്ക്കും, സംശയമില്ല. അവ അവൾക്കു അത്ര വളരെ പ്രിയതരങ്ങളായിരുന്നു.

ഇങ്ങിനെയുള്ള വിചാരങ്ങൾകൊണ്ടു മനസ്സു ചുട്ടു്, അവൾ തന്റെ പുതിയ വീട്ടിൽ എത്തി. അമ്മ ഇരുന്നിരുന്ന തളത്തിൽ കയറിച്ചെന്നു് "അമ്മേ, അമ്മേ, പുതിയ കൂട്ടർ വന്നിരിക്കുന്നു" എന്നു വീൎപ്പുമുട്ടിപ്പറഞ്ഞു. നാരായണി അമ്മ കരു വിഞ്ഞപ്പെട്ടി പൊളിച്ചു്, അതിനുള്ളിലുണ്ടായിരുന്ന പിഞ്ഞാൺകഷണങ്ങളെ നോക്കിക്കൊണ്ടിരിക്കയായിരുന്നു. അമ്മുക്കുട്ടി പെട്ടിക്കുള്ളിൽ നോക്കി "അല്ലാ! ഇതും പൊട്ടിയോ? കഷ്ടം! ഇന്നലെ ഒരു പെട്ടി തംബ്ലേർ ആയിരുന്നു; ഇന്നു് ഇതും! ഇന്നലെ കൂലിക്കാർ കടന്നുവന്നു തലയിൽ ചിരുന്ന തംബ്ലേർ

പെട്ടിയെ നിന്നനിലയിൽ നിലത്തിട്ടു. ഉടയുന്ന സാമാനങ്ങ ളുണ്ടെന്നുള്ളതെന്ന് അറിഞ്ഞിരുന്നില്ലപോലും അവൻ! ഇന്നും അവനാണോ ഈ ചതി ചെയ്തതു്? കഷ്ടം! എത്ര നല്ല പി ഞ്ഞാണങ്ങൾ! എല്ലാം ഉപ്പുമാങ്ങപോലെ ആയി'', —എ ന്നു പറഞ്ഞു.

നാ. അ:—കാത്ത്യായനി അവനോടു പറഞ്ഞേല്പിക്കേണ്ടിയി രുന്നു. അവനു വിവരമുണ്ടോ? പോകട്ടെ! തറവാടു മുഴു വൻ നശിച്ചു; അതിലും വലുതോ ഇതു്?

കാത്ത്യായനി:—ഞാൻ പറഞ്ഞു, അപ്പോ! അവൻ പെട്ട തലയിലെടുക്കമ്പം ഞാൻ പറഞ്ഞു, അതിനകത്തു കുപ്പിക്കി ണ്ണാനുണ്ടേ, എന്നു്. കള്ളുകുടിച്ചു ചെവിത്തായും ചെമ്മണ്ട യും ഇല്ലാത്തവനോടു പറഞ്ഞാലെന്തു്? എന്നെക്കുററം പ റയണ്ടാ. ഇങ്ങനത്തെ കുടിയന്മാരെ വിളിച്ച ആളിന്റെ കുററം തന്നെ.

കാത്ത്യായനി എന്ന കഥാപാത്രം നാരായണിഅമ്മ യുടെ ദാസിയാണു്. പ്രായമോ, യജമാനത്തിയോളംതന്നെ ഉണ്ടാവും. പരിഷ്കാരം തട്ടാത്ത ഉൾനാട്ടിൽ ജനിച്ചു വളൎന്ന വളാണെന്നു്, അവളുടെ വാക്കുകൾകൊണ്ടും നടവടികൾ കൊണ്ടും സ്പഷ്ടമാണല്ലോ. ചെറുപ്പത്തിൽത്തന്നേ താമര ശ്ശേരിയിൽ വന്നു കയറി നാരായണിഅമ്മയെ ആശ്രയിച്ചു കഴിഞ്ഞുവന്ന ദാസിയാണെങ്കിലും, സ്വന്തം ആളെന്നപോ ലെയാണു് നാരായണി അമ്മയ്ക്കുള്ള സ്ഥിതി. എന്നു മാത്രമല്ല, എന്തും പറയുവാനും ചെയ്യുവാനും തടഞ്ഞിരുന്നതുമില്ല.

അമ്മുക്കുട്ടി, ഈ സമയം അമ്മയുടെ അരികത്തു വന്നി രുന്നു്, പിഞ്ഞാൺകഷണങ്ങളെ പെറുക്കി എടുത്തു്, ഒന്നോ ടൊന്നു ചേൎത്തുവെച്ചു ഭംഗി നോക്കിത്തുടങ്ങി. അമ്മയുടെ അ രികെ കാണുമ്പോളാണു്, അമ്മുക്കുട്ടിക്കും അമ്മയ്ക്കും തമ്മിലു ള്ള സാദൃശ്യം വെളിവാകുന്നതു്. ഇരുവരുടേയും ദൃഷ്ടികൾ വി ശാലവും ധൈൎയ്യസൂചകവുമാണു്. തലമുടി, നീണ്ടു ചുരുണ്ടു

കൃഷ്ണവൎണ്ണമായതു്; മുഖത്തുള്ള ആ ഗംഭീരഭാവം താമരശ്ശേരിക്കാൎക്കു ജന്മലബ്ധവുമാണു്. എന്നാൽ അമ്മുക്കുട്ടിയുടെ മൂക്കിനുമാത്രം അമ്മയുടേതിനോടു യാതൊരു സാമ്യവുമില്ല. അവളുടെ അച്ഛന്റെ മൂക്കുപോലെ പൊങ്ങിയതും, എന്നാൽ കാഴ്ചയ്ക്കു തീരെ അഭംഗിയില്ലാത്തതുമാണു്. നാരായണി അമ്മയുടെ മൂക്കു കുറെ പതിഞ്ഞുതാണെന്നു പറയാം. വൎണ്ണത്തിലും, രണ്ടാളും വ്യത്യാസപ്പെട്ടിരിക്കുന്നു. കാറ്റും വെയിലും ഏറ്റു ശീലിച്ച അമ്മുക്കുട്ടിയുടെ നിറം കുറെ ഇരുണ്ടതാണു്. നാരായണി അമ്മയ്ക്കാകട്ടെ, ചെറുനാരങ്ങയുടെ വൎണ്ണമാണു്. ബാല്യത്തിൽ അവൾക്കും അമ്മുവിന്റെ നിറമേ ഉണ്ടായിരുന്നുള്ളു. എന്നാൽ മേലനങ്ങാതെയും, കാറ്റും വെയിലും ഏല്ക്കാതെയും, ഇരുന്നു തിന്നുകമാത്രം പണിയായതുമുതൽ, ദേഹം തടിച്ചു മാംസളമാകയും, അതോടുകൂടെ നിറത്തിനു പ്രകാശമേറുകയും ചെയ്തു. ഒച്ചയിലും രണ്ടാൾക്കും തമ്മിൽ ഭേദമുണ്ടായിരുന്നു. നാരായണി അമ്മയ്ക്കു പതുക്കെ സംസാരിപ്പാൻ വഹിയാ; ശബ്ദത്തിനു ഘനവും ഇല്ല. എന്നാൽ അമ്മുക്കുട്ടിയുടെ ശബ്ദം ഘനവും മധുരവും ആയിരുന്നു.

അമ്മുക്കുട്ടി പിഞ്ഞാണ കഷണങ്ങളെ കൂട്ടിച്ചേൎക്കുന്നതു കണ്ടു് നാരായണി അമ്മ പറഞ്ഞു: —"നിനക്കു വേലയില്ലേ! കുഞ്ഞേ! കള! —കാൎത്ത്യായനി, ഒരു മുറം കൊണ്ടുവന്നു് ഈ ഓട്ടിനെ വാരിക്കൊണ്ടുപോയി കുപ്പക്കുഴിയിൽ തട്ടിക്കള— ആരാണമ്മൂ, പുതിയ കൂട്ടർ? —നീ കണ്ടു എന്നു പറഞ്ഞല്ലോ."

അമ്മു: —അതോ, നമ്മുടെ വീടു വാങ്ങാൻ വന്നിരിക്കുന്നവരേ! ഒരുത്തനും അയാളുടെ ഭാൎയ്യയും വീടു നോക്കുന്നതു കണ്ടു. ഭാൎയ്യയോ മകളോ എന്നു നിശ്ചയമില്ലേ; മകളാകാൻ തക്ക പ്രായമേ ഉള്ളു.

നാ. അ: —തരം?

അമ്മു: —ഒരു പരിഷ്കാരിയെപ്പോലെ ഭാവിക്കുന്നുണ്ടു്. കുപ്പായവും തൊപ്പിയും മററും കണ്ടു. ഒരു കച്ചവടക്കാരന്റെ

മരായ — ഇവിടങ്ങളിലുള്ളവരെപ്പോലെയല്ല. ഇങ്ങനെയൊരാൾ താമരശ്ശേരിയിൽ കടക്കാതിരിക്കണേ എന്നാണ് എന്റെ അനുഗ്രഹം.

നാ. അ: — പേരെന്തെന്ന് അറിഞ്ഞോ?

അമ്മു: — ഒരു കുറുപ്പ്, എന്തോ മറ്റോ ആണ്. പണ്ട്, ഇവിടെയെവിടെയോ പാർത്തിരുന്നു എന്നും മറ്റും ആ തെക്കേതിലെ കാരണവർ പറയുന്നതു കേട്ടു. കാരണവർ അറിയുമെന്നും പറഞ്ഞു. ഒരു കുറുപ്പെന്നാണ് പറഞ്ഞത്.

നാ. അ: — കുറുപ്പോ? കൃഷ്ണക്കുറുപ്പെന്നായിരിക്കുമോ?

അമ്മു: — കൃഷ്ണനോ, രാമനോ എനിക്കു നിശ്ചയമില്ല. കുറുപ്പാണ്. ജനിച്ചു വളർന്നതും മറ്റും ഇവിടെ എവിടെയോ ആണെന്നു കേട്ടു

നാ. അ: — കൃഷ്ണക്കുറുപ്പായിരിക്കും. അവനാണെങ്കിൽ, അവൻ ജനിച്ചു വളർന്നതും നമ്മുടെ വീട്ടിൽതന്നെ. അവന്റെ തന്ത നമ്മുടെ കന്നാലിക്കാരനായിരുന്നു. ആ പിച്ചക്കാരനോ താമരശ്ശേരി വാങ്ങാൻ പോകുന്നത്? നന്നായി!

നാരായണി അമ്മയുടെ മുഖം കോപംകൊണ്ട് രക്തവർണ്ണമായി; ചുണ്ടുകൾ വിറച്ചു; കണ്ണുകൾ ജ്വലിച്ചു.

അമ്മു: — ഛെയ്! അയാളായിരിക്കയില്ല. ഒരു കന്നാലിക്കാരന്റെ മകനു താമരശ്ശേരിയെപ്പോലെ ഒരു വസ്തു വാങ്ങാൻ പണം എവിടെ? അമ്മയ്ക്കു തെറ്റിപ്പോയിരിക്കും.

നാ. അ: — ഇല്ല, ഇല്ല, തെറ്റീട്ടില്ല, കിട്ടു കുബേരനായ കഥ ഞാൻ ഈയിടെ കേട്ടോ, കേട്ടു. അവനെ ഇവിടെനിന്നു ഞാനാണ് ആട്ടിപ്പുറത്താക്കിയത്. പിന്നെ നന്ദപുരിയിൽപോയി ഒരു കച്ചവടക്കാരന്റെ കൈയാളായിനിന്നു. അയാളുടെ തറവാട്ടിൽ ഒരേ ഒരു മരുമകളുണ്ടായിരുന്നതിനെ സംബന്ധവും ചെയ്തു. അവൾ പേററിൽ തുലഞ്ഞു. അവളുടെ കുറെ സ്വത്തു കിട്ടിയതുകൊണ്ട് കച്ചവടവും തുടങ്ങി. കുറെ

ഒക്കെ സമ്പാദിച്ചു. ഓഹോ! പണത്തിൽ കിടന്നുരുളുന്ന കാലമാണിപ്പോൾ. അവൻ താമരശ്ശേരി കൈക്കലാക്കാനാണോ ഭാവം?

ഈ സന്ദർഭത്തിൽ, കാത്ത്യായനി ഒരു മുറവും കൊണ്ടു കടന്നുവന്നു്; "എന്തോന്നു കുഞ്ഞേ പറഞ്ഞതു്? കിട്ടുണ്ണക്കുറുപ്പ് നമ്മുടെ വീടു വേടിക്കാമ്പോണോ? ങ്ങേ!" എന്നു ചോദിച്ചു.

നാ. അ:— നിനക്കവനെ ഓർമ്മയുണ്ടോടീ?

കാ:— ഓർമ്മയൊണ്ടോന്നോ? കൊള്ളാം! കൊള്ളാം. ഈ വെരളോളം പോന്ന നെത്തോലിച്ചെറുക്കനേ! തള്ള തിനം പിടിച്ചു കെടക്കുമ്പം എത്ര തോതം അടുക്കളനടയിൽ വന്നു കാപ്പി വേണം, കണ്ണിമാങ്ങ വേണം, എന്നൊക്കെ ചോതിച്ചിറെറാണ്ടു്. ചോറും കെട്ടിക്കൊണ്ടു ആശാൻെറ വീട്ടിച്ചെന്നല്ല്യോ എഴുത്തു പടിച്ചതു്? എത്തറതോതം അമ്മേടെ പൊത്തഹം ചെമന്നു! പൂ മോട്ടിക്കാൻ വന്നതും മറ്റും ഞാൻ മറന്നു പോയില്ല. അവനാണോ നമ്മുടെ വീടുവാങ്ങണതു്? കൊള്ളാം! വെള്ളക്കാക്ക മലന്നു പറക്കണ കാലം! മിടുക്കൻതന്നെ! അപ്പിയും മക്കളും ഓണ്ടോന്നോ?

നാ. അ:— മിടുക്കനോ! മിടുക്കു കാണിച്ചു കൊടുക്കാം, നോക്കിക്കോ! ഈ നെഞ്ചിൽ പതപ്പുള്ള കാലത്തു് താമരശ്ശേരിയിൽ അവൻ കാലെടുത്തു ചവിട്ടുമോ? പൂ മോഷ്ടിക്കാൻ വന്നതും മറ്റും അവൻ മറന്നുപോയോ?

അമ്മു (ചിരിച്ചുംകൊണ്ടു്):— ഇനി പൂ മോഷ്ടിക്കാനും മറ്റും വരില്ല. അവിടത്തെ കാടുപിടിച്ച തോട്ടത്തിനെ അയാളിനി നന്ദനോദ്യാനം ആക്കുകയില്ലയോ?

നാ. അ:— നന്ദനവും ചൈത്രരഥവും മറ്റും ഉണ്ടാക്കിക്കോ. എന്തു്? എൻെറ വീട്ടിൽ ഈ പിച്ചക്കാരൻ കടക്കുമോ? വാങ്ങാൻ വേറെ പണക്കാരെ ആരെയും കിട്ടിയില്ലെങ്കിൽ വസ്തു പകുത്തു പകുത്തു വില്ക്കാൻ ഞാൻ തയാർ. വസ്തു എ

ന്റേതാണെന്നോർമ്മവേണം. എന്റെ സമ്മതം കൂടാതെ ആരിക്കേണ്ടില്ല കേട്ടല്ലോ? കാണട്ടെ ഞാൻ ആ നാണംകെട്ട ലക്ഷ്മണൻപിള്ളയെ. അമ്മേ! കേശവനതാ നിന്നു വെറുങ്ങവെട്ടുന്നു അവിടെ ഇട്ടി കോമ്പര ഇങ്ങോട്ടു കാർത്ത്യായനീ! എനിക്കുടുക്കാൻ ഒരു പുടവയും കവുണിയും കൊണ്ടുവാ. വേഗം പോ, വായും പിളർന്നു നോക്കി നില്ക്കാതെ.

കാ:—എവിടേയ്ക്കുപോവാനാണ്? പറയിൻ. പിന്നെ മുണ്ടെടുക്കാൻ പോവാം.

നാ. അ:—ആ ദല്ലാൾ ലക്ഷ്മണൻപിള്ളയുടെ വീട്ടിലേ. ഈ പിച്ചക്കാരന് എന്റെ വീടു കൊടുക്കുമോ, ഞാനിരിക്കുമ്പോൾ?

കാ:—പിന്നെ, ദേഷ്യപ്പെടാതിരിക്കണേ ഇത്തിരി. പിച്ചക്കാരനൊ? ഈ രാജ്യം മുഴുവനും പിടിക്കാനൊള്ള ചക്രം അവന്റെ— അല്ല, അല്ല, അയ്യോ ഇന്നി അവനെന്നും മറ്റും പറഞ്ഞൂടാ. അങ്ങുന്നു, യശമാനൻ—അദ്ദേഹത്തിന്റെ കയ്യിലൊണ്ട്. പിന്നെ എന്തിനാണ് അമ്മ വിരോധത്തിനു പോണത്? വേടിക്കാമെങ്കി വേടിച്ചോട്ടെ

നാ. അ:—നീ നിന്റെ പാട്ടിനുപോ. നീ പറയുമ്പോലെ കേൾക്കാൻ ഞാൻ നിന്റെ ആര്? നിന്നോടു പറഞ്ഞതു നീ ചെയ്യ്.

കാ:—അയ്യോ! വലിയങ്ങുന്നു മരിച്ചിട്ട് ഒരു മാസംപോലും തെകഞ്ഞില്ല. അതിനുമുമ്പെ വെളിയിലെറങ്ങി നടക്കരുത്. കരക്കാരറിഞ്ഞാ എന്തു പറയും?

നാ. അ:—കരക്കാരെ പോവാമ്പാ. എനിക്കു തോന്നിയതുപോലെ ഞാൻ ചെയ്യും. നീ പോയി മുണ്ടു കൊണ്ടുവാ ശവമേ! എനിക്കു ഗുണദോഷം പറയണ്ടാ.

കാർത്ത്യായനി അകത്തു പോയി ഒരു മൽപുടവയും ഒരു ഇഴക്കിൽക്കരക്കവുണിയും കൊണ്ടുവന്നു കൊടുത്തു. നാരായണി അമ്മ പുടവയും ഉടുത്ത്, കവുണിയും പുതച്ച്, ഒരു

ലക്കടയും എടുത്ത്, കേശവനേയും തുണെയ്ക്കു കൂട്ടിക്കൊണ്ടു പുറപ്പെട്ടു കാത്ത്യായനി കുറേനേരം കണ്ണും മിഴിച്ചു നോക്കിനിന്നശേഷം, "പോറത്തോക്കേക്കണ്ടു, മനുച്ച്യേര്? പറഞ്ഞാ കേക്കുന്ന വക്കമല്ലല്ലോ" — എന്നു പിറുപിറുത്തു.

അമ്മു .— പറഞ്ഞാൽ കേൾക്കില്ലെങ്കിൽ നിങ്ങൾക്കുമദചാതമില്ലല്ലോ. അമ്മയുടെ സമ്മതം കൂടാതെ വീട്ടു വില്ക്കണം ഇല്ലേ? നല്ലതുതന്നെ.

ക: — വീട്ടു വിൽക്കാനെടയാക്കിയതെന്തിന്? അതൊക്കെ നേരത്തെ കാലത്തെ ആലോചിക്കേണ്ടിയിരുന്നു.

അമ്മു: — അമ്മേടെ ദോഷംകൊണ്ടാണോ വീട്ടു വില്ക്കാമ്പോണത്? അമ്മക്ക് വല്ല അധികാരവും ഉണ്ടായിരുന്നോ? അമ്മ വല്ലതും അറിഞ്ഞോ, കണ്ടോ, കേട്ടോ?

ക: — അറിഞ്ഞതുമില്ല, കണ്ടുമില്ല, കേട്ടുമില്ല. ഇപ്പം അററപവിക്കുന്നതാര്? ഏതായാലും വീട്ടു വില്ക്കാൻ തീർച്ചയാക്കി, പിന്നെ ആരു വാങ്ങിച്ചാലെന്തു? പണം അതികം തരുന്നവക്കു കൊടുക്കാതിരുന്നാലേ? കടംവീട്ടേണ്ട്യോ? നിംഗക്കൊക്കെ ഉണ്ണേണ്ട്യോ?

അ: — ഇയാളുടെ പണം വാങ്ങി ഉണ്ണാനിട വരാതിരുന്നാൽ മതിയായിരുന്നു ഈശ്വരാ. പട്ടിണി കിടന്നാലും തരക്കേടില്ല.

ക: — (ചിരിച്ചുംകൊണ്ടു) — ഓ! ഓ! വയറു നിറഞ്ഞിരിക്കുമ്പം തോന്നും, പട്ടിണി കെടക്കാമെന്നും മററും! ഒരു നേരം തെററുമ്പക്കാണാം! പരിപ്പും നെയ്യും കൊറയുമ്പക്കാണാം.

അ: — കാണാനെന്താണ്? നിങ്ങൾ പോവിൻ നിങ്ങളുടെ കാര്യം നോക്കാൻ. നാക്കു നീട്ടിയതു മതി. അമ്മേ! നിങ്ങളുടെ നാക്കിന് ഇത്ര നീളമോ!

## അദ്ധ്യായം, ൩

### സോദരീസോദരന്മാർ.

സായങ്കാലമായി. സൂൎയ്യന്റെ ചൂടും പ്രഭയും ചുരുങ്ങി ത്തുടങ്ങി. അമ്മുകുട്ടി, തോരണത്തു പടിക്കൽവന്ന്, ആരുടെ യോ വരവിനെ പ്രതീക്ഷിച്ചിട്ടെന്നപോലെ, വളരെനേരം പ ടിഞ്ഞാറെ വഴിയിലേക്കു നോക്കിനിന്നു. അവളുടെപ്രായവും, നേത്രങ്ങളിൽ പ്രത്യക്ഷം കളിയാടിക്കൊണ്ടിരുന്ന സപ്രത്യാശ മായ നോട്ടവും കണ്ടാൽ, അവൾ തന്റെ കാമുകന്റെ വ രവിനെ കാത്തുനില്ക്കയാണോ എന്ന് ആരും ശങ്കിക്കും. എ ന്നാൽ കാമുകനെ പ്രതീക്ഷിച്ചു നില്ക്കുന്ന ഒരു കാമിനി വേ ഷാലങ്കാരങ്ങളിൽ ഇങ്ങനെ അശ്രദ്ധ കാണിക്കുമോ? അവ ളുടെ തലമുടി ചീകി ബന്ധിച്ചിട്ടില്ല; അവ കാററത്തു പാറന്നു മുഖത്തിനും കണ്ണുകൾക്കും അസഹ്യമായിത്തീൎന്നിരിക്കുന്നു വ സ്ത്രങ്ങൾ മുഷിഞ്ഞവയല്ലെങ്കിലും, തീരെ മോടിയില്ലാത്തവ യാണ്. ആഭരണങ്ങളെന്നു പറവാൻ, രണ്ടുരണ്ടു കൈക ളിൽ ധരിച്ചിരിക്കുന്ന കാപ്പല്ലാതെ വേറെ കാണുന്നില്ല. ത ലേദിവസം വരെ അവളുടെ മുഖത്തു വിലസിക്കൊണ്ടിരുന്ന പ്രഭക്കുടിയും ഇന്നു മങ്ങിയിരിക്കുന്നു. നിശ്ചയമായും അവൾ കാമുകനെ കാത്തുനില്ക്കയല്ല. അവളുടെ ചിത്തവൃത്തിയെ ഗ്ര ഹിക്കാൻ സംഗതി വന്നിട്ടുള്ളവൎക്കും അവളുടെ അംഗങ്ങളിൽ മാത്രമേ താരുണ്യം പ്രവേശിച്ചിട്ടുള്ളു എന്നും; അവളുടെ മന സ്സ് ഒരു ചെറുബാലികയുടേതിനൊപ്പമാണെന്നും അറിയാ വുന്നതാണ്.

അന്നു പകൽ, അവൾക്ക്, തോരണത്തു വീട്ടിൽ ഏകാ ന്തവാസമായിരുന്നു. നാരായണിഅമ്മ രാവിലെ ലക്ഷ്മണൻ പിള്ളയെ കാണ്മാൻപോയതായി വായനക്കാർ ഓൎക്കുന്നുണ്ട ല്ലോ; അവർ ഇനിയും മടങ്ങീട്ടില്ല. സഹോദരൻ മാധവനെ അവൾ ഇന്നു കണ്ടിട്ടേ ഇല്ല. പിന്നെ വീട്ടിൽ വേലക്കാരല്ലാ തെ, മററാരാണുള്ളത്? വേലക്കാരുമായി കളിച്ചുചിരിച്ചിരി

ക്കുവാൻ അവൾ പരിശീലിച്ചിട്ടുണ്ടെങ്കിലും ഇന്നു രാവിലെ മനസ്സിൽ പുതുതായി കടന്നുകൂടിയിരിക്കുന്ന വിഷാദം അതിന്നു് സമ്മതിച്ചില്ല തന്റെ മനഃക്ലേശങ്ങളെ ഭൃത്യന്മാരെപ്പോലെയുള്ള ആശ്രിതജനങ്ങളുടെ മുമ്പിൽ പ്രദൎശിപ്പിക്കുന്നതു ഗൌരവക്കുറവാണെന്നു് അവൾക്കു നല്ല ബോധ്യമുണ്ടായിരുന്നതുകൊണ്ടാണു്, അവൾ അമ്മ പുറത്തുപോയ ശേഷം, കാത്ത്യായനിയോടു ശുണ്ഠി കൂട്ടിക്കൊണ്ടു തന്റെ മുറിയിൽ പോയി ഏകാന്തവാസം ചെയ്തതു്. എന്നാൽ കാററിനെയും വെയിലിനെയും ഉററ ചങ്ങാതികളായി വരിച്ചിട്ടുള്ള അമ്മുവിന്നു്, എത്രനേരംതന്നെ, അവയുടെ സഹവാസം വെടിഞ്ഞിരിക്കുവാൻ സാധിക്കും? ഇക്കാരണത്താലാണു് അവൾ തന്റെ ആ പ്രിയപ്പെട്ട ചങ്ങാതിമാരുടെ സംസൎഗ്ഗസുഖത്തെ അനുഭവിച്ചുകൊണ്ടും, അമ്മയോ സഹോദരനോ വരുന്നുണ്ടോ എന്നു നോക്കിക്കൊണ്ടും പടിക്കൽ വന്നു നില്ക്കുന്നതു്.

ഏകദേശം ഒരു മണിക്കൂറോളം നേരം അവൾ ഈ നിലയിൽനിന്നു; അതുകഴിഞ്ഞു് പാതയിൽ ഇറങ്ങി, താമരശ്ശേരിക്കു പോകുന്ന വഴിയെ നടന്നു തുടങ്ങി. അന്നു രാവിലെ അവൾ താമരശ്ശേരിയിൽനിന്നു പോന്ന സമയം ഇനി ഒരിക്കലും അവിടെ പോകയില്ലെന്നു ശപഥം ചെയ്തു. കൃഷ്ണക്കുറുപ്പിനെ അവിടെ വച്ചു കണ്ടതുമുതൽ, അയാൾ അതിന്റെ ഉടമസ്ഥനായിത്തീരുമെന്നു് അവൾ നിശ്ചയിച്ചു. അയാൾ അധികാരഭാവത്തോടുകൂടെ ആ സ്ഥലം നോക്കുന്നതു കണ്ടപ്പോൾ തന്നെ, അവളുടെ മനസ്സു കലങ്ങി. ആ വീടിനെ സംബന്ധിച്ചെടത്തോളമുള്ള തന്റെ അധികാരസൂൎയ്യന്നു് അസ്തമയമായി എന്നും അവൾ ഗ്രഹിച്ചു; മേലാൽ താൻ അവിടെ കടന്നു ചെല്ലുന്നതു യോഗ്യതയായിരിക്കയില്ലെന്നും നിശ്ചയിച്ചു. കുറെ നേരത്തിനുള്ളിൽ ആ നിശ്ചയത്തേയും ശപഥത്തേയും നിരാകരിച്ചു് അവൾ വീണ്ടും ആ വീട്ടിലേക്കു പോകുന്നതിനെപ്പററി വായനക്കാർ ആ സാധ്വിയെ കുററം പറയരുതു്.

അവളുടെ ഉള്ളിൽ വേരൂന്നിയിരുന്ന കൂറിന്നൊപ്പം തന്നെ, നിങ്ങൾക്കും ആ വീട്ടിനെക്കുറിച്ചു കൂറുണ്ടായിരുന്നുവെങ്കിൽ, നിങ്ങളും അങ്ങിനെത്തന്നെ പ്രവർത്തിക്കുമായിരുന്നു. വായനക്കാരേ, നിങ്ങളുടെ അത്യഗാധവും പരിപൂർണ്ണവും നിഷ്കളങ്കവും ആയ പ്രേമത്തിനു വിഷയമായുള്ള ഏതൊരു വസ്തുവും നിങ്ങളിൽനിന്നു് അകലുവാൻ പോകുന്നു എന്നറിയുമ്പോൾ ഉണ്ടാകുന്ന മനോവ്യഥ അപാരവും അനുകമ്പനീയവും ദുസ്സഹവും ആയിരിക്കുമെന്ന വസ്തുത നിങ്ങൾ മറന്നു കളയരുതേ. സാധുവായ അമ്മുക്കുട്ടി തന്റെ ന്യായാന്യായവിവേചനശക്തിയുമായി എത്ര ഊക്കോടെ പോരാടിയ ശേഷമാണു് ഈ പ്രവൃത്തിക്കു തുനിഞ്ഞതെന്നറിഞ്ഞാലെങ്കിലും, നിങ്ങൾക്കു് അവളിൽ അനുകമ്പ ജനിക്കയില്ലയോ? തന്റെ പ്രാണനു തുല്യം പ്രിയപ്പെട്ട ഭവനത്തെയും, അതിന്റെ പരിസരങ്ങളെയും, ഒരു നോക്കു കൂടി കണ്ടു് അവയോടു അവസാനയാത്ര പറവാനായിട്ടാണു അവൾ പോകുന്നതു്. വീടും പറമ്പുകളും വില്പാനുറച്ചു എങ്കിലും, ആധാരം കൈമാറി പണം പററുന്നതുവരെ അവളുടെ അധികാരം വിട്ടുപോകയുമില്ലല്ലോ.

വേലി പൊളിഞ്ഞു കിടന്നിരുന്ന വഴിയിൽക്കൂടെ, അമ്മുക്കുട്ടി, പുരയിടവളപ്പിൽ ഇറങ്ങി. അവിടെ ആടുമാടുകൾ മേഞ്ഞുനിന്നിരുന്നു. അവ തല പൊന്തിച്ചു് അവളുടെ മുഖത്തു നോക്കി പരിചയം നടിച്ചു. അവളുടെ മനോവ്യഥയെ അവ അറിയുന്നുണ്ടെന്നും, അവയ്ക്കു് അവളോടു സഹതാപം ഉണ്ടെന്നും അവൾ ഊഹിച്ചു. മുള്ളുകൾക്കിടയിൽ കൂടെ അവൾ മെല്ലെ മെല്ലെ നിശ്ശബ്ദമായി നടന്നു. അപ്പോൾ വൃക്ഷങ്ങളുടെ ഇടയിൽനിന്നു് ഒരു കറുത്ത നായ് കുരച്ചുംകൊണ്ടു് ഓടി അവളുടെ സമീപത്തു വന്നു്, വാലാട്ടിക്കൊണ്ടു് അതിന്റെ മൂക്കിനെ അവളുടെ കരതലത്തോടു ചേർത്തുരസി. അതു് അവളുടെ സഹോദരന്റെ നായായിരുന്നു അതിന്റെ യജമാനൻ സമീപത്തെങ്ങാൻ ഉണ്ടായിരിക്കുമെന്നൂഹിച്ചു് അ

വൾ നായുടെ പിന്നാലെ നടന്നു. കുറെ ചെന്നപ്പോൾ, അവിടെ ഒരു പിലാവിന്റെ തണലിൽ മാധവൻ കിടന്നുകൊണ്ടു് ഒരു പുസ്തകം വായിക്കുന്നതു അവൾ കണ്ടു. കാലൊച്ച കേട്ടു മാധവൻ തിരിഞ്ഞുനോക്കി, മനോഹരമായ പുഞ്ചിരി തൂകിക്കൊണ്ടു്,

അപുത്രമിത്രകാന്താരം പു-ക്കനർത്ഥഗർത്തേ വീണാളേ;
ആനന്ദിച്ചേ വാഴേണ്ടുന്നവ-ളല്ലേ കമനീ! നീണാളേ?
അപത്രപിച്ചീടേണ്ടാഞ്ഞോ നോ-വനത്തിൽ മേവുന്നാണാളേ,
ആരെന്നാലും രക്ഷിപ്പാനിനി അപരൻ വരുമോ കേണാളേ?

ഠഠ, ഠഠ, ഠഠ, ഠഠഠീം- ഠഠഠഠഠീം, ഠഠഠഠഠീം- ഠഠീം- ഠഠീം- ഠഠഠീം ഠീം- ഠീം ഠീം- ഠീം- ഠീം-

എന്നിങ്ങിനെ ഒരു കൂസൽ കൂടാതെ, പല ആംഗ്യങ്ങളോടും താളമേളങ്ങളോടും കൂടി ഉറക്കെ പാടിത്തുടങ്ങി. മാധവന്റെ ആഹ്ലാദയത്തിൽ കുറെ ഭാഗം അമ്മുക്കുട്ടിയെയും ബാധിച്ചു. പക്ഷെ അതു് ഒരു നിമിഷനേരമേ അവളിൽ നിലനിന്നുള്ളു. അറിയാതെ വന്നുപോയ മന്ദഹാസത്തെ പകുതി അമർത്തിക്കൊണ്ടു്, അവൾ പറഞ്ഞു:— "അനുജൻ, നളചരിതം പാടി രസിക്കയാണു്, ഇല്ലേ? നന്നായി. 'ആനന്ദിച്ചു് വാഴേണ്ടുന്ന' കാലംതന്നെയാണല്ലോ ഇതു്?".

മാ. ഉ:— എന്താ ജ്യേഷ്ഠത്തി! ആനന്ദിക്കാൻ പാടില്ലാത്തതു്? വരൂ, ആ ഗൌരവമൊക്കെക്കളഞ്ഞു്, ഇവിടെയിരുന്നു കുറെ പാടാം.

"വേസിക്ക നീയെന്നാംസേതാശി,-വധിപ്പൻരശം, വക്രാപാം(ഗീ,
വാതിച്ചാക്കും പ്രാണാപായേ,-ജാതിച്ചാര്യം വേണ്ടാ നതാ(ട്ടുവാൻ."

അമ്മു:— ഹോ! കഷ്ടം! നിനക്കിങ്ങിനെ ഉല്ലാസമായിരിപ്പാൻ തോന്നുന്നുവല്ലോ. ആട്ടെ! കളിച്ചു രസിച്ചു നടക്കു്. ഉള്ളതൊക്കെ കണ്ടവർ കൊണ്ടുപോകട്ടെ.

മാ. ഉ:—എന്താ ഉള്ളതു? വല്ലതും ഉണ്ടെങ്കിലല്ലേ ആരെങ്കിലും കൊണ്ടുപോവൂ.

അമ്മു:—കേറിക്കിടക്കുന്ന സ്ഥലം മററുള്ളവർ കൈക്കലാക്കാൻ ഭാവിക്കുന്നതറിഞ്ഞില്ലേ? മാധവാ, നിനക്കു വയസ്സു പതിനേഴു കഴിഞ്ഞു: പുരുഷപ്രായമായി. നീ ഈ വിധം കളിച്ചു നടന്നു്, 'വരുന്നതുവരട്ടെ' എന്നു് അശ്രദ്ധയായിരിക്കുന്നതു് യോഗ്യതയാണോ?

മാധവൻ പുസ്തകം അടച്ചുവച്ചു്, എഴുന്നേററിരുന്നു്, സഹോദരിയെ നോക്കി, പുഞ്ചിരിയിട്ടു. സഹോദരിയെ ഒരു ദേവിയെപ്പോലെ വിചാരിച്ചു ബഹുമാനിച്ചും സ്നേഹിച്ചും പോരുന്ന ഈ യുവാവിനു്, അവൾ എന്തുതന്നെ അധിക്ഷേപിച്ചാലും കളിയാക്കിയാലും, പുഷ്പവർഷം ചെയ്തുപോലെ സന്തോഷമേ ഉണ്ടാകാറുള്ളു. ഈ സഹോദരീസഹോദരന്മാർ തമ്മിൽ ഒരു വയസ്സിൻെറ അന്തരമേ ഉണ്ടായിരുന്നുള്ളു. തൻെറ പ്രായത്തിൽ കവിഞ്ഞ ശരീരവളച്ച മാധവനുണ്ടായിരുന്നു. എന്നാൽ ബുദ്ധിയുടെ വളച്ച നേരെ മറിച്ചും ആയിരുന്നു. ആ കുറവുകൊണ്ടുണ്ടാകാറുള്ള ദോഷത്തെ പരിഹരിക്കേണ്ട ഭാരം സഹോദരിയിൽ സമപ്പിച്ചിരിക്കയാണു്. അതിനാൽ മാധവനെ എന്തും പറവാനും, അവനെക്കൊണ്ടു എന്തുംചെയ്യിക്കുവാനും അമ്മുവിനു പ്രയാസമില്ല. സഹോദരിയുടെ ഗൌരവഭാവം കണ്ടപ്പോൾ അവൻ ആദ്യം പുഞ്ചിരിയിട്ടു എങ്കിലും, ഉടൻതന്നെ ഇങ്ങിനെ ചോദിച്ചു:—"ഞാൻ എന്തു ചെയ്യണം? പറയൂ. ഇവിടെ ഇനി അധികം നാൾ വന്നിരിക്കാൻ സാധിക്കില്ലല്ലോ എന്നു വിചാരിച്ചിട്ടാണു്, ഞാൻ വെറുതെ ഇവിടെ വന്നിരുന്നതു്. എന്താണുണ്ടായതു് ഇന്നു്?"

അമ്മു:—എന്താണുണ്ടായതെന്നോ? നന്ദപുരിയിൽനിന്നു് ഒരുവൻ വന്നു് ഇന്നു വീടു നോക്കിപ്പോയി അയാൾ മേടിക്കാൻ ഭാവമുണ്ട്. അയാൾക്കു വീടു കൊടുക്കരുതെന്നു പ

റവാനായി അമ്മ ദല്ലാളിന്റെ വീട്ടിൽ പോയിരിക്കുന്നു. നേരത്തേ പോയി ഇനിയും തിരിച്ചുവന്നിട്ടില്ല.

മാ. ഉ: — വീടു കൊടുക്കാൻ പാടില്ലയോ? കാരണം? എന്തായാലും വീടു വില്ക്കേണ്ടേ?

അമ്മു: — വില്ക്കണം. ശരി. ഇയാളെപ്പോലെയുള്ള ഒരു പോക്കിരിക്കു കൊടുക്കരുതെന്നാണ് അമ്മയ്ക്കു നിർബ്ബന്ധം.

മാ. ഉ: — പോക്കിരിയോ? ആരു പറഞ്ഞു, പോക്കിരിയെന്നു്?

അമ്മു — ആരു പറഞ്ഞോ? കണ്ടാലറിയരുതോ? ഞാൻ രാവിലെ ഇവിടെ വന്നിരുന്നപ്പോൾ അയാളെക്കണ്ടു. അയാളുടെ അച്ഛൻ പണ്ടു് ഇവിടത്തെ കന്നാലിക്കാരനായിരുന്നു.

മാ. ഉ: — ഈ അസംബന്ധമൊക്കെ പറഞ്ഞു തന്നതാരു്?

അമ്മു: — അസംബന്ധമല്ല. അമ്മയാണു പറഞ്ഞുതന്നതും. അമ്മയ്ക്കയാളെ അറിയാം. കുട്ടിക്കാലത്തു് അയാൾ ഈ വീട്ടിൽത്തന്നെ താമസിച്ചിരുന്നു. അച്ഛനുമമ്മയും ചത്ത ശേഷം ഒരു വെറും പിച്ചക്കാരനെപ്പോലെ ഇവിടെ നിന്നു പോയി, നന്ദപുരിയിൽ ഒരു കച്ചവടക്കാരന്റെ വേലക്കാരനായി നിന്നു് ഒടുവിൽ എങ്ങിനെയോ കുബേരനായി.

മാ. ഉ: — ഹാ, ഹാ! കേമംതന്നെ. പിച്ചക്കാരൻ കുബേരനായോ? എന്നാൽ കൊള്ളാം. കുബേരനാവുമെങ്കിൽ ഞാനും ഒരു കച്ചവടക്കാരന്റെ വേലക്കാരനായിക്കളയാം.

അമ്മു: — നിനക്കു കഴിയും! അങ്ങിനെ ആയാൽ പിന്നെ ആട്ടപ്പദവും പാടി ആടി നടക്കാൻ സാധിക്കുമോ? നിന്നെക്കൊണ്ടതിനല്ലേ കൊള്ളൂ.

മാ. ഉ: — ഇങ്ങിനെ പറയരുതേ! പണി വല്ലതും ഉണ്ടെങ്കിൽ ഞാൻ രാവും പകലും വേല ചെയ്യുമല്ലോ. വെറുതെ ഇരിക്കുന്നതുകൊണ്ടല്ലേ ഇവിടെ വന്നു് ആട്ടപ്പദം പാടി രസിക്കുന്നതു്? എന്താ ഞാൻ ചെയ്യേണ്ടതു്? പകൽ മുഴുവ

ന്നം കിടന്നുറങ്ങുകയോ? ആ സമയം വല്ല പുസ്തകങ്ങളും വായിച്ചു മനസ്സിനെ ഉല്ലസിപ്പിച്ചുകൊണ്ടിരിക്കരുതെന്നുണ്ടോ? പെണ്ണുങ്ങളെപ്പോലെ മുഖവും കറുപ്പിച്ചു കരഞ്ഞുകൊണ്ടു നടക്കാത്തതുകൊണ്ട് എനിക്കു വ്യസനമില്ലെന്നാണോ? എനിക്കു വന്നുചേരേണ്ട വസ്തുവകകൾ അല്ലേ വില്ക്കുന്നത്? എനിക്ക് അതിനെ തടയാൻ അവകാശമുണ്ടോ? സകലതും നശിപ്പിച്ചു, എന്നെ എരപ്പാളിയാക്കി വിട്ടു. ഇതിൽ എനിക്കു കുണ്ഠിതമില്ലെന്നായിരിക്കാം നിങ്ങളുടെ വിചാരം. ഈ രാജ്യം വിട്ട് പോകണമെന്നാണ് എനിക്കാഗ്രഹം. ഞാൻ ഇവിടെ ഇരുന്നിട്ടെന്തുഫലം? അമ്മ സമ്മതിക്കുന്ന പക്ഷം, നാളെ പുറപ്പെടാൻ തയ്യാർ. കൊളമ്പിൽ പോയി കാപ്പിത്തോട്ടത്തിൽ കൂലിപ്പണി എടുക്കാൻ എനിക്കു പൂർണ്ണമനസ്സാണ്.

ഇത്രയും പറഞ്ഞപ്പോൾ മാധവന്റെ മുഖം വാടി. കണ്ണുകൾ അശ്രുപൂർണ്ണമായി. സഹോദരിയുടെ ദൃഷ്ടിയിൽനിന്നു തന്റെ മുഖത്തെ തിരിച്ചുകൊണ്ട്, എഴുന്നേറ്റുനിന്ന്, വ്യാഗ്രത്താൽ കണ്ണുകൾ തുടച്ചു.

അമ്മു:— അനുജാ, പോകുന്ന കാര്യത്തെപ്പറ്റി ആലോചിച്ചിട്ടാവശ്യമില്ല. നീ പോയാൽ ഞങ്ങൾക്കു തുണയാര്? ഞങ്ങളെ ആരെ ഏല്പിച്ചിട്ടാണ് നീ പോവുക? അമ്മയുടെ മുറുമുറുപ്പുകളും ശകാരവർഷവും ഏല്ക്കുവാൻ എന്നെ തനിയേ വിട്ടേക്കുകയോ? ഈ വിചാരങ്ങളൊക്കെ മതിയാക്കു. വരു, നമുക്കു വീട്ടിനുള്ളിൽ പോവാം. തെക്കേ അറയിലെ പത്തായത്തിനുള്ളിൽ എന്തോ ചില കടലാസ്സുകെട്ടുകൾ കണ്ടിരുന്നു; അമ്മ വിററ കൂട്ടത്തിൽ പോയോ, അവിടെ കിടപ്പുണ്ടോ, എന്നു നോക്കണം. ആ കൂട്ടത്തിൽ ചില പഴയ കഥാപുസ്തകങ്ങൾ ഉണ്ടായിരുന്നു. പുതിയ പുസ്തകങ്ങൾ ഇനി കാണ്മാൻ തരമില്ല. ഇവയെങ്കിലും എടുത്തുകൊണ്ടുപോയാൽ വല്ലപ്പോഴും വായിക്കാൻ കൊള്ളാം.

മാധവൻ മനസ്സില്ലാമനസ്സോടെ അമ്മുവിടൻറ പിറകെതന്നെ വീട്ടിനുള്ളിലേക്കു പോയി. വീടു വില്ക്കാൻ പോകുന്ന സംഗതിയേക്കാൾ, അതു മാന്യനല്ലാത്ത ഒരുവൻ വാങ്ങാൻ പോകുന്നു എന്ന വൎത്തമാനമാണ് അവനെ അധികം പീഡിപ്പിച്ചതു്. മാന്യനല്ലെങ്കിലും അപരിചിതനായിരുന്നാൽ അല്പം ഭേദമായിരുന്നു; പരിചിതവാണെന്നും വന്നതു വളരെ വഷളായി.

വീട്ടിനുള്ളിലെ വാതലുകൾ ഒക്കെ തുറന്നു കിടന്നിരുന്നു. കൃഷ്ണക്കുറുപ്പുവന്നു നോക്കിപ്പോയശേഷം, അവയെ ആരും ബന്ധിച്ചില്ല. സാമാനമൊന്നുമില്ലാതെ ശൂന്യമായി കിടക്കുന്നതളങ്ങളിലെയും അറകളിലെയും നിശ്ശബ്ദതയും ഏകാന്തതയും ഭയാനകമായിരുന്നു. മാധവൻ ഒരു വാതൽ ഉന്തിത്തുറന്നു്, ഉള്ളിൽ കടക്കാൻ കാൽ വെച്ചു, ചുററും നോക്കി, കാൽ പിന്നാക്കം വലിച്ചു:— "ജ്യേഷ്ഠത്തി, ഞാൻ അകത്തു വരുന്നില്ല. ഈ ശൂന്യംപിടിച്ച മുറികളിൽ കടക്കാൻ എനിക്കു മനസ്സുവരുന്നില്ല," എന്നു പറഞ്ഞു് പിൻമാറി.

അമ്മു:—എനിക്കും വളരെ വല്ലായ്മ തോന്നുന്നു. ഇവിടെ കിടന്നിരുന്ന സാമാനങ്ങളും മററും എടുക്കേണ്ടിയില്ലായിരുന്നു. ഞാനായിരുന്നാൽ എടുക്കില്ലായിരുന്നു. വീടു വില്ക്കുന്നതാകട്ടെ, അവക്കുതന്നെ സാമാനങ്ങളും കൊടുക്കാമായിരുന്നില്ലേ? ഈ അമ്മയുടെ തോന്ന്യാസം—

മാ. ഉ:—വരു നമുക്കു പൊയ്ക്കളയാം. എനിക്കു തല തിരിയുന്നു. വീടു പൂട്ടാൻ ഇന്നു വേലുവിനെ അല്ലേ ഏല്പിച്ചിട്ടുള്ളതു്? അവൻ പറമ്പിലെങ്ങാനും ഉണ്ടാകും. നമുക്കു അങ്ങോട്ടു പോകാം.

അമ്മു:—വേണ്ട, അല്പം ക്ഷമിക്കു. എനിക്കു അകത്തുപോകാതെ കഴിയില്ല. ആ പത്തായം ഒന്നു പരിശോധിക്കണം.

മാ. ഉ.— എന്നാൽ തനിയെ പൊയ്ക്കോളു; ഞാനില്ല.

അമ്മു:— അതു പാടില്ല. എനിക്കു പേടിയാണ്. വല്ല ഭൂതമോ, പ്രേതമോ, പിശാചോ പിന്നാലെ വന്നു കൂടിയാലോ? നമ്മുടെ മരിച്ചുപോയ കാരണവന്മാരുടെ ഭൂതങ്ങൾ; കഷ്ടം! അവൎക്ക് ഇനി അന്യയാളുകളുമായി സഹവസിക്കേണ്ടിവരുമല്ലോ.

മാ. ഉ:— ആത്മാഭിമാനമുള്ള ഭൂതങ്ങളാണെങ്കിൽ അവർ ഇനി ഇവിടെ പാൎക്കയില്ല; നമ്മോടൊന്നിച്ചു പോരും.

അമ്മു:— അയ്യോ! അതുമാത്രം വേണ്ട. അവർ കൂടെ പാൎക്കാനും മാത്രം തോരണത്തു വീട്ടിൽ സ്ഥലമില്ല. നമുക്കു തന്നെ ഞെരുക്കം.

മാ. ഉ:— അവരുടെ പടങ്ങളുടെ അമ്മ എവിടെയാണ് സൂക്ഷിച്ചുവച്ചിരിക്കുന്നതു്?

അമ്മു:— തട്ടിൻപുറത്തു്. വേണമെങ്കിൽ അവിടെ പാൎത്തു കൊള്ളട്ടെ, വിരോധമില്ല.

തെക്കേ അറയിലേക്കു പോകുന്നവഴിക്കു പല തളങ്ങളും മുറികളും കടക്കാനുണ്ടായിരുന്നു. സോദരീസോദരന്മാർ സംസാരിച്ചുകൊണ്ടു നടന്നു പോകുന്ന ശബ്ദം അവിടെ പലേടത്തും പ്രതിദ്ധ്വനിച്ചു്, അവിടത്തെ ഏകാന്തതയെ ഭയങ്കരമാക്കിത്തീൎത്തു. തെക്കേ അറസ്സുള്ളിൽ കടന്നശേഷം അവർ ആ ശൂന്യംപിടിച്ച മുറിയേയും ചുമരുകളേയും "സസ്നേഹമീക്ഷിച്ചു"കൊണ്ടു് കുറേനേരം നിന്നു. ചുമരുകളിൽ നിന്നു പടങ്ങൾ വലിച്ചെടുത്ത അടയാളങ്ങൾ നല്ലവണ്ണം കണ്ടിരുന്നു. ആ അടയാളങ്ങളിൽ ഒന്നിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, അമ്മുക്കുട്ടി പറഞ്ഞു:—"ഇതാ ഇവിടെയല്ലേ വലിയമ്മാവന്റെ പടം തൂക്കിയിരുന്നതു? ഇപ്പോഴത്തെ സ്ഥലംമാററം കാരണവൎക്കു എത്ര രസിച്ചിരിക്കുമോ, ആവോ?"

മാ. ഉ:— അദ്ദേഹത്തിനു ഇതില്പരം മാനക്ഷയം വരാനുണ്ടോ? പിച്ചക്കാരൻ വീടുമേടിക്കുന്ന സംഗതി നാസ്തുവമാ

ണെങ്കിൽ മൂപ്പർ അയാൾക്കു വേണ്ട സൈപരക്കേടുണ്ടാകാതിരിക്കില്ല.

അമ്മു:— ആവു! ഇവിടെ നിന്നു് ഇങ്ങിനെ പറയരുതേ!

മാ ഉ:— ആ വാതലിൻെറ എതിർ വശത്തു് മാണിക്കം ഇരുന്നതോൎക്കുന്നുണ്ടോ? എത്ര സൌന്ദൎയ്യമുള്ള മുഖമായിരുന്നു. പടം അവിടെ നിന്നു പോയിട്ടും ആ കണ്ണുകൾ ഇപ്പോഴം എന്നെ സൂക്ഷിച്ചുനോക്കി പുഞ്ചിരിയിടുന്നതായി തോന്നുന്നു. ആ പടം ഈ മുറിക്കു ഒരു സൂൎയ്യൻ തന്നെയായിരുന്നു. ഇപ്പോൾ ഇരുളടഞ്ഞതുപോലെ തോന്നുന്നു.

അമ്മു:— വീടുമേടിക്കുന്നയാൾ അവിടെ വേറെ ഒരു പടം തൂക്കും. പക്ഷേ അയാളുടെ കാരണവന്മാരുടെയോ വല്യമ്മമാരുടെയോ ആയിരിക്കയില്ല, പിച്ചക്കാരനു് അതൊക്കെ എവിടെ കിട്ടും?

ഇങ്ങിനെ സംസാരിച്ചുകൊണ്ടു്, അവർ പത്തായത്തിനു സമീപം ചെന്നു. "ഹോ! താക്കോലെടുക്കാൻ മറന്നു; കഷ്ടം! ഇനി ഒരിക്കൽ ഇവിടെ വരാൻ കഴികയില്ല" എന്നു് അമ്മു പറഞ്ഞു. "ഇനി വരാതിരിക്കയാണുത്തമം. ബലംപ്രയോഗിച്ചു തുറക്കാമോ എന്നു നോക്കട്ടെ!" എന്നുപറഞ്ഞു്, മാധവൻ പത്തായത്തിൻെറ വാതലിലും പൂട്ടിലും ഉന്തുകയും തള്ളുകയും ചെയ്തുനോക്കി; ഒരു ഫലവുമുണ്ടായില്ല. ചവിട്ടിപ്പൊളിക്കാൻ ശ്രമിച്ചു, എന്നിട്ടും, ദ്രവിച്ചിരുന്ന പത്തായപ്പലകകൾ പൊളിഞ്ഞുവീഴാൻ ഭാവിക്കുന്നതല്ലാതെ വാതലിനു ഇളക്കമില്ല. "പലകകൾ ഇളക്കി എടുക്കട്ടെയോ?" എന്നു അവൻ ചോദിച്ചു.

അമ്മു:— വേണ്ട, വേണ്ടാ; തിരികെ വയ്ക്കാൻ സാധിക്കയില്ല. ഈ ഒരെണ്ണമെങ്കിലും മുഴുവനായിരിക്കട്ടെ. അല്ലെങ്കിൽ വീടു വാങ്ങുന്നവർ എന്തു വിചാരിക്കും?

മാ. ഉ:— നില്ലു. ഒന്നുകൂടെ നോക്കട്ടെ! പൂട്ടു കുത്തിപ്പറിച്ചാലോ?

അമ്മു:— വേണ്ട, മാധവാ! ഇതാ നിൻെറ മുണ്ടു കീറി. മതി.

പോകാം. വേഗം പോയി, മുണ്ടു മാററൂ. അമ്മ കണ്ടാൽ ഇന്നു പുഷ്പാഞ്ജലി തന്നെ. അമ്മയോ പിന്നെ കാര്യമില്ലാതെ നോക്കിയിരിക്കുന്നു ഒരു വെളിച്ചപ്പാടിനു.

മാ. ഉ:— ഓ, എന്നാൽ പോവാം. മാണിക്കത്തിൻെറ ഭൂതം പത്തായത്തിനുള്ളിൽ ഒളിച്ചിരുന്നു കൊള്ളട്ടെ!

അമ്മു— കഷ്ടം! കഷ്ടം! ഇതിനും ഇടയായല്ലോ. അവരുടെ കഥ ഈയിട അമ്മ പറഞ്ഞു.

മാ. ഉ:— അതെന്താണ്? ഞാൻ കേട്ടിട്ടില്ലല്ലോ.

അമ്മു:— അവരുടെ കാലത്താണ് നമ്മുടെ തറവാടു നല്ല നിലയിൽ വന്നത്. അവക്കു ചെറുപ്രായത്തിൽ തന്നെ സംബന്ധം നടന്നു. ഭത്താവിനു കോയിക്കൽ ഹരിക്കാരൻ പണിയായിരുന്നു. ഒരിക്കൽ അദ്ദേഹത്തെ അന്വേഷിച്ച് ആ അമ്മ കോയിക്കൽ പോകേണ്ടിവന്നു. അപ്പോൾ നാടുവാഴി കണ്ടു് അവരെ ഭാര്യയാക്കാൻ കൊതിച്ചു. അവർ ഭത്താവിനെ ഉപേക്ഷിക്കയില്ലെന്നു നിർബ്ബന്ധിച്ചു. ഒടുവിൽ രാജാവു് ഹരിക്കാരനെ ഒളിവിൽ പാപ്പിച്ചു; അദ്ദേഹം മരിച്ചുപോയി എന്നു പറഞ്ഞയച്ചു. മാണിക്കം വിശ്വസിച്ചില്ല; രാജാവിൻെറ ഭാര്യയാവാൻ മനസ്സില്ലെന്നു പറഞ്ഞയച്ചു. അതിൻെറ ശേഷം അന്നത്തെ കാരണവരും നാടുവാഴിയും ചേൎന്നു അവരെ പാട്ടിലാക്കാൻ പലവിധത്തിൽ ശ്രമിച്ചു; സാധിച്ചില്ല. അവർ വളരെക്കാലം വ്രതോപവാസം ചെയ്തു് ഈശ്വരനെ ഭജിച്ചു കഴിച്ചുകൂട്ടി. ഒടുവിൽ അവരുടെ ധൈര്യവും പാതിവ്രത്യനിഷ്ഠയും കണ്ടു്, നാടുവാഴിക്കു് അവരുടെ പേരിൽ ബഹുമാനം തോന്നി, അവരോടു മാപ്പു ചോദിച്ചു. ഭത്താവിനെ തിരിയെ വരുത്തിക്കൊടുത്തു; അവരുടെ തറവാടുള്ള കാലത്തോളം ഈ കുഡുംബക്കാരെ ദാരിദ്ര്യം തീണ്ടാതിരിക്കത്തക്കവണ്ണം സ്വത്തും കൊടുത്തു. അവരുടെ ഏകപുത്രൻ കൊട്ടാരത്തിൽ ഒരു വലിയ ഉദ്യോഗം ഭരിച്ചിരുന്നു. അദ്ദേഹമാണ് ഈ

വീട്ട പണികഴിപ്പിച്ചത്. ഇങ്ങനെ മകൻ പണികഴിപ്പിച്ച വീട് ഇതാ അന്യയാളുകൾ കൈക്കലാക്കാൻ പോകുന്നു. അവരുടെ ഭൂതത്തിന്നിരിക്കാൻ സ്ഥലമില്ലെന്നായി.

സന്ധ്യ സമീപിക്കുന്നതു കണ്ടു്, അമ്മക്കുട്ടിയും മാധവനും പറമ്പിലേക്കു നടന്നു. കാവല്ക്കാരൻ വേലു ഒരു കെട്ട ചുള്ളൽക്കമ്പും തലയിലേററിക്കൊണ്ടു് അവൎക്കെതിരേ വന്നുചേൎന്നു. ആ വയസ്സനോട് കൃഷ്ണക്കുറുപ്പിന്റെ വിവരങ്ങൾ ചോദിച്ചറിഞ്ഞ ശേഷം, സോദരീസോദരന്മാർ തങ്ങളുടെ ഏററവും പ്രിയപ്പെട്ട വീട്ടിനോടും വൃക്ഷങ്ങളോടും മററും അവസാനയാത്ര പറഞ്ഞു് തോരണത്തേക്കു പോവുകയും ചെയ്തു.

—*

## അദ്ധ്യായം ൫.

### മൎക്കടമുഷ്ടി.

സംവത്സരം രണ്ടുകഴിഞ്ഞു; എന്നിട്ടും നാരായണി അമ്മയുടെ രോഷം അണുവും കുറഞ്ഞില്ല, അവർ വിധിയെ തന്നെ കുററം പറഞ്ഞു പറഞ്ഞു് കാലയാപനം ചെയ്തു. അങ്ങിനെ കുററം പറവാൻ കാരണവും ഉണ്ടായിരുന്നു. താമരശ്ശേരിയാവകട്ടെ, പത്തുമുന്നൂറു കൊല്ലത്തെ പഴക്കമുള്ള പ്രബലപ്പെട്ട തറവാടാണു്. മാണിക്കം എന്ന സ്ത്രീനിമിത്തമായിരുന്നു തറവാട്ടിന്നു് ഐശ്വൎയ്യവും സ്ഥാനബഹുമാനങ്ങളും സിദ്ധിച്ചതു്. അക്കാലം തുടങ്ങി തറവാട്ടുനായകന്മാർ പുരുഷന്മാർ തന്നെ ആയിരുന്നുവെങ്കിലും, അതാതു കാലങ്ങളിലെ തറവാട്ടമ്മമാരുടെ ആലോചനയോ അനുമതിയോ കൂടാതെ, കാരണവന്മാർ തറവാട്ടുമുതൽ കൈകാൎയ്യം ചെയ്യാറില്ലായിരുന്നു. വിക്രമനുണ്ണിത്താന്റെ കാലം വരെ, ഈ സമ്പ്രദായം നിയമമായി അനുഷ്ഠിച്ചു വന്നിരുന്നു. എന്നാൽ നാരായണി അമ്മ തറവാട്ടിൽ പാൎപ്പു തുടങ്ങുകയും, വിക്രമനുണ്ണിത്താന്റെ

ഭാൎയ്യയുമായി സംരംഭേച്ച് ഇല്ലാതാകയും ചെയ്തതോടുകൂടി, പണ്ടത്തെ സമ്പ്രദായം മുഴുവനും മാറി. കാരണവൎക്ക തോന്നും പോലെ കാരണവരും; നാരായണി അമ്മയുടെ ഇഷ്ടംപോലെ ആ അമ്മയും പ്രവൎത്തിക്കും. കാരണവർ ഭാൎയ്യക്ക പണവും പണ്ടങ്ങളും കൊടുക്കുന്നുണ്ടെന്നറിഞ്ഞ്, നാരായണി അമ്മ വീട്ടുചെലവു അധികമാക്കുകയും, കൈച്ചെലവിനുള്ള പണം ധൂൎത്തടിക്കയും ചെയ്തുതുടങ്ങി. വീട്ടുചെലവ് അധികമാക്കിയാൽ, ഭാൎയ്യക്ക കൊടുക്കാൻ കാരണവരുടെ കൈവശം പണമില്ലാതാവുമെന്നായിരുന്നു നാരായണി അമ്മ കരുതിയത്. എന്നാൽ പാട്ടാദായം മുതലായ വരവിൽ നിന്നെടുത്തു ഭാൎയ്യയെ പ്രസാദിപ്പിക്കാൻ സാധിച്ചില്ലെങ്കിൽ, കാരണവർ തറവാട്ടുവസ്തുക്കളെ പണയംവെക്കയും വില്ക്കയും ചെയ്യുമെന്നു നാരായണിഅമ്മ ഓൎത്തില്ല. ഇങ്ങിനെ; രണ്ടാളും അവരവൎക്ക തോന്നിയവിധം ധൂൎത്തടിക്കയാൽ, തറവാടു നശിച്ചു. ഭാൎയ്യയെ പ്രസാദിപ്പിക്കാൻവേണ്ടി കാരണവർ തറവാടു നശിപ്പിച്ചു എന്ന്, ഒടുവിൽ, ഒരു കഥയും കെട്ടിച്ചമച്ചു. കുറത്തിൽ വലിയൊരു ഭാഗം തനിക്കും ഉണ്ടെന്നുള്ളത്, നാരായണി അമ്മ ഒരു നൂറുജന്മം നരകമനുഭവിപ്പാൻ ഇടവന്നാൽപോലും സമ്മതിക്കയില്ല. എന്നാൽ അവർ വിക്രമനുണ്ണിത്താനെ പഴിക്കുന്നില്ലെന്നുകൂടി വായനക്കാർ അറിഞ്ഞിരിക്കണം. "ആ അസത്ത്, പരമദ്രോഹി! അവളല്ലേ ഇതിന്നിടവരുത്തിയത്? അവൾ ചെന്നുകേറുന്നെടം കുളംകുഴിച്ചിട്ടേ പോവൂ. ചിറ്റൂൽക്കാരുടെ വിശേഷമാണത്. അവിടത്തെ പെണ്ണുങ്ങൾ ഒട്ടുമന്ത്രം അഭ്യസിക്കുംപോലും! ചെളുക്കകൾ! അട്ടകളെപ്പോലെ, എവിടെയെങ്കിലും കടി പററിയാൽ പിന്നെ രക്തം മുഴുവൻ ഊററിയ ശേഷമേ വിട്ടുപോവൂ. ഇനി അവൾ കണ്ണുകൊണ്ടു കണ്ടോട്ടെ, ഞാനും എന്റെ കുട്ടികളും തെണ്ടിനടക്കുന്നത്."— ഇപ്രകാരം സ്തുതികൊണ്ടായിരുന്നു നാരായണി അമ്മ മൂന്നു സന്ധ്യകളിലും വിക്രമനുണ്ണിത്താന്റെ ഭാൎയ്യയെ ആരാധിക്കാറുള്ളതു. ഇതു ലോകസ്വഭാവം തന്നെയല്ലേ.

വായനക്കാരേ, നിങ്ങളാരെങ്കിലും ഒരപകടത്തിൽപെട്ട എന്നിരിക്കട്ടെ. നിങ്ങൾ ആദ്യമായി ചിന്തിക്കുന്നതെന്തായിരിക്കും? അതിന്നു ഹേതുവായ സംഗതിയെപ്പററിത്തന്നെയല്ലെ? അതു് നിങ്ങളുടെ സ്വന്തം പ്രവൃത്തിയാണെങ്കിൽ അതിനെപ്പററി പശ്ചാത്താപം തോന്നും. പശ്ചാത്താപം എന്നു മുഴുവനും പറയുന്നില്ല; ആ മനോഭാവം നിങ്ങളിൽ അങ്കുരിക്കുന്നതേ ഉള്ളൂ; മുഴുവൻ രൂപപ്പെട്ടിട്ടില്ല. അതിന്മുമ്പു് നിങ്ങൾ ശ്രമം തുടങ്ങുന്നു. എന്തിനായിട്ടു്? നിങ്ങളുടെ ആ പ്രവൃത്തിയിൽ, മനസാ വാചാ കർമ്മണാ, അറിഞ്ഞോ അറിയാതെയോ, ആരുടെയെങ്കിലും പ്രേരണയോ സഹായമോ ഉണ്ടായിട്ടുണ്ടോ എന്നു നിർണ്ണയിക്കുവാൻ. അതാ ഒരു തലനാരിഴയോളം ആധാരം കിട്ടി. എന്തായിരിക്കും നിങ്ങളുടെ ഇനിയത്തെ ഉദ്യമം? തലനാരിഴ വഴിയായി അതിൻെറ ഉടമസ്ഥനെ ഇഴത്തുകൊണ്ടുവരുക. ഇതാ കിട്ടി, കാരണം. ഈ ആൾ നിമിത്തമാണു് അപകടം പററിയതു്. ഈയാൾ തന്നെ കുററക്കാരൻ; നിങ്ങൾ നിർദ്ദോഷി! നിരപരാധി. സ്വന്തം പ്രവൃത്തിയെപ്പററി ഉണ്ടായ പശ്ചാത്താപം ഇപ്പോൾ വേഷം മാറി, ആ അന്യൻെറ നേക്കു രോഷമായി നിങ്ങളുടെ ഉള്ളിൽ കുടികൊള്ളുന്നു. ഇതാണു് ലോകസ്വഭാവം. ഇതിന്നൊത്തതായിരുന്നു നാരായണി അമ്മയുടെ ചിത്തവൃത്തിയും. ഇക്കാരണത്താൽ തന്നെയാണു്, നാരായണി അമ്മ, സോദരൻെറ ഭാർയ്യയെ ഇന്നും ദ്വേഷിച്ചുകൊണ്ടിരുന്നതു്.

എന്നാൽ ആ സ്ത്രീയോ? വിക്രമനുണ്ണിത്താൻ മരിച്ചു്, താമരശ്ശേരി അന്യാധീനപ്പെട്ട അവസരത്തിൽ, നാരായണി അമ്മയോടുള്ള അനുകമ്പ നിമിത്തം, കരക്കാർ ലക്ഷ്മിഅമ്മയെ പഴിച്ചു. ലക്ഷ്മിഅമ്മയുടെ അയല്ക്കാർ എന്നല്ല, കരക്കാർക്കുടിയും ആ അമ്മയെ തിരസ്കരിച്ചുതുടങ്ങി: അടിയന്തരങ്ങളിൽ കൂട്ടി നടത്തുകയില്ലെന്നായി. ഇത്ര വലിയ തറവാട്ടിനെ നശിപ്പിച്ച സ്ത്രീക്കു് ഭ്രഷ്ടുകല്പിക്കാൻ കൂടി വഴിയുണ്ടോ

എന്ന് അവർ അന്വേഷിച്ചുതുടങ്ങി. ലക്ഷ്മിഅമ്മ ഇങ്ങിനെ, വൈധവ്യദുഃഖത്തിനോടൊപ്പം കരക്കാരുടെ ദ്വേഷത്താൽ ഉണ്ടായ ക്ലേശങ്ങളേയും സഹിക്കേണ്ടിവന്നു. ഒന്നുരണ്ടുമാസം ഇങ്ങിനെ കഴിഞ്ഞേറെ, ലക്ഷ്മിഅമ്മ തന്റെ വീടും പറമ്പു പാടങ്ങളും പാട്ടത്തിന്നേല്പിച്ചിട്ട്, നാദപുരിയിൽ ചെന്ന് തന്റെ സഹോദരിയോടൊന്നിച്ചു പാർപ്പാക്കി അവിടെ രണ്ടു കൊല്ലം സൈ്വരമായി കഴിഞ്ഞ ശേഷം, ദൈവദുർവ്വിപാകത്താൽ ചിറസ്സൂലേക്കു മടങ്ങിപ്പോരേണ്ടിവന്നു. സഹോദരിയുടെ മരണമായിരുന്നു കാരണം. വീണ്ടും ചിറസ്സൂൽ പാർപ്പാക്കുന്ന കാര്യത്തിൽ ലക്ഷ്മിഅമ്മക്കു വൈമനസ്യമുണ്ടായിരുന്നു. എന്നാലും പോംവഴി വേറെ ഇല്ലാതിരുന്നതിനാൽ, തന്റെ അയല്ക്കാരും കരക്കാരും മറ്റും ഈ അവസരത്തിൽ തന്നെ എങ്ങിനെ കൈക്കൊള്ളും എന്നു പരീക്ഷിക്കാനുറച്ചു. പാട്ടത്തിന്നേല്പിച്ച വീടു തിരികെ ഏറ്റുമേടിച്ച്, അററകുററങ്ങൾ തീർത്ത്, മോടിപിടിപ്പിച്ച്, പാർപ്പു തുടങ്ങി. സഹോദരിയുടെ മൂത്ത പുത്രിയായ കമലയേയും തന്നോടുകൂടെ കൊണ്ടുവന്നു പാർപ്പിച്ചു.

ഈ രണ്ടു കൊല്ലങ്ങൾക്കിടയിൽ, ചിറസ്സൂലേയും പരപ്പുരത്തേയും ആളുകളുടെ അഭിപ്രായങ്ങൾക്കു വളരെ മാററം വന്നുപോയി. നാരായണി അമ്മയുടെ സാക്ഷാൽ സ്വഭാവം ഇപ്പോഴാണ് അവർ നല്ലവണ്ണം ഗ്രഹിച്ചത്: അസൂയാലുവും ഗർവ്വിഷ്ഠയുമായ ആ സ്ത്രീയുടെ ചാപലങ്ങൾ നിമിത്തം, പലക്കും ആ അമ്മയുടെ പേരിൽ കോപവും വെറുപ്പും തോന്നിത്തുടങ്ങിയിരുന്നു. അതുകൊണ്ട്, ലക്ഷ്മിയമ്മ കമലയുമായി ചിറസ്സൂൽ എത്തി സ്വഭവനത്തിൽ പാർപ്പാക്കിയപ്പോൾ, അയല്ക്കാരും കരക്കാരും അവരെ സ്നേഹബഹുമാനപുരസ്സരം സ്വീകരിച്ചു. കമലയുടെ സൌന്ദര്യവും സ്വഭാവഗുണങ്ങളും, ആ പ്രദേശത്തുള്ളവരുടെ നാവിൽ പാട്ടായിത്തീൎന്നു. സമീപസ്ഥന്മാരായ യുവാക്കന്മാർ പലർ, അവളെ വിവാഹം ചെയ്വാനാഗ്രഹിച്ചു. എന്നാൽ പഠിപ്പും പരിഷ്കാരവും കുറഞ്ഞവ

ക്ക് കമലയെ കൊടുക്കില്ലെന്ന് ലക്ഷ്മിയമ്മ തീർച്ച പറഞ്ഞതിനാൽ, അവർ തങ്ങളുടെ അപേക്ഷകളെ തല്ക്കാലം പിൻവലിച്ച് ആ അമ്മയുടെ പ്രസാദത്തെ പ്രതീക്ഷിച്ച് ആശാപൂർവ്വം കാത്തിരുന്നു.

താമരശ്ശേരിയിൽ പുതിയ ഉടമസ്ഥൻ പാർപ്പുറപ്പിച്ചിരിക്കുന്നു. കൃഷ്ണക്കുറുപ്പു വസ്തു തീറെഴുതി വാങ്ങിയതിനു പിറേറദിവസം തുടങ്ങി, താമരശ്ശേരിയിൽ കൂലിവേലക്കാരുടെ ബഹളമായി. അക്കൂട്ടർ പൊളിഞ്ഞുകിടന്ന വേലികളും, ഇടിഞ്ഞു തകർന്ന ഭിത്തികളും ആദ്യം നന്നാക്കി. അതു കഴിഞ്ഞ്, വളറ്റിനുള്ളിൽ കടന്ന്, പറമ്പും തോട്ടങ്ങളും ചെത്തിപ്പറിച്ചു വെടിപ്പാക്കി. പിന്നെ, വീട്ടിന്റെ അററകുററങ്ങളെല്ലാം തീർത്ത്, പുതിയ പരിഷ്കാരമോടിക്കു ചേർന്ന സാമാനങ്ങൾകൊണ്ട് അലങ്കരിച്ചു. നാരായണിഅമ്മയും മക്കളും തങ്ങളുടെ കൈവിട്ടുപോയ ഭവനത്തിലെ മോടിമട്ടുകളെപ്പററി കേട്ട്, തലകുലുക്കിത്തുടങ്ങി. നാരായണിഅമ്മയ്ക്കു കൃഷ്ണക്കുറുപ്പിന്റെ പേരിൽ അസൂയയും കോപവും ദിനംപ്രതി വർദ്ധിച്ചുവന്നു. മക്കൾക്കാകട്ടെ, തങ്ങളുടെ പ്രിയപ്പെട്ട ഭവനത്തിന്റെ നൂതനമോടികൾ അതിനു ചേർച്ചയായിരിക്കുന്നില്ലെന്ന വ്യസനമാണുണ്ടായത്. കൃഷ്ണക്കുറുപ്പും തന്റെ മകളും താമരശ്ശേരിയിൽ പാർപ്പാക്കിയ ഉടൻ, വരപുരത്തുള്ള മാന്യകുഡുംബക്കാർ മിക്കപേരും അവരുമായി കൂടിനടപ്പാൻ മടിച്ചില്ല. കല്യാണം, പുടമുറി, പിറന്നാൾ, പുളികുടി, പുലകുളി മുതലായ അടിയന്തരങ്ങൾ കൃഷ്ണക്കുറുപ്പിനേയും മകളേയും ക്ഷണിച്ചുവരുത്താതെ നടത്താറില്ല. കുറുപ്പിന്റെ മകൾ ഭാഗീരഥി യൗവനയുക്തയാണെന്നും, കുറുപ്പിന്റെ ജാമാതാവാകാൻ ഭാഗ്യമുള്ളവന്, ഒരുകാലത്ത്, താമരശ്ശേരി ഭരിക്കാമെന്നും, ഉള്ള വസ്തുത സമീപസ്ഥന്മാർ എപ്പോഴും ഓർമ്മവച്ചിരുന്നു. കുറുപ്പിന്റെ ഭവനത്തിൽ വിരുന്നിന് ക്ഷണിക്കുന്നതു തങ്ങൾക്കു ഒരു ബഹുമതിയായി അവർ കരുതി. എന്തിനേറെ? ഉണ്ണി

ത്താന്മാരുടെ പ്രാധാന്യവും പ്രാബല്യവും താമരശ്ശേരിയുടെ പുതിയ ഉടമസ്ഥനും സിദ്ധിച്ചു.

നാരായണിഅമ്മയുടെ അസൂയ ദുസ്സഹമായ നിലയിലെത്തി. പുതിയ ആളുകളുമായി സഹവാസം ചെയ്കയോ, അവരുടെ മുഖത്തു നോക്കുകയോ, അവരുടെ പരിചയക്കാരോട സംസാരിക്കയോ, അരുതെന്നു് ആ അമ്മ തന്റെ മക്കളോട്ട ആജ്ഞാപിച്ചു. എന്നാൽ ഇതു അത്ര സുസാദ്ധ്യമായില്ല. സദാ പുറമേ പോയ്ക്കൊണ്ടിരിക്കുന്ന മാധവനും അമ്മുക്കുട്ടിയും പലഃപ്പോഴും അക്കൂട്ടരെ യദൃച്ഛയാ കാണേണ്ടതായും, 'ലോക്യം' ഭാവിക്കേണ്ടതായും വന്നു. എന്നാൽ അവർ ഈ വിവരം അമ്മയെ ധരിപ്പിച്ചുമില്ല. ഈ സോദരീസോദരന്മാൎക്കും, പുതിയ കൂട്ടരെപ്പററി പ്രതിപത്തി ഉണ്ടായിരുന്നില്ല; പിച്ചക്കാരനെന്നും പോക്കിരിയെന്നും മററും നാരായണിഅമ്മ കൃഷ്ണക്കുറുപ്പിനെ അപഹസിക്കാറുള്ളതു് അവർ കേട്ടാൽ, മൗനം ഭജിച്ചതല്ലാതെ, അമ്മയ്ക്കു വിരോധമായോ അനുകൂലമായോ ഒന്നും പറഞ്ഞതുമില്ല.

കൃഷ്ണക്കുറുപ്പിന്റെ പരിചയക്കാരിൽ മുമ്പർ, പടിപ്പുരവീട്ടിലെ താസീൽദാരും കുഡുംബവുമാണു്. താസീൽദാർ, പണിക്കർ, തീരെ കൈയുലഞ്ഞ നിലയിലിരിക്കയാണു്. കുഡുംബം സാമാന്യത്തിൽ വലുതാണു്. പത്തുപന്ത്രണ്ടു മക്കൾക്കും ഭാൎയ്യക്കും അവസ്ഥയിൽ കഴിഞ്ഞുകൂടണം. അതിനു തക്ക വരവും ഇല്ല. കടവും കുറെ ആയി. കുറുപ്പു് കടം കൊടുക്കാൻ തീരെ മടിക്കാത്ത ആളാകയാൽ പണിക്കൎക്കു കുറുപ്പുമായി വളരെ അടുത്ത പരിചയം ഉണ്ടാവാനിടവന്നതു് അത്ഭുതമല്ലല്ലൊ. പണിക്കരുടെ ഭാൎയ്യ, കല്യാണിഅമ്മ, നാരായണിഅമ്മയുടെ ആത്മസ്നേഹിതയായിരുന്നു; എന്നുമാത്രമല്ല, നാരായണിഅമ്മയുടെ മക്കളെ സ്വന്തം മക്കളേക്കാൾ അധികം സ്നേഹിക്കയും ചെയ്തിരുന്നു. എന്നാൽ കല്യാണിഅമ്മ കുറുപ്പിനോടും മകളോടും സഖ്യമായതു മുതൽ തോഴ

ണത്തുവീട്ടുകാക്ക വിരോധമായി; മക്കളും കണ്ടാൽമിണ്ടുക എന്ന മട്ടല്ലാതെ, പടിപ്പുരവീട്ടിൽ പോകയും വരുകയും മുമ്പത്തെപ്പോലെ ഉണ്ടായില്ല. താസീൽദാരുടെ പുത്രിമാരായ രാധയും സുമിത്രയും തുളസിയും, പകൽ മുഴുവൻ ഭാഗീരഥിയുടെ സഖികളായി താമരശ്ശേരിയിൽ തന്നെ കൂടിക്കഴികയാണു്. "കുറുപ്പിനു ഭാര്യയില്ല; രണ്ടാം സംബന്ധത്തിനു വിരോധവും ഉണ്ടാവാനിടയില്ല. രാധയ്ക്കോ വയസ്സ് ഇരുപത്തഞ്ചിനു മേലായി, ഭാഗ്യംപോലെ വരട്ടെ"—എന്നു കല്യാണിഅമ്മ സംസാരിക്കാറുമുണ്ടായിരുന്നു.

കല്യാണിഅമ്മ തുറന്നുപറയുന്ന കൂട്ടത്തിലാണു്. ആരായാലും ശരി, ന്യായമല്ലാത്തതു ചെയ്തു എന്നറിഞ്ഞാൽ, കല്യാണിഅമ്മ, സേവയ്ക്കു നില്ക്കാതെ, അവരുടെ കുററം നേരിൽ വിളിച്ചുപറയും. ഈ സ്വഭാവം നിമിത്തം, കല്യാണിയമ്മ പലരുടേയും നീരസം സമ്പാദിച്ചിട്ടും ഉണ്ടു്; എന്നാൽ കാലക്രമംകൊണ്ടു് കാര്യം പറഞ്ഞു മനസ്സിലാക്കി നീരസം നീക്കുന്നതിനു വേണ്ട സാമർത്ഥ്യം ആ അമ്മയ്ക്കുണ്ടുതാനും. വരവൂരത്തുള്ളവരെല്ലാം കല്യാണിഅമ്മയുടെ വൈഭവത്തെ സ്തുതിക്കയും അവരെ ബഹുമാനിക്കയും ചെയ്യുന്നുണ്ടു്. നാരായണിഅമ്മയുമായുള്ള കൂട്ടുകെട്ടു്, കഴിഞ്ഞ രണ്ടു കൊല്ലമായി, നിർത്തൽചെയ്യേണ്ടിവന്നു എങ്കിലും, ആ സ്ത്രീയുടെ കോപചാപലങ്ങളും, കുറുപ്പിന്റെ നേക്ക പ്രദർശിപ്പിച്ചുവന്ന സ്പർദ്ധയും, നിന്ദയും, രോഷവും, കണ്ടും കേട്ടും, കല്യാണിഅമ്മയ്ക്കു ക്ഷമ തീരെ കുറഞ്ഞു. എന്തായാലും, നാരായണിഅമ്മയോടു ഗുണദോഷങ്ങൾ പറഞ്ഞു നോക്കാമെന്നു വിചാരിച്ചു, ഒരു ദിവസം, കല്യാണിഅമ്മ, തോരണത്തു വീട്ടിലെ പടികടന്നു് അകത്തുചെന്നു. നാരായണി അമ്മയ്ക്കു ഇവരെ കണ്ടപ്പോൾ തന്നെ ഭാവം പകന്നു; വന്നകാര്യം എന്തായിരിക്കുമെന്നു മിക്കവാറും ഊഹിക്കയും ചെയ്തു; അതിനാൽ അ

വരെ സൽക്കരിക്കാനോ 'ലോക്യം' പറയാനോ തുനിയാതെ, അവരുടെ മുഖത്തു തുറിച്ചു നോക്കിക്കൊണ്ടു നിന്നതേ ഉള്ളൂ.

കല്യ. അ:—എന്താണ് നിന്റെ വീട്ടിൽ കടന്നുവന്നിട്ടു ഇരിക്കാൻ ഒരു കീറപ്പായ് കൂടെ തരില്ലെന്നോ?

നാ. അ:—എന്റെ വീട്ടിൽ നിങ്ങളാരും കടന്നുവരേണ്ട ആവശ്യമില്ല.

ക. അ:—എനിക്കു ഒരു ചെറിയ ആവശ്യം ഉണ്ട്. നിന്നോടു ചില കാൎയ്യങ്ങൾ പറവാനുണ്ട്. ഇരിക്കാൻ ഒന്നുമില്ലയോ?

നാ. അ:—എന്നോടു കാൎയ്യം പറവാൻ ഇത്ര ബുദ്ധിമുട്ടി വരേണ്ടിയിരുന്നില്ല. ഇരിക്കണമെങ്കിൽ ഇരിക്കാം. ഇതാ, ഈ പായിൽ ഇരിക്കുക.

സമീപത്തു മടക്കിവെച്ചിരുന്ന ഒരു പായ് എടുത്തു വിരിച്ച് രണ്ടാളും അതിൽ ഇരുന്നു. കല്യാണിഅമ്മ ചെല്ലം നീക്കിവച്ച് മുറുക്കാൻ തുടങ്ങി; മുറുക്കിത്തുപ്പി നാരായണിഅമ്മയുടെ സമീപത്തേക്കു നീങ്ങി ഇരുന്ന് പറഞ്ഞു:—"ഞാൻ വന്ന കാൎയ്യം നിനക്കറിയാമല്ലോ. നിന്റെ ഈ ദുസ്സ്വഭാവം കണ്ടു ആളുകൾ നിന്നെ ദൂഷിക്കുന്നു."

നാ. അ:—ആളുകൾക്കു വേറെ ജോലിയൊന്നുമില്ലായിരിക്കാം. അവരുടെ കാൎയ്യത്തെപ്പററി എന്നോടു പറവാൻ നീ ബുദ്ധിമുട്ടേണമെന്നില്ല.

ക. അ:—നിന്റെ കുട്ടികളുടെ കാൎയ്യത്തെപ്പററി പറവാനാണ് ഞാൻ വന്നത്. അവരെ ഈ വിധം തോന്ന്യാസികളാക്കിവിട്ട് നീ അടങ്ങിയിരിക്കുന്നതു കണ്ടിട്ട്, എനിക്കു സങ്കടം തോന്നുന്നു.

നാ. അ:—ഒ! വലിയ സങ്കടം തന്നെ!—എന്റെ കുട്ടികളുടെ കാൎയ്യം അവർ നോക്കിക്കൊള്ളും. അതിനു തക്ക പ്രായവും ശേഷിയും അവൎക്കുണ്ട്. അവരുടെ കാൎയ്യത്തിൽ നീ അനാവശ്യമില്ലാതെ തലയിടേണ്ട.

ക. അ:— അത്ര ഉറപ്പിച്ചു പറയേണ്ടാ നീ. അതാ മാധവനെ കണ്ടില്ലയോ? രാപകൽ കളിച്ചുനടക്കുന്നു. എന്തെങ്കിലും പണിയുണ്ടോ? ചീട്ടുകളിച്ചും, കൂട്ടർകൂടി പലഹാരപ്പീടികയിൽ ചെന്നു കാപ്പിയും പലഹാരവും കടത്തിനു വാങ്ങിശാപ്പിട്ടും, ബീഡിവലിച്ചും നടക്കുന്നു. അമ്മുക്കുട്ടിയാണെങ്കിൽ, രാജ്യം മുഴുവൻ തനിയെ അലഞ്ഞുനടക്കുന്നു. ഈ പ്രായത്തിലുള്ള കുട്ടികളെ, നീയല്ലാതെ, വേറെ ആരെങ്കിലും, അഴിച്ചടിച്ച മാടുകളെപ്പോലെ, വല്ലവഴിക്കും പോകട്ടെ എന്നു വിടുമോ?

നാ. അ:— ഞാനെന്താണുവേണ്ടതു്? അവരെ പിടിച്ചുകെട്ടിയിടട്ടേയോ?

ക. അ:—തറവാട്ടിന്റെ അവസ്ഥയേയും പേരിനേയും നിലനിൎത്താൻ നോക്കണം. അത്രേവേണ്ടൂ.

നാ. അ:—ഓ! തറവാട്ടിന്റെ അവസ്ഥയും പേരുമൊക്കെ എനിക്കു് എന്തുഗുണമുണ്ടാക്കിയിരിക്കുന്നു!

ക. അ:—അതിനു മറ്റാരേയും കുറ്റപ്പെടുത്താനില്ല. അവനവന്റെ പ്രവൃത്തിയുടെ ഫലംതന്നെ; നീയും നിന്റെ ഉടപ്പിറന്നവനും—

നാ. അ:— ഉടപ്പിറന്നവനെപ്പറ്റി ദൂഷ്യമായി ഒരൊറ്റ വാക്കുപോലും പറഞ്ഞുപോകരുതു്.

ക. അ:— ഉടപ്പിറന്നവനെ ഞാൻ പഴിക്കുന്നില്ല. അദ്ദേഹം നല്ലമനുഷ്യൻ! സാധു! ആൎക്കും ഒരു ദോഷവുംചെയ്തിട്ടില്ല. തനിക്കു തന്നെദോഷം വരുത്തിവച്ചതേ ഉള്ളൂ. നിന്റെ മകനേയും നീ അതേവിധത്തിലല്ലയോ വളൎത്തുന്നതു്? അവനെ നല്ലവഴിയിൽ നടത്താൻ നീ നോക്കുന്നുണ്ടോ? അക്കാൎയ്യത്തിൽ സഹായിക്കുവാൻ മനസ്സുള്ളവരെ നീ അടുപ്പിക്കയുമില്ല. അവരോടൊക്കെ ശുണ്ഠിയും കുടിച്ചു നില്ക്കുന്നു. കൃഷ്ണക്കുറുപ്പിനോടു്, ഇന്നാളൊരിക്കൽ, ഞാൻ മാധവനെപ്പറ്റിപ്പറഞ്ഞു. അവനു് എന്തെങ്കിലും പണി ഉണ്ടാക്കിക്കൊടുക്കാമെന്നു പറഞ്ഞിരിക്കുന്നു. നിനക്കു അവനെ പുറമേ അയയ്ക്കാൻ മനസ്സുണ്ടോ, പറ.

നാ. അ:— അത്രയ്ക്കൊന്നും വന്നിട്ടില്ല. താമരശ്ശേരിക്കാർ ഈ പോക്കിരിയുടെ സഹായം ആവശ്യപ്പെടത്തക്ക നിലയിൽ ഇപ്പോൾ എത്തിട്ടില്ലെന്നു പറഞ്ഞേക്കു്; ആ ഇരപ്പാളിയൊ— അവനെ ഞാൻ അറിയില്ലേന്നോ? അവൻെറ അച്ഛനല്ലേ ഞങ്ങളുടെ കന്നാലിമേച്ചു നടന്നിരുന്നതു്?

ക. അ:— അക്കഥകളൊക്കെ എനിക്കറിവുണ്ടു്. അവൻ ഒരു ഇരപ്പാളിയെപ്പോലെയല്ലാണു് ഇവിടെനിന്നു നന്ദപുരിക്കു പോയതെങ്കിൽ, അവിടെ രാപ്പകൽ കഷ്ടപ്പെട്ടു വേലചെയ്തു, ഇപ്പോൾ കുബേരനായി മടങ്ങിവന്നിരിക്കുന്നു. അതിൽ പരിഹസിക്കാനെന്തുള്ളു? അവൻ ധനവാനാകാൻ പ്രയത്നിച്ചു; നീ താഴോട്ടുപോകാനുള്ള വഴിയും നോക്കി. ഏതാണു പ്രശംസിക്കത്തക്കതു്? മാധവനെ പണ്ടത്തെ നിലയിൽ ആക്കുവാൻ അയാൾ വിചാരിച്ചാൽ സാധിക്കും. നിൻെറ ഗർവ്വുകൊണ്ടു ഒക്കെ വഷളാകുന്നു.

നാ. അ:— എൻെറ കുട്ടികളാരും കൃഷ്ണക്കുറുപ്പിൻെറ യാതൊരു സഹായവും സ്വീകരിക്കയില്ല. അതു നിശ്ചയംതന്നെ.

ക. അ:— ഇങ്ങിനെ മക്കടമുഷ്ടി പിടിക്കുന്നതു നന്നല്ല. കാര്യം പറയുന്നതു കേൾക്കു്.

നാ. അ:— ഞാൻ പാർക്കുന്നെടത്തു വന്നു എന്നെ അവമാനിക്കയോ? അതുകൊള്ളാം!

നാരായണി അമ്മയ്ക്കു കോപം ജ്വലിച്ചു. അവർ പല്ലും കടിച്ചുകൊണ്ടു എഴുന്നേററു നിലയായി.

ക. അ:— ഞാനാരെയും അവമാനിക്കുന്നില്ല. ഞാൻ കാര്യം പറകയാണു്. നിൻെറ ഈ ഗർവ്വുകൊണ്ടു, ആ കുട്ടിയെ നീ ദ്രോഹിക്കുന്നു. അവൻെറ മേൽഗതിക്കുള്ള വഴി നീ അടച്ചുകളയുന്നു. നിനക്കു നിൻെറ കുട്ടികളുടെ പേരിൽ അല്പവും വാത്സല്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അവരെ ഈവിധം നശിക്കാൻ വിടുമോ? അവരെ സഹായിക്കാൻ വരുന്നവരെ നീ അവമാനിക്കുന്നു. നിൻെറ തറവാട്ടിന്നു ഇങ്ങിനെ ദുഷ്കീർത്തി നേടിവയ്ക്കരുതു്.

നാ. അ:—ഞാൻ ദൃഷ്ടിത്തി നേടുന്നോ? എൻെറ വീട്ടിൽ കട ന്നുവന്നു്, ഈ വിധം എന്നെ ശകാരിക്കാൻ നിനക്കെന്ത ധികാരം? ഞാൻ ഇതു കേട്ടുകൊണ്ടിരിക്കില്ല. മതിയാക്കി, മര്യാദയ്ക്കു പൊയ്ക്കോ.

കാ. അ:—കാര്യം പറവാൻ ആരും എനിക്ക് അധികാരം ത രേണ്ടാ. നീ നല്ലൊരു കുട്ടിയെ നശിപ്പിക്കുന്നു. അവൻെറ കൂട്ടരാരൊക്കെയെന്നു നീ അന്വേഷിക്കുന്നുണ്ടോ? പോക്കി രികളുടെ കൂട്ടത്തിൽകൂടി കള്ളുകുടിയും ശീലിച്ചില്ല എന്നാ ണ് സംശയം. താമസിയാതെ മോഷണവും തുടങ്ങും. ക ണ്ടു രസിക്ക് നീ.

നാരായണി അമ്മ കോപംകൊണ്ടു തുള്ളി, സംഹാരരു ദ്രനെപ്പോലെ കല്യാണി അമ്മയുടെ നേരെ നോക്കി, "ഇനി ഒരൊററ അക്ഷരം മിണ്ടിപ്പോയാൽ നോക്കിക്കോ! വീട്ടുകേറി അടിക്കാൻ വന്നിരിക്കുന്നോ? ആരവിടെ? കേശവാ! കാത്ത്യാ യനീ! എൻെറ ഉപ്പും ചോറും തിന്നുന്നവരാരുമില്ലയോ ഇ വിടെ? ഇവിടെ വരീൻ, ഈ രാക്ഷസിയെ പിടിച്ചു പുറത്താ ക്കി വാതലടപ്പിൻ" എന്ന് ഉച്ചത്തിൽ ഗജ്ജിച്ചു.

കല്യാണി അമ്മ ഒരു ക്ലേശവുംകൂടാതെ എഴുന്നേററു വ ളരെ ഗൗരവത്തിൽ തിരികെ, പുറപ്പെട്ടു. തനിക്കു പറയാനു ണ്ടായിരുന്ന കാര്യം പറഞ്ഞു; ഫലം ഈ വിധം ആയിരിക്കു മെന്നു, മുമ്പുതന്നെ ഊഹിച്ചിരുന്നു. എന്തായാലും തൻെറ കടമയെ താൻ ചെയ്തു എന്നു സന്തോഷിച്ചതല്ലാതെ, നാ രായണി അമ്മയുടെ ഭാവപ്പകച്ച് കണ്ടിട്ടോ, കോപവാക്കു കൾ കേട്ടിട്ടോ അശേഷം കുണ്ഠിതപ്പെട്ടില്ല. ഗൗരവത്തോടുകൂ ടെ പടിവാതല്ക്കൽ എത്തിയപ്പോൾ, അടുക്കളക്കാരി കാ ത്ത്യായനി പിന്നാലെ വരുന്നതുകണ്ടു് തിരിഞ്ഞുനിന്നു. ആ സമയം, "ആ ഇരപ്പാളിയോടു അവൻെറ സഹായം എനി ക്കാവശ്യമില്ലെന്നു പറഞ്ഞേക്ക്" എന്ന് നാരായണി അമ്മ ഉച്ചത്തിൽ വിളിച്ചു പറയുന്നതും കേട്ടു. "നിൻെറ യജമാന ത്തിയെപ്പോലെ കാര്യം പറഞ്ഞാൽ കോപക്കാരത്ത ഒരുവ ള്

ഞാൻ വേറെ കണ്ടിട്ടില്ല"—എന്നു് കാർത്ത്യായനിയോട കല്യാണി അമ്മ പറഞ്ഞു. കാർത്ത്യായനി തലകുലുക്കിക്കൊണ്ടു പറഞ്ഞു:—"അവർ എന്തുമാത്രം കഠിത അനുഭവിക്കുന്നു, പാവം!"

ക.അ:—അമ്മുക്കുട്ടി ഇന്നു് എവിടെയാണു്?

കാർത്ത്യാ:—അമ്മു, കണക്കുവീട്ടിപ്പോയിരിക്കായാണെന്നു തോന്നുന്നു. വണ്ടിക്കൂലിക്കു പണമില്ലെന്നു് അമ്മ പറഞ്ഞു. അതുകൊണ്ടു്, കാലത്തു വെയിലാവുംമുമ്പെ പോണതുകണ്ടു.

ക. അ:—കൂട്ടാരാണു്?

കാർത്ത്യാ:—കൂട്ടാ? അവക്കു കൂട്ടും തുണയും ഒന്നും വേണ്ടേ! നല്ല തെന്റുമൊള്ളവളാണു്. ഇന്നാളൊരിക്കെ കണക്കുവീട്ടിപ്പോയി അഞ്ചു നാഴിയ രാച്ചെന്നിററാണു് വന്നതു്.

ക. അ:—അന്നും തനിയെ ആയിരുന്നോ പോയതും വന്നതും?

കാർത്ത്യാ:—പിന്നെ അല്ലാണ്ടു? താമരച്ചേരിയിലെ വിത്തിനൊണ്ടൊ പേടിയും പയവം? കൊള്ളാം! കൊള്ളാം.

---

## അദ്ധ്യായം, ൭

### അപസ്മാരം

---

നാരായണി അമ്മ, ദുരഭിമാനത്തിന്റെയും അവിവേകത്തിന്റെയും ഫലമായി, ബഹുജനങ്ങളുടെ പരിഹാസത്തിനു പാത്രമായിത്തീൎന്നു. ആ അമ്മയ്ക്കു താമരശ്ശേരി ഉടമസ്ഥന്റെ പേരിലുള്ള ഈൎഷ്യയും വിരോധവും നാൾക്കുനാൾ വൎദ്ധിച്ചു. കുറുപ്പിനേയോ മകളേയോ കാണാനിടയാകുമെന്നു ശങ്കിച്ചു്, അടിയന്തരങ്ങൾക്കുപോലും വരപുരത്തൊരെടത്തും പോകുകയില്ലെന്നായി. താമരശ്ശേരിക്കാർ നടക്കുന്ന വഴികളിൽ കാൽ ചവുട്ടുകയില്ലെന്നും കൂടി ശപഥംചെയ്തു. വല്ല ഊടുവഴികളിലും വച്ചു അവരിൽ ആരെയെങ്കിലും അകസ്മാൽ കാണാനിടവന്നാൽ, അവരുടെ സമീപത്തുകൂടെ പോകാൻ മടിച്ചു തിരികെ പൊയ്ക്കളകയും ചെയ്തുവന്നു.

വരപ്പുരത്തു കരക്കാരുടെ വകയായി ഒരു ഭഗവതിക്ഷേത്രമുണ്ടു്. ആ ക്ഷേത്രത്തിൽ വെള്ളിയാഴ്ചതോറും ഭഗവതിസേവ നടത്താറുമുണ്ടു്. ഊരാണ്മക്ഷേത്രമായതുകൊണ്ടു, പൂജയ്ക്കുള്ള ചെലവുകൾ കരക്കാർ വരിയിട്ടെടുത്തു നടത്തുക എന്നാണു് വ്യവസ്ഥ. ഒരോഹരി താമരശ്ശേരിയിലെ ഉണ്ണിത്താന്മാരും കൊടുത്തുവന്നിരുന്നു. കൂടാതെ, ക്ഷേത്രത്തിലാവശ്യമുള്ള പുഷ്പം, പഴം, ഇളനീർ, നാളികേരം, ഭസ്മം, ചന്ദനം മുതലായവയും താമരശ്ശേരിക്കാർ തന്നെ കൊടുത്തുവന്നു. ഭഗവതീസേവാദിവങ്ങളിൽ, കരക്കാർ ആബാലവൃദ്ധം ദേവീദർശനത്തിനു കൂടുക പതിവായിരുന്നു. ആ സമയം നിന്നാരാധിപ്പാനായി, താമരശ്ശേരി വീട്ടുടമസ്ഥന്മാൎക്കു മാത്രം, ശ്രീകോവിലിനു സമീപത്തു്, പ്രത്യേകമായൊരു സ്ഥലമുണ്ടു്. മറ്റുള്ളവർ എല്ലാം കൽമണ്ഡപത്തിനു പടിഞ്ഞാറുവശം നില്ക്കണം. താമരശ്ശേരി കൈമാറിയതിൽ പിന്നെ, നാരായണി അമ്മ, ക്ഷേത്രച്ചെലവിലേക്കുള്ള തന്റെ ഓഹരിപ്പണം പോലും കണിശമായി കൊടുക്കാറില്ല. താമരശ്ശേരിക്കാർ പണ്ടുകൊടുത്തുവന്നിരുന്ന സകല 'പതിവു'കളും, മുടക്കം വരുത്താതെ, കുറുപ്പു കൊടുക്കാറുമുണ്ടു്. നാരായണിഅമ്മ, തന്റെ സഹോദരൻ ജീവിച്ചിരുന്ന കാലത്തു, വളരെ അപൂൎവ്വമായിട്ടു ദേവീദൎശനത്തിനു പോയിരുന്നുള്ളു. എന്നാൽ കുറുപ്പു് താമരശ്ശേരിയിൽ പാൎപ്പുതുടങ്ങിയ മുതല്ക്കു, നാരായണിഅമ്മ, ക്ഷേത്രത്തിലെ നിത്യഭജനക്കാരിയായിത്തീൎന്നു. ഭഗവതീസേവാദിവസങ്ങളിൽ കുളിച്ചു കുറിയിട്ടു, വലിയ പുള്ളിയിലക്കരക്കവുണി മുലക്കച്ചയും കെട്ടി, നേരത്തെതന്നെ, മുൻപറഞ്ഞ മാന്യസ്ഥാനത്തു ചെന്നു പാറും; പലപ്പോഴും അമ്മുക്കുട്ടിയും കൂടെ ഉണ്ടാവും. കൃഷ്ണക്കുറുപ്പിനോ, മകൾക്കോ മറ്റുള്ളാളുകളുടെകൂട്ടത്തിൽ നില്ക്കേണ്ടതായും വരും. താമരശ്ശേരിക്കാരുടെ സ്ഥാനം കുറുപ്പിന്നു വിട്ടുകൊടുക്കേണ്ടതാണെന്നും, നാരായണിഅമ്മ അവിടെ കടന്നു നില്ക്കുന്നതു ന്യായമല്ലെന്നും, മററും പലരും പിറുപിറുത്തു. നാരായണി അ

മ്മയുണ്ടോ ചെവിക്കൊള്ളുന്നു? ഇത് അവരുടെ ഒടുവിലത്തെ അഭയസ്ഥാനമായിരുന്നു. സകലതും നശിച്ചു; സ്ഥാനമാനങ്ങളും പോയി; എന്നാൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ജനമദ്ധ്യത്തിൽ, തന്റെ പഴയ സ്ഥാനത്തു നിന്ന് താൻ താമരശ്ശേരി തറവാട്ടിലെ ഒരംഗമാണെന്നു ജനസമൂഹത്തെ ഓർമ്മപ്പെടുത്താതിരിക്കുന്നതെങ്ങിനെ? ആ മാന്യസ്ഥാനത്തു നിന്നുംകൊണ്ട്, തനിക്കു ചുറ്റും നില്ക്കുന്നവർ തന്നിൽ താണവരെന്നു ഭാവിക്കുന്നവിധം ഗർവ്വോടു കൂടെ നോക്കുമ്പോൾ, നാരായണി അമ്മയുടെ തല്ക്കാലത്തെ അവസ്ഥാഭേദത്തെ ജനങ്ങൾ ഓർത്തതുമില്ല. കൃഷ്ണക്കുറുപ്പുപോലും, ആദ്യം ക്ഷേത്രദർശനം ചെയ്ത ദിവസം, മററുള്ളവരുടെ കൂട്ടത്തിൽ നിന്നുംകൊണ്ട്, ബാല്യത്തിൽ താൻ കണ്ടു പരിചയിച്ചിരുന്ന ആ മാന്യസ്ഥാനത്ത് 'ഗംഭീരപൌരുഷം' പൂണ്ടു നിന്ന ആ സ്ത്രീയെ കണ്ടപ്പോൾ അവരുടെ തൽക്കാലനിലയെ വിസ്മരിച്ചു.

ഒരു നിമേഷത്തിനുള്ളിൽ കുറുപ്പിന്റെ മനസ്സു മുപ്പതു സംവത്സരം പിന്നാക്കം പാഞ്ഞു. നാരായണി അമ്മ ആ പ്രദേശത്തെ യുവതീരത്നം ആയിരുന്ന ആക്കാലത്ത്, ആ രത്നത്തിന്റെ കടാക്ഷപ്രസാദത്തെ കൊതിച്ച്, അകമ്പടിയായി താൻ പലപ്പോഴും ക്ഷേത്രത്തിൽ പോയിരുന്നു. അന്നു ആ സ്ത്രീ കൃശാംഗിയായിരുന്നു. വസ്ത്രാലങ്കാരങ്ങളിൽ അത്രത്തോളം മോടി കാണിക്കുന്ന ഒരാൾ അവിടെയെങ്ങും ഉണ്ടായിരുന്നില്ല. പൊൻകസവുള്ള വസ്ത്രങ്ങളും ധരിച്ച്, പൊൻപണ്ടങ്ങളും അണിഞ്ഞ്, അമ്പലത്തിലേക്കു നടകൊള്ളുന്ന ആ മത്തേഭഗാമിനിയുടെ പിന്നാലെ, വിളക്കും എടുത്ത് കൂട്ടുവരാൻ തനിക്കു ഭാഗ്യമുണ്ടായ ദിവസങ്ങളെ, അന്നു താൻ സുദിനങ്ങളായി ഗണിച്ചിരുന്നില്ലേ? അവരുടെ പ്രസാദഫലമായി അന്നു തനിക്കു കിട്ടിയിരുന്ന ആ ചെമ്പുകാശുകൾ എത്ര വിലപിടിച്ചവയായിരുന്നു!

എന്നാൽ ഇപ്പോഴത്തെ നാരായണി അമ്മയാകട്ടെ, ആകൃതിയിലും പ്രകൃതിയിലും എത്ര മാറിപ്പോയിയിരിക്കുന്നു!

പൊൻപണ്ടങ്ങളും കസവുവസ്ത്രങ്ങളും അവക്കു ഇനി ചേച്ച യായിരിക്കയില്ല. അന്നു് അവരുടെ മുഖത്തു പരിലസിച്ചു കൊണ്ടിരുന്ന ആ തേജസ്സിന്റെ നിഴൽപോലും ഇപ്പോഠം കാണ്മാനില്ല. ജരാനരകഠം മുഖത്തെ വികൃതമാക്കിത്തുടങ്ങി യിരിക്കുന്നു. ശരീരം ക്രമത്തിലധികം തടിച്ചു വെളുത്തിരിക്കു ന്നു. എന്നാൽ അവരുടെ സമീപത്തു നില്ക്കുന്ന അമ്മുക്കുട്ടി യിൽ പണ്ടത്തെ നാരായണി അമ്മയെ ഏറെക്കുറെ പ്രതി ബിംബിച്ചു കണ്ടു.

കുറുപ്പിന്റെ വിചാരധാരക്കു ഈ ഘട്ടത്തിൽ നിവിഘ്നം പ്രവഹിപ്പാൻ സാദ്ധ്യമായില്ല. അനല്പമായ ഒരു കുണ്ഠിതം അ യാഠംക്കുണ്ടായി. തന്റെ തല്ക്കാലനിലയെപ്പററി അയാഠംക്കു അതൃപ്തി തോന്നി. ധനവും മാനവും സമ്പാദിക്കേണമെന്ന ഏകവിചാരം ഇതുവരെ തന്റെ വഴികാട്ടിയായി നിന്നു; അതു രണ്ടും തനിക്കധീനമാകയും ചെയ്തു. ഇനി തന്റെ ഉദ്യ മം എന്തിന്നായിരിക്കണം? ഉദ്ദേശം എന്തായിരിക്കണം? ഈ ചോദ്യങ്ങഠംക്കു ശരിയായ ഉത്തരം കണ്ടുപിടിപ്പാൻ കുറു പ്പിന്നു കഴിയുന്നില്ല. അയാളുടെ ദീഗ്ഘനിശ്വാസം അയാളു ടെ ഇച്ഛാഭംഗത്തെ വെളിപ്പെടുത്തി. ക്ഷേത്രത്തിലെ കരി ങ്കൽത്തൂണും ചാരി, മണ്ഡപത്തിലെ നൃത്തശരീരങ്ങളെ കണ്ടും കേട്ടും നില്ക്കവെ, അയാഠം ഒരു അപസ്വരം ശ്രവിക്കുന്നു. അതു് എവിടെയായിരിക്കാം? ശ്രീകോവിലിന്റെ നടക്കു നേ രെ നിന്നു്, വൃദ്ധബ്രാഹ്മണൻ പിടിച്ചടിക്കുന്ന ആ മണിയുടെ നാദത്തിലോ? കൽമണ്ഡപത്തിനകത്തു ഒററക്കാലിൽ നൃ ത്തം ചെയ്യുന്ന ബ്രാഹ്മണബാലന്മാരുടെ സ്തുതിഗാനത്തി ലോ? കോൽവിളക്കിൻചുവട്ടിലിരുന്നു് പുരാണപാരായണം ചെയ്യുന്ന ശാസ്ത്രികഠം, പകുതി നാസാദ്വാരം വഴിക്കും പകു തി കണ്ഠദ്വാരംവഴിക്കും പുറപ്പെടുവിക്കുന്ന സ്വരവിശേഷത്തി ലോ? എവിടെയോ അപസ്വരം പുറപ്പെടുന്നുണ്ടു്, നിശ്ച

യം; പക്ഷേ അതു് തന്നിൽ—കുറുപ്പിന്റെ ഉള്ളിൽ—തന്നെ യായിരിക്കാം.

കുറുപ്പും ആൾ തീരെ മാറിപ്പോയിരിക്കുന്നു. അയാളുടെ അക്കാലത്തെ നിർദ്ദോഷങ്ങളായ വിശ്വാസങ്ങളും വിചാരങ്ങ ളും മററിയതോടുകൂടെ, അയാളുടെ പ്രകൃതിക്കും ആകമാനം മാററം വന്നു. ചെറുപ്പകാലത്തു, നിർദ്ധനനായി, നിസ്സഹായ നായി, താൻ ആ പ്രദേശങ്ങളെ വെടിഞ്ഞുപോയപ്പോൾ ത ന്നെ, തന്റെ ബാല്യവിചാരങ്ങളെയും വിശ്വാസങ്ങളെയും കൈവെടിഞ്ഞു, ധനവാനായി മടങ്ങിവരുമ്പോൾ അവയെ വീണ്ടെടുക്കാമെന്നു് ആഗ്രഹിച്ചിരുന്നു. എന്നാൽ ഇപ്പോഴാ കട്ടെ, ആ ആഗ്രഹങ്ങൾ ശിഥിലമായിരിക്കുന്നു. അവ, 'ഇ ങ്ങിനി വരാതവണ്ണം', തന്നോടു എന്നേക്കുമായി യാത്രപ റഞ്ഞു പോയിക്കഴിഞ്ഞു. എന്തോ വലിയ നഷ്ടം സംഭവിച്ച തുപോലെ, കുറുപ്പിന്റെ ഉള്ളിൽ ഒരു വിഷാദം കടന്നിരിക്കു ന്നു. അയാൾ തന്റെ ബാല്യത്തിലെ സ്വപ്നത്തെ സഫലമാ ക്കി, സംശയമില്ല; എന്നാൽ ആ സ്വപ്നം മഹത്തായിട്ടുള്ളത ല്ലെന്നു് ഇപ്പോൾ അറിഞ്ഞിരിക്കുന്നു.

ഇങ്ങിനെ വിചാരമഗ്നനായി, മൗനം ഭജിച്ചുകൊണ്ടു, കുറുപ്പ്, ഭാഗീരഥിയൊന്നിച്ചു് അമ്പലത്തിൽ നിന്നു പുറമേ യിറങ്ങി വീട്ടിലേക്കു മടങ്ങി. നാരായണി അമ്മയും മകളും മ റെറാരു വഴിയായി പുറമേ ഇറങ്ങുന്നതും, ജനങ്ങൾ അവക്കു വഴിമാറിക്കൊടുത്തു് ഉപചാരം ഭാവിക്കുന്നതും, മററും ഭാഗീ രഥി കണ്ടു:—"അച്ഛാ! ആ സ്ഥലം നമുക്കു വിട്ടുതരാതെ, നാ രായണി അമ്മ അവിടെകേറിനില്ക്കുന്നതു ശരിയാണൊ? അ മ്പലത്തിലെ സകല 'പതിവു' കളും നാം മുടങ്ങാതെ കൊടു ക്കുന്നുണ്ടല്ലോ?" എന്നു ഭാഗീരഥി കുറുപ്പിനോടു ചോദിച്ചു.

കു: കു:—അതു്, അവരോടാവശ്യപ്പെടുന്നതു കുറെ കഷ്ടമല്ലേ? എത്രയോ കാലമായി അവർ അവിടെയാണു് നില്ക്കാറു്! ദേവിയെ എവിടെ നിന്നു ഭജിച്ചാലെന്തു്? ഫലത്തിനു കു റവൊന്നും ഉണ്ടാകയില്ല.

ഭാ—നാരായണി അമ്മയ്ക്കു നമ്മുടെ നേരെ ഉറച്ച വിരോധമാണ്! അവരുടെ വീട്ടു മേടിച്ച കുററം ഒരു കാലത്തും ക്ഷമിക്കുമെന്നു തോന്നുന്നില്ല. പക്ഷെ, നമ്മളായാലും ഈ മാതിരി ചെയ്യുമായിരിക്കും. എനിക്കു ആ മകളോടു വളരെ സ്നേഹം തോന്നുന്നു. പരിചയമായെങ്കിൽ കൊള്ളാം.

കൃ. കു—അമ്മുക്കുട്ടിഅമ്മയെ പരിചയമാവുകയോ?

ഭാ—അതേ! എന്താണു പാടില്ലാത്തത്?

കൃ. കു—എന്താണെന്നോ? നമ്മുടെ സ്ഥിതി എന്താണെന്നു നിനക്കു ഇനിയും മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. നമുക്കു പണമുണ്ട്, ശരിതന്നെ. എന്നാൽ അത് നാരായണി അമ്മ ഗണ്യമാക്കുയില്ല. ഞാനല്ലാതെ ആരായിരുന്നാലും, ആ പഴയ വീട്ടിനു ഇത്ര വളരെ പണം വാരികൊടുക്കയില്ലായിരുന്നു. പക്ഷെ, നമ്മുടെ പണം അവരുടെ അഭിമാനത്തെ ജയിക്കയില്ല. ഞാൻ പണ്ടു പിച്ചക്കാരനെപ്പോലെ നടന്നിരുന്നതും അവരുടെ ഔദാര്യംകൊണ്ടു വയറു നിറച്ചതും, മററും അവർ ഒരു കാലത്തെങ്കിലും മറക്കുമോ?

ഭാ—എന്നാൽ വേണ്ടാ; അവർ അവരുടെ അഭിമാനവും വച്ചുകൊണ്ടിരുന്നോട്ടെ! നമുക്ക് അവരെക്കൂടാതെ കഴിക്കാം. മററുള്ള ആളുകളെല്ലാം നമുക്കു പരിചയമാണ്. നമ്മെ ബഹുമാനിക്കുന്നുമുണ്ട്. അതു മതി.

കൃ. കു—അതുശരി! അവർ അവരുടെ കാര്യം നോക്കട്ടെ; നമുക്കു നമ്മുടെ കാര്യം നോക്കാം. നമുക്ക് അതുകൊണ്ട് ഒരു നഷ്ടവും വരാനില്ല. ഉണ്ടെങ്കിൽ അവൎക്കേ ഉള്ളു. അതാ, ആ മാധവനുണ്ണിത്താനെ കണ്ടില്ലേ? വെറുതെ കളിച്ചു നടക്കുന്നു രാപ്പകൽ. ഞാൻ വിചാരിച്ചാൽ ഇന്ന് അവന്ന് ഒരു ജോലി ഉണ്ടാക്കിക്കൊടുപ്പാൻ കഴിയും. അവക്കു അതു കുറവാണത്രെ!

* * * * * * *

കുറുപ്പിന്ന് നാരായണിഅമ്മയെ കൂടാതെ, വേറെയും ചില വൈരികൾ ഉണ്ടായിരുന്നു. അവർ വരപുരത്തിലെ ദരിദ്രജനങ്ങളാണ്. ഇവരിൽ പലരും, ബാല്യകാലത്തിൽ കുറുപ്പിനു സമന്മാരും, ചങ്ങാതികളും ആയിരുന്നവരാണ്. ബാല്യസ്മരണകൾനിമിത്തം, കുറുപ്പിന് അവരിൽ പലരോടും അനുകമ്പ തോന്നുകയും, അവരുടെ ജീവിതക്ലേശങ്ങളെ കുറയ്ക്കുവാൻ തന്നാൽ കഴിയുന്നതു ചെയ്യുകയുംചെയ്തു. എന്നാൽ കുറുപ്പിന്റെ ആവക ഉദ്യമങ്ങൾകൊണ്ട്, അവർ തന്റെ വശത്താകുന്നതിനു പകരം, അകലുകയാണുണ്ടായതു്. ജലദുർഭിക്ഷം നീക്കുവാൻവേണ്ടി, കുറുപ്പ് അവരുടെ പാർപ്പിടങ്ങൾക്കു സമീപം കിണർകുളങ്ങൾ കുത്തിച്ചു. എന്നാൽ പണിക്കാർക്കു കൊടുത്ത കൂലി കുറവായിപ്പോയി എന്നും, അതിനാൽ കിണർകുളങ്ങളെ അവർ ശപിച്ചിട്ടുണ്ടെന്നും, തന്നിമിത്തം അവയിലെ ജലം ഉപയോഗയോഗ്യമല്ലെന്നും ആക്ഷേപം പറഞ്ഞ്, ആ ജനങ്ങൾ അവയെ വെടിഞ്ഞു. ചുരുങ്ങിയ വിലയ്ക്കു നെല്ലുവില്ക്കുന്ന ഒരു പീടിക കുറുപ്പിന്റെ സ്വന്തമായി സ്ഥാപിച്ചു നടത്താൻ ശ്രമിച്ചപ്പോഴും, നെല്ലിൽ പതിരു കലർന്നിട്ടുണ്ടെന്നു പറഞ്ഞ്, ആരും ആ പീടികയിൽനിന്നു നെല്ലു വാങ്ങില്ല. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേറെ വേറെ പാഠശാലകൾ കുറുപ്പ് സ്വന്തം ചെലവിൽ സ്ഥാപിച്ചു നടത്തിത്തുടങ്ങിയപ്പോൾ, അന്യദിക്കിൽനിന്നു വരുത്തിയ ക്രിസ്ത്യാനിവാധ്യാന്മാരുടെ കീഴിൽ പഠിപ്പിക്കുവാൻ ഇഷ്ടമില്ലാതെ, കുട്ടികളെയൊക്കെ പിൻവലിച്ചു. ഇങ്ങിനെ പരോപകാരമായി ചെയ്യുന്ന കുറുപ്പിന്റെ ശ്രമങ്ങൾ ഒക്കെയും മൊട്ടിൽതന്നെ ഞെട്ടി മുറിഞ്ഞുപോയി. കുറുപ്പു, തങ്ങളെപ്പോലെ ഒരു ദരിദ്രനും തങ്ങൾക്കു സമനും ആയിരുന്നു എന്ന്, നിമിഷനേരം പോലും അവർ വിസ്മരിച്ചില്ല. ബാല്യത്തിൽ അവർ ഒന്നായിട്ടാണ് ആശാന്റെ വീട്ടിൽ എഴുത്തു പഠിപ്പാൻ പോയിവന്നതെന്നും; വഴിയിൽ പ

ലപ്പോഴും കളിച്ചുനടന്നു് സമയം തെററിയതിനാൽ തല്ലുകിട്ടാതിരിക്കാൻ പല കപടോപായങ്ങളും പ്രയോഗിച്ചിട്ടുണ്ടെന്നും; താമരശ്ശേരിയിടെ പറമ്പിൽനിന്നു്, രാത്രികാലങ്ങളിൽ, ചക്കയും മാങ്ങയും കട്ടുകൊണ്ടുപോയിട്ടുണ്ടെന്നും; മററും അവർ ഇന്നലെ നടന്ന കഥയെന്നോണം ഓൎമ്മിച്ചു. കുറുപ്പിൻെറ ഇപ്പോഴത്തെ ഉത്സാഹങ്ങൾ, തനിക്കു ഖ്യാതി സമ്പാദിപ്പാൻവേണ്ടി, ചെയ്യുന്നവയാണെന്നായിരുന്നു അവർ ശങ്കിച്ചതു്; അയാൾ കുബേരനായിത്തീൎന്നതിൽ തന്നെ അവൎക്കു അസഹ്യമായ അസൂയയുണ്ടു്; അയാൾക്കു ധനത്തിനൊപ്പം ബഹുമാനവും സമ്പാദിപ്പാൻ ഇടവന്നാൽ, അവർ അതു എങ്ങിനെ സഹിക്കും?

ഈ ദരിദ്രജനങ്ങളുടെയിടയിൽ കുറുപ്പിൻെറ നേരെ ഉണ്ടായ അപ്രീതിക്കു കാരണം, അവൎക്കു മാധവനുണ്ണിത്താൻെറ പേരിലുള്ള അതിപ്രീതിയാണെന്നു ഊഹിക്കാം. ദരിദ്രയുവാക്കന്മാരാണു് ഉണ്ണിത്താൻെറ ഇപ്പോഴത്തെ ചങ്ങാതികൾ. പീടികകളുടെ മുമ്പിൽനിന്നു 'വെടി' പറഞ്ഞും, കടന്നുപോകുന്ന സ്ത്രീജനങ്ങളെ അപഹസിച്ചും കാലയാപനം ചെയ്യുന്ന ഈ യുവാക്കന്മാൎക്കു തങ്ങളുടെ നേതാവായി വാക്പാടവവും ഇംഗ്ലീഷ് വിദ്യാഭ്യാസവും സിദ്ധിച്ചിട്ടുള്ള ഒരു ചങ്ങാതി ലഭിച്ചാൽ, അതിൽപരം മഹാഭാഗ്യം വരാനുണ്ടോ? സ്ഥാനഭ്രഷ്ടനായ ഉണ്ണിത്താനെ, ചങ്ങാതികൾ, പണ്ടു ശ്രീകൃഷ്ണനെ ഗോപാലന്മാർ എന്നപോലെ, ബഹുമാനിച്ചുവന്നു. ഉണ്ണിത്താൻെറ നേൎക്കുള്ള വാത്സല്യാതിരേകത്താൽ, അയാൾക്കു വേണ്ടി, കൊലപാതകം ചെയ്വാൻകൂടിയും അവർ ഒരുക്കമായിരുന്നു. അവൎക്കു ഉണ്ണിത്താൻെറ പേരിൽ സ്നേഹാദരങ്ങൾ എത്രമാത്രം വൎദ്ധിച്ചുവന്നുവോ, അത്രമാത്രം, കുറുപ്പിൻെറ പേരിൽ, അവൎക്കു കോപതാപങ്ങളും വൎദ്ധിച്ചു.

കുറുപ്പിനോടു ആ ദരിദ്രജനങ്ങൾക്കുള്ള വിരോധത്തിനു വേറെയും ഒരു കാരണം ഉണ്ടായിരുന്നു. ഉണ്ണിത്താന്മാരുടെ കാലത്തു്, താമരശ്ശേരിവക പറമ്പുകൾ, ആ പ്രദേശത്തുള്ളവരുടെ പൊതുസ്വത്തുപോലെ കിടന്നിരുന്നു. ആ പറമ്പുകളിൽ, ആൎക്കും യഥേഷ്ടം കടന്നുചെന്നു് വിറകു ശേഖരിക്കാം; ചക്ക, മാങ്ങ മുതലായ കായ്കനികൾ എത്രതന്നെ എടുത്തുകൊണ്ടു പോന്നാലും, കേൾപ്പോരും കേൾവിയുമില്ല. എന്നാൽ കുറുപ്പു്, താമരശ്ശേരിയിൽ ഉടമസ്ഥനായി കാൽ ചവുട്ടിയതുമുതൽ, പഴയ നടവടികളൊക്കെ മാറി: വേലി അടച്ചുകെട്ടി, പറമ്പുകൾ വെടിപ്പുവരുത്തി, കായ്കനി കൃഷി തുടങ്ങിയതോടുകൂടെ, അവിടെ വിചാരിപ്പുകാരെയും നിയമിച്ചു. ഈൎക്കിൽ, ഉറുമ്പു മുതലായവസ്തുപോലും ഒരു സാധനം കട്ടുകൊണ്ടുപോവാൻ തരമില്ലെന്നായി. എന്നാൽ, തന്റെ ദരിദ്രനാളുകളിൽ ചില്ലറക്കളവുകൾ ചെയ്വാൻ മടിക്കാതിരുന്ന ആൾ, അതേ തസ്കരവൃത്തിയിൽ മറ്റുള്ളവരെ തടയുന്നതു യുക്തമോ, എന്നായിരുന്നു കുറുപ്പിന്റെ ബാല്യത്തിലെ ചങ്ങാതികൾ ന്യായാന്യായവിവേചനം ചെയ്തതു്.

—*

## അധ്യായം, ൭.

### ആകസ്മികസംവാദം

തോരണത്തുവീടു ഒരു ഇടവഴിയുടെ മുഖത്താണു്. ആ ഇടവഴി ചെന്നുചേരുന്ന രാജപാതയിൽ, കാൽ നാഴിക അകലെയാണു് താമരശ്ശേരിവീടു്. മുമ്പു താമരശ്ശേരിയിൽ കാൎയ്യസ്ഥനായിരുന്ന നീലകണ്ഠപ്പിള്ളയാണു് നാരായണിഅമ്മയ്ക്കു തോരണത്തുവീടു ആറുകൊല്ലത്തേക്കു ഒററിയായി കൊടുത്തതു്. വീടു തീരെ മോശം; ഓലമേഞ്ഞ ഒരു ചെറിയ നാലുകെട്ടും; പടിവാതില്ക്കൽ, പൊക്കം കുറഞ്ഞ ഒരു പടിപ്പുരയും

മാത്രമേ ഉള്ളു. വീട്ടിന്റെ മുൻഭാഗത്ത്, പൂച്ചെടികൾ നട്ടു പിടിപ്പിച്ചിട്ടുള്ള ഒരു ചെറിയ തോട്ടവും; പിന്നിൽ പടറ്റു പിടിപ്പതായ ഒരു ചെറിയ പറമ്പും ഉണ്ട്. തോരണത്തു പ ടിക്കൽകൂടി ഇടവഴിയുടെ ഉള്ളിൽ കടന്നാൽ, ഇടയ്ക്കിട ചെ റിയ കുടിലുകൾ കാണാം: ഇവയിൽ, ചില ദരിദ്രന്മാരായ കൃഷിക്കാർ പാൎക്കുന്നു. ഇടവഴിയുടെ മറേറ അററം ഭഗവതി ക്ഷേത്രത്തിന്റെ മുഖപ്പിൽ ചെന്നു തൊടുന്നു. ക്ഷേത്രത്തിലേ ക്കു വേറെയും വഴികളുണ്ട്; എന്നാലും അവ വളരെ വള ഞ്ഞു ദീൎഘിച്ചവയാകകൊണ്ട്, ക്ഷേത്രത്തിലേക്കു പോവുന്ന വർ, മിക്കവാറും, തോരണത്തു പടിക്കൽക്കൂടെ പോയിരുന്നു. സ്വതഃശ്രീയില്ലാത്ത ആ വീട്ടിൽ, നാരായണിഅമ്മ പാൎപ്പാ ക്കിയതുമുതൽ, അകത്ത് സൂൎയ്യവെളിച്ചം കടത്തിവിടുകയി ല്ലെന്നായി. വീട്ടിന്റെ കോലായിൽ ആൾ നിന്നാൽ പടി ക്കൽക്കൂടെ പോകുന്നവർ കാണാതിരിപ്പാൻ വേണ്ടി, മുൻപു റം മുഴുവൻ പരമ്പുതട്ടികൊണ്ടു മറപ്പിച്ചു; അതു നിമിത്തം നാ രായണിഅമ്മയുടെ 'വദനാരവിന്ദ'ത്തിനോപ്പം, അകവും ഇരുൾകൊണ്ടു മങ്ങി. താമരശ്ശേരിയിൽ നിന്ന് വാരിക്കെട്ടി ക്കൊണ്ടുപോന്ന സാമാനങ്ങൾ, നാലുകെട്ടിനുള്ളിൽ, ചുപര രികെ, അങ്ങുമിങ്ങും ചാരിവച്ചിട്ടുണ്ട്. അവയെ ശരിയായ സ്ഥാനങ്ങളിൽ നീക്കിവച്ച് അകം ഭംഗിപിടിപ്പിക്കുവാൻ ആ രും ഉത്സാഹിച്ചില്ല. അതിനു താല്പൎയ്യമുള്ളവർ ആരുണ്ടവി ടെ? നാരായണിഅമ്മയോ, സദാ തന്റെ ദുൎവ്വിധിയെപ്പ ററി സങ്കടം പറഞ്ഞും, തന്റെ വിരോധികളെന്നു താൻത ന്നെ സങ്കല്പിച്ചിട്ടുള്ള ആളുകളെ ശപിച്ചും, മക്കളോടും വേലക്കാ രോടും അകാരണമായി കോപിച്ചും പിറുപിറുത്തും സമയം കഴിക്കുന്നു. അമ്മയുടെ പിറുപിറുപ്പു കേൾക്കാതിരിക്കാൻ വേ ണ്ടി, അമ്മുക്കുട്ടി, കഴിവുള്ളേടത്തോളം സമയം വീട്ടിനു പുറ മെ പൊയ്ക്കളയുന്നു; മടങ്ങിവന്നാൽതന്നെയും, തന്റെ അറ യിൽ ചെന്നിരിക്കയല്ലാതെ, നാലുകെട്ടിൽ, അമ്മയുടെ മു

മ്പിൽ കടന്നുചെല്ലുന്നത് അപൂൎവ്വമാണ്. താസിൽദാരുടെ ഭാൎയ്യ, കല്യാണിഅമ്മ, തൻെറ സ്നേഹിതയെ ഉപദേശിച്ചു വഴിപ്പെടുത്തുവാൻ ചെന്ന ദിവസം, അമ്മുക്കുട്ടി, കണക്കുവീട്ടിൽനിന്നു മടങ്ങുമ്പോൾ, വഴിയിൽവച്ചു, ഇടിയും മഴയും ഉണ്ടാകനിമിത്തം നനഞ്ഞു കുഴഞ്ഞു്, ഇരുട്ടായശേഷം മാത്രം വീട്ടിൽ എത്തുകയും, പിന്നെ മൂന്നു നാലുദിവസം ജലദോഷം പിടിപെട്ടു കിടപ്പാകയും ചെയ്തു. അതു അമ്മുക്കുട്ടിക്ക് ഒരു അനുഗ്രഹമായിത്തീൎന്നു: മേലാൽ ദൂരസ്ഥലത്തു പോകുമ്പോൾ, മണിയൻപിള്ളയുടെ ഒററക്കാളവണ്ടി ഏൎപ്പാടു ചെയ്തുകൊള്ളുവാൻ അമ്മയുടെ അനുവാദം സിദ്ധിച്ചു. അന്നുതുടങ്ങി അമ്മുക്കുട്ടിക്കു പരമസുഖം; മണിയൻപിള്ളയ്ക്കു നല്ല ആദായവും. മാസത്തിൽ ഇരുപത്തഞ്ചുദിവസവും, അവൾ വണ്ടിയിൽ കയറിപ്പോയി ബന്ധുജനങ്ങളെയും സ്നേഹിതകളെയും സന്ദൎശിച്ചുവന്നു. മാധവനുണ്ണിത്താൻെറ കഥ, വിശേഷിച്ചു പറവാനില്ലല്ലോ. പഠിപ്പു മതിയാക്കിയ നാൾ തുടങ്ങി്'ടൈഗറിനെ' ചങ്ങലയിട്ടുപൂട്ടി പിടിച്ചുംകൊണ്ട്, നാലുമുക്കുകളിലും, ചായപ്പീടികകളുടെ മുമ്പിലും, കൂട്ടൎക്കൂടി നിന്നു് കളിച്ചു രസിച്ചു്, പാതിരാവോളം കഴിക്കും; വീട്ടിൽ മടങ്ങുമ്പോൾ പടിവാതിൽ പൂട്ടിയിരിക്കും; പലപ്പോഴും, വേലി ചാടിക്കടന്നുവന്നു, വേലക്കാരി കാൎത്ത്യായനിയെ ഉണൎത്തി അത്താഴം കഴിക്കും. അമ്മയെക്കാണുക, മാസത്തിലൊരിക്കൽ പോലും ഇല്ലെന്നായി. അമ്മയ്ക്കാകട്ടെ, മക്കൾ ഏതു വിധത്തിൽ നടന്നാലും കൊള്ളാം, എന്നൊരു ഉദാസീനഭാവമാണ്; താമരശ്ശേരിക്കാർ സന്മാൎഗ്ഗം തെററി നടക്കയില്ല എന്നു വിശ്വാസമുണ്ടായിരുന്നു. മകൻ കൂട്ടൎക്കൂടി കളിച്ചുനടന്നു് തൻെറ കഷ്ടസ്ഥിതിയെപ്പററിയുള്ള ഓൎമ്മ വിട്ടുപോവാൻ ശ്രമിക്കുന്നതിൽ, അമ്മയ്ക്കു അഹിതവുമില്ല.

ഭഗവതീക്ഷേത്രത്തിൽ, ആണ്ടുതോറും പതിവുള്ള "കാൎത്തികവിളക്ക്" ഇക്കൊല്ലം കുറുപ്പിൻെറ ഉത്സാഹത്താൽ

'പൊടിപൂരമായി' നടത്താനുള്ള ശ്രമം തുടങ്ങിയിരിക്കുന്നു. വൃശ്ചികമാസം ഒടുവിലെ വെള്ളിയാഴ്ച വൈകുന്നേരമായപ്പോൾ, ആ പ്രദേശത്തുള്ളവരുടെ ഒരുക്കും തിരക്കും എന്തായിരുന്നു! ക്ഷേത്രത്തിലെ അലങ്കാരം എത്രകേമം! ക്ഷേത്രവളപ്പിലെ നാലു പടിക്കലും, 'വളച്ചുവാതൽ' ഉണ്ടാക്കി, ഉലട്ടിക്കൊമ്പു്, കുരുത്തോല, പുഷ്പങ്ങൾ മുതലായവകൊണ്ടു് അലങ്കരിച്ചു് മോടിപിടിപ്പിച്ചിരിക്കുന്നു. ക്ഷേത്രത്തിനുള്ളിലെ മണ്ഡപങ്ങളിലും നടപ്പന്തലുകളിലും തൂക്കിയിട്ടിരിക്കുന്ന തോരണങ്ങളും, കട്ടിമാലകളും, തുമ്പിക്കൈമാലകളും കാററത്തലയുന്നതും, ഗോപുരച്ചുവട്ടിൽ സ്വർണ്ണനെററിപ്പട്ടവും പട്ടുവിരിപ്പുകളും കൊണ്ടു് അലങ്കരിച്ചു നിർത്തിയിരിക്കുന്ന 'കോവിൽ കേശവൻ' എന്ന കീർത്തിപ്പെട്ട ഗജശ്രേഷ്ഠന്റെ തുമ്പിക്കൈ ആട്ടുന്നതും കണ്ടാൽ, കാണികളെ ശ്രീകോവിലിനുള്ളിൽ ഭഗവതിയുടെ സന്നിധിയിലേക്കു ക്ഷണിക്കുകയാണെന്നു തോന്നും. ശ്രീകോവിലന്തകമോ, സ്വർഗ്ഗതുല്യമായിരിക്കുന്നു. പിച്ചകം, മുല്ല, പാരിജാതം, തുടങ്ങിയ ദിവ്യപുഷ്പങ്ങളുടെ നവപരിമളവും, കർപ്പൂരം, സാമ്പ്രാണി മുതലായ സുഗന്ധദ്രവ്യധൂമങ്ങളിൽനിന്നു് പുറപ്പെടുന്ന സൗരഭ്യധോരണിയും കാണികളുടെ ഘ്രാണേന്ദ്രിയങ്ങളെയും; സുവർണ്ണവിഭൂഷണാലംകൃതമായിരിക്കുന്ന ദേവീവിഗ്രഹമുഖത്തു പരിലസിച്ചു കാണുന്ന ആ ദിവ്യതേജസ്സു് വിഗ്രഹത്തിന്റെ മുമ്പിൽ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന 'ആയിരം തിരി' വിളക്കിന്റെ പ്രഭയെ, മദ്ധ്യാഹ്നസൂര്യദീപ്തി നക്ഷത്രപ്രഭയെയെന്നോണം, മങ്ങിപ്പിച്ചു കാണികളുടെ നയനേന്ദ്രിയങ്ങളേയും; കുറുപ്പിന്റെ സ്വന്തം പണച്ചെലവിൽ, തഞ്ചാവൂരിൽനിന്നു വരുത്തിയ 'കനകവല്ലി' എന്ന ദാസി 'വീണാവേണുമൃദംഗാ'ദികളുടെ മേളത്തോടു ചേർന്നു പാടുന്ന ഹൃദയംഗമമായ ഗാനവിശേഷത്തിന്റെ ദിവ്യമാധുരി കാണികളുടെ ശ്രോത്രേന്ദ്രിയങ്ങളേയും, ഒരേ സമയത്തു ആനന്ദത്തിൽ ലയിപ്പിക്കുന്നു.

ഈ ഉത്സവം സംബന്ധിച്ച ഉത്സാഹങ്ങൾ ക്ഷേത്രത്തിൽ മാത്രമല്ല. അവിടത്തെ ആഘോഷങ്ങളുടെ ഒരു പ്രതിദ്ധ്വനി, അല്പം അകലെയുള്ള പടിപ്പുരവീട്ടിലും മുഴങ്ങുണ്ട്. കാർത്തികവിളക്കിനോടൊപ്പം നടത്താറുള്ള 'താലപ്പൊലി'ക്കുള്ള ഒരുക്കങ്ങളുടെ ആഘോഷമാണ് പടിപ്പുരവീട്ടിൽ മുഴങ്ങുന്നത്. വരപുരത്തുള്ള യുവതികൾ പടിപ്പുരവിട്ടിൽ കൂട്ടംകൂടിയിരിക്കുന്നു. താലപ്പൊലി എടുക്കുന്ന നാലു പെൺകിടാങ്ങളെയും വസ്ത്രാഭരണങ്ങളെക്കൊണ്ട് അലങ്കരിച്ചു നിറുത്തിയിരിക്കുന്നു. അകമ്പടിയായി പോകുന്ന സ്ത്രീകളുടെ വേഷത്തിൽ ചില 'മേനിമിനുക്ക്'ങ്ങളും 'പൊടിക്കൈപ്രയോഗ'ങ്ങളുംകൂടെ കഴിഞ്ഞാൽ, ഘോഷയാത്രയ്ക്കു സമയമായി. ഒരിടത്ത്, ചിലർ കണ്ണെഴുതി പൊട്ടുതൊടുന്നു; മറ്റൊരിടത്തു, വേറെ ചിലർ തല ചീകി മിനുക്കി പൂ ചൂടുന്നു; ഇനി വേറെ ഒരിടത്തു മറ്റു ചിലർ ആഭരണം അണിയുകയും, വിശേഷവസ്ത്രം ധരിക്കയും ചെയ്യുന്നു; ഒരുക്കങ്ങൾ കഴിഞ്ഞ കൂട്ടർ ചിലർ കണ്ണാടി നോക്കി രസിക്കുന്നു; മറ്റു ചിലർ തങ്ങളുടെ അലങ്കാരങ്ങൾക്കു മോടി പോരായെന്നു പിറുപിറുക്കുന്നു; വേറെ ചിലർ സ്നേഹിതകളുടെ വേഷത്തെ കുറ്റംപറയുന്നു; ഏതാൻ ചിലർ പ്രശംസിക്കയും ചെയ്യുന്നു. ആകപ്പാടെ, ഈ യുവതികളുടെ, നോട്ടവും, നാട്യവും, വാക്കും, പോക്കും, ചിരിയും, ഭാവവും ഒക്കെ കാണികൾക്കു കൗതുകജനകം എന്നേ പറവാനുള്ളു.

ഈ തിരിക്കിനിടയിൽ അമ്മുക്കുട്ടി പടിപ്പുര വീട്ടിലെ നാലുകെട്ടിനുള്ളിൽ കടന്നു ചെന്നു. അമ്മുക്കുട്ടിയുടെ വേഷം അവിടെ കൂടീട്ടുള്ള മറ്റു യുവതികളുടെ വേഷങ്ങൾക്കു അനുരൂപമേ അല്ലായിരുന്നു. രണ്ടുകൊല്ലംമുമ്പു വരപുരത്തുള്ള ഏറ്റവും പരിഷ്കൃതവും വിലപിടിച്ചതുമായ പണ്ടങ്ങൾ അണിഞ്ഞുവന്ന ഈ യുവതി, ഇപ്പോൾ, കൈയിൽ ഒരു ജോടി സ്വർണ്ണക്കാപ്പല്ലാതെ, മറ്റൊന്നും ധരിച്ചുകാണുന്നില്ല. തലമുടി, അശ്രദ്ധമായി പിറകിൽ തുക്കിക്കെട്ടിയിട്ടുണ്ടു. കരയും കസവും ഇ

ല്ലാത്ത വസ്ത്രങ്ങളാണു് അവൾ ഉടുത്തിരിക്കുന്നതു്. എന്നിരുന്നാലും, അവിടെ കൂടിയിരുന്ന മററാരിലും കാണ്മാൻ ഇല്ലാത്ത ഒരു ആകൎഷണം അമ്മുക്കുട്ടിയുടെ മുഖത്തു സ്ഫുരിച്ചുകൊണ്ടിരുന്നു. സൗന്ദൎയ്യമോ അലങ്കാരമോ നിമിത്തം ഉണ്ടായിട്ടുള്ള ആകൎഷണശക്തി അല്ല. എന്നാൽ പിന്നെ? ധീരനോട്ടങ്ങളെ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന കണ്ണുകളുടെ അകൃത്രിമദ്യുതിയാണു്, ആരോഗ്യലക്ഷ്മിയുടെ കേളീസങ്കേതസ്ഥാനമായ ആ വദനത്തിന്നു് ഈ ആകൎഷണം ഉണ്ടാകുവാൻ കാരണം, സന്ദേഹമില്ല.

ഒരു ഇലക്കുമ്പിളിൽ കുറെ പുഷ്പങ്ങളും പിടിച്ചുകൊണ്ടു്, അമ്മുക്കുട്ടി, നാലുകെട്ടിൽ കടന്നു ചെന്നപ്പോൾ, ഉമ്മറപ്പടി ചാരിനിന്നിരുന്ന ഒരു ചെറുപ്പക്കാരി, "അമ്മുക്കുട്ടീ, എന്താണിത്ര വൈകിയതു്? എന്തു പൂക്കളാണതു്? ഇരുവാച്ചിയോ? ഇതെവിടെക്കിട്ടി, അമ്മൂ?—" എന്നു ചോദിച്ചു. "വീട്ടിൽത്തന്നെ ഉണ്ടായിരുന്നു. ഇനിയും ധാരാളം ഉണ്ടു്. മരത്തിൽ കയറാനുള്ള ബുദ്ധിമുട്ടുകൊണ്ടു് ഞാൻ ഇത്രയേ അറുത്തുള്ളൂ. എന്നിട്ടുതന്നെ എന്റെ മുണ്ടും കീറി"— എന്നുത്തരം പറഞ്ഞുകൊണ്ടു്, അമ്മുക്കുട്ടി, തന്റെ ഉത്തരീയം വിടുൎത്തി ഒരു വലിയ കീറൽ കാണിച്ചു. "മരത്തിൽ കയറാൻ മററാരെയും കിട്ടിയില്ലേ? നല്ല വാസന. രണ്ടിങ്ങോട്ടു തരൂ" എന്നു പറഞ്ഞു്, അവൾ കൈനീട്ടി. അമ്മുക്കുട്ടി കുമ്പിളിൽനിന്നു് രണ്ടു മൂന്നെണ്ണം എടുത്തുകൊടുത്തു. ആ യുവതി അവയെ മണത്തിട്ടു്, "ഹാ! എത്ര നല്ല വാസന! എന്തു ചന്തം! ഇക്കൊല്ലം ഇവിടെ ഇരുവാച്ചി പൂത്തിട്ടേ ഇല്ല. താമരശ്ശേരിയിൽനിന്നു കൊണ്ടുവന്ന കൂട്ടത്തിലും ഒരൊററ ഇരുവാച്ചി കണ്ടില്ല"—എന്നു പറഞ്ഞു. താമരശ്ശേരി എന്ന വാക്കുകേട്ടു്, ഒരു ഞെട്ടലോടുകൂടെ അമ്മുക്കുട്ടി ആ കൂട്ടത്തിൽനിന്നു പിന്തിരിഞ്ഞുനടന്നു.

നാലുകെട്ടിന്റെ മററത്തു്, ഒരു തട്ടുപടിയിന്മേൽ മൂന്നു സ്ത്രീകളും ഇരുന്നിരുന്നു. അവരുടെ സമീപത്തുകൂടെയാണു് അമ്മു

കുട്ടി പോയതു്. അവർ രാധയും, തുളസിയും, ഭാഗീരഥിയും ആയിരുന്നു. രാധയും തുളസിയും ഭാഗീരഥിയുടെ ആഭരണങ്ങളെ പിടിച്ചു നോക്കി പ്രശംസിച്ചുകൊണ്ടിരുന്നു. അമ്മുക്കുട്ടി സമീപത്തു വന്നപ്പോൾ, ഭാഗീരഥി എഴുനേറ്റു് വിനയസ്വരത്തിൽ എന്തോ പറഞ്ഞു. അമ്മുക്കുട്ടി അതു കേൾക്കാഞ്ഞിട്ടോ, ഭാഗീരഥിയുടെ ശബ്ദം ഭീരുത്വം നിമിത്തം പുറത്തുവരാഞ്ഞിട്ടോ, അമ്മുക്കുട്ടി ഒരു പുച്ഛഭാവത്തോടുകൂടെ പുറന്തിരിഞ്ഞു നിന്നു. രാധയും തുളസിയും, പണ്ടു തങ്ങളുടെ ആത്മമിത്രമായിരുന്ന അമ്മുക്കുട്ടിയോടു 'ലോഹ്യം' പറയുന്നോ, അവളെ സല്ക്കരിക്കാനോ തുനിഞ്ഞില്ല. ഒരു പച്ചപ്പുഞ്ചിരി മാത്രം തൂകിക്കൊണ്ടു്, അവർ ഭാഗീരഥിയുടെ ശ്രദ്ധയെ മറ്റൊരു വിഷയത്തിലേക്കു് ആകർഷിക്കാൻ ബദ്ധപ്പെട്ടു. ഭാഗീരഥിയെ അമ്മുക്കുട്ടി തങ്ങളുടെ മുമ്പിൽവച്ചു വാക്കുകൊണ്ടോ, നോക്കുകൊണ്ടോ, അപഹസിക്കുന്നതായാൽ, അവൾക്കും കുറുപ്പിനും അവരുടെ നേരെ കുണ്ഠിതമുണ്ടായേക്കുമെന്നു് അവർ ശങ്കിച്ചു. അതിനാൽ, അവർ അവളെ അവിടെനിന്നു് മറ്റൊരെടത്തേക്കു കൂട്ടിക്കൊണ്ടു പോവാൻ തുടങ്ങി. പോവുമ്മുമ്പായി, 'താമരശ്ശേരിയിൽ ഇതുവരെ ഇരുവാച്ചി പൂത്തില്ല. ഞങ്ങൾ വന്നതിൽപിന്നെ ഇതേവരെ ആ ചെടി തളിർത്തിട്ടുതന്നെ ഇല്ല. പണ്ടു് എല്ലാംകാലത്തും അവിടെ ഇരുവാച്ചിപ്പൂ ഉണ്ടാവാറുണ്ടായിരുന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ടു്." — എന്നു തുളസിയോടായി ഭാഗീരഥി പതുക്കെപ്പറഞ്ഞു. "അത്ഭുതമല്ല" എന്നു് അമ്മുക്കുട്ടിയും, പിന്തിരിഞ്ഞു നിന്നുകൊണ്ടുതന്നെ, ഭാഗീരഥി കേൾക്കുവാൻ തക്കവണ്ണം ഉറക്കെ പറഞ്ഞു.

അമ്മുക്കുട്ടി, തട്ടുപടിയുടെ ഒരു കോണിൽ പോയിരുന്നു്, തന്റെ പക്കലുണ്ടായിരുന്ന പൂ എടുത്തു് ഒരു മാല കെട്ടിക്കൊണ്ടിരുന്നു. അവൾ ആരോടും സംസാരിക്കാനോ, 'ലോഹ്യം' ഭാവിക്കാനോ പോയില്ല. രണ്ടു കൊല്ലം മുമ്പുവരെ, ഈ ഉത്സവദിവസങ്ങളിൽ, അവൾ തന്റെ ആഭരണപ്പെട്ടി

യും എടുപ്പിച്ചു കൊണ്ടു വരുന്നതും നോക്കി സകലരും കാത്തിരിക്കും. അവളുടെ ആഭരണങ്ങളും വസ്ത്രങ്ങളും കൊണ്ടാണ് താലപ്പൊലിയെടുക്കുന്ന പെൺകിടാങ്ങളെ ചമയിക്കുന്നതു്. പെൺകിടാങ്ങളെ അലങ്കരിക്കുന്ന പണി അക്കാലങ്ങളിൽ അവൾതന്നെ വഹിച്ചിരുന്നു. ഇപ്പോഴാവട്ടെ, ഇരവൽ കൊടുക്കത്തക്ക വസ്ത്രാഭരണങ്ങൾ അവൾക്കില്ല. അതിനാൽ, അവൾ വരുമ്മുമ്പുതന്നെ ഒരുക്കങ്ങൾ കഴിഞ്ഞിരിക്കുന്നു. അവൾക്കു പിന്നെ എന്തെങ്കിലും ചുമതലയുണ്ടോ? കുട്ടിക്കാലം മുതല്ക്കു ഒരുമിച്ചു കളിച്ചു വളൎന്ന തന്റെ പ്രാണസ്നേഹിതകളായിരുന്ന രാധയും സുമിത്രയും ഇപ്പോൾ അവളെ തിരിഞ്ഞുനോക്കുന്നുപോലുമില്ല. താസിൽദാരുടെ മകൻ ഗോപാലകൃഷ്ണൻകൂടി ഇങ്ങിനെ നിർല്ലജ്ജനായി പ്രവൎത്തിക്കുന്നുവല്ലോ. ഭാഗീരഥിയുടെ മുമ്പിൽക്കൂടെ ഈ വിധം ആടിക്കുഴഞ്ഞു നടക്കാനും മാത്രം ആ പെണ്ണിൽ അവനെന്താണു് കാണുന്നതു്? കഷ്ടം! കഷ്ടം! മനുഷ്യഹൃദയം ഈവിധമോ? ദൈവമേ!

ഉൎവ്വശി, മേനക, തുടങ്ങിയ സ്വൎവ്വനിതകളോടൊപ്പം സൗന്ദൎയ്യവതികളായ രാധ മുതലായ സ്ത്രീകളുടെ കൂട്ടത്തിൽ ഭാഗീരഥി നില്ക്കുന്നതുകണ്ടാൽ, മയിൽക്കൂട്ടത്തിൽ പെട്ട കുയിൽപോലെ തോന്നും. ഭാഗീരഥിക്കു അംഗവൈരൂപ്യം ഉണ്ടെന്നു പറവാൻ പാടില്ല; എന്നാലും സുന്ദരി എന്ന പദത്തിന്നു് ഇജ്ജന്മത്തിൽ അവൾക്കു് അൎഹതയില്ലതന്നെ; പ്രായത്തിനൊത്ത പൊക്കമോ, വളൎച്ചയോ ഇല്ല; ഇരുൾ നിറമാണു്. അവൾ ധരിച്ചിരിക്കുന്ന വസ്ത്രാഭരണങ്ങൾ, അവൾക്കു തീരെ ചേൎച്ചയായിരിക്കുന്നില്ല. എന്നാൽ, അഹംഭാവലേശം ഇല്ലാത്ത ആ നോട്ടങ്ങളും വിനീതവും കൎണ്ണമധുരവും ആയ ആ വാക്കുകളും അവളുടെ ഗുണശ്രേണിയിൽ ഉൾപ്പെടുത്താം. എന്നിരുന്നാലും ഇങ്ങിനെയുള്ള ഒരു സ്ത്രീക്കുവേണ്ടി തന്നെ ഉപേക്ഷിച്ച രാധ മുതലായവരോടു്, അമ്മുക്കുട്ടിക്കു കഠിനമായ പരിഭവം തോന്നിയതിൽ, അമ്മുക്കുട്ടിയെ കുററം പറയുവാൻ പാടില്ല.

അമ്മുക്കുട്ടിയുടെ ഹൃദയം പരിഭ്രമപൂർണ്ണമായി എങ്കിലും അതിന്റെ ഛായ അവളുടെ മുഖത്തു പ്രതിഫലിച്ചില്ല. മാല കെട്ടിക്കഴിഞ്ഞ ഉടനെ അവൾ ഗൗരവഭാവത്തിൽ എഴുന്നേററുനിന്നു; ചുററും നോക്കിയപ്പോൾ, ഘോഷയാത്ര പുറപ്പെടാറുള്ള ഇളക്കം തുടങ്ങിയതായിക്കണ്ടു. ഘോഷയാത്രയൊന്നിച്ച് താൻ പോകുന്നില്ലെന്നും ഉറച്ചു. ഉടൻ പുറപ്പെട്ടാൽ ക്ഷേത്രത്തിൽ പോയി ദേവീദർശനം കഴിച്ച്, താലപ്പൊലി എത്തുംമുമ്പ് വീട്ടിലേക്കു മടങ്ങാമെന്ന് നിശ്ചയിച്ച്, അവൾ പൂമാലയെ ഇലക്കുമ്പിളിൽത്തന്നെ ഭദ്രമായി എടുത്തുകൊണ്ടു പുറമേ വന്ന്, തനിയേ അമ്പലത്തിലേക്ക് നടന്നു.

അവൾ ഏകാകിനിയായി നടന്നുതുടങ്ങിയപ്പോൾ, അവളുടെ ഹൃദയത്തിൽ നിറഞ്ഞിരുന്ന കോപതാപങ്ങൾ പൊട്ടിവാർന്നു കണ്ണീരായി ഒഴുകി. പ്രകൃതിമാതാവിനോടായി, അവൾ തന്റെ സങ്കടങ്ങളെപ്പററി പിറുപിറുത്തു പറഞ്ഞു:— "ഇത്ര നീചരും, കർക്കശരും ആയ ആളുകളെ ഞാൻ കണ്ടിട്ടില്ല: ലജ്ജയുമില്ലയോ ദൈവമേ! ഇവർക്ക്? കഷ്ടം! കഷ്ടം! ഞാൻ വ്യസനിച്ചിട്ടു കാര്യമെന്തു? പോട്ടെ! ഇവരുടെ ഇടയിൽ ഇനി ഞാൻ പോവില്ല. ഭാഗീരഥിയെ അവർ തലയിൽ ചുമന്നു നടക്കട്ടെ; എനിക്കൊരു നഷ്ടവും വരാനില്ല. അവളുടെ സ്ഥാനം കിട്ടാൻ എനിക്കാഗ്രഹവുമില്ല. എത്ര പണമുണ്ടായാലെന്തു?"—ഇത്രയുമായപ്പോൾ, അവളുടെ സമീപത്ത് കാലടിയുടെ ഒച്ചകേട്ടു. ആരോ ഒരാൾ അവൾക്കൊപ്പം പാതയുടെ മറുവശത്തുകൂടെ നടക്കുന്നുണ്ടായിരുന്നു. സന്ധ്യക്കുള്ള മങ്ങിയ വെളിച്ചത്തിൽ, ആളെ തിരിച്ചറിവാൻ പ്രയാസമായിരുന്നു. അവളുടെ പിറുപിറുപ്പ് ആ ആൾ കേട്ടിരിക്കാൻ ഇടയുണ്ട്. കേട്ടാലും ശരി, കേട്ടില്ലെങ്കിലും ശരി: ആരായാലെന്തു? കൃഷ്ണക്കുറുപ്പു തന്നെയായാലും അവൾക്കു പേടിയില്ല. അവൾ മൗനമായി നടന്നു. ക്ഷേത്രം സമീപിക്കാറായപ്പോൾ, ആ ആൾ അവളെ സമീപിച്ചു നടന്നുതുടങ്ങി:—"എ

ന്താണു് തനിയേ പോവുന്നതു്? താലപ്പൊലി പുറപ്പെട്ട വാദ്യഘോഷം കേൾക്കുന്നു. ഒന്നിച്ചു വരാമായിരുന്നല്ലോ?" എന്നു ചോദിച്ചു. അതു കൃഷ്ണക്കുറുപ്പുതന്നെയായിരുന്നു. അമ്മുക്കുട്ടിയുടെ തണുത്തുതുടങ്ങിയ കോപം ഉജ്ജ്വലിപ്പാൻ തുടങ്ങി. പെരുവഴിയിൽക്കൂടെ ഏകാകിനിയായി പോവുന്ന ഒരു സ്ത്രീയോടു, വിശേഷിച്ചും, തന്നോടു, കടന്നു സംസാരിക്കാൻ അയാൾക്കു എന്തധികാരം? എന്തു ധിക്കാരമാണിതു്! താൻ ആർ? അയാളാർ? പക്ഷെ തന്റെ നിസ്സഹായസ്ഥിതി കണ്ടു അനുകമ്പ തോന്നി പറകയായിരിക്കാം. അഥവാ, താൻ പിറുപിറുത്തതു് അയാൾ കേട്ടു്, ശോകകാരണം അറിവാൻ വേണ്ടി ചോദിച്ചതായിരിക്കാം. ഉത്തരം പറയാതിരിക്കുന്നതു മര്യാദകേടല്ലേ? ഈ വിചാരങ്ങൾ കഴിഞ്ഞതോടെ അവൾ പറഞ്ഞു:— "ദേവിക്കു ചാർത്താൻ ഒരു മാലകെട്ടിക്കൊണ്ടു പോവുകയാണു്. ദീപാരാധനയ്ക്കു മുമ്പു ചാർത്തിക്കണം."

കൃ. കു:— എന്റെ വക്കലും ഒരു മാല ഉണ്ടു്. ഇതുംകൂടെ കൊണ്ടുപോയി ചാർത്തിപ്പിച്ചാൽ ഉപകാരം.

അമ്മു:— നിങ്ങൾതന്നെ കൊണ്ടുപോയിക്കൊടുക്കരുതോ?

കൃ. കു:— മടങ്ങിപ്പോവാൻ ബദ്ധപ്പാടായി.

അമ്മു:— അത്ര ബദ്ധപ്പാടാണെങ്കിൽ പിന്നീടു ചാർത്തിച്ചാൽ മതിയാവും?

കൃ. കു:— ഇപ്പോൾ ചാർത്താനായി ഞാൻ പ്രത്യേകം തയ്യാറാക്കിച്ചതാണു്. നിങ്ങൾ കൊണ്ടുപോവില്ലെങ്കിൽ ഇതു തിരികെ കൊണ്ടുപോവാനേ നിവൃത്തിയുള്ളു. മാലയും കൊണ്ടുവരുന്ന വഴിക്കു ചില മുക്കിലും മൂലയിലും കുറെ ആളുകൾ പതുങ്ങി നില്ക്കുന്നതു കണ്ടു്. അവർ എന്തോ ദുരുദ്ദേശത്തോടുകൂടെ നില്ക്കുകയാണെന്നു തോന്നുന്നു. താലപ്പൊലിക്കാരെ ഉപദ്രവിപ്പാനായിരിക്കാം. അതിന്നു് ഇടകൊടുക്കരുതല്ലോ. അതുകൊണ്ടാണു ബദ്ധപ്പാടു്."

അമ്മുക്കുട്ടി വൈഷമ്യത്തിൽ പെട്ടു. അയാളുടെ മാല

വാങ്ങിക്കൊണ്ടുപോവുന്നതു് അഭിമാനക്ഷയമല്ലേ? വാങ്ങാതിരുന്നാൽ മര്യാദക്കേടും അല്ലേ? മാത്രമല്ല, ദേവിക്കായിട്ടുള്ള ഒരു വഴിപാട്; അതിനെ മുടക്കം വരുത്തുന്നതു പാപവുമാണല്ലൊ. എന്തു ചെയ്യേണ്ടു? വഴിയിൽ പതുങ്ങിനിന്നവർ ആരായിരിക്കാം? മാധവനുമുണ്ടായിരിക്കുമൊ? അവന്റെ സംശയകരങ്ങളായ നടപടികളെപ്പറ്റി അവൾ ഇതിനിടെ കേട്ടിരിക്കുന്നുവല്ലൊ? ഇക്കൂട്ടത്തിൽ അവനെ കണ്ടാൽ എത്ര കുറച്ചിൽ ആയി! അവന്റെ മാനത്തെ രക്ഷിക്കേണ്ടതു തന്റെ കടമയല്ലേ? എന്തെങ്കിലുമാകട്ടെ, കുറുപ്പിനെ വേഗത്തിൽ തിരികെ അയക്കാം. ഇങ്ങിനെ നിശ്ചയിച്ചു്, അവൾ, "മാല തന്നാൽ കൊണ്ടുപോവാം. ദേവിക്കുള്ളതാണല്ലൊ" എന്നു പറഞ്ഞു് കൈ നീട്ടി. ക്ഷേത്രവാതല്ക്കലെ വിളക്കുകളുടെ പ്രകാശത്താൽ അവൾക്കു് അയാളെ നല്ലവണ്ണം കാണ്മാൻ കഴിഞ്ഞു. അവൾ അയാളുടെ മുഖത്തു കുറെ സൂക്ഷ്മമായി നോക്കി. എന്തു പൗരുഷമാണു് ആ കണ്ണുകളിൽ! ആ ജാനുബാഹുവായ ആ പുരുഷകേസരിയോ അമ്മ പറയുന്ന പിച്ചക്കാരൻ? എത്ര വിനയത്തോടുകൂടെയാണു് അയാൾ തന്നെ നോക്കുന്നതു! അല്പം മുമ്പു് താൻ പഴിച്ച ആളുകളെപ്പോലെ, അയാൾ നിശ്ചയമായും നീചനായിരിക്കയില്ല. എത്ര ആദരവോടുകൂടിയാണു് അയാൾ ആ പൂമാലയെ അവളുടെ കൈയിൽ കൊടുത്തതും! അയാളുടെ കരസ്പർശംകൊണ്ടു് അവൾ മലിനയാകരുതെന്നു കരുതിയായിരിക്കുമോ, മാലകൊടുക്കുമ്പോൾ അയാൾ അത്രയേറെ ശ്രദ്ധ കാട്ടിയതു്? അവളുടെ ഔദാര്യത്തിനു് അയാൾ നന്ദി പറയാതെ പോവുന്നുണ്ടെങ്കിലും, അയാൾ അവൾക്കു എന്നെന്നേക്കും കടപ്പെട്ടിരിക്കുന്നു എന്നു് അയാളുടെ ഭാവം പ്രത്യക്ഷമായി വിളിച്ചുപറയുന്നില്ലേ? അയാളുടെ നേക്കു പുച്ഛവും കോപവും നിറഞ്ഞിരുന്ന അവളുടെ ഹൃദയം ഇതാ സ്വല്പനേരത്തേക്കു ശൂന്യമാവുന്നു. വേഗത്തിൽ അതു വീണ്ടും നിറയുന്നു. ഇത്രനാളും

അവൾക്കു പരിചിതമല്ലാതിരുന്ന ചില വികാരങ്ങൾ ഹൃദയത്തെ പ്രവേശിക്കുന്നു. അവയെ ആട്ടിപ്പായിക്കാൻ ശ്രമിക്കുന്ന അമ്മുക്കുട്ടിയുടെ ഉദ്യമങ്ങൾ വിപരീതഫലത്തെ വഹിക്കുന്നു. അമ്മുക്കുട്ടീ, ഈ നിമേഷത്തെ നീ പഴിച്ചാലും ശരി, നമിച്ചാലും ശരി; നീ നിൻെറ ജീവിതത്തിലെ ഒരു പ്രധാനരംഗത്തിൽ പ്രവേശിച്ചുകഴിഞ്ഞു. നീ എന്തിനായിട്ടാണ് നിന്നോട തന്നെ കോപിച്ച് മനസ്സിനെ ശല്യപ്പെടുത്തുന്നത്?

അമ്മുക്കുട്ടി മാലകളുംകൊണ്ട് അമ്പലത്തിനുള്ളിൽ പോയി, അവയെ നടക്കുവെച്ച് ദേവീദശനം കഴിച്ചു. എന്നാൽ അവളുടെ പ്രാൎത്ഥന പതിവിലധികം ദീൎഘിച്ചുപോയതിനാൽ, താലപ്പൊലിക്കാർ അവിടെ എത്തുന്നതിനു മുമ്പു മടങ്ങിപ്പോകേണമെന്ന അവളുടെ ഉദ്ദേശം ഫലിച്ചില്ല. കുറെ മുമ്പ് തൻെറ ഉള്ളിൽ കടന്നതായ വികാരങ്ങളാൽ അസ്വസ്ഥമായിത്തീൎന്ന ഹൃദയത്തെ ദേവിയുടെ പാദത്തിങ്കൽ അൎപ്പിച്ച് ആ പരമകാരുണികയുടെ അനുഗ്രഹത്തെ യാചിച്ചുകൊണ്ട് മതിമറന്നുനിന്ന അമ്മുക്കുട്ടി, ക്ഷേത്രവളപ്പിനുള്ളിൽ പ്രവേശിച്ചു താലപ്പൊലിയുടെ കോലാഹലങ്ങൾ കേട്ടുതുടങ്ങിയപ്പോൾ മാത്രമേ, ധ്യാനത്തിൽനിന്ന് വിരമിച്ചുള്ളു. തിരക്കിനിടയിൽ പുറത്തു കടക്കുക അസാദ്ധ്യമായിരുന്നതിനാൽ, അവൾ തൻെറ പതിവുസ്ഥാനത്തു ചെന്നു ഒതുങ്ങിനിന്നു. താലപ്പൊലിച്ചടങ്ങുകൾ മുഴവനും അവസാനിച്ച് സകലരും പോയശേഷം, അവൾ ശ്രീകോവിലിനെ പ്രദക്ഷിണംവച്ച്, പടിഞ്ഞാറെ വാതല്ക്കൽകൂടെ പുറമേ കടക്കാനായി ചെന്നു. വാതൽ ചാരിയിരുന്നു; സമീപത്തായി ഒരാളും നിന്നിരുന്നു. ആൾ ആരെന്നും, അവിടെ നിന്നതെന്തിനെന്നും മനസ്സിലാക്കാൻ അവൾക്കു പ്രയാസമുണ്ടായില്ല. കുഞ്ഞുക്കുറുപ്പ് വാതൽ തുറക്കാനെന്നവണ്ണം അതിൽ തൊടുന്നതു കണ്ടു, അവൾ ദൂരേ നിന്നു. തുറക്കാൻ ഭാവമില്ലെന്നുകണ്ട് അവൾ മുമ്പോട്ടു ചെന്ന് "ഞാൻ കടന്നുപോകട്ടെ" എന്നു പറഞ്ഞു കുറുപ്പു

വാതലിനെ പകുതി തുറന്നുകൊണ്ടു പറഞ്ഞു:— “ഞാൻ വഴിമുടക്കുന്നില്ല. എനിക്കു നിങ്ങളോടു സംസാരിക്കുവാൻ യോഗ്യതയും അധികാരവും ഇല്ലെന്നു നല്ലവണ്ണം അറിയാം. ഞാൻ നിങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനല്ല, മാന്യനുമല്ല. ഞാൻ ഇവിടെവന്നൊട്ടിയാണ്. ഞാൻ ഇപ്പോൾ പണ്ടത്തെപ്പോലെ ദരിദ്രനും നിസ്സഹായനും അല്ലെങ്കിലും—നിങ്ങളുടെ വസ്തുവകകളിൽ ചിലതു് എൻെറ അധീനതയിൽ ആയി എങ്കിലും— നിങ്ങളുടെ— അല്ലായിരിക്കാം— നിങ്ങളുടെ അമ്മയുടെ അഭിപ്രായത്തിൽ, ഞാൻ ഇപ്പോഴും പണ്ടത്തെ ഏരപ്പാളിയാണു—”

ഈ മുഖവുരയുടെ ഉദ്ദേശം എന്താണെന്നു് അമ്മുക്കുട്ടിക്കു മനസ്സിലായില്ല. എന്തോ ഗൗരവപ്പെട്ട കാര്യം പറവാനുള്ള പുറപ്പാടായിരിക്കുമോ എന്നു അവൾ ശങ്കിച്ചു. അവളുടെ നെററി ചുരുങ്ങുകയും, കണ്ണുകൾ ജ്വലിക്കുകയും, മുഖം രക്തവർണ്ണമാകുകയും ചെയ്തു. അയാൾ അവളെ അവമാനിക്കാൻ ഉദ്ദേശിക്കുന്നുവോ? “വഴിമാറിത്തരു” എന്നു് അവൾ അക്ഷമയോടുകൂടി പറഞ്ഞു. കുറുപ്പ് വാതൽവിട്ടു് ആദരപൂർവ്വം മാറിനിന്നു “നിങ്ങളുടെ ഇഷ്ടംപോലെ ആകട്ടെ. എൻെറ വാക്കുകളെ കേൾക്കാൻ മനസ്സില്ലെങ്കിൽ, നിർബ്ബന്ധിക്കാൻ എനിക്കു ധൈര്യമില്ല; എന്നുവരുകിലും, ഈ പുണ്യസ്ഥലത്തുവച്ചു്, ഈ സുദിനത്തിൽ, ദിവ്യസന്നിധിയിൽവച്ചു് എനിക്കു് ഒരപേക്ഷയുണ്ടു്: എന്നോടുള്ള ശത്രുത്വം വിട്ടു് എന്നെ മിത്രമായി കരുതണമെന്നു മാത്രം. നാം സമീപത്തു പാർക്കുന്ന സ്ഥിതിക്കു്, ഇങ്ങിനെ വെറുക്കുന്നതും ദ്വേഷിക്കുന്നതും യുക്തമാണോ? ഞാൻ എന്തപരാധം ചെയ്തിട്ടാണു് എന്നോടീവിധം ഭാവിക്കുന്നതു്? നിങ്ങളുടെ വസ്തു മേടിച്ചതു് ഒരു കുററമോ? ഞാൻ മേടിച്ചില്ലെങ്കിൽ മറെറാരുവൻ മേടിക്കുമായിരുന്നു. ഞാൻ പാവപ്പെട്ടവനായി ജനിച്ചതു് എൻെറ കുററമോ? എൻെറ മുമ്പത്തെ നിലയെ ഞാൻ മറക്കുകയോ മറ

ച്ഛുകയോ ചെയ്യുന്നില്ല. എൻെറ കുട്ടിക്കാലത്തെ സ്ഥിതിയെപ്പററി അറിഞ്ഞിട്ടുള്ള പലരും, എന്നോടു കൃപ കാണിക്കുന്നു; എൻെറ ഇപ്പോഴത്തെ സ്ഥിതിക്കനുസരിച്ച് എന്നെ മാനിക്കയും ചെയ്യുന്നുണ്ട് —"

ഇത്രയും പറഞ്ഞു്, കുറുപ്പ് വിരമിച്ചു. അമ്മുക്കുട്ടിയുടെ മുഖഭാവം പകരുന്നതായും അയാൾ കണ്ടു. അവൾക്ക് അനുകമ്പ ഉദിക്കുന്നുണ്ടാകുമെന്ന് അയാൾ ആശിച്ചു. അയാൾ വാതല്ക്കൽനിന്ന് നീങ്ങിട്ടും അവൾ പോകാതെനിന്ന്, അക്ഷമയായിട്ടെങ്കിലും അയാളുടെ വാക്കുകളെ ശ്രവിക്കുന്നുണ്ടെന്ന് അയാൾ കണ്ടു

"ഇക്കാര്യം ഞാൻ അമ്മയോടുപറയേണമെന്നാണോ?" എന്ന്, കടുവിൽ, അവൾ ചോദിച്ചു.

"അതെ, അടുത്തു പാക്കുന്നവർ രഞ്ജിച്ചപ്പാടുകൂടിയിരിക്കേണ്ടതാണല്ലോ. എന്നെ മിത്രമായി ഗണിപ്പാൻ മനസ്സില്ലെങ്കിൽ, ശത്രുവായി വിചാരിക്കാതിരിക്കേണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഞാൻ നിങ്ങളുടെ അമ്മയെ ബഹുമാനിക്കുന്നെടത്തോളം മററാരെയും ബഹുമാനിക്കുന്നില്ല. എൻെറ ചെറുപ്പകാലത്തെന്നപോലെ, ഇപ്പൊഴും ഞാൻ അവരുടെ ദാസൻ തന്നെ..."

കുറുപ്പിൻെറ കണ്ണുകളിൽ അശ്രു നിറഞ്ഞു; ചുണ്ടു വിറച്ചു. അയാൾക്കു സംസാരിക്കാൻ വാക്കു കിട്ടാതെയായി. പൂർവ്വസ്മരണകൾ അയാളെ മുമ്പൊരിക്കലും, ഈ വിധം അധീനനാക്കിയിട്ടില്ല. അയാളുടെ ഈനിലയെ കണ്ടു് ആർദ്രചിത്തയായി അമ്മുക്കുട്ടി പറഞ്ഞു:— "നിങ്ങളുടെ ആഗ്രഹത്തെ ഞാൻ അമ്മയെ അറിയിക്കാം"

"ഞാൻ അവരുടെ ദാസനാണെന്നും അവൎക്കുവേണ്ടി എന്തുചെയ്വാനും ഞാൻ ഒരുക്കമാണെന്നും, അവൎക്ക് ആവശ്യമുള്ള സഹായങ്ങളെല്ലാം ചെയ്തുകൊടുക്കാൻ തയാറാണെന്നും പറയണം."

“ആകട്ടെ, പറയാം” — എന്നു പറഞ്ഞു് അമ്മുക്കുട്ടി വേഗത്തിൽ പടികടന്നു നടന്നു. അയാൾ അവളെ പിന്തുടരുന്നുണ്ടോ എന്നു നോക്കുവാൻ, അവൾക്കു ധൈര്യമുണ്ടായില്ല. പ്രകൃത്യാ മൃദുചിത്തയായ അവളുടെ മനസ്സ്, ആ പുരുഷകേസരിയുടെ മനോഗുണങ്ങൾ ഗ്രഹിച്ചു് അലിയുകയും, അവളുടെ നേത്രങ്ങളിൽ അശ്രു നിറയുകയും ചെയ്തു.

## അദ്ധ്യായം, ൭.

‘ഇരയിട്ടു മീൻപിടിക്കുക.’

അമ്മുക്കുട്ടി വീട്ടിൽ എത്തുമ്പോഴേക്കും, രാത്രി ഇരുണ്ടിരിക്കുന്നു. നക്ഷത്രങ്ങളുടെ മങ്ങിയ പ്രഭയല്ലാതെ, വേറെ വെളിച്ചം ഇല്ല. വീട്ടിനുള്ളിൽ വിളക്കു കത്തിച്ചിട്ടില്ല. വാല്യക്കാരാരും അവിടെ ഇല്ല. വാതലുകൾ തുറന്നുകിടക്കുന്നു.

അവൾ നാലുകെട്ടിൽ കടന്നുചെന്നു. നാരായണിഅമ്മ കോലായിൽ ഒരു തൂണും ചാരി, മുറുക്കിത്തുപ്പിക്കൊണ്ടിരിക്കയായിരുന്നു. നാരായണി അമ്മയുടെ ഇരിപ്പും ഭാവവും കണ്ടപ്പോൾ, നല്ല പന്തിയല്ലെന്നു മനസ്സിലാക്കി, അമ്മുക്കുട്ടി, തീപ്പെട്ടി തപ്പിയെടുത്തു വിളക്കു കത്തിച്ചു്, തന്റെ അറയിലേക്കു പോകാൻ തുടങ്ങി. അറവാതല്ക്കൽ എത്തിയപ്പോൾ, “എന്താണമ്മൂ ഇത്ര വൈകിയതു്? വീട്ടിൽ ഇന്നാരും ഉണ്ടായിരിക്കയില്ലെന്നറിഞ്ഞിട്ടാണോ നീയും താമസിച്ചതു്?” — എന്നു് നാരായണി അമ്മ വിളിച്ചു ചോദിച്ചു.

“ഞാൻ അമ്പലത്തിൽ പോയിരുന്നു അമ്മേ. വരുംവഴി, കുഞ്ഞുക്കുറുപ്പു കണ്ടു്, ചില കാര്യങ്ങൾ പറഞ്ഞു് നേരം വൈകിച്ചു.” — എന്നു പറഞ്ഞുകൊണ്ടു്, അവൾ അമ്മയുടെ സമീപത്തു ചെന്നു നിന്നു.

നാ. അ:— എന്തുകാൎയ്യം പറവാനായിരുന്നു?

അമ്മു:— അമ്മയോടു പറവാൻ ഒരു കാൎയ്യം പറഞ്ഞയച്ചു.

നാ. അ:— എന്നോടു പറവാനോ?

അമ്മു:— അത്രേ, അമ്മേ. അമ്മ കുറുപ്പിനോടു ശത്രുത്വം ഭാവിക്കാതെയിരിക്കയും അയാളെ ഒരു മിത്രമെന്നു കരുതുകയും ചെയ്താൽ—

നാ. അ:— എന്ത്? എന്ത്? ഇതു കേൾക്കാൻ നീ നിന്നോ? നിനക്കു നാണമായില്ലേ അമ്മൂ?

അമ്മു:— കേൾക്കാതെ ഞാനെന്തു ചെയ്യും? അമ്മേ! അയാൾ വളരെ ആദരവോടു കൂടെയാണ് സംസാരിച്ചത്. അമ്മ അയാളോടു ബദ്ധവിരോധം ഭാവിക്കുന്നതിൽ അയാൾക്കു വളരെ സങ്കടമുണ്ടെന്നു തോന്നുന്നു. എന്തിനാണമ്മേ, ഇനിയും അമ്മ അയാളോടു വിരോധം ഭാവിച്ചിരിക്കുന്നത്? അയാൾ എന്തപരാധം ചെയ്തു, അമ്മയ്ക്ക്?

നാ. അ:— ഒന്നുകൂടെ കേൾക്കട്ടെ, ഈ എരപ്പാളിയോടു താമരശ്ശേരി ഉണ്ണിത്താന്മാരുടെ വീട്ടുകാർ ബന്ധുത്വം ഭാവിക്കണമെന്നോ? നന്നായി. ക്ഷേമമായി: അമ്മുക്കുട്ടീ, നിനക്ക് ഒരിഷ്ടനെയും കിട്ടി, ഇല്ലയോ?

നാരായണി അമ്മയ്ക്കു നിന്ദയും കോപവും വൎദ്ധിച്ചു തുടങ്ങി. അമ്മുക്കുട്ടിക്കു പരിഭ്രമമായി. കുറുപ്പിന്റെ വാക്കുകൾ കേട്ടു നിന്നതിൽ അവളെ പഴിക്കാനുണ്ടോ? അയാൾ പറഞ്ഞ വാക്കുകൾ അമ്മയെ അറിയിക്കാതിരിക്കുന്നതും മൎയ്യാദയല്ല. അമ്മുക്കുട്ടിയുടെ മനസ്സു കുഴങ്ങി സങ്കടപ്പെട്ടു. എന്നിട്ടും, അവൾ കുറെ ധൈൎയ്യമവലംബിച്ച് പറഞ്ഞു:—'മറ്റുള്ളവരൊക്കെ അയാളോടു ബന്ധുത്വം ഭാവിക്കുന്നുണ്ടല്ലോ? പിന്നെ നമുക്കുമാത്രം എന്താണ്? പടിപ്പുരവീട്ടുകാർ, കണ്ടില്ലേ, കുറുപ്പിന്റെ മക്കളെ പേറിക്കൊണ്ട് നടക്കുന്നത്? രാധ

ഒരു നേരം അവളെ വിട്ടുപിരിയുന്നില്ല. ഗോപാലകൃഷ്ണൻ അവളുടെ ദാസവേഷം കെട്ടിയാടുന്നു."

നാ. അ:— പടിപ്പുരവീട്ടുകാർക്ക് ലജ്ജയില്ലെന്നു വച്ച്, നാമും അതുപോലെ മാനംകെട്ട പണി തുടങ്ങണമൊ? നമുക്ക് അതുകൊണ്ട് ഒന്നും നേടാനില്ല. പണം കടംകിട്ടാൻ വേണ്ടി, പണിക്കർ അവന്റെ കാലു പിടിക്കുന്നു. രാധയെ അവന്റെ തലയിൽ കെട്ടിവയ്ക്കാനോ, ഗോപാലകൃഷ്ണനെ കൊണ്ട് അപ്പെണ്ണിനെ സംബന്ധം ചെയ്യിക്കാനോ, ആനിരിക്കും കല്യാണി ഭഗീരഥപ്രയത്നം ചെയ്യുന്നത്! അതുപോലെ നമുക്കു വല്ലതും നേടാനുണ്ടോ?

അമ്മു:— പടിപ്പുര വീട്ടുകാരുമായി ബാന്ധവത്തിന് അനുവദിക്കുമെങ്കിൽ, നമുക്ക് എന്തുകൊണ്ടു പാടില്ല? അവരെക്കാൾ കൂടുതൽ മാന്യത നമുക്കുണ്ടോ? രാധയുടെ ഒരമ്മാവനല്ലെ ഇപ്പോൾ കൊട്ടാരം സർവ്വാധികാര്യക്കാർ? ചില അമ്മവീടുകളിൽ സംബന്ധം ചെയ്യുന്നതിന് അദ്ദേഹത്തെ നിർബന്ധിക്കുന്നു എന്നും മററും രാധ ഇന്നാളൊരിക്കൽ എന്നോടു പറഞ്ഞു.

നാ. അ:— അക്കഥ അവിടെ നില്ക്കട്ടെ. ഞാൻ പടിപ്പുര വീട്ടുകാരെയെല്ലാമെല്ലാം പറഞ്ഞതു്. ആ എരപ്പാളി താന്തോന്നിയെ അല്ലേ? എരന്നുംകൊണ്ടു നടന്നതു് അവൻ മറന്നുപോയോ? ഞാനതൊന്നും മറന്നിട്ടില്ല.

ക്ഷേത്രവാതല്ക്കൽ ആജാനുബാഹുവായി നിന്നിരുന്ന ആ പുരുഷകേസരിയുടെ രൂപത്തെ, അമ്മുക്കുട്ടി ധ്യാനിച്ചു. അയാളുടെ മുഖത്തുള്ള പൌരുഷവും, കണ്ണുകളിൽ വിളയാടിക്കൊണ്ടിരുന്ന നിഷ്കാപട്യവും, വാക്കുകളുടെ വിനീതസ്വഭാവവും, തന്നോടു കാണിച്ച ബഹുമാനാദരങ്ങളും, ഒരു നിമേഷത്തിനുള്ളിൽ, അവളുടെ ഓർമ്മയിലെത്തി. പൂർവ്വസ്ഥിതിയെപ്പററി സംസാരിച്ചപ്പോൾ അയാൾക്കുണ്ടായ ശോകവികാരങ്ങളും,

അവൾ വിസ്മരിച്ചില്ല. അമ്മയുടെ അതിദാരുണങ്ങളായ ഹാസ്യവാക്കുകൾ കേട്ട്, അവളുടെ ഉള്ളിൽ തീവ്രമായ കോപം ജ്വലിച്ചു; അവൾ അറിയാതെതന്നെ അതു പ്രകാശിക്കയും ചെയ്തു:— "അമ്മേ, അമ്മ ദ്വേഷംകൊണ്ടു മതിമറന്നു സംസാരിക്കയാണ്. ഇത്ര നിർദ്ദയമായും അന്യായമായും സംസാരിക്കുവാൻ മടിയില്ലല്ലോ; അത്ഭുതം തന്നെ! കുറുപ്പു ദരിദ്രനായി ജനിച്ചതിന് അയാളെയാണോ കുററം പറയേണ്ടതു? അയാൾ ആരേയെങ്കിലും വഞ്ചിച്ചിട്ടോ, അപഹരിച്ചിട്ടോ ആണൊ ധനവാനായതു? അയാൾ എന്തുമാത്രം പ്രയത്നം ചെയ്തു! അതിൻെറ ഫലം അയാൾ അനുഭവിക്കുന്നു. വല്ല ദുഷ്പേരും സമ്പാദിച്ചിട്ടുണ്ടോ എന്നു നോക്കുക. താമരശ്ശേരിക്കാൎക്ക് അയാളുടെ ചെരുപ്പു തുടപ്പാൻ യോഗ്യതയുണ്ടോ?"

നാ. അ:— അല്ലാ! ഇമ്മട്ടായോ? അയാളുമായി സംബന്ധത്തിനോ മറേറാ പറഞ്ഞു വച്ചിട്ടുണ്ടോ? ഇത്ര ബഹുമാനമോ?

അമ്മു:— അതേ! ബഹുമാനം തന്നെ. സംബന്ധത്തിനും മററും എനിക്കാഗ്രഹമില്ല. എനിക്ക് അതിനു തക്ക യോഗ്യതയില്ലെന്നറിയാം. അയാൾക്കും അതിന്നാഗ്രഹമില്ലെന്നു നിശ്ചയമുണ്ട്.

നാ. അ:— അയാൾ അതിനുംകൂടെ ആഗ്രഹിക്കുകയാണെങ്കിലോ, ചൂലാണ് അയാൾക്കു സമ്മാനം.

അമ്മു:— അത്രയൊന്നും സാഹസപ്പെടണമെന്നില്ല. അമ്മയ്ക്കു വല്ല സഹായവും ആവശ്യമുണ്ടെങ്കിൽ അതു ചെയ്വാൻ അയാൾ എപ്പോഴും ഒരുക്കമാണ്; പണ്ടത്തെപ്പോലെ, ഇപ്പോഴും, അയാൾ അമ്മയെ ബഹുമാനിക്കുന്നുണ്ടെന്നും പറവാൻ പറഞ്ഞു.

നാ. അ:— അവൻെറ ബഹുമാനം എനിക്കാവശ്യമില്ല. സഹായവും ആവശ്യമില്ല. അക്കാലത്തു ഇങ്ങനെ ഒരു വാ

ക്ക് അവൻ പറഞ്ഞയച്ചിരുന്നെങ്കിൽ, ഞാൻ അവനെ നല്ല പാഠം പഠിപ്പിച്ചു വിടുമായിരുന്നു — അവന്റെ വക്കാലത്തുംകൊണ്ടു വന്നിരിക്കയാണോ? പോ, എന്റെ മുമ്പിൽനിന്നു്.

ഇങ്ങിനെയാണ് രഞ്ജനന്നുള്ള ശ്രമങ്ങൾ പര്യവസാനിച്ചതു്.

* * * * * * * * *

അടുത്തൊരു ദിവസം, നാരായണിഅമ്മ അമ്മുക്കുട്ടിയോടൊന്നിച്ചു് അമ്പലത്തിൽ പോയി. കുറുപ്പും മകളും പടിപ്പുര വീട്ടിലെ യുവതികളും അവിടെ ഉണ്ടായിരുന്നു. കടവിൽ പറഞ്ഞ കൂട്ടർ, പതിവുപോലെ, നോട്ടങ്ങളാൽ കുറുപ്പിനെയും നാട്യങ്ങളാൽ മകളെയും ആരാധിക്കുന്നതു് നാരായണിഅമ്മ കണ്ടു. നാരായണിഅമ്മയ്ക്കു ഇതു് അസഹ്യമായ ഒരു കാഴ്ചയായിരുന്നു. ദീപാരാധന കഴിഞ്ഞ ഉടൻതന്നെ പ്രസാദം മേടിക്കാൻപോലും നില്ക്കാതെ, നാരായണിഅമ്മ ബദ്ധപ്പെട്ടു പുറത്തേക്കു പോന്നു. പോരും വഴിക്കു ഗോപുരച്ചുവട്ടിൽനിന്നു കുറുപ്പ് ആദരപൂർവ്വം വഴി മാറിക്കൊടുത്തതും, ആൽത്തറയിൽ ഇരുന്നുകൊണ്ടു് രാധയും കൂട്ടരും കുശലപ്രശ്നം ചെയ്തതും, കാണുകയോ കേൾക്കുകയോ ചെയ്തതായി ഭാവിക്കാതെ, നാരായണിഅമ്മ ഗംഭീരഭാവത്തിൽ നടയായി. "അമ്മേ, അതാ സുമിത്ര വിളിക്കുന്നതു കേട്ടില്ലേ" എന്നു പിന്നാലെ നടന്നിരുന്ന അമ്മുക്കുട്ടി പറഞ്ഞു.

നാ. അ:— എനിക്കു ചെകിടിന്നു കേടൊന്നും പറ്റീട്ടില്ല. ഹ! എന്തു നാണംകെട്ട പെണ്ണുങ്ങൾ! ആ കല്യാണി എന്റെ കുട്ടികളെ കുററം പറഞ്ഞു. ഇതാ, കണ്ടില്ലേ, അവളുടെ സന്താനങ്ങളുടെ മര്യാദ! ആ തെണ്ടിയെ വേണമെങ്കിൽ അവർ തോളിലെടുത്തുംകൊണ്ടു, ക്ഷേത്രത്തിനു നാലു പ്രദക്ഷിണം വയ്ക്കും.

അമ്മു:— പതുക്കെ പറയൂ അമ്മേ! അവരാരും കേൾക്കണ്ടാ.

നാ. അ: ആര കേട്ടാലെനിക്കെന്ത്? ഇനിക്കാരെയും പേടിയില്ല. കല്യാണിയുടെ മുഖത്തുനോക്കി ഞാൻ പറയാം. എനിക്ക ഗുണദോഷം പറവാൻ വന്നില്ലേ, അവൾ? അവൾതന്നെ മൎയ്യാദ പഠിച്ചിട്ടുവേണ്ടിയിരുന്നു, എന്റെ അടുക്കൽ വരാൻ

•

കല്യാണിഅമ്മ, കുറുപ്പിനെ വശീകരിപ്പാൻ വേണ്ടി, തന്റെ മക്കളെ വിട്ടിരിക്കുന്നു എന്നൊരപവാദം, മേല്പറഞ്ഞ സംഭവം നടന്ന നാൾമുതൽ, അദ്ദിക്കിലൊക്കെ പരന്നുതുടങ്ങി. കുറുപ്പിനെക്കൊണ്ടു രാധയെ സംബന്ധം ചെയ്യിക്കാൻ വേണ്ടി, കല്യാണിഅമ്മ 'പഠിച്ച വിദ്യ പതിനെട്ടും' പ്രയോഗിക്കുന്നു എന്ന്, നാരായണിഅമ്മ കണ്ടവരോടൊക്കെ പറഞ്ഞു. വരപുരത്തുള്ള പലരും ഇതിനെ വിശ്വസിക്കയും ഇതിനെപ്പററി വാദപ്രതിവാദങ്ങൾ ചെയ്കയും ചെയ്തു. "വരുന്നവരെയൊക്കെ ധനമില്ല, മാനമില്ല; പഠിപ്പില്ല, ഉദ്യോഗമില്ല, സൗന്ദൎയ്യമില്ല, സ്വഭാവഗുണമില്ല, എന്നോരൊ കുററങ്ങൾ പറഞ്ഞു നിഷേധിച്ചു നിഷേധിച്ച് യൗവനം മുഴുവൻ നശിക്കാറായ രാധയ്ക്ക് ഇതു നല്ല സംബന്ധം തന്നെ;"— "ഈ സംബന്ധം നടത്തിയാൽ പണിക്കൎക്കു കടം വീട്ടാതെ കഴിക്കാം;" — "ഈ മാന്യകുടുംബത്തിൽ കടന്നു കൂടിയാൽ കുറുപ്പിന്നും ഭാഗ്യംതന്നെ;" — എന്നിങ്ങിനെ ജനങ്ങൾ ഓരോരുത്തർ ഇരുകക്ഷിക്കാരുടെയും 'ഫീസില്ലാവക്കാലത്തു' പിടിച്ചു വാദിച്ചു. ഈ സംസാരങ്ങളും വാദങ്ങളും കേൾക്കയാൽ, അമ്മുക്കുട്ടിക്കു മാത്രം മനസ്സു വ്രണപ്പെട്ടു. താമരശ്ശേരിയിലെ നായികാസ്ഥാനം രാധയ്ക്കോ? ഹാ! താൻ ജനിച്ചുവളൎന്ന തന്റെ പ്രിയപ്പെട്ട ഭവനത്തിലെ രാജ്ഞീപദം രാധയ്ക്കു ലഭിക്കുന്നതു് താൻ എങ്ങിനെ സഹിക്കും? അയ്യോ! പ്രിയപ്പെട്ട ആ സ്ഥലത്തെ ഭാഗീരഥി അലങ്കോലപ്പെടുത്തുന്നതു ഇതിലും സഹിക്കത്തക്കതുതന്നെ. ഈ വിചാരങ്ങൾകൊണ്ടു അമ്മുക്കുട്ടിയുടെ മനസ്സ് വ്യാകുലമായി. ഇതു മാത്രമോ? ഇതിച്ചും കു

റിനാതരമായ വേദനയും അവൾ അനുഭവിച്ചു. എന്നാൽ ആ വേദനയുടെ കാരണത്തെ അവ്യക്തമായിട്ടെങ്കിലും ചികഞ്ഞറിയുവാൻ അവൾ ശ്രമിച്ചില്ല. അതു്, പക്ഷേ, തൻെറ മാന്യതക്കുടുത്തതല്ലെന്നു് അവൾ വിചാരിച്ചിരിക്കാം. അഥവാ, കാരണം ആരാഞ്ഞറിഞ്ഞാലും, അതിനെ നീക്കിക്കളക അസാദ്ധ്യമെന്നറികയാലായിരിക്കാം, അവൾ, മൌനമവലംബിക്കുന്നതു്. എന്നാൽ ആ മൌനക്ലേശം തൻെറ അരുണകപോലങ്ങളിൽ വെൺചായമിടുന്നു എന്നും, കണ്ണുകളുടെ പ്രഭയെ മങ്ങിക്കുന്നു എന്നും, അവൾ അറിഞ്ഞതുമില്ല.

പടിപ്പുര വീട്ടിൽ പണ്ടെങ്ങും പതിവില്ലാത്ത ഒരു വിരുന്നിനുള്ള വട്ടമാണു്. രാധയുടെ പിറന്നാൾ സദ്യ കോലാഹലമായി കൊണ്ടാടുവാൻ തീച്ചയാക്കി കോപ്പുക്കൂട്ടിത്തുടങ്ങിയിരിക്കുന്നു. രാധയുടെ അമ്മാമൻ, കൊട്ടാരം സവ്വാധികാൎയ്യക്കാരും, അദ്ദേഹത്തിൻെറ ബന്ധുക്കളും, കല്യാണി അമ്മയുടെ പ്രബലന്മാരായ മറ്റു ബന്ധുക്കളും, പിറന്നാൾ സദ്യക്കു വരുന്നുണ്ടെന്നുള്ള വൎത്തമാനം കാലേക്കൂട്ടിത്തന്നെ വരപുരത്തുള്ള ആളുകളെ അറിയിച്ചിട്ടുണ്ടു്. സദ്യക്കും സല്ക്കാരത്തിനും വേണ്ടുന്ന സാമാനങ്ങൾ ഒക്കെ, മേൽത്തരത്തിൽ ഉള്ളവ, നന്ദപുരിയിൽ നിന്നാണു് വരുത്തിയിരിക്കുന്നതു്. അതിഥികൾക്കു 'പ്രാജ്യാജ്യ സ്നപിത സിതാന്ന സൂപ പൂപ'മായി സദ്യ നൽകുവാൻ വേണ്ടി, സൂദവിദ്യയിൽ അദ്വിതീയനായ ഒരു പരദേശബ്രാഹ്മണനെ, സവ്വാധികാൎയ്യക്കാർ തന്നെ അയച്ചിരിക്കുന്നു. തൻെറ കുലമഹിമയേയും ബന്ധുജനപ്രാബല്യത്തെയും കുറുപ്പിനെ ധരിപ്പിച്ചു്, അയാളുടെ കണ്ണിൽ പൊടിയിട്ടു മയക്കാൻ വേണ്ടിയാണു് കല്യാണി അമ്മയും പണിക്കരും ഉദ്യമിക്കുന്നതു്, എന്നൊരു ജനശ്രുതിയും പരന്നിട്ടുണ്ടു്. കുറുപ്പിനെ വിശേഷാൽ സല്ക്കരിച്ചു്, അയാൾക്കു പ്രത്യേക മാന്യത നല്കുന്നതിനും, വരപുരവാസികളുടെ ഇടയിൽ അയാളുടെ പ്രാധാന്യത്തെ സ്ഥാപിക്കുന്നതിനും വേണ്ടിയാണു് ഈ വിരുന്നുസല്ക്കാരം നടത്തുന്നതു് എന്നും,

ചിലർ കുറുപ്പിനോടു പറഞ്ഞിരിക്കുന്നു. തനിക്കു മാന്യത നല്കാൻ ഉദ്ദേശിക്കുന്ന ആ സുമനസ്സുകളോടു കൃതജ്ഞത കാണിക്കേണമെന്നു കുറുപ്പും കരുതിട്ടുണ്ട്. എന്നാൽ വിവാഹകാൎയ്യത്തെപ്പററി സംസാരിച്ചവരോട്, അയാൾ ഒരു മറുപടിയും പറഞ്ഞിട്ടില്ല. സ്വകാൎയ്യാഭിലാഷങ്ങളെ പുറത്തു പറയുന്നതു് മഹാമനസ്കന്മാരുടെ ധൎമ്മമല്ലല്ലോ.

ജന്മനക്ഷത്രോത്സവദിവസം, കുറുപ്പ്, ക്ഷണമനുസരിച്ച്, മക്കളോടൊന്നിച്ച് പടിപ്പുരവീട്ടിൽ പോകുകയും, നന്ദിപൂൎവ്വം സല്ക്കാരം സ്വീകരിക്കയും ചെയ്തു. അവിടെയുണ്ടായ അനാവശ്യങ്ങളായ ആഡംബരങ്ങളും തമാശകളും മററും അയാൾക്കു രസിതമായില്ല; എന്നാൽ തന്റെ നീരസത്തെ പുറത്തു കാണിച്ചുമില്ല. അന്നത്തെ ആവശ്യത്തിനു വേണ്ടിവന്ന പുഷ്പങ്ങൾ എല്ലാം താമരശ്ശേരിയിൽനിന്ന് കുറുപ്പാണ് അയച്ചിരുന്നതു്. പിറന്നാളിനെ അനുമോദിച്ച്, ബന്ധുജനങ്ങളിൽനിന്ന് പലേ സമ്മാനങ്ങൾ രാധയ്ക്കു ലഭിച്ചു. അക്കൂട്ടത്തിൽ കുറുപ്പയച്ച പുഷ്പങ്ങളെയും അവൾ സമ്മാനമായി കരുതുകയും ആ സമ്മാനത്തിന്റെ ഔചിത്യത്തെപ്പററി കല്യാണിഅമ്മ അതിഥികളോടു സംസാരിക്കയും ചെയ്തു. അവിടെ കൂടിയിരുന്ന പല യുവതികൾക്കും രാധയുടെ ഭാഗ്യത്തിൽ അസൂയ തോന്നി. "കടം തെണ്ടി താസിൽദാരുടെ മകൾക്കു കുറുപ്പിനെ കിട്ടുന്നതു് അലഭ്യലാഭം തന്നെ!"—"മൂത്തു നരച്ച ആ പെണ്ണിനു നല്ലൊരു ഭൎത്താവിനെ കിട്ടുന്നതു് എളുപ്പമായ കാൎയ്യമോ?"—"പന്ത്രണ്ടു വയസ്സായ പെണ്ണിനെയും കൊടുത്തു് ഒരു മഞ്ഞപ്പാട്ടും കൂടെ പാടാൻ ഒരുക്കമുള്ളവർ ഉള്ളപ്പോൾ അയാൾക്കു ഇവളേ വേണ്ടൂ എന്നു വന്നതു അവളുടെ ഭാഗ്യമോ അയാളുടെ ഭാഗ്യദോഷമോ?" ഇങ്ങിനെയായിരുന്നു സ്ത്രീകളുടെ ഇടയിൽ ഉണ്ടായ സംസാരം.

വിരുന്നിനു കൂടിയ സ്ത്രീജനങ്ങളുടെ കൂട്ടത്തിൽ, താമരശ്ശേരിയിലെ മരിച്ചുപോയ കാരണവരുടെ ഭാൎയ്യ ലക്ഷ്മി അ

മ്മയും, അവരുടെ സഹോദരീപുത്രിയായ കമലയും ഉണ്ടായിരുന്നു. മുൻ ഒരദ്ധ്യായത്തിൽ പ്രസ്താവിച്ചിരുന്ന പ്രകാരം, ലക്ഷ്മി അമ്മ ചിറസ്സൽ പാൎപ്പു തുടങ്ങീട്ടു, ഏറെ നാൾ കഴിഞ്ഞിട്ടില്ല. സമീപസ്ഥന്മാർ അവരെ സ്വീകരിച്ചു തുടങ്ങിയതേ ഉള്ളു. പിറന്നാൾ സദ്യെക്കു അവരെ ക്ഷണിക്കണമെന്നു് പടിപ്പുരവീട്ടുകാർ ആദ്യം വിചാരിച്ചിരുന്നില്ല. വിശേഷകാരണത്താലോചിരുന്നു, ഒടുവിൽ അവരെയും ക്ഷണിക്കാനിടയായതു്. കരക്കാരെ ക്ഷണിച്ചസമയം, കല്യാണി അമ്മ, താൻ തന്നെ നേരേണത്തുപോയി നാരായണി അമ്മയേയും മക്കളേയും ക്ഷണിച്ചു. എന്നാൽ, നാരായണി അമ്മ ഉള്ളതും ഇല്ലാത്തതും ആയ പലേ അപവാദങ്ങൾ പറഞ്ഞു്, കല്യാണി അമ്മയെ അപഹസിക്കയും, "തെണ്ടികളുടെ വീട്ടിൽ കുറുപ്പിനെപ്പോലെയുള്ള എരപ്പാളികളെ ക്ഷണിച്ചു കൂട്ടുകയാണ നല്ലതു്; മാനംമൎയ്യാദയായിരിക്കുന്ന പെണ്ണുങ്ങൾ വരുകയില്ല" എന്നു നിന്ദിക്കയും ചെയ്തു കല്യാണി അമ്മ അത്യന്തം കുണ്ഠിതപ്പെട്ടു് മടങ്ങിവന്നു് മക്കളുമായി ആലോചിച്ചു്, നാരായണി അമ്മയെ തോല്പിക്കണമെന്നു നിശ്ചയിച്ചു. ഇതിന്നു വേണ്ടിയാണു് ചിറസ്സലേക്കു ക്ഷണമയച്ചു ലക്ഷ്മി അമ്മയേയും കമലയേയും വരുത്തിയതു്. എന്നാൽ കത്തയച്ചു കഴിഞ്ഞതിൽ പിന്നെ കല്യാണി അമ്മ തന്റെ പ്രവൃത്തി അവിവേകമായിപ്പോയി എന്നു പശ്ചാത്തപിച്ചു. എന്നാലെന്തു്? അതുകൊണ്ടു ഫലമുണ്ടോ?

ലക്ഷ്മി അമ്മെക്കു ഈ ക്ഷണക്കത്തു കിട്ടിയതു്, തേടിയ വള്ളി കാലിൽ ചുററിയപോലെയായി. പടിപ്പുര വീട്ടുകാരെപ്പോലെയുള്ള പ്രമാണികൾ തന്നെ കൂട്ടിനടത്തിയാൽ, മററുള്ളവരൊക്കെ പിന്തുടൎന്നുകൊള്ളും എന്നു്, അവൎക്കു ബോധപ്പെട്ടിരുന്നു. വിശേഷിച്ചും, നാരായണി അമ്മയുടെ ആപ്തമിത്രങ്ങൾ തന്നെ ക്ഷണിക്കുന്നതു്, തന്റെ പേരിൽ അന്നാട്ടുകാൎക്കുള്ള ശത്രുത മുഴുവൻ നശിച്ചു എന്നുള്ളതിന്നു മതിയായ തെളിവല്ലേ? പിറന്നാൾ ദിവസം പുലച്ചയായപ്പോൾ ലക്ഷ്മി

ഷ്മിഅമ്മ വരപുരത്തേക്കു പുറപ്പെടാൻ ഒരുങ്ങിത്തുടങ്ങി. വിക്രമ ഉണ്ണിത്താന്റെ ഭാൎയ്യ സൌന്ദൎയ്യവതിയാണെന്നു് വായനക്കാർ ധരിച്ചിട്ടുണ്ടല്ലൊ. രണ്ടു കൊല്ലത്തിലധികം കാലം വൈധവ്യവ്യഥ അനുഭവിച്ചു കഴിഞ്ഞു എങ്കിലും, ലക്ഷ്മി അമ്മയുടെ സൌന്ദൎയ്യത്തിന്നു് ഒരു കുറവും ഉണ്ടായിട്ടില്ല. നാല്പതിൽ പരം വയസ്സുചെന്ന ഈ സ്ത്രീയെക്കണ്ടാൽ, നമ്മുടെ രാധയേക്കാൾ അധികം പ്രായമുണ്ടെന്നു പറവാൻ സാമാന്യബുദ്ധികൾ ആരും ഒരുങ്ങുകയില്ല. ചെറുപ്പം തുടങ്ങി തന്റെ സൌന്ദൎയ്യത്തെ നിലനിൎത്തിപ്പോവാനുള്ള അത്യുല്ക്കണ്ഠയാൽ, അതിനെ അലങ്കാരങ്ങൾ കൊണ്ടു പോഷിപ്പിക്കാൻ ശ്രമിക്കയും, അതിനു കുറവു വന്നുപെടാതിരിക്കുന്നതിലേക്കു വേണ്ട മുൻകരുതലുകൾ ചെയ്കയും ചെയ്തുവന്ന ഈ സ്ത്രീയുടെ ദേഹകാന്തി, പ്രൌഢാവസ്ഥയിലും അത്ഭുതകരമായിത്തന്നെ ഇരിക്കുന്നു. സ്വഭാവേന തന്നെ അലങ്കാരത്തിൽ ആസക്തിയോടുകൂടിയ ഈ സ്ത്രീ, വൈധവ്യത്തിലും ദേഹാലങ്കാരങ്ങളെ ഉപേക്ഷിച്ചില്ല. ഏതു വിധമായ അലങ്കാരവും വളരെ യോജിപ്പായിരുന്നതിനാൽ ഇവരുടെ മോടിയെപ്പറ്റി ആരും കുററം പറവാൻ തുനിഞ്ഞില്ല.

വിരുന്നുദിവസം രാവിലെ കുളിച്ചു കുറിയുമിട്ടു്, പ്രായോചിതമായ ആഭരണങ്ങളും വസ്ത്രങ്ങളും ധരിച്ചു്, കമലയെ പുതിയ പരിഷ്കാരരീതിയിൽ ഉടുപ്പിച്ചു് ലക്ഷ്മി അമ്മ വണ്ടിയിൽ കയറി, വരപുരത്തു പടിപ്പുരവീട്ടിൽ എത്തി. ലക്ഷ്മി അമ്മ, താമരശ്ശേരിയിലെ രാജ്ഞീപദം കഴിഞ്ഞു് ആ പ്രദേശം വെടിഞ്ഞുപോയി ഏറെക്കാലം കഴിഞ്ഞതുനിമിത്തം പടിപ്പുരവീട്ടിൽ കൂടിയിരുന്ന യുവജനങ്ങൾക്കാൎക്കും, ആ സ്ത്രീ മുഖപരിചിതയായിരുന്നില്ല; എന്നു വരുകിലും, കണ്ടമാത്രത്തിൽ പരിചയപ്പെടുവാൻ അക്കൂട്ടർ ഔത്സുക്യം കാണിക്കയും, കുറെ കഴിഞ്ഞപ്പോൾ ലക്ഷ്മി അമ്മ എല്ലാവരുടെയും 'അമ്മായി' യായിത്തീരുകയും ചെയ്തു. കമലയും, അവളുടെ സൌന്ദൎയ്യവിശേഷത്താലും, സൌന്ദൎയ്യത്തെ വേണ്ടുംവണ്ണം പ്രകാശിപ്പി

കന്ന അലങ്കാരങ്ങളാലും, പ്രേക്ഷകപ്രേക്ഷിതയായി ഭവിച്ചു. അവളുടെ അകൃത്രിമഭാവങ്ങളും, വിനയമധുരമായ സംഭാഷണവും അവിടെ കൂടിയിരുന്ന ജനങ്ങളുടെ ഹൃദയത്തെ കവന്നു. "ഈ പെണ്ണ് ഏതാണ്?" എന്നു ചോദിക്കാത്തവരായി അവിടെ ഏറെപ്പേർ ഉണ്ടായിരുന്നില്ല. അന്നു വൈകുന്നേരമായതിനിടയ്ക്ക്, കമലയും, ഭാഗീരഥിയും ഉററ ചങ്ങാതികളായിത്തീന്നു; പിരിഞ്ഞു പോവാൻകൂടി രണ്ടാൾക്കും മനോവേദനയായി. പിരിയുമുമ്പ്, ഭാഗീരഥി കമലയോട്, "കമലേ ഇനി എന്നാണ് നാം തമ്മിൽ കാണുക? ഒരു ദിവസം താമരശ്ശേരിയിൽ വരുമോ?" എന്നു ചോദിച്ചു.

കമല:—വല്യമ്മ അയയ്ക്കുമെങ്കിൽ വരാം. എനിക്കു താമരശ്ശേരി കാണേണമെന്നു വളരെ ആഗ്രഹമുണ്ട്. അവിടെ വിശേഷപ്പെട്ട ഒരു പൂന്തോട്ടം ഉണ്ടെന്നും മററും വല്യമ്മ പറഞ്ഞു കേട്ടിട്ടുണ്ട്.

ഭാഗീ:—ഉണ്ട്; അതിപ്പോൾ പണ്ടത്തേതിലും എത്രയോ കേമമായിരിക്കുന്നു എന്നു രാധ പറയുന്നു. ഞാൻ അച്ഛനെക്കൊണ്ടു വല്യമ്മയോടു ശിപാൎശ ചെയ്യിക്കട്ടെയോ, കമലയെ അവിടെ കൊണ്ടുവരാൻ?

കമല:—വല്യമ്മ കൂടെ വരുമെങ്കിൽ നന്ന്; അധികം നേരം താമസിക്കാമല്ലോ.

ഇതു കേട്ടുകൊണ്ടുവന്ന കൃഷ്ണക്കുറുപ്പു പറഞ്ഞു:—"അധികം നേരമല്ല; അധികം ദിവസം തന്നെ താമസിക്കണം. ഞാൻ ശിപാൎശ ചെയ്യാം അമ്മയോട്—"

കൃഷ്ണക്കുറുപ്പിനെ ലക്ഷ്മി അമ്മ പണ്ടു കണ്ടിട്ടുപോലുമില്ല. അയാളുടെ കഥ ഈയിടെ കേൾക്കാനിടയായി എങ്കിലും അവൎക്കു അയാളോടു ബഹുമാനമല്ലാതെ നിന്ദ തോന്നിയിരുന്നില്ല. അതിനാൽ, കുറുപ്പ് അവരോടു മകളേയും കൊണ്ട് താമരശ്ശേരിയിൽ വന്ന് ഏതാനും നാൾ പാൎക്കണമെന്നു ക്ഷണിച്ചപ്പോൾ, അവർ യാതൊരു വിസമ്മതവും കൂടാതെ ക്ഷണനം കൈക്കൊണ്ടു. താൻ സൎവ്വാത്മനാ പ്രണയിച്ചിരുന്ന

ഭർത്താവിൻെറ സംസ്കാരസ്ഥലത്തെ സന്ദർശിക്കാനുള്ള ഭാഗ്യം സിദ്ധിച്ചുവല്ലൊ എന്നു വിചാരിച്ച്, അവർ കുറുപ്പിനോടു ഹൃദയപൂർവ്വം നന്ദിപറഞ്ഞു പിരിഞ്ഞു.

## അദ്ധ്യായം, ൮.

### ഭാഗീരഥിയുടെ ഉദ്യമങ്ങൾ.

താമരശ്ശേരി ഭവനത്തിനു സമീപത്തായി, ആ വീട്ടുകാരുടെ വക പറമ്പിൽ അനേകം കുടിലുകൾ ഉണ്ട്. ഉണ്ണിത്താന്മാരുടെ കാലത്ത് ഈ കുടിലുകളിൽ പാർത്തിരുന്നവർ, താമരശ്ശേരിവക പാടങ്ങളിലും പറമ്പുകളിലും പണിയെടുത്ത് നിത്യവൃത്തി കഴിച്ചുവന്നു. താമരശ്ശേരി വസ്തുവകകൾ ഒന്നൊന്നായി അന്യാധീനപ്പെട്ട്, പണി ഒന്നും കിട്ടാതായിട്ടും പല തലമുറയായി പാർത്തുപോന്ന ആ കുടിലുകളെ അവർ ഉപേക്ഷിച്ചു പോയില്ല. ഔദാര്യനിധികളായ ഉണ്ണിത്താന്മാർ അവരെ ആട്ടിപ്പുറത്താക്കിയതുമില്ല. അവർ ഉണ്ണിത്താന്മാരുടെ പണിക്കാർ എന്ന നിലയിൽ പാർക്കുകയും, ഉത്സാഹശീലന്മാരായ ചിലർ ദൂരസ്ഥലങ്ങളിൽ പോയി പണി എടുത്തു മടങ്ങി വരുകയും ചെയ്തിരുന്നു. ഉണ്ണിത്താന്മാരുടെ പ്രാബല്യം അസ്തമിച്ചതോടുകൂടെ ഇവരുടെ ഗതിയും അവസാനിച്ചു. കുഡുംബങ്ങൾ ഒട്ടുമുക്കാലും ദാരിദ്ര്യത്തിൽ പെട്ടുഴലുവാൻ തുടങ്ങി. കൃഷ്ണക്കുറുപ്പ് താമരശ്ശേരി കൈയേററ കാലത്തു ഇവരുടെ അവസ്ഥ അതിശോചനീയമായിരുന്നു. പുരുഷന്മാർ ചിലർ പണി കിട്ടാതെ അലഞ്ഞുതിരിഞ്ഞു; പലർ പാശികളിച്ചും കള്ളുകുടിച്ചും സമയം കഴിച്ചു. സ്ത്രീകളും കുട്ടികളും ഭക്ഷണം കിട്ടാതെ തെണ്ടിത്തിരിഞ്ഞു തുടങ്ങി. കുറുപ്പിനും മക്കൾക്കും ഇക്കൂട്ടരുടെ സങ്കടത്തിൽ മനസ്സലിഞ്ഞു; എന്നാൽ അവരെ സഹായിക്കുന്നതിനുവേണ്ടി കുറുപ്പു ചെയ്ത ശ്രമങ്ങൾ

ഫലിച്ചതേയില്ല. കുറുപ്പിന്റെ നേക്കുള്ള അസൂയകൊണ്ടും, മാധവനുണ്ണിത്താന്റെ പ്രേരണകൊണ്ടും, അവർ കുറുപ്പിന്റെ സഹായത്തെ കൈക്കൊണ്ടില്ല. തെണ്ടിത്തിരിയുന്ന സ്ത്രീകളേയും കുട്ടികളേയും സഹായിക്കുവാൻ, ഭാഗീരഥിക്കു ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ബാല്യപ്രായം കടന്നിട്ടില്ലാത്തവളും, ലോകപരിചയം അല്പംപോലും ലഭിച്ചിട്ടില്ലാത്തവളും, ആയ ആ പെൺകുട്ടിക്ക് ആ ദരിദ്രജനങ്ങളുമായി എങ്ങിനെ ഇടപെടേണ്ടൂ എന്നു അറിവില്ലായിരുന്നു. അവരെ സഹായിക്കുവാൻ, പല മാർഗ്ഗങ്ങൾ അവൾ ആലോചിച്ചു[illegible]; എന്നാൽ അപരിചിതരായ അവരുടെ സ്വഭാവത്തെപ്പറ്റി നല്ല നിശ്ചയമില്ലാതെ എന്തെങ്കിലും പ്രവർത്തിക്കുവാൻ, അവൾക്കു ധൈര്യമുണ്ടായില്ല. തന്റെ ഭീരുത്വത്തെ ശപിച്ചും, ആ പ്രദേശത്തുള്ള വലിയ തറവാട്ടുകാരുടെ സ്വാർത്ഥതല്പരതയെ പഴിച്ചും, കഴിഞ്ഞുകൂടുന്നതിന്നിടയ്ക്കാണു, അവൾക്കു പടിപ്പുരവീട്ടിലെ പെൺകുട്ടികളുടെ സഖ്യം ലഭിച്ചതു്. അവൾ പുതിയ സഖിയായ രാധയോടു തന്റെ മനോരഥങ്ങളെ തുറന്നു പറഞ്ഞപ്പോൾ, രാധ ആദ്യം അവളെ അപഹസിച്ചു. എന്നാലും പലവുരു സംസാരിച്ചതിന്റെ ഫലമായി രാധ തുണയായി നില്ക്കാമെന്നു സമ്മതിച്ചു. ദാരിദ്ര്യത്താലും ക്ഷീണതയാലും ക്ലേശിച്ചുവന്ന സ്ത്രീകളിലും കുട്ടികളിലും പലരോടു രാധയ്ക്കു നല്ല പരിചയമുണ്ടായിരുന്നു. അവരെ രാധ താമരശ്ശേരിയിൽ കൂട്ടിച്ചുകൊണ്ടുപോകയും, ഭാഗീരഥി അവർക്കു അന്നവസ്ത്രാദികൾ കൊടുക്കുകയും ചെയ്തു.

രാധയും സഹോദരിമാരും താമരശ്ശേരിയിൽ ഇടവിടാതെ പോകയും, ആ വീട്ടുകാരോടു അതിപരിചയം ഭാവിക്കയും ചെയ്യുന്നതിനുണ്ടായ ആദ്യകാരണം മേൽ വിവരിച്ചതായിരുന്നു. ജനങ്ങൾ ഈ സ്ത്രീകളുടെ നടവടിയെ തെറ്റിദ്ധരിച്ചു ദൂഷണം ചെയ്തു. അതിൽ അത്ഭുതപ്പെടുവാനുണ്ടോ? കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി ചികഞ്ഞറിയാതെ വെറും ഊ

ഹംകൊണ്ടു് അപവാദങ്ങൾ കെട്ടിയുണ്ടാകുന്നതു ലോകസ്വഭാവമാണല്ലോ.

രാധയെ കൃഷ്ണക്കുറുപ്പ് വിവാഹം ചെയ്യുമെങ്കിൽ, താസിൽദാക്കും ഭാൎയ്യയ്ക്കും ജന്മം സഫലമാവുമെന്നതിനു സംശയമില്ല. എന്നാലും, രാധയ്ക്കു കുറുപ്പു ഭൎത്താവാകുന്നതിനേക്കാൾ കുറുപ്പിനു രാധ 'ഏഴാമെടം' ആവുന്നതാണ് അതിഭാഗ്യം എന്നും വായനക്കാർ ധരിക്കണം. കൊട്ടാരം സൎവ്വാധികാൎയ്യക്കാരുടെ ഭാഗിനേയിയെ വിവാഹം ചെയ്താൽ കുറുപ്പിന്റെ ആഗ്രഹങ്ങളുടെ പരമാവധിയായ മാന്യത അയാൾക്കു ലഭിക്കുമെന്നുള്ളതു നിശ്ചയമല്ലേ?

ദാരിദ്ര്യദേവതയുടെ സന്താനമായി ജനിച്ചു വളൎന്നു് സ്വപ്രയത്നംകൊണ്ടു മാത്രം ധനവാനായിത്തീരുന്ന ഒരുവനു തന്റെ ധനത്തിനൊപ്പം മാന്യതയും ലഭിക്കണം എന്നായിരിക്കും അധികം ആഗ്രഹം. പുരാതനമാന്യകുടുംബങ്ങളുമായി കിടനില്ക്കത്തക്ക യോഗ്യത തനിക്കില്ലെന്നു് അയാൾക്കു ബോധമുണ്ടു്. അവരുടെ കൂട്ടത്തിൽ തനിക്കു പ്രവേശം അനുവദിക്കുന്നുവെങ്കിൽ അതു് അവരുടെ ഔദാൎയ്യത്തിന്റെ ഫലമാണെന്നും അയാൾക്കറിയാം. താൻ അവൎക്കു സമനല്ലെന്നും, 'ഇന്നലെ പെയ്ത മഴയ്ക്കു്, ഇന്നു കുരുത്ത തകര'യാണെന്നും, തന്റെ ധനംകൊണ്ടു മാത്രമാണു് അവരുടെ പരിചയത്തിന്നിടയായതെന്നും, ഒരു 'വന്നൊട്ടി'യായിട്ടേ അവർ തന്നെ ഗണിക്കുന്നുള്ളു എന്നും മനസ്സിലാക്കാൻ അയാൾക്കു് ഏതും പ്രയാസമില്ല. ആ മാന്യകുടുംബക്കാരുടെയിടയിൽ, തനിക്കു് ഒരു മാന്യപ്രതിഷ്ഠ ലഭിപ്പാൻ തന്റെ ധനംകൊണ്ടു കഴികയില്ലതന്നെ. എന്നാൽ ഒരു പുരാതനകുടുംബവുമായി ബാന്ധവത്തിന്നിടവന്നാൽ, അതു തന്റെ പരമഭാഗ്യമെന്നു പറയാം. ജനങ്ങൾ അയാളുടെ പൂൎവ്വസ്ഥിതിയെ ഉടൻ മറക്കയും, തങ്ങളുടെ ഇടയിൽ അയാൾക്കു സമത്വവും, ചിലപ്പോൾ കൂടുതൽ മാന്യതയും നല്കുകയും ചെയ്യും.

പടിപ്പുരവീട്ടുകാരുമായുള്ള ബാന്ധവത്താൽ കുറുപ്പിന്നുണ്ടാകാവുന്ന ഗുണലാഭത്തെപ്പററിയും, വരപുരത്തുകാർ സംസാരിച്ചുതുടങ്ങി. രാധതന്നെയാണു താമരശ്ശേരിയിലെ നായികയാവാൻ പോകുന്നതെന്നു് അവർ തീർച്ചയാക്കി. എന്നാൽ രാധയുടെ അമ്മാമന്നു് ഈ ബാന്ധവം രസിക്കുമോ എന്നു്, ചിലൎക്കു സംശയമായി. "അന്യദിക്കുകാരനായിരുന്നാൽ തരക്കേടില്ലായിരുന്നു കണ്ണാലിക്കാരന്റെ മകൻ കൃഷ്ണനെ ആൎക്കാണു് കാമ്മ്യമില്ലാത്തതു്? ഇയാളുടെ ഭാൎയ്യയാകുന്നതു രാധയ്ക്കു പോരായ്മയല്ലേ?" എന്നു, ചിലർ അപഹാസസൂചനയായി തലകുലുക്കിപ്പറഞ്ഞുതുടങ്ങി. എന്നാൽ, നാരായണിഅമ്മയ്ക്കൊഴികെ, മററാൎക്കും പടിപ്പുരവീട്ടുകാരുടെ നേരെ നോക്കി അഭിപ്രായം പറവാൻ ധൈൎയ്യമുണ്ടായില്ല. ആ സ്ത്രീയാകട്ടെ, കല്യാണിഅമ്മയെ യദൃച്ഛയാ കണ്ടുമുട്ടിയപ്പോൾ, "കല്യാണി! നിന്റെ നാണവും മാനവുമൊക്കെ എവിടെപ്പോയി? ഈ എരപ്പാളിയല്ലാതെ ആരും വരില്ലെന്നോ നിന്റെ മകൾക്കു്?"—എന്നു ചോദിച്ചു.

കല്യാ. അ:—നീ അസംബന്ധം പറയാതിരിക്കു്. കുറുപ്പിന്നു രാധയുടെ അച്ഛനാകാൻ പ്രായമുണ്ടു്. അയാൾ ഇക്കാൎയ്യം ആലോചിച്ചിട്ടേ ഇല്ല. ഭാഗീരഥിയുമായുള്ള സ്നേഹംകൊണ്ടാണു കുട്ടികൾ അവിടെ പോവുന്നതും വരുന്നതും.

നാ. അ:—എന്തിനാണു കളവു പറയുന്നതു്? എത്രനാൾ ഒളിച്ചുവയ്ക്കും? കുറുപ്പു് നിന്റെ മരുമകനായാൽ കൊള്ളാമെന്നു നിനക്കു് ആഗ്രഹമില്ലയോ? പരമാൎത്ഥം പറ. പ്രായത്തിന്റെ കഥ പോകട്ടെ. രാധ നിന്റെ മൂത്ത മകളല്ലയോ? പത്തിരുപത്തെട്ടു വയസ്സായില്ലയോ? കുറുപ്പിന്നു് ഒരു പത്തു വയസ്സു കൂടുതലുണ്ടാകും. കണ്ടാൽ അത്രതന്നെ തോന്നുന്നില്ല.

കല്യാ. അ:—രാധയ്ക്കു് അടുത്ത പിറന്നാളിന്നു് ഇരുപത്തഞ്ചു തികയും, അത്രേയുള്ളു.

നാ. അ—എത്രയെങ്കിലുമാകട്ടെ. അറുപതു തികഞ്ഞാൽ പോലും കറുപ്പിനു വിരോധമുണ്ടായിരിക്കില്ല—ഉള്ളിൽ ക്രൂറുകൊണ്ടുള്ള സംബന്ധമല്ലല്ലൊ. അയാൾക്കു നിന്റെ തറവാട്ടിൽ സംബന്ധം വേണമെന്നേ ആഗ്രഹമുള്ളു. എങ്കിലേ ഇവിടത്തെ ആളുകളൊക്കെ അയാളെ ബഹുമാനിക്കു എന്നു നല്ല ബോധമുണ്ട്. വരപുരത്തുകാർ അത്ര മോശക്കാരാണെന്നു വിചാരിക്കേണ്ട. അയാളുടെ പണവും മോടിയും മററും കണ്ടാൽ അവർ ഭ്രമിച്ചുപോകയില്ല. കൊട്ടാരം സർവാധികാര്യക്കാരുടെ ബന്ധുവായാൽ അവരൊക്കെ തനിക്കു കീഴടങ്ങി തന്നെ ബഹുമാനിക്കുമെന്നായിരിക്കാം, അയാളുടെ വിചാരം. അതിനു കാലമായിട്ടില്ല.

കല്യാണി അമ്മയ്ക്കു ഉത്തരംമുട്ടി. ഈ സഖികൾ തമ്മിൽ ഏതു കാര്യവും തടവില്ലാതെ സംസാരിക്ക പതിവുണ്ട്. എന്നാൽ അവർ തമ്മിലുണ്ടാകുന്ന വാദപ്രതിവാദങ്ങളിൽ, കല്യാണിഅമ്മയ്ക്കായിരുന്നു സാധാരണ ജയം കിട്ടുക. ന്യായവും പരമാർത്ഥവും അവരുടെ ഭാഗത്തായിരിക്കും. എന്നാൽ പരമാർത്ഥമായ തന്റെ ആഗ്രഹം താൻ മറച്ചുവയ്ക്കുക നിമിത്തം, കല്യാണിഅമ്മയ്ക്കു നാരായണി അമ്മയുടെ ചോദ്യങ്ങൾക്കു ശരിയായ മറുപടി കൊടുപ്പാൻ തരമില്ലെന്നായി. നാരായണിഅമ്മ പറയുന്നതു മുക്കാലും ശരിയാണെന്ന് അവർ മനസ്സിലാക്കി "നീ കാര്യമറിയാതെ എന്തിനാണ് ഇത്ര വളരെ കെട്ടിമെടഞ്ഞുണ്ടാക്കുന്നത്? നീ പറയുന്നതു ഒന്നും ശരിയല്ല. കുറുപ്പ് ഇന്നാട്ടിൽ വന്നുചേർന്നതു വരപുരത്തുകാരുടെ ഭാഗ്യമെന്നു വേണം പറവാൻ. ഈ ക്ഷാമകാലത്ത്, പാവപ്പെട്ടവരെ അയാൾ എന്തുമാത്രം സഹായിക്കുന്നുണ്ടെന്നു നീ അറിയുന്നുണ്ടോ? മററാരാനും ഇങ്ങിനെ ചെയ്യുമോ? നിന്നെപ്പോലെയുള്ള കൂട്ടരുടെ അരികത്തു ചെന്നാൽ ഒരു ദിവസമെങ്കിലും ഒരു നേരത്തെ ആഹാരം കൊ

ട്ടക്കുമോ? കുറുപ്പ് ഇവിടെ വന്നതു് വരപ്പുരത്തുകാക്ക് ഒരനുഗ്രഹമായി"—എന്നു പറഞ്ഞു്, കല്യാണി അമ്മ പൊയ്ക്കളഞ്ഞു "പടിപ്പുരവീട്ടുകാക്ക് ഒരനുഗ്രഹംതന്നെ; സംശയമില്ല." എന്നു നാരായണിഅമ്മ പിറകേ വിളിച്ചുപറഞ്ഞു. കല്യാണി അമ്മ തിരിഞ്ഞുനോക്കാതെ പോയതേ ഉള്ളു.

ഈ സംഭാഷണം നടന്നതു് രാധയുടെ പിറന്നാളടിയന്തരത്തിനു മുൻപായിരുന്നു. രാധ, കല്യാണിഅമ്മയുടെ ആദ്യസന്താനമാണ്. അവൾക്കു വയസ്സ് ഇരുപത്തഞ്ചായി എങ്കിലും, 'മൂത്തുനരിച്ചു' എന്നു ജനങ്ങൾ സംസാരിച്ചുവന്നു എങ്കിലും, അവൾക്കു രവിവർമ്മയുടെ ചിത്രത്തിൽ കാണുന്ന ദേവസ്ത്രീകളോളം ദേഹകാന്തിയും പ്രൗഢിയും ഉണ്ടായിരുന്നു. വെളുത്തു ചെമന്നു തടിച്ച ശരീരവും, ഇരുണ്ടു ചുരുണ്ട തലമുടിയും, മുത്തിനൊത്ത പല്ലുകളും, പൊങ്ങിയ മൂക്കും, മൃദുവായ സംഭാഷണവും അവളുടെ പ്രത്യേകമായ ആകർഷണഗുണങ്ങളായിരുന്നു. വിദ്യാഭ്യാസകാര്യത്തിൽ അവൾ തീരെ പിന്നാക്കമായിരുന്നു. സ്വഭാഷ തെററുകൂടാതെ എഴുതാനും വായിക്കാനും തന്നെ നല്ല നിശ്ചയമില്ല. അവളുടെ ബാല്യകാലത്തിൽ അവളുടെ അച്ഛൻ തീരെ അപരിഷ്കൃതമായ ഒരു കുഗ്രാമത്തിലായിരുന്നു ഉദ്യോഗം വഹിച്ചു് പാൎത്തിരുന്നതു്. അവിടെയുള്ള ഒരു ചെകിടൻ ആശാൻെറ കീഴിൽ അവളെ എഴുത്തിനിരുത്തി. അങ്ങിനെ 'അമ്പത്തൊന്നക്ഷരവും' മനസ്സിലാക്കി. അതോടുകൂടെ അവൾ പഠിത്തവും മതിയാക്കി. കല്യാണിഅമ്മ സ്വഭാഷയിലും സംസ്കൃതത്തിലും നല്ല 'വ്യുൽപത്തി'യുള്ള സ്ത്രീയായിരുന്നു. എന്നാൽ വീട്ടുപണിത്തിരക്കിൽ മകളെ പഠിപ്പിപ്പാൻ അവൎക്കു സാധിച്ചില്ല. ആ അമ്മയ്ക്കു് ആണ്ടുതോറും പ്രസവമുണ്ടാവുകകൊണ്ടു്, രാധ ബാല്യത്തിലേതന്നെ, അമ്മയെ സഹായിപ്പാൻവേണ്ടി ഗൃഹഭരണവും ബാലപരിചരണവും ശീലിക്കേണ്ടിവന്നു. അങ്ങിനെ അവൾക്കു ഈ വിഷയങ്ങളിൽ അസാമാന്യമായപാടവം സിദ്ധി

ച്ചു. രാധയുടെ സാമത്ഥ്യം നിമിത്തമാണ് ഈ കുടുംബം, പുറമേ കശപിശ പറവാനിടയാക്കാതെ, തൃപ്തികരമായ വിധത്തിൽ കഴിഞ്ഞുകൂടുന്നത്. രാധ ശുദ്ധമനസ്സാണ്; നിത്യവൃത്തി സുഖമായി കഴിഞ്ഞുകൂടേണമെന്നല്ലാതെ, മററാഗ്രഹങ്ങൾ അവൾക്കില്ല. സുഭഗയും, സുശീലയുമായ ഇവൾക്കു യൗവനാരംഭം മുതൽ വിവാഹത്തിന് ആലോചനകൾ നടക്കുന്നുണ്ടായിരുന്നു. എന്നാൽ തന്റെ മകൾക്കു 'വിദ്യയും പ്രഭുത്വവും വിത്തവും' ഉള്ളവരെ കിട്ടേണമെന്നു ആഗ്രഹിച്ചിരുന്ന മാതാപിതാക്കന്മാൎക്ക് ആ ആലോചന ഒന്നും തൃപ്തികരമായില്ല. അതുകൊണ്ടു് രാധ അഛനമ്മമാരുടെ ശുശ്രൂഷയിൽതന്നെ തല്പരയായി ഗൃഹകൃത്യങ്ങൾ ചെയ്തു സന്തോഷിച്ചു. കുറുപ്പിനേയും തന്നെയും പററിയുള്ള അപവാദങ്ങൾ അവൾ കേൾക്കാനിടയായിട്ടും, ശുദ്ധമനസ്സാകകൊണ്ടു അതിൽ കുണ്ഠിതമോ സന്തോഷമോ ഉണ്ടായില്ല. കുറുപ്പിനും, അഛനമ്മമാൎക്കും, ബന്ധുജനങ്ങൾക്കും അതു മനസ്സാണെങ്കിൽ, അവരുടെ ആഗ്രഹപ്രകാരം നടക്കുവാൻ അവൾക്കും മനസ്സു തന്നെ. എന്നാൽ കുറുപ്പിന്റെ പേരിൽ അവൾക്കു പ്രത്യേകം അഭിനിവേശം ഉണ്ടായിട്ടില്ല; അതിനാൽ സംബന്ധം നടക്കാത്തപക്ഷത്തിൽ അവൾക്കു മനസ്താപപ്പെടുവാൻ കാരണവുമില്ല. കുറുപ്പിനെ വശീകരിക്കുവാൻ അവൾ മാതൃപ്രേരണയാൽ പ്രയത്നിക്കുന്നു എന്നുള്ള ദുഷ്പ്രവാദം കേവലം അസംബന്ധമായിരുന്നു.

രാധ കൂടക്കൂടെ താമരശ്ശേരിയിൽ പോകുന്നതു, ഭാഗീരഥിയെ അവളുടെ പരോപകാരവൃത്തിയിൽ സഹായിപ്പാനും ഉപദേശിപ്പാനും വേണ്ടിയാണെന്ന് വായനക്കാർ അറിഞ്ഞിട്ടുണ്ടല്ലൊ. ഭാഗീരഥി തന്റെ അയൽപക്കത്തു പാൎക്കുന്ന പാവപ്പെട്ട കുട്ടികൾക്കു പലേ സഹായങ്ങളും ചെയ്തു. എന്നാൽ ഈ ധൎമ്മപ്രവൃത്തിയിൽ പരിചയമൊ പൂൎവ്വവാസനയൊ ഇല്ലാതിരുന്ന ആ പെൺകുട്ടിക്ക്, രാധയുടെ സഹായവും ഉപദേശവും അത്യാവശ്യമായിരുന്നു. എന്നിട്ടും, പലപ്പോഴും അവൾ

ക്ക് അബദ്ധം പിണയുകയും, സദുദ്ദേശത്തോടുകൂടിയ അവളുടെ പ്രവൃത്തി അവളെ പരിഹാസപാത്രമാക്കയും ചെയ്വാനിടയായി. നെല്ലും പണവും 'പാഠിഃക്കാരി' ച്ചെലവു ചെയ്യുവാൻ കുറുപ്പ് അനുവദിച്ചിരുന്നു. നിസ്സഹായരല്ലാത്തവൎക്കുപോലും, ചിലപ്പോൾ അവൾ അരി, നെല്ല്, ചോറു മുതലായവ വേലക്കാരെക്കൊണ്ടു ചുമപ്പിച്ചുകൊണ്ടുപോയി കൊടുത്തുവന്നു. അലസന്മാരായ ചിലർ അവളുടെ ഈ പ്രസാദത്തെ അവകാശമായി ഗണിച്ച്, പണി എടുക്കേണ്ട സമയം മുഴുവൻ കള്ളുകുടിച്ചും ഭള്ളു പറഞ്ഞും വഴിയാത്രക്കാരെ അസഹ്യപ്പെടുത്തി. ഉണ്ണിത്താന്മാരുടെ കാലത്തും താമരശ്ശേരിയിലെ സ്ത്രീകൾ പാവപ്പെട്ടവരിൽ കരുണ കാണിച്ചിരുന്നു. എന്നാൽ അവരുടെ ദാനങ്ങൾ മാമൂലനുസരിച്ചായിരുന്നു. ആൎക്കാണു അന്നം വേണ്ടതു്, ആൎക്കാണു വസ്ത്രം വേണ്ടതു്, എന്നു് അവർ അന്വേഷിച്ചു നടന്നില്ല. ആവശ്യക്കാർ പിൻവാതല്ക്കൽ വന്നു യാചിക്കും; യാചിക്കുന്നവരാരും വെറും കൈയോടെ മടങ്ങുകയുമില്ല. വിശന്നു വരുന്ന പണ്ടാരങ്ങൾക്കു്, അടുക്കള മുററത്തു ചെന്നാൽ, കഞ്ഞിയും പുഴുക്കും കിട്ടും. എന്നാൽ ഭാഗീരഥിയാവട്ടെ, ക്ലേശവും ദാരിദ്ര്യവും നിറഞ്ഞ കുടിലുകളെ അന്വേഷിച്ചു നടന്നു; ഭിക്ഷയ്ക്കുവന്ന പണ്ടാരങ്ങൾക്കു പരിപ്പും നെയ്യും ചോറും കൊടുത്തു; കീറത്തുണി ചുററി നടന്നവൎക്കു കുപ്പായങ്ങളും കസവുമുണ്ടുകളും ദാനം ചെയ്തു. ഇങ്ങിനെയുള്ള ഔചിത്യമില്ലാത്ത ഔദാൎയ്യമാണ് അവളെ പരിഹാസപാത്രമാക്കിത്തീൎത്തതു്.

പടിപ്പുരവീട്ടിലെ പിറന്നാളാഘോഷം കഴിഞ്ഞശേഷം, ഭാഗീരഥി വരപുരത്തുള്ള പാവപ്പെട്ട സ്ത്രീകൾക്കായി ഒരു വിരുന്നു കഴിക്കുവാൻ നിശ്ചയിച്ചു. പിറന്നാളടിയന്തരത്തിനു പാവപ്പെട്ടവരെ ഉൾപ്പെടുത്താതിരുന്നതുകൊണ്ടായിരുന്നു, ഭാഗീരഥി ഈ വിരുന്നു നിശ്ചയിച്ചതു്. വിവരം രാധയോടു പറഞ്ഞപ്പോൾ, രാധ അനുകൂലിച്ചില്ല. പരിപ്പും നെയ്യുംപാൽപ്രഥമനും കൂട്ടി ഒരു നേരം ഭക്ഷണം കൊടു

ക്കുന്നതിനേക്കാൾ, രണ്ടു ദിവസത്തെ കഞ്ഞിക്കു വക കൊടുക്കുന്നതാണു നല്ലതു് എന്നായിരുന്നു രാധയുടെ അഭിപ്രായം. നല്ല സാധനങ്ങൾ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ആ പാവങ്ങൾ ഒരിക്കലെങ്കിലും അവ തിന്നു സുഖിക്കട്ടെ, എന്നായിരുന്നു ഭാഗീരഥിയുടെ നിർബ്ബന്ധം. അവളെ ഭഗ്നോത്സാഹയാക്കരുതെന്നു കരുതി, രാധ സമ്മതിച്ചു. രാധയും സഹോദരിമാരും ഭാഗീരഥിയെ വേണ്ടുംവണ്ണം സഹായിച്ചു. വിരുന്നിനു ക്ഷണിക്കപ്പെട്ട സ്ത്രീകളും കുട്ടികളും, ഭാഗീരഥി അവൎക്കു കൊടുത്തിട്ടുള്ള കസവുവസ്ത്രങ്ങളെ അവരുടെ അഴുക്കു നിറഞ്ഞ ദേഹത്തിൽ ചേൎച്ചയില്ലാത്തവിധം ധരിച്ചു്, സന്തോഷിച്ചാൎത്തു കൊണ്ടു് വന്നു.

വിരുന്നുകാരെ സൽക്കരിച്ചിരുത്തുന്നതിനായി, വടക്കേക്കെട്ടിലെ തളങ്ങളും കോലായും വെടിപ്പുവരുത്തി, കവളപ്പാറ പുല്ലുപായ്കളും മെത്തപ്പായത്തടുക്കുകളും പരമധാനികളും വിരിച്ചു്, ബെഡ്ഡുചാവട്ടുകൾ ഇട്ടു്, തയ്യാറാക്കിയിരുന്നു. നടന്നു ക്ഷീണിച്ചു്, വിയൎത്തൊലിച്ചു്, പൊടി അടഞ്ഞു്, കയറിവന്ന സ്ത്രീകളും കുട്ടികളും, കൈകാൽ ശുദ്ധിവരുത്താതെ തന്നെ വിരിപ്പുകളിൽ ചവുട്ടിക്കയറിച്ചെന്നിരുപ്പായി. അവർ വെററില മുറുക്കിയും, നേരംപോക്കു പറഞ്ഞും ചാവട്ടുകളിൽ ചാരിയിരിക്കുന്നതു കണ്ടാൽ, ജീവകാലം മുഴുവൻ അവസ്ഥയ്ക്കു തെളിഞ്ഞിരുന്നു സുഖിക്കുന്നവരാണെന്നു തോന്നിപ്പോവും. ഇവരിൽ പലരും കാലിൽ പാററിയിരിക്കുന്ന പൊടിയും അഴുക്കും ഭംഗിയുള്ള പരമധാനികളിൽ ചവുട്ടിത്തുടയ്ക്കുന്നതും, കുട്ടികളുടെ മൂക്കു പിഴിഞ്ഞു് ചുമരിൽ തേയ്ക്കുന്നതും, ചാവട്ടുകളിൽ തുപ്പൽ തെറിപ്പിക്കുന്നതും കണ്ടു, രാധയ്ക്കും സഹോദരിമാൎക്കും പുച്ഛവും വെറുപ്പും തോന്നി; എന്നാൽ, ഭാഗീരഥിയുടെ ഉത്സാഹത്തെ നശിപ്പിക്കാതിരിക്കുവാൻവേണ്ടി, തങ്ങളുടെ നീരസത്തെ മറച്ചുവച്ചു. ഉണ്ണാൻ സമയമായപ്പോൾ, ഭാഗീരഥിയുടെ ആഗ്രഹമനുസരിച്ചു്, അവളും സ്നേഹിതകളും വിരുന്നുകാരൊടൊപ്പം ഭക്ഷണത്തിനിരുന്നു. ഇതുകണ്ടു്,

വിരുന്നുകാരിൽ ഒരുവൾ പറഞ്ഞു:— "കണ്ടോ, അവക്ക് തമത്വമുള്ളവരെപ്പോലെ നമ്മളെ മാനിക്കണെത്!"— ഇതുകേട്ട് സമീപത്തിരുന്ന ഒരു വൃദ്ധസ്ത്രീ, "തമത്വമില്ല്യോ നമ്മക്ക്? നമ്മളെല്ലാരും ഒപ്പംതന്നെ. കുഞ്ഞിൻെറ തന്ത കുറുപ്പിനെ ആരും അറിയില്ലെന്നോ? നന്നായി! എൻെറ വീട്ടിലല്ല്യോ അവൻ കളിച്ചുനടന്നത്? ചത്തുപോയ എൻെറ മകനും കുറുപ്പും എപ്പോഴും ഒരുമിച്ചേ നടക്കൂ. ആയാൻെറ അടത്ത് പടിക്കാമ്പോവുമ്പം എത്ര തെവതം ഞാൻ പഴഞ്ചോറുകൊടുത്തിറെറാണ്ട്. പുളിച്ച പഴഞ്ചോറേ! അവനെ കണ്ടു, ചോതിക്കാം, ആ പുളിപ്പ് അവൻ മറന്നോന്നു"— എന്ന് ചിരിച്ചു രസിച്ചു കൊണ്ടു പറഞ്ഞു. "ചോതിച്ചാലെന്തു? അതിനു മടിക്കുന്ന കെഴവിയല്ല ഇതു്! അമ്പേ! ചക്രത്തിൻെറ കൊഴുപ്പ്" എന്നു മൂന്നാമതൊരുവൾ പറഞ്ഞു. "എനിക്കാരെയും പയമില്ല കുറുപ്പിൻെറ മൊഖത്തു നോക്കിപ്പറയാം, പണ്ടത്തെക്കാര്യം. അവൻെറ അമ്മ പായിയും ഞാനും വലിയ ചങ്ങാതികളായിരുന്നു. കുട്ടൻെറ അച്ചൻ ചാവുമ്മുമ്പെ ഞങ്ങള് അടുത്തടുത്തുപാർത്തിരുന്നു. ഞങ്ങടെ കുട്ടികള് അടിച്ചും പിടിച്ചും ഒരുമിച്ചാണ് വളന്നതു്." എന്ന് ആ വൃദ്ധ വീണ്ടും ഉച്ചത്തിൽ പറഞ്ഞു ഇതിൽ ഏതാനും ചില വാക്കുകൾ ഭാഗീരഥി കേട്ടു; ഉത്സാഹംകൊണ്ടു പ്രസന്നമായിരുന്ന അവളുടെ മുഖം വാടി. ഈ പഴങ്കഥകൾ പറവാനാണോ താൻ അവരെ ക്ഷണിച്ചുവരുത്തി നല്ക്കരിക്കുന്നതു്, എന്നു അവൾ വ്യാകുലയായി തന്നോടുതന്നെ ചോദിച്ചു.

ഭക്ഷണം കഴിഞ്ഞാറെ, അററകുററങ്ങൾ തീർത്ത് അലങ്കരിച്ചിരിക്കുന്ന വീടു മുഴവനും ചുററിക്കാണ്മവാൻ, ചില യുവതികൾ ഭാഗീരഥിയോടു അനുവാദം ചോദിച്ചു. ഭാഗീരഥിക്കു വൈമനസ്യമുണ്ടായിരുന്നു. എങ്കിലും, അവരുടെ അപേക്ഷയെ തള്ളിക്കളവാൻ അവൾക്കു ധൈര്യമുണ്ടായില്ല. രാധ, കോപത്താൽ നെററി ചുളിച്ച്, അവരെ കൊണ്ടുപോയി എ

ല്ലാടവും കാണിച്ചു. ആ സമയമൊക്കെ കാണ്മാൻ നടന്നിരുന്നവരിൽ ആരുുടെയും നാവു സ്വാസ്ഥമായിരുന്നില്ല. "ഓ! ചന്തം തന്നേ! പൊന്നിലും വെള്ളിയിലും മുക്കിവച്ചിരിക്കുന്നു," എന്നായി ഒരുവൾ. "എന്തായാലെന്തു? പഴേ വീട്ടിന്റെ മഹിമ വരുമോ? അതുതന്നെ മഹിമ," എന്നുവേറൊരുത്തി അഭിപ്രായപ്പെട്ടു. "അങ്ങനെ പറ മകളെ! ഞാനല്ല്യോ പണ്ട്, ഇവിടമെല്ലാം അടിച്ചുതളിച്ചിരുന്നതു? എന്തൊരു പടങ്ങളായിരുന്നു ഈ ചെവരുകളിൽ തൂക്കിയിരുന്നതു? ഈ ഇളിച്ചോണ്ടിരിക്കുന്ന വെള്ളക്കാരുടെ പടം എന്തിനുകൊള്ളാം? നോക്കിൻ. ഈ കാട്ടും മലയും കാണിക്കുന്ന പടം കണ്ടിററ് 'മൂതേവി' അടഞ്ഞപോലെ തോന്നുന്നു. ഇവിടത്തെ കാരണോന്മാരുടെയും കാരണോത്തിമാരുടേയും പടം കാണണം! അതുതന്നെ കാച്ച്!" എന്നു് ഒരു കിഴവിയമ്മ തൃപ്തിയെ സൂചിപ്പിച്ചുകൊണ്ടു് പറഞ്ഞു. "കാരണോന്മാരുടെ പടം കുറുപ്പിന്നു എവിടന്നു കിട്ടും! അയാക്കു വീടോ കുടിയോ കാരണോന്മാരൊ ഉണ്ടായിരുന്നോ? ഈ അവത്തയും തൊത്തുമൊക്കെ ഇന്നല്ല്യോ കിട്ടിയതു്?" എന്നുമറെറാരു സ്ത്രീ ചിരിച്ചു പറഞ്ഞു.

അപ്പോഴേക്കും, പിരിഞ്ഞുപോകാനുള്ള സമയമായി. യാത്രപറയുമ്പോൾ ഒരു സ്ത്രീ ഉമ്മറപ്പടിയിൽ തിരിഞ്ഞുനിന്നു് ഭാഗീരഥിയോടു പറഞ്ഞു:—"കുഞ്ഞു നന്നായിരിക്കട്ടെ! നല്ല പത്താവു വരും! ഈ കെഴവിയുടെ പഴനാക്കു കളവായി വരുല്ലാ. അമ്പതു വരിഷം മുമ്പെ കുഞ്ഞിന്റെ വലിയമ്മേ കണ്ടകണ്ണാണിതു മകളേ! കുറുപ്പിന്റെ അമ്മ പാകീരതിയെ! കുഞ്ഞു അവളെപ്പോലെ ഈ നിക്കണ നെലകണ്ടാൽ പണ്ടത്തെ പായി തിരിച്ചുവന്നിരിക്കിണെന്നു തോന്നും മകളേ! അവളുടെ പേരാണു് കുഞ്ഞിനും ഇട്ടിരിക്കുന്നതു, ഇല്ല്യോ തങ്കം?"

"എന്റെ പേരു ഭാഗീരഥി എന്നുതന്നെ. അച്ഛന്റെ അമ്മയുടെ പേർ അതായിരുന്നോ എന്നു എനിക്കറിവില്ല. അച്ഛ

ൻെറ അച്ഛകളൊക്കെ ഞാൻ ജനിക്കുന്നതിനു എത്രയോ മുമ്പു മരിച്ചുപോയി. ഞാൻ ആരെപ്പററിയും കേട്ടിട്ടില്ല,"— എന്നുമറുവടിപറഞ്ഞു്, ഭാഗീരഥി അതിഥികളെയൊക്കെ യാത്രയാക്കി.

## അദ്ധ്യായം, ൯.

### കുടിപൊളിച്ചു

പടിപ്പുരവീട്ടിലെ പിറന്നാളാഘോഷത്തേയും ഭാഗീരഥിയുടെ വിരുന്നുസല്ക്കാരത്തേയും സംബന്ധിച്ച സകല വിവരങ്ങളും തോരണത്തെ ഗൃഹനായിക അറിഞ്ഞു. ഈ അടിയന്തരങ്ങൾ കഴിഞ്ഞതിന്നു പിറേറനാൾ തന്നെ, നാരായണി അമ്മക്കു് അവിടെ നടന്ന സംഗതികളുടെ മുഴുവൻ വിവരങ്ങൾ കിട്ടി. അവക്കു കിട്ടിയ വത്തമാനംപോലെ പൂണ്ണമായും ശരിയായും ഉള്ള വിവരങ്ങൾ, ഈ അടിയന്തരങ്ങൾക്കു കൂടിയിരുന്നവർ‌പോലും ഗ്രഹിച്ചിരുന്നില്ല. ചിറക്കൽ ലക്ഷ്മി അമ്മയെ ക്ഷണിച്ചതും, ആ സ്ത്രീ വലിയ അവസ്ഥയിൽ വന്നതും, വസ്ത്രാഭരണങ്ങളിൽ പ്രതാപം കാണിച്ചിരുന്നതും, മകൾ കമല പരിഷ്ക്കാരമോടിയിൽ സൌന്ദയ്യവിലാസങ്ങൾ പ്രദശിപ്പിച്ചതും നാരായണിഅമ്മ, കണ്ണാകണ്ണികയാ അറിഞ്ഞു. തൻെറ സഹോദരൻെറ ഭായ്യയെ ആ കരക്കാർ വീണ്ടും സ്വീകരിച്ചു സല്ക്കരിച്ചു എന്ന വത്തമാനം നാരായണി അമ്മയുടെ ചെവിക്കു നാരാചം പഴുപ്പിച്ചു തിരുകിയതിനൊപ്പമായിത്തീന്നു. കമലയുടെ സൌന്ദയ്യത്തേയും സ്വഭാവഗുണത്തേയും പററി ജനങ്ങൾ പ്രശംസിക്കുന്നതു കേട്ടു്, നാരായണിഅമ്മ ചെവിപൊത്തി "ആ ചായം തേച്ചു വേഷം കെട്ടിച്ച പാവ! നല്ല സൌന്ദയ്യംതന്നെ! ഈ മരപ്പാവയെക്കണ്ടല്ലേ ആളുകൾ ഭ്രമിച്ചു ചാടുന്നതു്? ആ ധൂമകേതു ഈമരപ്പാവയെയും കൊണ്ടുനടക്കുന്നതു എന്തിനെന്നറിയരുതോ? അ

വരം അരുന്ധതി ചമഞ്ഞുനടക്കുന്നു! കുറുപ്പിനെ കണ്ണുവച്ചിട്ടുണ്ടാകും. താമരശ്ശേരിയെ ഒരിക്കൽക്കൂടെ ഭരിക്കാനായിരിക്കാം, ഉത്സാഹം. ഈ ധൂമകേതു അവിടെ കടക്കുന്നതിൽ ഭേദം, രാധ അവിടെ ചെന്നു കയറുകയാണ്"— ഇങ്ങനെയായിരുന്നു നാരായണിഅമ്മ സംസാരിച്ചതു.

അടുത്തൊരിക്കൽ, നാരായണിഅമ്മ രാധയെ കണ്ടപ്പോൾ, ആ യുവതിയോടു ഇങ്ങനെ കുശലപ്രശ്നങ്ങൾ ചെയ്കയും, 'ലോക്യം' പറയുകയും ചെയ്തു:—"രാധേ! താമരശ്ശേരിയിലെ ബഹളങ്ങൾ എന്തായിരുന്നു? എങ്ങിനെ കലാശിച്ചു? പെണ്ണുങ്ങൾ പോന്ന ഉടനെ പരമധാനികളും പായ്കളും ചാരുമെത്തകളും ചാണകവെള്ളം തളിച്ചു കഴുകി ഉണക്കി, ഇല്ലേ?"

രാധ — ഞാനറിഞ്ഞതില്ലേ, അമ്മേ! എനിക്കിതൊന്നും മനസ്സിലാകുന്നില്ല.

ന. അ: —രാമോ! ധാരാളം മനസ്സിലായി. നീയല്ലേ ആ പെണ്ണിനെ കോമാളിവേഷം കെട്ടിയാടിക്കുന്നതു? നാട്ടുകാരൊക്കെ അവളെ ആക്ഷേപിക്കുന്നതു കേട്ടില്ലേ? പാവം! അവൾക്കെന്തറിയാം? സാധു! കണിയാനെ പിടിച്ചു തെങ്ങേററിയാൽ ഇങ്ങനെ ഒക്കെ പററും. പിള്ളരും തള്ളകളും ചാവട്ടചാരി കിടക്കുന്നതും മററും കണ്ടു ചിരിച്ച് ചിരിച്ച് വയറു വേദനപ്പെട്ടു പോലും, തെക്കേതിലെ കൊച്ചുവിനു!

രാധ: —കൊച്ചുവിനെപ്പോലുള്ള പാവപ്പെട്ടവരെ സഹായിക്കണമെന്നാണ് ബായിക്ക് ആഗ്രഹം. അവരെ സന്തോഷിപ്പിപ്പാനും അവരുടെ ക്ലേശങ്ങളെ കുറയ്ക്കുവാനും വേണ്ടി അവൾ പ്രയത്നിക്കുന്നു. അതിനെപ്പററി ജനങ്ങൾ എന്തിനാണ് ആക്ഷേപിക്കുന്നതു? ഗുരുത്വമില്ലാത്ത കൂട്ടരല്ലേ ഇന്നാട്ടുകാർ? എന്തും പറവാൻ മടിക്കയില്ല! കേൾപ്പോരും കേൾവിയും ഇല്ലെന്നോ? കാണട്ടെ!

നാ. അ:—കണ്ണൊന്നൊന്നുമില്ല. കോമാളിവേഷം കെട്ടിയാൽ ആക്ഷേപിക്കും. താമരശ്ശേരിയിൽ ഇതിനുമുമ്പ് ആരും പാവപ്പെട്ടവരെ സഹായിച്ചിരുന്നില്ലയോ? അവരവരുടെ അവസ്ഥയ്ക്കു തക്കവണ്ണമുള്ള പ്രവൃത്തി ചെയ്യണം.

രാധ ഈ സംഭാഷണത്തെ നിൎത്തി പോവാൻ ഒരുമ്പെട്ടു. നാരായണിഅമ്മ വീണ്ടും പിടിച്ചുനിൎത്തി ചോദിച്ചു:—“അതു പോകട്ടെ! ആ ചിറയ്ക്കലെ പെണ്ണുങ്ങളെ എന്തിനായിട്ടാണ് കല്യാണി ക്ഷണിച്ചു വരുത്തിയതു്? ഞാൻ അവളെ താമരശ്ശേരിയിൽ നിന്നു പുറത്താക്കിയതിൽ പിന്നെ ഇവിടങ്ങളിൽ ആരും അവളെ തിരിഞ്ഞു നോക്കിയിരുന്നില്ലല്ലോ. എന്തു വിചാരിച്ചായിരിക്കും ഇപ്പോൾ ഇതിനൊരുങ്ങിയതു്?”

രാധ:—ആവോ! എനിക്കറിയില്ല. എൻെറ അഭിപ്രായം ചോദിച്ചിട്ടല്ല അമ്മ ക്ഷണിച്ചതു്.

നാ. അ:—അതു ശരി. നിൻെറ അഭിപ്രായം ചോദിച്ചിരുന്നുവെങ്കിൽ ഈ ധൂമകേതുക്കൾ അവിടെ കേറാൻ ഇടവരില്ലായിരുന്നു എന്നു എനിക്കറിയാം. അവൾ താം നോക്കിയിരിക്കയല്ലേ? താമരശ്ശേരിയിലെ ഇപ്പോഴത്തെ ഉടമസ്ഥനെ കണ്ണുവച്ചിട്ടുണ്ടു്. അവളെ നിങ്ങളാരും അറിയില്ല. ഇത്ര തോന്ന്യാസിയും ദുഷ്ടയും ആയ ഒരുവളെ വേറെയെങ്ങും കാണുകയില്ല.

രാധ:—എനിയ്ക്കു ലക്ഷ്മി അമ്മയെ നല്ല പരിചയമില്ല. ഞാൻ താമരശ്ശേരിയിൽ വന്നിരുന്നപ്പോൾ എനിക്കു പല ഹാരവും പൂവും തന്നിരുന്നതായി ഓൎമ്മയുണ്ടു്. അന്നു ഞാൻ കുട്ടിയായിരുന്നു. അവരുടെ സ്വഭാവത്തെപ്പററി എനിക്കു് ഒന്നുംതന്നെ അറിവില്ല. എന്നാൽ ആ കുട്ടി അകവും പുറവും ഒരുപോലെ അഴകുള്ളവളാണെന്നു പരക്കെ സമ്മതമായിരിക്കുന്നു.

നാ. അ:—ചക്കച്ചോറ്റിൽ ചുള. സൂക്ഷിച്ചോ. താമരശ്ശേരിയിലെ ‘വീട്ടുകാരി’യായി അവൾ കടന്നുകൂടുമേ!

ഈ ഒടുവിലത്തെ വാക്കുകൾ കേൾക്കുംമുമ്പുതന്നെ, രാധ ആ രംഗത്തിൽനിന്നു നിഷ്ക്രമിച്ചു.

ചിറസ്സൂൽ ലക്ഷ്മി അമ്മയെപ്പററി പല അപവാദങ്ങൾ നാരായണി അമ്മ പരസ്യമായി സംസാരിച്ചുതുടങ്ങി. എന്നാലും ആ നാട്ടുകാർ ആ സ്ത്രീയേയും കമലയേയും ബഹുമാനിച്ചു സല്ക്കരിക്കുവാൻ മടിച്ചില്ല. പക്ഷെ, കമലയുടെ അസാമാന്യമായ സൌന്ദൎയ്യമായിരിക്കാം ജനങ്ങളെ ആ ഭാഗത്തേക്കു് ആകൎഷിച്ചതു്. പടിപ്പുരവീട്ടിലെ പിറന്നാൾ സദ്യ കഴിഞ്ഞതിൽപ്പിന്നെ, ജനങ്ങളുടെ സംഭാഷണം ഏതുസമയത്തും, ഏതു സ്ഥലത്തും, കമലയെപ്പററി ആയിരുന്നു. അവളുമായി പരിചയപ്പെടുന്നതിനും അവളുടെ സഹവാസസുഖത്തെ അനുഭവിക്കുന്നതിനും വേണ്ടി, വടപുരത്തും ചിറസ്സൂലും ഉള്ള പല മാന്യകുഡുംബക്കാരും ലക്ഷ്മി അമ്മയോടൊന്നിച്ചു് അവളെ ക്ഷണിച്ചുവരുത്തി വിരുന്നു സല്ക്കരിച്ചു. തോരണത്തെ അമ്മുക്കുട്ടിയും മാധവനുണ്ണിത്താനും അയൽവക്കത്തുള്ള ചില വീടുകളിൽവെച്ചു കമലയെ ഒന്നുരണ്ടു കുറി കാണാനിടവന്നു. അവരും, മററുള്ളവരോടൊപ്പം കമലയിൽ ആസക്തചിത്തരായി. അമ്മുക്കുട്ടി അവളുടെ അഭിപ്രായത്തേയും പ്രശംസയേയും തുറന്നു പറഞ്ഞു. എന്നാൽ മാധവൻ മൌനമായിരുന്നതേ ഉള്ളു. സ്ത്രീസൌന്ദൎയ്യത്തെ തിരിച്ചറിവാൻ തക്ക സാമൎത്ഥ്യം തനിക്കുണ്ടോ? നായുടെ ഗുണദോഷങ്ങളെ തിരിച്ചറിവാൻ മാത്രമേ തനിക്കു പാടവം ഉള്ളു; എന്നു സമാധാനം പറഞ്ഞു്, മാധവൻ മൌനം ഭജിച്ചു.

വാസ്തവം പറകയാണെങ്കിൽ, തന്റെ നായ്ക്കളുടെ കാൎയ്യത്തിൽ അല്ലാതെ മററു വിഷയങ്ങളിൽ മാധവന്റെ ശ്രദ്ധ പതിഞ്ഞതുമില്ല. മുയലോട്ടുന്നതിനും മററും പ്രത്യേകം അഭ്യസിപ്പിച്ചിട്ടുള്ള പല നായ്ക്കളേയും കൂട്ടിക്കൊണ്ടു്, ദിക്കു മുഴുവൻ ചുററിത്തിരിയുകയായിരുന്നു മാധവനുണ്ണിത്താന്റെ തല്ക്കാലത്തെ ഉദ്യോഗം. തെമ്മാടികളായ പല യുവാക്കന്മാരും

ഉണ്ണിത്താന്റെ ചങ്ങാതികളായിരുന്നു. ഇവരുടെ രക്ഷാകർത്താക്കന്മാർക്ക് ഉണ്ണിത്താൻ 'കണ്ണിലുണ്ണി'യുമായിരുന്നു.

വരപുരത്തെ കൃഷീവലന്മാരും കൂലിവേലക്കാരും കൃഷ്ണക്കുറുപ്പിനെ ദ്വേഷിച്ചുകൊണ്ടുതന്നെയായിരുന്നു. അയാൾ അദ്ദിക്കിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങളൊന്നും അവർക്ക ഹിതമായിരുന്നില്ല. "ഓ! അവന്റെ ഉദ്ദേശം ആർക്കും മനസ്സിലായിട്ടില്ലെന്നാണ വിചാരം! നോക്കിയിരിക്കിൻ, പ്രജാസഭയിലേക്ക തിരഞ്ഞെടുപ്പു കാലം വരട്ടെ" — എന്നു വൃദ്ധനായ ഒരു കാരണവൻ പറഞ്ഞു. നായാട്ടുകാരനായ നാണുആശാൻ മറ്റെല്ലാവരെക്കാളും തുറന്നുപറവാൻ മുമ്പനായിരുന്നു:— "വരട്ടെ, എന്റെ അടുത്തുവരട്ടെ; അപ്പോൾ കാണിച്ചുകൊടുക്കാം. ആവശ്യമില്ലാത്ത ദിക്കിലെന്തിനാണ് അയാൾ ചെന്നു തലയിടുന്നതു്? അവന്റെ പരിഷ്കാരം! ആർക്കുവേണം അവന്റെ കിണററിലെ വെള്ളം? കുഴൽവെള്ളം ഏർപ്പെടുത്തിത്തന്നാലും നമുക്ക വേണ്ട വേണ്ട! അവനവന്റെ കാര്യം നോക്കി മിണ്ടാതിരിക്കാതെ, മററുള്ളവരുടെ കാര്യത്തിൽ തലയിടാൻ ചെന്നാൽ കിട്ടുന്നതൊക്കെ മേടിക്കേണ്ടിവരും! ഓർമ്മ വച്ചോട്ടെ." — "അങ്ങിനെ പറ, അനിയാ. നീ തന്നെ മിടുക്കൻ. നമ്മുടെ കാര്യം നോക്കാൻ നമ്മളൊക്കെ മതി." — എന്നായി മററൊരാൾ — "നമുക്കാവശ്യമുള്ളതൊക്കെ നമുക്കില്ലയോ? അവന്റെ വായനശാല ആർക്കുവേണം? നമുക്ക പത്രം വായിക്കണമെങ്കിൽ, നമുക്ക വാങ്ങി വായിക്കരുതേ? അവന്റെ പണം കൊടുത്താലേ പത്രം കിട്ടുകയുള്ളോ? നമുക്ക നമ്മുടെ വിശ്രമമന്ദിരം മതി. അവന്റെ വായനശാലയിൽ ആരും പോവരുതു?" — എന്നു നാണു ആശാൻ ശട്ടം ചെയ്തു.

'വിശ്രമമന്ദിരം' എന്നു പേരായി ഒരു പൊളിഞ്ഞ കെട്ടിടം അവിടെ ഉണ്ടായിരുന്നു. വരപുരത്തുള്ള കൃഷിക്കാരും കൂ

ലിപ്പണിക്കാരും മററും രാത്രികാലങ്ങളിൽ അവിടെ കൂട്ടക പതിവായിരുന്നു. പത്രം വായിക്കാൻ എന്ന വ്യാജത്തിൽ, അവിടെ ചെല്ലുന്നവർ രാത്രി മുഴുവനും ചീട്ടുകളിച്ചും കള്ളുകുടിച്ചും സമയംകഴിച്ചു. ഈ ആഭാസനടവടികളെ നിറുത്തൽ ചെയ്യണമെന്നുദ്ദേശിച്ചു, കൃഷ്ണക്കുറുപ്പു തന്റെ വക പറമ്പിൽ സ്ഥാപിച്ചിരുന്ന ആ വിശ്രമമന്ദിരത്തെ ഇളക്കിക്കളവാൻതുനിഞ്ഞു ഒരു പുതിയ കെട്ടിടം പണിയിച്ചു്, ‘വിജ്ഞാനദായിനി’ എന്നപേരിൽ ഒരു വായനശാല സ്ഥാപിച്ചു്, തദ്ദേശവാസികളെ അവിടെക്കു ക്ഷണിച്ചു. എന്നാൽ കള്ളുകുടിക്കാരും തോന്ന്യാസം കാട്ടാനും തരമില്ലായ്കയാൽ, അവർ ആ വായനശാലയിൽ പോയില്ല. മുമ്പത്തെപ്പോലെ, രാത്രി മുഴുവൻ, പഴയ വിശ്രമമന്ദിരത്തിൽ തന്നെ കൂട്ടംകൂടി വന്നു. ആ സമ്മേളനത്തിൽവെച്ചായിരുന്നു, മുൻപറഞ്ഞ വിധം സംഭാഷണം നടന്നതു്.

വേനൽക്കാലത്തു് ഒരു നാൾ രാവിലെ, അമ്മുക്കുട്ടി കായലിൽ കുളിക്കാൻ പോവുമ്പോൾ, ൰൯-ാംനമ്പർ ചാരായക്കിടങ്ങിന്റെ മുമ്പിൽ, സാമാന്യംവലിയതായ ഒരാൾക്കൂട്ടം കണ്ടു. ആളുകളുടെമുഖം കോപംകൊണ്ടു തുടുത്തും, നെററി ചുളിഞ്ഞും ഇരുന്നു. പലരും ഉച്ചത്തിൽ സംസാരിക്കുന്നുമുണ്ടായിരുന്നു. എന്തോ ഒരു ലഹള ഇവിടെ നടക്കുന്നുണ്ടെന്നു അമ്മുക്കുട്ടിക്കു മനസ്സിലായി. അസാധാരണ സംഭവങ്ങളിൽ അധൈര്യശേലം ഇല്ലാത്ത ഈ യുവതി, സംഗതി എന്തെന്നറിവാനായി, ആൾക്കൂട്ടം നിന്നിരുന്നേടത്തേക്കു ചെന്നു. അവിടെ കൂടിയിരുന്നവരിൽ ചിലരെ, അമ്മു നല്ലവണ്ണം അറിയും; നായാട്ടുകാരൻ നാണു ആശാനെയും, കൂലിവേലക്കാരൻ ശങ്കുവിനേയും രണ്ടുമൂന്നു വിറകുവെട്ടികളേയും, അവൾ തിരിച്ചറിഞ്ഞു. ആൾക്കൂട്ടത്തിന്റെ നടുവിലായി, കീറിപ്പറിഞ്ഞ ഒരു തോർത്തുമുണ്ടും അരയിൽ ചാററി, മുഷിഞ്ഞു നാറിയ മറെറാരു മുണ്ടു തലയിലും കെട്ടി, കോപചേഷ്ടകളോടു കൂടെ

ഉച്ചത്തിൽ സംസാരിച്ചുകൊണ്ടു, കൃഷിക്കാരൻ വേലുപ്പണിക്കരും നിന്നിരുന്നു. കള്ളുകുടിച്ചും ഗോഷ്ഠി കെട്ടു് അലഞ്ഞു നടന്നും നിത്യത കഴിക്കുന്ന നാണു ആശാനെയും ശങ്കുവിനേയും ഇക്കൂട്ടത്തിൽ കണ്ടതുകൊണ്ടു്, അമ്മുക്കുട്ടിക്കു അത്ഭുതം തോന്നിയില്ല. പണിയെടുത്തു മാനമായി നിത്യവൃത്തി കഴിക്ക പതിവില്ലാത്ത അക്കൂട്ടർക്കു എന്തിനും മടിയുണ്ടോ? എന്നാൽ വേലുപ്പണിക്കർ അത്തരത്തിലുള്ളവനല്ല; അയാൾ വളരെ അപൂർവ്വമായിട്ടേ 'സന്തോഷിക്ക' പോലും ചെയ്യാറുള്ളു; വളരെ ശാന്തശീലനും വിനീതനും ആണെന്നു് അമ്മുവിനു അറിവുണ്ട്. ആ വൃദ്ധൻ ഈവിധം കോപാക്രാന്തനായി ചീത്തവാക്കുകൾ വർഷിപ്പാൻ മതിയായ കാരണം ഉണ്ടായിരിക്കണം, എന്നു് വിചാരിച്ചു, അമ്മുക്കുട്ടി ആൾക്കൂട്ടത്തിനു സമീപം ചെന്നുനിന്നു. അവളെക്കണ്ട മാത്രത്തിൽ പലരും സംസാരം നിറുത്തി, കൂട്ടം പിരിവാൻതുടങ്ങി:— "എന്താണി ബഹളം പണിക്കരെ?" എന്നു് അവർ വൃദ്ധനോടു ചോദിച്ചു. അമ്മുവിന്റെ ശാന്തസ്വരം കേട്ടു, വൃദ്ധൻവേലുപ്പണിക്കർ തിരിഞ്ഞുനോക്കി, "ബഹളമോ? എന്താണെന്നു കുഞ്ഞുതന്നെ അന്വേഷിപ്പിൻ! കുടിയിരുന്ന കൂര അതാ ഇടിച്ചു പൊളിച്ചു തള്ളുന്നു ദ്രോഹികൾ!" എന്നു കിഴക്കേഭാഗത്തു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. അമ്മുവിനു കഥ മനസ്സിലായില്ല. വിവരം അറിവാനായി അവൾ, അവിടെ നിന്നിരുന്ന മറ്റു പരിചയക്കാരുടെ മുഖത്തൊക്കെ നോക്കി. "വിശ്രമമന്ദിരം ഇടിച്ചുകളഞ്ഞു, അമ്മേ! ഇതാ ഇപ്പോൾ പണിക്കരമ്മാമന്റെ വീടും ഇടിച്ചുതള്ളുന്നു. താമരശ്ശേരി എജമാനന്റെ കല്പനപ്രകാരം അമ്മാമന്റെ സാമാനങ്ങൾ എല്ലാം വഴിയിൽ വലിച്ചെറിഞ്ഞു് കെട്ടിടം പൊളിക്കുന്നു. അതാ! അമ്മ നോക്കിൻ!" എന്നു നാണു ആശാൻ പറഞ്ഞു കേൾപ്പിച്ചു.

വേലുപ്പണിക്കർ—എല്ലാം പെരുവഴിയിൽ വലിച്ചെറിഞ്ഞു കുഞ്ഞേ! ഞാൻ വീട്ടിലില്ലാത്ത സമയം നോക്കി വന്നു,

കൂലിക്കാർ സകലതും വലിച്ചെറിഞ്ഞു് വീടും ഇടിച്ചുപൊളച്ചു. ആട്ടെ! കോടതി കോറിച്ചുക്കാം. ആല്ലെങ്കിൽ ഇവൻ വേലുപ്പണിക്കരല്ല, നോക്കിക്കൊള്ളിൻ!

അമ്മു:— പണിക്കരെ അറിയിക്കാതെ ആണൊ സാമാനങ്ങൾ പുറത്തു തള്ളിയതും, വീട പൊളിച്ചതും?

അമ്മുക്കുട്ടിക്കു വളരെ അത്ഭുതം തോന്നി. ആ വൃദ്ധന്റെ നേക്ക്, കുറുപ്പ് ആ വിധം ദാക്ഷിണ്യംകൂടാതെ പ്രവത്തിക്കുമോ എന്നു് അവർ സംശയിച്ചു.

നാണുആശാൻ:— മുൻകൂട്ടി അറിയിച്ചിട്ടുണ്ടായിരുന്നോ! പക്ഷേ ഈ കിഴവൻ എവിടക്കു മാറും? ആരെങ്കിലും ഇത്തോക്കു സ്ഥലം കൊടുക്കുമോ? എനിക്കു ഓമ്മയുണ്ടായതു മുതൽ, കാരണവർ ആ വീട്ടിലാണു് താമസിക്കുന്നതു്. അവസാനകാലത്തു് അടിച്ചു പുറത്താക്കി, കഷ്ടം!

വേലുപ്പണിക്കർ:— ആ വീട്ടിൽ പാപ്പാക്കിട്ടു് വഷം അമ്പതു തികഞ്ഞു എന്റെ കുഞ്ഞേ! കുഞ്ഞിന്റെ വലിയമ്മാമന്റെ കാലത്തു് ആ പുര എനിക്കായി പണിയിച്ചുതന്നതാണു്. പിന്നെയാണു ഞാൻ സംബന്ധം ചെയ്തതു്. എന്റെ എട്ടുകുട്ടികൾ പിറന്നതും വളൎന്നതും ചത്തതും അവിടെയാണു്. ഭായ്യയും അവിടെക്കിടന്നുതന്നെ ചത്തു. അക്കാണുന്ന തെങ്ങുകളും പ്ലാവുകളും ഈ കൈകൊണ്ടു നട്ടു വളത്തതാണു്. കായും കനിയുമായി നില്ക്കുന്നു. സകലതും ഇതാ പിടിച്ചു, ദ്രോഹി!

വൃദ്ധൻ കരഞ്ഞുതുടങ്ങി. ആൾക്കൂട്ടത്തിൽനിന്നു ചില പിറുപിറുപ്പുകളും കേട്ടു വൃദ്ധനോടു് കുറുപ്പു് കാണിച്ചതു് കടുംകൈയായിപ്പോയി എന്നു സകലരും സമ്മതിച്ചതായി തോന്നി. "എന്തൊ ചതിയുണ്ടായിരിക്കും; കുറുപ്പ് ഇതൊന്നും അറിഞ്ഞിരിക്കയില്ല" എന്നു അമ്മുക്കുട്ടി സമാധാനം പറവാൻ ശ്രമിച്ചു.

നാണു ആശാൻ:—ചതിയൊന്നുമല്ല. കുറുപ്പുതന്നെയാണ് ഇതു ചെയ്യിച്ചതു്, സംശയമില്ല. അയാളുടെ വായനശാലയിൽ ആരും പോവുന്നില്ല. ഞങ്ങളുടെ ആ കുരസ്കൂളിൽ ഇരുന്നു് ഞങ്ങൾ നേരംപോക്കു പറയുന്നതും മറ്റും കണ്ടിട്ടു് അയാൾക്കു കണ്ണുകടി. അതാണ് അതിനെ ഇടിച്ചു പൊളിച്ചുകളവാൻ കാരണം. സൂക്ഷിച്ചിരുന്നോട്ടെ! രാജാവൊ മററൊ ആണോ ഞങ്ങളോടു അങ്ങോപിപ്പാൻ?

ഈ വീരവാദം അമ്മുവിനു തീരെ രസിച്ചില്ല. അവർ മറെറാന്നും കേൾക്കാതെ അവിടംവിട്ടു പൊയ്ക്കളഞ്ഞു. കുറുപ്പിനു സ്വന്തം വസ്തുക്കളെ ഇഷ്ടം പോലെ കൈകാര്യം ചെയ്യാൻ മററുള്ളവരുടെ അനുമതി കാത്തുനില്ക്കേണ്ടുന്ന ആവശ്യമില്ല എന്നു്, അവൾക്കു അറിവുണ്ടായിരുന്നു. ആ കുരകൾകൊക്കെ ഇടിഞ്ഞു പൊളിഞ്ഞു തലയിൽ വീഴാറായി; അവയിൽ പാക്കുന്നതുതന്നെ ആപല്ക്കരമാണ്. അവയെ പൊളിച്ചു മാററി പുതിയ പുരപണിവാൻ പുറപ്പെടുന്നതു പ്രശംസാർഹമല്ലേ? മാറിപ്പാക്കുവാൻ കാലേക്കൂട്ടി അറിയിച്ചിട്ടും, കുടിക്കാർ മാറീട്ടില്ലെങ്കിൽ, അതു് അവരുടെ കുററംതന്നെ. ഇങ്ങിനെ വിചാരിച്ചുംകൊണ്ടു് അവൾ പടിപ്പുരവീട്ടിലേക്കു പോകുന്ന പാതയിലിറങ്ങി. ആ പാതയുടെ ഒരു കോണിൽ വേലപ്പണിക്കരുടെ വീട്ടുസാമാനങ്ങൾകൊണ്ടു വച്ചിരിക്കുന്നു. അയാൾ പാർത്തിരുന്ന കുരയും അതിനടുത്തുള്ള വിശ്രമമന്ദിരവും ഉടിച്ചു പൊളിച്ചു് മരവും തടിയും വണ്ടികളിൽ കയററുന്നു. ചുമരുകൾ തട്ടിപ്പൊളിച്ചു് ഇഷ്ടികകളും കുമ്മായക്കട്ടകളും അവിടവിടെയായി കൂട്ടിയിട്ടുന്നു. ചില പുരുഷന്മാർ ഈ കാഴ്ചകൾ നോക്കിക്കൊണ്ടു് അകലെ നില്ക്കുന്നു. സ്ത്രീകൾ പടിവാതല്ക്കൽ ഇറങ്ങിനിന്നു് എന്തോ പിറുപിറെ പറയുന്നു. അമ്മുക്കുട്ടി വരുന്നതു കണ്ടു്, ഒരുവൾ അടുത്തുചെന്നു് ഉപചാരം ചെയ്തുകൊണ്ടു പറഞ്ഞു:— "നോക്കണെ, അമ്മേ! രാച്ച്യത്തെങ്ങാനും ഇതു നടപ്പൊണ്ടോ? ആളുപാക്കുന്നവിട്ട ഇ

ടിച്ചു നെരത്തി, സാമാനങ്ങൾ വാരി തെരുവിൽ ഇട്ടിരിക്കുന്നു: കണ്ടില്ല്യോ? പണ്ടത്തെ ഏമാന്മാരുടെ കാലത്തു് ഇങ്ങനെ വല്ലതും ഉണ്ടായിററാണ്ടോ?" അമ്മുക്കുട്ടി ഗൗരവത്തിൽ തിരിഞ്ഞു നിന്നു പറഞ്ഞു. "എനിക്കു നല്ല നിശ്ചയമില്ല. പണം കൈവശമുണ്ടായിരുന്നെങ്കിൽ എന്റെ കാരണവന്മാരും വീടുകൾ ഈ സ്ഥിതിയിൽ പൊളിഞ്ഞു വീഴാറാകുംവരെ ആരും പാക്കാൻ സമ്മതിക്കില്ല്യായിരുന്നു. എത്രയോ മുമ്പെ പുതിയ പുരകൾ പണിയിക്കുമായിരുന്നു."

പടിപ്പുരവീട്ടിൽ എത്തിയപ്പോൾ, അമ്മുവിനു കഥ മുഴുവൻ മനസ്സിലായി. താസിൽദാർ പടിക്കൽ നിന്നിരുന്നു. "എന്താണു് കഥ? വേലുപ്പണിക്കരെ വീട്ടിൽനിന്നു് പുറത്താക്കി, സാമാനങ്ങൾ വാരി തെരുവിൽ തള്ളി എന്നും മററും ജനങ്ങൾ ബഹളം കൂട്ടുന്നുവല്ലോ. കഥ മുഴുവൻ എനിക്കു മനസ്സിലായില്ല." എന്നു അമ്മുക്കുട്ടി താസിൽദാരോടു ചോദിച്ചു.

താസി:—വേലുപ്പണിക്കരെ പുറത്താക്കിയെങ്കിൽ, അതു് അവന്റെ തെററുകൊണ്ടുതന്നെ. മാറിപ്പാക്കണം എന്നു എത്രപ്രാവശ്യം കുറുപ്പു് അവനോടു പറഞ്ഞു. അവനു പാപ്പാൻ വേറെ സ്ഥലം ഏപ്പാടുചെയ്തു്, വാടകയുംകൂടി കുറുപ്പു കൊടുത്തു. എന്നിട്ടും ഒഴിയാതിരുന്നാൽ, സാമാനങ്ങൾ തെരുവിൽ വാരി എറിഞ്ഞതു് അത്ഭുതമാണോ? എടവപ്പാതിക്കു മുമ്പെ അതു പൊളിച്ചു മാററിയില്ലെങ്കിൽ അവന്റെ തലയിൽ തന്നെ വീഴും. അവന്റെ ജീവനാശത്തിനു് കുറുപ്പു് ഉത്തരം പറയേണ്ടിയും വരുമായിരുന്നു.

അമ്മു:—അയാളുടെ ജീവകാലം മുഴുവനും അതിൽ പാത്തു കൊള്ളാൻ കാരണവർ അനുവാദം കൊടുത്തിരുന്നു എന്നാണു് അയാൾ പറയുന്നതു്.

താസി:—ശരി; പാക്കേണ്ടാ എന്നു് കുറുപ്പു് പറയുന്നില്ലല്ലോ. ഉടിഞ്ഞു വീണു്, അതിൽകിടന്നു ചാകേണ്ട എന്നേ പറയുന്നുള്ളു. രണ്ടു മൂന്നു മാസത്തിനകം പുതിയ കെട്ടിടംതിരും. പിന്നെ അതിൽ സുഖമായി മലന്നു കിടക്കരുതോ?

അമ്മു:—മുന്നും പിന്നും വിചാരിക്കാതെ പ്രവർത്തിക്കുന്നവരായിരുന്നു എന്റെ കാരണവന്മാർ. കുറുപ്പ് അങ്ങിനെയുള്ള ആളല്ല.

താസി:—കുറെ മുമ്പുതന്നെ ആ വീടുപൊളിച്ചു കളയേണ്ടിയിരുന്നു. എന്നാൽ ഈ ബഹളത്തിന്നിടവരില്ലായിരുന്നു. ആരെയും അസൗകര്യപ്പെടുത്തേണ്ടാ എന്നു വിചാരിച്ച് ഇത്രനാളും കുറുപ്പു ക്ഷമിച്ചു. അയാളുടെ ക്ഷമകണ്ട് അവർ തലയിൽ കയറി. ഇക്കൂട്ടർക്കൊക്കെ ആ സാധുമനുഷ്യന്റെ നേക്കു എന്തു പകയാണ്! ഞാൻ അയാളെ പിൻതാങ്ങുന്നു എന്നു പറഞ്ഞു എന്നോടും അവക്കും ദ്വേഷമായിരിക്കുന്നു.

അമ്മു:—നിങ്ങൾ പിൻതാങ്ങുന്നതു വാസ്തവം തന്നെ. അങ്ങിനെ ചെയ്യേണ്ടതും തന്നെ. അവരുടെ നന്മയ്ക്കു വേണ്ടി കുറുപ്പ് എന്തൊക്കെ ചെയ്തു! ഈ വിധത്തിലാല്ല അവർ നന്ദികാണിക്കുന്നതു്! നാണവും മാനവും കെട്ട കൂട്ടർ.

താസി:—തോണ്ണത്തുവീട്ടിൽ എല്ലാവക്കും ഈ വിധം വിചാരം ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ ഇങ്ങിനെ കലാശിക്കയില്ലായിരുന്നു.

അമ്മു:—അമ്മയെ ഉദ്ദേശിച്ചാണോ പറയുന്നതു്?

അമ്മു നെറ്റി ചുളിച്ചു. താസിൽദാർ നിഷേധസൂചകമായി തല കുലുക്കി.

അമ്മു:-മാധവനോ? അവനു് ഇതിൽ വല്ല പങ്കും ഉണ്ടോ? ആളുകളെ അവൻ പറഞ്ഞിളക്കുന്നുണ്ടോ?

താസി:—എനിക്കു നന്ന സംശയമുണ്ട്. അവന്റെ പിൻബലമില്ലെങ്കിൽ ആളുകൾ ഇതിനൊന്നിനും ഒരുമ്പെടുകയില്ല. കുറുപ്പു നിമിത്തമാണ് അവനു സ്ഥാനഭ്രംശം വന്നതെന്നു് അവൻ വിചാരിക്കുന്നു. ഈ വിധത്തിലാണ് അവർ അവനോടു അനുകമ്പ കാണിക്കുന്നതു്.

അമ്മുവിന്റെ മുഖം അരുണവർണ്ണമായി. അവൾ പുച്ഛഭാവത്തിൽ പറഞ്ഞു:“അനുകമ്പയോ! അവർ അവരുടെ

കാൎയ്യം നോക്കിക്കോട്ടെ. ഈ വിധത്തിലുള്ള അവരുടെ അനുകമ്പ എന്റെ അനുജന്നു ആവശ്യമില്ല. അവൻ ഈ നാട്ടു വിട്ടു പോയെങ്കിൽ മതിയായിരുന്നു."

താസി:— അതുതന്നെയാണു എന്റെയും ആഗ്രഹം. അവനൊ ഇവിടെ പാൎക്കുന്നതുകൊണ്ടു ദോഷമേ ഉള്ളൂ. ഞാൻ കേട്ട കഥകൾ വാസ്തവമെങ്കിൽ, അവൻ ആപത്തിൽ കുടുങ്ങാൻ പോകുന്നു.

അമ്മു:— എന്താ കേട്ടതു്?

താസി:— (തല കുലുക്കിക്കൊണ്ടു്) അതൊന്നും ഇപ്പോൾ പറവാനാവശ്യമില്ല. വാസ്തവമല്ലായിരിക്കാം. നിങ്ങളെ ഒക്കെ വിചാരിച്ചിട്ടെങ്കിലും, അവൻ അടങ്ങി ഒതുങ്ങി ഇരിക്കട്ടെ.

അമ്മുക്കുട്ടി എത്രതന്നെ നിൎബ്ബന്ധിച്ചിട്ടും താസിൽദാർ അതിലധികം വിവരമായി ഒന്നും പറഞ്ഞില്ല. അദ്ദേഹം അകാരണമായി ആരെയും വേദനപ്പെടുത്തുന്ന സ്വഭാവക്കാരനല്ലെന്നു്, അമ്മു അറിഞ്ഞിരുന്നു. അദ്ദേഹം മാധവനെപ്പററി കേട്ടതായി സൂചിപ്പിച്ച കഥകൾ വെറും കെട്ടുകഥകൾ ആയിരിക്കയേ ഉള്ളൂ എന്നു സമാധാനപ്പെട്ടുകൊണ്ടു്, അവൾ പോയി. എന്നാൽ അവൾ ഒന്നു രണ്ടു കുറി തിരിഞ്ഞു നോക്കിയപ്പോഴും, താസിൽദാർ നിന്നേടത്തുതന്നേ നിന്നു് അവളെ വ്യാകുലഭാവത്തിൽ നോക്കുന്നതായിക്കണ്ടു് അവൾ ചിന്താമഗ്നയായി; എങ്കിലും, കുളത്തിൽ പോയി മജ്ജനം ചെയ്തുതന്നെ വീട്ടിലേക്കു മടങ്ങി.

## അദ്ധ്യായം, ൧൦.

### അമ്മായിയുടെ ഔത്സുക്യം.

താമരശ്ശേരി അന്യാധീനപ്പെട്ടിട്ടു്, കൊല്ലം മൂന്നുകഴിഞ്ഞു. മാധവനുണ്ണിത്താൻ കാരണവസ്ഥാനമേറു എങ്കിലും, തറവാട്ടുഭരണക്ലേശമൊന്നും ഇല്ലായിരുന്നതിനാൽ, പഠിത്ത

ത്തിനോ മററു കാൎയ്യത്തിനോ സമയം വിനിയോഗിക്കുവാൻ പുതിയ സ്ഥാനാരോഹണം പ്രതിബന്ധമായിത്തീൎന്നില്ല. അമ്മാമൻെറ ആട്ടബലി കഴിഞ്ഞാൽ, മാധവനുണ്ണിത്താൻ നഗരപുരിയിൽ പോയി പഠിത്തം തുടരുമെന്നും, ചില പരീക്ഷകൾ കൂടെ ലഭിച്ചാൽ, പിന്നെ സൎക്കാരുദ്യോഗത്തിൽ പ്രവേശിക്കുമെന്നും, വരപുരത്തുള്ള അഭ്യുദയകാംക്ഷികൾ ആശിച്ചിരുന്നു. എന്നാൽ അവരുടെ ആശ അസ്ഥാനത്തിലായിപ്പോയി. നന്ദപുരിയിൽ വീണ്ടും പോയി പഠിക്കുവാൻ പണമില്ലെന്നുള്ള ഒഴികഴിവിന്നു്, ഈ മൂന്നു കൊല്ലംകൊണ്ടും പരിഹാരമുണ്ടായില്ല. ഉദ്യോഗത്തിൽ പ്രവേശിക്കുവാനും തരമില്ല. താമരശ്ശേരിക്കാർ ചില്ലറ ഉദ്യോഗം കൈക്കൊള്ളുന്നതു് കുഡുംബമഹിമക്കു ചേൎച്ചയല്ല. 'മെട്രിക്കുലേഷൻ' മാത്രം ജയിച്ചിട്ടുള്ള ഒരുവന്നു് വല്ല അദ്ധ്യാപകവൃത്തിയോ, ഗുമസ്തപ്പണിയോ അല്ലാതെ, മററുദ്യോഗമാണ് കിട്ടുവാൻ പോകുന്നതു്? വക്കീൽപരീക്ഷ ജയിച്ചിരുന്നുവെങ്കിൽ, നീണ്ട കുപ്പായമിട്ടു് തലക്കെട്ടുംവെച്ചു്, കക്ഷിപരിചാരങ്ങളോടുകൂടെ ഞെളിഞ്ഞുനടക്കാൻ സാധിക്കുമായിരുന്നു. തറവാടികൾക്കു് ചേൎച്ചയുള്ള പ്രവൃത്തിയുമാണല്ലോ. എന്നാൽ നമ്മുടെ പുതിയ കാരണവപ്പാടിന്നു് അതിന്നും മാൎഗ്ഗമില്ല. തറവാടികളും അഭിമാനികളും ആയ യുവാക്കന്മാർ പലരും ഉദ്യോഗത്തിന്നായി അക്കാലത്തു് നാടുവിട്ടു ദൂരദേശങ്ങളിൽ പോകയും, കുറെ കൊല്ലം കഴിഞ്ഞു് ധാരാളം പണവും കൊണ്ടു് മടങ്ങിവരുകയും ചെയ്തിട്ടുള്ള വൎത്തമാനം, മാധവനുണ്ണിത്താൻ അറിഞ്ഞിരുന്നു. രാപകൽ കൂലിപ്പണി എടുത്തു് നട്ടെല്ലു മുറിഞ്ഞിട്ടാണു് അവർ ധനം സമ്പാദിച്ചിട്ടുള്ളതു് എന്നും, ഉണ്ണിത്താൻ ഗ്രഹിച്ചിരുന്നു. സ്വന്തം നാട്ടിലും സ്വജനങ്ങളുടെ ഇടയിലും അല്ലെന്നിരിക്കിൽ, ഏതുതരം പണിയും ചെയ്യുവാൻ ജനങ്ങൾക്കു മടിയുണ്ടാവാത്തതു് ഒരു പ്രകൃതിനിയമമെന്നവിധം സൎവ്വസാധാരണമാണല്ലോ. മാധവനുണ്ണിത്താനും കൊളമ്പിലൊ പെനാങ്ങിലൊ മററൊ ചെന്നെത്തിയാൽ,

ചായത്തോട്ടത്തിലോ കാപ്പിത്തോട്ടത്തിലോ കൂലിവേല ചെയ്യു
യോ, കപ്പലിൽ കരി ചുമക്കുകയൊ ചെയ്വാൻ മനസ്സായിരു
ന്നു. ഈ യുവാവിന്നു് പഠിത്തത്തിൽ പണ്ടേ താല്പൎയ്യമില്ലാ
യിരുന്നു. നന്ദപുരി വിട്ടതിൽപിന്നെ പാഠപുസ്തകങ്ങൾ തൊ
ട്ടുകപോലും ചെയ്തിട്ടില്ല. വാസ്തവം പറകയാണെങ്കിൽ, പ
ഠിച്ചു തല പുണ്ണാക്കുന്നതു് ഉണ്ണിത്താനു തീരെ ഹിതവുമല്ല.
സുഖപ്രിയന്മാരായ പ്രമാണികളെപ്പോലെ, സുഖഭക്ഷണ
വും കഴിച്ചു്, കൂട്ടർകൂടി ജല്പിച്ചു നടന്നു്, കാലയാപനം ചെ
യ്യാനാണു് അധികം പ്രിയം. അതിനു തക്ക അവസ്ഥ വീട്ടി
ലില്ലായ്കയാൽ, ദൂരദിക്കിൽ എങ്ങാനും പോയി അധ്വാനിക്കു
വാൻ മനസ്സായിരുന്നു. എന്നാൽ, ദൂരദിക്കിൽ ചെന്നു ചേരു
വാൻ പണം വേണ്ടേ? അതിന്നു് അമ്മയുടെ നല്ല മനസ്സു
വേണ്ടേ?

ഇക്കാൎയ്യത്തെപ്പററി, മാധവനുണ്ണിത്താൻ തന്നെ നാരാ
യണി അമ്മയോടു് ആദ്യം പറഞ്ഞു. മേലാൽ ഇങ്ങനെയുള്ള
വൎത്തമാനം തന്റെ ചെവിയിൽ കേൾക്കാൻ ഇടവരുത്തരു
തെന്നു മകനെ ശാസിച്ചതല്ലാതെ, അമ്മ ആ യുവാവിന്റെ
ആഗ്രഹത്തെ അനുകൂലിച്ചില്ല. വിശേഷിച്ചും, പണമില്ല എ
ന്ന കഴികഴിവു് എപ്പോഴും ഉണ്ടായിരുന്നുതാനും. വാസ്തവ
ത്തിൽ, മാധവനുണ്ണിത്താനെ കൊളമ്പിലേക്കോ, പെനാങ്ങി
ലേക്കോ അയയ്ക്കുവാൻ വേണ്ടിയ യാത്രച്ചെലവുപണം അമ്മ
യുടെ പക്കൽ ഇല്ലായ്കയില്ല; ദൂരദിക്കിലേക്കു പറഞ്ഞയയ്ക്കു
വാൻ അമ്മയ്ക്കു മനസ്സില്ലായിരുന്നു. മകൻ അലഞ്ഞുനടന്നു
ജീവിതം വ്യൎത്ഥമാക്കിക്കളയുന്നു എന്ന വസ്തുത എത്ര പറ
ഞ്ഞാലും, ആ അമ്മയുടെ ചെകിട്ടിൽ കടക്കയില്ല. ദൂരദി
ക്കിൽ പോയിട്ടെങ്കിലും പണിയെടുത്തു 'നാലുകാശു' സമ്പാ
ദിക്കേണ്ടതു് അത്യാവശ്യമാണെന്ന കാൎയ്യത്തെപ്പററി ചിന്ത
യുമില്ല. മകനു, വരപുരത്തു പാൎക്കുന്ന കാലമെല്ലാം, വീ
ട്ടിൽ വന്നു യഥേഷ്ടം ഭക്ഷണം കഴിക്കാം; അന്യദിക്കിൽ ചെ
ന്നു് കഷ്ടപ്പാടിലായിപ്പോയെങ്കിലോ, എന്ന ശങ്കയും അമ്മ
യ്ക്കു് ഉണ്ടായിരുന്നു.

പുതിയ കൊല്ലാരംഭം കഴിഞ്ഞു. ചിങ്ങമാസത്തിൽ ഓണത്തിൻ മുമ്പുതന്നെ വിളവു കൊയ്യാറായി; പലരും കൊയ്തുതുടങ്ങി. കാലത്തിനു തക്ക മഴയും വെയിലും ഉണ്ടായിരുന്നതുകൊണ്ടു, കൃഷിക്കാൎക്കു കൊയ്ത്തുകാലം സാമാന്യത്തിലധികം സംതൃപ്തികരമായിരുന്നു. ഓണസ്സദ്യയ്ക്കുള്ള വട്ടങ്ങൾ എല്ലാം ഭവനങ്ങളിലും ദുർഭിക്ഷം കൂടാതെ ഒരുക്കിത്തുടങ്ങി. ഇങ്ങിനെയുള്ള ശുഭകാലത്തിലായിരുന്നു, 'അമ്മായിഅമ്മ' എന്നു കീൎത്തിപ്പെട്ട ചിറയ്ക്കൽ ലക്ഷ്മി അമ്മ, കുറുപ്പിൻെറ ക്ഷണമനുസരിച്ച്, കമലയേയും കൂട്ടിക്കൊണ്ടു താമശ്ശേരിയിൽ വിരുന്നിനു ചെന്നതു്. നായികയില്ലാത്ത ഒരു ഭവനത്തിൽ, നായകനെക്കൂടാതെയുള്ള ഒരു സ്ത്രീ, വിരുന്നിനു ചെന്നു ഒരാഴ്ചവട്ടകാലം അവിടത്തെസ്സല്ക്കാരങ്ങൾ സ്വീകരിച്ചു പാൎത്തതു് അക്കാലത്തെ നാട്ടുനടപ്പിനു യോജിക്കാത്തതായിരുന്നു. അതിനെപ്പററി ലക്ഷ്മി അമ്മയുടെ ശത്രുക്കൾ കലശലായി അപവാദം പറഞ്ഞു. എന്നാൽ വായനക്കാർ ലക്ഷ്മി അമ്മയുടെ സമാധാനത്തെയും കേൾക്കേണ്ടതാണു്. പരിശുദ്ധചരിതയായ ആയമ്മയ്ക്കു് കുറുപ്പിനെ തൻെറ പാട്ടിലാക്കണമെന്ന ആഗ്രഹം സ്വപ്നത്തിൽപോലും ഉണ്ടായരുന്നില്ല. ബാല്യപ്രായത്തെ അതിക്രമിച്ചിട്ടില്ലാത്ത തൻെറ സഹോദരീപുത്രിക്കു് അവളുടെ അച്ഛനോളം പ്രായമുള്ള കുറുപ്പിനെ വരനായി ലഭിക്കണം എന്ന വിചാരവും, ആ സ്ത്രീക്കു ഒരിക്കലും ഉണ്ടാകുന്നതുമല്ല. പിന്നെയൊ, തൻെറ ചെറുപ്പകാലത്തു, തൻെറ ആത്മപ്രിയനോടൊന്നിച്ചു സുഖിച്ചു പാൎത്തിരുന്ന ആ ഭവനത്തെ വീണ്ടും സന്ദൎശിപ്പാനും, ചിരപരിചിതങ്ങളും, തൻെറ ഭൎത്താവിൻെറ അന്ത്യദശയിൽ ഉപയോഗപ്പെടുത്തി വന്നതു നിമിത്തം പ്രിയതരങ്ങളും, ആയിട്ടുള്ള അവിടത്തെ അറകളെയും തളങ്ങളെയും കണ്ടു് ആ മഹാത്മാവിൻെറ സാന്നിദ്ധ്യത്തെ ധ്യാനിപ്പാനും, അദ്ദേഹത്തിൻെറ ശരീരശേഷത്തിൻെറ വിശ്രമസ്ഥാനമായ സംസ്കാരസ്ഥലത്തെ

വന്ദിപ്പാനും ആയിരുന്നു, ലക്ഷ്മി അമ്മ കുറുപ്പിന്റെ ക്ഷണം സ്വീകരിച്ച് അവിടെ ചെന്നത്. അവിടെ പാൎത്ത നാളൊക്കെയും, അധികസമയവും ലക്ഷ്മി അമ്മ തന്റെ ഭൎത്താവു കിടന്നു മരിച്ച മുറിയിൽ ഇരുന്ന് അദ്ദേഹത്തെ ധ്യാനിക്കയും, അദ്ദേഹത്തിന്റെ അസ്ഥി സ്ഥാപിച്ചിട്ടുള്ള വൃക്ഷച്ചുവട്ടിനെ തന്റെ കണ്ണുനീർകൊണ്ടു അഭിഷേകം ചെയ്കയും ചെയ്തിരുന്നു. ചിറ്റൂരിലേക്കു മടങ്ങുന്നതിനു മുമ്പ് ഒരു ദിവസം രാവിലെ ലക്ഷ്മി അമ്മ തന്റെ ഭൎത്തൃസോദരിയെ കാണ്മാനായി തോരണത്തേക്കു പോയി.

ലക്ഷ്മിഅമ്മ തോരണത്തു പോയതു തനിയേയായിരുന്നു; കമലയെ കൊണ്ടുപോയില്ല. നാരായണി അമ്മ തന്നെ സല്ക്കരിക്കുന്ന വിധങ്ങൾ കമല കാണേണ്ടാ എന്നു വിചാരിച്ചിട്ടായിരുന്നു തനിയെ പോയത്. താമരശ്ശേരിയിൽനിന്നു പിരിഞ്ഞുപോയതിൽപിന്നെ, ഈ രണ്ടു സ്ത്രീകളും തമ്മിൽ കാണുകയോ ക്ഷേമവാൎത്തകൾ അന്വേഷിക്കുകയോ ചെയ്തിരുന്നില്ല. അതിനാൽ മിക്കവാറും അപരിചിതരെന്ന നിലയിലായിരുന്നു അവർ തമ്മിൽ കാണാനിടയായത്. "നിങ്ങളെ കണ്ടിട്ട് എനിക്ക് ആൾ മനസ്സിലായില്ല" എന്ന് ആദ്യമായി ലക്ഷ്മി അമ്മ പറഞ്ഞു. ലക്ഷ്മിഅമ്മയ്ക്ക് നാരായണി അമ്മ ഇരുന്നിരുന്ന പായിൽ, സ്വന്തം ആളുടെ നിലയിൽ, ചെന്നിരിക്കണമെന്നു വിചാരമുണ്ടായിരുന്നു. എന്നാൽ നാരായണിഅമ്മയുടെ മുഖഭാവം കണ്ടാറെ, അതിപരിചയം കാണിപ്പാൻ മടിച്ചു, ലക്ഷ്മിഅമ്മ, അകലെ കിടന്നിരുന്ന ഒരു പായിൽ ക്ഷണിക്കാതെതന്നെ ചെന്നിരുന്നു.

നാ. അ:—നിങ്ങളെ ആക്കും ആൾമാററം തോന്നുകയില്ല; പണ്ടത്തെ മേനകതന്നെ ഇപ്പോഴും. കുറെക്കൂടി നിറം കൂടീട്ടുണ്ട്.

ല. അ:—നിങ്ങൾ വല്ലാതെ മാറിയിരിക്കുന്നു. ദേഹം ഇങ്ങനെ തടിച്ചുപോയല്ലൊ. പണ്ടു, എത്ര മെലിഞ്ഞിരുന്നു! മുടി കെട്ടും വ്യത്യാസപ്പെട്ടിരിക്കുന്നു.

നാ. അ:—ഞാൻ എന്റെ സ്വന്തം മുടിയേ കെട്ടാറുള്ളു. നിങ്ങളെപ്പോലെ തിരുപ്പനും മററും കുത്തിത്തിരുകാറില്ല. എനിക്കത്ര സൌന്ദൎയ്യമേ വേണ്ടു.

ല. അ:—അമ്മുവിനെ ഞാൻ കണ്ടു. അമ്മയെപ്പോലെതന്നെ മകളും. ഇപ്പോഴത്തെപ്പോലെയല്ലതാനും.

നാ. അ:—എന്റെ മകൾ എന്നെപ്പോലെ ഇരിക്കതന്നെയാണു വേണ്ടത്. കണ്ടവരെപ്പോലെയുള്ള കുട്ടികൾ എനിക്കുണ്ടാവില്ല.

ലക്ഷ്മി അമ്മ ഈ കുത്തുവാക്കുകളെ ക്ഷമാപൂൎവ്വം സഹിച്ചു. ആ സ്ത്രീയുടെ കവിൾത്തടങ്ങൾ അരുണവൎണ്ണമായി, എങ്കിലും മുഖത്തുള്ള ശാന്തരസം മാറിയില്ല.

ല. അ:—മാധവനെയും കണ്ടു; അഞ്ചാറു കുറി കണ്ടു. താമരശ്ശേരിക്കാരുടെ ഛായതന്നെ അവനും. കുറേക്കൂടി പ്രായം ചെന്നാൽ അവന്റെ അമ്മോതൻതന്നെ—അവൻ വെറുതെ അലഞ്ഞു നടക്കുകയല്ലേ? കഷ്ടം! വല്ല ജോലിയിലും പ്രവേശിക്കത്തക്ക പ്രായമായി. അവന്റെ മേലാലത്തെ കാൎയ്യം അവൻ കരുതേണ്ടതല്ലേ?

നാ. അ:—മേലാലത്തെ കാൎയ്യത്തെപ്പററി ചിന്തിക്കാൻ ധാരാളം സമയമുണ്ടല്ലൊ. അവൻ എന്തുവേല ചെയ്യണം? മൺവെട്ടിയെടുത്തു കിളയ്ക്കുകയോ, കുഴി കുത്തുകയൊ? അവൻ അനുഭവിക്കേണ്ട സ്വത്തുക്കളൊക്കെ കണ്ടവർ കൊണ്ടുപോയി. അവന് എന്താണുള്ളത്? അവനിരുന്നു ഭരിക്കേണ്ടെടത്ത് അതാ ഒരു എരപ്പാളി കയറിയിരുന്നു സുഖിക്കുന്നു! അവനു കിട്ടേണ്ടിയിരുന്നതിനെ പിടിച്ചു പററി തിന്നുന്ന നിങ്ങൾ വന്ന് അവന്റെ ജോലിക്കാൎയ്യത്തെപ്പററി പറവാൻ തുനിഞ്ഞതാണു അത്ഭുതം!

ല. അ:—ഞാൻ തിന്നുന്നത് എന്റെ ഭൎത്താവു എനിക്കു തന്നിട്ടുള്ള വകയാണ്. മററുള്ളവൎക്കു കിട്ടേണ്ട മുതൽ ഞാൻ അപഹരിച്ചിട്ടില്ല.

നാ. അ:—ഭൎത്താവു തന്നതു്! മനസ്സോടുകൂടെ തന്നതു്! ഓ! ഓ! അറിയാം, എനിക്കു നിങ്ങളുടെ സാമൎത്ഥ്യം! നല്ല മനസ്സോടുകൂടിയോ, സുബോധത്തോടുകൂടിയോ ആയിരുന്നുവോ, നിങ്ങൾക്കു ഈ മുതലൊക്കെ തന്നതു്? മന്ത്രംകൊണ്ടും മരുന്നു കൊടുത്തും മയക്കി, ആ സാധുവിനെ പമ്പരം തിരിച്ചില്ലേ? എന്നിട്ടല്ലേ തറവാടു വിററു മുതലൊക്കെ പിടുങ്ങിയതു്?

ല. അ:—ഈ കാൎയ്യത്തെപ്പററി സംസാരിക്കാനല്ല ഞാൻ വന്നിരിക്കുന്നതു്. തറവാടു വിററു് അളവില്ലാത്ത മുതൽ എനിക്കൊട്ടു തന്നിട്ടും ഇല്ല. താമരശ്ശേരിയിലെ കാരണവരുടെ ഭാൎയ്യയായി പത്തുമുപ്പതു കൊല്ലം ഇരുന്ന എനിക്കു്, എൻെറ ആളുകളെ ആശ്രയിച്ചു കാലം കഴിക്കാനിടവരുത്താത്ത വിധത്തിൽ, ഒരു വിധം സുഖത്തിൽ കഴിഞ്ഞുകൂടുന്നതിനുള്ള വക അദ്ദേഹം തന്നിട്ടുണ്ടു്. ഞാനോ ഒററത്തടി, മക്കളോ കുട്ടിയോ ഉണ്ടോ? എനിക്കു എത്രതന്നെ വേണം? അന്യായമായി ഞാനൊന്നും പിടുങ്ങീട്ടില്ല. അസംബന്ധം പറഞ്ഞു ശീലിച്ച നിങ്ങളുടെ നാവുകൊണ്ടു് ഇതും ഇതിലപ്പുറവും പറവാൻ മടിക്കില്ല. അതുകൊണ്ടു് എനിക്കു യാതൊരു കുറവും നഷ്ടവും ഇല്ല. സ്വകാൎയ്യം നേടാൻ വേണ്ടിയല്ല ഞാൻ വന്നിരിക്കുന്നതു്. നിങ്ങളുടെ അടുത്ത ബന്ധു എന്ന നിലയിൽ—

നാ. അ:—അടുത്ത ബന്ധു! ആവു! ഇങ്ങനെ കുറെ ബന്ധുക്കൾ ഉണ്ടായാൽ കേമം തന്നെ.

ല. അ:—നിങ്ങളുടെ തറവാട്ടു മാനത്തെ രക്ഷിക്കാൻ കഴിയുമോ എന്നു നോക്കാനാണു് വന്നതു്. അവനെ കയറഴിച്ച കാളയെപ്പോലെ വിട്ടിരിക്കുന്നതു നോക്കു്! അവൻെറ തെമ്മാടിത്തങ്ങളെപ്പററി നാടു മുഴുവൻ ആക്ഷേപം മുഴങ്ങുന്നു. അവനെ എവിടെയെങ്കിലും പറഞ്ഞയയ്ക്കുയോ, വല്ല പണിയിലും പിടിച്ചാക്കുകയോ ചെയ്തില്ലെങ്കിൽ, അവനു കഷ്ടകാലം തന്നെ.

നാ. അ:—അങ്ങാടിയിൽ പറഞ്ഞയയ്ക്കട്ടെയോ ചുമട ചുമക്കാൻ?

ല. അ: — എന്നു ഞാൻ പറയുന്നില്ല. മാനമായ പണികഠം എന്തൊക്കെയുണ്ടു! വലിയ സൎക്കാരുദ്യോഗത്തിലോ മറെറാ പ്രവേശിക്കാൻ തക്ക യോഗ്യത അവൻ നേടീട്ടില്ല. അതുകൊണ്ട് വലിയ പദവി കിട്ടണമെന്നു ആഗ്രഹിച്ചിരിക്കാൻ തരമുണ്ടോ? അവനെ ദൂരദിക്കിൽ പറഞ്ഞയയ്ക്കാൻ മനസ്സുണ്ടോ? ഉണ്ടെങ്കിൽ നല്ല ജോലി ഉണ്ടാക്കിക്കൊടുക്കാം. സ്വതന്ത്രനായിരുന്ന് സുഖമായി കാലക്ഷേപം കഴിക്കാനുള്ള വഴി ഉണ്ടാക്കിക്കൊടുക്കാം. പുരുഷന്മാർ വേല ചെയ്തു തിന്നുകയല്ലേ മാനം!

നാ. അ: —അവനു ജോലി ഉണ്ടാക്കിക്കൊടുക്കാൻ തയ്യാറുള്ള ഉദാരബുദ്ധി ആരാണ്, കേഠക്കട്ടെ!

ല. അ: — ആളെ നിങ്ങഠക്കറിയരുതോ? ഇതിനു മുമ്പു തന്നെ അറിയിച്ചിട്ടില്ലേ? അഭിമാനം നടിച്ച് കണ്ണും അടച്ചുകൊണ്ടല്ലേ നിങ്ങഠ നിഷേധിച്ചതു്? നിങ്ങഠ സമ്മതിക്കുന്ന പക്ഷം, ഇനിയും അതു ചെയ്യാൻ ആ ആഠ തയ്യാർ. വിവരം പറവാൻ എന്നോടു ശിപാൎശ ചെയ്തയച്ചിരിക്കുന്നു.

നാ. അ: —ഓഹോ! ആ എരപ്പാളിയോ പറഞ്ഞയച്ചിരിക്കുന്നതു? ശരി! ശരി! ഈ ശിപാൎശയുംകൊണ്ട് നിങ്ങഠ ഇത്രയും ബുദ്ധിമുട്ടി വരേണ്ടിയിരുന്നില്ല. അവൻെറ സഹായം എനിക്കാവശ്യമില്ലെന്നു പറഞ്ഞേക്ക്. അവൻെറ സഹായം കൂടാതെതന്നെ ഞാൻ എൻെറ കാൎയ്യം നോക്കിക്കൊള്ളാം.

ല. അ: —നിങ്ങളെ സഹായിക്കേണമെന്നുള്ള സദുദ്ദേശത്തോടുകൂടിയിരിക്കുന്ന ആളെ ഈ വിധം അവമാനിപ്പാൻ മടിയില്ലാത്തതു് അത്ഭുതംതന്നെ! കഷ്ടം! കഷ്ടം! ഇതൊക്കെ അഭിമാനമാണെന്നോ വിചാരം? അതു് അബദ്ധമാണേ! നിങ്ങളുടെ കുട്ടികളുടെ കഥ വിചാരിച്ചിട്ടെങ്കിലും ഈ ഹുങ്കാരം കളയൂ.

നാ. അ: —നിങ്ങഠക്കു പ്രസംഗിക്കാൻ അറിയാം. അതു പറഞ്ഞ

ഞാൻ അറിഞ്ഞിട്ടുമുണ്ട്. നഷ്ടവും അവമാനവും ഉണ്ടാവ നാട്ടില്ലാത്തവൎക്കു പ്രസംഗിക്കാനെന്തു പ്രയാസം?

ല. അ:—നാരായണി അമ്മേ! നിങ്ങൾ കോപിച്ചതുകൊണ്ടു് ഫലമില്ല. സാവധാനമായി ആലോചിച്ചുനോക്കുക. നിങ്ങളുടെ ഗുണത്തിന്നു വേണ്ടിയാണു് ഞാൻ പറയുന്നതു്. ഇക്കാൎയ്യം മാധവനുമായി സംസാരിച്ചു് നിങ്ങളുടെ അവസരംപോലെ മറുപടി പറഞ്ഞാൽ മതി. ഏതു സമയത്തും നിങ്ങളെ സഹായിക്കാൻ കുറുപ്പു തയ്യാറാണു്. അയാളെ നിങ്ങൾ അധിക്ഷേപിക്കയും അവമാനിക്കയും ചെയ്യുന്നതു യോഗ്യതയല്ല.

നാ. അ:—ഇക്കാൎയ്യത്തിൽ ആലോചിപ്പാൻ ആവശ്യമൊന്നുമില്ല. ഞാൻ എത്രയോ മുമ്പുതന്നെ തീൎച്ചയാക്കിയ കാൎയ്യമാണു്. കൃഷ്ണക്കുറുപ്പിനു് ഒരിക്കലും ഞാൻ കടപ്പെട്ടവളായിത്തീരുകയില്ല. അയാളുടെ സഹായം യാതൊന്നും ഇവിടെ ആവശ്യമില്ല. ഈ വിവരം പറഞ്ഞേക്കൂ.

ല. അ:—നിങ്ങൾ നന്ദികെട്ട ഒരു ദുഷ്ടയാണെന്നും, അയാളുടെ സഹായം ലഭിക്കത്തക്ക യോഗ്യത നിങ്ങൾക്കില്ലെന്നും ഞാൻ പറഞ്ഞേക്കാം. നിങ്ങൾ നശിച്ചാൽ അയാൾക്കെന്തു നഷ്ടം?

നാ. അ:—അയാളുടെ സഹായം ലഭിപ്പാൻ യോഗ്യത നിങ്ങൾക്കാണുള്ളതു്. അതു സ്വീകരിച്ചോളൂ. സമ്മതം. കുറേ പ്രായം കൂട്ടണമെന്നേ ഉള്ളു. നല്ല ചേൎച്ച. രണ്ടാളും യോജിക്കും. താമരശ്ശേരിയിൽ രണ്ടാമതും ഇരുന്നു ഭരിക്കാം. അതിനായിട്ടല്ലയോ ഇപ്പോൾ വിരുന്നിനു വന്നതു?

അവമാനകരങ്ങളായ ഈ കടുവിലത്തെ വാക്കുകൾ മുഴുവനും കേൾക്കുംമുമ്പുതന്നെ, ലക്ഷ്മിഅമ്മ പുറമേ പോന്നു. നാരായണി അമ്മയുടെ സ്വഭാവത്തെപ്പറ്റി സൂക്ഷ്മപരിചയമുള്ള ഈ സ്ത്രീക്കു്, അവരുടെ ഈ പരുഷവാക്കുകൾ കേട്ടിട്ടു് അല്പമെങ്കിലും കോപമോ വ്യസനമോ ഉണ്ടായില്ല. താൻ സദുദ്ദേശത്തോടുകൂടെ വഹിക്കുന്ന ദൗത്യത്തിന്റെ ഫലം ഈ

വിധമായിരിക്കുമെന്നു മുൻകൂട്ടി നിശ്ചയിക്കാതെയല്ലാ, ലക്ഷ്മി അമ്മ കുറുപ്പിൻെറ സന്ദേശവും കൊണ്ടു് പുറപ്പെട്ടതു്. താമരശ്ശേരിക്കാരുടെ മാനം നശിക്കുന്നതിൽ ആ അമ്മയ്ക്കു മനഃപൂർവ്വമായ വ്യസനം ഉണ്ടായിരുന്നതിനാൽ, തൻെറ ഉപദേശം കൊണ്ടു് വല്ല ഫലവും ഉണ്ടാകുമോ എന്നു പരിക്ഷിക്കാനൊരാശ്ച എന്നേയുള്ളു. താമരശ്ശേരിയുടെ പുനരുദ്ധാരണത്തിനുവേണ്ടി, തൻെറ സ്വകാര്യസ്വത്തിൽ ഒരു ചെറിയ ഓഹരി എങ്കിലും വിട്ടുകൊടുക്കാൻ ലക്ഷ്മി അമ്മ ഒരുങ്ങുമെന്നു തോന്നുന്നില്ല; സ്വഭാവേനതന്നെ സുഖപ്രിയയായിരുന്നതിനാൽ, തൻെറ സുഖസൗകര്യങ്ങൾക്കു അല്പവും തടവു നേരിടാത്ത വിധത്തിൽ പരോപകാരം ചെയ്യാമെന്നു വരുന്നേടത്തു മാത്രമേ, ലക്ഷ്മി അമ്മ അക്കാര്യത്തിന്നിറങ്ങി പുറപ്പെടാറുള്ളു. മാധവൻെറ ദുർന്നടത്തകളെപ്പററി കേട്ടതിൽ ആ അമ്മയ്ക്കു നിർവ്വാജ്യമായ വ്യസനം തോന്നി; താൻ ചെയ്യേണ്ടുന്ന കടമയെ ചെയ്യാമെന്നുറച്ചു്, കുറുപ്പിൻെറ ദൗത്യം വഹിച്ചു. എന്നാൽ തൻെറ ശ്രമം നിഷ്ഫലമെന്നു മനസ്സിലായ ഉടൻ അതിൽനിന്നു പിൻമാറുകയും ചെയ്തു.

താമരശ്ശേരി തറവാടു ക്ഷയിച്ചതിൽ, ആ തറവാട്ടിലുള്ള ആളുകൾക്കൊപ്പം വ്യസനം ലക്ഷ്മി അമ്മയ്ക്കും ഉണ്ടായിരുന്നു. ആ ഭവനത്തിലുണ്ടായിരുന്ന തട്ടുമുട്ടുസാമാനങ്ങളും, മരസാമാനങ്ങളും വിററു കാശുമാററാൻ നാരായണിഅമ്മ ഭാവിക്കുന്നുവെന്നറിഞ്ഞപ്പോൾ ആവക സാമാനങ്ങൾ അന്യഗൃഹത്തെ അലങ്കരിക്കാനിടവരുന്ന ദുരദൃഷ്ടത്തെ നീക്കാൻവേണ്ടി, ലക്ഷ്മി അമ്മ, സ്വന്തം ആളുകളെ പറഞ്ഞയച്ചു് നാരായണി അമ്മയെ അറിയിക്കാതെ, അവയെ വിലയ്ക്കുവാങ്ങി, തൻെറ വീട്ടിൽ ശേഖരിച്ചു. താമരശ്ശേരിയെപ്പോലെ വലുതായൊരു വീട്ടിനു മാത്രം ചേച്ചയായിരുന്ന ആ സാമാനങ്ങൾ, ലക്ഷ്മി അമ്മയുടെ ചെറിയ ഭവനത്തിനു് അലങ്കോലമായിത്തീർന്നുവെങ്കിലും, അന്യകരസ്പർശത്താൽ അവ അശുദ്ധമാവുന്നില്ലല്ലോ എന്നു് ആ

സ്ത്രീ സമാധാനപ്പെട്ടു. താമരശ്ശേരിയിൽനിന്നു, പഴയ കടലാസിൻെറ വിലച്ചു വിററുതള്ളിയ പല പുസ്തകങ്ങളും ഗ്രന്ഥങ്ങളും ലക്ഷ്മി അമ്മയ്ക്കു കിട്ടാതെ പോയി; എന്നാൽ, ചില താളിയോലഗ്രന്ഥങ്ങളും കടലാസു റിക്കാർട്ടുകളും അവരുടെ കൈവശം കിട്ടി. അവ എന്തെന്നു നോക്കുവാനായി, കമലയുടെ അച്ഛനായ കുമാരപിള്ള വക്കീലിനെ ഏല്പിക്കയും ചെയ്തിരുന്നു.

ലക്ഷ്മി അമ്മ തോരണത്തു ചെന്ന സമയം അമ്മുക്കുട്ടി പുറമെ പോയിരുന്നു. ആ സ്ത്രീ തിരികെ പോകയും, നാരായണി അമ്മയുടെ കോപാഗ്നി കുറെ തണുക്കയും ചെയ്ത ശേഷമായിരുന്നു, അമ്മുക്കുട്ടി വീട്ടിൽ മടങ്ങി എത്തിയത്. അവളെ കണ്ട ഉടൻ, അമ്മായിയുടെ വരവിനെയും കുറുപ്പു പറഞ്ഞയച്ച വർത്തമാനത്തെയും പററി നാരായണി അമ്മ അവളോടു വിസ്തരിച്ചു പറഞ്ഞു.

"ഇക്കുറിയും അമ്മ ആ ശിപാശിയെ തള്ളിക്കളഞ്ഞോ? അമ്മേ മാധവനെ ദൂരദിക്കിൽ എങ്ങാനും പറഞ്ഞയക്കുകയാണു നല്ലതു. അവൻ ഇവിടെ പോക്കിരികളുമായി കൂടി നടക്കുന്നതു അമ്മ ഇനിയും മനസ്സിലാക്കീട്ടില്ലയോ? അവൻെറ കാര്യത്തിൽ അമ്മ ഇങ്ങിനെ അശ്രദ്ധ കാണിക്കുന്നതു കഷ്ടം തന്നെ"—എന്നായിരുന്നു അമ്മുക്കുട്ടിയുടെ മറുപടി.

നാ. അ:—എന്തു! അവൻെറ—ആ തെണ്ടിയുടെ—സഹായം ഞാൻ സ്വീകരിക്കേണമെന്നോ നിൻെറയും അഭിപ്രായം?

അമ്മു:—എന്തുകൊണ്ടു സ്വീകരിച്ചുകൂടാ? ഇനിയും അമ്മ കുറുപ്പിൻെറ നേരെ ദ്വേഷവും കോപവും വച്ചുകൊണ്ടിരിക്കുന്നതു തീരെ ചീത്തയാണു. അമ്മേ! ഇതിൻെറ കാരണം എനിക്കു മനസ്സിലാകുന്നില്ലല്ലൊ.

നാ. അ:—വേണ്ടാ. താമരശ്ശേരിത്തറവാട്ടിൽ പിറന്നിട്ടും ഈ തറവാട്ടുകാരുടെ അഭിമാനം ലേശവും നിനക്കില്ല. ഉണ്ടെങ്കിൽ നീ ഇങ്ങിനെ പറകയില്ല.

അമ്മു:—അഭിമാനം! എന്തു കണ്ടിട്ടാണു് ഈ അഭിമാനവും വച്ചുകൊണ്ടിരിക്കുന്നതു്? ശരിയായ ആത്മാഭിമാനം എല്ലാവക്കും വേണ്ടതുതന്നെ. അതു് എന്താണെന്നുതന്നെ അമ്മ മനസ്സിലാക്കീട്ടില്ല.

നാ. അ:—കുറുപ്പും നമ്മളും സമന്മാരെന്നാണൊ നിൻെറ വിചാരം?

അമ്മു:—അല്ല. കുറുപ്പു് നമ്മേക്കാൾ എത്രയോ ഉയൎന്ന പടിയിൽ നില്ക്കുന്നു. അല്ലെങ്കിൽ നമ്മെ സഹായിക്കണമെന്നു തോന്നുമോ? ഇട്ടിക്കിടല ചില കുസൃതിക്കാരുടെ ഇടയിൽ കുറുപ്പിനെപ്പററി നല്ല അഭിപ്രായമില്ല. അതു് കുറുപ്പിൻെറ കുററവുമല്ല. അവരുടെ വിവേകക്കുറവുതന്നെ.

നാ. അ:—എന്നെപ്പോലെതന്നെ, അവനും അയാൾക്കു കീഴ്‌വഴങ്ങുകയില്ല. അവക്കും അയാളുടെ സഹായം ആവശ്യമില്ല. അയാൾ വരുംമുമ്പു് അവർ പട്ടിണി കിടക്കുകയായിരുന്നോ? ഇങ്ങട വശ്യപ്പെടാതെ അയാൾ വലിയ കേറിച്ചെന്നല്ലയോ അയാളുടെ ഔദാൎയ്യത്തെ കൈക്കൊള്ളാൻ അവരെ നിൎബ്ബന്ധിക്കുന്നതു; ഇതു കണ്ടിട്ടു എനിക്കു ചിരി വരുന്നു. അയാൾ കുത്തിച്ച കിണററിൽ നിന്നു് ആരാനും വെള്ളം കോരി കുടിക്കുന്നുണ്ടോ? അയാൾ ഏൎപ്പെടുത്തിയ വായനശാലയിൽ ആരെങ്കിലും കടന്നുചെല്ലുന്നുണ്ടോ? അയാളുടെ പള്ളിക്കൂടത്തിൽ ആരെങ്കിലും കുട്ടികളെ പറഞ്ഞയക്കുന്നുണ്ടോ? വരപുരത്തു് ഉശിരൊള്ളയാളുകൾ ചിലരുണ്ടു്; ഓൎമ്മവച്ചോട്ടെ.

അമ്മു:—മററുള്ളവർ അവിവേകം കാണിക്കുന്നതുകൊണ്ടു് നമ്മളും അവിവേകം കാണിക്കണമൊ? നല്ല ഉശിരാണു് ഇക്കൂട്ടൎക്കു! കുറുപ്പിനെ ഞാൻ കാണട്ടെ; മാധവൻെറ കാൎയ്യത്തെപ്പററി ഞാൻ ചോദിച്ചു തീൎച്ചയാക്കാം.

നാ. അ:—എൻെറ അനുവാദം കൂടാതെ നീ അയാളോടു സംസാരിക്കുമോ? കാണട്ടെ!

നാരായണി അമ്മയുടെ ഭാവം മാറി; അമ്മുവിനും കോപം ജ്വലിച്ചു.

അമ്മു:—എന്നോടു സംസാരിച്ചാൽ ഞാനും സംസാരിക്കും; നിശ്ചയംതന്നെ. അദ്ദേഹത്തോട് എനിക്ക് ഒരു വിരോധവും ഇല്ല.

ഈ സന്ദർഭത്തിൽ, അമ്മുവിന്റെ അരുണവൎണ്ണമായ മുഖവും, കോപംകൊണ്ടു വിറക്കുന്ന ചുണ്ടുകളും, മാത്സൎയ്യനോട്ടത്തോടുകൂടിയ കണ്ണുകളും, ഒന്നു കാണേണ്ട കാഴ്ചതന്നെ ആയിരുന്നു.

## അദ്ധ്യായം, ൧൧.

### പ്രണയാരംഭം.

“ആ അമ്മയ്ക്കു നല്ല ബുദ്ധി തോന്നിയോ ആവോ? ആ കുട്ടികളെ വിചാരിച്ചിട്ടെങ്കിലും—” ഇങ്ങനെ തന്റെ ആത്മഗതത്തെ, താനറിയാതെ തന്നെ, പിറുപിറുത്തുകൊണ്ട്, കൃഷ്ണക്കുറുപ്പ് തന്റെ ഭവനത്തിന്റെ മുൻവശത്തുള്ള തോട്ടത്തിൽ ആരുടേയോ വരവിനെ പ്രതീക്ഷിച്ച് അക്ഷമനായി ഉലാത്തുകയായിരുന്നു. തോട്ടം കുറെ പൊങ്ങിയ ഭൂമി ആയിരുന്നതിനാൽ, അവിടെ നിന്നു നോക്കുന്നവൎക്കു ചുററുമുള്ള പ്രദേശങ്ങളും, വിശേഷിച്ചു, പടിവാതില്ക്കൽ കൂടെ പോവുന്ന രാജപാതയും വളരെ ദൂരം സ്പഷ്ടമായി കാണാമായിരുന്നു. ഏറെ നേരം പാതയിലേക്കുതന്നെ അനിമേഷനായി നോക്കിനിന്നിട്ടും, താൻ പ്രതീക്ഷിച്ച ആളെ കണ്ടില്ല. അതുകൊണ്ട്, ദൃഷ്ടികൾക്കു ക്ലേശമുണ്ടാവാതിരിപ്പാൻ വേണ്ടി, കുറുപ്പ് മററു ദിക്കുകളിലേക്കു നോക്കിക്കൊണ്ടു നിന്നു. അപ്പോൾ കണ്ടതായ കാഴ്ച, അതിരമണീയമായിരുന്നു. രണ്ടുമൂന്നു കൊല്ലം മുമ്പ് കാടു പിടിച്ചും വേലിപൊളിഞ്ഞും അരമ്യമായി കിടന്നിരുന്ന ആ തോട്ടംതന്നെ നോക്കുക. ഹ! എത്ര മാററം വ

ന്നുപോയി! മുൾച്ചെടികളും പുൽക്കററികളും നിന്നിരുന്നേട ത്ത്, മനോഹരമായ പച്ചപ്പുല്ല് നിരപ്പെ അരിഞ്ഞുവിട്ട് ചിത്രാകൃതിയിൽ നിർത്തിയിരിക്കുന്നു. അതിസുരഭിലങ്ങളായ പുഷ്പങ്ങളോടുകൂടിയ ചെടികളും വൃക്ഷങ്ങളും, അതാതിൻെറ സ്ഥാനങ്ങളിൽ നിന്നുകൊണ്ടു തോട്ടത്തെ അലങ്കരിക്കുന്നു. അനേകം സ്ഥലങ്ങളിൽ വിടവുകളും വിള്ളലുകളും ഉണ്ടാവുക കൊണ്ടു വഷളായിത്തീർന്നിരുന്ന വേലികളും അഴികളും പുഷ്പിച്ചു നില്ക്കുന്ന ലതകൾ മൂടി പൂവേല ചെയ്തിട്ടുള്ള പച്ചപ്പട്ടു ശീല പൊതിഞ്ഞുണ്ടാക്കിയ തട്ടികളെപ്പോലെ, ശോഭിക്കുന്നു. ഉന്നതപ്രദേശത്തുനിന്ന് ശുദ്ധവായുവിനെ ഗ്രഹിച്ചുകൊള്ളുവാനെന്നോണം ശാഖാനികരങ്ങളെ പൊക്കിപ്പിടിച്ചുകൊണ്ടു ഞെളിഞ്ഞു നില്ക്കുന്ന മഹാമരങ്ങളുടെ ഇലകൾ കാററിലിളകി കർണ്ണാനന്ദകരമായ മർമ്മരാരവം പുറപ്പെടുവിക്കുന്നു. ആ തോട്ടത്തെ മനുഷ്യവാസയോഗ്യമാക്കാനായി താൻ ചെയ്ത ശ്രമം വിഫലമായിട്ടില്ലെന്ന്, ആ കാഴ്ചയാൽ, കുറുപ്പു കൃതാർത്ഥനായി.

തൻെറ ചുററുമുള്ള കമനീയമായ പ്രകൃതിവിലാസത്താൽ അപഹൃതചിത്തവൃത്തിയായിത്തീർന്ന കൃഷ്ണക്കുറുപ്പ്, കുറേ നേരം സ്തബ്ധനായി നിന്നുപോയി. അയാൾ അങ്ങിനെനിന്ന് രാജപാതയുടെ മറുഭാഗത്തേക്കു നോക്കി; നെന്മണികളുടെ ഭാരത്താൽ തലതാഴ്ത്തിനില്ക്കുന്ന കതിർക്കുലകളെക്കൊണ്ടു ശോഭിക്കുന്ന പാടങ്ങളും, ഇടയ്ക്കിടയ്ക്ക് ചില ചെറുമാടങ്ങളും, അകലെ ഭഗവതിക്ഷേത്രത്തിലെ കൊടിമരത്തിൻെറ അഗ്രവും ദൃഷ്ടിപഥത്തിൽ പെട്ടു. അപ്പോഴാണ് ആ പ്രദേശങ്ങളുമായി അടുത്ത ചാർച്ചയുണ്ടായിരുന്ന തൻെറ ബാല്യകാലത്തെപ്പററിയുള്ള സ്മരണകൾ ഉണർന്നതു്. അക്കാലത്താവട്ടെ, കാററത്തുലഞ്ഞിരുന്ന വൃക്ഷശാഖകൾ മർമ്മരശബ്ദവ്യാജത്താൽ തന്നോട് എന്തോ മന്ത്രിക്കുന്നതായി വിചാരിച്ചു അയാൾ പലതും ശങ്കിച്ചിട്ടുണ്ട്. ആ ആമന്ത്രണത്തിൻെറ രഹസ്യം അന്ന് അയാൾ ഗ്രഹിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ

ആ രഹസ്യം അയാൾ അറിഞ്ഞിരിക്കുന്നു. പക്ഷേ, താൻ ആഗ്രഹിച്ചിരുന്ന ഭാഗ്യം പൂൎണ്ണമായി തനിക്കു ലഭിച്ചിട്ടില്ലെന്നും അയാൾ ഗ്രഹിച്ചു. ഇച്ഛാഭംഗം അയാളെ പീഡിപ്പിച്ചിരുന്നില്ലെങ്കിലും, തന്റെ അധരങ്ങൾക്കു സമീപം എത്തിയിരിക്കുന്ന ഭാഗ്യസുധക്കു പൂൎണ്ണമാധുരിയെ നൽകുന്ന എന്തോ ഒരു സാധനത്തിന്റെ കുറവു്, അയാൾ അനുഭവിക്കാതെ തന്നെ അറിഞ്ഞു.

കുറുപ്പ് ഭവനത്തിനു പുറത്തുവന്നു്, പാത കടന്നു്, അപ്പുറത്തുള്ള പാടങ്ങളിലേക്കിറങ്ങി, അവിടത്തെ വലിയ വരമ്പിൽ കൂടെ പടിഞ്ഞാറോട്ടു നടന്നു. വരമ്പിന്റെ ഇരുവശത്തുമുള്ള പാടങ്ങൾ കുറുപ്പിന്റെ വകയായിരുന്നു. വരമ്പു് അമ്പലത്തിലേക്കു പോകുവാനുള്ള കുറുക്കുവഴിയുമായിരുന്നു. വളരെ നാളായി പെരുവഴിപോലെ ഉപയോഗിച്ചു വന്നതു നിമിത്തം, അതിനെ പൊതുസ്വത്തായിട്ടായിരുന്നു ജനങ്ങൾ കരുതിവന്നതു്. എന്നാൽ കുറുപ്പു് വരപുരത്തു വന്ന നാൾ തുടങ്ങി, തന്റെ പണിക്കാരൊഴികെ മററാളുകൾ ചിലർ മാത്രമേ ഈ വഴി കടന്നുപോവാറുള്ളു. മാടുകളിറങ്ങി പാടങ്ങളിലെ വിളവു തിന്നാതിരിക്കാൻവേണ്ടി, കുറുപ്പ് ഈ വരമ്പിന്റെ ഇരുവശവും വേലികെട്ടി, രണ്ടററത്തും ഓരോ അഴിവാതലും സ്ഥാപിച്ചു. നിൎദ്ദോഷമായ ഈ പ്രവൃത്തിയെപ്പററി ശത്രുക്കൾ ദുൎവ്യാഖ്യാനം ചെയ്കയും, വഴി അടച്ചിടാൻ കുറുപ്പിനു് അധികാരമില്ലെന്നു വാദിക്കയും ചെയ്തു. ബഹുജനങ്ങൾക്കു വഴി മുടക്കം വരുത്തുന്ന വാതലിനെ മാററിക്കളയാതിരുന്നാൽ, ജനങ്ങൾ തന്നെ ബലാല്ക്കാരം പ്രയോഗിച്ചു മാററുമെന്നും മററും കുറുപ്പിനെ ഭീഷണിപ്പെടുത്തുകയും ചെയ്തു. സദുദ്ദേശത്തോടുകൂടിയും ബഹുജനനന്മക്കുവേണ്ടിയും പ്രവൎത്തിക്കുന്ന തന്റെ നേരെ ഇടയാൻ പുറപ്പെടുന്ന ജനങ്ങളുടെ നന്ദികേടിനെപ്പററി കുറുപ്പിനു ദ്വേഷം ജനിച്ചു; അതു തന്റെ ജീവിതത്തെ സമാധാനരഹിതമാക്കിത്തീൎക്കയും ചെയ്തു. അചിരേണ ശത്രുക്കളോടു പോരാടേണ്ടിവരുമല്ലോ എന്നു

വ്യസനിച്ചുംകൊണ്ടു് അതിന്നു് അകാരണകാരണമായ്ത്തീന്നിരിക്കുന്ന വരമ്പിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, താൻ അത്ര നേരം പ്രതീക്ഷിച്ചുകൊണ്ടു നിന്ന ദേഹം തനിക്കു നേരെ വരുന്നതു കണ്ടു. കുറുപ്പു് അത്യന്തം ഉൽകണ്ഠയോടെ ലക്ഷ്മി അമ്മയുടെ അടുക്കലേക്കു ബദ്ധപ്പെട്ടു ചെന്നു്, "സമ്മതിച്ചോ?" എന്നു ചോദിച്ചു.

ല. അ: — ഞാൻ ശങ്കിച്ചിരുന്നപോലെതന്നെ കലാശം. ഇങ്ങിനെ ശാഠ്യമുള്ള ഒരു സ്ത്രീയെ മറെറങ്ങും കാണാൻ പ്രയാസം.

കുറുപ്പിൻെറ മുഖം മങ്ങി:— "സമ്മതിച്ചില്ല, അല്ലേ? കഷ്ടം!"

ല. അ: — നിങ്ങടെ യാതൊരു സഹായവും അവർ സ്വീകരിക്കയില്ലെന്നാണു് ശാഠ്യം. ആ കുട്ടികളുടെ കാര്യത്തെപ്പററി വിചാരമേയില്ലെന്നു തോന്നുന്നു. ഇങ്ങിനെ തന്നിഷ്ടക്കാരിയായ ഒരുവളെ സഹായിക്കാൻ പുറപ്പെടുന്നതുതന്നെ ഭോഷത്തം.

കുറുപ്പു് മൌനിയായി നിന്നു. മുഖത്തു ഗൌരവം ഏറി. കുറെ മുമ്പു് മങ്ങി വിളറിയ കവിൾത്തടങ്ങൾ, ഇപ്പോൾ തുടുത്തു വിറച്ചു. "അവർ എൻെറ ഈ ഉപദേശത്തെ കൈക്കൊള്ളാത്തതു വളരെ കടുപ്പമായിപ്പോയി. മാധവനുണ്ണി താൻ ഈ നാടുവിട്ടു പോയിട്ടില്ലെങ്കിൽ, ഏറെക്കാലം കഴിയുമ്മുമ്പു്, വളരെ കഷ്ടത്തിലാവും. ഞാൻ പറയുന്ന പണിക്കു പോവുന്നതാണെങ്കിൽ, അയാൾക്കു് എത്രയോ ഗുണം കിട്ടും; നിശ്ചയം. എനിക്കു ഒരു മകനുണ്ടായിരുന്നാൽ അവന്നു് ഇങ്ങിനെ ഒരു പണി കിട്ടുന്നപക്ഷം ഞാൻ എത്ര സന്തോഷത്തോടെ അവനെ പറഞ്ഞയയ്ക്കുമായിരുന്നു.

ല. അ: — സ്വന്തം മകൻെറ ജീവിതത്തെ വഷളാക്കുന്ന തള്ള എത്രയോ ദുഷ്ടയും തന്നിഷ്ടക്കാരിയും ആയിരിക്കണം! ഈ ദുഷ്ടയെക്കുറിച്ചു നിങ്ങൾ ഇനി വിചാരിക്കപോലും അരുതു്. വേറെ എത്രയോ ആളുകൾ നല്ലവരുണ്ടു്; അവരെ സഹായിക്കരുതോ?

കൃ. കു:—നാരായണിഅമ്മയെ ഇപ്പോൾ ചീത്ത പറഞ്ഞിട്ടാവശ്യമില്ല. അവരുടെ സ്വഭാവം പണ്ടേ നമ്മൾക്കറിയരുതോ? എനിക്കു കടപ്പെടരുതെന്നായിരിക്കാം അവരുടെ വിചാരം. ആൎക്കും അങ്ങിനെ തോന്നാവുന്നതുതന്നെ.

ഈ ഘട്ടത്തിലും കുറുപ്പ് നാരായണിഅമ്മയെ താങ്ങിപ്പറഞ്ഞതു് ലക്ഷ്മിഅമ്മയ്ക്കു രസിച്ചില്ല. കുററക്കാരെ ശിക്ഷിച്ചേ മതിയാവൂ എന്നാണ് ലക്ഷ്മിഅമ്മയുടെ മതം. കുറുപ്പ് സംസാരം നിറുത്തിയതു കണ്ടു്, ലക്ഷ്മിഅമ്മ നട തുടൎന്നു്, പാതയിൽ കയറി താമരശ്ശേരിയിലേക്കു കടന്നുപോയി. കുറുപ്പാകട്ടെ, അവരെ പിൻതുടരാനോ, മുന്നോട്ടു ഒരടിവയ്ക്കാനോ ഭാവിക്കാതെ, അവിടെതന്നെ ചിന്താമഗ്നനായി നിന്നു. ബാല്യത്തിൽ ഓൎമ്മവന്ന നാൾ തുടങ്ങി, താൻ നാരായണിഅമ്മയെ ഒരു ദേവാംശജയെന്നോണം ഭയഭക്തിബഹുമാനങ്ങളോടുകൂടെയാണ് കരുതി വന്നിട്ടുള്ളതു്. നാരായണിഅമ്മയെക്കുറിച്ചു്, ആ നിലയിലല്ലാതെ, തനിക്കു ചിന്തിക്കവയ്യ. നാരായണിഅമ്മയുടെ തെററുകളെയും ശാഠ്യങ്ങളെയും പററി എത്രതന്നെ കേട്ടിട്ടും, കുറുപ്പിൻ ബാല്യസ്വപ്നത്തെ മറക്കാനോ, ഭക്ത്യാദരങ്ങളെ ചുരുക്കാനോ സാധിക്കാത്തതു്, ഒരു സ്വഭാവദൂഷ്യമായി വായനക്കാർ ഗണിക്കുമായിരിക്കാം. എന്നാൽ, ഈ കഥാനായകൻ ബാല്യസ്മരണകളുടെ അടിമയായിത്തീൎന്നിരിക്കുന്ന കഥ വായനക്കാർ മറന്നുപോകരുതു്.

മാധവനുണ്ണിത്താന്റെ ഭാവിയെപ്പററി ചിന്തിച്ചു ചിന്തിച്ചു്, കൃഷ്ണക്കുറുപ്പ്, മനസ്സിനെ ക്ലേശിപ്പിച്ചുകൊണ്ടിരുന്ന ആ സായാഹ്നത്തിൽ, ആ യുവാവാകട്ടെ, വരപ്പുറം കായലിൽ ചെന്നു ചേരുന്ന വെട്ടുതോട്ടിവക്കത്തു് ഒരു കൈതോക്കുമേന്തി, ഇടയ്ക്കിട തോട്ടിലും കരയിലുള്ള വൃക്ഷങ്ങളിലും ഓരോ നോട്ടമിട്ടു്, സരസസല്ലാപത്തിൽ ലയിച്ചു നില്ക്കയായിരുന്നു. ആ സമയം ആ യുവാവിനെക്കണ്ടാൽ, അന്യൎക്കു മനഃക്ലേശം ഉണ്ടാകത്തക്ക ദയനീയാവസ്ഥയിൽ പെട്ടിട്ടുള്ള ആ

ളാണെന്നു്, ആരും ശങ്കിക്കയില്ല. സുന്ദരിയായ ഒരു ബാലിക ആ യുവാവിൻെറ സമീപത്തു നില്ക്കുന്നുണ്ടു്. തൽക്കാലസുഖത്തെ മാത്രം ഗണ്യമാക്കിക്കരുതുന്ന യുവാക്കന്മാൎക്കു്, പ്രിയപ്പെട്ട ഒരു യുവതിയുടെ സാന്നിദ്ധ്യവിലാസം സംതൃപ്തിയേയും ആനന്ദത്തേയും നല്കുമെന്നുള്ളതു് അവിതൎക്കിതമാണല്ലോ. മാധവനുണ്ണിത്താൻെറ സമീപത്തുനിന്നു സംഭാഷണം ചെയ്യുന്ന ആ ബാലികാരത്നം, നമ്മുടെ കമലയല്ലാതെ, മററാരുമല്ല. താമരശ്ശേരിയിലെ അതിഥിയായിരിക്കുന്ന കമല, ഭാഗീരഥിയോടൊപ്പം കായലിൽ കുളിയും കഴിഞ്ഞു മടങ്ങിവരുംവഴിക്കു്, ഉണ്ണിത്താൻ പറവകളേയും മത്സ്യത്തേയും വെടിവെച്ചു വിനോദിക്കുന്നതു കാണുവാനായി, അവിടെ തിരിഞ്ഞുനിന്നു. കുറേ അകലെ ഭാഗീരഥിയും നിന്നിരുന്നു.

കമലയുടെ സംസാരവും ഭാവവും കണ്ടാൽ അവൾ ഇപ്പോൾ ആദ്യമായിട്ടല്ല, ഉണ്ണിത്താനുമായി പരിചയപ്പെടുന്നതു് എന്നു്, ആൎക്കും മനസ്സിലാക്കാം. ഭാഗീരഥി കുറെ മാസം മുമ്പുതന്നെ, ഉണ്ണിത്താനുമായി പരിചയപ്പെട്ടിരിക്കുന്നു. പലപ്പോഴും തൻെറ ദാസിയുമൊന്നിച്ചു്, കായലിൽ കുളികഴിഞ്ഞു വരുമ്പോൾ, ഉണ്ണിത്താൻ മാന്യന്മാരല്ലാത്ത തൻെറ ചങ്ങാതികളെ പിരിഞ്ഞു അവളെ അനുയാത്രചെയ്കയും, അവളെ ആദരിക്കയും ചെയ്തിരുന്നു. കമല താമരശ്ശേരിയിൽ വന്ന ദിവസം കുളികഴിഞ്ഞു മടങ്ങുമ്പോൾ, ഭാഗീരഥി അവളെ അവളുടെ ബന്ധുക്കളിൽ ഒരാളായ ഉണ്ണിത്താനു പരിചയപ്പെടുത്തി. പിന്നെ ദിവസവും കമല ഉണ്ണിത്താനെ തോട്ടിങ്കരയിൽ വെച്ചു കാണാറുണ്ടായിരുന്നു.

കമല സുന്ദരിതന്നെ സംശയമില്ല. തോട്ടിലേക്കു കുനിഞ്ഞു നോക്കിനില്ക്കെ, കാററിൽ ഉലൎത്താനായി അഴിച്ചിട്ടിരുന്ന അവളുടെ നീണ്ടുചുരുണ്ട കേശങ്ങളിൽ അനുസരണമില്ലാത്ത ചിലതു് അവളുടെ കപോലസ്പൎശത്തിനു മുതിൎന്നതിൽ, അവൾ അക്ഷമയായി ശിരസ്സിനെ പെട്ടെന്നു പൊക്കിയ

പ്പോഠം, കാർമ്മേഘങ്ങഠംക്കിടയിൽ നിന്നു പുറത്തേക്കു വരുന്ന പൂർണ്ണചന്ദ്രനെപ്പോലെ അവളുടെ മുഖം പ്രകാശിച്ചു. ഇത്ര കമനീയമായ വദനാരവിന്ദത്തെ അധരിക്കത്തക്കവണ്ണം സർവ്വയോഗ്യതകളും തികഞ്ഞ ഒരു വരനെ ലഭിച്ചില്ലെങ്കിൽ മഹാ കഷ്ടം! എന്നാൽ അവഠംക്കു വരനെ പ്രതീക്ഷിക്കേണ്ടുന്ന കാലമായിട്ടില്ല. യൗവനപൂർത്തിവരെ കാത്തിരിക്കാൻ ഇനിയും ധാരാളം സമയം ഉണ്ട്.

ഈ ബാല്യദശയിൽപോലും, അവളെ വിവാഹം ചെയ്യാൻ പലരും അവളുടെ അച്ഛനോടു ശിപാശ് ചെയ്യുന്നുണ്ട്. ഇതിനിടയിൽ അവളെ നന്ദപുരിയിലേക്കു കൂട്ടിക്കൊണ്ടു ചെല്ലേണമെന്നു്, കുമാരപിള്ള വക്കീൽ, ലക്ഷ്മി അമ്മയ്ക്കു എഴുതിയിരുന്നു. പ്രായപൂർത്തി വന്നല്ലാതെ, അവഠംക്കു വിവാഹം നടത്തിക്കയില്ലെന്നു ശഠിച്ചു്, അടുത്ത കൊല്ലംവരെ അവളെ നന്ദപുരിയിലേക്കു കൊണ്ടുപോവില്ലെന്നു ലക്ഷ്മിഅമ്മ തീർച്ചപ്പെടുത്തി.

കമലയ്ക്കു ധനവാനും യോഗ്യനും ആയ ഒരു വരനെ ലഭിക്കേണ്ടതത്യാവശ്യം. അവഠം തീരെ ദരിദ്രയെന്നു വേണം പറവാൻ. അവളുടെ അച്ഛനു സമ്പാദ്യം ഏറെയില്ല. അവളുടെ അനുജന്മാർ നാലഞ്ചുപേരുണ്ട്. അവരെ ശരിയായ വിധത്തിൽ വളർത്തി വിദ്യാഭ്യാസം ചെയ്യിക്കാൻ കുമാരപിള്ളയാൽ സാദ്ധ്യമല്ല. കമലയുടെ വിവാഹം കഴിഞ്ഞാൽ, മക്കളിൽ ചിലരെ അവളെ ഏല്പിക്കാമെന്നാണു അച്ഛൻെറ വിചാരം. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിൽ, യാതൊരു സഹായവും ചെയ്യാൻ ലക്ഷ്മിഅമ്മയ്ക്കു സാധിക്കയില്ല. ഒരാഠംക്കു സുഖമായി കാലം കഴിക്കേണ്ടുന്ന വകയേ ലക്ഷ്മിഅമ്മയുടെ കൈവശം ഉള്ളൂ. കമലയെക്കൂടെ പാപ്പിക്കാൻ തുടങ്ങിയതു മുതൽക്കു്, ചെലവു കഴിക്കുന്ന കാര്യത്തിൽ, ആ അമ്മ കുറേ ഞെരുങ്ങാറുണ്ടു്. ഈ നിലയിൽ, കമലയ്ക്കു ധനവാനായ ഒരു വരൻ വന്നു ചേരേണ്ടുന്ന അത്യാവശ്യം സ്പഷ്ടമാ

ണല്ലൊ. ധനവാനും യോഗ്യനും ആയ വരനെ നന്ദപുരി യിൽ അല്ലാതെ മററെങ്ങും ലഭിക്കുന്നതുമല്ല. ഏതായാലും, അടുത്ത ചിങ്ങത്തിൽ കമലയെ അച്ഛൻെറ വീട്ടിലേക്കു കൂട്ടി ക്കൊണ്ടു പോകാമെന്നു ലക്ഷ്മിഅമ്മ നിശ്ചയിച്ചു.

പറവകളെയും മൽസ്യങ്ങളെയും വെടിവച്ചു പിടിക്കുന്ന തു കണ്ടു ശീലിച്ചിട്ടില്ലാത്ത കമലയ്ക്കു, അതു് ഒരത്ഭുതകാഴ്ചയാ യിരുന്നു. വെടികൊണ്ടു പിടഞ്ഞു വീഴുന്ന പറവകളെ കണ്ടു, കമലയ്ക്കു കൗതുകം ജനിച്ചു. "ഞങ്ങൾ നന്ദപുരിയിൽ പോ കാതെ ഇവിടെ വന്നതു നന്ന്. ഇതു് എത്രയോ നല്ല സ്ഥ ലം! വിനോദങ്ങൾ എന്തൊക്കെ! എനിക്കു നന്ദപുരിയിൽ പോകുന്നതേ ഇഷ്ടമില്ല" എന്നു കമല പറഞ്ഞു.

മാ. ഉ:—അടുത്തകൊല്ലം പോകണമല്ലൊ; അപ്പൊഴോ?

കമല:—അതെ! അടുത്തകൊല്ലം പോകാതെ നിവൃത്തിയില്ല. അക്കഥ വിചാരിക്കുമ്പോൾ മനസ്സു കലങ്ങുന്നു. ചില പ്പോൾ രാത്രിയിൽ ഉറക്കംപോലുമില്ല. ആ ദുർഘടം കട ന്നു കൂടിയെങ്കിൽ—

മാ. ഉ:—കമലയ്ക്കു അത്ര സങ്കടമെങ്കിൽ, പോവാതെ ഇരി ക്കരുതോ?

കമല:—അക്കാര്യം വല്യമ്മയും അച്ഛനും ആലോചിച്ചുറച്ചു. എനിക്കു അവരെ എതിർത്തു പറയാമോ?

മാ. ഉ:—എൻെറ വീട്ടിലുള്ള സ്ത്രീകളായിരുന്നാൽ, മററുള്ള വർ എത്രതന്നെ പ്രേരിപ്പിച്ചാലും, അവൎക്കു ഹിതമല്ലാത്ത തു ചെയ്യില്ല.

കമല:—തന്നിഷ്ടക്കാർ! നിങ്ങളുടെ വീട്ടിലുള്ള ആൎക്കെങ്കിലും നല്ല സംബന്ധക്കാർ വന്നു ചേൎന്നിട്ടുണ്ടോ?

മാധവനുണ്ണിത്താൻ മനസ്സുചുട്ടു വന്നതായ ഒരു ദീൎഘ ശ്വാസം പുറത്തു വരാതിരിപ്പാൻവേണ്ടി ചൂളമിട്ടു. "ഓഹോ!

അതിന്നായിട്ടോ കമല പോകുന്നത്? ഞാൻ ഓൎത്തില്ല. ...ലയെ വിവാഹം ചെയ്വാൻ യോഗ്യതയുള്ളവർ ഈ നാട്ടി...ത്തു കാണില്ലല്ലൊ.!"

കമല — അങ്ങിനെ ഞാൻ പറഞ്ഞുവോ?

മാ. ഉ: — സ്പഷ്ടമായി പറഞ്ഞില്ല; മനസ്സിൽ ഉണ്ട്. വലിയ അരങ്ങത്തന്മാരെയോ, ഉദ്യോഗസ്ഥന്മാരെയോ, കൊണ്ടു കമലയെ വിവാഹം ചെയ്യിക്കാനാണ് അമ്മായി നിശ്ചയിച്ചിരിക്കുന്നത്. കമലയുടെ ഭാഗ്യം!

ഇത്രയും പറഞ്ഞ്, ഉണ്ണിത്താൻ പിന്നാക്കം നടന്നുതുടങ്ങി. കമല അല്പനേരം അവിടെ നിന്നശേഷം, മുന്നോട്ടു നടന്നു ഭാഗീരഥിയോടെത്തിച്ചേരാമെന്നു വിചാരിച്ചു ചുറ്റും നോക്കിയപ്പോൾ, ഭാഗീരഥി വളരെ അകലെ എത്തിയതായിക്കണ്ടു. നേരവും സന്ധ്യയായി. തോട്ടവക്കിൽ നില്ക്കുന്ന മരക്കൊമ്പുകൾക്കിടയിൽ ഇരുന്നു, കൂമൻ, നെടുവിളിയൻ മുതലായ പക്ഷികൾ അപശബ്ദം പുറപ്പെടുവിക്കുന്നതു കേട്ട്, അവൾ വല്ലാതെ ഭയപ്പെട്ടു. ഭാഗീരഥിയുടെ സമീപം എത്തിച്ചേരുന്നതുവരെ തുണയായി വരുവാൻ, മാധവനുണ്ണിത്താനെത്തന്നെ അവൾ വിളിക്കേണ്ടിവന്നു. ഉണ്ണിത്താൻ അവളുടെ സമീപത്തു വന്നു അവൾക്കു അകമ്പടിയായി നടന്നു. "നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതിൽ മുഷിയരുതെ! എനിക്കു ഇവിടം പരിചയമില്ല. തനിയെ പോവാൻ ഭയം തോന്നുന്നു. ഭാഗീരഥി അമ്മ ക്ഷേത്രത്തിൽ പോവാനുള്ള ബദ്ധപ്പാടിൽ നടക്കുകയാണ്. ആ വേലിപ്പടിയോളം വന്നാൽ മതി" — എന്നിങ്ങിനെ കമല മൃദുസ്വരത്തിൽ പറഞ്ഞു.

മാ. ഉ: — എനിക്കു മുഷിവൊന്നുമില്ല. കമലയ്ക്കുവേണ്ടി ബുദ്ധിമുട്ടേണ്ടിവന്നാൽക്കൂടെയും അതു് എനിക്കു സന്തോഷമാണ്. ഭയപ്പെടാതെ നടക്കു.

—എന്നോടു മുഷിഞ്ഞിട്ടല്ലേ നിങ്ങൾ എന്നെ തനിയെ വിട്ടിട്ടു പൊയ്ക്കളഞ്ഞതു്?

മാധവനുണ്ണിത്താനു തന്റെ പ്രവൃത്തിയെക്കുറിച്ചു പശ്ചാത്താപം തോന്നി. കമലയോടു മുഷിയാൻ കാരണമില്ലല്ലോ. അവളുടെ ആഗ്രഹപ്രകാരം പ്രവർത്തിപ്പാൻ അവൾക്കു സ്വാതന്ത്ര്യമില്ല. അവളെ നന്ദപുരിയിൽ കൊണ്ടുപോയി ധനവാനായ ഒരു വരനു് അർപ്പിക്കാൻ നിശ്ചയിച്ചതു് അവളുടെ രക്ഷാകർത്താക്കന്മാരല്ലേ? അവൾക്കു നന്ദപുരിയിൽ പോകുന്നതുതന്നെ ഹിതമല്ലെന്നു്, അവൾ തുറന്നു പറഞ്ഞിട്ടുണ്ടു്. അങ്ങിനെയിരിക്കെ, അവളോടു മുഷിയുന്നതു കഠിനമല്ലേ? ഇനിയും ഒരു കൊല്ലംകൂടെ അവൾ ചിറയ്ക്കൽതന്നെ ഉണ്ടാകും. അതിനിടയ്ക്കു്, എന്തുതന്നെ സംഭവിച്ചുകൂടാ? ഇങ്ങനെയുള്ള ആത്മഗതങ്ങളാൽ സമാധാനപ്പെട്ടുകൊണ്ടു് ഉണ്ണിത്താൻ പറഞ്ഞു: "കമലേ, ഞാൻ അവിവേകിയായ ഒരു ജന്തു. എന്റെ ഭോഷത്തത്തെപ്പറ്റി ഞാൻ പശ്ചാത്തപിക്കുന്നു. കമല എനിക്കു ഇക്കുറി മാപ്പു തരൂ. കമലയോടു മുഷിയാൻ കാരണമേയില്ല. കമലയുമായി പരിചയമാകാൻ തക്ക യോഗ്യതതന്നെ എനിക്കെന്താണുള്ളതു്? എന്നോടു സംസാരിക്കാൻ ദയ തോന്നിയതിനുതന്നെ ഞാൻ നന്ദിപറയുന്നു. കമല നന്ദപുരിയിലേക്കു പോകുന്നതിനെപ്പറ്റി ഞാൻ പറഞ്ഞതെല്ലാം മറന്നുകളയൂ. എനിക്കങ്ങിനെ പറയാൻ എന്തധികാരം? കമലയെ നന്ദപുരിയിൽ കൊണ്ടുപോയി വിവാഹം ചെയ്യിക്കേണ്ടതു് അമ്മായിയുടെ കടമ. അവർ അവരുടെ കടമയെ നിർവ്വഹിക്കുന്നതിൽ ഞാൻ പുച്ഛിക്കയോ? നന്നായി! എന്റെ വീട്ടിലുള്ള സ്ത്രീകൾക്കു നന്ദപുരിയിൽനിന്നു ഭർത്താക്കന്മാരെ തെരഞ്ഞെടുക്കാൻ സാധിക്കാത്തതു് അവരുടെ ഭാഗ്യഹീനതതന്നെ. ഈ നാട്ടിന്പുറത്തുള്ള 'മരച്ചിനി മാടന്മാർക്കാണു് എന്റെ കാരണവന്മാർ അവരുടെ സ്ത്രീകളെ കൊടുത്തുവന്നതു്. നന്ദപുരിയിൽനിന്നു ഒരേ ഒരാൾ മാ

ത്രം ഞങ്ങളുടെ തറവാട്ടിൽ സംബന്ധംചെയ്തിട്ടുണ്ട്. പണ്ട് മാണിക്കം എന്നൊരു സ്ത്രീക്ക്, നന്ദപുരിരാജാവിന്റെ ഒരു പള്ളിയറ വിചാരിപ്പുകാരൻ സംബന്ധമായി. അതുനിമിത്തം ആ സ്ത്രീ കുറെ കഷ്ടത അനുഭവിക്കേണ്ടിവന്നു. പക്ഷേ അവർ നിമിത്തമാണ് ഞങ്ങളുടെ തറവാട്ടിനു പ്രസിദ്ധിയും പ്രാബല്യവും സിദ്ധിച്ചത്"—

കമല:—അക്കഥ ഞാനും കേട്ടിട്ടുണ്ട്. നിങ്ങളുടെ വീട്ടുസാമാനങ്ങൾ വിററ കൂട്ടത്തിൽ പെട്ട ചില കടലാസ്സുകെട്ടുകൾ വലിയമ്മയുടെ പക്കൽ വന്നുചേൎന്നു. അവയെ പരിശോധിച്ചപ്പോൾ, മാണിക്കത്തിന്റെ വക ഏതോ ഒരു വസ്തുവിനെ സംബന്ധിച്ച ചില രേഖകൾ കണ്ടു.

മാ. ഉ:–എന്തു രേഖകൾ?

കമല:—എനിക്കു നല്ല നിശ്ചയമില്ല. അവൎക്ക് അവരുടെ ഭൎത്താവ് ഇഷ്ടദാനംചെയ്ത ഒരു സ്വത്തുണ്ടായിരുന്നുവെന്നോ, ആ ഭൎത്താവിന്റെ ആളുകളിൽ നിന്ന് അതു തിരികെ എടുത്തിട്ടില്ലെന്നോ, എന്തൊക്കെയോ വലിയമ്മ അച്ഛനോടു പറയുന്നതു കേട്ടു. ആ റിക്കാർട്ടുകൾ പരിശോധിക്കുവാനായി അച്ഛനെ ഏല്പിച്ചിട്ടുണ്ട്. കാൎയ്യം മുഴുവൻ ഞാൻ മനസ്സിലാക്കിയില്ല. എനിക്ക് ഈ സ്വത്തുവഴക്കിൽ തീരെ താല്പൎയ്യമില്ല.

മാ. ഉ:—ശരി. കമലയ്ക്കു അതിൽ താല്പൎയ്യം വയ്പാൻ ആവശ്യമില്ലല്ലൊ. ഇക്കാൎയ്യം കമലയെ സംബന്ധിക്കുന്നതേയല്ലല്ലൊ.

ഈ വാക്കുകൾ തന്റെ വായിൽനിന്ന് വീണ ഉടൻ ഉണ്ണിത്താൻ അവയെപ്പററി പശ്ചാത്തപിച്ചു. വീണ്ടും താൻ കമലയോടു കോപിക്കയല്ലേ ചെയ്യുന്നത്? മേൽപറഞ്ഞ റിക്കാർട്ടുകാൎയ്യം ഉണ്ണിത്താനെ സംബന്ധിക്കുന്നതാണെങ്കിലും, അക്കാൎയ്യത്തിൽ കമല ശ്രദ്ധവയ്ക്കണം എന്നു ശഠിക്കാൻ, തനിക്കെന്തധികാരം? ഇങ്ങിനെ രണ്ടാമതും പശ്ചാത്തപിച്ചും ര

ണ്ടാമതും കമലയോടു ക്ഷമായാചനം ചെയ്യാൻ മടിച്ചും, ഉണ്ണിത്താൻ മൗനമായി നടന്നു. കമലയും ലജ്ജകൊണ്ടും ഭയംകൊണ്ടും വളരെ സാവധാനമായിട്ടേ നടന്നുള്ളു. കുറേനേരം കഴിഞ്ഞപ്പോൾ, അവർ താമരശ്ശേരിയുടെ അതിർത്തിയിൽ എത്തി. ഉണ്ണിത്താൻ അവിടെ നിന്നുകൊണ്ടു പറഞ്ഞു:—

"കമലേ, ഇതിന്നപ്പുറം ഞാൻ വരില്ല; കൃഷ്ണക്കുറുപ്പിൻെറ ഭൂമിയിൽ ഞാൻ ചവുട്ടുന്നതു യോഗ്യതയല്ല. ഞാൻ ഇവിടെ നോക്കിനില്ക്കാം. കമല പൊയ്ക്കൊള്ളു. ഇനി പേടിക്കാനൊന്നുമില്ല. അതാ, ഭാഗീരഥിഅമ്മ കമലയെ കാത്തുനില്ക്കുന്നു. പൊയ്ക്കൊള്ളു."

ഭാഗീരഥി അകലെ നിന്ന് രണ്ടാളെയും വരാൻ ആംഗ്യം കാണിച്ചു. എന്നാൽ, മാധവനുണ്ണിത്താൻ നിന്നെടത്തുനിന്ന് അനങ്ങിയില്ല. മുന്നോട്ടു ചെല്ലുവാൻ കമല നിർബ്ബന്ധിച്ചുമില്ല.

കമല:—ആകട്ടെ വളരെ ഉപകാരം. ഇനി ഞാൻ പൊയ്ക്കൊള്ളാം. നിങ്ങൾ അങ്ങോട്ടു തിരിഞ്ഞു നില്ക്കുക: ഞാൻ ഓടിപ്പോകട്ടെ.

മാ. ഉ:—പേടിച്ചോടുകയാണൊ? ഇവിടെ ആരെയും പേടിക്കാനില്ല. കൃഷ്ണക്കുറുപ്പിൻെറ പറമ്പിൽ, അദ്ദേഹത്തിൻെറ ആളുകളല്ലാതെ, ആരും കടക്കില്ല. മെല്ലെ നടന്നു പൊയ്ക്കൊള്ളു. ഓടി ക്ഷീണിക്കേണ്ട. നാളെ കാണാം.

കമല:—നാളത്തെ കാര്യം തീർച്ചയാക്കേണ്ട. നാളെ ഞങ്ങൾ പക്ഷേ ചിറയ്ക്കലേക്കു മടങ്ങും. ഇനി ചിറയ്ക്കൽ വന്നാൽ കാണാം.

കമല തൻെറ പാദത്തോളം നീട്ടിയുടുത്തിരുന്ന വസ്ത്രത്തിൻെറ അഗ്രത്തെ ഒററക്കൈയാൽ അല്പം പൊക്കിപ്പിടിച്ചുകൊണ്ടും, മററെ കൈയാൽ തലമുടിയെ വാരിച്ചുരുട്ടിക്കൊണ്ടും, ഭയവിഹ്വലയായ മാൻപേടയെപ്പോലെ കൂടക്കൂടെ തിരിഞ്ഞുനോക്കി, ഭാഗീരഥിയുടെ സമീപത്തേക്ക് ഓടിയെ

ത്തി. ഉണ്ണിത്താൻ അവളെത്തന്നെ നോക്കിനിന്നു്, "ഈശ്വരാ! എന്റെ ഈശ്വരാ!" — എന്നു് ദീൎഘനിശ്വാസം ചെയ്തു.

## അദ്ധ്യായം, ൧൨.

### കവിതയെഴുത്തു്

നാരായണി അമ്മയുമായി വാഗ്വാദം ഉണ്ടായതിന്റെ ശേഷം, അമ്മുക്കുട്ടി തന്റെ അറയിൽ പോയി വാതലടച്ചു്, ശയ്യയിൽ കിടന്നു് അരമണിക്കൂർ നേരം കണ്ണീർ വാൎത്തു. അമ്മയുടെ മിഥ്യാഗൎവ്വത്തെ ശമിപ്പിക്കുന്നതിനു യാതൊരുവഴിയും കാണായ്കയാൽ, അവൾ കുറേനാളായി, പരിതപിച്ചിരുന്നു. ഇന്നു് ആ പരിതാപം ദ്വേഷമായി പൎയ്യവസാനിച്ചതിൽ, അടക്കവയ്യാത്ത മനസ്താപം തോന്നിയതിനാലായിരുന്നു, അവൾ കരഞ്ഞുപോയതു്. കണ്ണീർ വാൎക്കുക എന്ന ക്രിയ, വളരെ ദുൎല്ലഭമായിട്ടേ, അവൾ അനുഷ്ഠിക്കാറുള്ളു. ദുൎല്ലഭം ചില അവസരങ്ങളിൽ പൊട്ടിപ്പുറപ്പെടുന്ന അവളുടെ അന്തസ്ക്ഷോഭമാരി അതിപ്രചണ്ഡമായിട്ടുള്ളതാകയാൽ, അതിന്റെ ഉഗ്രത നിമിത്തം അവളുടെ ശക്തി തീരെ ക്ഷയിക്കുക പതിവാണു്. അരമണിക്കൂർ നേരം ശയ്യയിൽ കിടന്നു് അശ്രുധാരകൊണ്ടു തന്റെ മുഖത്തേയും അതിനെ താങ്ങിയിരുന്ന ഉപധാനത്തെയും കുളിപ്പിച്ചശേഷം, അവൾ തീരെ ബലഹീനയായി എഴുനേറ്റു പുറത്തേക്കു വന്നു. വീട്ടിനകത്തുള്ള വായു അവൾക്കു ശ്വാസം മുട്ടിക്കുന്നതായി തോന്നി. സന്ധ്യാകാലം സമീപിച്ചതുകൊണ്ടു്, അമ്പലത്തിലേക്കു പോകുന്നുവെന്നുള്ള ഭാവത്തിൽ, അവൾ വീട്ടിനു പുറത്തുവന്നു ആ വഴിക്കു നടന്നു. എന്നാൽ, ചിന്താമഗ്നയായിരുന്നതിനാൽ, അവൾ അറിഞ്ഞിട്ടൊ, അറിയാതെയൊ, ക്ഷേത്രത്തിൽ കയറാതെ പടിഞ്ഞാറോട്ടു നടന്നു്, പാടത്തിലേക്കിറങ്ങി. ആ പ്രദേശം വിജനമായിട്ടായിരുന്നു അവൾ കണ്ടതു്. അവിടെ

വിശിക്കൊണ്ടിരുന്ന മന്ദമാരുതൻ അവൾക്കു സമാധാനം നല്കുന്നതായും, മേൽ ആകാശത്തിൽ മന്ദഗതിയായി സഞ്ചരിച്ചിരുന്ന മേഘശകലങ്ങൾ അവളെ ക്ഷണിക്കുന്നതായും, അവൾക്കു തോന്നി. പ്രശാന്തരമണീയമായ ആ പ്രദേശമാവട്ടെ, ചിരപരിചയത്താൽ അവൾക്ക് ഏററവും പ്രിയപ്പെട്ട സ്ഥലവുമായിരുന്നു. അവൾക്കു എന്തൊക്കെയോ ആലോചിച്ചു തീർച്ചപ്പെടുത്താനുണ്ടായിരുന്നു. അതിനാൽ, നിർബ്ബാധമായ ആ സ്ഥലത്തുതന്നെ, അവൾ ഏകാകിനിയായിരുന്ന് ദീർഘാലോചനയിൽ ലയിച്ചു.

നാരായണി അമ്മയുടെ സമ്മതം കൂടാതെ കൃഷ്ണക്കുറുപ്പിനോടു അവൾ സംസാരിക്കുന്നത് ന്യായമോ? അമ്മയ്ക്കു സമ്മതമില്ലാതിരുന്നാൽകൂടി, മാധവനെ സഹായിക്കേണമെന്ന് അദ്ദേഹത്തോടു അപേക്ഷിക്കുന്നത് മര്യാദയാകുമോ? ഇക്കാര്യം രണ്ടുമായിരുന്നു അവൾക്കു ആലോചിച്ചുറിയേണ്ടിയിരുന്നത്.

കൃഷ്ണക്കുറുപ്പിനോടു സംസാരിക്കുവാൻ അവൾക്ക് ഏതും പ്രയാസമുണ്ടായിരുന്നില്ല. താലപ്പൊലി ദിവസം അമ്പലത്തിൽ കണ്ടുസംസാരിച്ചതിൽപിന്നെ, അവൾ കുറുപ്പിനെ പലപ്പോഴും കാണാറുണ്ടായിരുന്നു. അവർ തമ്മിൽ കാണുന്ന അവസരങ്ങളിലൊക്കെയും, കുറുപ്പ് അവളെ ആദരിക്കയും, ഏററവും വണക്കത്തോടെ അവളോടു കുശലപ്രശ്നങ്ങൾ ചെയ്കയും പതിവായിരുന്നു. താമരശ്ശേരിയെ കൃഷ്ണക്കുറുപ്പു ഏറുവാങ്ങിയതിൽപിന്നെ, ഒരുനാളും ആ ഭവനത്തിൽ, അവൾ കാൽ ചവിട്ടിയിട്ടില്ല. അമ്മയുടെ ആജ്ഞയെ അനുസരിച്ചുമാത്രമല്ല അവൾ ഇങ്ങനെ ചെയ്തതു്. അവൾക്ക് വിവേചിപ്പാൻ സാധിക്കാത്തതായ എന്തോ ഒരു മനോവികാരം അവളെ ആ ഭവനവാത്സല്യത്തിൽനിന്ന് അകററുന്നുണ്ടായിരുന്നു. എന്നാൽ താമരശ്ശേരിവക പറമ്പിലും പാടങ്ങളിലുംകൂടെ കടന്നുപോകുവാൻ, അവൾക്കു യാതൊരു മടിയും ഉണ്ടായിരുന്നില്ല. കൃഷ്ണക്കുറുപ്പിന്റെ വക ഭൂമിയിൽ പാദസ്പർശം ചെ

സ്ഥയിലില്ലന്ന് അവളുടെ സഹോദരനുണ്ടായിരുന്ന നിർബ്ബന്ധം അവളെ ലേശവും ബാധിച്ചിരുന്നില്ല. അവൾ ഇപ്പോൾ നില്ക്കുന്ന വരമ്പും ചുറ്റുമുള്ള പാടങ്ങളും കൃഷ്ണക്കുറുപ്പിന്റെ സ്വത്താണെന്ന്, അവൾക്കു നല്ല ഓർമ്മയുണ്ട്. എന്നാൽ ആ സ്ഥലം ഇപ്പോൾ നിർബ്ബാധമാകയാൽ, അവൾക്കു അവിടെ സ്വസ്ഥമായിരുന്നു തന്റെ മനോഗതങ്ങളെ അഴിച്ചു പിരിച്ചു നോക്കാമെന്നു വിചാരിച്ചായിരുന്നു അവൾ ആ പാടത്തിൻകരയിൽ ഇരിപ്പുറപ്പിച്ചത്. പണ്ടും, താമരശ്ശേരി അന്യാധീനപ്പെടുന്നതിനു മുമ്പും, മനഃക്ലേശം നേരിടുന്ന അവസരങ്ങളിലൊക്കെയും അവൾ ഈ സ്ഥലത്തായിരുന്നു അഭയം പ്രാപിക്ക പതിവു്.

സൂര്യ്യാസ്തമയമാകയാൽ കൂടന്വേഷിച്ചു പോവുന്ന കാക്കകൾ അവളുടെ തലയ്ക്കു മീതെ പറന്നു. സമീപത്തുണ്ടായിരുന്ന ചെറിയ നീരാഴിയിൽ കരുമീൻകുട്ടികൾ നീന്തിത്തുടിച്ചു. അസ്തമനസൂര്യ്യന്റെ അരുണകിരണങ്ങളാൽ പ്രശോഭിതമായിരിക്കുന്ന ആകാശം ജലത്തിൽ പ്രതിബിംബിച്ച് പ്രകാശിച്ചു. അതിപരിചിതമായിരുന്ന ഈ കാഴ്ചകണ്ടു്, അമ്മുക്കുട്ടിക്കു പൂർവ്വസ്മരണകൾ ഉണർന്നു. ഇന്നലെയോളം സ്വന്തമായിരുന്ന ഈ സ്ഥലം കൈമാററാനിടവന്നതും, തന്നിമിത്തം തങ്ങൾക്കു അധഃപതനവും കഷ്ടനഷ്ടങ്ങളും സംഭവിച്ചതും, അവൾക്ക് സ്വപ്നംപോലെ തോന്നി. സമീപത്തുണ്ടായിരുന്ന ജലാശയത്തിൽ, നിമേഷരഹിതയായി, ചിന്താസന്തപ്തയായി, നോക്കിയിരിക്കെ, അരികിൽ ആരുടെയോ കാലൊച്ച കേട്ടു ഞെട്ടി, "അയ്യോ!" എന്നു്, താനറിയാതെ വിളിച്ചുപോയി. അവൾ എഴുന്നേററു തിരിഞ്ഞു നോക്കിയപ്പോൾ; കൃഷ്ണക്കുറുപ്പു സമീപത്തു നില്ക്കുന്നതായിക്കണ്ടു. കുറുപ്പും ചിന്താമഗ്നനായി, നമ്രമുഖനായി നടന്നിരുന്നതു നിമിത്തം, അമ്മുവിന്റെ നിലവിളി കേട്ടശേഷമേ, ആ സ്ഥലത്ത് ആൾ ഇരിക്കുന്നതായി അറിഞ്ഞുള്ളൂ. അമ്മുവിന്റെ വിശ്രമസുഖത്തെ വിഘ്നപ്പെടുത്തുവാനിടയായതിൽ തന്നെത്താൻ ശപിച്ചും, എന്നാൽ അവളെ കാണുവാൻ സംഗതി

യായതിൽ സന്തോഷിച്ചും, കുറുപ്പ് അകലെനിന്നുകൊണ്ട്, വിനയപൂർവ്വം ഇങ്ങിനെ പറഞ്ഞു:—"ഞാൻ പേടിപ്പിച്ചുവോ? നിങ്ങൾ ഈ സമയത്ത് ഇവിടെ ഇരിക്കുമെന്നു ഞാൻ അറിഞ്ഞിട്ടില്ല. അറിഞ്ഞിരുന്നെങ്കിൽ ഈ വഴി വരില്ലായിരുന്നു."

അമ്മു:—അല്പം പേടിച്ചില്ലെന്നില്ല. സാധാരണയായി ഇവിടെ ആരും വരാറില്ല.

കൃ. കു:—ഇവിടെ കൂടക്കൂടെ വരാറുണ്ടോ?

അമ്മു:—ഉണ്ട്. മനസ്സു ക്ലേശിക്കുമ്പോൾ, സമാധാനത്തിനു വേണ്ടി, പലപ്പോഴും ഇവിടെ വന്നിരിക്കാറുണ്ട്. ഇവിടം വളരെ കാലമായി എൻെറ വിശ്രമസ്ഥലമാണ്.

കൃ. കു:—ഇപ്പോഴും അങ്ങിനെ തന്നെ ആവാമല്ലോ. ആരുടേയും ഉപദ്രവം ഉണ്ടാവാതിരിപ്പാൻ ഞാൻ വേണ്ടുന്ന വ്യവസ്ഥ ചെയ്യാം.

അമ്മു:—അങ്ങിനെയൊന്നും ആവശ്യമില്ല. എനിക്കിവിടെ എന്തു കാര്യം? മറ്റുള്ളവരെപ്പോലെ എന്നേയും ഈ വഴി പോവുന്നതിനും വരുന്നതിനും അനുവദിച്ചാൽ മതി.

കൃ. കു:—മറ്റുള്ളവരെപ്പോലെയല്ല. നിങ്ങൾക്കു ഈ സ്ഥലങ്ങൾ അവകാശപ്പെട്ടവയാണു. അതിനാൽ എൻെറ അനുവാദം ആവശ്യമില്ല. ഈ പാടങ്ങളും പറമ്പുകളും പണ്ടേപ്പോലെ, ഇപ്പോഴും നിങ്ങളുടേതാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

നമ്രമുഖിയായി നിന്നിരുന്ന ആയുവതി നിവൎന്നുനോക്കി. കൃഷ്ണക്കുറുപ്പ് ഇങ്ങിനെ പറയുന്നതിൻെറ അൎത്ഥം അവൾക്കു മനസ്സിലായില്ല. അയാളുടെ ആവേശസ്വരം കേട്ട്, അവൾക്കു അത്ഭുതവും, ഏറെക്കുറെ ഭയവും തോന്നി. "ഈ സ്ഥലമൊക്കെ നിങ്ങളുടെ വകയല്ലേ? അതിൽ എനിക്കെന്തവകാശമാണുള്ളത്? നിങ്ങൾ ഇതു വാങ്ങിയതോടുകൂടെ എൻെറ അവകാശവും തീൎന്നു. ഇവിടെ വന്നുപോവാൻ എന്നെ അനുവദിച്ചാൽ എനിക്കു വളരെ സന്തോഷമായി. ഞാൻ എൻെറ അമ്മയെപ്പോലെ ദ്വേഷം ഭാവിക്കുന്നില്ല. അമ്മയോളം ഞാൻ ഇവിടെ വേരൂന്നിട്ടില്ലായിരിക്കാം. അതുകൊണ്ടാവാം

ഈ സ്ഥലത്തെ സംബന്ധിച്ച്, അമ്മയ്ക്കുള്ള മാതിരി ദ്വേഷം എനിക്കുണ്ടാവാത്തത്."

കൃ. കു:—അമ്മയ്ക്കു ദ്വേഷമുണ്ടായതിൽ അത്ഭുതപ്പെടാനില്ല. അവരെ കുററം പറവാനും ഇല്ല. എത്രയോ കാലമായി തന്റെ അധികാരത്തിൻകീഴിൽ ഇരുന്നിരുന്ന വസ്തുക്കൾ അകന്നുപോവുന്ന സമയം മാത്രമേ, അവ നമുക്കു എത്ര മേൽ പ്രിയതരമായിരുന്നു എന്നറികയുള്ളൂ. എനിക്കു നാരായണിഅമ്മയെ വേദനപ്പെടുത്താനിടവന്നതിൽ വളരെ വ്യസനമുണ്ട്. പക്ഷേ, ഞാനല്ലെങ്കിൽ, മററാരാൾ ഇതു മേടിക്കുമായിരുന്നില്ലേ? എന്റെ കൈവശം വന്നതുകൊണ്ട് ഇതിൽ അവരുടെ അധികാരം നശിച്ചിട്ടില്ലെന്നു പറവാനേ എനിക്കു സാധിക്കയുള്ളൂ. നിങ്ങൾക്കൊക്കും ഇവിടെ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുന്നതിൽ, എനിക്ക് അല്പവും സങ്കടമില്ല.

അമ്മു:—നിങ്ങളുടെ ഔദാര്യത്തിനു ഞാൻ കടപ്പെട്ടിരിക്കുന്നു. നിങ്ങൾ ഈ വിധം ഔദാര്യം കാണിക്കേണ്ടുന്നതിനു തക്ക യോഗ്യത ഞങ്ങൾക്കില്ല. നിങ്ങൾ അമ്മയെ സഹായിക്കാൻ പുറപ്പെട്ടിട്ടും അമ്മ അകാരണമായി നിങ്ങളെ ദ്വേഷിച്ചുകൊണ്ടിരിക്കുന്നു. മാധവന് നിങ്ങൾ ഒരു ജോലി ഏർപ്പാടുചെയ്യാൻ ശ്രമിച്ചതും, അമ്മ അതിൽ വിരോധം പറയുന്നതും, മററും ഞാൻ അറിഞ്ഞു. കഷ്ടം! അമ്മയെപ്പററി നിങ്ങൾക്കു എത്ര ചീത്ത അഭിപ്രായം ജനിച്ചിരിക്കണം!

അശ്രുധാരയോടും ഗൽഗദത്തോടുംകൂടി അമ്മുക്കുട്ടി സംസാരിക്കുന്നതു കേട്ട്, കുറുപ്പിനു അവളുടെ പേരിൽ വളരെ അനുകമ്പ തോന്നി.

കൃ കു:—നാരായണിഅമ്മയെപ്പററി എനിക്കു ദുരഭിപ്രായമില്ല; ഒരിക്കലും ഉണ്ടാകുന്നതും അല്ല. അവരുടെ കഷ്ടതകൾ വിചാരിച്ച് എനിക്കു വ്യസനമേ ഉള്ളൂ. അതുകൊണ്ടായിരുന്നു, മാധവനുണ്ണിത്താനു ജോലി ഏർപ്പാടു ചെയ്യു

കൊടുക്കാമെന്നു ഞാൻ ആളയച്ചറിയിച്ചതു്. ലക്ഷ്മിഅമ്മയുടെ ഉപദേശത്തെയെങ്കിലും വിലവയ്ക്കുമെന്നു കരുതിയാണു് ഞാൻ ഇന്നു് ആ സ്ത്രീയെ പറഞ്ഞയച്ചതു്. ഉണ്ണിത്താൻ ഞാൻ ഏൎപ്പാടുചെയ്തു കൊടുക്കാമെന്നു പറഞ്ഞ ജോലിയിൽ പ്രവേശിക്കുമെങ്കിൽ, എത്രയോ ഉത്തമം. എനിക്കൊരു മകനുണ്ടായിരുന്നെങ്കിൽ, ഇത്ര നല്ലൊരവസരം ഞാൻ പാഴാക്കുകയില്ല.

അമ്മു:—അമ്മ ഇപ്പോഴും വിസമ്മതിച്ചു: ഇല്ലേ? മാധവൻ ഈ വിവരം അറിഞ്ഞിട്ടുപോലുമില്ല. അവനെ അറിയിക്കാതെ അമ്മ ഇപ്പോഴും ഇങ്ങിനെ വിസമ്മതിച്ചതു് എത്രയോ കഷ്ടം! മാധവൻ ഇതറിയണം. ഞാൻ അവനോടു പറയാം— എന്നിട്ടു് അവൻെറ കാൎയ്യം അവൻ തന്നെ ആലോചിച്ചുറയ്ക്കട്ടെ. നിങ്ങളെ വന്നു കാണാൻ ഞാൻ അവനോടു പറയും.

കൃ. കു:—വിവരം ഉണ്ണിത്താനെ അറിയിക്കേണ്ടതു തന്നെ. പക്ഷേ അമ്മയുടെ സമ്മതം കൂടാതെ എനിക്കു യാതൊന്നും ചെയ്വാൻ തരമില്ലല്ലോ.

അമ്മു:—അമ്മ സമ്മതിച്ചിട്ടില്ലെങ്കിൽ, നിങ്ങൾ മാധവനു് ഈ ജോലി ഏൎപ്പാടു ചെയ്തു കൊടുക്കില്ലെന്നാണോ പറയുന്നതു്?

കൃ. കു:—അമ്മയുടെ വാക്കു നിഷേധിക്കാൻ ഉണ്ണിത്താനെ ഞാൻ പ്രേരിപ്പിക്കയില്ല.

അമ്മുക്കുട്ടി നിരാശയായി. അവളുടെ ധൈൎയ്യമെല്ലാം അസ്തമിച്ചു. "ഹാ! കഷ്ടം! അമ്മയുടെ സ്വഭാവം നിശ്ചയമില്ലാഞ്ഞിട്ടല്ലേ നിങ്ങൾ ഇങ്ങിനെ പറയുന്നതു്! അമ്മ ഒരു കാൎയ്യം ഉറച്ചുകഴിഞ്ഞാൽ, ഈശനും ബ്രഹ്മനും വിചാരിച്ചാൽ കൂടി അവരുടെ നിശ്ചയത്തെ ഇളക്കാൻ കഴികയില്ല. മക്കൾ നശിച്ചാലും വേണ്ടില്ല, അമ്മ അമ്മയുടെ ഗൎവ്വിനെ അടക്കുകയില്ല. മാധവൻ കൂട്ടർകൂടി നടന്നു എത്ര വഷളാകുന്നു! അതു കണ്ടിട്ടെങ്കിലും അമ്മയ്ക്കു മനസ്സലിയാത്തതു അത്ഭുതമല്ലേ?"

കൃ. കു:—ഉണ്ണിത്താൻ നല്ല സ്ഥിതിയിൽ വന്നു കാണ്മാൻ

ഞാൻ മനഃപൂർവ്വം ആഗ്രഹിക്കുന്നുണ്ടു്. ഉണ്ണിത്താനു് അതിനു തക്ക ജോലി ഉണ്ടാക്കിക്കൊടുപ്പാനും എന്നാൽ സാധിക്കും; ഞാൻ ഒരുക്കവുമാണു്. പക്ഷേ, നാരായണിഅമ്മയുടെ പൂർണ്ണസമ്മതത്തോടുകൂടിയല്ലാതെ ഞാൻ അതിനു പുറപ്പെടുന്നപക്ഷം, വളരെ അപവാദത്തിന്നിടയാകും: അവൾക്കു ഒരേ ഒരു പുത്രൻ; ആ പുത്രനെ സമ്മതംകൂടാതെ അവരിൽനിന്നു പിരിച്ചുകളഞ്ഞു എന്നൊരപഖ്യാതി ഞാൻ സമ്പാദിക്കുന്നതു നന്നോ?

അമ്മു ഒരു നെടുവിൎപ്പോടുകൂടെ തന്റെ മുഖത്തെ കുറുപ്പിന്റെ ദൃഷ്ടിയിൽനിന്നു പിന്തിരിച്ചു. താൻ എന്തുമാത്രം ദുഃഖിക്കുന്നുണ്ടെന്നു്, തന്റെ മുഖഭാവം കണ്ടു് കുറുപ്പു് മനസ്സിലാക്കരുതെന്നായിരുന്നു, അവളുടെ ആഗ്രഹം. "അമ്മയുടെ സമ്മതം ഒരിക്കലും കിട്ടുകയില്ല. അവർ ഈ ദുരഭിമാനം വച്ചുകൊണ്ടിരിക്കുന്നകാലത്തോളം, ഒരിക്കലും സമ്മതിക്കയില്ല; നിശ്ചയം. ഞാൻ മാധവനോടു ഇക്കാൎയ്യം പറയട്ടെ. എത്ര അമ്മമാർ സമ്മതിച്ചില്ലെങ്കിലും, ഞാനായിരുന്നാൽ ഉടൻ പുറപ്പെടും—"

കുറുപ്പിന്റെ മറുപടി കേൾക്കാൻ നില്ക്കാതെ, അമ്മുക്കുട്ടി ശീഘ്രം വീട്ടിലേക്കു മടങ്ങി.

* * * * * * * *

അമ്മുക്കുട്ടി വീട്ടിൽ എത്തിയപ്പോൾ, അവളുടെ സഹോദരന്റെ കൈത്തോക്കു അവിടെ പുറത്തൊരെടത്തു സൂക്ഷ്മമില്ലാതെ ഇട്ടിരിക്കുന്നതായിക്കണ്ടു. സാധാരണയായി, പത്തുനാഴിക രാത്രിയാകും മുമ്പു്, മാധവൻ വീട്ടിൽ വരാറില്ല. ഇന്നു പതിവു തെറ്റിവരുകയും, കൈത്തോക്കു് അകത്തു സൂക്ഷിച്ചുവയ്ക്കാതെ പുറമെ തള്ളുകയും ചെയ്തിരിക്കുന്നതിന്റെ കാരണം അറിവാനായി, അവൾ മാധവന്റെ മുറിയിലേക്കു പോയി. ചാരിയിരുന്ന വാതൽ സാവധാനമായി തുറന്നു് അകത്തേക്കു നോക്കിയപ്പോൾ, മാധവൻ ഒരു ചാരുകസാലയിൽ കിടന്നു് ഇടയ്ക്കിടെ കൈവിരൽ എണ്ണി കണക്കു കൂട്ടുക

യും, പിന്നെ നിന്നിരുന്നു ഏന്തോ എഴുതുകയോ, എഴുതാൻ ഭാവിക്കുകയോ ചെയ്യുകയും ചെയ്യുന്നതായിക്കണ്ടു. കസാലയുടെ കൈയിന്മേൽ രണ്ടുമൂന്നു പുസ്തകങ്ങൾ മലർത്തി വച്ചിട്ടുമുണ്ടായിരുന്നു. കുറേനേരം, മഷി മുക്കിയ പേന കടലാസ്സിൽനിന്നു് അല്പം പൊക്കിപ്പിടിച്ചുംകൊണ്ടു്, ആ യുവാവു്, കണ്ണും തുറിച്ചു് എതിരെ ചുമരിന്മേ നോക്കി എന്തൊ ആലോചിക്കുകയായിരുന്നു. ഏകാഗ്രചിത്തനായിരുന്നതുനിമിത്തം, വാതൽ തുറക്കുന്ന ശബ്ദം, മാധവൻ കേട്ടില്ല. അമ്മുക്കുട്ടി വാതൽപടിയൽ കയറിനിന്നു നോക്കിയപ്പോൾ, മാധവൻെറ ചുണ്ടുകൾ അനങ്ങുന്നതായി തോന്നി. "ഓഹോ! ശ്ലോകം എഴുതുകയാണ', അല്ലേ?" എന്നു ചിരിച്ചുംകൊണ്ടു്, അമ്മുക്കുട്ടി ചോദിച്ചു. മാധവൻ ലജ്ജിച്ചു മുഖം താഴ്ത്തി. അമ്മു അവനോടു ഹാസ്യമായി പലതും പലപ്പോഴും പറയാറുണ്ടു്. അവളുടെ അധിക്ഷേപങ്ങൾ കേട്ടു് അവൻ ഒരിക്കലും കുപിതനാവുകയോ വ്യസനിക്കുകയോ ചെയ്യാറില്ല. എന്നാൽ, ഈ അവസരത്തിൽ അവൻ വല്ലാതെ കുണ്ഠിതപ്പെടുകയും, എഴുതിക്കൊണ്ടിരുന്ന കടലാസിനെ ഒപ്പി കടലാസുകൾക്കിടയിൽ മറയ്ക്കുകയും ചെയ്തു.

അമ്മു:—മറച്ചു വയ്ക്കുകയും മറ്റും വേണ്ട! എനിക്കതു കാണേണ്ട. വേറെ പണിയൊന്നുമില്ലാത്തവൎക്കു കവിത എഴുതരുതോ?

മാ. ഉ:—ജ്യേഷ്ഠത്തി! എന്നെ ശകാരിക്കേണ്ട! വെറുതേ ഇരുന്നു മുഷിയുന്നു. എനിക്കു് എന്തു പണി! വല്ല പണിയും ഉണ്ടായിരുന്നെങ്കിൽ, ഇങ്ങിനെ മുഷിവു തോന്നുകയില്ല. ഈ നശിച്ച ദിക്കിൽ എനിക്കെന്തു പണികിട്ടും?

അമ്മു:—നശിച്ച ദിക്കിലല്ലേ കിട്ടാത്തതുള്ളു. നശിക്കാത്ത ദിക്കുകൾ വേറെയുണ്ടല്ലോ. അവിടെ പണികിട്ടിയാൽ പോവാമോ?

മാ. ഉ:— ഓ ഹോ! പോവാം. ആയിരം പ്രാവശ്യം പോവാം. എന്തു പണിയാണ് കേൾക്കട്ടെ!

അമ്മു:—എന്തു പണിയായാലെന്തു്? ഇന്ന പണിയേ ചെയ്യു

ള്ളൂ എന്നു നിർബ്ബന്ധിക്കാൻ തരമുണ്ടോ? ഞാനൊരാണായി
രുന്നെങ്കിൽ എവിടെയും പോയി ഏതു പണിയും ചെ
യ്യാൻ മടിക്കില്ലായിരുന്നു.

മാ. ഉ:— പാഴ്‌വാക്കു പറഞ്ഞിട്ടു കാര്യമുണ്ടോ? പണി കിട്ടാ
നുള്ള വഴിയുണ്ടെങ്കിലല്ലേ അതിനെപ്പറ്റി പറയേണ്ടൂ?

അമ്മു:—പണികിട്ടാൻ വഴിയുണ്ട്. സ്വതന്ത്രനായി, സുഖമാ
യി, കാലം കഴിക്കത്തക്ക ഒരു പണി കിട്ടിയാൽ അതു സ്വീ
കരിക്കാൻ മനസ്സുണ്ടോ?

മാ. ഉ:— പണിയെന്താണ്? എങ്ങിനെ കിട്ടും? ആരു തരും?

അമ്മു:—ഞാൻ അല്പം മുമ്പു കൃഷ്ണക്കുറുപ്പിനെ കണ്ടു; അദ്ദേ
ഹം —

മാ. ഉ:—ശരി, ശരി, ആ വിദ്വാൻെറ കഥ ഞാൻ മറന്നു
പോയി. അയാളുണ്ടാക്കിത്തരുന്ന പണി എനിക്കാവശ്യ
മില്ല. അയാളുടെ സഹായം കൂടാതെ ഞാൻ കാലം കഴി
ച്ചുകൊള്ളാം.

അമ്മു:—മാധവാ, നല്ലവണ്ണം ആലോചിച്ചു പറയൂ. കൃഷ്ണക്കു
റുപ്പിൻെറ സഹായം ആവശ്യമില്ലെന്നു പറയുന്നതു വെറും
അസംബന്ധമാണ്. നല്ല ഒരാളുടെ സഹായം നിനക്ക്
അത്യാവശ്യമാണ്; അതില്ലാഞ്ഞിട്ടുള്ള കുറവു നല്ലവണ്ണം
അറിയുന്നുമുണ്ട്. കുറുപ്പിന് നിന്നെ നല്ല സ്ഥിതിയിൽ കൊ
ണ്ടുവരേണമെന്ന് ആഗ്രഹവുമുണ്ട്. അദ്ദേഹം ഏൎപ്പാടു
ചെയ്തുതരാമെന്നു പറയുന്ന ജോലി, നിനക്കെന്തുകൊണ്ടു
സ്വീകരിച്ചുകൂടാ? കുറുപ്പിൻെറ കച്ചവടം സംബന്ധിച്ചു എ
ന്തോ ഒരു ജോലി തരാമെന്നാണ് പറയുന്നത്. കൊച്ചി
യിലോ, മദിരാശിയിലോ, മറ്റോ ആണ്. നല്ല ആദായ
മുള്ള പണി ആണെന്നും പറഞ്ഞു. ഈ പണി ഏറ്റാൽ
കുറുപ്പിനു ലഭിച്ച മാതിരി ഭാഗ്യം നിനക്കും ലഭിച്ചു എന്നു
വരാം.

മാ. ഉ:— ഈ പിച്ചു പറയുന്നതെന്തിന്? കുറുപ്പിൻെറ ഉദ്ദേശം
എനിക്കു മനസ്സിലാക്കാൻ കഴികയില്ലെന്നായിരിക്കാം അ

യാളുടെ വിചാരം? എന്നെ ഇവിടങ്ങളിൽ കാണുന്നതു് അയാൾക്കു ചതുത്ഥി കാണുംപോലെയാണു്. എന്നെ ഏതുവിധവും ഇവിടുന്നു പറഞ്ഞയയ്ക്കണമെന്നാണു് അയാളുടെ ആഗ്രഹം. എൻെറ വസ്തുക്കൾ മുഴുവൻ കൈയടക്കി: ഇനി എന്നെയുംകൂടെ അകററിയെങ്കിലെ അയാൾക്കു സുഖമാവൂ!

അമ്മു:—മതി, മതി; ഈ വക അസംബന്ധം പറവാൻ അമ്മയുണ്ടല്ലോ? നീ കൂടെ അതിന്നു പുറപ്പെടേണ്ട. സ്വത്തു മുഴുവനും കുറുപ്പു് അപഹരിച്ചെടുക്കുകയോ, അതല്ല, കുറുപ്പു് അദ്ധ്വാനിച്ചുണ്ടാക്കിയ പണം കൊടുത്തു മേടിക്കുകയോ ചെയ്തതു്? ആലോചിച്ചു പറയൂ. നിൻെറ കാരണവന്മാർ വിററുതിന്ന വസ്തുക്കൾ നിനക്കു എങ്ങിനെ കിട്ടും? ഭാഗ്യംകെട്ട ജന്മമാണു് നിൻേറതു്. മററുള്ളവരെ പഴിക്കുന്നതെന്തിനു്? കുറുപ്പു് വല്ലതും സഹായിക്കാമെന്നു പറഞ്ഞാൽ, നേരെ തിരിഞ്ഞു കയക്കുകയോ ഉചിതം? സഹായം സ്വീകരിക്കാൻ മനസ്സില്ലെങ്കിൽ വേണ്ട. അതുകൊണ്ടുള്ള ലാഭവും നഷ്ടവും നിനക്കോ, കുറുപ്പിനോ? കുറുപ്പു പറയുന്ന ജോലി സ്വീകരിക്കുന്നപക്ഷം നിനക്കു ഗുണം കിട്ടുമെന്നു് എനിക്കു നല്ല ഉറപ്പുണ്ടു്.

മാ. ഉ:—അത്ര ഉറപ്പു പറയേണ്ട. ഞാൻ ആലോചന കൂടാതെ ബദ്ധപ്പാടിൽ ഒന്നും തീച്ചയാക്കുകയില്ല. ഇതിലും നല്ല ജോലി കിട്ടിയെങ്കിലോ? ഈ സമയത്തു ഇവിടെനിന്നു പോവാൻ ഞാൻ വിചാരിക്കുന്നില്ല. അമ്മ എന്നെ അയയ്ക്കുകയും ഇല്ല.

അമ്മു:—എന്നാൽ നിൻെറ പാടു്! ഞാൻ പറയാനുള്ളതു പറഞ്ഞു. നിൻെറ ഇഷ്ടംപോലെ ചെയ്യു്. അമ്മയുടെ വിസമ്മതത്തെ ഗണ്യമാക്കിയതുകൊണ്ടല്ല ഇപ്പോൾ ഇവിടെനിന്നു പോവാൻ മനസ്സില്ലാത്തതു്. അതിനേക്കാൾ ബലമേറിയ കാരണം വേറെ ഉണ്ടു്. ഞാൻ എല്ലാം അറിഞ്ഞു.

അമ്മുക്കുട്ടി ഇങ്ങിനെ കുപിതയായി വാതലിന്നു കെച്ചപ്പെ

ടുത്തി അടച്ചുംകൊണ്ടു് തൻെറ അറയിലേക്കു പോയി. അവൾ പോയതു കണ്ടു്, മാധവൻ തൻെറ കൈയിലുണ്ടായിരുന്ന തൂലിക വീണ്ടും മഷിയിൽ മുക്കി സംഭാഷണമദ്ധ്യേ താൻ മനസ്സിൽ കുറിച്ചുവച്ചതായ ശ്ലോകാദ്ധത്തെ കടലാസിൽ പകത്തു.

## അദ്ധ്യായം, ൧൩.

### കമലയുടെ പരുങ്ങൽ.

മാധവനുണ്ണിത്താൻ മറുനാട്ടിലേക്കു് പോകുന്നതിനെപ്പറ്റി, പിന്നെ യാതൊരു വത്തമാനവും ഉണ്ടായിരുന്നില്ല. നാട്ടുവിട്ടു പോകാൻ മടിക്കുന്നതു് വേറെ വല്ല കാരണത്താലുമാണെന്നു് അമ്മുക്കുട്ടി പറഞ്ഞതു് വെറും വിടുവായല്ലായിരുന്നു. വരപുരം മുഴുവൻ ആരുടെ സൗന്ദയ്യപ്രശംസ മുഴക്കുന്നുവോ, ആ സൗന്ദയ്യത്താൽ തൻെറ സഹോദരൻ ബദ്ധനായിരിക്കുന്നു എന്നു ഗ്രഹിക്കുവാൻ അമ്മുക്കുട്ടിക്കു് ലേശവും പ്രയാസമുണ്ടായിരുന്നില്ല.

ഉണ്ണിത്താൻ തൻെറ ഹൃദയം മുഴുവനും കമലയ്ക്കു അപ്പിച്ചുകഴിഞ്ഞിരിക്കുന്നു. തൻെറ പ്രേമം മുഴുവൻ താൻ പാഴായ് കളകയാണെന്നും, കമലയെ തനിക്കു് ഒരു കാലത്തും ലഭിക്കയില്ലെന്നും, ഉണ്ണിത്താന്നു് പൂണ്ണബോധമുണ്ടായിരുന്നു. എന്നാലും, തൻെറ പ്രേമപ്രവാഹത്തെ തടുത്തുനിത്തുവാനുള്ള ശക്തി ആ യുവാവിനുണ്ടായിരുന്നില്ല. ഉണ്ണിത്താന്നു് കമലയെ ലഭിപ്പാൻ തക്ക യോഗ്യതയില്ലെന്നു് അയാൾക്കു തന്നെ അറിവുള്ളതിനാൽ, കമലയുമായുള്ള സല്ലാപാദികൾകൊണ്ടു് വൈഷമ്യമുണ്ടാകയില്ലെന്നുള്ള വിശ്വാസത്താലായിരുന്നു, ലക്ഷ്മിഅമ്മ ഇവരെ പരിചയത്തിന്നനുവദിച്ചതു്. മാധവനുണ്ണിത്താനോടു് ലക്ഷ്മിഅമ്മയ്ക്കു വളരെ അനുകമ്പയും കൂറും ഉണ്ടായിരുന്നു. അതു നിമിത്തമായിരുന്നു നാരായണിഅമ്മയു

ടെ അധിക്ഷേപങ്ങളെക്കൂടി സഹിച്ചുകൊണ്ട് ഉണ്ണിത്താൻെറ കാൎയ്യത്തിൽ ആ അമ്മയെ ഉപദേശിച്ചു വഴിപ്പെടുത്താൻ ലക്ഷ്മി അമ്മ ഒരുമ്പെട്ടതു്.

ഉണ്ണിത്താൻെറ നളികപ്രയോഗം കണ്ടുനിന്ന്, കമല, സമയം തെററി താമരശ്ശേരിയിൽ എത്തിയപ്പോൾ, ലക്ഷ്മി അമ്മ അവളെ വിളിച്ച് അത്ര വൈകുവാനുള്ള കാരണം ചോദിച്ചു. അവൾ മാധവനുണ്ണിത്താനുമായി സംസാരിച്ചുനിന്നതും, ഉണ്ണിത്താൻ അവൾക്കു തുണവന്നതും, കൃഷ്ണക്കുറുപ്പിൻെറ വക ഭൂമിയിൽ അയാൾ ചവിട്ടുകയില്ലെന്നു ശപഥം ചെയ്തിട്ടുള്ളതായി പറഞ്ഞതും, മററും ഒന്നൊഴിയാതെ, ലക്ഷ്മി അമ്മയോടു പറഞ്ഞു കേൾപ്പിച്ചു. "കഷ്ടം! ചക്കക്കു ചേൎന്ന ചുള! അമ്മയ്ക്കു ചേൎന്ന മകൻ! ആ അമ്മയാണു മകനെ ഈ വിധം വഷളാക്കിയതു്. ഈ വിചാരം വെച്ചുകൊണ്ടിരിക്കുന്നവനെ കുറച്ചു സഹായിക്കാൻ പുറപ്പെടുന്നതു ഭോഷത്തം തന്നെ," എന്നായിരുന്നു, ലക്ഷ്മിഅമ്മയുടെ വാക്കുകൾ. അതിൻെറ ശേഷം, ലക്ഷ്മിഅമ്മ താൻ തോരണത്തു പോയിരുന്ന കാൎയ്യവും, നാരായണി അമ്മയുമായുണ്ടായ സംഭാഷണവും മററും കമലയോടു പറഞ്ഞു. "ഇത്ര അഹംഭാവമുള്ള ഒരുവളുടെ വീട്ടിൽ ഞാൻ ഇനി ഒരിക്കലും പോകയില്ല. ദുഷ്ടു!" എന്നിങ്ങിനെ സകലതും മകളോടു തുറന്നു പറഞ്ഞപ്പോൾ, ലക്ഷ്മിഅമ്മയ്ക്കു നാരായണി അമ്മയോടുണ്ടായിരുന്ന ദ്വേഷം കുറെ തണുത്തു.

കമല:—എന്നെ ഒരു ദിവസം തോരണത്തു് അയച്ചില്ലല്ലോ വല്യമ്മേ! എനിക്കവിടെ പോവാൻ പാടില്ലേ? അവരും നമ്മളും ബന്ധുക്കളല്ലെ? അമ്മുക്കുട്ടി അമ്മയും മാധവനുണ്ണിത്താനും എന്നോടു ലോഹ്യം ഭാവിക്കുമ്പോൾ, ഞാൻ ഒരു ദിവസം അവരുടെ വീട്ടിൽ പോകേണ്ടതല്ലയോ?

ല. അ:—നീ പൊയ്ക്കോ, ഞാൻ വരില്ല. നീ പോവുന്നതിൽ എനിക്കു യാതൊരു വിരോധവു ഇല്ല.

കമല:—നമ്മൾ നാളെ ചിറസ്സലേയ്ക്കു മടങ്ങുന്നില്ലേ? പിന്നെ ഞാൻ എപ്പൊഴാണ പോവുക?

ല. അ:—നാളെ മടങ്ങുന്നില്ല. എനിക്ക ചില കാൎയ്യങ്ങൾ അന്വേഷിച്ചറിവാനുണ്ട്. രണ്ടുമൂന്നു ദിവസത്തെ താമസം കൂടി വേണ്ടിവരും. അതിനിടയ്ക്കു നിനക്ക പോവരുതോ? അതല്ലെങ്കിൽ, ഇനി ഒരവസരത്തിൽ പോവാം.

മേൽ വിവരിച്ച സംഭാഷണം നടന്നതിന്ന് മൂന്നാം ദിവസം രാവിലെ, കമല താമരശ്ശേരിയിലെ പറമ്പിൽചെന്നു കാട്ടുപുഷ്പങ്ങൾ അറുത്തും, അവിടെ പറന്നു കളിച്ചിരുന്ന ചെറിയ പക്ഷികളെ പിടിപ്പാൻ ശ്രമിച്ചും, അങ്ങുമിങ്ങും ഓടി നടക്കുമ്പോൾ, മാധവനുണ്ണിത്താൻ, ആ പറമ്പിന്റെ പുറമെ, തോട്ടുവക്കിൽ നില്ക്കുന്നതു കണ്ടു. കഴിഞ്ഞ രണ്ടു ദിവസങ്ങളിലും ഉണ്ണിത്താൻ കമലയെ ഒരു നോക്കു കാണ്മാൻ വേണ്ടി, പക്ഷികളേയും മറ്റും വെടിവെയ്പാനെന്നുള്ള ഭാവത്തിൽ, ഒരേ സ്ഥലത്തു വളരെ നേരം കാത്തുനിന്നിരുന്നു. എന്നാൽ അവളെ കാണ്മാൻ സാധിക്കാഞ്ഞതുകൊണ്ടുള്ള വ്യസനത്താൽ, അവൾക്ക തന്നോട് അനുകമ്പയില്ലെന്നും, തന്നെ കാണാതിരിപ്പാൻ വേണ്ടിയാണ് അവൾ പുറത്തിറങ്ങാത്തതെന്നും, മറ്റും അയാൾ അവളെപ്പറ്റി മനസ്സിൽ ദോഷാരോപം ചെയ്തു. "കമലയ്ക്ക് എന്നെ കാണുന്നതു തന്നെ അസഹ്യമായിരിക്കും! എന്റെ സഹവാസം അവൾക്ക വേച്ഛയില്ല. എന്നെപ്പോലെയുള്ള ഒരു ദരിദ്രന്റെ പേരിൽ അവൾക്ക് ഒരു കാലത്തും പ്രേമമുണ്ടാകയില്ല. ധനവാനായ ആളെ അവൾ വരിക്കും. ഞാൻ ധനവാനായിരുന്നെങ്കിലോ! കഷ്ടം! എന്റെ തറവാടു നശിക്കാതേയും, ഞാൻ ദരിദ്രനായിത്തീരാതേയും ഇരുന്നെങ്കിൽ അവളെ കൈക്കലാക്കുവാൻ എനിക്ക് പ്രയാസമുണ്ടാകുമായിരുന്നോ?"

ഇങ്ങിനെ ചിന്തിച്ച് തന്റെ ദുർഭാഗ്യത്തെ ശപിച്ചും, താമരശ്ശേരിക്കുള്ളിൽ തന്റെ കണ്ണെത്തുന്നേടത്തോളം ദൂരം

തൻെറ പ്രേമഭാജനത്തെ തിരഞ്ഞും നില്ക്കുമ്പോഴായിരുന്നു, മരങ്ങളുടെ ഇടയിൽ ആ കോമളവിഗ്രഹത്തെ കണ്ടത്. കമലയാകട്ടെ, പുഷ്പങ്ങൾ അറുത്തും, പക്ഷികളുടെ പിന്നാലെ എത്തിച്ചാടിയും ക്ഷീണിച്ച വിയർത്ത് തോട്ടിൻവക്കത്തു മുഖം കഴുകാനായി മെല്ലെ മെല്ലെ നടന്നു പോവുകയായിരുന്നു. കമല വരുന്നുണ്ടെന്നു കണ്ടപ്പോൾ, ഉണ്ണിത്താൻ അവളെ കാണാത്ത ഭാവത്തിൽ, പിന്തിരിഞ്ഞു, പറവകളെ ഉന്നംനോക്കി നിന്നു. കമല മെല്ലെ വന്നു ഉണ്ണിത്താൻെറ സമീപം എത്തി "ജ്യേഷ്ഠാ" എന്ന്, വിനീതസ്വരത്തിൽ വിളിച്ചു. ഉണ്ണിത്താൻ തിരഞ്ഞുനോക്കി. "ഓ, കമലയോ? ഇവിടെ എങ്ങാനും വരുമോ?" എന്നു ചോദിച്ചു.

കമല:—എന്താണ്? എനിക്കിവടെ വരരുതാ?

മാ. ഉ:—വന്നുകൂടാഞ്ഞിട്ടല്ല. എന്നെയോ മറേറാ കാണുമെന്നു ശങ്കിച്ചു വരാഞ്ഞിട്ടുതന്നെ. ഈയുള്ളവനുമായി കൂടി നടക്കരുതെന്നു നിശ്ചയിച്ചിട്ടായിരിക്കാം. ഇവന്ന് എന്തു യോഗ്യതയാണുള്ളതു, കമലയുമായി കൂടി നടപ്പാൻ?

കമല:—യോഗ്യതകളെപ്പററി എനിക്കൊന്നും അറിയില്ല. ഞാൻ അതൊന്നും വിചാരിച്ചുമില്ല.

മാ. ഉ:—അറിയും, അറിയും; കമലയ്ക്കും അറിയാം, സകലക്കും അറിയാം. ഞാൻ ഒരു എരപ്പാളി അല്ലേ? ദരിദ്രനായ എനിക്ക് കമലയുടെ മുഖത്തു നോക്കാൻ തന്നെ എന്തവകാശം?

കമല:—"ഇതൊക്കെ എന്നോടെന്തിനു പറയുന്നു? നിങ്ങളുടെ കാര്യം ചിലതൊക്കെ ഞാനും അറിഞ്ഞിട്ടുണ്ട്. നിങ്ങളുടെ നേക്ക് എനിക്കു വളരെ അനുകമ്പയും ഉണ്ട്. നിങ്ങളുടെ കുററംകൊണ്ടല്ലല്ലൊ നിങ്ങൾ എളിമപ്പെട്ടുപോയതു്? ജനശ്രുതി ഞാനും കേൾക്കുന്നുണ്ട്. ഞാൻ ഇപ്പോൾ ഉണ്ണുന്ന ചോറുപോലും നിങ്ങളുടേതല്ലേ? ഞങ്ങൾ നിമിത്തവും നിങ്ങൾക്കു നഷ്ടമുണ്ടായിട്ടുണ്ടല്ലൊ? പക്ഷെ അതുകൊണ്ടായിരിക്കാം നിങ്ങൾക്ക് എന്നോടു വെറുപ്പ്"— "

കമലയുടെ വിനീതസ്വരവും, ശ്വാസം മുട്ടിക്കൊണ്ടുള്ള സംസാരവും ദയനീയമായ നിലയും കണ്ടിട്ട്, ഉണ്ണിത്താൻ വിഷണ്ണനായി.

മാ. ഉ:—കമലേ! എന്നെ തെററിദ്ധരിക്കരുതേ? എനിക്ക കമലയോട്ട വെറുപ്പോ? ആവൂ! ദൈവമേ!—

ഉണ്ണിത്താൻ പറവാൻ ഭാവിച്ചതു മുഴുവനാക്കാതെ, കമലയുടെ മുഖത്തു് ഉററുനോക്കിക്കൊണ്ടു് കുറേനേരം നിന്നു; അവളുടെ കണ്ണുകഠം ദയാർദ്രങ്ങളായിക്കണ്ടപ്പോഠം, വീണ്ടും പറഞ്ഞു:—"കമലേ! എൻെറ അവിവേകത്തെ ക്ഷമിക്കു. ഞാൻ വ്യസനംകൊണ്ടു തൻേറടമില്ലാതെ നില്ക്കയായിരുന്നു. കമലയെ പീഡിപ്പിച്ച ഈ നാവിനെ അരിഞ്ഞു കളവാൻ ഞാൻ തയ്യാററാണ്."

കമല:—തൻേറടമില്ലാതാക്കിയ വ്യസനം എന്താണ്?

മാ. ഉ:—ഞാൻ എങ്ങിനെ പറയുക? പറഞ്ഞാൽപോലും കമലയ്ക്കു മനസ്സിലാകുമോ എന്നു സംശയം. കമലേ! നാം തമ്മിൽ ആദ്യമായിക്കണ്ടതു് കമല ഓക്കുന്നുണ്ടോ? പടിപ്പുരവീട്ടിൻെറ മുൻവശത്തുവച്ചു് എന്നെ കണ്ടപ്പോഠം, കമല, "ഇതാണോ മാധവനുണ്ണിത്താൻ?" എന്നു് അമ്മായിയോട്ട ചോദിച്ചതു് ഓമ്മിക്കുന്നുണ്ടോ? കമലയുടെ അപ്പോഴത്തെ നോട്ടവും, ആ പുഞ്ചിരിയും, ഞാൻ ഒരു കാലത്തും മറക്കയില്ല. അന്നുതുടങ്ങി ഞാൻ കമലയുടെ ദാസനായിത്തീന്നു എൻെറ ഹൃദയം മുഴുവൻ ആ ഒരു നോട്ടത്താൽ കമല കൈക്കലാക്കി. എൻെറ യോഗ്യതയില്ലായ്മയെപ്പററി എനിക്ക നല്ല നിശ്ചയമുണ്ടായിരുന്നിട്ടും, എനിക്ക എൻെറ ഹൃദയത്തെ വീണ്ടെടുക്കാൻ കഴിയുന്നില്ല. എൻെറ ആഗ്രഹം ഒടുവിൽ നിരാശക്കടലിലേക്ക കൊണ്ടു ചാടിക്കുമെന്നും എനിക്കറിയാം. എന്നാലും ജീവൻ നില നില്ക്കുന്ന കാലത്തോളം എനിക്ക കമലയെ പ്രണയിക്കാതിരിക്കാൻ സാധിക്കയില്ല.

ബാലയായ കമലയ്ക്കു ഉണ്ണിത്താൻെറ വാക്കുകളുടെ ആന്തരാൎത്ഥം ശരിയായി ഗ്രഹിക്കാൻ കഴിഞ്ഞില്ല. അയാൾ ഗൌരവപ്പെട്ട ഒരു കാൎയ്യം പറകയാണെന്നു് അവൾ ധരിച്ചു. എന്നാൽ ആ കാൎയ്യം താൻ കേൾക്കേണ്ടിവന്നതിൽ അവൾക്കു ലജ്ജയും ഭയവും ഉദിച്ചു. അവളുടെ മുഖം വിളറി; കണ്ണിൽ അശ്രുക്കൾ നിറഞ്ഞു; പിന്നെ ഉണ്ണിത്താനെ നോക്കി പ്പറഞ്ഞു: "ഇക്കാൎയ്യം എന്നോടു പറയുന്നതെന്തിനു്? ഇതു മൎയ്യാദയാണോ?"

മാ. ഉ:—മൎയ്യാദയല്ല. കമല എന്നോടു ചോദിച്ച ചോദ്യത്തിനു് എനിക്കു ഉത്തരം പറയാതെ കഴികയില്ലല്ലോ. ഞാൻ പറഞ്ഞതു സത്യമാണു്. സത്യത്തെ മറയ്ക്കാൻ സാധിച്ചില്ല; അത്രേ ഉള്ളു. പക്ഷേ ഞാൻ പറഞ്ഞതു കമലയ്ക്കു രസിക്കില്ലായിരിക്കാം. അങ്ങിനെയായതിൽ അത്ഭുതപ്പെടാനില്ല. എൻെറ യോഗ്യതകളെപ്പററി കമലയ്ക്കു നിശ്ചയമുണ്ടല്ലോ. ഉന്നതപദവിയിൽ ഇരിക്കുന്ന കമലയ്ക്കും എത്രയോ താണനിലയിൽ കാലം കഴിയുന്ന എനിക്കും, തമ്മിൽ എന്തു ചേൎച്ചയാണുള്ളതു്?

കമല:—നിങ്ങൾക്കു എന്തു യോഗ്യതക്കുറവാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. താമരശ്ശേരിക്കാരെക്കാൾ കൂടുതൽ പദവി എനിക്കുണ്ടെന്നോ?

മാ. ഉ:—കമലേ! ഒന്നുകൂടെപ്പറയൂ! എനിക്കു ആശക്കവകാശം തരുമോ?

കമല:—ഈ ചോദ്യത്തിന്നുത്തരം പറവാൻ എനിക്കു സ്വാതന്ത്ര്യമില്ല. ഞാൻ ഇപ്പോൾ പോകട്ടെ.

കമല പോവാൻ തിരിഞ്ഞപ്പോൾ, ഉണ്ണിത്താൻ അവളെ വഴി മുടക്കിക്കൊണ്ടു പറഞ്ഞു:—"എനിക്കു മറുപടി തന്നിട്ടുപോയാൽ മതി. എന്നെ പേടിക്കേണ്ട. ഞാൻ കമലയ്ക്കു യാതൊരുപദ്രവവും ചെയ്കയില്ല. എനിക്കു ആശ തരുമോ?"

കമല കരഞ്ഞുതുടങ്ങി; അതു ഉണ്ണിത്താനു് മൎമ്മഭേദക

മായിത്തീൎന്നു. അയാൾ തന്നെത്താൻ ശപിച്ചുകൊണ്ടു പറഞ്ഞു:—"കമലേ! ക്ഷമിക്കു. ഞാൻ നിൎബ്ബന്ധിക്കുന്നില്ല. ഞാൻ കമലയെ കാണാൻപോലും നില്ക്കുന്നില്ല. ഇതാ പൊയ്ക്കോളാം ഈ നാടുവിട്ടു പോകാനുംകൂടെ ഞാൻ ഒരുക്കമാണ്. എന്നാലെങ്കിലും കമല പീഡകൂടാതിരിക്കു. പക്ഷേ, എന്റെ ജീവിതത്തിൽ ഒരു നിമിഷമെങ്കിലും കമലയെ മറക്കുകയോ സ്നേഹിക്കാതിരിക്കുകയോ ചെയ്യാൻ എനിക്കു സാധിക്കുകയില്ല; നിശ്ചയം."

കമല:—(കരച്ചൽ കുറേ ശമിപ്പിച്ചുകൊണ്ട്) എനിക്കു വേണ്ടി നിങ്ങൾ നാടുവിട്ടു പോകേണ്ട. ഞങ്ങൾ നാളെ ചിറയ്ക്കലേക്കു പോകയാണ്. നിങ്ങളോടു ഇപ്പോൾതന്നെ യാത്ര പറയുന്നു. നിങ്ങളുടെ പേരിൽ എനിക്കു അനുകമ്പയുണ്ടെന്നു മറക്കുകയില്ലല്ലൊ. നിങ്ങളുടെ ക്ഷേമത്തെപ്പറ്റി കേൾക്കുന്നതു് എനിക്കു സന്തോഷമായിരിക്കും. വിരോധമില്ലാത്തപക്ഷം അപ്പപ്പോൾ നിങ്ങളുടെ വൎത്തമാനങ്ങൾ അറിയിച്ചുതരുക. ഈശ്വരൻ നിങ്ങളെ തുണയ്ക്കട്ടെ. ഞാൻ പോവുന്നു."

* * * * * * *

പിറേറദിവസം ഉച്ചതിരിഞ്ഞു്, അമ്മുക്കുട്ടി പടിപ്പുരവീട്ടിന്റെ മുൻവശത്തുകൂടി കടന്നു പോകുമ്പോൾ, വീട്ടിനുള്ളിൽ ചില മൂളിപ്പാട്ടുകളും, രാഗാലാപങ്ങളും, ചിരിയും, സംസാരവും മററും കേട്ടു. സംഗീതകുശലയായ അമ്മുക്കുട്ടിക്ക്, രാഗാലാപത്തിൽ ചില അപസ്വരങ്ങൾ പുറപ്പെടുന്നതു കേട്ടപ്പോൾ അല്പവും സുഖം തോന്നിയില്ല. പടിപ്പുര വീട്ടിലെ പാട്ടുകാരികൾ ഇങ്ങിനെ അപസ്വരം പുറപ്പെടുവിച്ചു കേട്ടിട്ടില്ല. പിന്നെ ആരായിരിക്കാം, എന്നറിവാനുള്ള കൌതുകത്താൽ, അമ്മുക്കുട്ടി പടി കടന്നു നാലുകെട്ടിലേക്കു ചെന്നു. പടിപ്പുരവീട്ടിലെ സ്ത്രീകളെല്ലാവരും അവിടെ ഇരുന്ന് കമലയെ രാഗാലാപം ചെയ്യിക്കുന്നുണ്ടായിരുന്നു. നാലുകെട്ടിൽ പെട്ടെന്ന് ഒരാൾ കടന്നുവരുന്നതുകണ്ട് ആൾ ആരെന്നറി

യാതെ, കമല, താൻ മീട്ടിക്കൊണ്ടിരുന്ന വീണയും എടുത്തുകൊണ്ട്, പാഞ്ഞൊളിച്ചു. അവളുടെ ഭീരുത്വവും ലജ്ജയും കണ്ടു്, അവിടെ കൂടിയിരുന്നവർ ഉറക്കെ ചിരിച്ചു. “കമലേ, പേടിക്കേണ്ടാ, വരൂ, വരൂ; അമ്മുക്കുട്ടി അമ്മയാണ്—വാതലിൽ മുട്ടി എന്റെ വീണയുടെ കുടം പൊട്ടിക്കരുതേ!” എന്നു സുമിത്ര വിളിച്ചു പറഞ്ഞു. “അയ്യേ! വേഷം ധരിച്ചു കഴിഞ്ഞെങ്കിൽ വേഗം അരങ്ങത്തു വന്നു മധുരഗാനാലാപത്താൽ ഈ സദസ്യരെ ആനന്ദിപ്പിച്ചാലും” എന്നു തുളസി നേരംപോക്കായി വിളിച്ചുപറഞ്ഞു. കമല, ആളാരെന്നറിഞ്ഞപ്പോൾ, വീണയും ഏന്തി ചിരിച്ചുംകൊണ്ടു മടങ്ങിവന്നു. അമ്മുക്കുട്ടിയോടു കുശലപ്രശ്നം ചെയ്തശേഷം കമല പറഞ്ഞു: “കണിയാരെ പിടിച്ചു തെങ്ങേറ്റുന്നതു കണ്ടോ, അമ്മുക്കുട്ടി അമ്മേ! എന്നെ ഇവർ രാഗമാലാപിക്കാൻ പഠിപ്പിക്കയാണ്. സംഗീതത്തിൽ തീരെ വാസനയോ, ശാരീരശുദ്ധിയോ ഇല്ലാത്ത എനിക്കു രാഗമാലാപിക്കാൻ സാധിക്കുമോ?”

കല്യാണി അമ്മ:—സാധിക്കും, സാധിക്കും; കുറേക്കൂടി സാധകം ചെയ്താൽ നിശ്ചയമായും.

കമല—ഇല്ലമ്മേ! ഒരാണ്ടു മുഴുവൻ സാധകം ചെയ്താലും എന്നാൽ സാധിക്കില്ല.

ക. അ:—നല്ല ഒരു ഭാഗവതരുടെ കീഴിൽ ഒരാണ്ടഭ്യസിച്ചാൽ കമല നല്ല പാട്ടുകാരിയാവും. കമലേ! ഇക്കാലത്തുള്ള യുവാക്കന്മാൎക്കു സംഗീതത്തിൽ കുറെ താല്പൎയ്യമാണ്. കമല കുറേ പാട്ടുകൂടെ അഭ്യസിച്ചാൽ നല്ല സംബന്ധക്കാരനെ കിട്ടും; സംശയമില്ല.

കമല:—അതെനിക്കു സാധിക്കില്ല. നല്ല സംബന്ധക്കാരൻ വന്നിട്ടില്ലെങ്കിൽ വേണ്ടാ.

ക. അ:—നല്ല സംബന്ധക്കാരനെ കിട്ടാഞ്ഞാൽ, ഇതാ, എന്നെപ്പോലെ പകൽ മുഴുവൻ അടുപ്പും കുഴിയിൽ കിടക്കേ

ണ്ടിവരും; രാത്രിയൊക്കെ കുട്ടികടെ ഉറക്കാൻ തൊട്ടി ആട്ടേണ്ടിയും വരും.

കമല:—അതിന്നു തരക്കേടില്ല. അതെനിക്കിഷ്ടമാണ്.

കമല ഇത്രയും പറഞ്ഞു, ചിരിച്ചുകൊണ്ടു അമ്മുക്കുട്ടിയോടു ലോഹ്യം പറവാൻ തുടങ്ങി. അമ്മുക്കുട്ടി, കുറേനേരം, നേരംപോക്കും പറഞ്ഞിരുന്നശേഷം വീട്ടിലേക്കു മടങ്ങി.

പടിപ്പുര വീട്ടിൽ നടന്ന കഥയെപ്പറ്റി, അമ്മുക്കുട്ടി അന്നു രാത്രി സംഗതിവശാൽ നാരായണി അമ്മയോടു പറകയുണ്ടായി. അതുകേട്ട് നാരായണി അമ്മ പറഞ്ഞു: "ആ പെണ്ണ് കുറേ വകതിരിവുള്ള കൂട്ടത്തിലാണെന്നു തോന്നുന്നു. ആ തേവിടിശ്ശിയെ പോലെ അല്ല. സംഗീതം പഠിക്കുന്നു! ചിറ്റസ്സൽക്കാലല്ലേ? പഠിച്ചാലും മതി! അയ്യ! വായ്തുറന്നാൽ മതി, കഴുതയും കൂടെ തോററുപോകും! നല്ല ഭാഗവതരെ ഏല്പ്പെടുത്തി പഠിക്കാൻ പണം എവിടെ? പക്ഷേ ഭാഗീരഥി വിചാരിച്ചാൽ സാധിക്കും. അവളല്ലേ ഇപ്പോഴത്തെ സ്ത്രീകൾക്കു ഒരു മാതൃക!!"

അകാരണമായി ഭാഗീരഥിയെ അധിക്ഷേപിക്കുന്നതു കേട്ട്, അമ്മുവിന്നു ദേഷ്യം തോന്നി. "അമ്മേ! എന്തിന്നാണ് ഭാഗീരഥിയെ ആക്ഷേപിക്കുന്നത്? കുറുപ്പിനോടുള്ള വിരോധം, എന്തു ചെയ്താലും, അമ്മ കൈവിടില്ലെന്നു തോന്നുന്നു. ഇപ്പോൾ മാധവനും കൂടെ ചേൻ്നിട്ടുണ്ട്. മററുള്ളവരെയും പറഞ്ഞിളക്കി കുറുപ്പിൻെറ നേരെ വിരോധമാക്കാൻ ശ്രമിക്കുന്നത് കുറെ അതിക്രമമല്ലേ അമ്മേ? നിങ്ങൾക്കു രണ്ടാൾക്കും നല്ല ബുദ്ധിയുണ്ടാവുന്നതു് എന്നുകാലത്തോ?

നാ. അ:—മററുള്ളവരെ പറഞ്ഞിളക്കുകയോ? ഏതു മററുള്ളവരെ? ആരു പറഞ്ഞിളക്കി?

അമ്മു:—കുറേ ദിവസം മുമ്പെ ഒരു കശപിശലഹള ഉണ്ടായതു് അമ്മ അറിഞ്ഞില്ലേ? ആ വേലുപ്പണിക്കർ പാത്തിരുന്ന വീട് തകൎന്നു വീഴാറായതു കണ്ടു്, അതു പൊളിച്ചു പണിയിക്കാൻ കുറുപ്പ് ആളയച്ചപ്പോൾ, അയാളുടെ കൂട്ടർ

എന്തു ബഹളം കൂട്ടിക്കളഞ്ഞു! വീട്ട് ഒഴിച്ചു പണിയുംവരെ വേലുപ്പണിക്കരോട മാറിപ്പാക്കാൻ കുറുപ്പ് പലകുറി പറഞ്ഞു. മാധവൻെറ പ്രേരണയാലായിരുന്നു, അയാൾ മാറിപ്പാക്കാതെ മല്ലിടാൻ നിന്നത്. ഒടുവിൽ കുറുപ്പിൻെറ ആൾക്കാർ ചെന്ന് പണിക്കരെ പുറത്താക്കേണ്ടി വന്നു.

നാ. അ:—നിൻെറ കാരണവരുടെ കാലത്തായിരുന്നുവെങ്കിൽ, ആ കിഴവനെ പുറത്താക്കുമായിരുന്നോ?

അമ്മു:—പണിക്കരും ഇങ്ങിനെയാണ് പറയുന്നത്. അയാളുടെ ആയുഷ്കാലം മുഴവൻ അവിടെ പാൎത്തുകൊള്ളുവാൻ അമ്മാമൻ സമ്മതിച്ചിരുന്നുപോലും! അമ്മാമൻ മരിച്ചില്ലേ? സ്വത്തും അന്യാധീനപ്പെട്ടുവല്ലോ? ഇനി അമ്മാമൻെറ അനുവാദത്തെ ആധാരമാക്കിക്കൊണ്ടിരുന്നാലോ? കാൎയ്യം പറഞ്ഞാൽ ആ കിഴവൻെറ ചെകിട്ടിൽ കടക്കില്ല.

നാ. അ:—ഞാൻ അയാളെ കുററം പറയുന്നില്ല.

അമ്മു:— ഇല്ല. അതെനിക്കറിയരുതോ? അമ്മയ്ക്കും മാധവനും കുറുപ്പു ചെയ്യുന്നതൊക്കെ കുററം. അത് അവനവൻ മാത്രം വിശ്വസിച്ചാൽ പോരാഞ്ഞിട്ടോ, മററുള്ളവരെ കൂടെ ഇളക്കിവിടുന്നത്? എന്തെങ്കിലും അപകടം വരുമ്പോൾ കാണാം; വേലുപ്പണിക്കരും നാണു ആശാനും ആരും ഉണ്ടാവില്ല. മാധവനെയാണ് പിടികൂടാൻ പോകുന്നത്. നോക്കിയിരിക്കാം. കുറുപ്പ് ഈയിടെ കെട്ടി അടച്ച വേലിയും വാതിലും പൊളിച്ചുകളവാൻ ചിലർ ഭാവിക്കുന്നതായി കേട്ടു. ഇതിലും മാധവൻ ഉണ്ടായിരിക്കാം.

നാ. അ:—കുറുപ്പ് ഇതൊക്കെ അനുഭവിക്കണം. അയാളെ ഇവിടെയുള്ളവർ പേടിക്കണമോ? നിൻെറ കാരണവന്മാരുടെ കാലത്ത് ഇങ്ങനെ ആരെങ്കിലും ബലാല്ക്കാരത്തിന്നു തുനിഞ്ഞിരുന്നുവോ? ഈ നാടു മുഴുവൻ വേലികെട്ടി അടച്ചാൽ കൂടി, ആരും ഒരക്ഷരം തടുത്തു പറയില്ലല്ലോ.

അമ്മു:—അതു പോകട്ടെ. മാധവൻ ഇക്കൂട്ടത്തിൽ ചെന്നുചേ ൎന്നു് ഈ തെമ്മാടികളുടെ തലവനായാൽ നന്നോ? അമ്മ യ്ക്കതിഷ്ടമോ?

നാ. അ:—എനിക്ക അക്കാൎയ്യം അന്വേഷണമില്ല. അവന്ന് അവൻെറ കാൎയ്യം നോക്കിക്കൊള്ളാൻ തക്ക പ്രാപ്തിയുണ്ടു്.

## അദ്ധ്യായം, ൧൪.

### കുറുപ്പിനോടുള്ള പക.

കൃഷ്ണക്കുറുപ്പ് വഴിമുടക്കം ചെയ്യുന്നു എന്നും; ജനങ്ങൾ അയാളുടെ വേലിയേയും വാതലിനേയും ബലാല്ക്കാരം പ്ര യോഗിച്ചു പറിച്ചുകളയാൻ പോകുന്നു എന്നും; മററും, ബഹ ളമായി നടന്ന ആക്ഷേപങ്ങളും ഭീഷണികളും വെറും നേര മ്പോക്കായിക്കഴിഞ്ഞു. ഒരു ദിവസം വൈകുന്നേരം, ചില 'പോക്കിരികൾ', കുറെ ചെറുക്കന്മാരെയും കൂട്ടിക്കൊണ്ടു്, താമരശ്ശേരി വഴിയായി ഘോഷയാത്ര പുറപ്പെട്ടു. അവരുടെ കൈയിൽ പിശ്ശാങ്കത്തികളും, വെട്ടുകത്തികളും മറച്ചു വച്ചിരു ന്നു. മുന്നണിയിൽ ഉള്ള ചിലർ, കീറിപ്പറിഞ്ഞ തുണിക്കഷ ണങ്ങൾ കെട്ടി കൊടിയാക്കിപ്പിടിച്ചു്, ചെണ്ടയും കൊട്ടി, ആൎത്തുകൊണ്ടായിരുന്നു നടന്നിരുന്നതു്. എന്നാൽ അവർ ഉദ്ദേശിച്ചിരുന്ന പ്രകാരം, വേലിയോ വാതലോ പറിച്ചുകള യേണ്ടി വന്നില്ല. വേലിയുടെ രണ്ടറ്റങ്ങളിലുമുണ്ടായിരുന്ന വാതലുകൾ, തുറന്നു മലൎത്തി വച്ചിരുന്നു. ആരും ഇവരെ മാ ൎഗ്ഗനിരോധം ചെയ്തതുമില്ല. ഘോഷയാത്രക്കാർ താമരശ്ശേരി പ്പടിക്കലോളം വന്നു്, വരമ്പുവഴിയായി, പാടത്തിലിറങ്ങി, ഭഗവതിക്ഷേത്രത്തെ പ്രദക്ഷിണം ചെയ്തു് മടങ്ങിപ്പോകയും ചെയ്തു. അവരുടെ പരാക്രമമൊക്കെ, അന്നു രാത്രി, മദ്യശാ ലയിലും പാതയുടെ ഇരുവശത്തുമുള്ള ചാലുകളിലും ആയിരു

നു പ്രദശിപ്പിച്ചതു്. കൃഷ്ണക്കുറുപ്പ് ഈ വികൃതികളെ തടഞ്ഞതേ ഇല്ല. കുറുപ്പ് പുറത്തുവന്നു് ഘോഷയാത്രയെ തടയുമെന്നും; അപ്പോൾ വാക്കേററമുണ്ടാകയും അടികലശൽ നടത്തുകയും ചെയ്യാമെന്നും ആയിരുന്നു അവർ ആശിച്ചിരുന്നതു. എന്നാൽ, അവർ ആശാഭംഗപ്പെട്ടു മടങ്ങേണ്ടിവന്നു.

കൃഷ്ണക്കുറുപ്പിനു് ഈ ഭോഷന്മാരുടെ നേക്കു യാതൊരു വിരോധവും ഉണ്ടായിരുന്നില്ല. അവർ തൻെറ ഉദ്ദേശങ്ങളെയും പ്രവൃത്തികളെയും തെററിദ്ധരിക്കുന്നതിൽ, തനിക്കു കുണ്ഠിതമുണ്ടെന്നു പോലും, അവരെ അറിയിക്കുവാൻ കുറുപ്പിനു സമ്മതമായിരുന്നില്ല. അവർ ദുർവിചാരങ്ങളെയും അക്രമഭാവങ്ങളെയും വെടിഞ്ഞു് മേലിൽ തൻെറ അനുകമ്പയെ അപേക്ഷിക്കും എന്നു, കുറുപ്പിനു നിശ്ചയമുണ്ടായിരുന്നു. മാധവനുണ്ണിത്താൻ ആ സ്ഥലം വിട്ടുപോകുന്നതായാൽ, സമാധാനമുണ്ടാകുമെന്നു, കുറുപ്പ് മനസ്സിലാക്കിട്ടുണ്ടു. ഉണ്ണിത്താൻെറ പ്രേരണകൊണ്ടായിരുന്നു, ആ 'വികൃതി'കൾ അങ്ങിനെ ചാടിക്കളിച്ചതു്. കുറേമുമ്പു്, വേലുപ്പണിക്കരെ പറഞ്ഞിളക്കിയതും മാധവനുണ്ണിത്താനായിരുന്നു എന്നു്, പരക്കേ പ്രസിദ്ധമായിട്ടുണ്ടു്.

താൻ തന്നെ അപരാധി എന്നു, കുറുപ്പ് ചിലപ്പോൾ സംശയിച്ചിരുന്നു. പരോപകാരം ചെയ്യേണമെന്നുള്ള അത്യാഗ്രഹത്താൽ, താൻ ജനങ്ങൾ അത്ഥിക്കാത്തതായ സഹായങ്ങളെ അവരുടെ കൈക്കൽ അപ്പിക്കുവാൻ തുടങ്ങിയതിൽ അവക്കു നീരസം തോന്നിയതു് അത്ഭുതമാണോ? താൻ, മുമ്പുതന്നെ, അവരുടെ പരിചിതനല്ലായിരുന്നുവെങ്കിൽ, ഈ നീരസം ഉണ്ടാകയില്ലായിരുന്നു. എന്നാൽ, തൻെറ പൂവ്വകാലത്തെപ്പററിയുള്ള ഓമ്മ അവരുടെ ഉള്ളിൽ മാഞ്ഞുപോകാതിരിക്കുന്നേടത്തോളം കാലം, അവർ, തന്നെ അവരിൽ ഉപരിയായി കരുതുകയില്ല. താൻ അടുത്തിക്കിൽ അവരുടെ ഇടയിൽ തിരിച്ചുചെന്നതുതന്നെ ഭംഗിയായില്ല എന്നു്, കുറുപ്പു

ചിലപ്പോൾ പശ്ചാത്തപിച്ചിരുന്നു. അപരിചിതന്മാരുടെ ഇടയിലായിരുന്നാൽ, തന്റെ ധനവും പ്രഭാവവും എത്രയോ ആദരണീയമായിരുന്നേനെ! തന്റെ ദാരിദ്ര്യദശയെപ്പററി, ആരെങ്കിലും, ഓൎമ്മപ്പെടുത്തുമായിരുന്നുവോ? തന്റെ ബാലചാപലങ്ങളെപ്പററിപ്പറഞ്ഞു നിന്ദിക്കുമായിരുന്നുവോ? തന്റെ തോട്ടത്തിൽ കടന്ന് കാൎക്കനികൾ കട്ട് ചാടിപ്പോകുന്നവരെ ശിക്ഷിപ്പാനായി, തോട്ടക്കാർ തന്റെ മുമ്പിൽ കൊണ്ടുവരുമ്പോൾ, താനും പണ്ട് അതേ തോട്ടത്തിൽ മോഷണം നടത്തിയിരുന്നില്ലേ എന്ന്, അവർ തന്നോടു നേരിൽ ചോദിക്കുവാൻ സംഗതിവരുമായിരുന്നുവോ?

ഈ ക്ലേശങ്ങൾ കുറുപ്പിന്റെ മനസ്സിനെ സാമാന്യത്തിലധികം വ്യഥിപ്പിക്കാൻ തുടങ്ങി. താമരശ്ശേരിയുടെ ഉടമസ്ഥനായി വരപുരത്തു വന്നപ്പോൾ, തന്റെ ധനത്തേയും പ്രഭാവത്തേയും അവിടത്തെ ആളുകൾക്കു ഉപകാരപ്പെടുംവിധത്തിൽ വിനിയോഗിക്കാൻ, താൻ തീൎച്ചപ്പെടുത്തി, എന്നാൽ ആ നിശ്ചയം ഇപ്പോൾ നിഷ്ഫലമായിത്തീൎന്നിരിക്കുന്നു. താൻ ആഗ്രഹിക്കുന്ന സാധനങ്ങൾ ഒക്കെ കൈവശത്താവുന്നതോടുകൂടി, അവയുടെ ഗുണവും കുറഞ്ഞുപോകുന്നുവോ, ഒക്കെ എന്നു പറവാൻ പാടില്ല. താമരശ്ശേരിയും, തന്റെ മാതാപിതാക്കന്മാർ, ദാരിദ്ര്യപീഡയിൽ തന്നെ പെററുവളൎത്തിയ ആ ചെറിയ കുടിലും സ്വാധീനമാവാൻ ഇടവന്നതിൽ, തനിക്കു ചാരിതാൎത്ഥ്യമുണ്ട്; പക്ഷേ, അവിടെയുള്ള തന്റെ പുതിയ ജീവിതം സമാധാനരഹിതമായിത്തീൎന്നതിൽ അപാരമായ സങ്കടവുമുണ്ട്. ഈ അപാരസങ്കടത്തെ നീക്കിക്കളവാനായി, കുറുപ്പ്, കുറേ നാളേക്ക്, അവിടം വിട്ടുപോവാൻ ഉറച്ചു.

ഓണംകഴിഞ്ഞു; കൊയിത്തും അവസാനിച്ചു; കുറുപ്പ് താമരശ്ശേരിയോടു മനസാ യാത്ര പറഞ്ഞ്, വരപുരത്തുനിന്നു പുറപ്പെട്ടു. മകളെ നന്ദപുരിയിൽ ബന്ധുഭവനത്തിൽ കൊണ്ടാക്കി, തീൎത്ഥയാത്രയ്ക്കു പോയിരിക്കുന്നു; എന്നായിരുന്നു ജനസം

സാരം. കുറുപ്പ് വരപുരത്തില്ലാത്തതുകൊണ്ട്, തോരണത്തുള്ള ഒരാൾക്കൊഴികെ, ആ പ്രദേശത്തു മററാക്കും സങ്കടമുണ്ടായില്ല. അമ്മുക്കുട്ടിക്ക്, താൻ ഏററവും വിലമതിച്ചതായ എന്തോ ഒരു സാധനം അകന്നുപോയതായി തോന്നി. കുറുപ്പിൻെറ സാന്നിദ്ധ്യമില്ലാത്ത ഏതു സ്വർഗ്ഗവും നരകതുല്യമെന്നായിരുന്നു, അവളുടെ വിചാരം. അവളുടെ ഉത്സാഹവും പ്രസന്നതയും, ദിനംപ്രതി, കുറഞ്ഞുതുടങ്ങി. അവൾ ഏകാന്തസ്ഥലങ്ങളിൽ, അസമയത്തുപോലും, ഏകാകിനിയായി, ഏകാഗ്രചിത്തയായി സഞ്ചരിക്കുകയും, കുറുപ്പിനെ കുടക്കം സന്ദശിച്ച സ്ഥലം പലവുരു പോയി നോക്കുകയും ചെയ്തു. എന്നാൽ, അവൾ, മാധവനുണ്ണിത്താനെപ്പോലെ, കവിതയെഴുതി തലച്ചോർ കായിക്കുവാൻ തുനിഞ്ഞില്ല.

അമ്മുക്കുട്ടിയുടെ ഈ ഭാവഭേദത്തെ, പലരും കണ്ടു; പലരും അന്യഥാ വ്യാഖ്യാനിച്ചു. പടിപ്പുരവീട്ടിലെ യുവതികളും അവളുടെ മനഃക്ലേശത്തെ കണ്ടറിഞ്ഞു. എന്നാൽ ആ ഭാവഭേദത്തിൻെറ യഥാത്ഥമായ കാരണം അവർ മനസ്സിലാക്കിയിരിക്കുന്നുവെന്ന്, അമ്മുക്കുട്ടി അറിഞ്ഞിരുന്നുവെങ്കിൽ, അവൾ ലജ്ജകൊണ്ടു മരിക്കുമായിരുന്നു.

ഭാഗ്യവശാൽ, തോരണത്തുള്ളവരിൽ ആരും അവളുടെ മനോവ്യഥ കണ്ടറിഞ്ഞില്ല. നാരായണിഅമ്മ അവളിൽ യാതൊരു ഭേദവും കണ്ടില്ല; മാധവൻെറ മനസ്സു മറെറാരു വിഷയത്തിൽ വ്യാപരിച്ചിരുന്നതിനാൽ, ഇതു കണ്ടുപിടിക്കുക എന്നതു അസംഭാവ്യവുമാണല്ലോ.

മാധവനുണ്ണിത്താൻെറ കഥയോ, ഇതിൽപരം കഷ്ടം. ആ യുവാവിൻെറ അസ്ഥാനസ്ഥമായ അനുരാഗം മനസ്സിനെയും ശരീരത്തെയും ദഹിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഇതു് തൻെറ പ്രഥമപ്രേമകേളിയായിരുന്നതിനാൽ, അതിനു ഇത്ര ദഹനശക്തി ഉണ്ടെന്നു ഉണ്ണിത്താൻ മനസ്സിലാക്കിയിരുന്നില്ല. പ്രേമവും നൈരാശ്യവും തമ്മിൽ പോരാടുക നിമിത്തം,

ഉണ്ണിത്താന്റെ മമ്മങ്ങൾ പിളൎന്നുതുടങ്ങിയിരിക്കുന്നു. ഈ അവസ്ഥയിൽ, ആ സാധുവുണ്ടോ സഹോദരിയുടെ ഭാവഭേദത്തെ മനസ്സിലാക്കുന്നു! തന്നെ കടന്നുപിടിച്ചിരിക്കുന്ന പ്രേമാഗ്നിയാൽ ദഗ്ദ്ധനായ ആ കാമി, ദിനചൎയ്യകളിൽപോലും, അലസനായിത്തീൎന്നു. എന്നു മാത്രമല്ല; ആ യുവാവു്, കാടുകളിലും തോട്ടവക്കിലും നടന്നു്, തന്റെ ജീവിതസൎവ്വസ്വമായ കമലയെ മനോദൃഷ്ടിയാൽ നോക്കിയും, സ്വപ്നത്തിൽ കണ്ടും, നാശോന്മുഖമായ തന്റെ ഭാവിയെപ്പററി ചിന്താലേശരഹിതനായി കാലയാപനം ചെയ്തുവന്നു. കമലയെക്കൂടാതെ തനിക്കെന്തു ഭാവി? ശൂന്യമായ ആ ജീവിതത്തെപ്പററി എന്തിനു ചിന്തിക്കുന്നു?

മാധവൻ, മിക്ക ദിവസങ്ങളിലും, കാൽനടയായി, ചിററയ്ക്കൽപോയി, കമലയുടെ വീട്ടിനുസമീപം ചുററിപ്പററിനില്ക്കും; ചിലപ്പോൾ വീട്ടിനുള്ളിലും പോവും എന്നാൽ, ലക്ഷ്മിഅമ്മ തന്നെ സൽക്കരിക്കുകയോ, അവിടെ ചെല്ലുന്നതിൽ സന്തോഷം ഭാവിക്കയോ ചെയ്യാഞ്ഞതിനാൽ, വീട്ടിനുള്ളിൽ അകാരണമായി കടന്നുചെല്ലുവാൻ, മാധവനു ധൈൎയ്യമുണ്ടായില്ല. മേലിൽ നന്നാവേണ്ടുന്ന ഒരു യുവാവു് ജീവിതത്തെ ഇങ്ങിനെ പാഴാക്കിക്കളയുന്നതിൽ, ലക്ഷ്മിഅമ്മയ്ക്കു മാധവനോടു വെറുപ്പു തോന്നിത്തുടങ്ങി.

സമൃദ്ധമായൊരു കൊയിത്തുകാലം കഴിയുമ്പോൾ, നാട്ടുമ്പുറത്തുള്ള യുവാക്കന്മാരുടെ മോടി പറയാനുണ്ടോ? കസവുവസ്ത്രങ്ങളും മൽക്കുപ്പായങ്ങളും ധരിച്ചു് 'രസികശിരോമണി'കളായി നടക്കുന്ന അക്കൂട്ടരുടെ ഇടയിൽ, മാധവനുണ്ണിത്താന്റെ വേഷം ഒന്നു കാണേണ്ടതുതന്നെയാണു്. കുരുതായി കണ്ടിക്കാറുള്ള തലമുടി, ഞെരുക്കി ശരിപ്പെടുത്താഴ്കയാൽ, കഴുത്തോളം നീണ്ടു് കാററിൽ അലഞ്ഞു തുടങ്ങിയിരിക്കുന്നു. മുഖക്ഷൗരം കഴിക്കായ്കയാൽ, താടിരോമങ്ങൾ പൊന്തിവന്നിരിക്കുന്നു. ഉടുത്തിരിക്കുന്ന വസ്ത്രങ്ങൾ മുഷിഞ്ഞു കീറിത്തുടങ്ങ

ന്നുണ്ടെന്നു്, ആ യുവാവു് അറിഞ്ഞിട്ടുതന്നെയില്ല. വഴിയിൽ വച്ചു് ആളുകൾ തന്നെ സൂക്ഷിച്ചു നോക്കുന്നതു് തന്നോടുള്ള അനുകമ്പയാലാണെന്നു വിചാരിക്കുന്നുള്ളു. ഇങ്ങിനെ, 'കോമാളി'വേഷത്തിൽ നടക്കുന്ന യുവാവിനെ കമല എത്രകണ്ടു സ്നേഹിക്കും?

* * * * * * *

മാസങ്ങൾ ചിലതു കഴിഞ്ഞു; കുറുപ്പു് താമരശ്ശേരിയിൽ മടങ്ങി എത്തി. അപ്പൊഴേക്കും, കുറുപ്പിൻെറ വിരോധികൾ പുതിയ രീതിയിൽ ചില അക്രമങ്ങൾ തുടങ്ങി. കുറുപ്പിൻെറ വക പാടംകാവല്ക്കാരെ അവർ തല്ലിപ്പായിച്ചു; ആടുമാടുകളെ പാടത്തിൽ ആട്ടിയിറക്കി, വിളവു തിററിച്ചു; പറമ്പുകളിൽ കടന്നു മോഷണം നടത്തി; വാഴ, തെങ്ങിൻതയ്യു്, മുതലായവയെ നശിപ്പിച്ചു; ഇങ്ങിനെയെല്ലാമായിരുന്നു, കുറുപ്പിനെ തോല്പിക്കാനായി, അവർ പ്രയോഗിച്ച ഉപായങ്ങൾ. കുറുപ്പു് കുറേനാൾ ക്ഷമിച്ചിരുന്നു. ഒടുവിൽ, ഒരു ദിവസം, അവർ കുറുപ്പിൻെറ വണ്ടിപ്പുരയ്ക്കു കൊള്ളിവച്ചു. ഇനിയും അടങ്ങിയിരിക്കുന്നതു മൗഢ്യമാണെന്നു കണ്ടു്, കുറുപ്പു്, ഈ അക്രമത്തെപ്പററി പോലീസധികാരികൾക്കു് അറിവുകൊടുക്കുകയും; തൻെറ വീട്ടിൽ രാത്രി കാവലിനായി കുറെ പോലീസ് കൺസ്റ്റബിൾമാരെ ഏപ്പാടു ചെയ്കയും ചെയ്തു.

കുറുപ്പു് താമരശ്ശേരിയിൽ മടങ്ങിയെത്തിയ പിന്നെ, ചിറയ്ക്കൽക്കാരുമായി എന്തൊക്കെയോ കത്തിടപാടുകൾ നടത്തുന്നുണ്ടെന്നു, മാധവനുണ്ണിത്താനു് അറിവു കിട്ടി. കമലയെ കൈക്കലാക്കാൻ ഉദ്ദേശിച്ചിരിക്കുമോ എന്നു ശങ്കിച്ചു്, ഉണ്ണിത്താനു് കുറുപ്പിൻെറ പേരിൽ പതിന്മടങ്ങു രോഷം വദ്ധിച്ചു. ഈ രോഷവദ്ധനയാണു് താമരശ്ശേരിയിൽ നടക്കുന്ന പുതിയ അക്രമങ്ങൾക്കു കാരണമെന്നു്, ആക്കും ഗ്രഹിക്കാം. അക്രമികളുടെ കൂട്ടത്തിൽ, ഉണ്ണിത്താൻെറ പേർ പരസ്യമായി പലരും പറയുന്നതു്, അമ്മുക്കുട്ടി കേട്ടിരുന്നു. അമ്മയുടെ ശാ

ദ്ദ്യത്തെ ഗണ്യമാക്കാതെ, മാധവനെ എന്തെങ്കിലും ജോലിയിൽ ഏറ്റപ്പെടുത്തി പറഞ്ഞയയ്ക്കുവാൻ, കുറുപ്പിനോട് ഒന്നുകൂടെ അപേക്ഷിക്കേണമെന്ന്, അവൾ പലകുറി വിചാരിച്ചു. എന്നാൽ, പുറമേനിന്നു മടങ്ങിവന്നതിന്റെ ശേഷം, കുറുപ്പ് അവളെക്കണ്ടാൽ ആദരം കാണിച്ചു കടന്നുപോവുകയല്ലാതെ, സംസാരിക്കാൻ നില്ക്കായ്കയാൽ, അവളുടെ ആഗ്രഹം ഫലിച്ചില്ല. വരമ്പുവഴിയിൽ സന്ധ്യാസമയം അവളെ കണ്ട കഥ കുറുപ്പു മറന്നിരിക്കുമെന്നു വിചാരിച്ച്, അവൾ ക്ഷമിച്ചിരുന്നു.

കുറുപ്പു കാവലിന്നായി പോലീസുകാരെ ഏല്പ്പെടുത്തിയിരിക്കുന്ന വിവരം അറിഞ്ഞു, അമ്മുക്കുട്ടി മാധവനോട് അക്രമനടവടി വെടിയുവാൻ ഉപദേശിക്കേണമെന്നു വിചാരിച്ച്, രാത്രിയിൽ അവന്റെ വരവും നോക്കിയിരുന്നു. പാതിരാവായിട്ടും, അവനെ കാണായ്കയാൽ, അടുക്കളക്കാരി കാത്ത്യായനി, പിറുപിറുത്തുകൊണ്ടു പുറത്തേക്കുള്ള പടി അടച്ചു പൂട്ടി, കിടക്കാൻ പോയി. അമ്മുക്കുട്ടിയും തന്റെ അറയിൽ പോയി കിടന്നു. പല പല ചിന്തകളാലും, ഭയത്താലും അവൾക്ക് ഉറക്കം വന്നില്ല. അവൾ മെത്തയിൽ ഉരുണ്ടും, പിരണ്ടും, ദീർഘനിശ്വാസം വിട്ടും കിടക്കുമ്പോൾ, പുറമെ കുറെ അകലെ, ചില കൂക്കിവിളികളും, കൈത്തോക്കുവെടികളും, ആളുകൾ പിന്തുടരുന്ന ആരവവും കേട്ടു. സഹോദരന്റെ ദുസ്സ്വഭാവത്തെപ്പററി വ്യസനിച്ചും, അവന്റെ രക്ഷയെപ്പററി ശങ്കിച്ചും കിടന്നിരുന്ന അവൾ, ഈ ഒച്ചകൾ കേട്ടു ഞെട്ടിവിറച്ചുതുടങ്ങി. അല്പനേരം ഇങ്ങനെ കഴിഞ്ഞപ്പോൾ, തോരണത്തുപടിക്കൽതന്നെ ചില കാലൊച്ചകൾ കേട്ടു. പടിതുറന്നു നോക്കാൻ, അവക്കു ധൈര്യമുണ്ടായില്ല. അപ്പോൾ മാധവന്റെ മുറിക്കെതിരെയുള്ള വേലിപൊളിയുന്നതും, എന്തോ ഭാരം വഹിച്ചുകൊണ്ടെന്നപോലെ, ചിവർ മുററത്തുകൂടി നടന്നുവരുന്നതും, മുറിയുടെ ജനൽ ഉന്തിത്തുറന്നു അകത്തു കടന്ന്, പിന്നീട് ആ വഴിതന്നെ അവർ പുറത്തുപോകുന്നതും, മററും

കേട്ടതു സ്വപ്നത്തിലൊ ജാഗ്രത്തിലോ എന്നു്, അവൾക്കു നിശ്ചയമില്ല.

അടുത്ത പ്രഭാതത്തിൽ, വാല്യക്കാരി കാത്ത്യായനി ചൂലും എടുത്തു മുററമടിക്കാൻ ചെന്നപ്പോൾ, വേലിപൊളിഞ്ഞു കിടക്കുന്നതും, മുററത്തു കാലടി പതിഞ്ഞുകിടക്കുന്നതും കണ്ടു്, അമ്പരന്നു നിലവിളിയായി. കാത്ത്യായനിയുടെ പുലമ്പൽ കേട്ടു്, അമ്മുക്കുട്ടി ഉണൎന്നു വെളിയിൽ വന്നു.

കാത്ത്യാ:—ഇതാ കണ്ടോ! വേലി പൊളിച്ചിരിക്കുന്നു. എത്ര കാലടി! കള്ളന്മാർ എന്തെല്ലാം കട്ടോണ്ടു പോയോ, എന്തോ! നമ്മളെ ഉപദ്രവിക്കാത്തതു ഭാഗ്യം! എന്റീശ്വരാ!

അമ്മു:—മിണ്ടാതിരിക്കിൻ. പതുക്കെപ്പറയരുതോ? ഉറങ്ങുന്നവരെ ദ്രോഹിക്കേണ്ടാ. കള്ളന്മാരാരും ഇവിടെ കയറിയിട്ടില്ല. മോഷ്ടിക്കാൻ വകയുള്ളെടത്തല്ലെ കള്ളന്മാർ വരു?

കാത്ത്യാ:—ഈ വേലിപൊളിച്ചതു പിന്നാരാണു്? മനിഷേരല്ലായിരിക്കുമോ?

അമ്മു:—ആരാണെന്നു നിങ്ങൾക്കു് ഊഹിക്കരുതോ?

കാത്ത്യാ:—കൊച്ചങ്ങുന്നോ? ഓഹോ! അയ്യോ! കഷ്ടമായി! ഈ വേലിപൊളിച്ചതെന്തിനപ്പാ? വിളിച്ചാ ഞാമ്പോയി വാതലു തുറക്കൂല്ലേ്യാ? എന്റെ ശിവനേ!

അമ്മു:—നിങ്ങൾ കാണാതെ അകത്തു വരേണ്ടിയിരുന്നിരിക്കും.

കാത്ത്യാ:—വല്ലതും കിണ്ടം പെണഞ്ഞിരിക്കുമോ, ഈശ്വരാ!

അമ്മുക്കുട്ടി ഉത്തരം പറഞ്ഞില്ല.

കാത്ത്യാ:—ഞാൻ വിജാരിച്ചപോലെ പററിയിരിക്കും. കൂട്ടുകൂടി നടക്കരുതെന്നു ഞാൻ എത്തറതോതം പറഞ്ഞു! ജോലി ഒണ്ടാക്കിക്കൊടുക്കാമെന്നു പറഞ്ഞിററു കേക്കാതെ ഇവിടെ പിടിച്ചു നിറുത്തിയതു കൊണ്ടല്ലേ്യാ ഇങ്ങനെ പററിയതു്? ഒന്നു പടിച്ചേ അറിയൂ.

പൊളിഞ്ഞ വേലിമേൽ, അമ്മുക്കുട്ടി, യഥാസ്ഥാനം മുറുക്കിക്കെട്ടി നിറുത്തി; മുററമടിച്ചു വാരാൻ കാത്ത്യായനിയോടു പറഞ്ഞേല്പിച്ചശേഷം, അകത്തുപോയി.

* * * * *

എട്ടു നാഴിക പുലൎന്നാറെ, കാത്ത്യായനി ആംഗ്യംകാട്ടി അമ്മുക്കുട്ടിയെ അടുക്കളയിലേക്കു വിളിച്ചു. അമ്മുക്കുട്ടി അവിടെ ചെന്നപ്പോഠം, കാത്ത്യായനി പേടിച്ചു വിറച്ചുംകൊണ്ടു നില്ക്കുന്നതു കണ്ടു.

കാത്ത്യാ:—പോലീസുകാർ പിടിച്ചിരിക്കുന്നു. രണ്ടാളെ പിടികിട്ടിപോലും! എന്തൊക്കെ ആപത്തു വരുണോ, ദൈവമേ! ഈ വന്നതൊന്നും പോരാഞ്ഞിട്ടാണോ?

അമ്മു:—പോലീസുകാർ ആരെ പിടിച്ചു? എന്തിനു പിടിച്ചു?

കാത്ത്യാ:—ഇന്നലെ ലഹളയ്ക്കു ചെന്നോരെ. പത്തുപന്ത്രണ്ടു പേരുണ്ടായിരുന്നുപോലും. രണ്ടുപേരെ കിട്ടി. മററവരൊക്കെ ഓടിക്കളഞ്ഞു. താമരശ്ശേരിയിലെ തോട്ടക്കാരനെ വെടിവച്ചുപോലും! ആശുപത്തിരിയിൽ കൊണ്ടുപോയിട്ടിരിക്കുന്നു. തൈർക്കാരൻ പറഞ്ഞു; അവൻ അവിടെ പോയിററാണു വന്നതു; കള്ളം പറയുന്നവനല്ല.

അമ്മു:—തോട്ടക്കാരനു മുറിപെററൊ?

മാധവൻ ഈ തോട്ടക്കാരനെപ്പററി പലപ്പോഴും ചിത്ത പറയുന്നതു്, അമ്മുക്കുട്ടി കേട്ടിട്ടുണ്ടു്. അക്കഥ ഓൎത്തപ്പോഠം, അമ്മുക്കുട്ടിക്കു വല്ലാത്ത പരിഭ്രമമായി. അവഠം മൌനമായി നിന്നു പലതും ചിന്തിച്ചു. അന്നു രാവിലെ, മാധവൻ കഞ്ഞി കുടിക്കാൻ തളത്തിലേക്കു വരുമ്പോഠം, ഞൊണ്ടിനടക്കുന്നതായി, അമ്മു കണ്ടിരുന്നു. അവന്റെ മുഖം വാടിവിളത്തു ക്ഷീണിച്ചിരുന്നു. കൈയിൽ ചില പോറലുകളും മുറിവുകളും ഉണ്ടായിരുന്നു. അവൻ പേരിനുമാത്രം കഞ്ഞികുടിച്ചതല്ലാതെ, പതിവുപോലെ സുഖമായിട്ടും തൃപ്തിയായിട്ടും കഴിച്ചിരുന്നില്ല.

ഞൊണ്ടലിൻെറയും കൈയിലെ മുറിവിൻെറയും കാരണം ചോദിച്ചറിവാൻ, അമ്മുവിനു ധൈൎയ്യമില്ലായിരുന്നു. എന്നാലും, ചോദിക്കാതെ തന്നെ അവൾ ഊഹിച്ചറിഞ്ഞു. അന്നു പകൽ മാധവൻ പുറമേ പോയതേ ഇല്ല; മുറിയുമടച്ച്, ബീഡിയും വലിച്ചിരിക്കയും, പുറമേ ആരെങ്കിലും വരുന്നതായി കേൾക്കുമ്പോൾ ഞെട്ടുകയും ചെയ്തു. വല്ല ആപത്തിലും പെട്ടുവോ എന്നു ചോദിച്ചറിവാൻ, അമ്മുക്കുട്ടി പലകുറി പുറപ്പെട്ടു. എന്നാൽ ലജ്ജകൊണ്ടും വ്യസനംകൊണ്ടും, അവൾ അവൻെറ മുഖത്തു നോക്കാൻ അശക്തയായിത്തീൎന്നു.

വൈകുന്നേരം, മാധവൻ പടിവാതല്ക്കൽ ചെന്നുനിന്ന്, കടന്നുപോകുന്ന ഒരു ബാലനെ വിളിച്ച്, ചില വിവരങ്ങൾ ചോദിക്കുന്നത്, അമ്മുക്കുട്ടി കേട്ടുനിന്നു.

മാധ:—വെടികൊണ്ട തോട്ടക്കാരന് എങ്ങിനെയിരിക്കുന്നു?

ബാലൻ:—കൈമുറിച്ചു കളയേണ്ടി വരുമ്പോലും! ആശുപത്രിയിൽ കിടക്കുന്നു. ബോധമില്ല.

മാധ:—തോക്കുകൾ പോലീസുകാരെ ഏല്പിച്ചുവോ?

ബാലൻ:—ഇല്ല. കുറുപ്പെജമാനൻ വച്ചിരിക്കുന്നു. ഇന്നുച്ചയ്ക്കു ചിലതെടുത്തു തിരിച്ചും മറിച്ചും നോക്കുന്നതു കണ്ടു.

മാധവൻ:—വാസ്തവമാണൊ? നീ കണ്ടോ?

ബാലൻ:—ഈ രണ്ടു കണ്ണാണെ, ഞാൻ കണ്ടു.

മാധവനുണ്ണിത്താനെൻെറ മുഖം കരുവാളിച്ചു. നെററി ചുളിച്ചുംകൊണ്ട്, ആ യുവാവു തൻെറ മുറിയിൽ പോയി, വാതലടച്ചിരുന്നു. ഈ സംഭാഷണംകൊണ്ട്, അമ്മുവിനു സംഗതികളുടെ കിടപ്പു ഏതാണ്ടു മനസ്സിലായി; താൻ അപ്പോൾ ചെയ്യേണ്ടതെന്തെന്നും, അവൾ ആലോചിച്ചുറച്ചു.

## അദ്ധ്യായം, ൧൫.

### രണ്ടു സന്ദൎശനങ്ങൾ.

അമ്മുക്കുട്ടി ആ സന്ധ്യാസമയം താമരശ്ശേരിയിൽ കടന്നു ചെന്നതു ഭാഗീരഥിയെ കാണ്മാനല്ല. പുറമേ നിന്നിരുന്ന ഒരു വാല്യക്കാരനോടു, 'കൃഷ്ണക്കുറുപ്പ് അകത്തില്ലേ? എവിടെയിരിക്കുന്നു?', എന്നായിരുന്നു അവളുടെ അന്വേഷണം. കൃഷ്ണക്കുറുപ്പ് അവിടെ ഉണ്ടെന്നും; തലേദിവസത്തെ ലഹളക്കാൎയ്യമന്വേഷിച്ചറിവാൻ എത്തിയിരിക്കുന്ന പോലീസ് ഇൻസ്പെക്ടരോടു സംസാരിച്ചുകൊണ്ടിരിക്കയാണെന്നും വാല്യക്കാരൻ മറുപടി പറഞ്ഞു. അവർ എപ്പോൾ തിരിച്ചുപോകുമെന്നു, വാല്യക്കാരനു നിശ്ചയമില്ല. പിറ്റേന്നു രാവിലെ ചെന്നാൽ കുറുപ്പിനെ കാണ്മാൻ തരമാവുമെന്നും, അവൻ പറഞ്ഞു. എന്നാൽ അമ്മുക്കുട്ടിക്കു കുറുപ്പിനെ ഉടൻതന്നെ കാണേണ്ടുന്ന ആവശ്യമുണ്ടായിരുന്നു; അതുകൊണ്ട്, അവൾ അവിടെ കാത്തുനില്ക്കാൻ ഉറച്ചു. അവൾ ചെന്നിട്ടുള്ള വിവരം കുറുപ്പിനെ ധരിപ്പിക്കട്ടെയോ എന്നു വാല്യക്കാരൻ ചോദിച്ചപ്പോൾ, 'ഇൻസ്പെക്ടരും കൂട്ടരും പോയ ശേഷം മതി' എന്ന് അവൾ പറകയും; അനന്തരം അവൾ കോലായിൽ കൂടെ കടന്നു തളത്തിൽ ചെന്നു നില്ക്കയും ചെയ്തു.

താമരശ്ശേരി കൃഷ്ണക്കുറുപ്പിന്റെ കൈവശമായതിൽ പിന്നെ, അമ്മുക്കുട്ടി അവിടെ കടക്കുന്നതു് ഇപ്പോൾ ആദ്യമായിട്ടാണ്. കൊല്ലം നാലു കഴിഞ്ഞിരിക്കുന്നു. ആ വീട്ടിൽ അതിനിടക്കു് എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു! എല്ലാം പുതിയ പരിഷ്കാരമട്ടിലാണ്. നാലുകൊല്ലം മുമ്പ്, അവളുടെ പ്രിയപ്പെട്ട മാതുലൻ, അതേ തളത്തിൽ ഇരുന്നു വൎത്തമാനപത്രങ്ങൾ വായിച്ചിരുന്നു. പലപ്പോഴും, വായിച്ചു കേൾപ്പിക്കാനായി, അവളും അവിടെ ചെന്നിരുന്നു. അക്കാലത്താവട്ടെ, കസാലകളും മേശകളും പീഠങ്ങളും, ഒരു ക്രമമില്ലാ

തെ, അങ്ങുമിങ്ങും കിടന്നിരുന്നു. പത്രങ്ങൾ, പുസ്തകങ്ങൾ മുതലായവയും, നിലത്തും മേശമേലും വാരിവിതറിയിരുന്നു. എന്നാൽ, ഇപ്പോൾ ആ കുഴപ്പമൊന്നുമില്ല. പട്ടുമെത്ത വച്ചു തുന്നീട്ടുള്ള കസാലകൾ, സോഫകൾ; സ്ലക്ഷ്ണശിലയാലുള്ള വട്ടമേശകൾ; ഇവയൊക്കെ ചേൎച്ചയായ സ്ഥാനങ്ങളിൽ ഇട്ടിരിക്കുന്നു. പുസ്തകങ്ങൾ കണ്ണാടി അലമാരയിൽ അടുക്കിവച്ചിരിക്കുന്നു. നിലമാം, വളരെ വെടുപ്പായും മിനുസമായും ഇരിക്കുന്നു. എന്നാൽ, ഈ പരിഷ്കാരമോടിയും, വെടുപ്പും, ക്രമവും അമ്മുക്കുട്ടിക്ക് അല്പവും രസിച്ചില്ല. മുമ്പത്തെപ്പോലെ അലങ്കോലമാക്കിയിട്ടിരുന്നെങ്കിൽ, അവൾക്ക് അവിടം പ്രിയതരമായിരിക്കുമായിരുന്നു.

അവൾ ആ തളത്തിന്റെ അപ്പോഴത്തെ സ്ഥിതിയേയും മുമ്പത്തെ സ്ഥിതിയേയും തമ്മിൽ താരതമ്യപ്പെടുത്തി കുറെ ഓന്നു വിചാരിച്ചുകൊണ്ടു നില്ക്കുമ്പോൾ, പുറമേ വണ്ടി പോവുന്ന ശബ്ദം കേട്ടു. ആ സമയത്തിൽ തന്നെ, കുറുപ്പ് ബദ്ധപ്പെട്ട് അവിടെ ചെന്നു. കുറുപ്പിന്റെ മുഖത്തു ഗൌരവവും കാലുഷ്യവും കലൎന്നിരുന്നു. അവൾ ചെന്നിരിക്കുന്നതിനായിട്ടാണെന്നു, കുറുപ്പ് ഊഹിച്ചു കഴിഞ്ഞതായി, അവൾ ഗ്രഹിച്ചു. "മാധവന്റെ സംഗതിയെപ്പററി സംസാരിക്കാനാണു ഞാൻ വന്നിരിക്കുന്നതു്." എന്ന് അവൾ തന്റെ കൎത്തവ്യത്തെ പ്രസ്താവിച്ചു. എന്നാൽ, കുറുപ്പ് എന്തുമാത്രം അറിഞ്ഞിട്ടുണ്ടെന്നോ, താൻ എന്താണു തുടൎന്നു പറയേണ്ടതെന്നോ നിശ്ചയമില്ലാതെ, അവൾ മൌനമായി നിന്നു. അവളുടെ കുഴപ്പം കണ്ടിട്ടു, കുറുപ്പു ചോദിച്ചു:—"ഇന്നലെ രാത്രി നടന്ന സംഭവത്തെപ്പററിയോ?"

അമ്മു:—അതെ.

കൃ. കു:—ഉണ്ണിത്താൻ പറഞ്ഞയച്ചിട്ടോ— — —?

അമ്മു:—അല്ല; ഞാൻ പോന്നതു് അവൻ അറിഞ്ഞിട്ടില്ല.

കൃ. കു:—അമ്മയോ?

അമ്മു:—അറിഞ്ഞിട്ടില്ല. മാധവൻ കുടുങ്ങീട്ടുണ്ടെങ്കിൽ, അമ്മയും നിങ്ങടെ അടുക്കൽതന്നെ വരേണ്ടിയിരിക്കുന്നു. അമ്മ ഇതേവരെ നിങ്ങളോടു വിരോധം ഭാവിച്ചിരുന്ന സ്ഥിതിക്ക് - - - -

കൃ. കു:—ഉണ്ണിത്താൻ വല്ലാത്ത ആപത്തിൽ ചാടിയിരിക്കയാണ്. പോലീസുകാരിൽ പലരും ഉണ്ണിത്താനെ കൂട്ടത്തിൽ കണ്ടറിഞ്ഞിട്ടുണ്ട്. ഉണ്ണിത്താനാണ് വെടിവച്ചതെന്ന് തോട്ടക്കാരനും പറയുന്നു.

അമ്മുക്കുട്ടിയുടെ മുഖം വിവർണ്ണമായി; ചുണ്ടുകൾ വിറച്ചു; ഒന്നും പറവാൻ ശക്തയല്ലാതെ, അവൾ, വിഗതമനസ്സായി, കുറുപ്പിന്റെ മുഖത്തുതന്നെ നോക്കിക്കൊണ്ടുനിന്നു.

കൃ. കു:—ഉണ്ണിത്താന്റെ കയ്യിൽ തോക്കുണ്ടായിരുന്നു. അതിനെ കൈക്കലാക്കാനായി തോട്ടക്കാരൻ കടന്നുപിടിച്ചു. പിടിത്തത്തിൽ അറിയാതെ കാഞ്ചിതട്ടി വെടി പൊട്ടിയതായിരിക്കാം. ആക്കും നിശ്ചയമില്ല.

അമ്മു:—തോക്കെവിടെ?

കൃ. കു:—ഇവിടെയുണ്ട്. വേറെയും ചിലരുടേതുണ്ടായിരുന്നു അവയെ പോലീസിലേല്പിച്ചു. ഉണ്ണിത്താന്റെ തോക്കുമാത്രം ഇവിടെ വച്ചു. ഈ മുറിയിൽ തന്നെയുണ്ട്.

വാതൽ തള്ളിത്തുറന്ന്, കുറുപ്പ്, അമ്മുവിനെ ആ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയിക്കാണിച്ചു. തോക്ക്, മുറിയുടെ ഒരു മൂലയിൽ വച്ചിരിക്കുന്നു. അവൾ അതെടുത്തു നോക്കി. "ഇതു് അമ്മാവന്റെ വകയായിരുന്നു. ഈ മുറിയിൽ ഈ സ്ഥലത്തുതന്നെയായിരുന്നു അദ്ദേഹം ഇതിനെ സൂക്ഷിച്ചിരുന്നതു. അതിന്റെ വിധി ഈ വിധമായല്ലോ!" എന്ന്, അമ്മു ദീനസ്വരത്തിൽ പറഞ്ഞു. "ഇനിയും അതു് ഇവിടെ തന്നെ ഇരിക്കട്ടെ" എന്നു പറഞ്ഞു്, കുറുപ്പ് തോക്കിനെ മൂലയിൽ ചാരിവച്ചു.

ഈ തോക്കു കുറുപ്പിന്റെ കൈവശം ഇരിക്കുന്നതു് മ

ധവന്റെ രക്ഷയ്ക്കു ഹാനികരമല്ലേ? മടക്കിത്തരണമെന്ന് എങ്ങിനെയാണു ചോദിക്കുക? കുറുപ്പിനു മാധവന്റെ നേരെ കോപമോ, കരുണയോ, എന്താണുള്ളതെന്ന് എങ്ങിനെ നിശ്ചയിക്കാം? അമ്മു ഇങ്ങിനെ ചിന്താമഗ്നയായി പരുങ്ങി നില്ക്കേ, ആരോ ഒരാൾ തളത്തിൽ ചവുട്ടിക്കയറി. കുറുപ്പ് വാതല്ക്കൽ പോയി നോക്കി, ആളാരെന്നറിഞ്ഞ ഉടൻ, ആ വന്ന ആൾ അമ്മുവിനെ കാണരുതെന്നു വിചാരിച്ച്, വാതൽ ചാരി, എന്നാൽ വാതൽ ചാരും മുമ്പുതന്നെ, ആ ആളുടെ സംസാരം അവൾ കേട്ടു.

"എന്നെ പിടിക്കാൻ വാറണ്ടയക്കേണമെന്നില്ല. ഇതാ, ഞാൻതന്നെ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. എന്നെ പൊലീസിൽ ഏല്പിച്ചോളൂ. ഞാനാണ് തോട്ടക്കാരനെ വെടിവച്ചത്—"എന്നായിരുന്നു ആ ആൾ പറഞ്ഞത്.

വന്നയാൾ മാധവനുണ്ണിത്താനായിരുന്നു. എന്നാൽ കുച്ച വളരെ വ്യത്യാസപ്പെട്ടിരുന്നതു നിമിത്തം, അല്പനേരത്തേക്ക്, അമ്മുവിന് ആൾ ആരെന്നു മനസ്സിലായില്ല. അല്പനേരത്തേക്കു മാത്രം—എന്തെന്നാൽ: വീണ്ടും സംസാരിച്ചു തുടങ്ങിയപ്പോൾ, അവൾ ആളെ മനസ്സിലാക്കി. തന്നെ മാധവൻ കാണരുതെന്നു കരുതി, അവൾ ഒരു ഇരുട്ടുമൂലയിൽ ചെന്നുനിന്നു.

"നിങ്ങളാണ് വെടിവച്ചതെന്നു സമ്മതിക്കുന്നുവോ? എന്തിനായി വെടിവച്ചു?" എന്നായിരുന്നു കുറുപ്പ് മറുപടിയായി ചോദിച്ചത്.

മാ. ഉ:—ലഹളക്കാരുടെ പിന്നാലെ ഞാൻ വന്നിരുന്നു ഞാൻ ലഹളയ്ക്കായിട്ടല്ല വന്നത്; അവർ എന്തുചെയ്യുന്നു എന്നറിവാൻ വന്നതായിരുന്നു. എന്റെ കൈവശം തോക്കും ഉണ്ടായിരുന്നു. തോക്കിനെ ബലാൽക്കാരമായി കൈക്കലാക്കാൻ തോട്ടക്കാരൻ കടന്നുപിടിച്ചപ്പോൾ, എന്റെ രക്ഷയ്ക്കുവേണ്ടി ഞാൻ വെടിവച്ചു.

കൃ. കു: —ആ കൂട്ടത്തിൽ വരേണ്ട ആവശ്യമില്ലായിരുന്നു. അവരിൽ ചിലർ കൊലപാതകത്തിന് ഒരുങ്ങി വന്നിരുന്നുവല്ലൊ. ഞാനു ആശാനല്ലേ തോട്ടക്കാരനെ കുത്തിയതു? അവൻ മരിക്കാത്തതു നിങ്ങളുടെ ഭാഗ്യം!

കുറുപ്പ് മാധവനോടു കുറെ ശാന്തമാവാൻ ഉപദേശിച്ച ശേഷം, മെല്ലെ വാതൽ തുറന്ന്, അകത്തു ചെന്ന്, അമ്മുവിനോട് നാലുകെട്ടിൽ ഭാഗീരഥിയുടെ സമീപത്തു പോവാൻ അപേക്ഷിച്ചു; മാധവനെ സമാധാനപ്പെടുത്തി അയച്ചിട്ട് താൻ നാലുകെട്ടിൽ ചെല്ലാമെന്നും പറഞ്ഞു. എന്നാൽ അമ്മുവിന് അതു സമ്മതമായില്ല. ഉടൻ വീട്ടിലേക്കു മടങ്ങുന്നു എന്നും; അമ്മ മാധവൻെറ വിവരം വല്ലതും അറിഞ്ഞാൽ പരിഭ്രമിക്കുമെന്നും; സമാധാനപ്പെടുത്തീട്ടില്ലെങ്കിൽ അപകടമായേക്കുമെന്നും അവൾ പറഞ്ഞു. മാധവൻ കാണാത്തവിധത്തിൽ, പടിഞ്ഞാറെ വാതലിൽ കൂടെ, പോവാൻ കുറുപ്പ് അവൾക്കു വഴി കാണിച്ചു. അവൾ പുറമേ ഇറങ്ങി നിന്ന്, "മാധവൻെറ ശിക്ഷ കഠിനമാകാതിരിക്കണേ!" എന്നു ഗൽഗദസ്വരത്തിൽ കുറുപ്പിനോട് അപേക്ഷിച്ചു. കുറുപ്പ് നമ്രമുഖനായിനിന്ന് "അമ്മൂ, നിൻെറ അനുജനെ ഞാൻ ശിക്ഷിപ്പിക്കുമോ?" എന്നു മാത്രം സമാധാനം പറഞ്ഞുംകൊണ്ട്, അകത്തേക്കും പോന്നു.

അമ്മുക്കുട്ടി തോരണത്തു മടങ്ങി എത്തുമ്പോഴേക്കും അവിടത്തെ കഥ കഷ്ടമായിത്തീന്നിരിക്കുന്നു. പടിപ്പുരവീട്ടിലെ കല്യാണി അമ്മ വന്നു നാരായണി അമ്മയോട്, തലേനാൾ രാത്രി നടന്ന സംഗതികൾ മുഴുവൻ വിസ്തരിച്ചു പറഞ്ഞിരിക്കുന്നു. തൻെറ ഉപദേശം കേൾക്കാതെ മകനെ താന്തോന്നികളുടെ കൂട്ടത്തിൽ വിട്ടതിനാൽ മകൻ ജെയിലിൽ കിടന്നു മണ്ണു ചുമക്കുന്നതു കാണാറായി എന്നും, മറ്റും ആ സ്ത്രീ അപഹസിച്ചു. പ്രതികാരേച്ഛുവായി വന്ന കല്യാണിഅമ്മയുടെ നേക്കുണ്ടായ കോപത്താലും, മകനെ കുറിച്ചുണ്ടായ താ

പത്താലും, നാരായണി അമ്മയ്ക്കു ബോധക്ഷയമുണ്ടായി. അമ്മുക്കുട്ടി മടങ്ങിവന്നു് വിവരങ്ങൾ ഗ്രഹിച്ച ഉടൻ, ചികിത്സയ്ക്കു വേണ്ടുന്ന ഏർപ്പാടു ചെയ്കയും, താൻതന്നെ അരികിലിരുന്നു് അമ്മയെ ശുശ്രൂഷിക്കയും ചെയ്തു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ, നാരായണി അമ്മയ്ക്കു സ്വബോധമുണ്ടായി. ഹൃദ്രോഗം സ്ഥായിയായി പിടിപെട്ടിട്ടുള്ള ആ അമ്മയ്ക്കു് പെട്ടെന്നു മനഃക്ഷോഭം ഉണ്ടാവാതിരിപ്പാൻ ശ്രദ്ധ വെക്കണമെന്നു്, വൈദ്യവിദഗ്ദ്ധന്മാർ പല കുറി ഉപദേശിച്ചിട്ടുള്ളതാണു്. ഈ അവസരത്തിൽ ആ അമ്മ സ്വബോധം ഉണ്ടായ ഉടൻ, മാറത്തടിച്ചു നിലവിളിച്ചു കരയാനും, തന്നെത്താൻ ശപിക്കാനും തുടങ്ങി. മകനെ ബന്ധനത്തിൽ വച്ചിരിക്കുമെന്നായിരുന്നു ശങ്ക. അമ്മുക്കുട്ടി എന്തൊക്കെ സമാധാനം പറഞ്ഞിട്ടും, അമ്മയ്ക്കു വിശ്വാസമായില്ല. മാധവൻ മടങ്ങിവന്നു കാണുന്നതുവരെ, നാരായണി അമ്മ കരഞ്ഞുകൊണ്ടുതന്നെ ഇരുന്നു.

മകനെ കണ്ട ഉടൻ, നാരായണി അമ്മ അവനെ കെട്ടിപ്പിടിച്ചു്, അവന്റെ തോളിൽ തലവച്ചു് പലതും പരിദേവനം ചെയ്കയും; താൻ നിമിത്തമാണു് മകനു ആപത്തു വന്നതെന്നു പുലമ്പുകയും ചെയ്തു; കുറുപ്പിന്റെ അധീനതയിലുള്ള ജോലിയേറ്റു് നാട്ടുവിട്ടു പൊയ്ക്കൊള്ളുവാൻകൂടി, മകനു പൂർണ്ണസമ്മതം നൽകി. ഉടൻതന്നെ താമരശ്ശേരിയിൽ പോയി ആ വിവരം കുറുപ്പിനെ അറിയിക്കണമെന്നും; ആപത്തിൽ നിന്നു രക്ഷിച്ചതിനു താൻ നന്ദിപറയുന്നതായി പറയണമെന്നും, നാരായണി അമ്മ നിർബ്ബന്ധിച്ചു.

* * * * * * *

ലഹളസംഗതി അന്വേഷണത്തിനെടുത്തപ്പോൾ തന്നെ അന്യായഭാഗത്തുനിന്നു് മാധവനുണ്ണിത്താന്റെ പേർ പിൻവലിച്ചു. വിചാരണയിൽ അന്യായക്കാരന്റെ നിർബ്ബന്ധമായ

അപേക്ഷയാൽ, ചിലരെ ശിക്ഷിക്കാതേയും വിട്ടു. തോട്ടക്കാരനെ കുത്തിമുറിവേല്പിച്ച കുററത്തിനായി, നാണുആശാന്ന് കഠിനതടവും; വണ്ടിപ്പുരയ്ക്കു തീവെച്ചതിന്ന്, വേലുപ്പണിക്കൎക്കു പിഴയും വിധിച്ചു. മററുള്ള പ്രതികളെ നല്ലനടപ്പിന്നു ജാമ്യം വാങ്ങി വിട്ടയച്ചു. വേലുപ്പണിക്കർ അടക്കേണ്ടതായി വന്ന പിഴ, കുറുപ്പുതന്നെ കൈയ്യിൽനിന്നു കൊടുക്കയും, നാണു ആശാൻ തടവുകഴിഞ്ഞു മടങ്ങുംവരെ അയാളുടെ കുടുംബത്തെ, കുറുപ്പ് സംരക്ഷിക്കയും ചെയ്തു, എന്ന കഥകൂടെ വായനക്കാർ അറിഞ്ഞിരിക്കേണ്ടതാകയാൽ, ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു.

* * * * * * *

വഴക്കും കൂട്ടവും ഒക്കെ അവസാനിച്ചു. കുറേനാൾ കഴിഞ്ഞപ്പോൾ, ഒരു ദിവസം, തനിക്കു നാരായണി അമ്മയോടു ഗൌരവമേറിയ ചില കാൎയ്യങ്ങൾ ആലോചിക്കാനുണ്ടെന്നും; തോരണത്തു ചെന്നു കാണുവാൻ തന്നെ അനുവദിക്കേണമെന്നും, കുറുപ്പു നാരായണി അമ്മയ്ക്ക് ഒരെഴുത്തു കൊടുത്തയച്ചു. തന്റെ മകനെ ആപത്തിൽനിന്നു രക്ഷിച്ച് എന്നെന്നേക്കും തന്റെ കൃതജ്ഞതയ്ക്കു കുറുപ്പ് അൎഹനായി ഭവിച്ചതിനാൽ, കുറുപ്പിന്റെ ഈ അപേക്ഷയെ നിരാകരിക്കുന്നതിനായി, യാതൊരൊഴികഴിവും പറഞ്ഞയയ്ക്കാൻ, നാരായണി അമ്മയ്ക്കു സാധിച്ചില്ല. അതുകൊണ്ട്, പിറേറ ദിവസം ഉച്ചയ്ക്കു വന്നുകാണ്മാൻ സമ്മതം നല്കി.

പിറേറന്നാൾ ഉച്ചയായപ്പോൾ, നാരായണി അമ്മ കുളിച്ചു കുറിയിട്ടു, പുളിയിലക്കരക്കവുണികൊണ്ടു മുലക്കച്ചയും കെട്ടി കഴുത്തിൽ സ്വൎണ്ണനൂൽ കോൎത്തിട്ടുള്ള ഗൌരീശങ്കരവും, വിരലിൽ ചില മോതിരങ്ങളും ധരിച്ചു, പുറത്തെക്കോലായിൽ വന്ന്, പകുതി നരച്ചിട്ടുള്ള തലമുടി അഴിച്ചിട്ട് ഉലത്തിക്കൊണ്ട് നിലയായി. നാരായണി അമ്മ കുറുപ്പിന്റെ വരവിനെ പ്രതീക്ഷിച്ചു കോലായിൽ വന്നു നിന്നതിന്ന് പ്രത്യേകം കാര

ണമുണ്ടായിരുന്നു. കുറുപ്പ നാരായണി അമ്മയെ വലിയൊരാപത്തിൽനിന്നും അവമാനത്തിൽനിന്നും രക്ഷിച്ചു എങ്കിലും, നാരായണി അമ്മയ്ക്കു കുറുപ്പിൻെറ പേരിലുള്ള ദ്വേഷത്തിനു ഏതും കുറവുണ്ടായില്ല. ലോകരെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി മാത്രമായിരുന്നു, കുറുപ്പിനോടു കൃതജ്ഞത ഭാവിച്ചതു്. വന്നു കാണ്മാൻ കുറുപ്പിനു സമ്മതം നല്കിയതു വേറെ നിക്കപോക്കു് ഇല്ലാഞ്ഞിട്ടായിരുന്നു. കുറുപ്പു് തൻെറ വീട്ടിൽ വന്നാൽ, ഒരതിഥിയുടെ നിലയിൽ ഇരിപ്പിടം കൊടുത്തു മാനിക്കണമെന്നു്, ആ സ്ത്രീ ഉദ്ദേശിച്ചിരുന്നില്ല. അതിനാലായിരുന്നു, പുറന്തിണ്ണയിൽ വന്നു നിന്നതു്. പുറന്തിണ്ണയാവട്ടെ, വെടിപ്പോ, ശുദ്ധിയോ ഉള്ളതല്ലായിരുന്നു; ഇരിപ്പാനുള്ള സാധനങ്ങൾ ഒന്നും അവിടെ ഉണ്ടായിരുന്നുമില്ല.

മണി പന്ത്രണ്ടായപ്പോൾ, കുറുപ്പ തോരണത്തുപടി കടക്കുകയായിരുന്നു. അയാൾ കോലായിൽ കയറിച്ചെന്നു്, നാരായണി അമ്മയെ ആദരപൂർവ്വം വന്ദിച്ചു, അല്പം അകലെ മാറിനിന്നു. നാരായണി അമ്മ, രണ്ടു മൂന്നാവൃത്തി, അയാളെ പാദാദികേശം ഉററുനോക്കിയശേഷം സംഭാഷണം തുടങ്ങി: —

നാ. അ: — എന്തു കാര്യമാണു് ആലോചിക്കാനുള്ളതു? ഇവിടെ വരുവാൻ വെറും ഒരു ഒഴികഴിവു പറഞ്ഞുണ്ടാക്കിയതോ; അതല്ല, കാര്യം വല്ലതും ഉണ്ടോ? ഞാൻ നിങ്ങൾക്കു കടമപ്പെട്ടുപോയ സ്ഥിതിക്കു ഇവിടെ വരുന്നതിനു അനുവാദമില്ലെങ്കിൽ കൂടെയും, നിങ്ങൾക്കു് അധികാരമുണ്ടല്ലോ.

നാരായണി അമ്മ യാതൊരു ഭാവഭേദവും കൂടാതെയായിരുന്നു പറഞ്ഞതെങ്കിലും, അവരുടെ സ്വരത്തിൽ കലൎന്നിരുന്ന കോപവും കാലുഷ്യവും കുറുപ്പ ഗ്രഹിച്ചു.

കൃ. കു: — സമ്മതിച്ചതുകൊണ്ടാണേ ഞാൻ വന്നതു്. കാര്യം പറയാനുണ്ടായിരുന്നാലും, സമ്മതിച്ചിട്ടില്ലായിരുന്നു എങ്കിൽ, ഞാൻ വരില്ലായിരുന്നു.

നാ. അ: —ഞാൻ സമ്മതിക്കാതിരിക്കുന്നതെങ്ങിനെ? നിങ്ങൾ എന്നെയും എന്റെ കുടുംബത്തെയും ആപത്തിൽനിന്നു കരസ്ഥ കയററീട്ട് ദിവസം രണ്ടേ കഴിഞ്ഞിട്ടുള്ളൂ. ആ സ്ഥിതിക്ക്, നിങ്ങൾ ഇവിടെ വരണമെന്നാവശ്യപ്പെട്ടാൽ, ഞാൻ എങ്ങിനെ സമ്മതിക്കാതിരിക്കും?

കൃ. കു:—ഞാൻ അത്രത്തോളം ഒന്നും ആലോചിച്ചില്ല. പൂർണ്ണമനസ്സാലെ സമ്മതിച്ചു എന്നു വിചാരിച്ചാണ് വന്നത്.

നാ. അ: —എന്തെങ്കിലുമാവട്ടെ. ഇനി കാര്യമെന്താണെന്നു പറക. എന്തായാലും, അതും എനിക്കു കേൾക്കാതെ നിവൃത്തിയില്ലല്ലോ.

കൃ. കു: —മാധവനുണ്ണിത്താന്റെ കാര്യത്തെപ്പററി രണ്ടു വാക്കു പറവാനുണ്ട്. കേസ് കഴിഞ്ഞു എങ്കിലും, ഉണ്ണിത്താന്റെ പേരു ഞാൻ മറച്ചു വച്ചതിൽ പലപരാതികളും വന്നു തുടങ്ങിയിരിക്കുന്നു. പോലീസുകാർക്കു ബലമായ സംശയമുണ്ട്. അവർ ചില അന്വേഷണങ്ങൾ നടത്തുന്നതായി കേൾക്കുന്നു. ആ സ്ഥിതിക്ക്, ഉണ്ണിത്താൻ തല്ക്കാലം ഇവിടം വിട്ടു പോവുന്നതു നന്നായിരിക്കും. ഞാൻ ഉണ്ണിത്താന് ഒരു ജോലി ഏർപ്പാടു ചെയ്തുകൊടുക്കാമെന്ന് ഇവിടെ അറിയിച്ചിരുന്നുവല്ലോ. ആ ജോലി ഇപ്പോഴും ഒഴിവാണ്. അതു് ഏർപ്പാടു ചെയ്തു കൊടുക്കാം. ഉണ്ണിത്താനെ പറഞ്ഞയച്ചേ തീരൂ.

നാ. അ:—എന്നെ നിർബ്ബന്ധിക്കാൻകൂടെ, നിങ്ങൾക്കു ഇപ്പോൾ അധികാരമുണ്ടല്ലോ. ഞാൻ സമ്മതിക്കാതിരിക്കുന്നതെങ്ങിനെ? ഇങ്ങിനെയുള്ള ഒരാപത്തിൽ അവൻ പെട്ടിട്ടില്ലായിരുന്നു എങ്കിൽ, ഞാൻ ഒരിക്കലും സമ്മതിക്കുന്നതല്ലായിരുന്നു.

കൃ. കു:—അതു് എനിക്കറിയാം. ആ യുവാവിന് ഇതു നിമിത്താ ഗുണമല്ലാതെ ദോഷമുണ്ടാകയില്ല, എന്ന നിശ്ചയംകൊണ്ടാണ് ഞാൻ പറയുന്നതു്.

നാ. അ:—ആകട്ടെ. അവൻ ഋണപ്പെട്ടോട്ടെ. അവനുവേണ്ടി ഞാൻ വിസമ്മതം പറയുന്നില്ല. എന്നാൽ നിങ്ങൾ മൂലം ലഭിക്കുന്ന ഋണം കൂടാതെ കഴിക്കേണ്ടതായിരുന്നു.

കൃ കഃ:—എന്റെ നേക്ക് ഇങ്ങിനെ വിരോധം വച്ചുകൊണ്ടിരിക്കുന്നതിന്റെ അത്ഥം മനസ്സിലാകുന്നില്ല. ഞാൻ യാതൊരപരാധവും ചെയ്തിട്ടില്ലല്ലൊ. ഈ വീട്ടുകാരെ എന്റെ പരദൈവതങ്ങളെപ്പോലെ ബഹുമാനിക്കുന്നു. എന്റെ വിചാരങ്ങളെയും ഉദ്ദേശങ്ങളെയും തെററിദ്ധരിച്ച്, ഞാൻ ചെയ്വാൻ ആഗ്രഹിക്കുന്ന സഹായത്തെ ഉപേക്ഷിക്കുന്നത്, എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.

നാ. അ:—ഞങ്ങൾ ആവശ്യപ്പെടാത്ത സഹായം നിങ്ങൾ എന്തിനാണു നിർബ്ബന്ധിച്ചു സ്വീകരിപ്പിക്കുന്നത്? പ്രത്യുപകാരം ചെയ്വാൻ സാധിക്കാത്ത ഞങ്ങൾക്കു വേണ്ടി നിങ്ങൾ ക്ലേശിക്കുന്നതിന്റെ അത്ഥം എനിക്കും മനസ്സിലാകുന്നില്ല.

കൃ. കഃ:—അതു കേൾക്കാൻ മനസ്സാണെങ്കിൽ, പറയാം: താമരശ്ശേരി വിട്ടുപോണ്ടിവന്നതിൽ ഇവിടെക്കുണ്ടായിട്ടുള്ള മനസ്താപത്തെയും, ഇവിടെക്കു സംഭവിച്ചിട്ടുള്ള കഷ്ടനഷ്ടങ്ങളെയും ഞാൻ നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട്. ഇവിടുത്തെ നേരെ എനിക്കുള്ളേടത്തോളം അനുകമ്പ മററാക്കും ഇല്ലെന്നു നിശ്ചയമാണ്.

നാ. അ:—നിങ്ങളുടെ അനുകമ്പ ആവശ്യമില്ല. അതുകൊണ്ട് ഞങ്ങളുടെ കഷ്ടനഷ്ടങ്ങൾ തീരില്ലല്ലൊ.

കൃ. കഃ- കഷ്ടനഷ്ടങ്ങളെ തീക്കണമെന്നാണ് എന്റെ ആഗ്രഹം.

നാ. അ—എന്തു? ഞങ്ങളുടെ കഷ്ടനഷ്ടങ്ങളെ നിങ്ങൾ തീക്കയോ?

കൃ. കഃ:—ഞാൻ പറയുന്നതു മുഴുവൻ കേൾക്കുക. താമരശ്ശേരിയും അതോടു ചേന്ന സകല വസ്തുക്കളും തിരികെ തരണ

മെന്നാണ് എന്റെ ആഗ്രഹം. അതിനുള്ള സമ്മതം ചോദിക്കാനാണ് ഞാൻ മുഖ്യമായും വന്നത്. എന്റെ മരണപത്രപ്രകാരം, അതു അമ്മുക്കുട്ടി അമ്മയുടെ പേക്കു ദാനം ചെയ്വാൻ അനുമതി കിട്ടേണം.

നാ. അ:—നിങ്ങൾക്കു അവകാശികൾ ധാരാളമുള്ളപ്പോൾ, അമ്മുവിന്റെ പേക്കായി എഴുതിവയ്ക്കാൻ നിങ്ങൾക്കു ഭ്രാന്തുണ്ടോ?

കൃ. കു:—അമ്മുക്കുട്ടി അമ്മയെ വിവാഹം ചെയ്വാൻ അനുവദിക്കുന്ന പക്ഷം...

നാ. അ:—മതി. മതി. ഇതുകൊണ്ടു തന്നെയാണ് ഭ്രാന്തുണ്ടോ എന്നു ഞാൻ ചോദിച്ചത്? കൃഷ്ണക്കുറുപ്പേ! നാം തമ്മിലുള്ള അകൽച്ച നിങ്ങൾക്കു മനസ്സിലായിട്ടില്ലേ?

കൃ. കു:—അതും ഞാൻ ആലോചിക്കാതിരുന്നില്ല. പക്ഷേ...... എന്റെ......ഇപ്പോഴത്തെ......നിലയ്ക്കു......

നാ. അ:—ഓ! താമരശ്ശേരിക്കാരുടെ അവസ്ഥ നിങ്ങൾക്കും, എടപ്പാളിയുടെ അവസ്ഥ ഞങ്ങൾക്കും, അല്ലേ? നിങ്ങൾക്കിത്ര അഹമ്മതി തോന്നിയതിൽ അത്ഭുതപ്പെടാനില്ല. എനിക്കാശ്രയമാരുമില്ലെന്നു കണ്ടിട്ടായിരിക്കാം, നിങ്ങൾ എന്നെ ഈ വിധം അവമാനിക്കുന്നത്!

കൃ. കു:—അവമാനിക്കയോ? കഷ്ടം! അവമാനത്തിൽനിന്നും ആപത്തിൽനിന്നും ഒഴിഞ്ഞു കാണണമെന്നാണ് എന്റെ ആഗ്രഹം. എന്റെ വാക്കുകളെ തെററിദ്ധരിക്കരുതേ! ഞാൻ താമരശ്ശേരിയിൽ വച്ചു ആദ്യമായിക്കണ്ടതു മുതൽ, എന്റെ സ്നേഹത്തിനും ബഹുമാനത്തിനും പാത്രമായി ത്തീന്നിരിക്കുന്ന ആ സ്ത്രീരത്നത്തെ എനിക്കു വിവാഹം ചെയ്തു കിട്ടണമെന്നേ ഞാൻ ചോദിക്കുന്നുള്ളു. എന്റെ അപേക്ഷയെപ്പററി നല്ലവണ്ണം ആലോചിച്ചു ദയവായ മറുപടി തരണം.

നാ. അ:—ഇതിൽ ആലോചിപ്പാനെന്തുള്ളു? നിങ്ങളെ ഇവിടെനിന്നു പിടിച്ചു പുറത്താക്കാൻ ഞാൻ ആളല്ലല്ലോ!

കൃ. കു:—അങ്ങിനെ ചെയ്യേണ്ട ആവശ്യമില്ല. ഞാൻ പൊയ്ക്കൊള്ളാം. രണ്ടു നാലു ദിവസങ്ങൾക്കുള്ളിൽ എനിക്കു മറുവടി തന്നാൽ മതിയാകും.

നാ. അ:—മറുവടിയോ? രണ്ടു നാലു ദിവസം കഴിയുമ്പോൾ ഞാൻ ആൾ മാറുമെന്നു വിചാരിക്കുന്നുവോ?

കൃ. കു:—ആ സ്ത്രീയുടെ ഭാവിയെ വിചാരിച്ചിട്ടെങ്കിലും, അനുകൂലമായ മറുവടി തരുവാൻ അപേക്ഷിക്കുന്നു.

കുറുപ്പു തോരണത്തുനിന്നു മടങ്ങി പോയി. നാരായണി അമ്മ അയാളെ നോക്കി പല്ലുകടിച്ചും, അധിക്ഷേപവാക്കുകൾ പറഞ്ഞും, അവിടെത്തന്നെ നിന്നു. എന്നാൽ കുറുപ്പിന്നാവട്ടെ, നാരായണി അമ്മ തന്നെ പുച്ഛിച്ചതിനെപ്പററിയോ, തന്റെ അപേക്ഷയെ നിരാകരിച്ചതിനെ പററിയോ, യാതൊരു കുണ്ഠിതവും ഉണ്ടായില്ല. മുമ്പ് അയാൾക്കു അവരെക്കുറിച്ച് എന്തുമാത്രം ഭക്തിയും ബഹുമാനവും തോന്നിയിരുന്നുവോ, അതിന്ന് ഇപ്പോൾ യാതൊരു കുറവും ഉണ്ടായതുമില്ല. തന്റെ അപേക്ഷക്കു ആദ്യം ആ വിധത്തിൽ ഒരു മറുവടിയേ ഉണ്ടാവുകയുള്ളു എന്ന്, അയാൾക്കു അറിയാമായിരുന്നു. എന്നാൽ കുറുപ്പ് ഒരിക്കൽ തോററതുകൊണ്ടു ബുദ്ധി മടക്കുന്ന ആളല്ല. അതിനാൽ, തന്റെ അപേക്ഷയെ സ്വീകരിക്കുന്നതുവരെ, നാരായണി അമ്മയുടെ ശകാരവർഷങ്ങളെ ക്ഷമയോടെ സഹിക്കാൻ തീർച്ചപ്പെടുത്തി. ഇക്കാര്യത്തിൽ അമ്മുക്കുട്ടി തനിക്കു അനുകൂലയോ പ്രതികൂലയോ എന്നു നിർണ്ണയിക്കേണ്ടുന്ന ആവശ്യം, അയാൾക്കുണ്ടായിരുന്നില്ല. 'കൈയിൽ കിട്ടിയ കനകമുഃപക്ഷിച്ചീയം കൊൾവാനിച്ഛിക്കു'ന്നവളല്ല അവൾ എന്ന്, പ്രഥമദൃഷ്ടിയിൽ തന്നെ, കുറുപ്പ് മനസ്സിലാക്കിയിരുന്നു. പോരായെങ്കിൽ, അയാളുടെ ദൃഢപ്രേമം അയാൾക്കു ധൈര്യം നൽകുകയും ചെയ്തിരുന്നു. അയാളെപ്പോലെ, യൌവനചാപല്യങ്ങളോടു യാത്ര പറഞ്ഞു പിരിഞ്ഞ് മദ്ധ്യവയസ്സിന്റെ അതിർത്തിയിൽ പ്രവേശിച്ചിരിക്കുന്ന ഗുണവാനും, സൽസ്വഭാവിയും, പരിശുദ്ധഹൃദയനും ആയ ഒരു പു

രുഷൻെറ വിവ്യാജവും, ഹൃദയപൂൎണ്ണവും, അകളങ്കിതവും, പരിപാവനവുമായ പ്രണയം നിഷ്ഫലമാവുകയില്ലെന്നു, അയാൾ ദൃഢമായി വിശ്വസിച്ചിരുന്നു.

നാരായണി അമ്മ ആവട്ടെ, കോപം ഉജ്ജ്വലിച്ചുകൊണ്ടിരുന്നതിനാൽ, നിന്നേടംവിട്ടു നീങ്ങുവാൻപോലും ശക്തയല്ലാതെ, ആ വൃത്തികെട്ട കോലായിൽ തന്നെ ഇരിക്കുകയായിരുന്നു. അപ്പോൾ അമ്മുക്കുട്ടി പുറമേനിന്നു വന്നു് കോലായിൽ കയറി, „അമ്മേ, ഹ! അമ്മ കേട്ടില്ലല്ലൊ! ഞാൻ എങ്ങിനെ വൎണ്ണിക്കേണ്ടൂ? എത്ര നല്ല പാട്ടു്! എന്തു ശാരീരം! പറഞ്ഞാൽ മനസ്സിലാകയില്ല. കേൾക്കതന്നെ വേണം. ആ മാണിക്കമ്മാളെ മുൻസിപ്പിൻെറ വീട്ടിൽ സദിരിനു വരുത്തിയിരിക്കുന്നു. പടിപ്പുരവീട്ടിൽ പണ്ടു പഠിപ്പിച്ചിരുന്ന ഭാഗവതർ ആ സദിർക്കാരുടെ കൂട്ടത്തിൽ വന്നിട്ടുണ്ടു്. അയാൾ മുഖാന്തരം അവളെ പടിപ്പുരവീട്ടിൽ വരുത്തി. ഞങ്ങളൊക്കെക്കൂടെ നിർബന്ധിച്ചു രണ്ടു പാട്ടു പാടിച്ചു. ഹാ! ഹാ! എത്ര കേമം! അവളുടെ ശബ്ദം ആ നാലുകെട്ടിൽ നിറഞ്ഞു മുഴങ്ങി. ഞങ്ങളൊക്കെ മതിമറന്നിരുന്നു. അവളുടെ ദാസിയായിപോയാലും വേണ്ടില്ല എന്നുകൂടി എനിക്കു തോന്നി; എന്നാൽ ദിവസവും പാട്ടു കേൾക്കാമല്ലൊ. അമ്മേ! സദിരിനു ഞാനും പോകട്ടെയോ? അമ്മേ! തുളസിയും സുമിത്രയും പോകുന്നുണ്ടു്. അവരുടെ കൂടത്തിൽ ഞാനും പോകട്ടെയോ?" — ഇങ്ങിനെ വീൎപ്പുമുട്ടിക്കൊണ്ടു് ഉത്സാഹിച്ചാൎത്തു പറഞ്ഞു.

നാരായണി അമ്മ കൽത്തൂണിനൊപ്പം അനങ്ങാതെയിരിക്കയായിരുന്നു. ഒരക്ഷരംപോലും ശബ്ദിച്ചില്ല; അമ്മുക്കുട്ടിയുടെ വാക്കുകളെ കേട്ടതായ്പോലും ഭാവിച്ചില്ല; വാസ്തവത്തിൽ, ഒരക്ഷരംപോലും കേട്ടില്ലതന്നെ. അമ്മുക്കുട്ടിയുടെ വരവു്, കത്തിക്കൊണ്ടിരുന്ന അവരുടെ കോപാഗ്നിയിൽ എണ്ണ ഒഴിച്ചപോലെ, ആയിത്തീൎന്നു. അമ്മുക്കുട്ടി, തൻെറ അനുവാദം കൂടാതെ കുറുപ്പിനെ കാണുകയും സംസാരിക്കുകയും,

അയാളുടെ വീട്ടിൽ പോവുകയും കൂടെ ചെയ്തിരിക്കുന്നു. അവളുടെ അനുകൂല്യമില്ലായിരുന്നുവെങ്കിൽ, കുറുപ്പിനു ഇത്ര അഹംഭാവം ഉണ്ടാകയില്ലായിരുന്നു. അവളുടെ ഉള്ളോടുകൂടി ആയിരിക്കും അയാൾ അവിടെ വന്നതും, തന്നെ അവമാനിച്ചതും. അതേ! തന്നെ അവമാനിച്ചു എന്നുതന്നെ ആയിരുന്നു നാരായണി അമ്മയുടെ വിചാരം. തൻെറ അടിമയുടെ അടിമ, ദാസൻെറ ദാസൻ, എന്ന നിലയിലിയിരുന്ന ആ എർപ്പാളി, തൻെറ വീട്ടിൽ സംബന്ധത്തിനാലോചിച്ചില്ലേ? ഈ വഷളത്തി അയാൾക്കു ധൈര്യം കൊടുത്തില്ലേ? ഇങ്ങിനെയായിരുന്നു നാരായണി അമ്മയുടെ വിചാരങ്ങൾ.

നാരായണി അമ്മ നിശ്ചേഷ്ടയായിരിക്കുന്നതും, തൻെറ വാക്കുകൾക്കു മറുപടി പറയാതിരിക്കുന്നതും കാണുകയാൽ, അമ്മുക്കുട്ടിക്കു പരിഭ്രമമായി. അമ്മയുടെ അടുക്കൽ ചെന്നുനിന്ന്, "എന്താ അമ്മേ! അമ്മയ്ക്കു സുഖമില്ലെന്നു തോന്നുന്നല്ലോ. എന്താണ്?" എന്നു ചോദിച്ചു.

നാ. അ:—നിൻെറ കുറുപ്പ് ഇവിടെ വന്നിരുന്നു.

'നിൻെറ' എന്ന്, അധിക്ഷേപസൂചകമായി, നാരായണിഅമ്മ ഉറപ്പിച്ചു പറഞ്ഞതു് അമ്മുക്കുട്ടി ശ്രദ്ധിച്ചില്ല. കുറുപ്പ് അവിടെ ചെന്നിരുന്നു എന്നുകേട്ടപ്പോൾ, അവൾക്ക് അത്ഭുതം തോന്നി. അതുകൊണ്ടു, നാരായണി അമ്മയുടെ ഗൂഢാർത്ഥത്തെ അവൾ ഗ്രഹിച്ചില്ല. കുറുപ്പ് നാരായണിഅമ്മയെ കാണാൻ അനുവാദത്തിന്നപേക്ഷിച്ചതാകട്ടെ, അമ്മ അനുവദിച്ചതാകട്ടെ, അവൾ അറിഞ്ഞിരുന്നുമില്ല. കുറുപ്പ് അവിടെ ചെല്ലുമെന്നുള്ളതു് ഒരു സംഭാവ്യകാര്യമായി അവൾ ഒരിക്കലും കരുതിയിരുന്നുപോലുമില്ല. അയാൾ അവിടെ ചെല്ലേണമെങ്കിൽ, അത്ര ഗൌരവപ്പെട്ട എന്തോ കാര്യം ഉണ്ടായിരിക്കണം. അതു് അറിവാനുള്ള കൌതുകവും ബദ്ധപ്പാടും, അതു് എന്തായിരിക്കുമോ എന്നുള്ള ഭയവും അവളു

ടെ ഉള്ളിൽ തിക്കിത്തിരക്കിയതിനാൽ, അവൾ ചോദിച്ചു. "കുറുപ്പോ? ഇവിടെ വന്നിരുന്നോ? എന്തിന്?"

നാ. അ:—അതു നിനക്കറിയരുതോ? ഈ കപടമൊന്നും എന്നോടു വേണ്ട.

അമ്മുക്കുട്ടിക്കു പരിഭ്രമം വൎദ്ധിച്ചു; അമ്മ അവളെ ശാസിക്കയാണെന്നു അവൾക്കു മനസ്സിലായി; അതു കുറുപ്പിന്റെ സംഗതിവശാൽ ആണെന്നറിഞ്ഞ് അവൾക്കു ലജ്ജയും തോന്നി.

അമ്മുക്കുട്ടി:—അമ്മേ! ഞാൻ അറിഞ്ഞിട്ടില്ല. എന്തിനായിട്ടാണ് കുറുപ്പ് വന്നത്? എപ്പോൾ വന്നു? എന്നെ കാണാനാണോ വന്നത്?

നാ. അ:—നിന്നെ കാണാനുള്ളത് മുമ്പേ കഴിഞ്ഞില്ലയോ? നീ പറഞ്ഞുറപ്പിച്ചതുകൊണ്ട്, ഇപ്പോൾ എന്നെ കാണാൻ വന്നു.

അമ്മു:—അമ്മേ! അമ്മ പറയുന്നതൊന്നും എനിക്കു മനസ്സിലാവുന്നില്ല. പറയാനുള്ളതു നേരെ പറയരുതോ?

നാ. അ:—നിനക്ക് സംബന്ധത്തിനാലോചിപ്പാനാണു വന്നത്. ഇപ്പോൾ മനസ്സിലായോ?

അമ്മുക്കുട്ടിയുടെ ഹൃദയത്തിലൂടെ ഒരു വെടിയുണ്ട പാഞ്ഞപോലെ, അവൾ ഒന്നു ഞെട്ടി. ആ വൎത്തമാനം കേട്ടതിൽ അവൾക്കു സന്തോഷമോ, വ്യസനമോ, തൃപ്തിയോ, കോപമോ, എന്താണുണ്ടായതെന്ന് അറിവാൻ യാതൊരു വഴിയും ഇല്ല. ഏകദേശം കാൽമണിക്കൂർ നേരം അവൾ തല താഴ്ത്തി നിലത്തു നോക്കിനിന്നു. ഇതിനിടയിൽ അവളുടെ മുഖം പലകുറി വിളറുകയും, അത്രയും പ്രാവശ്യം രക്തവൎണ്ണമാകയും ചെയ്തു; കണ്ണുകൾ ചലനരഹിതമായി, നിലത്ത് തുറിച്ചുനോക്കിക്കൊണ്ടിരുന്നു; നാസാദ്വാരങ്ങൾ വികസിക്കുകയും ചുണ്ടുകൾ വിറയ്ക്കുകയും ചെയ്തു. ഈ സമയമെല്ലാം, നാരായണി അമ്മ അവളെ നിഷ്ഠുരണം തുറിച്ചുനോക്കിക്കൊണ്ടുതന്നെയിരുന്നു. ഒടുവിൽ നാരായണി അമ്മ ചോദിച്ചു.

നാ. അ:—ഇത്ര അത്ഭുതപ്പെട്ടവാനെന്താണ്?

അമ്മു (വളരെ ശാന്തമായി പറഞ്ഞു):—ഒന്നുമില്ല. ചെറുപ്പക്കാരിയാണ്, വിവാഹം കഴിയാത്തവളാണ്, അങ്ങിനെയുള്ള ഒരുവളെ ഒരു പുരുഷൻ സംബന്ധത്തിനാലോചിക്കുന്നതു നാട്ടുനടപ്പു തന്നെയല്ലോ.

നാ. അ:—താമരശ്ശേരി തറവാട്ടിലെ പെണ്ണുങ്ങൾ മുമ്പൊരിക്കലും സംബന്ധക്കാരെ ഉണ്ടാക്കാനായി പുറപ്പെട്ടിട്ടില്ല. ഇപ്പോൾ അങ്ങിനെ വന്നതു നിൻെറ കാലത്തുള്ള നാട്ടുനടപ്പായിരിക്കാം. ഹും! ഈ തറവാട്ടിലെ ഒരു പെണ്ണു, ഞാനിരിക്കും കാലത്ത്, ഇങ്ങിനെ താന്തോന്നിയായി തീർന്നല്ലോ!

അമ്മു:—കുറുപ്പിനോട് അമ്മ എന്തു മറുവടി പറഞ്ഞു?

നാ. അ:—എനിക്കെന്തു മറുവടിയാണ് പറവാനുള്ളത്? എൻെറ തറവാട്ടിനു കുറച്ചൽ വരുത്തുന്ന കാൎയ്യത്തിൽ, ഞാൻ ഒരിക്കലും അനുകൂലിക്കയില്ല. എന്നാലെന്ത്? എൻെറ സമ്മതമോ വിസമ്മതമോ ഇക്കാൎയ്യത്തിൽ വകവയ്ക്കുകയില്ലെന്ന് എനിക്കറിയാം. ഞാൻ പറയേണ്ടതു പറഞ്ഞു.

അമ്മു:—അമ്മ പറയേണ്ടതു പറഞ്ഞുവല്ലോ. ആ വാക്കിനെ ആരും തെററിനടക്കയില്ല. ഇനി ഇക്കാൎയ്യത്തെപ്പററി വിചാരിക്കേണ്ട ആവശ്യമേയില്ല.

നാ. അ:—കുട്ടിക്കാലത്തു തന്നെ, നിൻെറ അനുസരണക്കേടിനെയും തന്നിഷ്ടത്തെയും ഞാൻ ശിക്ഷിച്ചു മാററിയിരുന്നുവെങ്കിൽ, ഈ വയസ്സുകാലത്ത് എനിക്കീ കുറച്ചിലിനിടവരുമായിരുന്നോ?

അമ്മു:—അമ്മേ! പല കാൎയ്യങ്ങളിലും നമ്മൾക്ക് അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ട്. ഞാൻ അനുസരണക്കേടും തന്നിഷ്ടവും കാണിച്ചിട്ടുമുണ്ട്. എന്നാൽ ഇക്കാൎയ്യത്തിൽ അങ്ങിനെ വരുകയില്ലെന്ന്, ഞാൻ ഉറപ്പു പറയുന്നു.

നാ. അ:—കുരുപ്പിനെൻറ സംബന്ധത്തിനു ഞാൻ ഇജ്ജന്മം സമ്മതം തരുകയില്ല; അതു് ആശിക്കയും വേണ്ട.

അമ്മു:—കുരുപ്പിനെൻറ സംബന്ധത്തെപ്പററി ഞാൻ നിശ്ചയിച്ചിട്ടില്ലല്ലൊ.

ന. അ:—അയാൾ നിശ്ചയിച്ചുവല്ലൊ.

അമ്മ:—അതിലെനിക്കെന്തു കാര്യം? അമ്മ മറുവടി പറഞ്ഞയച്ചില്ലെ? പിന്നെയെന്തിനാണ അതിനെപ്പററി പുലമ്പുന്നതു്?

നാ. അ:—ആ മറുവടികൊണ്ടു് അടങ്ങിയിരിക്കുന്നവനല്ല അയാൾ. അയാൾക്കു് നീ ഉറപ്പും കൊടുത്തിരിക്കും.

അമ്മു:—അമ്മേ! ഞാൻ കുരുപ്പുമായി പലപ്പോഴും സംസാരിച്ചിട്ടുണ്ടു്. എന്നാൽ ഇക്കാര്യത്തെപ്പററി വാക്കുകൊണ്ടോ, നോക്കുകൊണ്ടോ, യാതൊന്നും ഞങ്ങൾ തമ്മിൽ പറഞ്ഞിട്ടില്ലെന്നു് ഞാൻ സത്യം ചെയ്യുന്നു. കുരുപ്പു് ആത്മാഭിമാനമുള്ള ആളാണു്. ഒരിക്കൽ നിഷേധിച്ച സ്ഥിതിക്കു, ഇനി ഇക്കാര്യത്തിൽ മനസ്സുവയ്ക്കുകയില്ല. അമ്മ വിഷാദിക്കേണ്ട.

നാ. അ:—അയാൾ എന്നെ അവമാനിക്കാൻ തുടങ്ങുകയാണു്.

അമ്മു:—ഇല്ല, അമ്മേ! അങ്ങിനെ വിചാരിക്കേണ്ട. അതു പോകട്ടെ. ഇതു ചോദിക്കാൻവേണ്ടി മാത്രമാണോ കുരുപ്പു വന്നതു്? വേറെയൊന്നും പറഞ്ഞില്ലെ?

നാ. അ:—പറഞ്ഞു. മാധവനെൻറ കാര്യവും പറഞ്ഞു. അവനെ ഉടൻ അവിടെനിന്നു അയച്ചില്ലെങ്കിൽ അപകടമുണ്ടു പോലും! അവനെൻറ ഒരു സഹായമെങ്കിലും ഉണ്ടായിരുന്നു. ഈ വയസ്സുകാലത്തു് അന്യരുടെ കൈയിൽനിന്നു വെള്ളം കുടിച്ചു മരിക്കണമെന്നാണു് എൻെറ വിധി.

അമ്മു:—മാധവൻ എന്തെങ്കിലും ജോലിയിൽ പ്രവേശിക്കേണ്ടതു അത്യാവശ്യമാണു്. അവനു പോകാൻ അമ്മ അനുവാദം കൊടുത്തുകഴിഞ്ഞു. അക്കാര്യത്തിൽ ഇനിയും

ശാഠ്യംപിടിക്കുന്നതു നന്നല്ല. അവൻ പോകട്ടെ. ഞാനുണ്ട് അമ്മയെ ശുശ്രൂഷിപ്പാൻ. ഇജ്ജന്മം ഞാൻ അമ്മയെ പിരിഞ്ഞുപോകയില്ലെന്ന് ഇതാ അമ്മയുടെ പാദങ്ങളിൽ തൊട്ടു സത്യം ചെയ്യുന്നു

ഇത്രയും പറഞ്ഞു്, അമ്മുക്കുട്ടി അകത്തേക്കു പോയി. "കഷ്ടം! ഈ അവിവേകം കാണിച്ചുവല്ലൊ" എന്നു് പിറുപിറുത്തുകൊണ്ടായിരുന്നു, അവൾ തൻെറ അറയിലേക്കു പോയതു. അറയിൽ കടന്നു് വാതലുമടച്ചു.

———

## അദ്ധ്യായം, ഃന്നു.

### അനുരാഗപ്രതിജ്ഞ.

കുറുപ്പിൻെറ സംബന്ധാലോചനയെപ്പററി, നാരായണി അമ്മ, പിന്നെ ഒരു വാക്കുപോലും അമ്മുക്കുട്ടിയുമായി സംസാരിച്ചില്ല. നാരായണി അമ്മ വിചാരിച്ചിരുന്നതുപോലെതന്നെ, കുറെ നാൾ കഴിഞ്ഞപ്പോൾ, കുറുപ്പു വീണ്ടും തോരണത്തു വന്നു. ഇത്തവണ, നാരായണി അമ്മ കുറുപ്പിനെ നാലുകെട്ടിനുള്ളിൽ ക്ഷണിച്ചിരുത്തുകയും, മാധവൻെറ ജോലിക്കാൎയ്യത്തെപ്പററി ആലോചിച്ചു തീർച്ചയാക്കുകയും ചെയ്തു. മററു വിഷയത്തെക്കുറിച്ചു, ഇരുവരും സംസാരിച്ചില്ല. കുറുപ്പിൻെറ രണ്ടാമത്തെ വരവിനെപ്പററിയും, ഒന്നാമത്തെ സന്ദൎശനത്തിൽ നടന്ന സംഭാഷണത്തെപ്പററിയും, പൂൎണ്ണമായ വിവരം വാല്യക്കാരി കാൎത്ത്യായനിമുഖേന അമ്മുക്കുട്ടിക്കു ലഭിച്ചു.

അമ്മുക്കുട്ടിക്കു് കുറുപ്പിൻെറ പേരിൽ ഏററ ബഹുമാനവും നിൎവ്യാജമായ പ്രണയവും ഉണ്ടായിരുന്നു; എന്നാൽ അമ്മയുടെ വാല്യക്കാരനായിരുന്ന ഒരാളെ ഭൎത്താവാക്കുന്ന കാൎയ്യത്തിൽ തീരെ സമ്മതമായിരുന്നില്ല. വിശേഷിച്ചും, അമ്മയുടെ അനുമതികൂടാതെ വിവാഹം ചെയ്യണമെന്ന ഉദ്ദേശവും, അവൾക്കു്

ഉണ്ടായിരുന്നില്ല. കുറുപ്പ് മറെറാരു സ്ത്രീയെ പ്രണയിക്കാതെയും, വിവാഹം ചെയ്യാതെയും ഇരിക്കണമെന്നു, അവൾക്ക മോഹമുണ്ടായിരുന്നു. അവൾക്കും, നിത്യകന്യാവ്രതം സ്വീകരിക്കാൻ പൂണ്ണസമ്മതമായിരുന്നു. കുറുപ്പ് അവളുടെ വിവാഹത്തെപ്പററി അമ്മയോട സംസാരിച്ചത് അവിവേകമായി എന്ന്, അവൾ വിശ്വസിച്ചു. ഒരിക്കൽ അവിവേകം പ്രവൎത്തിച്ച ആൾ വീണ്ടും ഒന്നുകൂടെ പ്രവൎത്തിക്കയില്ലേ? അമ്മ അയാളെ അവമാനിച്ചു നിഷേധിച്ചതുകൊണ്ട്, പ്രതികാരമായി, അയാൾ പടിപ്പുരവീട്ടിൽ സംബന്ധം ചെയ്തുവെങ്കിലോ? ഇങ്ങിനെയുള്ള ആശങ്കകളാൽ, അമ്മുക്കുട്ടി അധികം ക്ലേശിച്ചു. അവൾക്ക്, തൻെറ ഭയങ്ങളെയും ആശങ്കകളെയും പറഞ്ഞുകേൾപ്പിച്ച് ഉപദേശം ചോദിക്കത്തക്ക വിശ്വസ്തമിത്രമായി, ആരും ഉണ്ടായിരുന്നില്ല. അങ്ങിനെ മനഃക്ലേശങ്ങൾക്കിരയായി ഭവിച്ച അവൾ, തൻെറ ദുഃഖത്തെ പുറത്തു കാണിക്കാതെ, അടക്കുവാൻ വളരെ പണിപ്പെട്ടു. അവൾ അധിക സമയവും തൻെറ മുറിക്കുള്ളിലേ ഇരിക്കു; പുറമെ ഇറങ്ങുക അപൂൎവ്വമായി; കളിക്കാൻ പോവുന്നതുപോലും, സഖിമാരുടെ കൂട്ടത്തിൽ കൂടാതെയും, നിൎബ്ബാധമായുള്ള സമയങ്ങളിലും ആക്കി. കുറുപ്പിൻെറ പേരിലുള്ള തൻെറ ആസക്തിയെ ഏതുവിധവും ത്യജിക്കണമെന്നു അവൾ തീൎച്ചയാക്കി; അയാളെ വഴിയിൽവെച്ചുപോലും കാണാതിരിക്കാൻ വേണ്ടുന്ന കരുതലോട കൂടിയിരുന്നു. അസ്ഥാനത്തിലായ തൻെറ അഭിനിവേശത്തെ അകററുന്നതിന്ന്, തന്നെ സഹായിച്ചു കടാക്ഷിക്കുമാറാകണേ എന്ന്, അവൾ തൻെറ ഇഷ്ടദേവതയായ ഭഗവതിയോട പ്രാൎത്ഥിച്ചു.

മാധവനുണ്ണിത്താൻ മദിരാശിയിലേക്ക പോവാൻ തീൎച്ചയാക്കി. അവിടത്തെ സ്വദേശി ജവുളിവ്യാപാരസംഘത്തിൽ മാനേജരുദ്യോഗമായിരുന്നു, കുറുപ്പ്, അയാൾക്ക ശിപാൎശചെയ്തുകൊടുത്തത്. ഈ വ്യാപാരസംഘത്തിൽ കുറുപ്പി

ന് ഒരു വലിയ ഓഫരി ഉണ്ടായിരുന്നതിനാൽ, കുറുപ്പിൻെറ തനതിൽ ഒരാൾ കച്ചവടസ്ഥലത്തുണ്ടായിരിക്കണമെന്ന് നിർബ്ബന്ധിച്ചതനുസരിച്ചായിരുന്നു, മററുള്ള ഓഫരിക്കാർ കുറുപ്പിൻെറ തനതാളായി ഉണ്ണിത്താനെ സമ്മതിച്ചതു്.

ഉണ്ണിത്താന് നാടുവിട്ടു പോകുവാൻ തീരെ മനസ്സായിരുന്നില്ല; അമ്മ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കും, തന്നെപ്പററി പോലീസുകാർ അന്വേഷണം നടത്തി വന്നതിനാലും, പോവാതിരിപ്പാൻ നിവൃത്തിയില്ലെന്നു കണ്ടിട്ടായിരുന്നു ഉദ്യോഗം സ്വീകരിച്ചതു്. പുറപ്പെടാൻ ദിവസം നിശ്ചയിച്ചതു മുതൽ, ഉണ്ണിത്താന് മനസ്സു കുണ്ഠിതപ്പെട്ടുതുടങ്ങി: വീട്ടിലിരിക്കുമ്പോൾ യാത്രയ്ക്കുള്ള ഒരുക്കങ്ങളിൽ തീരെ ശ്രദ്ധ വയ്ക്കാതെ അലസനായി കിടന്നുറങ്ങിയിരുന്നു; പുറത്തുപോവുന്നതും വരുന്നതും അസമയങ്ങളിലായിരുന്നു; കൂട്ടരൊന്നിച്ചു നടക്കുന്ന പതിവു വിട്ടു; പലപ്പോഴും, രാത്രി പത്തുപന്ത്രണ്ടു മണി കഴിഞ്ഞു്, നടന്നു ക്ഷീണിച്ചുവന്നു്, ചോറു തണുത്തുപോയി എന്നും, കൂട്ടാൻ രുചിയില്ലെന്നും, മററും പറഞ്ഞു കാത്ത്യായനിയോടു വഴക്കു പിടിക്കയും, കോപിക്കയും ചെയ്തു. ഇങ്ങിനെയുള്ള ദിവസങ്ങളിൽ, അമ്മുക്കുട്ടി ഉണന്നുവന്നു് സമാധാനപ്പെടുത്തും. യാത്രയ്ക്കു വേണ്ടുന്ന ഒരുക്കം ചെയ്തതും അമ്മുക്കുട്ടി തന്നെ ആയിരുന്നു. മാധവൻെറ കുണ്ഠിതത്തിനുള്ള കാരണം എന്തെന്നു അവൾ മാത്രമേ ഗ്രഹിച്ചിരുന്നുള്ളു. മാധവൻ ദിവസംതോറും ചിറയ്ക്കൽ വരുന്നതുകണ്ടു്, ലക്ഷ്മിഅമ്മ എന്തൊക്കെയോ ശങ്കിച്ചു്, കമലയെ ശാസിച്ചു. അതു നിമിത്തം, മാധവൻ, പലപ്പോഴും, കമലയെ കാണാൻ സാധിക്കാതെ മടങ്ങി. ആ നാട്ടിൽ കമലയെ കൂടാതെ ജീവിക്കുന്നതിനേക്കാൾ, അന്യദിക്കിൽ പോയി പാക്കുന്നതാണു് നല്ലതെന്നും സമാധാനപ്പെട്ടു. എന്നാൽ മാധവനു് കമലയെ കണ്ടു് അവസാനയാത്ര പറയേണമെന്ന ആഗ്രഹം അടക്കാൻ വയ്യാത്ത വിധത്തിലായി.

പുറപ്പെടുന്നതിന് ഒരാഴ്ചമുമ്പ് ഉണ്ണിത്താൻ അമ്മയുടെ അടുക്കൽ ചെന്ന്, തനിക്കു നന്ദാപുരിയിൽപോയി വരേണ്ടിയിരിക്കുന്നു എന്നും; അവിടെ ചില സ്നേഹിതന്മാരെ കണ്ടു യാത്ര പറവാനുണ്ടെന്നും; താൻ പഠിച്ചുകൊണ്ടിരുന്ന കാലത്തുള്ള ചില കടങ്ങൾ വീട്ടുവാൻ കുറെ പണം ആവശ്യമുണ്ടെന്നും പറഞ്ഞു. പണം കൊടുക്കുന്ന കാര്യത്തിൽ, നാരായണി അമ്മയ്ക്കു കുറെ മടിയുണ്ടായിരുന്നു. എന്നാൽ മകൻ ഉദ്യോഗമായി പുറനാട്ടിലേക്കു പോവുന്ന സ്ഥിതിക്ക്, കടങ്ങൾ തീർത്തു പൊയ്ക്കൊള്ളട്ടെ എന്നു സമാധാനപ്പെട്ട്, പണം കൊടുത്തു പറഞ്ഞയച്ചു. അമ്മുക്കുട്ടിയോടു യാത്രപറവാൻ ചെന്നപ്പോൾ, അവൾ, ചോദിച്ചു:—"മാധവ! ഈ കളവൊന്നും എന്നോടു പറഞ്ഞു പിടിപ്പിക്കേണ്ട. നീ എവിടേക്കാണു പോവുന്നതെന്നും, എന്തിനായിട്ടു പോവുന്നു എന്നും, ഞാൻ ഊഹിച്ചു. ഞാൻ കുറ്റംപറകയല്ലേ! ഞാനായിരുന്നാലും ഇങ്ങനെ ചെയ്യുമായിരിക്കാം. പക്ഷേ, നീ വെറുതേ ക്ലേശിച്ചിട്ടു പ്രയോജനമില്ലെന്നേ പറയുന്നുള്ളൂ. നിന്റെ ഈ യാത്ര കൊണ്ടെന്തു ഫലം?"

മാ. ഉ:—ജ്യേഷ്ഠത്തി എന്നെ ദ്വേഷ്യപ്പെടേണ്ടാ. എനിക്കവളെ ഒന്നു കാണേണ്ടിയിരിക്കുന്നു. ഒരു കാര്യം ചോദിച്ചറിവാനുണ്ട്. അല്ലാതെ ഈ നാടുവിട്ടു പോവാൻ എന്നാൽ സാധിക്കില്ല.

അമ്മു:—എന്താണ് ചോദിച്ചറിവാനുള്ളത്?

മാ. ഉ:—അതറിഞ്ഞിട്ടെന്തുവേണം?

അമ്മു:—അന്യനൊരുവനായിരുന്നാൽ, ഞാൻ അറിയേണ്ട ആവശ്യമില്ല; എന്റെ സഹോദരനാണല്ലോ; അതുകൊണ്ട് അറിഞ്ഞിരുന്നാൽ നന്ന്. മാധവാ, എന്നോടൊന്നും മറച്ചു വയ്ക്കണമെന്നില്ല. എനിക്കു നിന്നോടു വളരെ അനുകമ്പയുണ്ട്. നിന്നെക്കരുതി കാത്തിരിക്കുമോ എന്നല്ലേ കമലയോടു ചോദിക്കാനുള്ളത്?

മാ. ഉ:—എനിക്കിഷ്ടമുള്ളതു ചോദിച്ചറിയും. നിങ്ങളുടെ ഒക്കെ അനുവാദം വേണമോ?

അമ്മു:—തന്നത്താനെ ഭോഷനാകുവാൻ ആരുടേയും അനുവാദം വേണ്ട. എന്നോടു കോപിക്കരുതേ! സൗന്ദൎയ്യം കണ്ടുഭ്രമിച്ച് കുണ്ടിൽ ചെന്നു ചാടുക, ഈ തറവാട്ടിലെ പുരുഷന്മാൎക്ക് പാരമ്പൎയ്യത്തിലുള്ള സ്വഭാവമാണ്. കമലയുടെ വാക്കിനെ വിശ്വസിച്ചു നീ അബദ്ധനാകേണ്ട. അവൾ നിന്നെ ചതിക്കുമെന്നല്ല ഞാൻ പറയുന്നതിൻെറ അൎത്ഥം. അവൾക്കു സ്വാതന്ത്ര്യമില്ലെന്ന സംഗതി നീ നല്ലവണ്ണം ചിന്തിക്കണം. നീ പോയി ആറുമാസം കഴിയുംമുമ്പ്, അവളുടെ ആളുകൾ അവളെ മറെറാരാളെക്കൊണ്ടു സംബന്ധം ചെയ്യിക്കും. ആരാണോ അധികം പണക്കാരൻ, അയാൾക്കു കൊടുക്കും. അവളുടെ ആളുകൾ പണത്തിനു അത്യാഗ്രഹക്കാരാണ്.

മാ. ഉ:—അക്കാൎയ്യം കളയൂ. വേറെ വല്ലതും പറവാനുണ്ടോ? ഞാൻ പോവുന്നു.

അമ്മുക്കുട്ടിയുടെ ഒടുവിലത്തെ വാക്കുകളെ ഉണ്ണിത്താൻ തല്ക്കാലം വകവച്ചില്ലെങ്കിലും, അവ അയാളുടെ മനസ്സിൽ നിന്നു വിട്ടുപോയതേ ഇല്ല. മറന്നുകളവാൻ എത്രതന്നെ ശ്രമിച്ചിട്ടും, സാധ്യമായില്ല. പിറെറ ദിവസം നന്ദപുരിയിൽ എത്തി കമലയുടെ അരികത്തു നില്ക്കുമ്പോൾ കൂടെയും, ആ വാക്കുകൾ ഉണ്ണിത്താൻെറ ചെവിട്ടിൽ മുഴങ്ങുന്നപോലെ തോന്നി.

യാത്ര പറവാൻ വരുന്നുണ്ടെന്നുള്ള വിവരം, ഉണ്ണിത്താൻ കമലയ്ക്കു് എഴുതിയിരുന്നു. കമല ഉണ്ണിത്താനെ പ്രതീക്ഷിച്ചിരുന്നു; എന്നാൽ അച്ഛൻ അറിവാനിടയായാൽ ഉണ്ടായേക്കാവുന്ന ശിക്ഷയെ ഓൎത്തു ഭയപ്പെട്ടു വിറച്ചുകൊണ്ടിരുന്നു. ഭാഗ്യവശാൽ, ഉണ്ണിത്താൻ ചെന്നപ്പോൾ, കമല

ഷപിള്ള പുറത്തു പോയിരിക്കയായിരുന്നു. കമല തന്റെ കമിതാവിനെ അച്ഛന്റെ ആപ്പീസുമുറിയിൽ കൊണ്ടിരുത്തി.

മാ. ഉ:—കമലേ! കമലയെ കാണ്മാൻ തരമാകയില്ലെന്നു വിചാരിച്ചു ഞാൻ വ്യസനിച്ചു.

കമല:—എനിക്കും ഭയമുണ്ടായിരുന്നു. അച്ഛനുള്ളപ്പോൾ വരാത്തതു ഭാഗ്യമായി. ഏറെ നേരം താമസിക്കാൻ തരമില്ല; അച്ഛൻ ഉടൻ വന്നേക്കും.

മാ. ഉ:—ഏറെ നേരം ഇരിക്കയില്ല. ഇനി ഒരിക്കൽ വന്നു ഞാൻ കമലയെ ബുദ്ധിമുട്ടിക്കയുമില്ല. ഞാൻ മതിരാശിക്കു പോകയല്ലേ? ഇനി എന്നു മടങ്ങാൻ സാധിക്കുമെന്നു ആരറിഞ്ഞു? മടങ്ങിവരുന്നതുതന്നെ സംശയം. എന്നാൽ കമലയെക്കണ്ടു യാത്രപറയാതെ പോകാൻ എനിക്കു ധൈര്യമില്ല.

കമല:—എന്നെ കാണാതെ പൊയ്ക്കളയുമോ എന്നു ഞാൻ ശങ്കിച്ചിരുന്നു. പോയിരുന്നുവെങ്കിൽ കഷ്ടംതന്നെ! എത്ര കഷ്ടമായിപ്പോയേനെ!

മാ. ഉ:—കമല വ്യസനിക്കുമായിരുന്നോ?

കമല:—വളരെ വ്യസനിക്കുമായിരുന്നു.

മാ. ഉ:—പക്ഷേ ആ വ്യസനം വേഗം മാറും; എന്നെ മറക്കയും ചെയ്യും.

കമല:—ഞാൻ ഒരു കാലത്തും മറക്കുകയില്ല; മറക്കാൻ സാദ്ധ്യവുമല്ല.

മാ. ഉ:—കമലേ! ഇപ്പറയുന്നതു വാസ്തവമാണോ? കമല എന്നെ ഒരിക്കലും മറക്കില്ലേ?

കമല:—ഒരിക്കലും മറക്കില്ല.

മാ. ഉ:—സത്യം ചെയ്യാമോ?. കമല എനിക്കു വാക്കു തരുന്നതായാൽ, എനിക്കു ഇവിടം വിട്ടുപോവുക സങ്കടമായി തോന്നുകയില്ല. പണി എടുത്തു പണം സമ്പാദിക്കുവാൻ പ്രത്യേകം ഉത്സാഹത്തിനു അതു കാരണവുമാവും. എന്തുതന്നെ പ്രതിബന്ധങ്ങൾ നേരിട്ടാലും, എനിക്കു കമലയെ കിട്ടുമെന്നു് ഉറപ്പുണ്ടായിരുന്നാൽ മതി, ഞാൻ എന്തും സഹിക്കാം.

കമല കണ്ണുനീർ വാൎത്തുകൊണ്ടു് ഉണ്ണിത്താന്റെ വലതുകൈ പിടിച്ചു സത്യം ചെയ്വാൻ ഒരുമ്പെട്ടു. എന്നാൽ സംസാരിക്കാൻ ശക്തിയില്ലാഞ്ഞു്, അവൾ അശ്രുക്കളെക്കൊണ്ടു് ആ കൈയെ കുളിപ്പിച്ചതല്ലാതെ യാതൊന്നും പറഞ്ഞില്ല; പറവാൻ ഉണ്ണിത്താൻ നിൎബ്ബന്ധിച്ചതുമില്ല. അമ്മു തന്നോടു പറഞ്ഞ അവസാനവാക്കുകളെ മാധവൻ ആ ഘട്ടത്തിൽ വ്യക്തമായി ഓൎമ്മിച്ചു. കമല സത്യം ചെയ്തിട്ടെന്തുഫലം? അവൾക്കു സ്വാതന്ത്ര്യമുണ്ടോ? ആറുമാസം കഴിയുമ്മുമ്പ് ധനവാന്മാൎക്കാൎക്കെങ്കിലും അവളുടെ ആളുകൾ അവളെ വില്ക്കുകയില്ലേ? ഈ ഓൎമ്മയാൽ ഭഗ്നാശയനായി ചോദിച്ചു:—“കമലേ, കമലയുടെ അച്ഛന്നും വലിയമ്മെക്കും ഇതു് ഹിതമായിരിക്കയില്ലല്ലോ. ഞാൻ പോയാൽ അവർ കമലയെ നിൎബ്ബന്ധിച്ചു് സംബന്ധം ചെയ്യിക്കയില്ലേ? ഞാൻ മടങ്ങിവരുമ്പോൾ, കമല ഒരു അമ്മയായി കുഞ്ഞുകുട്ടികളുമായിരിക്കും.”

കമല:—അവരുടെ നിൎബ്ബന്ധത്തിനു കീഴടങ്ങുന്നതിനേക്കാൾ, മരിക്കുവാൻ എത്രയോ എളുപ്പം!

മാ. ഉ:—കമലയെ ധൈൎയ്യപ്പെടുത്താൻ ഞാൻ അടുക്കലുണ്ടെങ്കിൽ വേണ്ടില്ല. സ്വതന്ത്രയല്ലാത്ത കമലയെ ഈവിധം വിട്ടിട്ടു് ഞാൻ എങ്ങിനെ പോവും?

ആ സമയം മണി പതിനൊന്നടിച്ചു; കമല ഞെട്ടിക്കൊണ്ടു പറഞ്ഞു: “ഇനി പോവുക. അച്ഛൻ ഇപ്പോൾ വരും. വന്നുകണ്ടാൽ അബദ്ധമാണ്.”

മാ. ഉ:—എന്നാൽ നാളെയും വരാൻ അനുവദിക്കണം. അച്ഛൻ ഇല്ലാത്ത സമയം എപ്പോഴാണ്?

കമല:—നിശ്ചയം പറവാൻ പാടില്ല. തരമാവുമെന്നു തോന്നുന്നില്ല.

മാ. ഉ:—മനസ്സുണ്ടെങ്കിൽ മാൎഗ്ഗവുമുണ്ടാകും. ഞാൻ അടുത്തുള്ള ബ്രാഹ്മണ ‘ഹോട്ടലിൽ’ ഉണ്ടാകും. കമല സമയം നോക്കി ആളയയ്ക്കുക

കമല സമ്മതിച്ചു. ആ കാമിനീകാമുകന്മാർ ദയനീയ മാംവണ്ണം ദീൎഘനിശ്വാസം ചെയ്തു പിരിഞ്ഞു.

രണ്ടു ദിവസങ്ങൾക്കുള്ളിൽ മടങ്ങി എത്താമെന്നായിരുന്നു, മാധവനുണ്ണിത്താൻ നാരായണിഅമ്മയോട് പറഞ്ഞു പോന്നത്. ദിവസം മൂന്നു, നാല്, അഞ്ച് കഴിഞ്ഞു; എന്നിട്ടും മാധവൻ മടങ്ങീട്ടില്ല. യാത്രയ്ക്കു വേണ്ടുന്ന ഒരുക്കങ്ങൾ ഒക്കെയായി. പുറപ്പെടാൻ ദിവസവും സമീപിച്ചു. ഇനിയും നോക്കിയിരിക്കാൻ പാടില്ലെന്നു വിചാരിച്ചു, നാരായണിഅമ്മ നന്ദപുരിയിലേക്കു ഒരു കമ്പി അയച്ചു. മാധവൻ നന്ദപുരിയിൽ ചെന്നാൽ, സാധാരണമായി താമസിക്കാറുള്ളത്, അവൻ പഠിച്ചിരുന്ന പാഠശാലയിലെ ഒരദ്ധ്യാപകന്റെ വീട്ടിലാണ്. ഇക്കുറിയും അവിടെ താമസിക്കുമെന്നു പറഞ്ഞിട്ടായിരുന്നു പോയത്. ആ അദ്ധ്യാപകന്റെ പേൎക്കായിരുന്നു കമ്പി. മാധവൻ അവിടെ ഉണ്ടായിരിക്കയില്ലെന്നു അമ്മുക്കുട്ടിക്കറിയാമായിരുന്നു; എന്നിട്ടും കമ്പി അയയ്ക്കുന്ന കാൎയ്യത്തിൽ അവൾ വിരോധം പറഞ്ഞില്ല.

അന്നു വൈകുന്നേരം തന്നെ മറുവടിക്കമ്പിയും വന്നു. ലക്കോട്ടു പൊളിച്ചു നോക്കുംമുമ്പു തന്നെ, മറുപടി എന്തായിരിക്കുമെന്നു അമ്മു ഊഹിച്ചിരുന്നു. എങ്കിലും അവൾ ലക്കോട്ടിനെ അമ്മയുടെ അടുക്കൽ കൊണ്ടുപോയി പൊളിച്ചു വായിച്ചു. "ഇവിടെ ഇല്ല; ഞാൻ കണ്ടതുമില്ല" എന്നായിരുന്നു മറുവടി. അമ്മുക്കുട്ടി ഒരു മന്ദഹാസമിളകിയതിനെ ശ്രമപ്പെട്ടു ഉള്ളിലടക്കി. നാരായണിഅമ്മ പരിഭ്രമിച്ചുകൊണ്ടു ചോദിച്ചു:—"എന്തു! അവിടെ ചെന്നിട്ടില്ലേ?"

അമ്മു:—കമ്പി മാറിപ്പോയോ എന്തോ! പേരൊന്നും പറഞ്ഞു കാണുന്നില്ലല്ലോ.

നാം. അ:—മാറിപ്പോകുന്നതെങ്ങിനെ? അവൻ മറെറങ്ങാനും പോയിരിക്കും. എന്നെ പറഞ്ഞു ചതിച്ചു.

അമ്മു:—ഇല്ലമ്മേ! എന്തോ തെററിയിരിക്കും.

നാ. അ:—അതേ തെററു തന്നെ; എൻെറ തെററ്. അവൻ പറഞ്ഞതു വിശ്വസിച്ചു ഞാൻ പണവും കടം വാങ്ങി കൊടുത്തയച്ചില്ലേ? കടം തീക്കാനെന്നു പറഞ്ഞതു വെറും നുണയാണ്. വേറെ വല്ല ചെലവിനും ആയിരിക്കും. നീ എന്തിനു് ഈ ഭാവം നടിക്കുന്നു. നീയും അറിഞ്ഞിരിക്കും. അവൻെറ രഹസ്യങ്ങൾ ഒക്കെ നിനക്കറിയാമല്ലൊ.

അമ്മു നമ്രമുഖിയായി നിന്നു. അവൾ കുററക്കാരിയാണെന്നു് അവൾക്കു ബോധമുണ്ടു; എന്നാൽ ഏററുപറവാൻ അവൾ അപ്പോൾ ഒരുക്കമായിരുന്നില്ല. വിശേഷിച്ചും, മാധവനു പണത്തിനെന്താവശ്യമെന്നു് അവൾക്കു മനസ്സിലായില്ല; ഊഹിക്കാൻ കഴിഞ്ഞതുമില്ല.

അമ്മു:—പണത്തിൻെറ കാൎയ്യമൊന്നും അവൻ എന്നോടു പറഞ്ഞില്ലല്ലൊ. വല്ല സ്നേഹിതന്മാരെയും കാണ്മാൻ എവിടെയോ പോയിരിക്കും. ഇന്നൊ, നാളയൊ വന്നു ചേരും. എന്തിനു പരിഭ്രമിക്കുന്നു? കമ്പി അയച്ചു നാടൊക്കെ ഈ വൎത്തമാനം പരത്തുന്നതു കുറച്ചിലല്ലയൊ? അവൻ ചെറിയ കുട്ടിയൊ? കൈവിട്ടു പോകുമോ? മരിരാശിക്കു പോവുമ്പോഴൊ? അപ്പോളൊക്കെ അവൻെറ പിറകെ കമ്പി അയച്ചു കൊണ്ടിരിക്കാനാണോ ഭാവം.

നാ. അ:—മതി, മതി; അധികം പ്രസംഗിക്കണമെന്നില്ല. അവനെ താന്തോന്നിയാക്കുന്നതൊക്കെ നീയാണ്; സംശയമില്ല. അവൻ ഇപ്പോൾ എവിടെയാണെന്നും നിനക്കറിയാം.

ഇതിനു മറുവടി ഒന്നും പറയാതെ അമ്മുക്കുട്ടി മറഞ്ഞു. മാധവൻ എവിടെയാണെന്നു, വാസ്തവത്തിൽ, അവൾക്കറിയാമായിരുന്നു എന്നാൽ മടങ്ങി വരുന്നതിനുള്ള ഈ കാലവിളംബത്തിൻെറ കാരണം ഊഹിപ്പാൻകൂടി അവൾക്കു കഴിഞ്ഞില്ല.

## അദ്ധ്യായം, ൧൭.

### ദുൎഘടസ്ഥിതി.

അന്നു രാത്രി, നാരായണി അമ്മെക്കു് ഉറക്കം ഉണ്ടായില്ല; മാധവൻ വല്ല അബദ്ധത്തിലും ചാടിയിരിക്കുമോ എന്നു്, അമ്മെക്കു് സംശയമായി; പോലീസുകാർ അവന്റെ നടവടികളെ ഉറ്റുനോക്കുന്നുണ്ടെന്നുള്ള കഥ ഓൎമ്മയിൽ വന്നപ്പോൾ, ഭയം ഇരട്ടിച്ചു. തന്റെ മകൻ കൈയിലും കാലിലും വിലങ്ങിട്ടു കിലുക്കി, ജേൽ വസ്ത്രങ്ങളും ധരിച്ചു്, തലയിൽ കൂട്ടയും വെച്ചു മണ്ണു ചുമന്നു നടക്കുന്നതായ രൂപം തന്റെ മുമ്പിൽ കാണുന്നതായി, നാരായണിഅമ്മെക്കു തോന്നി. ഒരു പ്രാവശ്യത്തേക്കു് അവനെ തന്റെ അടുക്കലേക്കയച്ചുതരുന്നതിന്നായി, ആ സ്ത്രീ തന്റെ പരദൈവതങ്ങളുടെ സഹായത്തെ അൎത്ഥിച്ചു. അവൻ മടങ്ങിവന്നാൽ ഉടൻ തന്നെ, അവനെ കൃഷ്ണക്കുറുപ്പിന്റെ കൈക്കൽ ഏല്പിക്കയും, മേലാൽ ആപത്തിൽ പെടാതെ കാത്തുകൊള്ളുന്നതിന്നു് അയാളോടു തൊഴുതപേക്ഷിക്കയും കൂടെ ചെയ്യാമെന്നായിരുന്നു, നാരായണിഅമ്മ തീൎച്ചയാക്കിയതു്. കുറുപ്പു മാധവനെ ഭരമേല്ക്കുന്നപക്ഷം, അയാൾക്കു അമ്മുവിനെ സംബന്ധം ചെയ്തുകൊടുക്കുന്നതിന്നുപോലും തനിക്കു വിരോധമുണ്ടാകയില്ലെന്നു നാരായണിഅമ്മ സമാധാനപ്പെട്ടു.

പുലച്ചയായതുമുതൽ, നാരാണിഅമ്മ നാലുകെട്ടിന്റെ പുറത്തേക്കോലായിൽ ചെന്നു്, പാതയിലേക്കു നോക്കിക്കൊണ്ടുനിന്നു. ഒരു പത്തുനാഴികപുലൎന്നപ്പോൾ, അകലെയായി, ഇരച്ചുകൊണ്ടൊരു ശബ്ദം കേട്ടു. എന്താണെന്നറിവാനായി, നാരായണിഅമ്മ, അമ്മുവിനെ പറഞ്ഞയച്ചു. അവൾ പടിക്കൽ പോയി നോക്കി; അകലേ നിന്നു് ഒരു കുതിരവണ്ടി പാഞ്ഞുവരുന്നുണ്ടായിരുന്നു. താമരശ്ശേരിയിലേക്കു് ആരോ വിരുന്നുകാർ വരുന്നതായിരിക്കാമെന്നു വിചാരിച്ചു് അവൾ അ

കത്തേക്കു പോയി, അമ്മയെ വിവരം ഗ്രഹിപ്പിച്ചു. ദരിദ്രനായ തൻെറ സഹോദരൻ കുതിരവണ്ടിയിൽ വയറി വരുമെന്നു്, അവരം സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. വണ്ടിയുടെ ശബ്ദം ക്രമേണ അധികം വ്യക്തമായി കേട്ടുതുടങ്ങി. വണ്ടിക്കുള്ളിലിരിക്കുന്ന ആളുകളെ കാണ്മാനുള്ള കൌതുകത്താൽ, അമ്മുക്കുട്ടി, പുറത്തേക്കു നോക്കിക്കൊണ്ടു്, തന്നെ ആരും കാണാത്തവിധത്തിൽ, വേലിക്കരികെ ഒതുങ്ങിനിന്നു. വണ്ടി ഒടി വന്നു തോരണത്തു പടിക്കൽ നില്ക്കുയായി. വണ്ടിയിൽ പൊടി അടിഞ്ഞിരിക്കുന്നതും, കുതിരകരം വിയൎത്തൊലിച്ചിരിക്കുന്നതും കണ്ടാൽ, കുറെ അകലെ നിന്നു വരുന്നതാണെന്നൂഹിക്കാം. വണ്ടി നിന്ന ഉടൻ, ഒരാരം വാതൽ തുറന്നു താഴെത്തിറങ്ങി, മററൊരാളെ കൈക്കു പിടിച്ചു് ഇറക്കി. അമ്മു കുറെ നേരം അത്ഭുതപരവശയായി സ്തംഭിച്ചു നിന്നുപോയി. നാരായണി അമ്മ കോലായിൽ നില്ക്കുന്നതു കണ്ടു, "അമ്മേ! അമ്മേ" എന്നു സന്തോഷത്തോടെ വിളിച്ചുംകൊണ്ടു കമലയോടൊരുമിച്ചു, മാധവനുണ്ണിത്താൻ അകത്തേക്കു ചെന്നു.

നാരായണിഅമ്മയ്ക്കു്, തൻെറ കണ്ണുകരം തന്നെ വഞ്ചിക്കുന്നതായി തോന്നി. കമല ആ സന്ദൎഭത്തിൽ ആ വിധം അവിടെ ചെന്നതിനൻെറ കാരണം, നാരായണിഅമ്മയ്ക്കു മനസ്സിലായില്ല; "എവിടെയായിരുന്നു ഇത്രനാളും? എൻെറ അനുവാദംകൂടാതെ എവിടെപോയി താമസിച്ചു?"—എന്നു മകനോടു് ഉച്ചത്തിൽ ചോദിച്ചു.

മാ:—അമ്മേ! കമലയെ എന്നോടുകൂടെ കൊണ്ടുപോരാൻ വേണ്ടിയാണു ഞാൻ താമസിച്ചതു്. ഇന്നലെ രാത്രി ഞാൻ അവളെ സംബന്ധം ചെയ്തു.

"സംബന്ധം ചെയ്തു!"

നാരായണിഅമ്മയുടെ മുഖം കോപംകൊണ്ടു് അരുണ

മായി. കൈകൾ നിശ്ചലങ്ങളായി, ലംബങ്ങളായിത്തീൎന്നു; പെട്ടെന്നു അട്ടഹാസമിട്ടു ചോദിച്ചു:—

"സംബന്ധംചെയ്തു?"

മാ:—അമ്മേ, ഇന്നലെ രാത്രി, അവളുടെ അച്ഛൻ അവളെ എനിക്കു സംബന്ധം ചെയ്തുതന്നു. ഞാൻ ഈ ക്രിയ നടത്താതെ മദിരാശിക്കു പോയാൽ, മടങ്ങി വരുംമുമ്പ്, അമ്മായി അവളെ മററാൎക്കെങ്കിലും കൊടുക്കും. അങ്ങിനെ വരാതിരിപ്പാൻവേണ്ടി, ഞാൻ ഇപ്പോൾതന്നെ സംബന്ധം നടത്തിക്കളയാമെന്നു നിശ്ചയിച്ചു. അവളുടെ അച്ഛനു പൂൎണ്ണസമ്മതമായിരുന്നു. അമ്മായി അവിടെ ഉണ്ടായിരുന്നില്ല; ചിറയ്ക്കലാണു്. അവരെ അറിയിച്ചതുഃപാലുമില്ല.

ഇങ്ങനെ സന്തോഷത്താൽ ശ്വാസംമുട്ടിപ്പറഞ്ഞുംകൊണ്ടു്, മാധവൻ കമലയെ കോലായിൽ അമ്മയുടെ അരികെ കയററിനിൎത്തി. ലജ്ജിച്ചു മുഖംതാഴ്ത്തി നിന്നിരുന്ന കമല, വന്ദിക്കാനായി തല പൊക്കിയപ്പോൾ, നാരായണിഅമ്മയുടെ മുഖത്തുള്ള രോഷവും ക്രൂരനോട്ടങ്ങളും കണ്ടു പരിഭ്രമിച്ചു പിന്നാക്കം ഇറങ്ങി.

നാ:—സംബന്ധംചെയ്തു? അല്ലേ? ഈ പെവിടിശ്ശിയെ.......

ഈ അപവാദം കേട്ടു് കമലയുടെ ദേഹം രോമാഞ്ചം പൂണ്ടു.

നാ:—(ഹാസ്യത്തിൽ)—അമ്മായിയെ അറിയിച്ചില്ല. മിടുക്കതന്നെ. ഇങ്ങനെ മിടുക്കു് ചിറയ്ക്കൽ തറവാട്ടുകാൎക്കുണ്ടെന്നു ഞാൻ പണ്ടേ അറിഞ്ഞിട്ടുണ്ടു്.

മാ:—അമ്മേ, അമ്മ തെററിദ്ധരിക്കേണ്ട. എന്റെ നിൎബ്ബന്ധത്താലാണു കമല ഇതിന്നനുവദിച്ചതു്; അവളെ കുററം പറയരുതേ. അവളെ അമ്മയെ ഏല്പിച്ചിട്ടു പോയാൽ എനിക്കു സമാധാനമുണ്ടു്.

നാ:—മതി-മതി. ഏറെപ്പറഞ്ഞിട്ടു കാൎയ്യമില്ല. പൊയ്ക്കോ. അവളെ ചിറയ്ക്കലോ, എവിടെയെങ്കിലും കൊണ്ടു തൊല

ഞ്ഞോ. ഈ വീട്ടിൽ കടത്തുകയില്ല. വേഗം കൊണ്ടുപൊ
യ്ക്കോ, അതാണ് നല്ലത്.

മാ: — അമ്മേ, അമ്മ മുൻവിചാരംകൂടാതെ സംസാരിക്കേണ്ടാ.
അവൾ ഇവിടെ താമസിക്കുന്നതാണ് എനിക്കു സമ്മതം.

നാരായണിഅമ്മയ്ക്കു കോപം വർദ്ധിച്ചു; മുഖം തുടുക്ക
യും, കണ്ണുകൾ ജ്വലിക്കയും, അധരം വിറയ്ക്കയും ചെയ്തു. സം
സാരിക്കാൻ ശക്തയല്ലാതെ, മകന്ന് പടിവാതൽ ചൂണ്ടിക്കാ
ണിച്ചു.

മാ: — അമ്മേ, എന്റെ അമ്മേ, കമലയെ അമ്മ അറിക.....

മകന്റെ സമാധാനം മുഴുവനാക്കാൻ സമ്മതിക്കാതെ,
നാരായണിഅമ്മ ഉറക്കെപ്പറഞ്ഞു: — "കൊണ്ടുപോകുന്നോ,
വാല്യക്കാരനെക്കൊണ്ടു ഞാൻ അവളെ പിടിച്ചു പുറത്താക്ക
ട്ടെയോ? വന്നവഴിക്കു പൊയ്ക്കോ. പുത്രിയോ വലിയ തംപാട്ടി
നെ നശിപ്പിക്കാൻ ഇവളുടെ വലിയമ്മയ്ക്കു ഏതും പ്രയാസ
മായിരുന്നില്ല. കേറിക്കിടക്കുന്ന ഈ കൂര ഒന്നേ ഉള്ളൂ. അതി
നെയും നശിപ്പിക്കാനാണ് ഇവളുടെ പുറപ്പാട്. എന്റെ ജ
ന്മത്ത് അതു സാധിക്കില്ല. — "

മാ: — അമ്മേ ഓർമ്മയ്ക്കു തെററിപ്പോയി. ഇവളുടെ സ്വഭാവം
അമ്മ അറിഞ്ഞിട്ടില്ല. ഇവൾക്കു ഇവിടെ വന്നു അമ്മയെ
ബുദ്ധിമുട്ടിക്കുന്നതു തീരെ സമ്മതമായിരുന്നില്ല. ചിറയ്ക്കൽ
താമസിച്ചുകൊള്ളാമെന്നായിരുന്നു പറഞ്ഞത്. ഞാൻ നി
ർബ്ബന്ധിച്ചിട്ടായിരുന്നു കൂടെപ്പോന്നത്. അമ്മ ഇങ്ങനെ ക
ഠിന......

മാധവനു മുഴുവനും പറയാൻ സാധിച്ചില്ല. കോപതാ
പങ്ങളാൽ അവന്റെ തൊണ്ടയിടറിത്തുടങ്ങി. സമീപത്തു നി
ന്നിരുന്ന കമല ഭയംകൊണ്ടു വിറച്ചു നില്ക്കുവാൻ അശക്തയാ
യി. അവൾ വീഴാൻ ഭാവിക്കുന്നതുകണ്ട്, മാധവൻ തന്റെ
കൈകൊണ്ടു ദയാപൂർവ്വം അവളെ താങ്ങി. അവളുടെ
വിളറി വെളുത്ത മുഖവും, വിറയ്ക്കുന്ന അധരങ്ങളും, ആ
കെക്കൂടിയുള്ള നിസ്സഹായസ്ഥിതിയും കണ്ടപ്പോൾ ആയി

രുന്നു, അവളുടെ നേക്കു തന്റെ മാതാവു കാണിക്കുന്നഅനീതിയുടെ കാഠിന്യം മാധവന്നു മനസ്സിലായത്. പരുഷവും ആഭാസവും ആയ വാക്കുകൾ, കൂസൽകൂടാതെ, ഉച്ചത്തിൽ വിളിച്ചുപറയുന്ന ആ അമ്മയുടെ നേക്ക്, മാധവന്നു കോപം വൎദ്ധിച്ചു. അവൻ കമലയെ പിന്നിലേക്കു വലിച്ചുംകൊണ്ടു്, "എന്റെ ഭാൎയ്യയെ അവമാനിക്കാൻ അമ്മയ്ക്കു യാതൊരധികാരവും ഇല്ല. എന്നെ എന്തെങ്കിലും പറയൂ. ഇവളെപ്പററി ഇനി കരെററപാക്കു പറയാൻ പാടില്ല."—എന്നു അമ്മയോടു പറഞ്ഞു.

നാ:—അത്ര കുണ്ഠിതമാണെങ്കിൽ എന്തിനായിട്ടു് അവളെ ഇവിടെ വലിച്ചിഴച്ചുകൊണ്ടുവന്നു? എവിടെയെങ്കിലും കൊണ്ടുപൊയ്ക്കോ; ഇതിനുള്ളിൽ കടത്തുകയില്ല.

മാ:—ഇവിടെ കടക്കുകയേ വേണ്ടാ. ഞങ്ങൾ ഇതാ പോവുന്നു. ഇത്രയുമൊക്കെ കേട്ടതു പോരയോ? ഞങ്ങൾ രണ്ടാൾക്കും ഇവിടെ കടക്കണമെന്നാഗ്രഹമേയില്ല.

"കമലേ, വരൂ, നമുക്കിവിടെ നിൽക്കിട്ടാവശ്യമില്ല"—എന്നു തൊണ്ടയിടറിപ്പറഞ്ഞുംകൊണ്ടു്, മാധവനുണ്ണിത്താൻ, ഏങ്ങിക്കരയുന്ന തന്റെ ഭാൎയ്യയെ കൈക്കു പിടിച്ചു നടത്തിപുറത്തേക്കു കടന്നു. നിസ്സഹായരായ ഈ ദമ്പതിമാരെക്കണ്ടാൽ, ആൎക്കാണു് അനുകമ്പയുണ്ടാവാത്തതു്? സുകുമാരശരീരയായ ആ സാധ്വി തന്റെ പ്രിയനെ തഴുകിക്കൊണ്ടു കരയുന്ന കരച്ചൽ, ആരുടെ ഹൃദയത്തെയാണു് അലിക്കാത്തതു്? മാധവൻ അവളോടു എന്തു പറഞ്ഞിട്ടാണു് ആശ്വസിപ്പിക്കുക? അവൻ അവളോടു പ്രിയവാക്കുകൾ മന്ത്രിക്കയും, അവളുടെ കണ്ണുനീരിനെ തുടയ്ക്കുകയും ചെയ്തു. ആരെയാണു് ആ യുവാവു കുററം പറയേണ്ടതു്? തന്റെ അവിവേകം നിമിത്തമല്ലേ ആ സാധ്വി ആവിധം ദുഃഖിക്കാനിടവന്നതു്? താൻ തന്നെയല്ലേ, ബാലയായ അവളുടെ മേൽ ഈ വ്യസനഭാരം കയററിവച്ചതു്? തന്റെ കണ്ണുകളിൽനിന്നു ധാരധാരയായി പ്രവഹിച്ച കണ്ണുനീരിനെ വസ്ത്രാഗ്രത്താൽ തുടച്ചു, ഉണ്ണിത്താൻ

എന്തു വന്നാലും, മേലാൽ തന്റെ പ്രിയസ്സു ഇങ്ങിനെയൊരു ദുഃഖം സംഭവിക്കാൻ താൻ സംഗതി വരുത്തുകയില്ലെന്നു ശപഥം ചെയ്തുകൊണ്ടു് അവളെ കൈക്കു പിടിച്ചു ബദ്ധപ്പെട്ടു നടന്നുതുടങ്ങി. പടിയിറങ്ങി, ഇടവഴിയിൽ കൂടെയായിരുന്നു അവർ പോയതു്. ആ നിന്ദ്യസ്ഥലത്തെ വിട്ടു പോകേണമെന്നല്ലാതെ, എവിടെയ്ക്കാണു പോവേണ്ടതെന്നു അവർ അറിഞ്ഞിരുന്നില്ല. കുറെ നടന്നപ്പോൾ, ഒരു സംഗതി ഉണ്ണിത്താന്നു് ഓൎമ്മവന്നു: കൈയിൽ കാശില്ലല്ലൊ! എന്താണു് ചെയ്ക? വണ്ടിക്കാരന്നു് കൂലികൊടുത്തു, വെറും പണസഞ്ചിയല്ലേ താൻ കുപ്പായക്കീശയിൽ ഇട്ടതു്? വണ്ടിയും തിരികെപ്പോയി. ഇനി എവിടെക്കാണു പോവേണ്ടതു്?

ഈ സംഗതികൾ ഓൎമ്മവന്നപ്പോൾ, മാധവനു തന്റെ നിലയില്ലാഴ്കയെപ്പററി ആലോചിച്ചു തലതിരിയാൻ തുടങ്ങി. നടക്കാനോ, സംസാരിക്കാൻപോലുമോ ശക്തനല്ലാതെ, അവൻ ഇടവഴിയിൽനിന്നു സങ്കടപ്പെടുമ്പോൾ, അമ്മുക്കുട്ടി അവിടെ എത്തി.

"മാധവാ, പോവരുതു്! നിന്റെ വീടല്ലേ ഇതു്? നിന്നെ തടയാൻ ആൎക്കധികാരം?"—എന്നു അവന്റെ കൈക്കു പിടിച്ചു വലിച്ചുകൊണ്ടു്, അവൾ പറഞ്ഞു.

മാധവനും കമലയും അകത്തു പോവുന്നസമയം, അമ്മുക്കുട്ടി വേലിക്കരികെത്തന്നെ നില്ക്കുകയായിരുന്നു. അമ്മയുടെ ക്രൂരനോട്ടങ്ങളും, കോപവാക്കുകളും, അട്ടഹാസങ്ങളും, എല്ലാം അവൾ കാണുകയും കേൾക്കുകയും ചെയ്തു. ആ സാധുക്കളായ ദമ്പതിമാരുടെ പേരിൽ അവൾക്കു് അനുകമ്പയും; അമ്മയുടെ ദുസ്സ്വഭാവത്തെപ്പററി ലജ്ജയും കോപവും ജനിച്ചിരുന്നു. എന്നാൽ, കോപംകൊണ്ടു മതിമറന്നു പ്രവൎത്തിക്കുന്ന അമ്മയുടെ അടുക്കൽ മാദ്ധ്യസ്ഥ്യത്തിനു ചെല്ലാൻ അവൾക്കു ധൈൎയ്യമുണ്ടായില്ല. കമലയുടെ മുമ്പിൽവച്ചു്, അമ്മ തന്നെയും അവമാനിക്കാൻ മടിക്കില്ല എന്നു്, അവൾ നല്ലവണ്ണം അറിഞ്ഞിരുന്നു. അതിനാലായിരുന്നു, അവൾ വേലിക്കരി

കെത്തന്നെ നിന്നതു്. മാധവൻ കമലയേയും കൂട്ടിക്കൊണ്ടു പുറത്തു പോവുന്നതു കണ്ടപ്പോൾ, അവൾക്കു വ്യസനം അസഹ്യമായി തീൎന്നു. എന്താണു ചെയ്യേണ്ടതെന്നറിയാതെ, കുറെനേരം സ്തബ്ധയായി നിന്നശേഷം, അവളും അവരുടെ പിന്നാലെ പുറമെയിറങ്ങി. "നീയെവിടേക്കു പോകുന്നു?"—എന്നു നാരായണി അമ്മ അവളോടു ഉച്ചത്തിൽ വിളിച്ചു ചോദിച്ചു. എന്നാൽ അവൾ ഉത്തരം പറകയോ, തിരിഞ്ഞുനോക്കുകയോ ചെയ്യാതെ, ഇടവഴിയിൽ ഇറങ്ങി നടന്നു.

"കമലേ, വരൂ, നമുക്കു വീട്ടിലേക്കുപോവാം; മാധവാ, അവളെ വീട്ടിലേക്കു കൂട്ടിച്ചു കൊണ്ടുവാ"—എന്നു അവൾ വീണ്ടും പറഞ്ഞു.

മാ:—വീടൊ? അതെന്റെ വീടല്ല. ഞാൻ അതിനുള്ളിൽ കാലെടുത്തു ചവുട്ടുകയില്ല. അമ്മ പറഞ്ഞതൊന്നും കേട്ടില്ലയോ? ഈ വാക്കുകൾ കമലയോടു പറവാൻ തോന്നിയല്ലോ!————

അ:—അമ്മ ആലോചന കൂടാതെപറഞ്ഞതാണ്. അമ്മയുടെ മുൻകോപം നിനക്കറിയരുതോ? അല്പം കഴിഞ്ഞു കോപം തണുത്താൽ പശ്ചാത്തപിക്കാതിരിക്കയില്ല.

മാ:—പശ്ചാത്തപിച്ചതുകൊണ്ടു് ഒരു പ്രയോജനവുമില്ല. എന്നെ തോന്നുമ്പോൾ ആട്ടി പുറത്താക്കാനും, കുറെക്കഴിയുമ്പോൾ തിരികെ വിളിപ്പാനും, ഞാൻ നായോ മറേറാ ആണൊ? ഇജ്ജന്മം ഞാൻ അതിനുള്ളിൽ കാലെടുത്തു ചവുട്ടുകയില്ലെന്നു പോയി പറഞ്ഞേക്കു.

അ:—വേണ്ടാ മാധവ ക്ഷമിക്കു്. ദൂരദിക്കിലേക്കു പുറപ്പെടുന്ന ഈ അവസരത്തിൽ————

അമ്മുക്കുട്ടിക്കു തന്റെ വ്യസനത്തെ അടക്കാൻ സാധിച്ചില്ല; അവളും കരഞ്ഞുതുടങ്ങി. അവർ മൂന്നാളും ഇങ്ങനെ പരിതപിച്ചുകൊണ്ടു നില്ക്കുന്ന അവസരത്തിൽ, ഒരു ഒററക്കാളവണ്ടി ആ ഇടവഴിയിൽ കൂടെ കടന്നുവന്നു

കൃഷ്ണക്കുറുപ്പു തനിയെ വണ്ടി തെളിച്ചുംകൊണ്ടു ബദ്ധപ്പെട്ടു ഓടിച്ചു പോയിരുന്നതു നിമിത്തം, വഴിയിൽ ചിലർ നില്ക്കുന്നുണ്ടെന്നല്ലാതെ, ആരെന്നു നോക്കി മനസ്സിലാക്കിയില്ല. വണ്ടി ഇവർ നില്ക്കുന്നേടം കഴിഞ്ഞു കുറെ പോയ ശേഷം കുറുപ്പു തിരിഞ്ഞുനോക്കി; അപ്പോൾ അമ്മുക്കുട്ടിയെ കണ്ടു; മാധവനും കമലയും പിന്നിലായതുകൊണ്ടു്, ആൾ ആരെന്നു മനസ്സിലായില്ല. എന്നാൽ അമ്മുവിന്റെ നിലയും, കരിഞ്ഞിരിക്കുന്ന മുഖഭാവവും മറ്റും കണ്ടപ്പോൾ, എന്തോ വൈഷമ്യമുണ്ടെന്നു മനസ്സിലാക്കി, കുറുപ്പു വണ്ടിനിറുത്തി, വേഗത്തിൽ ചാടിയിറങ്ങി വന്നു. കുറുപ്പിനെ കണ്ടതോടുകൂടി, അവൾക്കു് 'ഇനി സകല കാര്യവും സാധിക്കും'—എന്നൊരു സമാധാനം ഉണ്ടായി. അവൾ കുറുപ്പിന്റെ സമീപത്തേക്കു ചെന്നു; മാധവനും കമലയും വഴിയരികെ മറഞ്ഞുനിന്നു.

അ:—ആവു! ഇപ്പോൾ നിങ്ങളെ കണ്ടെത്തിയതു ഭാഗ്യമായി. വല്ലാത്ത ആപത്തിൽ പെട്ടിരിക്കുന്നു. നിങ്ങൾക്കു സഹായിക്കാൻ ദയയുണ്ടായാൽ— — — —

ഇത്രയുംപറഞ്ഞു, അവൾ കൈകൾകൊണ്ടു മുഖം പൊത്തി. കുറുപ്പിനെ കാണുകയില്ലെന്നുറച്ചിട്ടു ഇത്ര വേഗം അയാളോടു സഹായം ചോദിക്കാൻ ഇടവന്നതിനെ ഓർത്തു്, അവൾ അത്യന്തം വ്യസനിച്ചു. എന്നാലും, കുറുപ്പൊഴികെ, ഈ വിഷമാവസ്ഥയിൽ തങ്ങളെ സഹായിക്കാൻ മറ്റൊരാളും ഇല്ലെന്നു നിശ്ചയമുണ്ടായിരുന്നതുകൊണ്ടു, അവൾ തന്റെ ശപഥത്തെ മറക്കുകതന്നെ എന്നു നിശ്ചയിച്ചു.

കുറുപ്പു ചോദിച്ചു:—"എന്താണിങ്ങനെ കരയുന്നതു? പറയൂ. എന്തിനാണിവിടെ നില്ക്കുന്നതു?"

അ:—വലിയൊരബദ്ധം പിണഞ്ഞിരിക്കുന്നു. നിങ്ങൾ സഹായിച്ചിട്ടില്ലെങ്കിൽ— — — —

കൃ. കു:—ഞാൻ സഹായിക്കാമല്ലോ. എന്താണു വേണ്ടതു്?

എന്താണതബദ്ധം? കരച്ചൽ മതിയാക്കൂ. എന്നിട്ടു മെല്ലെ പ്പറയൂ. ബദ്ധപ്പെടണ്ട.

അമ്മുക്കുട്ടി എല്ലാം വിവരിച്ചുപറഞ്ഞു. കുറുപ്പിനു നല്ല വിശ്വാസമായില്ല. "സംബന്ധം ചെയ്തോ? വാസ്തവത്തിൽ ക്രിയ നടന്നോ?"

അ:—നടന്നു. കമലയുടെ അച്ഛനാണ് നടത്തിച്ചു കൊടുത്തത്.

കൃ. കു:—ലക്ഷ്മി അമ്മ അറിഞ്ഞില്ലേ? എവിടെ, ഉണ്ണിത്താനെ വിളിക്കൂ, ചോദിക്കാനുണ്ട്.

അ:—അവനോടു കോപിക്കരുതേ. അമ്മയുടെ അടുക്കൽനിന്നു വേണ്ടതു കിട്ടി. അവൻ കമലയെ എത്രമാത്രം സ്നേഹിക്കുന്നു എന്നറിഞ്ഞാൽ, അവനെ ആരും കുററം പറകയില്ല. അവൻ മദിരാശിക്കു പോയാൽ അവളെ മററാക്കെങ്കിലും സംബന്ധം ചെയ്തുകൊടുത്തേക്കുമെന്നു ഭയപ്പെട്ടിട്ടാണ് ഇപ്പോൾ ഈ ക്രിയ നടത്തിയത്. അവൻ നിർബ്ബന്ധിച്ചിട്ടാണ് കമല സമ്മതിച്ചതും. രണ്ടാളെയും കുററം പറയരുതേ.

കൃ. കു:—ഞാൻ ആരെയും കുററപ്പെടുത്തുന്നില്ല.

അ:—മാധവൻ ഞാനായിരുന്നാൽ, ഞാനും പക്ഷെ ഇങ്ങനെ ചെയ്യുമായിരുന്നു.

കൃ. കു:—(അല്പം മന്ദസ്മിതത്തോടുകൂടെ) പക്ഷെ—അമ്മൂ! നിന്നെ സ്നേഹിക്കുന്നവൻ ഇങ്ങനെ അബദ്ധത്തിൽ ചാടേണ്ടതായി വരുകയില്ല; നിൻെറ വാക്കിനെ വിശ്വസിക്കാം.

അ:—കമല വെറും സാധുവാണ്. അവൾക്കു സ്വാതന്ത്ര്യവുമില്ല. വിവാഹം ഇങ്ങിനെ നടന്നിട്ടില്ലെങ്കിൽ, മാധവൻ മടങ്ങി വരുംമുമ്പ് അവളെ മററാരെങ്കിലും കൊണ്ടുപോവും. അമ്മയോട് ഇതൊന്നും പറഞ്ഞിട്ടു ഫലമുണ്ടായില്ല. ഹ! എന്തു ദേഷ്യമാണ്! എന്തൊക്കെയാണ് പറഞ്ഞ

ത്! മാധവനെ ശകാരിച്ചിരുന്നുവെങ്കിൽ അവൻവകവയ്ക്കുയില്ലായിരുന്നു. ചീത്തപറഞ്ഞതൊക്കെ ആ സാധുവിനെയാണ്. പുറമേ പോയിട്ടില്ലെങ്കിൽ വാല്യക്കാരനെക്കൊണ്ടു പിടിച്ചു പുറത്താക്കുമെന്നുപോലും പറഞ്ഞു. ഹൌ! എന്തു കോപമായിരുന്നു!

കൃ. കു:—അതു കേട്ട് ഉണ്ണിത്താൻ അവളെ കൂട്ടിക്കൊണ്ടുപോന്നു, ഇല്ലേ?

അ:—പിന്നെയെന്തു ചെയ്യും? കമല പേടിച്ചു വിറച്ചു.

കൃ. കു:—അവരിപ്പോൾ എവിടെപ്പോവാനാണ് തുടങ്ങുന്നത്?

അ:—എവിടെക്കു പോവും? മാധവന്റെ കൈക്കൽ ഒറക്കാശുപോലുമില്ല.

കൃ. കു:—ആകട്ടെ, തരക്കേടില്ല. ഞാൻ കൂട്ടിക്കൊണ്ടുപോവാം. എന്തെങ്കിലും ഏർപ്പാടു ചെയ്യുന്നതുവരെ, താമരശ്ശേരിയിൽ പാൎക്കട്ടെ.

അവർ ഇരുവരും മാധവനും കമലയും നിന്നിരുന്നേടത്തു ചെന്നു. കുറുപ്പു ദമ്പതിമാരെ താമരശ്ശേരിയിലേയ്ക്കു ക്ഷണിച്ചപ്പോൾ, മാധവൻ പിറുപിറുത്തു; കമലയ്ക്കു സമ്മതമായിരുന്നു. "അന്യന്റെ വീട്ടിലാ എന്റെ ഭാൎയ്യയെ കൊണ്ടു ചെല്ലേണ്ടതു്?"—എന്നു മാധവൻ നമ്രമുഖനായി നിന്നു് ചോദിച്ചു.

കൃ. കു:—തരക്കേടില്ല, തല്ക്കാലം അതു നിന്റെ വീടാണെന്നു കരുതുക. ഈ വഴിയിൽ നില്ക്കുന്നതു് മററുള്ളവർ കണ്ടു്, ദിക്കെല്ലാം ഈ വൎത്തമാനം മുഴക്കേണ്ടാ. വീട്ടിൽ പോവാം. എന്താണു വേണ്ടതെന്നു പിന്നെ ആലോചിക്കാം. കമലേ വരുക.

കൃഷ്ണക്കുറുപ്പു് തന്റെ വണ്ടിയെ തിരിച്ചു് കൊണ്ടുവന്നു്, ദമ്പതികളെ അതിൽ കയററി, താമരശ്ശേരിയിലേക്കു കൊണ്ടുപോയി. അമ്മുക്കുട്ടി, അവർ മറവോളം ഉല്ലാസത്തോടും തൃപ്തിയോടുംകൂടി അവിടെ നോക്കിനിന്നു.

## അദ്ധ്യായം, ൧൮

### സമാധാനമായി.

കൃഷ്ണക്കുറുപ്പ തന്റെ അതിഥികളെ താമരശ്ശേരിയിൽ കൊണ്ടാക്കി, അവരുടെ സുഖസൌകൎയ്യങ്ങൾക്ക വേണ്ടതൊക്കെ ഏൎപ്പാട ചെയ്യാൻ മകളെ പറഞ്ഞേല്പിച്ചിട്ട് നാരായണി അമ്മയെ കാണ്മാനായി തോരണത്തു പോയി. തന്റെ മാദ്ധ്യസ്ഥ്യംകൊണ്ട യാതൊരു ഫലവുമുണ്ടാകയില്ല എന്നു്, കുറുപ്പിന്നു നിശ്ചയമുണ്ടായിരുന്നു. എന്നാൽ, നാരായണി അമ്മയുടെ തീൎച്ചയെ അവരുടെ നാവുകൊണ്ടുതന്നെ പറഞ്ഞു കേൾക്കാതെ, ആ ദമ്പതിമാരുടെ കാൎയ്യത്തിൽ യാതൊന്നും പ്രവൎത്തിപ്പാൻ, കുറുപ്പിന്നു ധൈൎയ്യമുണ്ടായില്ല.

പടിയിറങ്ങി, പാതയിൽക്കൂടെ നടന്നുപോവുമ്പോൾ, കുറുപ്പിന്റെ മനസ്സിൽ പലേ വികാരങ്ങൾ കടന്നുകൂടി. അയാൾക്ക തന്റെ പൂൎവ്വകഥകൾ ഓൎമ്മയിൽ വന്നു: ക്ലേശപൂൎണ്ണമായ തന്റെ ബാല്യവും, സ്നേഹശൂന്യമായ യൌവനവും കഴിഞ്ഞു്, താൻ ഇതാ പുരുഷദശയുടെ അങ്ങേ അതിൎത്തിയിൽ എത്തിയിരിക്കുന്നു. ഈ ഓൎമ്മകളാൽ കുറുപ്പിന്റെ ഹൃദയം, ക്രമത്തിലധികം തുടിച്ചു. ആ യുവാക്കളായ ദമ്പതികളുടെ അവസ്ഥ അയാളുടെ ഹൃദയത്തെ ഇളക്കി മറിച്ചിരിക്കുന്നു. അവരുടെ നിരപരാധിത്വവും നിസ്സഹായതാവും കുറുപ്പിന്റെ ഹൃദയത്തിന്നു തീരെ അപരിചിതമായ ചില വികാരങ്ങളെ ഉൽപാദിപ്പിച്ചു. "ഇതുതന്നെയാണ് പ്രണയം! ആലോചനകൂടാതെ പ്രവൎത്തിപ്പാൻ പ്രേരിപ്പിക്കുന്ന ആ സാക്ഷാൽ പ്രേമം! ഭാവിയെപ്പററി ചിന്തിക്കാത്ത സാഹസപ്രേമം! ആവു! കൎമ്മത്തെക്കാളും മഹത്തരമല്ലെ ഇതു്!"

കുറുപ്പ് അമ്മുക്കുട്ടിയുടെ വാക്കുകളെ സ്മരിച്ചു: "ഞാനായിരുന്നാലും ഈ വിധം പ്രവൎത്തിക്കും" — ഈ വാക്കുകൾ കുറു

ഷ്ട് തോരണത്തു ഭവനത്തിൽ ചെന്നു കയറിയ സമയത്തും, അയാളുടെ കണ്ണുപുടങ്ങളിൽ മുഴങ്ങിക്കൊണ്ടുതന്നെ ഇരുന്നു.

നാരായണി അമ്മയുടെ കോപം അല്പവും തണുത്തിട്ടില്ലായിരുന്നു; ആ സ്ത്രീയുടെ രാഗവും ദ്വേഷവും സാധാരണയായി തീവ്രമായിരുന്നു; പിന്നെ, കമലയുടെ പേരിൽ ദ്വേഷം ജനിച്ചതു ഇന്നോ ഇന്നലയോ അല്ലെന്ന്, നാം അറിഞ്ഞിട്ടുള്ളതുമാണല്ലൊ. കുറുപ്പ് നാലുകെട്ടിൽ കടന്നഉടൻ, അയാൾക്കു തന്റെ ദൂതിനെ പുറത്തു പറയുവാൻ സമയം കൊടുക്കാതെ, "നിങ്ങൾ വന്നതെന്തിനാണെന്നെനിക്കറിയാം. എന്റെ സാധുക്കുട്ടിയെ അപകടത്തിൽ വലിച്ചിട്ട ആ തേവിടിശ്ശി പറഞ്ഞയച്ചിട്ടാണ്"—എന്നു നാരായണിഅമ്മ പറഞ്ഞു.

കുറുപ്പ് നാരായണി അമ്മയെ, ഈ വിധം കോപിഷ്ഠയായി, മുമ്പൊരിക്കലും കണ്ടിട്ടില്ല. ആ രൌദ്രമൂർത്തിയെ കണ്ടപ്പോൾ, അവരോട് സംസാരിക്കുന്നതു നന്നല്ലെന്നു, കുറുപ്പിനു തോന്നി; എന്നാലും, അവരുടെ മുമ്പിൽ കടന്നുചെന്നിട്ട്, കാര്യം പറയാതെ തിരികെപ്പോവുന്നതു ഭീരുത്വമാവുമല്ലൊ എന്നു വിചാരിച്ച്, പറഞ്ഞു:—"ആ കുട്ടികളുടെ കാര്യത്തിൽ എന്തു ചെയ്യേണമെന്നു ചോദിക്കാൻ തന്നെയാണ് വന്നത്."

നാ. അ:—ഒന്നും ചെയ്യേണ്ടതായിട്ടില്ല. അവൾ അവളുടെ വീട്ടിലേക്കു തന്നെ പോകണം. ഇവിടെ കടത്തുകയില്ല. അവളുടെ വലിയമ്മ നശിപ്പിച്ചതിന്റെ ശിഷ്ടം കുറെയുള്ളത് അവൾക്കും മുടിക്കണമെന്നാണ് ഉദ്ദേശം.

കു. കു:—അന്യായം പറയരുത്. അവൾക്കു ആ വിചാരമില്ല. സംബന്ധം നടന്നതു തീരെ അവിവേകമായി എന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ അതു അവളുടെ കുറ്റമല്ല. മാധവൻ അവളെ നിർബ്ബന്ധിച്ചു സമ്മതിപ്പിച്ചു. ആ

കുട്ടികൾക്കു് അന്യോന്യം പ്രണയമുണ്ടായിട്ടാണു് ഈ അവിവേകം പ്രവൎത്തിച്ചതു് എന്നൊരു സമാധാനവുമുണ്ടു്.

നാ. അ:—പ്രണയമോ? പ്രണയം ഒരു സമാധാനമാണോ?

കൃ. കു:—അല്ലാ, കാരണമായിക്കൊള്ളട്ടെ. ഏതു കാൎയ്യത്തിനാണു് പ്രണയം കാരണമാവാത്തതു്?

നാ. അ:—(പുച്ഛസ്വരത്തിൽ) എരപ്പാളികൾക്കൊക്കെ ഇങ്ങനെയൊരു വാദമുണ്ടു്. എനിക്കിതു പഴങ്കഥയല്ലേ?

കൃ. കു:—ഞാൻ ഇവിടത്തെ മകന്റെ ഭാൎയ്യയെപ്പററിയാണു് പറയുന്നതു്. അവളുടെ സംഗതിയാൽ മററുള്ളവരെ ഒപ്പം പറയുന്നതു് ദയയില്ലായ്മകൊണ്ടായിരിക്കും. അങ്ങിനെ പറയുന്നതു സാഹസവുമാണു്. അവളുടെ സ്ഥാനത്തു ഇവിടുന്നാണെന്നു് വിചാരിച്ചു നോക്കുക.

നാ. അ:—ഞാനായിരുന്നാൽ ഈ അബദ്ധത്തിൽ ചാടുകയില്ല. പ്രണയമെന്നു സമാധാനപ്പെട്ടുംകൊണ്ടു് ഞാൻ ഒരിക്കലും ഒരു ദരിദ്രനെ ഭൎത്താവായി സ്വീകരിക്കയില്ല. ഞാൻ അത്ര ബുദ്ധിയില്ലാത്തവളല്ല.

കൃ. കു:—സ്ത്രീസ്വഭാവത്തെപ്പററിയേ ഞാൻ ചിന്തിച്ചുള്ളു. എത്ര ധനംതന്നെ വാരിക്കോരിച്ചൊരിഞ്ഞാലും, ഒരു സ്ത്രീ തന്റെ കാമുകന്റെ പ്രേമത്തെ അധികം വില മതിക്കുന്നു. പണവും മററും പ്രേമത്തോടു് ഒപ്പം നില്ക്കുമോ? അവയൊക്കെ എത്രയോ തുച്ഛം!

നാരായണി അമ്മ അത്ഭുതത്തിൽ ഒന്നു ചിരിച്ചു; അതു കേട്ടു് കുറുപ്പിനു കുറെ വെറുപ്പു തോന്നി.

കൃ. കു:—അതു പോകട്ടെ. എന്നെപ്പററി സംസാരിക്കാനല്ല ഞാൻ വന്നതു്. ധനം അപഹരിക്കണമെന്നും മററുമുള്ള നീചവിചാരം യാതൊന്നും ഇല്ലാത്ത ആ സാധുക്കുട്ടികളെപ്പററിയാണു് എനിക്കു പറവാനുള്ളതു്. ഞാൻ മടങ്ങിച്ചെന്നു് അവരോടു എന്തു പറയണം?

നാ. അ:—എനിക്കൊന്നും പറവാനില്ല. ചിറയ്ക്കൽ തറവാട്ടുകാരെ, ആരെയും, ഞാൻ എൻെറ ഭവനത്തിൽ കടത്തുകയില്ല. അവൾ അവളുടെ വീട്ടിലേയ്ക്കു പോയ്ക്കൊള്ളട്ടെ. അല്ലെങ്കിൽ അവനു് ഇഷ്ടമുള്ളെടത്തു കൊണ്ടുപോയി തുലയട്ടെ.

കു. കു:—ഇതു അവസാനതീച്ചയാണോ?

നാ. അ:—അതേ, ഇതെൻെറ ആദ്യവസാനതീച്ചതന്നെ.

കുറുപ്പ് ആ മൂൎത്തിയെ തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ, ഇറങ്ങി നടന്നു. പത്തു മുപ്പതു കൊല്ലമായി താൻ ആരാധിച്ചുവന്ന ആ ദേവത വെറും മൺവിഗ്രഹമാണെന്നും; അതിനു യാതൊരു മാഹാത്മ്യവും ഇല്ലെന്നും, അയാൾ ഇപ്പോഴാണു് ഗ്രഹിച്ചതു്. ഇത്ര ദീൎഘകാലം താൻ ഭക്തിബഹുമാനപൂൎവ്വമായ ആരാധനയെ ഈ രൗദ്രമൂൎത്തിക്കായി അൎപ്പിച്ചുവല്ലോ എന്നു് കുറുപ്പു പശ്ചാത്തപിച്ചു. ഇപ്പോഴെങ്കിലും വാസ്തവം ഗ്രഹിപ്പാൻ തക്കവണ്ണം തൻെറ കണ്ണുകളെ തുറന്നു കൊടുത്തതിനു അയാൾ ഈശ്വരനെ സ്തുതിച്ചു.

കുറുപ്പ് താമരശ്ശേരിയിൽ മടങ്ങി എത്തിയ ഉടൻതന്നെ, തൻെറ മേനാവുവണ്ടി ശീഘ്രം തയ്യാറാക്കി വരാൻ, ഒരു വിശ്വസ്തഭൃത്യനെ ഏല്പിച്ചു. അനന്തരം മാധവനെ വിളിച്ചു ഇങ്ങിനെ പറഞ്ഞു:—“നേരം വൈകേണ്ടാ, ഉടൻ പുറപ്പെടാം. കമലയേയും കൂട്ടിക്കൊണ്ടു് ചിറയ്ക്കലേക്കു പോകണം. ഉണ്ണിത്താൻ അവളെ മോഷ്ടിച്ചു കൊണ്ടുവന്നു് ഒളിച്ചു പാൎക്കുന്നു എന്നോ, മറ്റോ ജനസംസാരം ഉണ്ടാകാതിരിക്കാൻ നോക്കണം. അങ്ങനെ അല്ലേ?”

കുറുപ്പു പറയുന്നതു ശരിയാണെന്നും; കമലയെ ചിറയ്ക്കൽ കൊണ്ടുപോകേണ്ടതാണെന്നും, ഉണ്ണിത്താൻ സമ്മതിച്ചു; എന്നാലും ലക്ഷ്മി അമ്മ, മുമ്പുതന്നെ കമലയെ തൻെറ

സഹവാസത്തിനു അനുവദിക്കാതിരുന്ന സ്ഥിതിക്ക്, അവർ ഏതുവിധം തൻെറനേക്കു പ്രവൎത്തിക്കുമെന്നു നിശ്ചയമില്ലാത്തതിനാൽ അവിടെ പോവാൻ തനിക്കു മടിയുണ്ടെന്നുകൂടി പറഞ്ഞു. ഉണ്ണിത്താനെക്കൂടാതെ ചിറസ്സൂൽപോകാൻ, കമലയ്ക്കും മനസ്സായിരുന്നില്ല. അവൾ കരഞ്ഞുതുടങ്ങി. ഒടുവിൽ, വരുന്നതുവരട്ടെ എന്നു സമാധാനപ്പെട്ട്, കുറുപ്പും ഉണ്ണിത്താനും കമലയും പുറപ്പെട്ടു. കമലയുടെ കരച്ചൽ അപ്പോഴും മാറിയിരുന്നില്ല. ഭാഗീരഥി പല സമാധാനവാക്കുകൾ പറഞ്ഞ്, അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. കണ്ണുനീരിനാൽ മലിനമായ മുഖം കഴുകിച്ച്, വസ്ത്രം മാററിച്ച്, ആഹാരവും കഴിപ്പിച്ച്, ഭാഗീരഥി അവളെ വണ്ടിയിൽ കയററി:— "കമലേ, തിരെ ഭയപ്പെടേണ്ടാ. അച്ഛൻകൂടെ വരുന്നുണ്ടല്ലോ. അച്ഛൻ എല്ലാം നേരെയാക്കും"—എന്നു സമാധാനം പറഞ്ഞ്, അവളെ യാത്രയാക്കി.

കമലയും മററും ചിറസ്സൂലേക്കു പോയ വൎത്തമാനം, പിറെറന്നാൾ രാവിലെയായിരുന്നു, അമ്മുക്കുട്ടി അറിഞ്ഞത്. കുറുപ്പു തോരണത്തു നിന്നു തിരികെപ്പോയ ഉടൻതന്നെ, നാരായണിഅമ്മയ്ക്കു തൻെറ ഹൃദ്രോഗസംബന്ധമായ ശ്വാസംമുട്ടൽ തുടങ്ങി. അതിനാൽ പുറത്തിറങ്ങി വിവരങ്ങൾ അന്വേഷിപ്പാൻ അമ്മുവിനു സൌകൎയ്യപ്പെട്ടില്ല. രാത്രി കഴിഞ്ഞപ്പോൾ, നാരായണിഅമ്മയുടെ രോഗത്തിനു കുറെ ശമനമുണ്ടായി. അതിൻെറ ശേഷമേ അമ്മുക്കുട്ടി മുറിയിൽ നിന്നു പുറത്തു വന്നുള്ളൂ. അവൾ അടുക്കളയിൽ ചെന്ന്, കാത്ത്യായനിയോട്, താമരശ്ശേരിയിൽ നിന്ന് മാധവൻ ആളയച്ചിരുന്നുവോ എന്നന്വേഷിച്ചു.

കാ:—ഇല്ല. പിന്നെയേ! അവരൊക്കെപ്പോയി. ഇന്നലെത്തന്നെ ചെറസ്സൂപ്പോയി. ചെറിയജമാനനും കുറുപ്പെജമാനനും പാതിരാസ്സു വന്നുപോലും.

അ:—ആരുപറഞ്ഞു?

കാ: — അവിടത്തെ അടിച്ചുതളിക്കാരി.

അ: — അടിച്ചുതളിക്കാരി എങ്ങിനെയറിഞ്ഞു?

കാ: — അവൾക്കറിയാനോ പ്രയാസം. വണ്ടിക്കാരൻ കിട്ടു അവൾക്കാണ് തമ്മന്തം. അവൻ ഇന്നലെ പാതിരായ്ക്കാണ് പോലും അവിടെ ചെന്നത്. അവൻ പറഞ്ഞറിഞ്ഞു.

അ: — ഇവിടത്തെ കഥ വല്ലതും നീ അവളോട് പറഞ്ഞയച്ചോ? അമ്മയുടെ ദീനക്കാര്യമേ.

കാ: — ഓ, ഹോ! പറഞ്ഞു. കലശലാണെന്നു പറഞ്ഞു — ഇപ്പഴ് കൊററ ഭേദമുണ്ടോ?

അ: — ഉണ്ടെന്നു തോന്നുന്നു; ഉറങ്ങുന്നുണ്ട്. ഉണർത്തേണ്ടാ എന്നാണു ഡാക്ടർ പറഞ്ഞിരിക്കുന്നത്.

കാ — ഇന്നലെ രാത്രി കഴിച്ചുകൂട്ടിയത് അൽപുതംതന്നെ — അമ്പോ! വരുല്ല്യോ ഇങ്ങനത്തെ ദീനം? ഇത്ര കടപ്പം പാടൊണ്ടോ പെണ്ണുങ്ങൾക്ക്? തൻെറ കുമ്പയിപ്പെറന്ന കുട്ടിയോട് ഇങ്ങനെ കാണിച്ചാപ്പിന്നെ, മററാളുളോരെ വിട്ടേയ്ക്കുമോ. കടപ്പം, കടപ്പം. ഈ കടപ്പം കാണിച്ചു കാണിച്ചാണ് കട്ടതയൊക്കെ വരുത്തിവച്ചത്.

അ: — അവനവൻെറ കർമ്മഫലം അവനവൻ അനുഭവിക്കും.

കാ: — രണ്ടല്ലേ ഒള്ളു കണികാമാൻ; അതിലൊന്നിനെ അടിച്ചിറക്കിയില്ല്യോ? കുഞ്ഞിനും ഇതുതന്നെ അനുഭവം. കാത്തിച്ചിരിക്കിൻ.

അ: — എന്നെ അടിച്ചിറക്കുകയില്ല ഞാൻ അതിന് ഇടയുണ്ടാക്കാതിരുന്നാൽ പോരേ?

അമ്മു അസ്വസ്ഥചിത്തയായിത്തീർന്നു. മാധവൻ എന്തിനായിട്ടാണ് കമലയെ ചിറയ്ക്കൽ കൊണ്ടാക്കിയതെന്നു അവൾക്കു ഊഹിക്കാൻ കഴിഞ്ഞില്ല. അവൻ അവളെ ഉപേക്ഷിച്ചിരിക്കുമോ? ഹെയ്! ഒരിക്കലുമില്ല. പന്ത്രണ്ടമ്മമാരെ പ്ര

സാധിപ്പിക്കാൻ വേണ്ടി പോലും, അവൻ അങ്ങിനെ ഒരു അകൃത്യം ചെയ്കയില്ല. കാത്ത്യായനിക്കു തെററിപ്പോയിരിക്കും. മാധവൻ തിരിച്ചുവന്നിരിക്കയില്ല. വന്നാൽ അവൻ ഏതുവിധമെങ്കിലും വിവരമറിയിക്കാതിരിക്കുമോ?

ഇങ്ങിനെയുള്ള ചിന്തകളാൽ അവളുടെ മനസ്സു വ്യാകുലമായി. താമരശ്ശേരിയിലേക്കു പോവാൻ അവൾക്ക് അപ്പോൾ സൌകൎയ്യമുണ്ടായിരുന്നില്ല. അമ്മയുണ്ണന്ന് അന്വേഷിക്കുമ്പോൾ, തന്നെ കാണാതെ കോപിക്കുന്നതായാൽ, സുഖക്കേട് അധികമായേക്കുമെന്ന്, അവൾ ഭയപ്പെട്ടു. താമരശ്ശേരിയിൽനിന്നു ആരെങ്കിലും ആ വഴി കടന്നുപോകുന്നുണ്ടോ എന്നറിവാൻ വേണ്ടി, അവൾ മുൻവശത്തെ മുററത്തു വന്നു ഉലാത്തിക്കൊണ്ടും, പടിക്കൽ പോയി നോക്കിക്കൊണ്ടും നിന്നു. അപ്പോൾ പടിപ്പുരവീട്ടിലെ കല്യാണിഅമ്മയും, മകൾ രാധയും, ആ വഴി വരുന്നതു കണ്ടു. അവർ തന്നെക്കണ്ട് അനാവശ്യചോദ്യങ്ങൾ ചോദിപ്പാൻ ഇടകൊടുക്കേണ്ടാ എന്നു കരുതി, അമ്മുക്കുട്ടി കോലായിലേക്കു പോന്നു. എന്നാൽ കല്യാണിഅമ്മയും രാധയും അവിടെയ്ക്കായിരുന്നു വന്നത്. തലേദിവസം നടന്ന സംഗതികൾ മുഴുവൻ അവർ അറിഞ്ഞിരിക്കുന്നു. നരായണിഅമ്മയുടെ ദീനമന്വേഷിക്കാനെന്നുള്ള ഭാവത്തിലായിരുന്നു അമ്മയും മകളും പുറപ്പെട്ടത്.

"അമ്മു! എന്തൊക്കെയാണു വൎത്തമാനം? മാധവനും കമലയുമെവിടെ?"—എന്നു വിളിച്ചു ചോദിച്ചുകൊണ്ടായിരുന്നു, കല്യാണിഅമ്മ അകത്തു കടന്നത്.

അമ്മു:—മാധവനെയും കമലയേയും പററി നിങ്ങൾ എങ്ങനെ കേട്ടു?

ക. അ:—നാട്ടു മുഴുവനും പരന്നിരിക്കുന്നു വൎത്തമാനം. പിന്നെ ഞാൻ അറിഞ്ഞതോ അത്ഭുതം? എന്നാലും ഈ അവിവേകം അവൻ കാണിച്ചതു തീരെ നന്നായില്ല.

അ:—അവൻ അവളെ സ്നേഹിക്കുന്നുണ്ടായിരിക്കാം.

ക. അ:—സ്നേഹം! നല്ല സ്നേഹം തന്നെ! അവളുടെ തറവാട്ട നശിച്ചു. ഇത്ര സൌന്ദര്യമുള്ള പെണ്ണിനു എത്രയോ നല്ലൊരു സംബന്ധക്കാരനെ കിട്ടുമായിരുന്നു! ആ പാവപ്പെട്ട കുഡുംബം നന്നായിപ്പോവുമായിരുന്നു. അതിനെ ഇല്ലായ്മചെയ്തല്ലൊ ഈ ദുഷ്ടൻ.

അ:—ഇതൊക്കെ കമല ആലോചിക്കേണ്ടതായിരുന്നു.

ക. അ:—അയ്യോ! അവൾക്കെന്തറിയാം? ചെറിയ കുട്ടിയല്ലെ അവൾ? അവനെന്തൊക്കെയൊ പറഞ്ഞു പിടിപ്പിച്ചിരിക്കും. അതൊക്കെ വിശ്വസിച്ച് ആ പാവം ചതിയിൽ പെട്ടു. മാധവൻ ഈ വിധം താന്തോന്നിയും ചതിയനുമാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

അ:—ഇപ്പോൾ സംബന്ധം തുടങ്ങിയതു അവിവേകമാണെന്നു ഞാൻ സമ്മതിക്കാം. അവളെ ചതിക്കണമെന്നു അവന് സ്വപ്നേപി ഉദ്ദേശമുണ്ടായിരിക്കയില്ല. അവളെ അവൻ എന്തുമാത്രം സ്നേഹിക്കുന്നുണ്ടെന്നു എനിക്കറിയാം സ്നേഹിക്കുന്നവരെ ആരെങ്കിലും ചതിക്കുമോ?

തൻെറ ഉള്ളിൽ, അമ്മുക്കുട്ടി മാധവനെ കുറപ്പെടുത്തുകയും, അവൻെറ പ്രവൃത്തി അവിവേകവും അക്രമവും ആയിപ്പോയി എന്നു സമ്മതിക്കയും ചെയ്തിരുന്നു. എന്നാൽ, അന്യയായ ഒരു സ്ത്രീ, തൻെറ മുൻപിൽവെച്ചു അവനെ ഈ വിധം കുറപ്പെടുത്തുന്നത്, അവൾക്കു അസഹ്യമായിത്തോന്നി. അതിനാൽ കല്യാണിഅമ്മയുടെ സംസാരം തനിക്കു രസിക്കുന്നില്ലെന്ന് അവൾ വാക്കുകളാലും നോക്കുകളാലും വെളിപ്പെടുത്തി. അതു കണ്ടു രാധ പറഞ്ഞു:— "അമ്മേ, നിങ്ങളെന്തിനാണ് അമ്മുവിനോട് ഇതൊക്കെപ്പറയുന്നത്? അവളോട ചോദിച്ചുകൊണ്ടാണോ മാധവൻ സംബന്ധം തുടങ്ങിയത്?"

ക. അ:—ഞാൻ അമ്മുവിനെ കുററം പറകയല്ല— ആകട്ടെ! നാണുവിന് ഇന്നെങ്ങനെയിരിക്കുന്നു? രാത്രി കലശലായി, ഇല്ലേ? എനിക്കൊരാളയച്ചിരുന്നുവെങ്കിൽ ഞാൻ വരില്ലായിരുന്നോ?

അ:—കുറെ അധികം തന്നെയായിരുന്നു. ഡാക്ടരുണ്ടായിരുന്നു. പിന്നെ ഞാനും കാത്ത്യായനിയും അടുത്തുതന്നെ ഇരുന്നിരുന്നു. ഞങ്ങൾ പോരേ ശുശ്രൂഷിക്കാൻ? ഇന്നു ഭേദമാണ്. ഉറങ്ങുകയായിരുന്നു. ഉണർന്നോ എന്നറിഞ്ഞില്ല.

ക. അ:—ഞാൻ പോയി നോക്കട്ടെ. ഉറങ്ങുന്നെങ്കിൽ ഉണർത്തുന്നില്ല.

കല്യാണിഅമ്മ അകത്തു പോയി. രാധയും അമ്മുവും പുറത്തു നിന്നു. തലേന്നു നടന്ന സംഗതികൾ എല്ലാം അമ്മു തന്റെ സഖിയോടു പറഞ്ഞു.

രാധ:— രാത്രി മടങ്ങിവന്നിരിക്കണം; ഇന്നു രാവിലെ അച്ഛൻ കണ്ടുവല്ലൊ കുറുപ്പിനെയും മാധവനെയും. രണ്ടാളും കൂടെ ഒററക്കാളവണ്ടിയിൽ കയറി പോകയായിരുന്നു. ഒരു വക്കീലിനെക്കാണാൻ പോകുന്നു എന്നായിരുന്നു കുറുപ്പു പറഞ്ഞതു്. എന്തിനായിരിക്കും വക്കീലിനെ അന്വേഷിക്കുന്നതു്?

അമ്മു:—വക്കീലിനെ അന്വേഷിക്കുകയോ? അതെന്തിന്?

രാധ:—അതുതന്നെയാണെന്റെയും ചോദ്യം. എന്തിനാണ് ഇത്ര ബദ്ധപ്പെട്ടു വക്കീലിനെ അന്വേഷിക്കുന്നതു്? കേസ് വല്ലതും ഉണ്ടായിട്ടുണ്ടോ, ആവോ. ലക്ഷ്മിഅമ്മ മാധവന്റെ പേരിൽ — —

അമ്മു: —ഭ്രാന്തുണ്ടോ നിനക്ക്? അമ്മായി മാധവന്റെ പേരിൽ കേസ് കൊടുക്കുകയോ? അവൾക്ക് അങ്ങിനെയുള്ള വിഡ്ഢിത്വമൊന്നുമില്ല.

രാധ:— അല്ല, കമലയെ കട്ടുകൊണ്ടു പോന്നു എന്നോ, മറെറാ ഉണ്ടാക്കിത്തീർക്കാനേ—

അമ്മു:- കമലയുടെ അച്ഛനല്ലേ അവളെ മാധവനെക്കൊണ്ടു സംബന്ധം തുടങ്ങിച്ചതു്? പിന്നെയെങ്ങിനെ കട്ടതാകും?

രാധ:—അങ്ങിനെയോ? എനിക്കതൊന്നും നിശ്ചയമില്ല. എനിക്കത്ഭുതം മറെറാന്നുമല്ല; കമലയുടെ അച്ഛൻ അവളെ വലിയ ഉദ്യോഗസ്ഥന്മാൎക്കേ കൊടുക്കുകയുള്ളൂ എന്നു പറഞ്ഞിരുന്നിട്ടു്, ഇപ്പോഠം എങ്ങിനെ ഈ സംബന്ധം നടത്തി; എന്നാണു്? മാധവൻെറ സ്ഥിതി നല്ലവണ്ണം അറിഞ്ഞിട്ടില്ലേന്നുണ്ടോ?

ആ സഖികഠം ഇങ്ങനെ ഓരോന്നു പറഞ്ഞു നില്ക്കുമ്പോഠം, കല്യാണി അമ്മ മടങ്ങിവന്നു. നാരായണിഅമ്മ ഉണന്നിട്ടില്ലായിരുന്നതിനാൽ, അവർ അകത്തു് ഏറെ നേരം താമസിച്ചില്ല. വൈകുന്നേരം വന്നു കണ്ടുകൊള്ളാമെന്നു സമാധാനപ്പെട്ടുകൊണ്ടു്, കല്യാണിഅമ്മ തിരികെ പോയി. പടിക്കൽ എത്തിയപ്പോഠം അമ്മുവിനോടു പറഞ്ഞു:—"നല്ലവണ്ണം നോക്കണം നാരായണിയെ, കേട്ടോ, അമ്മു. സാധു! സുഖക്കേടധികമായതു അത്ഭുതമാണോ? അവളായതുകൊണ്ടു ഇത്രയേ ഉണ്ടായുള്ളൂ. എൻെറ ഗോപാലകൃഷ്ണൻ ഇങ്ങനെ വല്ലതും ചെയ്തിരുന്നുവെങ്കിൽ ഞാൻ ആധികേറി ഉടൻ മരിച്ചേനേ!

അമ്മു:—അക്കാൎയ്യത്തിൽ പേടിക്കാനില്ല. ഗോപാലകൃഷ്ണനെപ്പോലെ ഭീരുവായ ഒരുവൻ ഇങ്ങിനെ ഒരു പ്രവൃത്തിക്കു പുറപ്പെടുകയില്ല. ചങ്കുറപ്പുള്ളവൎക്കേ ഇങ്ങിനെയൊക്കെ വരൂ.

ക. അ:—ചങ്കിനും കരളിനും ഉറപ്പില്ലാത്ത ഭീരുവായാലും തരക്കേടില്ല. ഇങ്ങനെയുള്ള കുറച്ചൽ വരുത്തി വയ്ക്കാതിരുന്നാൽ മതി.

കല്യാണിഅമ്മയും രാധയും പോയ ഉടൻ, അമ്മു അകത്തു ചെന്നു്, നാരായണിഅമ്മ ഉണന്നാൽ ആഹാരം കൊടുക്കേണ്ട കാൎയ്യത്തെപ്പററി കാൎത്ത്യായനിയോടു ഏല്പാടു ചെയ്തു. മാധവനും കുറുപ്പും വക്കീലിനെ അന്വേഷിച്ചു പോയിരിക്കുന്നതു് എന്തിന്നായിരിക്കുമെന്നറിയാൻ അവഠക്കു ബ

ടുപ്പാടായി; താമരശ്ശേരിയിൽ നിന്ന് ആൾ വരുമെന്നു സമാധാനപ്പെട്ടിരിക്കാൻ കഴിഞ്ഞില്ല; അതിനാൽ അവിടെ പോയി അന്വേഷിക്കാനുറച്ചു.

അമ്മു, താമരശ്ശേരിയിൽ ഭാഗീരഥി ഇരിക്കുന്നേടത്തു കടന്നുചെന്നു. ഭാഗീരഥി വളരെ സ്നേഹത്തോടും അനുകമ്പയോടും കൂടി സംസാരിച്ചു. കമലയെ ചിറസ്കൂൽ കൊണ്ടെല്ലിച്ച കാര്യത്തെപ്പറ്റിയാണു അവർ ആദ്യം സംസാരിച്ചതു്. അവർ ശങ്കിച്ചിരുന്നപോലെ ലക്ഷ്മി അമ്മ, കമലയുടെ കാര്യത്തിൽ ബഹളം കൂട്ടിയില്ല. വിവാഹം നടന്നതിൽ ആ അമ്മയ്ക്കു് വളരെ ഇച്ഛാഭംഗമുണ്ടായിയെങ്കിലും, ക്രിയ കഴിഞ്ഞ സ്ഥിതിക്ക്, അതിനു പ്രതികാരം ചെയ്യേണമെന്ന് ആഗ്രഹിച്ചില്ല; കമലയോടാകട്ടെ, മാധവനോടാകട്ടെ, കോപിക്കപോലും ഉണ്ടായിട്ടില്ല. കമലയെ അവിടത്തന്നെ പാർപ്പിച്ചു കൊള്ളാമെന്നും, മാധവൻ മദിരാശിക്ക പോയി പണിയെറ്റ് നിത്യവൃത്തിക്കുള്ള വക സമ്പാദിച്ചുതുടങ്ങിയാൽ, കമലയെ ലക്ഷ്മി അമ്മ തന്നെ അവിടേക്ക കൂട്ടിക്കൊണ്ടാക്കാമെന്നും, ആ സ്ത്രീ സമ്മതിച്ചു. വക്കീലിനെ അന്വേഷിച്ചുപോയിരുന്നതു്, താമരശ്ശേരിവക എന്തോ ചില രേഖകൾ കൊണ്ടെല്ലിക്കാനാണെന്നല്ലാതെ, വേറെയൊന്നും ഭാഗീരഥി അറിഞ്ഞിരുന്നില്ല.

കമലയുടെ പാർപ്പിനും, മാധവൻെറ യാത്രയ്ക്കും വേണ്ടുന്ന ഏർപ്പാടുകൾ ആയിക്കഴിഞ്ഞുവെന്നു കേട്ടപ്പോൾതന്നെ, അമ്മുവിനു വലിയൊരാശ്വാസം തോന്നി. അവൾ ഭാഗീരഥിയോടു യാത്രപറഞ്ഞു മടങ്ങാൻ തുടങ്ങി. അപ്പോഴായിരുന്നു, അവർ ഇരുന്നിരുന്ന മുറി മുമ്പത്തെ മാതിരിയിൽ തന്നെ ഇട്ടിരിക്കുന്നതു അമ്മുക്കുട്ടി സൂക്ഷ്മമായി കണ്ടതു. നിലം വെടിപ്പാക്കിയതല്ലാതെ, ആ മുറിയിൽ യാതൊരു വ്യത്യാസവും വരുത്തിയിരുന്നില്ല. മുമ്പ് 'മാണിക്യ'ത്തിൻെറ ചിത്രം തൂക്കിയിരുന്ന സ്ഥലത്തു് ആണികൾ പൊന്തിനിന്നിരുന്നു. അവിടെ ഒരു ചിത്രം വയ്ക്കാത്തതെന്തെന്നു, അമ്മു ഭാഗീരഥിയോ

ട ചോദിച്ചു. താൻ അവിടെ ഒരിക്കൽ ഒരു പുതിയ ചിത്രം വച്ചുവെന്നും; കുറുപ്പ് കണ്ടിട്ടു, ആ ചിത്രം ആ മുറിക്കു ചേരുന്നതല്ലെന്നു പറഞ്ഞു് ഉടൻ മാററിച്ചു എന്നും; ആ മുറി മുമ്പത്തേതിൽ നിന്നു യാതൊരു ഭേദവും വരുത്താതെ വയ്പാൻ കുറുപ്പു ആവശ്യപ്പെട്ടു എന്നും, ഭാഗീരഥി മറുവടി പറഞ്ഞു. അമ്മുക്കുട്ടി അതിനുള്ളിൽനിന്നു പുറമേയിറങ്ങി, വീണ്ടും ഉള്ളിലേക്കു നോക്കിയപ്പോൾ, 'മാണിക്ക' ത്തിന്റെ കണ്ണുകൾ അവളെ നോക്കി മന്ദസ്മിതം ചെയ്യുന്നതായി അവൾക്കുതോന്നി

# അദ്ധ്യായം, ൧൯

## ഇടനാട്ടിലെ സ്വത്ത്.

വൈകുന്നേരം, നാരായണി അമ്മയുടെ സുഖക്കേടു മിക്കവാറും ഭേദപ്പെട്ടു; ക്ഷീണം മാത്രമെ ഉണ്ടായിരുന്നുള്ളു. അമ്മുക്കുട്ടി, അമ്മയ്ക്കു് മുഖം കഴുകിച്ചു, വസ്ത്രങ്ങൾ മാററി, ഒരു ചാരുകസാരയിൽ സുഖമായിക്കിടത്തി കാപ്പി കൊടുത്തു കൊണ്ടു നില്ക്കുകയായിരുന്നു. അപ്പോൾ, എന്തോ എടുക്കാനെന്നുള്ള ഭാവത്തിൽ കാർത്ത്യായനി അകത്തു കടന്നുവന്നു. അവൾ ചിലപാത്രങ്ങളും എടുത്തു, മാററിയിട്ട കിടക്ക വിരിപ്പുകളും വാരിപ്പിടിച്ചുകൊണ്ടു, തിരിയെപ്പോവുന്ന സമയം ഒരു വിരൽകൊണ്ടു അമ്മുവിന്റെ കൈമേൽ ചെറുതായൊന്നു ഉരസി. അമ്മു കാൎയ്യംമനസ്സിലാക്കി, പിന്നാലെ പോയി. നാരായണിഅമ്മ കേൾക്കാത്ത ദിക്കിൽ എത്തിയപ്പോൾ, "അതാ വന്നുനില്ക്കുന്നു എടവഴിയിൽ—" എന്നു്, ചൂണ്ടിക്കാണിച്ചുകൊണ്ടു കാർത്ത്യായനി പറഞ്ഞു.

അമ്മു—"ആരു വന്നുനില്ക്കുന്നു?"—

അമ്മുവിനു കൃഷ്ണക്കുറുപ്പിനെപ്പററിയായിരുന്നു ഓൎമ്മവന്നതു്. അമ്മയുടെ സുഖക്കേടിനെക്കുറിച്ചു അവൾ ഭാഗീരഥി

യോട പറഞ്ഞിരുന്നു; കുറുപ്പ് ആ വിവരം അറിഞ്ഞു് അന്വേഷിക്കാനായി വന്നിരിക്കുമൊ എന്നു്, അവൾ സംശയിച്ചു.

കാത്ത്യാ:— കൊച്ചെജമാനൻ. അല്ലാണ്ടാര്? നായിനെപ്പോലെ അടിച്ചെറക്കിയതുകൊണ്ടു് വീട്ടിനകത്തു കാലെടുത്തു വയ്ക്കുല്ലെന്നു പറഞ്ഞു; ശരിയല്ല്യോ അതു്?

കാത്ത്യായനിയുടെ ന്യായവാദം ഒന്നും കേൾക്കാൻ നില്ക്കാതെ, അമ്മുക്കുട്ടി, ഓടിച്ചെന്നു് പടി കടന്നു ഇടവഴിയിൽ ഇറങ്ങി. മാധവൻ അവിടെ അങ്ങട്ടുമിങ്ങട്ടും നടക്കുന്നുണ്ടായിരുന്നു; അവൻെറ മുഖത്തു തലേദിവസത്തെ മ്ലാനതയാകട്ടെ, പശ്ചാത്താപചിഹ്നങ്ങളാകട്ടെ, ഉണ്ടായിരുന്നില്ല; മുഖം പ്രസന്നവും, നടത്ത ഉത്സാഹപൂർവ്വവും ആയിരുന്നു; കണ്ണുകളിൽ വിജയചിഹ്നമായ ഒരു വിശേഷപ്രഭ വിലസിയിരുന്നു. ഈ ഉത്സാഹത്തിനും പ്രസാദത്തിനും കാരണമെന്തെന്നു് അമ്മുവിനു മനസ്സിലായില്ല. അവൾ വേഗത്തിൽ അവൻെറ സമീപത്തു് എത്തി, "എന്താണു് വിശേഷം?" എന്നു ചോദിച്ചു

മാ:— എന്തെന്നോ? വളരെ ഉണ്ടു്, പറവാൻ.

അ:—എന്നാൽ നമുക്കു് അങ്ങോട്ടു നടക്കാം. പറയൂ. ഒക്കെ.

മാ:—എല്ലാം ശരിയായി. അമ്മായിയെപ്പോലെ ഒരു നല്ല സ്ത്രീയെ ഞാൻ കണ്ടിട്ടില്ല. എന്തു കനിശം!

അ:— കമലയോടു ദേഷ്യപ്പെട്ടില്ലെ?

മാ:—എന്തിനു്? അവളെന്തു കുററം ചെയ്തു? ഞാനാണു് കുററക്കാരൻ എന്നു അവൾക്കറിയരുതോ?

അ:— കമലയെ അവിടെത്തന്നെ പാർപ്പിക്കാമെന്നു സമ്മതിച്ചുവോ?

മാ:—സമ്മതിച്ചു. തല്ക്കാലം അവൾ അവിടെ പാർക്കട്ടെ. എനിക്കു സ്വന്തമായിട്ടൊരു വീടു ഉണ്ടാക്കിയശേഷം, കൂട്ടിച്ചുകൊണ്ടുപോരാം.

അ:—അതേ, സ്വന്തം വീടുണ്ടാകുമ്പോൾ കൂട്ടിക്കൊണ്ടുപോരാം. അതിനു എത്രയോ കാലം കഴിയേണ്ടിയിരിക്കുന്നു.

വെറും പാപ്പരായിരിക്കുന്ന നിനക്ക് എത്ര നാൾ കഴിഞ്ഞാൽ വീടുണ്ടാക്കാൻ സാധിക്കും? ജോലിയേററു പത്തുവർഷമെങ്കിലും കഴിയാതെ ഒരു വീടു മേടിക്കാൻ സാധിക്കുമോ?

മാ:— അത്ര വളരെക്കാലം വേണ്ടിവരില്ല. ഞാൻ തീരെ പാപ്പരല്ല, ജ്യേഷ്ഠത്തീ. പറയാം.

അ:—എന്തു പറയാം? പാപ്പരല്ലേ?

കുറുപ്പ് മാധവനെ ഇക്കാര്യത്തിലും സഹായിക്കാൻ തുടങ്ങുന്നുണ്ടോ എന്നായിരുന്നു അമ്മുവിന്റെ സംശയം. അവന്നായി ഒരു വീടു മേടിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടാവുമോ? അവൻ ജോലിക്കായി മദിരാശിയിൽ പോവുന്നില്ലായിരിക്കുമോ? കുറുപ്പിന്റെ ഔദാര്യം നിമിത്തം അവൻ ഇനിയും അലസനായി നടക്കാനാണോ ഭാവം?

മാ:— അമ്മായി ചിലതു കണ്ടുപിടിച്ചിരിക്കുന്നു.

അ:— കണ്ടുപിടിച്ചിരിക്കുന്നോ? എന്ത്?

മാ:—താമരശ്ശേരിയിലെ ഗ്രന്ഥപ്പുരയിൽ കിടന്ന താളിയോലഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ചില കടലാസുകെട്ടുകളും റിക്കാർട്ടുകളും കിടന്നത്, അമ്മ എടുത്തു ചുടാൻ തുടങ്ങി, ഓർമ്മയുണ്ടോ?

അ:—ശരി, ചുട്ടില്ലാ; വിററു.

മാ:—അതേ, അതിൽ ചില റിക്കാട്ടുകളും കത്തുകളും, ആ കടലാസുകൾ വാങ്ങിയ പീടികക്കാരന്റെ പക്കൽനിന്ന് അമ്മായിക്കു കിട്ടി.

അ:—അതിരിക്കട്ടെ. എന്താണ് കണ്ടുപിടിച്ചത്?

ഈ പഴകി ദ്രവിച്ച കടലാസുകെട്ടുകളും മാധവന്റെ ദാരിദ്ര്യവുമായി എന്തു സംബന്ധമാണുള്ളതെന്ന്, അമ്മുവിനു മനസ്സിലായില്ല. എന്തായിരിക്കാം കണ്ടുപിടിച്ചിരിക്കുന്നത്? എന്തുതന്നെയായാലും, താമരശ്ശേരി അവനു തിരികെക്കിട്ടാൻ ഇടയില്ല. കുറുപ്പ് റൊക്കം വിലകൊടുത്താണു തീറു വാങ്ങി

യിരിക്കുന്നതു്. പണം കൊടുത്താലും വസ്തു മടങ്ങിക്കിട്ടുകയി ല്ല, നിശ്ചയം. പക്ഷേ, ആ വസ്തു തീറെഴുതാൻ അമ്മേക്കും മാധവനും അധികാരമില്ലായിരുന്നു എന്നായിരിക്കുമോ? അയ്യോ! എന്നാൽ, കുറുപ്പിന്റെ നേരെ എന്തൊരു വഞ്ചതിയാണു കാണിച്ചതു്! അദ്ദേഹം എത്രയോ പണം ചെലവാക്കി ആ വസ്തുവിനെ പരിഷ്കരിക്കുന്നു!

അമ്മുക്കുട്ടിയുടെ മനസ്സ് ശങ്കകളാൽ ആകുലമായിരിക്കുന്നു എന്നു മാധവൻ ഗ്രഹിച്ചു.

മാ: —മാണിക്കത്തിന്റെ കഥ ഓക്കുന്നുണ്ടോ?

അ: —നമ്മുടെ പടം ----

മാ: —അതെ, അതെ, ആ മാണിക്കത്തിനു നാടുവാഴി കുറെയേറെ സ്വത്തു കൊടുത്തുവെന്നും മററും ജ്യേഷ്ഠത്തി അല്ലേ എന്നോടു പറഞ്ഞതു്. എന്നാൽ അവരുടെ വക സ്വത്തിൽ ചിലതു്, താമരശ്ശേരിക്കാക്കു കിട്ടാതെയായിട്ടുണ്ടു്. അതു വീണ്ടെടുത്താൽ, എനിക്കു ചേരും. ഞാനല്ലേ തറവാട്ടുകാരണവർ. അതു സംബന്ധിച്ച ചില കത്തുകളും റിക്കാട്ടുകളും ആണു് അമ്മായിയുടെ കൈക്കൽ കിട്ടിയിരിക്കുന്നതു്.

അ: —എന്തു സംബന്ധം പറയുന്നു? അവരുടെ വക സ്വത്തുകൾ മുഴുവൻ താമരശ്ശേരിയിൽ ചേൎന്നുവല്ലോ. അല്ലാതെ മററാരാണു് കൊണ്ടുപോയതു്?

മാ: —ബദ്ധപ്പെടാതിരിക്കു. എല്ലാം വിസ്തരിച്ചു കേൾപ്പിക്കാം. മാണിക്കത്തിന്റെ ഭൎത്താവു ഒരു പള്ളിയറവിചാരിപ്പുകാരനായിരുന്നില്ലെ? മാണിക്കം നിമിത്തം അദ്ദേഹത്തിനും കുറെ സ്വത്തു നാടുവാഴി കൊടുത്തു. ആ സ്വത്തു മുഴുവൻ മാണിക്കത്തിനുതന്നെ അദ്ദേഹം ഇഷ്ടദാനം ചെയ്തിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ തറവാട്ടുകാർ തീരെ പാവപ്പെട്ടവരായിരുന്നതു നിമിത്തം, അദ്ദേഹത്തിന്റെ മരണംവരെ അതു ആ തറവാട്ടുകാർ തന്നെ അനുഭവിച്ചുകൊള്ളട്ടെ എ

നും, അദ്ദേഹം ഏപ്പാടു ചെയ്തിരുന്നു. അതിനെ സംബന്ധിച്ചു നടന്നിട്ടുള്ള കത്തെടപാടുകളും, വസ്തുസംബന്ധിച്ചു റിക്കാട്ടുകളും, ഇഷ്ടദാനപത്രികയും എല്ലാം മാണിക്കത്തിൻെറ കൈവശം ഉണ്ടായിരുന്നു. പക്ഷേ ആ സ്ത്രീ ആ സ്വത്തുക്കളെ അവകാശം പറഞ്ഞെടുത്തില്ല. ഭത്താവിൻെറ മരണശേഷം, അവർ അധികകാലം ജീവിച്ചിരുന്നില്ല. അവർ മരിച്ചാറെ, അവരുടെ കൈവശമിരുന്ന രേഖകൾ ആരും പരിശോധിച്ചിരിക്കയില്ല സ്വത്തുകൾ ഇഷ്ടദാനം ചെയ്ത വിവരം അവർ ആരെയും അറിയിച്ചിരുന്നില്ലെന്നു തോന്നുന്നു. അതു നിമിത്തം ആ സ്വത്തുകൾ ഇപ്പോഴും അവരുടെ ഭത്താവിൻെറ ആളുകൾ തന്നെ അനുഭവിച്ചുവരുന്നു.

അ: — എത്രയോ കാലമായി അനുഭവിച്ചുവരുന്ന വസ്തുക്കൾ വിട്ടുതരുമൊ? ഒഴിപ്പിക്കാൻ തന്നെ ന്യായമുണ്ടോ?

മാ: — റിക്കാട്ടുകൾ കാണിച്ച് വക്കീൽ നോട്ടീസ് അയച്ചാൽ അവർ അതു വിട്ടുതരേണ്ടതാണ്. നമ്മുടെ വക കടലാസുകൾ അമ്മായിക്കു കിട്ടിയ ഉടൻ അവർ അതിനെ കമലയുടെ അച്ഛനെ ഏല്പിച്ചു. അദ്ദേഹം അതു പരിശോധിച്ചു. വസ്തു കിട്ടുമെന്നുള്ള ഉറപ്പുണ്ടായിരുന്നതു നിമിത്തമായിരിക്കണം അദ്ദേഹം കമലയെ എനിക്കു സംബന്ധം ചെയ്തുതന്നതു്.

അ: — ഓഹോ! ശരി. ശരി. അതായിരിക്കാം അമ്മായി കോപിക്കാത്തതും.

മാ: — അല്ല. അതു കിട്ടുമെന്നു അമ്മായിക്കു വിശ്വാസമില്ല. അവർ റിക്കാട്ടുകൾ വരുത്തി ഞങ്ങളെ ഏല്പിച്ചു; ഞങ്ങൾ ഇന്നു ഒരു വക്കീലിനെ കൊണ്ടേല്പിച്ചു. നോട്ടീസു കൊടുത്താൽ, വസ്തു വിട്ടുതരാത്തപക്ഷം, വലിയ ഒരു സിവിൽ കേസ് നടത്തേണ്ടിവരും.

അ: — അതിനു നമ്മാൽ സാധിക്കുമോ? എത്രനാൾ വേണ്ടിവരും കേസവസാനിക്കാൻ! എന്തുമാത്രം പണം വേണം! മാ

ധവ, നീ ഈ ആശ വച്ചുകൊണ്ടിരിക്കേണ്ട. കടവിൽ വ്യസനത്തിന്നിടവരും. നീ മദിരാശിക്ക് പോകയാണുത്തമം.

മാ:—ഞാൻ പോകുന്നുണ്ട്. കേസിന്ന് ഒരുക്കമാണ്. കേസ് നടത്തുന്ന കാര്യം കുറുപ്പ് ഏറ്റു.

അ:—കേസിൽ തോറ്റു എന്നു വിചാരിക്കുക; വക്കീൽഫീസും, കോടതിച്ചെലവുകളും മറ്റും കുറുപ്പിന്നു നഷ്ടമാകയില്ലല്ലൊ?

മാ:—തോല്ക്കുമെന്നു ലേശവും ഭയമില്ല. കേസ് ജയിച്ച വസ്തുക്കൾ വീണ്ടെടുത്ത ശേഷം ഫീസ് കൊടുത്താൽ മതിയെന്ന്, വക്കീൽ സമ്മതിച്ചിരിക്കുന്നു. വസ്തുക്കൾ കിട്ടിയാൽ ഈ ചെലവുകൾക്കു ഒക്കെ നീക്കിവെക്കാൻ ധാരാളം വകയുണ്ട്. വസ്തു എന്തുമാത്രമുണ്ടെന്നറിയുമൊ?

അ:—ഏതുദിക്കിലാണു വസ്തുക്കൾ; മാണിക്കത്തിന്റെ ഭർത്താവു ഇടനാട്ടുകാരനല്ലെ? അവിടെയായിരിക്കുമൊ?

മാ:—അതെ, ഇടനാട്ടിന്റെ തെക്കെ അറ്റത്താണു. പത്തുമുപ്പതിനായിരം വിലപിടിക്കുമെന്നാണു റിക്കാട്ടുകൾകൊണ്ടു കാണുന്നത്. വലിയ ഒരു തെങ്ങിൻതോപ്പും, ഊക്കനായ ഒരു കെട്ടിടവും, കുറെ അകലെയായി കൃഷിസ്ഥലങ്ങളും ഉണ്ട്. ഇതൊക്കെ കുമാരപിള്ള വക്കീൽ അന്വേഷിച്ചുകഴിഞ്ഞു. ഇനി ഒരു കടലാസുകൂടെ കിട്ടാനുണ്ടു, അതു അക്കൂട്ടത്തിലെങ്ങും കാണുന്നില്ല. അതുകിട്ടിയാൽ കേസ് ഒരു പ്രയാസവും കൂടാതെ നടത്താമെന്നാണ് വക്കീൽ പറയുന്നത്.

അ:—അതു കിട്ടാൻ വഴിയെന്ത്? അതുകിട്ടിയില്ലെങ്കിലൊ?

മാ:—അതിന്റെ പകർപ്പ്, മറേക്കൂട്ടരുടെ പക്കൽ ഉണ്ടായിരിക്കണം. അതു കിട്ടിയില്ലെങ്കിലും, നമുക്ക് ഗുണം കിട്ടാനുള്ള വകയൊക്കെ ഉണ്ട്.

അ:—മാധവാ, ഈ വസ്തു നിനക്കു കിട്ടുന്നപക്ഷം, അതു കമലനിമിത്തം കിട്ടുന്നതാണ്. അവളെ നീ സംബന്ധം ചെ

സ്ഥിതില്ലെങ്കിൽ ഇക്കാര്യം പുറമെ അറിയില്ലായിരുന്നു. അവൾ നിമിത്തം ഇത്ര വലിയൊരു വസ്തു കിട്ടിയാൽ, അതു അവളുടെ സ്ത്രീധനമായി നിനക്കു ലഭിച്ചതായിട്ടുവരും.

മാ:—സംശയമില്ല. അവൾ നിമിത്തം എനിക്കീഗുണം സിദ്ധിക്കുമെന്നറിഞ്ഞാൽ പക്ഷേ അമ്മയ്ക്കു അവളോടു ഉള്ള ദേഷ്യമൊക്കെ നീങ്ങുമായിരിക്കും.

അ:—ഇപ്പോഴെങ്ങും ഈ വിവരം അമ്മയെ അറിയിക്കാതിരിക്കുകയാണ് ഉത്തമം. വസ്തു കിട്ടുമെന്നു നിശ്ചയം വന്നതിനുമേൽ അറിയിച്ചാൽ മതി. കിട്ടാതെ പോയാൽ ഇച്ഛാഭംഗം നിമിത്തം അമ്മയ്ക്കു സുഖക്കേടു അധികമായേക്കാനും, വല്ല ആപത്തും സംഭവിക്കാനും ഇടയാവും.

മാ:—ഇഷ്ടംപോലെ ചെയ്യു. ഞാൻ സകലവും ജ്യേഷ്ഠത്തിയേയും കുറുപ്പിനേയും ഭരമേല്പിച്ചിട്ടു അടുത്തയാഴ്ചയിൽ തന്നെ മദരാശിക്കു പുറപ്പെടുന്നു. എന്റെ യാത്രയ്ക്കുള്ള സാമാനങ്ങൾ താമരശ്ശേരിയിൽ കൊടുത്തയയ്ക്കണേ—

അ:—അടുത്തയാഴ്ചയിലെ പോകുന്നുള്ളുവെങ്കിൽ ഇനിയും ധാരാളം സമയമുണ്ടല്ലോ.

മാ:—ഇടനാട്ടിലെ വസ്തുക്കൾ കിട്ടുന്നപക്ഷം താമരശ്ശേരി പൊയ്പ്പോയ ദുഃഖം തീരും. താമരശ്ശേരിയുടെ ഇരട്ടിയുണ്ടല്ലോ അത്.

അ:—വിലയുടെ കാര്യം നോക്കിയാൽ താമരശ്ശേരിയുടെ ഇരട്ടിയുണ്ട്. ശരിതന്നെ പക്ഷേ താമരശ്ശേരി പൊയ്പ്പോയ ദുഃഖം അതുകൊണ്ടു തീരുമോ? താമരശ്ശേരി, ഛേ! ഈ രാജ്യത്തുള്ള യാതൊന്നും അതിനോടു കിടനില്ക്കയില്ല. എത്രയോ കാലമായി നമ്മുടെ പൂർവികന്മാർ അനുഭവിച്ചുവന്നതാണ് ആ വീട്. അതിന്റെ മാഹാത്മ്യം ഒന്നു വേറെ തന്നെ.

മാ:—താമരശ്ശേരിയ്ക്കു തുല്യം താമരശ്ശേരിയേ ഉള്ളൂ. ശരിതന്നെ. മാണിക്കത്തിന്റെ കാലത്തോ അതിനടുത്ത കാലങ്ങളി

ലോ ഈ വസ്തുക്കളും വീണ്ടെടുത്തിരുന്നുവെങ്കിൽ, മ്മുടെ പൂർവികന്മാർ കുടിയിരിക്കയും അനുഭവിക്കയും യ്യമായിരുന്നില്ലേ?

അവർ ഇങ്ങിനെ ഓരോന്നു പറഞ്ഞു പറഞ്ഞു്, നേര പോയതറിഞ്ഞില്ല. അവർ ഇടവഴിയിൽക്കൂടെ നടന്നു് വ മ്പുവഴിയിൽ ഇറങ്ങി താമരശ്ശേരിയിലേക്കു കയറുന്ന പാതവക്കിൽ എത്തിയിരിക്കുന്നു. നേരം സന്ധ്യയായതു കണ്ടു്, മാധവൻ ആ വഴിതന്നെ അമ്മുവിനെ തോരണത്തു കൊണ്ടാക്കാൻ തുടങ്ങി. അമ്മു സമ്മതിച്ചില്ല; അവനെ താമരശ്ശേരിക്കു പറഞ്ഞയച്ചിട്ടു്, തനിയേ വീട്ടിലേക്കു നടന്നു.

ഹാ! എന്തത്ഭുതം! ഈ വസ്തുവിൻെറ കഥ ഇന്നുതന്നെ പുറത്തറിഞ്ഞതു് എത്രയോ അത്ഭുതം! അമ്മുക്കുട്ടിയുടെ തറവാട്ടിനു് മഹിമ വരുത്തിയ ആ മാണിക്കത്തെ ഇന്നുച്ചയ്ക്കല്ലേ ഓർമ്മിക്കാൻ സംഗതിയായതു്; ആ സ്ത്രീയുടെ ഛായാപടം വച്ചിരിക്കുന്ന സ്ഥലം അമ്മുക്കുട്ടിയുടെ കണ്ണുകളെ ബലാദാകർഷിച്ചില്ലേ? ഇരുമ്പാണികൾ മാത്രം പൊന്തിനിന്നിരുന്ന ആ ചുമരിൽ, മാണിക്കത്തിൻെറ കണ്ണുകൾ അവളെ നോക്കി മന്ദസ്മിതം തൂകിയതായി അവൾക്കു തോന്നിയതു്, വെറും മനോവിഭ്രാന്തിയല്ല. മാണിക്കത്തിൻെറ ഛായാപടം അവിടെ നിന്നു് നീക്കം ചെയ്തുവെങ്കിലും, അവരുടെ ആത്മാവു അവിടെത്തന്നെ സഞ്ചരിക്കുന്നുണ്ടായിരിക്കണം. നാശത്തിൽപെട്ടുഴലുന്ന തൻെറ സന്തതികൾക്കു്, താൻ നിമിത്തം, വീണ്ടും ഐശ്വര്യം ഉണ്ടാവാൻ പോകുന്നു എന്നുള്ള സന്ദേശത്തെയായിരിക്കുമോ ആ മന്ദസ്മിതാർദ്രമായ ദൃഷ്ടികൾകൊണ്ടു്, മാണിക്കം അവളെ അറിയിച്ചതു്? ആവൊ! ഈശ്വരേച്ഛ ആരറിഞ്ഞു?

---

## അ ധ്യാ യ ം, ൨൦.

### പ്രേമപ്രകാശം.

പിറ്റെന്നു രാവിലെ, കൃഷ്ണക്കുറുപ്പ്, നാരായണി അമ്മയുടെ സുഖക്കേടന്വേഷിച്ചു തോരണത്തുപോയി. നാരായണി അമ്മയുടെ ദീനസ്ഥിതിയെക്കുറിച്ചു, മാധവനുണ്ണിത്താനായിരുന്നു കുറുപ്പിനോടു പറഞ്ഞതു്. അമ്മയുടെ സുഖക്കേടിനെപ്പററി മാധവനു ലേശവും മനഃക്ലേശമുണ്ടായില്ല. ഈ സുഖക്കേടു, അമ്മയ്ക്കു് സാധാരണയാണു്. വല്ല സംഗതിവശാലും മനസ്സിനു സാമാന്യത്തിലധികം ക്ഷോഭം ഉണ്ടാകുമ്പോഴൊക്കെ, ഈ രോഗബാധയും ഉണ്ടാകും; ഒന്നോ, രണ്ടോ ദിവസത്തേക്കേ നിലനില്ക്കാറുമുള്ളു; പിന്നെ കുറെ ദിവസം ദേഹം ക്ഷീണമായിരിക്കയും ചെയ്യും. ഇതു് പലപ്പൊഴും മാധവൻ കണ്ടറിഞ്ഞിട്ടുള്ളതാണു്. ഇക്കുറി രോഗബാധയ്ക്കുള്ള ക്ഷോഭകാരണം, തന്റെ വിവാഹമാണെന്നറിഞ്ഞിട്ടും, ഉണ്ണിത്താൻ അല്പവും പശ്ചാത്തപിച്ചില്ല; മദിരാശിക്കു പുറപ്പെടുംവരെ, മനശ്ചാഞ്ചല്യം കൂടാതെതന്നെ, താമരശ്ശേരിയിൽ പാക്കുകയും ചെയ്തു.

കുറുപ്പു തോരണത്തു് എത്തിയ സമയം, അവിടെ പുറമെ ആരുമുണ്ടായിരുന്നില്ല. അല്പനേരം മുൻവശത്തു കാത്തുനിന്നപ്പോൾ, ഒരു വാല്യക്കാരനെ കണ്ടു. നാരായണി അമ്മയ്ക്കു സുഖക്കേടു ഭേദമുണ്ടെന്നും; ക്ഷീണം നിമിത്തം കിടക്കുന്ന അറയിൽനിന്നു പുറമേ വന്നിട്ടില്ലെന്നും അറിഞ്ഞു. താൻ വന്നന്വേഷിച്ചുപോയ വിവരം സൌകൎയ്യംപോലെ അകത്തറിയിക്കാൻ പറഞ്ഞേല്പിച്ചു്, കുറുപ്പു മടങ്ങി.

നാരായണി അമ്മയെ കാണാൻ തരമാവാത്തതിൽ കുറുപ്പിനു കുണ്ഠിതമുണ്ടായില്ല. വാസ്തവത്തിൽ, താൻ രണ്ടു ദിവസം മുൻപു കണ്ട ആ ഉഗ്രമൂൎത്തിയെ അത്ര വേഗത്തിൽ, വീ

ണ്ടും കാണുവാൻ കുറുപ്പിന് ആഗ്രഹമുണ്ടായിരുന്നില്ല. കേവലം ലൌകികത്തിനുവേണ്ടിയായിരുന്നു അവിടെക്കു പുറപ്പെട്ടതു്. അമ്മയെയും മകനെയും തമ്മിൽ രഞ്ജിപ്പിക്കാൻ ശ്രമിച്ച ആ ദിവസം തുടങ്ങി, കുറുപ്പിനു നാരായണി അമ്മയെപ്പററിയുള്ള അഭിപ്രായം വളരെ ഭേദപ്പെട്ടുപോയിരിക്കുന്നു. എത്രയോ കാലം മുൻപു്, താൻ ഭക്തിബഹുമാനാദരങ്ങളാൽ കെട്ടിക്കിളത്തിയ സോപാനത്തിൻെറ മുകളിലെപ്പടിയിൽ ഇരുത്തി പൂജിച്ചുവന്ന ആ വിഗ്രഹം, യാദൃച്ഛികമായുണ്ടായ ഒരു ചെറുകാററിൽ നിലത്തു പതിച്ചിരിക്കുന്നു. ആ പതനത്താൽ ഉണ്ടായ കേടുപാടുകൾക്കിടയിലൂടെ നോക്കി, വിഗ്രഹത്തിൻെറ ഉള്ള് ശൂന്യമാണെന്നും, കുറുപ്പു ഗ്രഹിച്ചിരിക്കുന്നു. വിഗ്രഹം ഊക്കോടുകൂടി വീഴുകയാൽ, സോപാനത്തിൻെറ അസ്ഥിവാരത്തിനു ഒരു ഇളക്കവും സംഭവിച്ചിരിക്കുന്നു. വിഗ്രഹത്തെ അത്രയേറെ പൊക്കത്തിൽ പ്രതിഷ്ഠിച്ചതു് അതിൻെറ അധഃപതനത്തിനും കാരണമായി. എന്നാൽ ആ ഉന്നതസ്ഥാനത്തിൽ കൊണ്ടുവയ്ക്കാൻ ഹേതു, വിഗ്രഹത്തിൻെറ വശ്യശക്തിയോ, തൻെറ വ്യാമോഹമോ, ഏതെന്നു കുറുപ്പിനു നിശ്ചയമില്ല. പക്ഷേ താൻ തന്നെയായിരിക്കാം അപരാധി എന്നു്, കുറുപ്പു സമാധാനപ്പെട്ടു. വളരെ വൈകിപ്പോയി എന്നിരുന്നാലും, ഇപ്പോഴെങ്കിലും ആ വിഗ്രഹം താനേ മറിഞ്ഞുവീണു് തൻെറ ശൂന്യമായ ഉള്ളിനെ വെളിവാക്കിയല്ലോ. അതുതന്നെ മഹാഭാഗ്യം!

ചിന്തയിൽ മുഴുകി നടന്നതുനിമിത്തം, കുറുപ്പു്, വഴി തെററിയ സംഗതി അറിഞ്ഞില്ല. ഒാർമ്മവന്നു് ചുററും നോക്കിയപ്പോൾ, താൻ തോട്ടുവക്കിൽക്കൂടെ നടക്കുകയാണെന്നു മനസ്സിലായി. അവിടം തീരെ വിജനമായിരുന്നു. ആ വഴി കുറെ ദൂരം നടന്നാൽ, താമരശ്ശേരിയുടെ പിൻഭാഗത്തെ പറമ്പിൽ ചെന്നു കയറാൻ മാർഗ്ഗമുണ്ടു്. കുറുപ്പു് ഈ വിജനസ്ഥലത്തുകൂടെ തൻെറ പറമ്പിലേക്കു കടക്കാമെന്നുറച്ചു്, കുറെ അടികൾ നടന്നപ്പോൾ, ആരോ ഒരാൾ അതേ പറമ്പിൽ

നിന്നിറങ്ങി തനിക്കെതിരെ വരുന്നതു കണ്ടു. ആ ആൾ ബദ്ധപ്പെട്ടു, കുനിഞ്ഞു നോക്കി നടന്നിരുന്നതുകൊണ്ട്, സമീപത്തെത്തിയശേഷമേ കുറുപ്പിനെ കണ്ടുള്ളു. ദർശനമാത്രത്തിൽ ഇരുവരുടെയും ഹൃദയങ്ങൾ ഒപ്പം തുടിച്ചു. അമ്മുക്കുട്ടി കുറുപ്പിനെ അന്വേഷിച്ചു താമരശ്ശേരിയിൽ പോയി മടങ്ങിവരുകയായിരുന്നു. അന്വേഷിച്ച ആളെ കാണ്മാൻ സംഗതി ആയി എങ്കിലും, ആ വിജനസ്ഥലത്തുവച്ചു കണ്ടതിൽ അതൃപ്തിയും ഭയവുമുണ്ടായി. അതുനിമിത്തമായിരുന്നു അവളുടെ ഹൃദയം വല്ലാതെ തുടിച്ചതു്. കുറുപ്പിനോ? അയാൾ അമ്മുവിനെ അന്വേഷിച്ചു പോകയല്ലായിരുന്നു; എന്നാലും അവളെ കണ്ടതുകൊണ്ട്—വിശേഷിച്ചും അവിടെവച്ചു കണ്ടതുകൊണ്ട്,—അനല്പമായ ചാരിതാർത്ഥ്യവും സന്തോഷവും ഉണ്ടായി. അതു ഹേതുവായിട്ടായിരുന്നു അയാളുടെ ഹൃദയം വിശേഷാൽ തുടിച്ചതു്. 'അല്ലാ!' എന്നു്, താനറിയാതെതന്നെ, ഉച്ചരിച്ചുകൊണ്ട്, അമ്മുക്കുട്ടി, വായുംപൊളിച്ചു കുറെ നിമിഷം മിണ്ടാതെനിന്നു; പിന്നെ ഹൃദയത്തെ അടക്കിക്കൊണ്ട്, ഇങ്ങിനെ പറഞ്ഞു:—"ഞാൻ താമരശ്ശേരിയിൽനിന്നു മടങ്ങുകയാണു്. മാധവനുവേണ്ടി നിങ്ങൾ ചെയ്യുന്ന സഹായങ്ങൾക്കു പകരം നിങ്ങളെ കണ്ടു് നന്ദി പറവാനായിട്ടാണു വന്നതു്. നിങ്ങളെ പലപ്രകാരത്തിലും ക്ലേശിപ്പിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കുവേണ്ടി, നിങ്ങൾ ഇങ്ങനെ സ്വാർത്ഥംവെടിഞ്ഞു പ്രവർത്തിക്കുന്നതു വിചാരിക്കുമ്പോൾ...."—പറഞ്ഞതു മുഴുവനാക്കാൻ അവൾക്കു സാധിച്ചില്ല. ലജ്ജകൊണ്ടും വ്യസനംകൊണ്ടും അവൾക്കു സംസാരിക്കാൻ കഴിയാതായി.

കൃ. കു:—നിങ്ങളുടെ നന്ദിയെ അർഹിക്കത്തക്ക പ്രവൃത്തി ഞാൻ യാതൊന്നും ചെയ്തിട്ടില്ല. ഞാൻ എന്റെ കടമയെ ചെയ്യുന്നു. അതിലേക്കു എന്നെ അനുവദിച്ചതിനായി, ഞാനാണു് നിങ്ങളോടു നന്ദിപറയേണ്ടതു്.

കുറുപ്പു് വിനീതസ്വരത്തിൽ മറുവടി പറയുന്നതു കേട്ടു്,

അമ്മു അയാളുടെ മുഖത്തു് ഉററുനോക്കി. ഇരുവരുടേയും ദൃഷ്ടികൾ തമ്മിൽ മുട്ടിയപ്പോൾ, ഇരുവരും ദൃഷ്ടികളെ ഒപ്പം പിൻവലിക്കേണ്ടിവന്നു. കുറുപ്പിന്റെ നോട്ടങ്ങളിൽ പ്രതിബിംബിച്ചുകണ്ട അയാളുടെ ഹൃദയവികാരത്തെ, അമ്മുക്കുട്ടി നിഷ്പ്രയാസം ഗ്രഹിച്ചു. ഇങ്ങനെയൊരു സംഭവം ഉണ്ടാവാതെ കഴിയുവാൻ വേണ്ടിയായിരുന്നു, അവൾ കുറെ ദിവസം മുമ്പ്, കുറുപ്പിനെ കാണാതെയിരുന്നത്. കാൎയ്യവശാൽ മുഖത്തോടുമുഖം നോക്കേണ്ടിവന്ന ആ ഘട്ടത്തിൽ, കുറുപ്പ് തന്റെ വികാരത്തെ അങ്ങിനെ സ്പഷ്ടമാക്കിയതിൽ, അവൾക്കു കുറുപ്പിന്റെ നേക്കു പരിഭവം തോന്നി. അവൾ ആ സന്ദൎഭത്തെ ശപിച്ചു. വല്ലപ്രകാരവും അവിടെനിന്ന് പോകേണമെന്നായിരുന്നു, അവളുടെ വിചാരം. എന്തൊഴികഴിവു പറയേണ്ടൂ എന്നു് ആലോചിച്ചു നില്ക്കേ, കുറുപ്പു പറഞ്ഞു:— "ഞാൻ സ്വാതന്ത്ര്യം വെടിഞ്ഞു പ്രവൎത്തിക്കുന്നു എന്നു പറഞ്ഞതു തെററാണ്. ഉണ്ണിത്താനെ സഹായിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്ന മുഖ്യകാരണം എന്താണെന്നറിയരുതോ?"

അമ്മുവിന്നു പൂൎണ്ണമായി അറിയാമായിരുന്നു. എന്നാൽ, ആ കാരണം അയാളെക്കൊണ്ടു പറയിക്കാതെ കഴിക്കണം എന്നായിരുന്നു, അവളുടെ ആഗ്രഹം. അയാളുടെ നാവിൻതുഞ്ചത്തു് എത്തിയിരിക്കുന്ന ആ വാക്കുകൾ ഉച്ചരിപ്പിക്കാതെയിരിക്കുവാൻ, എന്താണ് ഉപായം? ആ വാക്കുകൾ ഉച്ചരിച്ചുകഴിഞ്ഞാൽ, അവൾ എന്തുത്തരം, അഥവാ സമാധാനം പറയേണ്ടൂ? അമ്മയോടു ചെയ്തിട്ടുള്ള ശപഥത്തെ നിറവേററാൻ, പിന്നെ അവൾക്കു സാധിക്കുമോ? അവൾ സമാധാനം പറയാതിരുന്നാൽ, അയാൾ അതിനെ മൌനാനുവാദമായി കരുതുകയില്ലയോ? അയാൾ അവളുടെ ഹൃദയത്തിന്റെ ഗൂഢവൃത്തം അറിഞ്ഞിരിക്കുന്നില്ലേ? തന്റെ ഹൃദയരഹസ്യത്തെ ഗോപനം ചെയ്യുവാൻ ആ വിഷമഘട്ടത്തിൽ തന്നെ സഹായിക്കേണമേ എന്നു ഈശ്വരനെ പ്രാൎത്ഥിച്ചുകൊണ്ടു്, അവൾ മറുവടിപറഞ്ഞു:— "ഞങ്ങളുടെ ക്ലേശങ്ങളെ ക

ണ്ടു സഹിക്കവയ്യാഞ്ഞിട്ടായിരിക്കാം. അല്ലെങ്കിൽ അമ്മയുടെ നേക്കുള്ള നിങ്ങളുടെ ഭക്തിബഹുമാനങ്ങൾ നിമിത്തമായിരിക്കാം.''

കൃ. കു:—നിങ്ങളുടെ ക്ലേശത്തിൽ എനിക്ക് അനുകമ്പയില്ലായ്കയില്ല. അതൊന്നുമല്ല കാരണമെന്നു അറിയരുതോ? എൻെറ അവിവേകത്തെ ക്ഷമിക്കുക. ഒരു ആശ്രിതൻെറയോ, ഭൃത്യൻെറയോ നിലയിലൊഴികെ, മററൊരു നിലയിലും എന്നോടു പെരുമാറാൻ മാർഗ്ഗം ഇല്ലെങ്കിലും, എൻെറ പേരിൽ അനുകമ്പയുണ്ടെന്നു കേട്ടാൽ ഞാൻ തൃപ്തനായിക്കൊള്ളാം.

അമ്മുവിൻെറ കവിൾത്തടങ്ങൾ രക്തവർണ്ണമായി. അവളുടെ ഹൃദയസ്പന്ദം അവൾക്കു സ്പഷ്ടമായി കേൾക്കാമായിരുന്നു. കുറുപ്പിൻെറ മുമ്പിൽനിന്നു് ഓടിപ്പോയ്ക്കളയുന്നതു് മര്യാദകേടാണെങ്കിലും, ഓടിപ്പോവാതിരുന്നാൽ ഹൃദയം ചതിക്കുമെന്ന നിലയിലായി. "ഞാൻ നിങ്ങളെ വളരെ ബഹുമാനിക്കുന്നു. പലപ്രകാരേണയും നിങ്ങൾക്കു കടപ്പെട്ടവളുംയും തീർന്നിരിക്കുന്നു. എന്നാൽ നാം തമ്മിൽ ഇങ്ങിനെയുള്ള കാര്യം സംസാരിക്കാൻ പാടുള്ളതല്ലെന്നു നിങ്ങൾക്കറിയാമല്ലോ. ഞാൻ ഇപ്പോൾ പോകട്ടെ?''

കൃ. കു:—ഒരു നിമിഷംകൂടെ നില്ക്കുക. എനിക്കു പറവാനുള്ളതു മുഴുവൻ കേൾക്കുന്നതിനെങ്കിലും ദയയുണ്ടാകണം. ഉണ്ണിത്താനെപ്പോലെയുള്ള ഒരു യുവാവല്ല ഞാൻ. എന്നിൽനിന്നു യാതൊരു അപകടവും ഉണ്ടാകയുമില്ല. നാം തമ്മിലുള്ള അന്തരം നിമിത്തം നമുക്ക് ഒരിക്കലും വിവാഹം നടത്താൻ സാധിക്കയില്ലെന്നു് നാരായണി അമ്മ പറഞ്ഞു. ആ സ്ത്രീയുടെ ആജ്ഞയെ ശിരസാ വഹിക്കുന്നതിനു ഞാൻ ഒരുക്കവുമാണു്. പക്ഷേ, എൻെറ ദൃഢപ്രേമത്തെ അമ്മുവിനെ അറിയിക്കണമെന്നേ എനിക്കു ആഗ്രഹമുണ്ടായിരുന്നുള്ളൂ. അമ്മുവിനു യൗവനം; എനിക്കോ

പ്രായം കുറെ ഏറി. ആ സ്ഥിതിക്ക്, അമ്മുവിന്ന എന്നെ സ്നേഹിപ്പാൻ ഒരിക്കലും മനസ്സു വരുകയില്ലായിരിക്കും.

അഹോ! അന്യായം! അമ്മു എങ്ങിനെ ഇതു സഹിക്കും? കുറുപ്പുമായി അടുത്തു പരിചയമാകുംമുമ്പുതന്നെ, അവളുടെ ഹൃദയം മുഴുവൻ അയാളുടെ സ്മരണകൾകൊണ്ടു നിറഞ്ഞിരിക്കുന്നു; എന്നാൽ അവളുടെ പ്രേമം അനുചിതമാണെന്നു വിചാരിച്ചു, അവൾ സമാധാനപ്പെട്ടിരിക്കയാണ്. അവൾക്കുള്ളേടത്തോളമോ, അതിലധികമോ, പ്രേമം അയാൾക്കു അവളുടെ പേരിൽ ഉണ്ടെന്ന് ഏററു പറയുമ്പോൾ, അവൾ എങ്ങിനെയാണ് തന്റെ ഹൃദയരഹസ്യത്തെ മറച്ചുവെക്കുക? ഹേ സാധ്വീ, ഇനിയും ധൈൎയ്യപരീക്ഷ ചെയ്യേണ്ടാ; ഒന്നില്ലോ, കുറുപ്പിനെ വണങ്ങുക: അല്ലെങ്കിൽ അവിടെനിന്നു ഓടി രക്ഷപ്പെടുക.

അമ്മുവിന്റെ ധൈൎയ്യം മുഴുവൻ അവളെ വെടിയും മുമ്പായി, അവളുടെ കാലുകൾക്കു ചലനശക്തി ലഭിച്ചു; അവൾ കുറുപ്പിനെ തിരിഞ്ഞുനോക്കുവാൻപോലും തുനിയാതെ നടന്നുതുടങ്ങി. "അമ്മു, അമ്മു"—എന്ന കുറുപ്പിന്റെ പ്രേമപൂൎവ്വമായ വിളിയും, അയാളുടെ പ്രണയമസൃണങ്ങളായ കടാക്ഷങ്ങളും മാത്രം അവളെ പിന്തുടൎന്നു.

## അദ്ധ്യായം, ൨൨.

### ഉണ്ണിത്താന്റെ യാത്ര.

മാധവനുണ്ണിത്താന്റെ യാത്രാദിവസം ആസന്നമായി. തന്റെ പ്രിയജനങ്ങളെ വിട്ടുപിരിയുന്നത്, ഉണ്ണിത്താനു പ്രാണസങ്കടമായിരുന്നു; എന്നാലും, അതുകൊണ്ടൊന്നും, ഇക്കുറി യാത്ര മുടക്കാൻ തരമില്ല. ഈ യുവാവിനു വീട്ടിലിരുന്നു സുഖമായി കാലം കഴിച്ചുകൂട്ടണമെന്നല്ലാതെ, അതിൽപര

മായ ആഗ്രഹങ്ങളും ആശകളും ഇല്ല. വീടുവിട്ട്, വളരെ നാൾ, അന്യദിക്കിൽ പാൎക്കുന്ന കാൎയ്യം വിചാരിക്കുമ്പോൾ തന്നെ, ഉണ്ണിത്താനു തലതിരിയുന്നു. അങ്ങിനെ സ്വന്തം വീടുവിട്ടു പുറമേപോയി പാൎത്തു ശീലിച്ചിട്ടും ഇല്ല. നന്ദപുരത്തു പഠിക്കാൻ പോയിരുന്ന രണ്ടു കൊല്ലകാലമൊഴികെ, അന്യദിക്കിൽ പാൎത്തിട്ടില്ലെന്നുതന്നെ പറയാം. ആ സമയത്തും അനദ്ധ്യായദിവസങ്ങളെ എണ്ണി എണ്ണി കാത്തിരിക്കയും, തരം കിട്ടുമ്പോഴൊക്കെ വീട്ടിലേക്കു പോരുകയും ചെയ്തിരുന്നു. വരപുരത്തേക്കാൾ ശ്രേഷ്ഠമായ ദേശം ലോകത്തിൽ മറെറാന്നുമില്ലെന്നാണ്, ഉണ്ണിത്താന്റെ വിശ്വാസം. സാധാരണ യുവാക്കന്മാർ ആരായാലും, മദിരാശിയെപ്പോലെയുള്ള ഒരു പരിഷ്കൃതനഗരത്തിലേക്കു പോവാൻ സൌകൎയ്യം ലഭിച്ചാൽ, യാത്രാദിവസത്തെ തൃഷ്ണയോടെ പ്രതീക്ഷിച്ചിരിക്കയും, ഉത്സാഹംകൊണ്ടു മദിച്ച് യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്കയും ചെയ്യും. എന്നാൽ മാധവനാകട്ടെ, തന്റെ യാത്രാമുഹൂൎത്തത്തെ ഏതുവിധത്തിൽ നീട്ടിവെയ്ക്കാമെന്നു ചിന്തിച്ചു കുഴങ്ങുകയും, പോകാതിരിക്കാൻ നിവൃത്തിയില്ലെന്നു കണ്ടു് തന്റെ ദുൎഭാഗ്യത്തെ ശപിക്കയും ചെയ്തു.

ഉണ്ണിത്താൻ, ഈ ഒരാഴ്ചയിലിടയ്ക്കു് മൂന്നു നാലു ദിവസം ചിറയ്ക്കൽ പോയി കമലയെ കണ്ടിരുന്നു. എന്നാൽ അവളോടു യാത്രപറഞ്ഞു പിരിയാൻ അയാൾക്കു ധൈൎയ്യമുണ്ടായില്ല. ഉച്ചയ്ക്കുള്ള ശുഭമുഹൂൎത്തത്തിൽ, താമരശ്ശേരിയിൽ നിന്നു പുറപ്പെട്ടു്, പോകുംവഴി തോരണത്തിറങ്ങി. അമ്മുക്കുട്ടിയേയും അമ്മ സമ്മതിക്കുന്നപക്ഷം, അവരെയും കണ്ടു് യാത്ര പറഞ്ഞു്, കുതിരവണ്ടിയിൽ ചിറയ്ക്കൽ ചെന്നു കമലയോടു യാത്രപറഞ്ഞ്, പോകണമെന്നായിരുന്നു നിശ്ചയം. എത്ര തന്നെ കോപിച്ചിരുന്നാലും, താൻ വീടുവിട്ടു് ദൂരദേശത്തു വളരെനാൾ പാൎപ്പാനായി പുറപ്പെട്ട അവസരത്തിൽ, അമ്മ ക്ഷേമാശംസ ചെയ്കയേയുള്ളുവെന്നു മാധവൻ വിചാരിച്ചിരുന്നു.

നിശ്ചിതസമയം, കുറുപ്പും മാധവനും, ഒരു കുതിരവണ്ടിയിൽ, തോരണത്തുപടിക്കൽ എത്തി. കുറുപ്പ് വണ്ടിയിൽ തന്നെ ഇരുന്നു. മാധവൻ മാത്രം ഇറങ്ങി അകത്തേക്കുപോയി. അമ്മുക്കുട്ടി മാധവൻെറ വരവിനെ പ്രതീക്ഷിച്ച കോലായിൽ നിന്നിരുന്നു. കുറുപ്പ് മാധവനെ ചിറയ്ക്കലോളം, അനുയാത്ര ചെയ്യുന്നുണ്ടെന്നറിഞ്ഞതിനാലായിരുന്നു, അവൾ പടിക്കൽ ചെന്നു നില്ക്കാൻ മടിച്ചത്. തോട്ടവക്കിൽവച്ചുണ്ടായ സംഭവം കഴിഞ്ഞശേഷം, അവൾ, ഇതേവരെ കുറുപ്പിനെ കണ്ടിട്ടില്ല

“അധികം താമസിക്കയില്ലാ; ഇതാ അഞ്ചുനിമിഷത്തിനുള്ളിൽ വന്നേക്കാം” എന്നു പറഞ്ഞ് മാധവൻ അകത്തേക്കു പോന്നു; അമ്മുക്കുട്ടിയെ കോലായിൽ കണ്ടപ്പോൾ, “ജ്യേഷ്ഠത്തി, അധികം താമസിക്കാൻ തരമില്ല. അമ്മ എവിടെ? കിടക്കുകയോ? യാത്രപറയാൻ വന്നിരിക്കുന്നു എന്നു പോയി പറയൂ,” എന്നു പറഞ്ഞു. അമ്മുക്കുട്ടിക്ക്, വ്യസനം കൊണ്ടു, സഹോദരൻെറ മുഖത്തു നോക്കാൻ ധൈര്യമുണ്ടായില്ല. അവൾ നമ്രശിരസ്സായി തലകുലുക്കിക്കൊണ്ടു പറഞ്ഞു: —“പോയിപറഞ്ഞിട്ടു ഫലമില്ല. നീ ഇന്നു പുറപ്പെടുന്ന വിവരം ഞാൻ നേരത്തെ പറഞ്ഞു. അമ്മ നിന്നെ കാണില്ലെന്നു പറഞ്ഞിരിക്കുന്നു. യാത്രപറയാൻ വന്നാൽ അകത്തുകടത്തരുതെന്നും പറഞ്ഞിരിക്കുന്നു.”

മാ:—എന്ത്? എന്നെ കാണില്ലെ? ഞാൻ മദിരാശിക്കു പോകയാണെന്നു പറഞ്ഞില്ലയോ? എത്രനാൾ കഴിഞ്ഞാൽ തിരിയെ വരാൻ സാധിക്കും—പക്ഷേ തിരിയെ വന്നില്ലെന്നുംകൂടെ വരാം—അതു അമ്മയോടു പറഞ്ഞുവോ? ഞാൻ വന്നുനില്ക്കുന്നു എന്നു പോയി പറയൂ.”

അമ്മു അകത്തുപോയി; ഒട്ടും വൈകാതെ പുറമെവന്നു. അവളുടെ മുഖം വിളറി വെളുത്തിരുന്നു. അശ്രുപ്രവാഹത്തെ അടക്കാൻ അവൾ വളരെ ശ്രമപ്പെട്ടു. “ഞാൻ പറഞ്ഞില്ലയോ, പോയി പറഞ്ഞിട്ടു ഫലമില്ലെന്നു? വ്യസനിച്ചിട്ടു പ്ര

യോജനമില്ല, അനുജാ, അമ്മയോട്ട യാത്ര പറയാതെ പൊയ്ക്കൊള്ളൂ.”

മാധവൻ നിമിഷനേരം മൌനിയായിനിന്നു; അവന്റെ മുഖം വാടിക്കറുത്തു; കണ്ണുകൾക്ക ചുററും ഇരുണ്ടു; എന്നിട്ട്, തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു:—“ജ്യേഷ്ഠത്തി, എനിക്ക അമ്മയെക്കാണാതെ പോവാൻ കഴികയില്ല. അമ്മയുടെ അനുഗ്രഹം കൂടാതെ ഞാൻ പോവുകയില്ല. ഒന്നുകൂടി പോയിപ്പറയൂ.” അമ്മയോട്ട പറഞ്ഞതുകൊണ്ടു ഫലമില്ലെങ്കിലും, മാധവനെ തൃപ്തിപ്പെടുത്താൻവേണ്ടി മാത്രം, അവൾ വീണ്ടും അകത്തു പോയി. മാധവനും അവളുടെ പിന്നാലെ ചെന്നു. അവൻ മുറിയുടെ വാതല്ക്കൽ നിന്നു. അമ്മുക്കുട്ടി കരഞ്ഞുകൊണ്ടു വീണ്ടും പുറമെ വന്ന്, അകത്തേക്ക കടക്കാൻ തുടങ്ങിയ മാധവനെ വിലക്കിക്കൊണ്ട്, പറഞ്ഞു:—“വേണ്ട അനുജാ; പോകേണ്ട.” അമ്മ പറയുന്ന ശകാരവാക്കുകൾ മാധവന്റെ ചെകിട്ടിൽ കേൾപ്പിക്കാതെയിരിക്കണമെന്നായിരുന്നു, അവളുടെ ആഗ്രഹം. മാധവൻ അമ്മുവിന്റെ വാക്കുകളെ ശ്രദ്ധിക്കാതെ മുറിക്കുള്ളിൽ കടന്നു. മുറിയുടെ ഒരു മൂലയിലായിരുന്നു നാരായണി അമ്മ കിടന്നിരുന്നത്. മറവെച്ചിരുന്നതുനിമിത്തം, മാധവൻ അമ്മയെ കണ്ടില്ല. “ആ എരപ്പാളിയുടെ അടുക്കൽ പോയി അനുഗ്രഹം വാങ്ങിക്കൊള്ളാൻ പറ. ഇജ്ജന്മത്തു അവൻ എന്നെ കാണേണ്ടാ. പിടിച്ചു പുറത്താക്ക്, കാത്ത്യായനീ”—എന്നു വാല്യക്കാരിയോട്ട ഉച്ചസ്വരത്തിൽ പറയുന്നതു കേട്ട്, മാധവൻ തിരിയെപ്പോവാൻ തുടങ്ങി. എന്നാൽ അവന്ന് നടക്കാൻ ശക്തിയുണ്ടായില്ല; കുറേനേരം ചുമരിൽ ചാരി നില്ക്കേണ്ടിവന്നു.

“ആ തേവിടിശ്ശിയില്ലേ, അവനെ പൊടിയിട്ടു മയക്കിയ തേവിടിശ്ശി, അവളുടെ അടുക്കൽ പോകട്ടെ അനുഗ്രഹം വാങ്ങാൻ. ദ്രോഹി, എന്റെ മുഖത്തു നോക്കാനോ അവൻ?”—എന്നു നാരായണി അമ്മ വീണ്ടും ഉച്ചത്തിൽ പുലമ്പി. മാധവൻ ശ്രമപ്പെട്ടു പുറമെ പോന്നു. അമ്മുക്കുട്ടി, അവി

ടെ ഒരു തൂണും ചാരിനിന്നു കരഞ്ഞിരുന്നു. മാധവൻ അവളുടെ അരികിൽ ചെന്നു പറഞ്ഞു:—"വ്യസനിക്കേണ്ടാ ജ്യേഷ്ഠത്തി, വരൂ, പുറത്തേക്ക പോവാം. ജ്യേത്തിയെങ്കിലും എന്നെ അനുഗ്രഹിച്ച പറഞ്ഞയക്കൂ."

സഹോദരീസഹോദരന്മാർ പുറത്തു വന്നു. "അയ്യോ, എന്റെ അനുജാ, എനിക്കാരാണുള്ളത്? എന്റെ പ്രിയപ്പെട്ട അനുജാ"— എന്നു അമ്മുക്കുട്ടി അവന്റെ മേൽ വീണു കരഞ്ഞുതുടങ്ങി. "വേണ്ടാ ജ്യേഷ്ഠത്തീ, എന്റെ യാത്ര മുടക്കരുതേ, ഇങ്ങനെ കരഞ്ഞാൽ ഞാൻ എങ്ങിനെപോകും? അമ്മയെ ശുശ്രൂഷിച്ചുംകൊണ്ട് ഇവിടെ സുഖമായിരിക്കൂ"— ഈ ഒടുവിലത്തെ വാക്കുകൾ പറഞ്ഞപ്പോൾ, മാധവനും പൊട്ടിക്കരഞ്ഞു. എന്നാൽ ഏറെ നേരം അവിടെ നിന്നില്ല. അവളെയും കൂട്ടിക്കൊണ്ടു പടിക്കൽ എത്തി; അനന്തരം, അവളെ വന്ദിച്ച വണ്ടിയിൽ കയറി; വണ്ടി അതിവേഗം ഓടിച്ചു പോകയും ചെയ്തു.

അകലെ പോയി മറയുന്ന വണ്ടിയെ, അമ്മുക്കുട്ടി തന്റെ കണ്ണുനീരിനിടയിൽ കൂടെ, സൂക്ഷിച്ചുനോക്കി നില്ക്കുമ്പോൾ, കാർത്ത്യായനി പടിക്കലേക്ക പാഞ്ഞിറച്ചുകൊണ്ട് വന്നു, "വിളിക്കിൻ,വിളിക്കിൻ, അമ്മക്ക മകനെ കാണണം, എവിടെ? പോയോ? അയ്യോ! വേഗം തിരിച്ചു വിളിക്കിൻ. അതാ കട്ടിലിൽ കിടന്നു നെഞ്ചത്തടിച്ചു നിലവിളിക്കുന്നു." എന്നു വിളിച്ചു പറഞ്ഞു.

അമ്മു:—(പാരുഷ്യത്തോടെ) "തിരിച്ചു വിളിക്കയോ? അവൻ പോയി മറഞ്ഞിട്ടാണോ തിരിച്ചു വിളിക്കുന്നത്?വന്നപേക്ഷിച്ചപ്പോൾ കാണേണ്ടിയിരുന്നു."

അമ്മു അകത്തേക്ക നോക്കിയപ്പോൾ, തലമുടിയും അഴിച്ചിട്ട്, നാരായണി അമ്മ, കൈ ചൂണ്ടിക്കാണിച്ചും, ആംഗ്യം കാട്ടി വിളിച്ചും, കോലായിൽ വന്നു നിന്നു പ്രലപിക്കുന്നതു കണ്ടു. മാധവന്റെ അവസാനവാക്കുകളെ ഓർത്ത് അ

വൾ അകത്തേക്കു ഓടിച്ചെന്നു് അമ്മയെ താങ്ങി:— "അമ്മേ! അടങ്ങിയിരിക്കുക. പോയിക്കിടക്കുക. അവൻ പോയി, എത്രയോ നേരമായി ഇനി വിളിച്ചിട്ടു ഫലമില്ല." എന്നു്, അവൾ പറഞ്ഞു. എന്നാൽ അവളുടെ വാക്കിലും നോക്കിലും പാരുഷ്യമല്ലാതെ, അനുകമ്പ ലേശംപോലുമില്ലായിരുന്നു.

നാ. അ:—പോയോ! തിരിച്ചു വരില്ലയോ? അയ്യോ! എൻെറ മകനേ! മകനേ, എന്നെ വന്നു കണ്ടിട്ടുപോ! അമ്മു പടിക്കൽ ഓടിപ്പോയി അവനെ വിളിക്കു്. വണ്ടി നിറുത്താൻ പറ. പോടി, ഞാൻ പറയുന്നതു കേൾക്കില്ലയെ? ഓടിപ്പോ———

അമ്മു, അമ്മയെ തൃപ്തിപ്പെടുത്താൻ വേണ്ടി, പടിക്കലോളം പോയി, മടങ്ങിവന്നു്, "അമ്മേ, വണ്ടി കാണാനും കൂടെ ഇല്ല. ഇവിടെ കിടന്നു നിലവിളിച്ചിട്ടു എന്തു പ്രയോജനം? ഇതു നേരത്തെ പാടില്ലായിരുന്നോ? കണ്ണിൽനിന്നു മറഞ്ഞതിൻെറ ശേഷമാണോ, തിരിയെ വിളിക്കാൻ?" എന്നു പറഞ്ഞു.

"പോയോ? പോയോ? അയ്യോ! എൻെറ കുട്ടിയെക്കൊണ്ടുപൊയ്ക്കളഞ്ഞോ, ആ ഏരപ്പാളി? എൻെറ മകനേ, എനിക്കാരുമില്ലേ, കുഞ്ഞേ, കുഞ്ഞേ, ആ ദ്രോഹി നിന്നെച്ചതിച്ചു കൊണ്ടുപോയോ?" എന്നു നാരായണി അമ്മ ഉച്ചത്തിൽ പ്രലപിക്കാൻ തുടങ്ങി. പടിക്കൽ കൂടെ കടന്നു പോകുന്നവർ, ഈ പ്രലാപങ്ങൾ കേട്ടു്, വേലിക്കൽ എത്തി നോക്കി, കൂട്ടം കൂടി നിന്നു. അമ്മുവും കാർത്ത്യായനിയുംകൂടെ അമ്മയെ അകത്തു കൊണ്ടുപോകുവാൻ പലതും ശ്രമിച്ചു; ഒടുവിൽ വലിച്ചെടുത്തുതന്നെ, കൊണ്ടുപോകേണ്ടി വന്നു. നാരായണി അമ്മ കൈകാലുകൾ ഇട്ടടിച്ചും, ഉച്ചത്തിൽ അലറിയും, പല സാഹസങ്ങൾ കാട്ടി. അതുകൊണ്ടെന്തു സാദ്ധ്യം?

കരഞ്ഞും നിലവിളിച്ചും, കുറുപ്പിനെ ശകാരിച്ചും ശപിച്ചും ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ, നാരായണി അമ്മയുടെ ദേഹം ക്ഷീണിച്ചു വിയർത്തൊലിച്ചു; ശ്വാസം മുട്ടലും ഏ

രോഗബാധയും ക്രമേണ വദ്ധിച്ചു. കരച്ചൽ മാററി സമാധാനപ്പെടുത്താൻ അമ്മുക്കുട്ടി എത്ര പണിപ്പെട്ടിട്ടും സാധിച്ചില്ല. അവൾക്കു മുഷിച്ചൽ ഉണ്ടായില്ലെന്നുമില്ല. ഡാക്ടരെ കൂട്ടിക്കൊണ്ടു വരുവാനായി വാല്യാക്കാരനെ പറഞ്ഞയച്ചാറെ, പടിപ്പുരവീട്ടിൽ ചെന്നു കല്യാണി അമ്മയെ കൂട്ടിക്കൊണ്ടു വരുവാൻ അവൾതന്നെ പുറപ്പെട്ടു.

അമ്മുക്കുട്ടി പടിപ്പുരവീട്ടിൽ എത്തിയപ്പോൾ, മാധവന് ഇടനാട്ടിലെ വസ്തുക്കൾ കിട്ടാൻ ഇടയുണ്ടെന്നുള്ള വിവരം അവിടുത്തുകാർ അറിഞ്ഞു് അതിനെക്കുറിച്ച് സംസാരിച്ചു ബഹളം കൂട്ടിക്കൊണ്ടിരിക്കയായിരുന്നു. ചിറയ്ക്കൽ നിന്നു്, ലക്ഷ്മിയമ്മ മേല്പടി വിവരങ്ങൾക്കു കരെഴുത്തയച്ചതു വഴിക്കായിരുന്നു, പടിപ്പുരവീട്ടുകാർ അറിഞ്ഞതു്. വസ്തുക്കൾ കിട്ടുന്നകാൎയ്യത്തിൽ ലക്ഷ്മിഅമ്മയ്ക്കു് ആദ്യം സംശയമായിരുന്നു എങ്കിലും, വക്കീലന്മാർ ഉറപ്പു കൊടുത്തപ്പോൾ അവക്കു വിശ്വാസം വന്നു. താൻ നിമിത്തം മാധവന്ന് ഇങ്ങനെയൊരു ഗുണം സിദ്ധിക്കാനിടയുണ്ടാകുന്നതിൽ, അവക്കു അനല്പമായ സന്തോഷവും, കമലയുമായുള്ള അവൻെറ സംബന്ധം ശുഭോദൎക്കമായി പൎയ്യവസാനിച്ചതിൽ, അത്യന്തം ചാരിതാൎത്ഥ്യവും ഉണ്ടായി. ഈ സന്തോഷവൎത്തമാനത്തെ ഇനിയും ഗോപ്യമായി വെച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ലെന്നു വിചാരിച്ചിട്ടായിരുന്നു, ലക്ഷ്മി അമ്മ തൻെറ സ്നേഹിതയായ കല്യാണി അമ്മയെ ഈ വിവരം അറിയിച്ചതു്.

അമ്മുക്കുട്ടി പടിപ്പുരവീട്ടിൽ എത്തിപ്പോൾ, രാധയും തുളസിയും പുറത്തളത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. അവളെക്കണ്ട ഉടൻ തുളസി പറഞ്ഞു:—"നിങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരിക്കയാണ് ഞങ്ങൾ. മാധവൻെ ഭാഗ്യംതന്നെ. സ്ത്രീണാഞ്ച ചിത്തം, പുരുഷസ്യഭാഗ്യം—"

അ:—എന്തു ഭാഗ്യം?

തുളസി:—എന്തു ഭാഗ്യമോ? അറിഞ്ഞില്ലെന്നു നടിക്കയാ

ണോ? ഇടനാട്ടു വസ്തുക്കളെ സംബന്ധിച്ച റിക്കാർട്ടുകൾ കണ്ടുകിട്ടിയ കഥയും—ഇതൊന്നും രഹസ്യമായി സൂക്ഷിക്കാൻകഴിയുന്ന കാൎയ്യമല്ല. എങ്ങിനെയായാലും പുറത്തു വരാതിരിക്കില്ല.

അമ്മു:—ശരിതന്നെ. എന്നാൽ ഇക്കാൎയ്യം ഇത്രവേഗം പുറത്തു പറയത്തക്കതല്ല. ഞാൻ അതിനെപ്പററി വിചാരിച്ചതുമില്ല. വേറെകാൎയ്യങ്ങൾ ആലോചിക്കയായിരുന്നു. വീട്ടിലിന്നു വലിയ ബഹളമായിരിക്കുന്നു; മാധവൻ ഉല്പൎണ്ണമദിരാശിയിലേക്കു യാത്രയായി; അമ്മയ്ക്കു ദീനവുംതുടങ്ങിയിരിക്കുന്നു; കരഞ്ഞു കരഞ്ഞു കിടക്കുന്നു; എന്തു പറഞ്ഞാലും സമാധാനപ്പെടുന്നില്ല.

രാധ:—മാധവനെ എന്തിനായിട്ടു അയച്ചു? ഇടനാട്ടിലെ വസ്തുക്കൾ കിട്ടുന്ന സ്ഥിതിക്ക്, അവൻ ഇത്ര ദൂരദിക്കിൽ ചെന്നുകിടന്നു ക്ലേശിച്ചിട്ടു കാൎയ്യമെന്തു?

അമ്മു:— വസ്തുവിൻെറ കാൎയ്യം അമ്മ അറിഞ്ഞിട്ടില്ല.

രാധ:—ഛേ! അതു നന്നായില്ല. അമ്മയോടു പറയേണ്ടതായിരുന്നു. ഇതറിഞ്ഞാൽ മാധവൻെറ സംബന്ധക്കാൎയ്യത്തിലുള്ള കോപം കുറെ താഴുമായിരുന്നു.

അമ്മു:—അമ്മയ്ക്കു മനസ്സിനു ഇളക്കമുണ്ടാക്കരുതെന്നു ഡാക്ടർ പ്രത്യേകം പറഞ്ഞിരിക്കുന്നു. ഈ വിവരം അറിഞ്ഞാൽ അമ്മയ്ക്കതിനെപ്പററി എന്തു തോന്നുന്നു എന്നു നിശ്ചയമില്ല. അതു മാത്രവുമല്ല; വസ്തു കിട്ടുന്നകാൎയ്യം നല്ല തീൎച്ചയുമല്ല. പിന്നെ, ആശിച്ചു കിട്ടാതിരുന്നാൽ, അതും ആപത്തായിത്തീരും.

രാധ:—കിട്ടാതിരിക്കാനോ? കിട്ടുന്ന കാൎയ്യം തീൎച്ചതന്നെ എന്നല്ലേ ലക്ഷ്മി അമ്മ എഴുതിയിരിക്കുന്നത്. കമലയുടെ അച്ഛനും മററു വലിയ വക്കീലന്മാരും, സകലരും ഉറപ്പു പറഞ്ഞിരിക്കുന്നു പോലും. പക്ഷേ കുറെനാൾ കഴിയേണ്ടിവന്നേക്കും. സിവിൽ കേസല്ലേ? കോടതി കയറിയാൽ എത്രയോ മാസം കഴിയണം.

ഈ അവസരത്തിൽ, കല്യാണി അമ്മ തളത്തിലേക്കു വന്നു. അനന്തരം തോരണത്തു നടന്ന സംഗതികളൊക്കെ അമ്മുക്കുട്ടി പറഞ്ഞു കേൾപ്പിച്ചു. കല്യാണി അമ്മ തന്നോടു കൂടെ ഉടൻ തോരണത്തു പോരണമെന്നും, അവൾ അപേക്ഷിച്ചു.

ക. അ:—തന്നത്താനെ വരുത്തി വച്ച വയ്യാവേലി; എന്തുപറയേണ്ടു? ഇങ്ങിനെ ശാഠ്യമായാൽ എങ്ങിനെയാണു കഴിച്ചുകൂട്ടുക? ഇങ്ങിനെയുള്ളവർ അനുഭവിച്ചാലേ അറിയൂ.

അമ്മു:—നല്ലവണ്ണം അനുഭവിക്കുന്നു. എന്തു പശ്ചാത്താപമായിരുന്നു! സുഖക്കേടു കലശലാണ്.

രാ:—താമരശ്ശേരിക്കാരൊക്കെ ഇങ്ങനത്തെ സ്വഭാവക്കാർ തന്നെ. അവനവൻ എത്ര ദുഃഖിച്ചാലും തരക്കേടില്ല, അന്യരെ നല്ലവണ്ണം ദുഃഖിപ്പിക്കാനാണു അവൾക്കു വിരുത്. പാവം, ആ മാധവൻ മാത്രം അത്തരക്കാരനല്ലായിരുന്നു; അവനെ പറഞ്ഞയക്കയും ചെയ്തു.

ക. അ:—നീയെന്തറിഞ്ഞു പറയുന്നു? താമരശ്ശേരിക്കാർ ദൃഢശക്തിക്കാരും മുൻകോപികളും തന്നെയാണ്. എന്നാലും തെറ്റു ചെയ്തുപോയാൽ അതേറ്റു പറയുന്നതിന് അവർക്കു തീരെ മടിയില്ല.

കല്യാണി അമ്മ അമ്മുവിനോടൊന്നിച്ച് ഉടൻതന്നെ തോരണത്തേക്കു പോയി. പോകുംവഴിക്കു ഇടനാട്ടു വസ്തുവിന്റെ പേരുകൾ കണ്ടുകിട്ടിയ കഥ അന്നുതന്നെ നാരായണി അമ്മയെ അറിയിക്കേണ്ടതാണെന്നു കല്യാണി അമ്മ തീർച്ചപ്പെടുത്തി. നാരായണി അമ്മയുടെ മനസ്സിനെ ആ സംഗതിയിലേക്കു തിരിച്ചു വിടാമെങ്കിൽ, അവർക്കു തന്റെ കഠിനമായ പശ്ചാത്താപത്തിൽനിന്നു തല്ക്കാലം മോചനം ലഭിക്കാതിരിക്കയില്ലെന്നായിരുന്നു കല്യാണി അമ്മയുടെ വിശ്വാസം. വസ്തുവൊഴിപ്പിക്കുന്നതിന് ആവശ്യമുള്ള ഒരു രേഖ ഇനിയും കിട്ടാനുണ്ടു എന്നു ലക്ഷ്മി അമ്മയുടെ എഴുത്തിൽ പറഞ്ഞിരുന്നു. ആ രേഖ കണ്ടുപിടിപ്പാൻ നാരായണി അമ്മയെ ഉ

ത്സാഹിപ്പിച്ചാലോ, എന്നായിരുന്നു കല്യാണി അമ്മ ആലോചിച്ചു നടന്നത്. "ആ പ്രമാണവും കൂടെ കിട്ടിയെങ്കിൽ വസ്തു കിട്ടാൻ എത്ര എളുപ്പമായിരുന്നേനെ. കമലയുടെ കാര്യം വിചാരിച്ചാണ് എനിക്കിത്ര സന്തോഷം! പാവം! ആ സാധു നന്നായി വരാഞ്ഞാൽ എത്രയോ കഷ്ടം! അതുമാത്രമോ? ലക്ഷ്മി അമ്മ മൂലമാണ് താരമശ്ശേരി നശിച്ചതു് എന്നാണു നാണുവിന്റെ വിശ്വാസം. കമല നിമിത്തം അതിലും വലിയ ഒരു വസ്തു കിട്ടാനിടയുണ്ടെന്നറിഞ്ഞാൽ, നാണുവിനു ആ കുട്ടിയുടെ പേരിലുള്ള പക തീരും. മാധവൻ കമലയെ സംബന്ധം ചെയ്തതു നിമിത്തമാണ് ഈ വസ്തു വിവരം പുറമേ അറിഞ്ഞതു്. അല്ലെങ്കിൽ, ലക്ഷ്മി അമ്മ ഇക്കാര്യം പുറത്തു് പറഞ്ഞില്ലെന്നും വരുമായിരുന്നു." ഇങ്ങനെ സംസാരിച്ചുകൊണ്ടു് കല്യാണി അമ്മയും അമ്മുക്കുട്ടിയും തോരണത്തു എത്തി.

---

## അദ്ധ്യായം, ൨൨.

---

### മനസ്സുമാറി.

കല്യാണി അമ്മ അമ്മുവുമൊന്നിച്ചു് നാരായണി അമ്മയുടെ അറയിലേക്കു കടന്നുചെന്നു. അവർ വാതല്ക്കൽ എത്തിയ സമയം, "വേരേണ്ടെന്നു പറയെടീ; ഇതിനകത്തു കടക്കാൻ സമ്മതിച്ചാൽ നോക്കിക്കോ"— എന്നു നാരായണി അമ്മ ദ്വേഷ്യപ്പെട്ടു പറയുന്നതു കേട്ടു. നാരായണി അമ്മ, വാതല്ക്കൽ കാലൊച്ച കേട്ടപ്പോൾ, മാധവനോടുകൂടെ അനുയാത്ര പോയ കുറുപ്പു മടങ്ങിവരുംവഴി തന്നോടു സമാധാനം പറവാൻ വരുന്നതായിരിക്കുമെന്നായിരുന്നു ശങ്കിച്ചതു്.

കാത്ത്യായനി വാതല്ക്കൽ വന്നു്, "അമ്മയ്ക്കു സുഖമില്ല; ഇപ്പോൾ കാണാൻ തരമില്ല"— എന്നു പറഞ്ഞു; നോക്കി

യത്തു് കല്യാണി അമ്മയുടെ മുഖത്തായിരുന്നു. "അയ്യോ! ആളു മാറിപ്പോയി. കുറുപ്പെജമാനൻ ആണെന്നുവച്ചാണു് അകത്തു വരേണ്ടെന്നു പറഞ്ഞതു്. വരിൻ, വരിൻ"—എന്നു പറഞ്ഞു, കാർത്ത്യായനി മടങ്ങിനിന്നു. കല്യാണി അമ്മയും അമ്മുവും അകത്തു കടക്കയും ചെയ്തു.

"അത്തു കടത്തരുതെന്നല്ലേടീ ഞാൻ പറഞ്ഞതു്"—എന്നു പുലമ്പിക്കൊണ്ടു്, നാരായണി അമ്മ തിരിഞ്ഞു നോക്കി; കല്യാണി അമ്മയേയും അമ്മുവിനെയും ആയിരുന്നു കട്ടിലിനരികെ കണ്ടതു്. "അല്ലാ നിങ്ങളോ? ആ ഏരപ്പാളി ഇവിടെ വരുന്നുവെന്നായിരുന്നു ഞാൻ വിചാരിച്ചതു്. ആ ദ്രോഹി എനിക്കുള്ള സകലതും കൈവശപ്പെടുത്തി. ഇതാ ഇപ്പോൾ എന്റെ കുട്ടിയെ നാട്ടിന്നു വെളിയിൽ അടിച്ചോടിച്ചിരിക്കുന്നു"—എന്നു പറഞ്ഞു്, നാരായണി അമ്മ കോപിക്കാനും പ്രലപിക്കാനും തുടങ്ങി.

ക. അ:—കുറുപ്പു് മാധവനു ഗുണമല്ലയോ ചെയ്തുകൊടുത്തതു്? അതു മനസ്സിലാക്കാതെ അയാളെ ഇങ്ങനെ ചീത്ത പറയാൻ തോന്നുന്നല്ലോ, നാണു, നിനക്കു്. ഇനിയെങ്കിലും ഈ ശകാരം മതിയാക്കി അടങ്ങിക്കിടക്കു്.

നാ. അ:—എന്റെ കുട്ടിയെപ്പിടിച്ചു ദൂരദിക്കിൽ തള്ളിയയച്ചതു വലിയ ഗുണം തന്നെ. നിന്റെ മകനെയാണു തള്ളിഅയച്ചിരുന്നതെങ്കിൽ, നിനക്കെന്തു തോന്നും?

കാ. അ:—അവന്റെ ഗുണത്തിന്നായി പറഞ്ഞയച്ചാൽ ഞാൻ യാതൊരു തടസ്ഥവും പറയില്ല.

നാ. അ:—ഓ! നിനക്കങ്ങിനെ പേടിക്കേണ്ടാത്തതുകൊണ്ടു് നീ പറയും. നിന്റെ മകനെ തള്ളിയയപ്പാൻ അവന്നു് ആവശ്യമൊന്നുമില്ല. എന്റെ കുട്ടിയാണു അവനു കണ്ണിന്മേൽ കുരു ആയിത്തീൎന്നിരിക്കുന്നതു്. അവന്റെ വസ്തു മുഴുവൻ പിടിച്ചു പററി, ഇനി അവനേയുംകൂടെ തുലച്ചെങ്കി

ലേ സുഖമുള്ളൂ. ആ എരപ്പാളിയുടെ സമ്പ്രദായമൊക്കെ എനിക്കു നല്ലവണ്ണം മനസ്സിലായി. എന്നെപ്പോലെ പാവപ്പെട്ട കരുവളെ ചതിക്കാൻ അവനെന്തു പ്രയാസം?

ക. അ:— കുറുപ്പിനു നിന്നെ ചതിക്കണമെന്നുള്ള ഉദ്ദേശമേ ഇല്ല. ഈ അന്യായം പറയരുതേ, നാണു.

നാ. അ:— പോടീ പോ, നിനക്കെന്തറിയാം? അവൻ ഇവിടെ സംബന്ധമാലോചിച്ചുവന്നു! നീ അറിഞ്ഞോ? ഉത്തരവും കൊടുത്തു പറഞ്ഞയച്ചു. ഒഹോ! നിൻെറ വീട്ടിൽ വന്നിരുന്നെങ്കിൽ രണ്ടു കൈയും നീട്ടി പിടിക്കുമായിരുന്നു. താമരശ്ശേരിക്കാര് അവൻെറ പണം കണ്ടു ഭ്രമിക്കയില്ല. അതുകൊണ്ടല്ലയൊ ഈ സൂത്രം എടുത്തത്. ആ കുട്ടിയെ തള്ളിയയച്ചാൽ, നാഥനില്ലാതെയാകുമല്ലൊ ഞങ്ങൾക്ക്. അപ്പോൾ സമ്മതിക്കുമെന്നായിരുന്നു ഭാവം.”

നാരായണി അമ്മ കുറുപ്പിനെ ദ്രോഹംപറഞ്ഞുകൊണ്ടു തന്നെയിരുന്നു. കല്യാണി അമ്മ എന്തു പറഞ്ഞിട്ടും, നാരായണി അമ്മയുടെ രോഷം ശമിപ്പിക്കാൻ കഴിഞ്ഞില്ല. ആ അവസരത്തിൽ എങ്ങിനെയാണു ഇടനാട്ടിലെ കാര്യം പറയുക? പറഞ്ഞാൽ അതും കുറുപ്പിൻെറ ചതിപ്രയോഗമാണെന്നേ അവർ വിശ്വസിക്കയുള്ളൂ. ഒന്നുരണ്ടു നാഴിക വൃഥാ ശ്രമപ്പെട്ടു മുഷിഞ്ഞു, കല്യാണി അമ്മ വീട്ടിലേക്കു മടങ്ങി. അതു കണ്ടു നാരായണി അമ്മ മകളോടു പറഞ്ഞു:— “അമ്മൂ, ആ എരപ്പാളി ഇവിടെ വരുന്നെങ്കിൽ, മേലാൽ ഇവിടെ കടന്നുപോകരുതെന്നു പറഞ്ഞയയ്ക്കണം. എന്നെക്കാണാനും അനുവദിക്കരുത്, കേട്ടൊ. കൂടക്കൂടെ വന്നുകയറി, മാലോകർ വല്ലതും സംശയിച്ചുതുടങ്ങും. ഇവിടെ വന്നിട്ടു ഫലമില്ലെന്നു പറഞ്ഞയച്ചേക്കു. ആ ചിറയ്ക്കലെ തേവിടിശ്ശിയെ സംബന്ധം ചെയ്തോളാൻ പറ. മകളെ അവൻെറ തലയിൽ കെട്ടിവെച്ചില്ലയോ? തള്ളയും ആ എരപ്പാളിയും ആയിക്കോട്ടെ. അതാണു നല്ലതു?”

അമ്മു:—അമ്മേ, ഞാനിതൊന്നും പറയില്ല. ഇവിടെ വരരുതെന്നു പറയാൻ നമുക്ക് അധികാരമുണ്ട്. പക്ഷേ അത് നന്ദികേട കാണിക്കയാണെന്നേ വരൂ. എന്നാലും ഭേദം. മററുള്ളെടത്തു പോയി സംബന്ധം തുടങ്ങുന്നതിന് പറയാൻ നമുക്കെന്തു കാൎയ്യം? അതിലും, അമ്മായിയെ ശിപാൎശ്ചെയ്യുയോ? അമ്മായിയെ കുറുപ്പ സംബന്ധം ചെയ്കയില്ല.

നാ. അ:—അതൊക്കെ നിനക്കല്ലേ നിശ്ചയമുള്ളു. ഓ! അയാൾ വേറെ സംബന്ധം തുടങ്ങുന്നതു നിനക്ക് ഇഷ്ടമല്ലായിരിക്കും. അങ്ങനെ വരട്ടെ. എന്നാൽ നിൻെറ ഇഷ്ടംപോലെ ആയിക്കോ.

അമ്മയുടെ ദൃഷ്ടിപഥത്തിൽനിന്നു, അമ്മുക്കുട്ടി മുഖം തിരിച്ചുകളഞ്ഞു. അമ്മ തൻെറ രഹസ്യത്തെ അറിഞ്ഞു എന്നു വരുന്നത് അവൾക്കു പ്രാണസങ്കടമാണ്. അവൾ മൗനമായിരിക്കുന്നതു കണ്ട് നാരായണി അമ്മ വീണ്ടും പറഞ്ഞു:— "ശരിതന്നെ. ഞാനിതാ കുഴിക്കു കാലുനീട്ടിയിരിക്കുന്നു. ഇന്നോ നാളയോ. പിന്നെ നിനക്കാരാണുള്ളത്? കാലക്ഷേപത്തിനു എന്തുണ്ട്? എൻെറ വകയായിട്ടുള്ളതൊക്കെ മാധവൻ കൈക്കലാക്കും. പോരെങ്കിൽ ആ കുളയട്ടയും വന്നു പററിയിട്ടുണ്ടല്ലോ. ശരിതന്നെ, അമ്മു, അവൻ നിന്നെ സംബന്ധം ചെയ്തോട്ടെ. ഞാൻ സമ്മതിച്ചേക്കാം. അല്ലെങ്കിൽ ഞാൻ ചത്തിട്ട് നിൻെറ ഇഷ്ടംപോലെ ചെയ്യ്."

അമ്മു:—മിണ്ടാതിരിക്കു, അമ്മേ. അടങ്ങിക്കിടന്നെങ്കിലേ സുഖമാവൂ എന്നു ഡാക്ടർ പറഞ്ഞതു കേട്ടില്ലേ? എന്തിനാണ് ഈ അനാവശ്യകാൎയ്യങ്ങൾ പുലമ്പിക്കൊണ്ടിരിക്കുന്നത്? അതു നാളെയും ആവാമല്ലോ. നിമിഷത്തിനു നിമിഷത്തിന് ഇങ്ങിനെ മാറി മാറിപ്പറയുന്നതു എനിക്കു കേൾക്കതന്നെ വേണ്ട.

നാ. അ:—ഞാൻ ഇനി മാറിപ്പറകയില്ല. അയാൾ നിന്നെ സംബന്ധം ചെയ്തോട്ടെ. നിനക്കതു സമ്മതമാണല്ലോ?

അമ്മു:—കുറുപ്പിനെയൊ, വിറകുവെട്ടുകാരൻ ശങ്കുവിനെയൊ,

ആരെയെങ്കിലും, അമ്മയുടെ ഇഷ്ടംപോലെ ഞാൻ കൈക്കൊള്ളാം. അതിന്നുള്ള സമയം വരുമ്പോഠം പോരേ?

നാ. അ:—ഒന്നു നോക്കിയാൽ ശങ്കുവാണു ഭേദം. ഈ ഏരപ്പാളിക്കെന്താണു കൂടുതൽ അവസ്ഥ?

അമ്മയ്ക്കു വീണ്ടും കോപം വർദ്ധിക്കാനുള്ള പുറപ്പാടാണെന്ന്, അമ്മു മനസ്സിലാക്കി. കുറുപ്പിനെ ഈ വിധം അപഹസിക്കുന്നതു കേട്ട്, അവഠക്ക് ഇരിക്കപ്പൊറുതിയില്ലാതെയുമായി. തന്നെ കാണാതിരുന്നാൽ കുറെ അടങ്ങിക്കിടക്കുമായിരിക്കും, ഈ ചീത്ത വാക്കുകഠം കേഠക്കയും വേണ്ടാ, എന്നു കരുതി, അമ്മു മുറിയിൽനിന്നു പുറമേയിറങ്ങി. അമ്മുവിനു അന്നേദിവസം അതേവരെ ദേഹത്തിനും മനസ്സിനും ക്ലേശമേ ഉണ്ടായിരുന്നുള്ളു; അല്പം വിശ്രമിക്കാൻ അപ്പൊഴാണു തരമെന്നു കരുതി, അവഠം വെളിയിലിറങ്ങി നടന്നു.

നാരായണിഅമ്മയുടെ വാക്കുകഠം അവളുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടുതന്നെയിരുന്നു. "അയാഠം വേറെ സംബന്ധം തുടങ്ങുന്നതു് നിനക്ക് ഇഷ്ടമല്ലായിരിക്കും"—എന്ന വാക്കുകളെ ഓർമ്മിച്ചപ്പോഠം, അവഠക്കു രോമാഞ്ചമായി; കവിഠത്തടങ്ങഠം ചുട്ടുപൊള്ളി. അമ്മ അവളുടെ ഹൃദയരഹസ്യത്തെ അറിഞ്ഞിരിക്കുന്നുവോ? ഹ! എന്നാൽ എത്ര കഠിനം! അമ്മ ആലോചനകൂടാതെ പറഞ്ഞതായിരിക്കയില്ല. അമ്മയ്ക്കു വല്ല ശങ്കകളും ഉണ്ടായിരിക്കും. അമ്മ വാസ്തവം അറിയുന്നതു ആപല്ക്കരംതന്നെ. അമ്മയുടെ സ്വഭാവത്തെപ്പററി അവഠക്കു നിശ്ചയമില്ലേ? അവളുടെ പേരിൽ ദയാലേശംകൂടാതെ, അമ്മ ആ സംഗതി പറഞ്ഞു പരത്തുകയില്ലേ? അവഠം രഹസ്യത്തിലും രഹസ്യമാക്കി വച്ചിരിക്കുന്ന ആ സംഗതിയെ പരസ്യമാക്കിത്തീക്കുന്നതിലായിരിക്കും അമ്മയ്ക്കു തൃപ്തി.—ഇങ്ങിനെ അമ്മയുടെ ഹൃദയകാഠിന്യത്തെയും പ്രതികാരേച്ഛയേയും ഓർത്തു് കിടുകിടെ വിറച്ചുകൊണ്ടു, അമ്മുക്കുട്ടി വഴിതെററി നടന്നു. രാജപാതയിലാണു താൻ നടക്കുന്നതെ

ന് അവൾക്കു ഓൎമ്മയുണ്ടായില്ല. നേരം സന്ധ്യയായിത്തുടങ്ങി. വൃക്ഷശിഖരങ്ങളിൽ മൎമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന മന്ദവായു അവളുടെ ചുട്ടുപഴുത്ത കവിൾത്തടങ്ങളെ വീശിത്തണുപ്പിക്കയും ചെവിയിൽ സാന്ത്വനവാക്കുകൾ മന്ത്രിക്കയും ചെയ്തു. അവളുടെ ബാല്യസുഹൃത്തായ പ്രകൃതിദേവി, പലപ്പോഴും അവളെ ആ വിധം സമാധാനപ്പെടുത്തിയിട്ടുണ്ട്. കാററിൻെറ ആമന്ത്രണം അവൾക്ക് ഒരു സന്തോഷസന്ദേശമായിട്ടാണ് തീരാറുള്ളതു. എന്നാൽ ഈ അവസരത്തിലാകട്ടെ, കോപവും മാത്സൎയ്യവും നിറഞ്ഞിരിക്കുന്ന അവളുടെ മനസ്സ്, പ്രകൃതിയുടെ സാന്ത്വനോദ്യമത്തെ അപഹാസോദ്യമമാക്കി വ്യാഖ്യാനിച്ചു. അവൾക്കു സന്തോഷമോ, സമാധാനമോ? കഷ്ടം! ആ വികാരങ്ങൾ അവളോട് എന്നെന്നേക്കും യാത്രപറഞ്ഞു പിരിഞ്ഞിരിക്കുന്നില്ലേ? ജനബാധയില്ലാത്ത സ്ഥലം തെരഞ്ഞ് അവൾ ബദ്ധപ്പെട്ടു നടന്നു. എന്നാൽ അവൾ കുറെ അടി നടന്നപ്പോൾ, ഒരു കുതിരവണ്ടി എതിരേ വരുന്നതു കണ്ടു. കുറുപ്പിൻെറ വണ്ടിയാണെന്നും, കുറുപ്പു മാധവനെ അനുയാത്ര ചെയ്തിട്ട് മടങ്ങിവരുകയാണെന്നും അവൾ ഊഹിച്ചു. കുറുപ്പു തന്നെക്കണ്ട് സംസാരിക്കാൻ ഇടയാകരുതെന്നു കരുതി, അവൾ പാതയുടെ ഇടത്തുവശത്തുള്ള പാടങ്ങളിലേക്ക് ഇറങ്ങി നടന്നു. കുറേ ദൂരം പോയപ്പോൾ, അതിനുള്ളിൽ ഇരുന്നുകൊണ്ട് ഒരാൾ "അമ്മുകുട്ടി അമ്മേ, ജ്യേഷ്ഠത്തീ"—എന്നു ഉച്ചത്തിൽ വിളിക്കുന്നതു അവൾ കേട്ടു. അവൾ തിരിഞ്ഞുനിന്നു. വണ്ടിയിൽ കുറുപ്പും മറെറാരാളും—ഒരു സ്ത്രീയും - ഇരിക്കുന്നു. മറെറ ആൾ ആരായിരിക്കും? ഭാഗീരഥിയുടെ ശബ്ദമല്ല. ഇങ്ങനെ സംശയിച്ചു നില്ക്കുമ്പോൾ, വണ്ടി നിറുത്തി അതിൽനിന്നു കമല ചാടിയിറങ്ങി പാടത്തിലേക്കു ഓടിവന്നു. അമ്മുവിനെ തഴുകി, കണ്ണുനീരിനിടയിൽക്കൂടെ പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു:—"കുറുപ്പുദ്ദേഹം എന്നെക്കൂടെ കൊണ്ടുപോന്നു. അവി

ടെ തനിയേ ഇരുന്നു കരയുന്നതിനെക്കാൾ ഇവിടെ വന്നു നിങ്ങളെയും ഭാഗീരഥി അമ്മയേയും കണ്ടുകൊണ്ടിരുന്നാൽ, എനിക്കു മനസ്സിനു വളരെ ആശ്വാസമുണ്ടാവുമല്ലോ.— അമ്മയ്ക്കു സുഖക്കേടെങ്ങിനെയിരിക്കുന്നു?''

കുറുപ്പും വണ്ടിയിറങ്ങി അവരുടെ അടുക്കൽ ചെന്നു. "ഞാൻ ഉണ്ണിത്താനെ കൊണ്ടാക്കി, പകരം കമലയെ കൂട്ടിക്കൊണ്ടു പോന്നു. കുറെ നാൾ താമരശ്ശേരിയിൽ താമസിപ്പിച്ചുകൊള്ളാൻ ലക്ഷ്മി അമ്മയും മാധവനും സമ്മതിച്ചിരിക്കുന്നു''—എന്നു പറഞ്ഞു.

അ:—മാധവൻ വണ്ടികയറിയോ?

കൃ. കു:—കയറി. ഉണ്ണിത്താനെ തീവണ്ടിയിൽ കയററിയശേഷം ഞാൻ ചിറയ്ക്കൽ തിരിച്ചുചെന്ന് കമലയെ കൂട്ടിക്കൊണ്ടുപോന്നു. അതാണിത്ര വൈകിയത്.

അ:—മാധവൻ വ്യസനിച്ചോ?

കൃ. കു:—വ്യസനം പുറമേ കാണിച്ചില്ല. ചിരിച്ചുകൊണ്ടായിരുന്നു യാത്രപറഞ്ഞത്. നല്ല മനസ്സുള്ള കുട്ടിയാണവൻ.

അ:—നിങ്ങൾ പോയ ഉടൻ അമ്മയ്ക്കു മനസ്സുമാറി. അവനെ തിരിച്ചു വിളിക്കാൻ പറഞ്ഞു നിലവിളിച്ചു. വണ്ടി പോയി മറഞ്ഞുകഴിഞ്ഞു. പിന്നെ എങ്ങിനെയാണു തിരിച്ചു വിളിക്കുന്നത്.

കൃ. കു:—മനസ്സുമാറിയതു നന്നായി. വിവരം ഉണ്ണിത്താൻ അറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. ഞാൻ എഴുതി അറിയിക്കാം. ഇനി കമലയെക്കണ്ട് ആശ്വസിക്കട്ടെ.

അ:—കരഞ്ഞും നിലവിളിച്ചും സുഖക്കേടു അധികമാക്കിയിരിക്കുന്നു. മാധവനെ കാണ്മാൻ കഴിയാഞ്ഞതിൽ വളരെ പശ്ചാത്തപിക്കുന്നു.

കൃ. കു:—ഡാക്ടരെ വരുത്തിയില്ലേ?

അ:—വരുത്തി. സമാധാനപ്പെട്ട് അടങ്ങിക്കിടക്കാൻ ഉപദേശിച്ചിരിക്കുന്നു. അത് ആരാണു കേൾക്കുക?

ക്യ. കു:—ഞാൻ ഇപ്പോഠം അങ്ങു ചെന്നാലോ? സമാധാനം പറഞ്ഞുനോക്കാം. അസമയമാണെന്നുണ്ടെങ്കിൽ നാളെ രാവിലെ വരാം.

അ:—ഇപ്പോഠം വേണ്ടാ. വന്നാൽ കാണാൻ സാധിക്കയില്ല.

അഹോ! കുറുപ്പ് ആ സമയം അവിടെ ചെന്നാൽ എന്താണ് കഥ? നാരായണി അമ്മ എന്തൊക്കെപ്പറകയില്ല? ഇതായിരുന്നു അമ്മുവിന്റെ പരിഭ്രമം.

ക്യ. കു:—എന്നാൽ നാളെ രാവിലെ വരാം. മാധവൻ സുഖമായിട്ടാണ് വണ്ടി കയറിപ്പോയത്, അമ്മയോടു വന്ദനം പറയാൻ പറഞ്ഞു; എന്നൊക്കെ സമാധാനപ്പെടുത്താൻ നോക്കാം. അസമയമായതുകൊണ്ടാണ് ഇന്നു വരാത്തതെന്നും, നാളെ നേരത്തേ വരാമെന്നും, ഞാൻ പറഞ്ഞതായി അമ്മയോടു പറയുമല്ലോ.

അ:—പറയാം.

കമല:—ഞാൻ വന്നിരിക്കുന്ന വിവരം പറയരുതേ. എന്നെ കാണണമെന്നോ, മറെറാ, ശാഠ്യം പിടിച്ചാൽ സങ്കടമാവും. എനിക്കു വന്നു കാണാൻ ഭയമാണ്.

അ:—കമല ഭയപ്പെടേണ്ടാ. നിനക്കാളയസ്ഥയില്ല. അതിനു തക്കവണ്ണം നല്ലതല്ല അമ്മയുടെ മനസ്സ്. ഇങ്ങനെ പറഞ്ഞു അവർ പിരിഞ്ഞു.

അമ്മുക്കുട്ടി വീട്ടിൽ മടങ്ങിയെത്തിയപ്പോഠം, നാരായണി അമ്മ സ്വസ്ഥമായിക്കിടന്നുറങ്ങുകയായിരുന്നു. രാത്രി മുഴുവനും അവൾക്കു സുഖനിദ്രയായിരുന്നു. രാവിലെ എണീറപ്പോഠം, സുഖക്കേടുകൊണ്ടുള്ള വല്ലായ്മയൊക്കെ മാറി. എന്നാൽ പ്രഭാതമായതു മുതൽ, അമ്മുക്കുട്ടിക്കു എന്തെന്നില്ലാത്ത പരിഭ്രമം തുടങ്ങി. കുറുപ്പിന്റെ സന്ദേശം എങ്ങിനെയാണ് അമ്മയെ ധരിപ്പിക്കുക? എങ്ങിനെ ധരിപ്പിക്കാതിരിക്കും? കുറുപ്പു ഉടൻ വന്നു കളഞ്ഞെങ്കിലോ? അമ്മ അയാളോടു എന്തൊക്കെപ്പറയുമോ? കാണാൻ തരമില്ലെന്നു പറഞ്ഞു മട

ക്കി അയച്ചാൽ ഭാഗ്യമായി. എന്നാൽ, നാരായണി അമ്മയുടെ നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്ന സ്വഭാവം അവൾക്കു നിശ്ചയമില്ലേ? അമ്മയുടെ അഭിപ്രായത്തിൽ അവൾ പലപ്പോഴും അപരാധിനിയാണു്. എന്നാൽ കുറുപ്പിനും അവൾ, അറിഞ്ഞും അറിയാതെയും, അപരാധിനി ആവുന്നതെന്തിനു്? ഇങ്ങനെ വിചാരിച്ച് അവൾ കുറുപ്പിൻെറ സന്ദേശത്തെ അമ്മയെ അറിയിക്കാൻ ഉറച്ചു. അതിലേക്കു തക്ക അവസരം നോക്കിയിരുന്നു. യദൃച്ഛയാ നാരായണി അമ്മ മാധവൻെറ കാൎയ്യം ചോദിച്ചു:

നാ. അ:—അമ്മു, മാധവൻ ഇന്നലെത്തന്നെ തീവണ്ടി കയറിയോ? അതോ ചിറസ്കൂൽ താമസിക്കുന്നോ?

അ:—ഇന്നലെതന്നെ തീവണ്ടി കയറി.

നാ. അ:—നിശ്ചയമാണോ? ചിറസ്കൂൽ ഇല്ലെന്നു എങ്ങിനെ അറിഞ്ഞു?

അ:—കുറുപ്പ് മാധവനെ തീവണ്ടി സ്റ്റേഷനിൽ കൊണ്ടാക്കിയശേഷമാണു മടങ്ങിപ്പോയതു്.

നാ. അ:—അതു നീയെങ്ങിനെ അറിഞ്ഞു? നീ താമരശ്ശേരിയിൽ പോയിരുന്നോ?

അ:—ഇല്ല. ഇന്നലെ വൈകുന്നേരം ഞാൻ പാതയിൽക്കൂടെ കടന്നു പോരുമ്പോൾ കുറുപ്പു മടങ്ങിപ്പോവുന്നതു കണ്ടു.

നാ. അ:—മാധവൻെറ കാൎയ്യം അയാൾ എന്തു പറഞ്ഞു.

അ:—അമ്മയെക്കാണാതെ പോയതുകൊണ്ടു മാധവനു വളരെ കുണ്ഠിതമുണ്ടുപോലും. അമ്മയുടെ മനസ്സു മാറിയ വിവരം കുറുപ്പു ഇന്നുതന്നെ എഴുതി അയക്കാമെന്നും പറഞ്ഞു. ആ വിവരം അറിഞ്ഞാൽ അവൻെറ മനസ്താപം തീരും.

നാ. അ:—മാധവൻെറ മേൽവിലാസം കിട്ടിയെങ്കിൽ കൊള്ളാം. അതിനെന്താണുമാൎഗ്ഗം?

അ:—അമ്മയുടെ സുഖക്കേടന്വേഷിച്ചു കുറുപ്പു ഇന്നിവിടെ വ

ദമെന്നു പറഞ്ഞിട്ടുണ്ട്. ഇന്നലെ രാത്രിതന്നെ വരണമെന്നുണ്ടായിരുന്നു. ഞാൻ തടസ്സം പറഞ്ഞതുകൊണ്ടാണ് വരാത്തത്. മാധവന്റെ കാൎയ്യങ്ങൾ ചിലതു പറവാനും ഉണ്ടുപോലും. വരുമ്പോൾ ചോദിച്ചറിയാമല്ലൊ.

നാ. അ:— മാധവന്റെ കാൎയ്യം ഇനി എന്താണു പറവാനുള്ളത്? അവന്റെ കാൎയ്യങ്ങളൊക്കെ അയാളുടെ ഏൎപ്പാടിലല്ലെ നടത്തുന്നത്? ഇനി എന്താണു എന്നോടു പറവാൻ?

അ:—അതെനിക്കു നിശ്ചയമില്ല.

നാ. അ:—എന്തെങ്കിലുമാകട്ടെ. അയാൾ വരുമ്പോൾ എന്നെ അറിയിക്കണം; കണ്ടുകളയാം. എനിക്കും ചിലതു പറവാനുണ്ട്.

അമ്മുക്കുട്ടിക്കു പരിഭ്രമം വൎദ്ധിച്ചു. നാരായണി അമ്മയ്ക്കു ചിലതു പറവാനുള്ളത് എന്തായിരിക്കും? തന്റെ സംഗതിയോ? കഷ്ടം! ദൈവമേ! അമ്മ ചതിക്കുമോ? തന്റെ രഹസ്യം പുറത്താക്കുമോ? എന്നാൽ പിന്നെ എങ്ങിനെയാണു കുറുപ്പിന്റെ മുഖത്തു നോക്കുക? ജീവിച്ചിരുന്നിട്ടുതന്നെ എന്തു ഫലം? അയ്യൊ! ദൈവമേ, തന്റെ വിധി ഈവിധമായല്ലൊ!

കുറുപ്പു ചെല്ലുന്ന സമയം എങ്ങിനെയെങ്കിലും അവിടെനിന്നു മറയേണമെന്നായിരുന്നു അമ്മുവിന്റെ ആഗ്രഹം. മാധവൻ പോയതുപോലെ, തനിക്കും ആ വീടുവിട്ടു ദൂരദിക്കിലെങ്ങാനും പോകാൻ സാധിച്ചെങ്കിലോ! ഒരിക്കലും തിരിയെ വരാൻ സാധിക്കാത്തവിധത്തിൽ അവിടെനിന്നു മറയുവാൻ എന്താണു മാൎഗ്ഗം? ഇങ്ങനെ ഓരോന്നു ചിന്തിച്ചുകൊണ്ട്, അമ്മു കുറെ നേരം തന്റെ അറയിൽതന്നെ ഇരുന്നു. ഒടുവിൽ, കുളിക്കാൻ പോകതന്നെ എന്നു തീൎച്ചപ്പെടുത്തി; കുറെ ഇഞ്ചയും എടുത്തുകൊണ്ടു പുറത്തു വന്നു. അപ്പോൾ കാൎത്ത്യായനി കണ്ടു ചോദിച്ചു:— "അല്ലാ കുളിക്കാൻ പോണോ? അമ്മേടെ അടുക്കൽ ആരും വേണ്ടയോ? എനിക്കു അ

ടുക്കളയിൽ കൊറേ വേല ഒണ്ടല്ലോ. ചെറുക്കനോ, വിറകു കീറുന്നു."

അ:—അമ്മയ്ക്കു സുഖമുണ്ടല്ലോ. അമ്മ എണീററിരിക്കയാണു്. വിളിക്കുമ്പോൾ പോയാൽ മതി. ഞാൻ കുളിച്ചുവരട്ടെ.

കാ:—തോട്ടിൽ വെള്ളം കലങ്ങിയിരിക്കുണു്. പിന്നെ എവിടെപ്പോകും?

അ:—കായലിൽ പോകും. മുങ്ങിക്കുളിക്കാതെ എനിക്കു കണ്ണിനു വലിയ ചൂടായിരിക്കുന്നു.

കാ:—ദൂരം കൊറെ ഒണ്ടല്ലോ. വേഗം വരണേ.

അ:—ആകട്ടെ. കുറുപ്പു വരുന്നെങ്കിൽ, അമ്മയോടു പോയി പറയണം മറക്കരുതു്.

## അദ്ധ്യായം, ഒമ്പ

### ആപത്തു്, അനുഗ്രഹം.

അമ്മുക്കുട്ടി വേഗത്തിൽ തോട്ടുവക്കിൽ എത്തി. കുറുപ്പിനെ വഴിയിൽ വച്ചു കണ്ടേക്കുമെന്നുള്ള ഭയത്താൽ, അവൾ നേർവഴി വിട്ടു്, ഇടവഴിയിൽക്കൂടെ പാടത്തിലിറങ്ങിട്ടായിരുന്നു, തോട്ടുവക്കിൽ ചെന്നതു്. ഇനി ബദ്ധപ്പെടേണ്ടുന്ന ആവശ്യമില്ല എന്നു വിചാരിച്ചു്, അവൾ മന്ദഗതിയായി തോട്ടുവക്കിലൂടെ നടന്നു. രാവിലെയായതുകൊണ്ടു്, പലരും തോട്ടുവക്കിൽ കുളിച്ചും മുണ്ടലത്തിയും നിന്നിരുന്നു. അമ്മുക്കുട്ടിയെ അറിയുന്നവർ ചിലർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അവൾ സാവധാനമായി പോകയായിരുന്നുവെങ്കിലും, അമ്മുക്കുട്ടി അവരെയാരെയും തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. ദീർഘാലോചനയിൽ പെട്ടു നടക്കുമ്പോൾ, അവൾ ചുററും നടക്കുന്ന സംഗതികളെ അറിയാറില്ലെന്നു് പരിചയിച്ചറിഞ്ഞി

ട്ടുള്ള അവൾക്കു, അവളുടെ അപ്പോഴത്തെ ഭാവഭേദത്തെപ്പററി അത്ഭുതമോ കുണ്ഠിതമോ ഉണ്ടായില്ല. സഹോദരൻെറ വേറു പാടും, അമ്മയുടെ സുഖക്കേടും, വീട്ടിലെ 'കശപിശയും' അവളുടെ മനസ്സിനെ ക്ലേശിപ്പിക്കുന്ന സംഭവങ്ങളാണെന്നു അവളുടെ പരിചയക്കാരിൽ പലരും അറിഞ്ഞിട്ടുള്ളതുമാണല്ലോ.

തിരിഞ്ഞുനോക്കാതെ നടക്കുകയായിരുന്നുവെങ്കിലും, ഈ സന്ദർഭത്തിൽ, തൻെറ ചുററുമുള്ള സംഭവങ്ങളെ അവൾ അറിയാതിരുന്നില്ല. കുളിച്ചുനിന്നവരേയും, വഴി പോയിരുന്നവരേയും, അവൾ കാണാതെയുമിരുന്നില്ല. എന്നാൽ ആ സന്ദർഭത്തിൽ അവരോടു മര്യാദ നടിക്കാനോ, ലൌകികം പറയാനോ, അവൾക്കു മനസ്സായിരുന്നില്ല. നിർബ്ബാധമായ പ്രകൃതിയുടെ സംസർഗ്ഗത്തെ കൊതിച്ചുപോകുന്ന അവൾക്ക്, പരിചിതജനങ്ങളുടെ അനുകമ്പാപൂർവ്വമായ നോട്ടങ്ങളും വാക്കുകളും ഹിതമല്ലായിരുന്നു കായൽ സമീപിച്ചപ്പോൾ, ജനബാധ ചുരുങ്ങിക്കണ്ടു. കായലിൽ തൊട്ടുവരുന്ന കാററു ശീതളമായിരുന്നു; എന്നാലും ഇളവെയിലോടു ചേൻ്ന് അവളുടെ ദേഹത്തെ സ്പർശിച്ചപ്പോൾ, അവളുടെ ദേഹശ്രമത്തെ ക്രമേണ നീക്കിത്തുടങ്ങി. ക്ഷീണം കുറയുംതോറും മനസ്സ് ഉല്ലസിക്കാനും തുടങ്ങി. പ്രകൃതിയുടെ ഏകാന്തത അവളെ ആശ്വസിപ്പിച്ചു. ഹ! അങ്ങിനെയുള്ള ആശ്വാസം അവൾക്ക് എപ്പോഴും ലഭിക്കരുതോ? ക്ലേശകലിതമായ ആ ഗൃഹവാസത്തിനായി അവൾ മടങ്ങിച്ചെല്ലേണ്ട ആവശ്യമെന്തു്? ആ ഭവനത്തിൽ അവളെ ആരാവശ്യപ്പെടുന്നു? തിരിയെപ്പോയിട്ടില്ലെങ്കിൽ, ആർക്കെന്തു നഷ്ടം? പക്ഷെ, അമ്മ കുറെ നേരം ലഹളക്കൂട്ടമായിരിക്കും; അമ്മയ്ക്കു കുറെനാൾ സുഖക്കേടും ഉണ്ടായേക്കാം; അതു കഴിഞ്ഞാൽ, അമ്മ സമാധാനപ്പെടും. പിന്നെ ആരാണു തന്നെക്കുറിച്ചു ദുഃഖിക്കാനുള്ളതു്? മാധവനോ? അവൻ പോയി 'പൊഴിയും കടന്നില്ലേ?' മടങ്ങിവന്നാലും കമ

ലയുടെ കാര്യങ്ങളിലല്ലേ അവനു് അന്വേഷിപ്പാൻ? സഹോദരിയില്ലെങ്കിലെന്തു്? പിന്നെ കുറു——

അമ്മുക്കുട്ടി കായലിൽ ഇറങ്ങിക്കുളിച്ച്, വസ്ത്രങ്ങൾ പിഴിഞ്ഞുടുത്തു, തലമുടിയും ഉലത്തിനില്ക്കേ, സമീപത്തു ഒരു ചെറിയ തോണി ഒരു കല്ലിൽ ബന്ധിച്ചിട്ടിരിക്കുന്നതു, കണ്ടു. അവിടം കടിത്തിറക്കിനുള്ള സ്ഥലമായിരുന്നു. സാധാരണയായി വൈകുന്നേരമേ ജനങ്ങൾ ആ വഴി കടന്നുപോകാറുള്ളു. അതിനാലായിരുന്നു, തോണി ബന്ധിച്ചിട്ടിരുന്നതു്. അതു തീരെ ചെറുതും ഘനം കുറഞ്ഞതുമായിരുന്നു. അമ്മു, കുട്ടിക്കാലത്തു തോണിയിൽക്കയറി പുഴയിൽ കളിച്ചിട്ടുണ്ടു്. എന്നാൽ അപ്പോഴൊക്കെ തൻെറ സഹോദരനോ മററാരെങ്കിലുമോ, സഹായത്തിന്നുണ്ടാവും. അവൾ തനിയെ തുഴഞ്ഞു ശീലിച്ചിട്ടില്ല. തോണി കണ്ടപ്പോൾ അവൾ തൻെറ കുട്ടിക്കാലത്തെ നിർദ്ദോഷമായ കളികളെ ഓർത്തു; തോണിയിൽ കയറി തുഴയണമെന്നു് അത്യാശയും ജനിച്ചു. കായൽ അധികം ആഴമില്ലാത്തതാണെന്നായിരുന്നു പറഞ്ഞുകേട്ടിരുന്നതു്. എന്തെങ്കിലും ഒന്നു പരീക്ഷിക്കാമെന്നുറച്ചു, അവൾ, ചങ്ങലയഴിച്ചു, തോണിയെ വെള്ളത്തിലേക്കിറക്കി. ചുററും നോക്കി; അവൾ നിന്നിരുന്ന കരയിൽ ആരേയും കണ്ടില്ല. മറുകരയോ, വൃക്ഷം നിറഞ്ഞു് ആൾസഞ്ചാരം കാണാൻ പാടില്ലാത്തതായിരുന്നു. അമ്മു ഉല്ലാസത്തോടെ തോണിയിൽ കടന്നു് ഇരിക്കയായി. കുറെ നേരം തുഴയാതെ കഴിച്ചു. അപ്പോൾ ഒഴുക്കിൻെറ ശക്തികൊണ്ടു തോണി കുറെ താഴോട്ടു വലിഞ്ഞു. ഹ! ആ ജലത്തിൻമീതെക്കൂടെ ഒഴുകിപ്പോറുന്നതു എത്ര ആനന്ദകരമായിരുന്നു. ആയുഷ് പ്രവാഹത്തിൽ അവളുടെ ജീവിതത്തോണി ഈ വിധം ശാന്തമായി ഒഴുകിപ്പോയെങ്കിലോ, എത്ര പരമാനന്ദമായിരുന്നു! അതിലേക്ക് അവൾക്കുണ്ടോ ഭാഗ്യം? ഹാ, കഷ്ടം! ആ സാധുവിൻെറ ജീവിതം മനോവികാരക്കൊടുംകാററടിച്ച് അലഞ്ഞും, ക്ലേശകല്ലോലങ്ങളിൽ പെ

ട്ട് ഉലഞ്ഞും, നില തെററി മറിഞ്ഞ്, നൈരാശ്യസമുദ്രത്തിലേക്ക വലിഞ്ഞ്, വായുംപൊളിച്ച ദംഷ്ട്രകളും കാട്ടിക്കൊണ്ടിരിക്കുന്ന തിമിംഗലങ്ങളുടെ ഉദരഗ്ഗഹ്വരങ്ങളിൽ വീഴാൻ ഭാവിക്കുന്നു!

ഇങ്ങിനെ സൈ്വരമായി കുറെ ദൂരം പോയപ്പോഴെക്കും, അകലെ ചില ആളുകൾ, തന്നെ നോക്കി നില്ക്കുന്നത്, അമ്മു കണ്ടു. ആ തോണി കരയ്ക്കു സമീപത്തുകൂടെയായിരുന്നു പോയത്. അവർ അടുത്തുവന്ന് തന്നെ അറിയേണ്ടെന്നു കരുതി, അവൾ ശ്രമപ്പെട്ട് തോണിയെ തിരിച്ച്, എതിർകരയ്ക്കു തുഴഞ്ഞുപോവാൻ തുടങ്ങി. തുഴയാൻ ശീലമില്ലായ്ക്കകൊണ്ടും, ഒഴുക്കിന്നെ മുറിച്ച കടക്കേണ്ടിവന്നതുകൊണ്ടും, കുറെ പ്രയാസം തോന്നി. കുറേ ദൂരം പണിപ്പെട്ടു തുഴഞ്ഞപ്പോൾ കൈകൾ കുഴഞ്ഞു. എന്നിട്ടും അധൈര്യപ്പെടാതെ, തുഴഞ്ഞ്, മുക്കാലും ദൂരം കടന്നു. ശക്തിയും തീരെ ക്ഷയിച്ചു. അവൾ വല്ലാതെ കുഴങ്ങി. കായലിൽ ചാടി നീന്തി അക്കരെ എത്താമെന്നുറച്ച് മെല്ലെ എഴുന്നേററുനില്ക്കാൻ ശ്രമിച്ചു; ആയംതെററി, അവളുടെ വലത്തെ കാൽമുട്ട് തോണിവക്കിൽ ബലമായി അടിച്ചു; അവളോടുകൂടി തോണി മറികയും ചെയ്തു.

* * * * * * * *

മരച്ചുവട്ടിൽ, മണൽതിട്ടിൽ ചാരി ഇരുത്തി, മുഖത്തു വീണുകിടക്കുന്ന തലമുടിയെ പിന്നോട്ടുമാററി, "സുഖക്കേടു തോന്നുന്നുണ്ടോ?" എന്ന് ആരോ ഒരാൾ ചോദിക്കുന്നതായി അമ്മുവിനു ബോധം ഉണ്ടായി. ആ ശബ്ദം അവൾക്ക വളരെ പരിചിതമായി തോന്നി. "വെള്ളം കുറെ അധികം അകത്തുപോയോ? കിടക്കേണമെന്നു തോന്നുന്നുണ്ടോ?" എന്നു ആ മൃദുസ്വരം വീണ്ടും അവളുടെ ശ്രുതിപഥത്തിൽ എത്തി.

അവൾ കായലിലേക്ക സൂക്ഷിച്ചുനോക്കി; തോണി ഒഴുകിപ്പോകുന്നതും കണ്ടു. "തോണി ഒഴുകിപ്പോകുന്നല്ലോ—അ

ത്തു കടത്തുതോണി — ഞാൻ —” ഇതായിരുന്നു അവൾ ആദ്യമായിപ്പറഞ്ഞതു്.

“പൊയ്പ്പോകില്ല. പിടിച്ചു കരയ്ക്കടുപ്പിക്കാൻ ഏല്പിച്ചിട്ടുണ്ടു്. സുഖക്കേടു തോന്നുന്നുണ്ടോ? പറയൂ. എഴുന്നേല്ക്കാമോ? പിടിച്ചെഴുനേൽപ്പിക്കട്ടെയോ?” — എന്നു ആ മൃദുസ്വരം വീണ്ടും ചോദിച്ചു. അവൾ ഉത്തരം പറഞ്ഞില്ല. കൈകളെ നിലത്തു ഊന്നിക്കൊണ്ടു് എഴുന്നേല്ക്കാൻ ശ്രമിച്ചു; വലത്തെ കാലിൻമുട്ടു് കഠിനമായി വേദനപ്പെട്ടു്, അവൾ നിലത്തു പതിച്ചു.

“വേണ്ട, വേണ്ട” — എന്നു പറഞ്ഞു് അവളെ മൃദുവായി താങ്ങിയപ്പോൾ, അവൾ കണ്ണുമിഴിച്ചു് ആ ദയാലുവിൻെറ മുഖത്തു നോക്കി; ആ നിമിഷത്തിൽത്തന്നെ ദൃഷ്ടികളെ നിലത്തു പതിക്കയും ചെയ്തു.

കുറുപ്പിനെ അവിടെ കണ്ടതിൽ അവൾക്കു അത്ഭുതം തോന്നിയില്ല. “തോണിയെ പിടിച്ചുനിറുത്തുമോ?” — എന്നു അവൾ നിലത്തു നോക്കിക്കൊണ്ടുതന്നെ ചോദിച്ചു.

കൃ. കു:— അതാ, അടുക്കുന്നുണ്ടു്. താമസിയില്ലാതെ ഇക്കടവത്തു് എത്തുമ്പോൾ പിടിച്ചു നിർത്തിക്കൊള്ളും. പരിഭ്രമിക്കേണ്ടാ. തോണിക്കു തരക്കേടൊന്നും ഇല്ല — അമ്മുവിനോ?

അ:— എനിക്കും ഇല്ല.

അവൾ വീണ്ടും എഴുന്നേല്ക്കാൻ കാൽ ഊന്നി; വേദനകൊണ്ടു നെററി ചുളുക്കുന്നതു കണ്ടു്, കുറുപ്പു് അവളെ താങ്ങി എടുത്തു നിർത്തി.

കൃ: കു — നില്ക്കാമെന്നു തോന്നുന്നുണ്ടോ? വേദനയുണ്ടോ?

അ:— അല്പമേ ഉള്ളൂ. സാരമില്ല.

കൃ. കു: — ആകട്ടെ അത്രേ ഉള്ളൂവല്ലോ. അതിലധികം അപകടം പററാത്തതു ഭാഗ്യം. എന്തിനായിരുന്നു ഈ അവിവേകം കാണിച്ചതു്?

അമ്മുക്കുട്ടിക്കു ചെറുതായൊരു പുഞ്ചിരിവന്നു. അവൾക്കു കുറുപ്പിന്റെ മുഖത്തു നോക്കാൻ ധൈൎയ്യമുണ്ടായില്ല. "എനിക്കു അപകടം ഒന്നും പറ്റീട്ടില്ല. മുണ്ടു പിഴിഞ്ഞുടുത്തുംകൊണ്ടു് ഞാൻ വീട്ടിലേക്കു പോകയാണു്"— എന്നുമാത്രം അവൾ പറഞ്ഞു. "വീട്ടിൽ പോകാമല്ലോ. മുണ്ടുപിഴിയൂ"— എന്നു പറഞ്ഞു്, കുറുപ്പ് അകലേ മാറിപ്പോയി. കുറുപ്പിന്റെ സമീപം വേറെ ചിലരും വന്നുകൂടി; അവരോടു കുറുപ്പ് എന്തോ ചിലതു പറയുന്നതും, രണ്ടുമൂന്നാൾ ഓടിപ്പോവുന്നതും അമ്മു കണ്ടു.

അവൾ നിന്നേടത്തുനിന്നു് തലമുടിയും വസ്ത്രങ്ങളും അഴിക്കാതെ തന്നെ, മെല്ലെപ്പിഴിഞ്ഞു; മുറുക്കിപ്പിഴിവാൻ, അവൾക്കു ബലം പോരായിരുന്നു. ഒരടിപോലും മുന്നോട്ടു വയ്ക്കാൻ സാധിച്ചില്ല. വെള്ളം ഇറ്റിറ്റു വീഴുന്ന വസ്ത്രങ്ങൾ ദേഹത്തു പറ്റിപ്പിടിച്ചും, വേദനകൊണ്ടു തളൎന്നും നില്ക്കുന്ന അവളുടെ നിലകണ്ടു കുറുപ്പിന്റെ മനസ്സിന്നു് വല്ലായ്മയായി. വരുന്നതു വരട്ടെ എന്നു നിശ്ചയിച്ചു്, കുറുപ്പ് അവളുടെ സമീപത്തുചെന്നു. അവളുടെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞിരുന്നു. വാവിട്ടുകരഞ്ഞാൽ ആശ്വാസമുണ്ടാകുമെന്നു് അവൾക്കു തോന്നി. എന്നാൽ കുറുപ്പിന്റെ മുമ്പിൽ തന്റെ ധൈൎയ്യക്ഷയത്തെ കാണിക്കുന്നതു് ഉചിതമല്ലെന്നു കരുതി, അവൾ മൌനമായിനിന്നു. കുറുപ്പ് അവളെ താങ്ങി, മെല്ലെ നടത്തി, പാതയിൽ എത്തി; അപ്പോൾ, അയാൾ അയച്ചിരുന്നവരിൽ ഒരുവൻ ഒരു വണ്ടിയുംകൊണ്ടു്, വന്നുചേൎന്നു. കുറുപ്പ തന്റെ ഉത്തരീയമെടുത്തു മടക്കി വിരിച്ചു, അമ്മുവിനെ വണ്ടിയിൽ കിടത്തി, താമരശ്ശേരിക്കു പുറപ്പെട്ടു.

മകന്റെ കാൎയ്യത്തിൽ പശ്ചാത്തപിച്ചുകൊണ്ടിരിക്കുന്ന നാരായണിഅമ്മയുടെ മുൻപിൽ, അങ്ങിനെയൊരു കോലത്തെ കൊണ്ടുചെല്ലുന്നതു് യുക്തമല്ലെന്നു തീൎച്ചപ്പെടുത്തിക്കൊണ്ടായിരുന്നു, കുറുപ്പ് അമ്മുക്കുട്ടിയെ താമരശ്ശേരിക്കു കൊണ്ടുപോയതു്.

ഭാഗീരഥിയും കമലയുംകൂടെ അമ്മുവിനെ താങ്ങി എടുത്തു അകത്തേക്കു കൊണ്ടുപോയി; ഈറൻമാററി, പുതിയ വസ്ത്രങ്ങൾ ഉടുപ്പിച്ചു്, ചുടുകാപ്പിയുംകൊടുത്തു്, കട്ടിലിൽ കിടത്തി. അമ്മുവിൻെറ മുട്ടു വീങ്ങിയിരുന്നു; വേദനയും അസഹ്യമായിരുന്നു. ഭാഗീരഥി, വീങ്ങിയമുട്ടിൽ കർപ്പൂരതൈലം പിരട്ടി ഉഴിയുകയും, ചുടുവെള്ളം കപ്പിവയ്ക്കുയും ചെയ്തു, വേദന ശമിപ്പിക്കാൻ ശ്രമിച്ചു. ഈ വാത്സല്യപൂർവ്വമായ ശുശ്രൂഷ കണ്ടു്, അമ്മു സമാധാനപ്പെട്ടു കിടന്നു. വേദനയ്ക്കു അല്പവും ശമനം വന്നില്ലെങ്കിലും, അവൾക്കു്, ആകപ്പാടെ ഒരു സമാശ്വാസമുണ്ടായി; ഉറക്കെക്കരയണമെന്ന ആഗ്രഹം അപ്പോൾ ഇല്ലായിരുന്നു. സ്വസ്ഥമായിക്കിടന്നു് ചുററും നോക്കി; ഒരു പ്രത്യേകതൃപ്തി തോന്നി. ആ മുറിയിലായിരുന്നു, മുമ്പു് മാധവനും അവളും ഒന്നായിരുന്നു പുസ്തകപാരായണം ചെയ്തിരുന്നതു്. പുസ്തകങ്ങളെയും കളിസ്സാമാനങ്ങളെയും കളിച്ചുവയ്ക്കാൻ ഉപയോഗിച്ചിരുന്ന, പഴയ പത്തായം അവിടെത്തന്നെ ഉണ്ടു്. താമരശ്ശേരി കൈമാറുംമുമ്പു്, ചില പുസ്തകങ്ങൾ അന്വേഷിച്ചു്, മാധവനും അവളുംകൂടി പത്തായം തുറക്കാൻ ശ്രമിച്ചതും, തുറക്കാൻ കഴിയാഞ്ഞു്, മാധവൻ പത്തായം ചവുട്ടിപ്പൊളിക്കാൻ തുനിഞ്ഞതും, അവൾ സമാധാനപ്പെടുത്തിയതും വായനക്കാർ ഓൎക്കുന്നുണ്ടാകുമല്ലോ. പത്തായത്തെ പഴയസ്ഥിതിയിൽ കണ്ടപ്പോൾ, അമ്മുവിനു അക്കഥകൾ ഓൎമ്മയിലെത്തി. അവൾ സൂക്ഷിച്ചുനോക്കി; പത്തായം തുറന്നിരിക്കുന്നു; പഴയ പൂട്ടിനുപകരം, പുതിയ പൂട്ടിട്ടിരിക്കുന്നു. കമലയും ഭാഗീരഥിയും അവളെ ശുശ്രൂഷിക്കുന്ന മദ്ധ്യേ പല വൎത്തമാനങ്ങളും സംസാരിച്ചുകൊണ്ടിരുന്നു; ഇതു് അവൾക്കു വേദന തോന്നാതിരിക്കുന്നതിനുവേണ്ടി ചെയ്ത ഉപായമായിരുന്നു. ഇക്കൂട്ടത്തിൽ അവർ മാധവനു് ഇടനാട്ടിലെ വസ്തുക്കൾ കിട്ടാൻ ഇടയുള്ള കാൎയ്യത്തെപ്പററി സംസാരിച്ചുകൊണ്ടിരിക്കെ, അമ്മുക്കുട്ടി ചോദിച്ചു:—"ആ താക്കോൽ എങ്ങിനെ കിട്ടി?"

ഭാഗീരഥിയും, കമലയും (ഒന്നായി):—"ഏതു താക്കോൽ?"

അമ്മു (ചൂണ്ടിക്കാണിച്ചുകൊണ്ടു):— ആ പത്തായത്തിന്റെ താക്കോൽ. അതു കിട്ടാഞ്ഞു ഞങ്ങൾക്കു തുറന്നുനോക്കാൻ സാധിച്ചില്ല. താക്കോൽ എന്റെ കൈവശം ഇരുന്നതു കളഞ്ഞുപോയി.

ഭാ:—താക്കോൽ ഞങ്ങൾക്കു കിട്ടീട്ടില്ല. അച്ഛൻ ഒരു ആശാരിയെക്കൊണ്ടുവന്നു വാതൽപലക ഇളക്കിച്ചുനോക്കി. പുതിയൊരു പലകയും, പൂട്ടുമുണ്ടാക്കിച്ച് ഉപയോഗിക്കുന്നു.

അ:—ഉള്ളിൽ വല്ലതും ഉണ്ടായിരുന്നുവോ?

ഭാ:—ഉണ്ടായിരുന്നു. കുറെ പുസ്തകങ്ങളും മററും ഉണ്ടായിരുന്നു. അതു ഞാൻ തോരണത്തു കൊട്ടത്തയ്ക്കാൻ തുടങ്ങിയപ്പോൾ അച്ഛൻ മേടിച്ചുവച്ചു. കൊട്ടത്തയച്ചാൽ ഞങ്ങൾ നിങ്ങളെ അവമാനിക്കയാണെന്നു നാരായണി അമ്മ വിചാരിക്കുമെന്നായിരുന്നു അച്ഛൻ ഭയപ്പെട്ടതു്. വിരോധമില്ലെങ്കിൽ കൊട്ടത്തയക്കാം.

അ:—വേണ്ട. അതൊക്കെ മാധവന്റെ വകയാണ്. കമലയെ ഏല്പിച്ചേക്കു. അവൾ സൂക്ഷിച്ചോട്ടെ, മാധവന്റെ കുട്ടിക്കാലത്തെ ഓർമ്മക്കായി.

ക:—കീറിപ്പറിഞ്ഞു ചിതൽ തിന്ന പുസ്തകങ്ങളും മററും ഓർമ്മയ്ക്കു നല്ലതുതന്നെ! എവിടെ? നോക്കട്ടെ.

ഇങ്ങിനെ പറഞ്ഞു, കമല പത്തായത്തിന്റെ വാതൽ തുറന്നു്, അകത്തേക്കു നോക്കി. "ഒളിച്ചുകളിക്കാൻ നല്ല ഇടം. ഇറങ്ങിനോക്കട്ടെയോ?" എന്നു ചോദിച്ചുംകൊണ്ടു കമല ഇറങ്ങാൻ ഭാവിച്ചു.

അ:—വേണ്ടാ കമലേ, അതിന്റെ അടിത്തട്ടു കേടു വന്നിരിക്കയാണ്. ഒരിക്കൽ മാധവൻ അതിലിറങ്ങിയപ്പോൾ ഒരു പലക പൊളിഞ്ഞു്, അവന്റെ കാലു, പഴുതിൽ പെട്ടുപോയി.

ക:—എന്നിട്ടോ, ഉള്ളിലേക്ക ഇറങ്ങിയോ?

അ:—ഇല്ല. വേഗം കാൽ വലിച്ചെടുത്തു.

"ജ്യേഷ്ഠനെ താങ്ങിയ പലക എന്നേയും താങ്ങും, നോക്കട്ടെ" എന്നു പറഞ്ഞു, കമല പത്തായത്തിനുള്ളിൽ ഇറങ്ങി. അവൾ രണ്ടുകാലും നിലത്തൂന്നിയപ്പോൾ, പലക മുറിയുന്ന ശബ്ദം കേട്ടു. കുറെ പൊടിയും ഇളകി; കമലയ്ക്കു ശ്വാസം മുട്ടി. ഭാഗീരഥി ഞെട്ടി ഒടിച്ചെന്നു കമലയെ പിടിച്ചു കയററി.

ക:—കഷ്ടം! ഞാൻ നിങ്ങളെ ഞെട്ടിപ്പിച്ചു, ഇല്ലേ? ആയി! എന്റെ മുണ്ടും പുറവും ഒക്കെ വലയും പൊടിയും നിറഞ്ഞു വഷളായി. എന്റെ വികൃതി—പക്ഷേ ഞാനവിടെ എന്തോ കണ്ടുവല്ലോ—

ഭാ:—എന്താണുള്ളിൽ? എലിയും കൂറയും കൂടുവച്ചിരിക്കും.

ക:—അല്ല—ഒരു പെട്ടിപോലെ തോന്നി.

കമല വീണ്ടും പത്തായത്തിന്റെ വാതലിൽക്കൂടെ തലയിട്ടു നോക്കിപ്പറഞ്ഞു:—"അതാ ഇരിക്കുന്നു. പെട്ടിയെന്നാണു തോന്നുന്നതു. വലയും പൊടിയും നിറഞ്ഞിരിക്കുന്നതുകൊണ്ടു തിരിച്ചറിവാൻ പ്രയാസം."

അ:—അതിലുള്ളതൊക്കെ, മാധവന്റെ വകതന്നെയാണ്. എന്തായാലും നീ തന്നെ എടുത്തോ?

ക:—ഒരു നിധിയാണെങ്കിലോ? ആ പെട്ടിയിൽ പൊന്നോ വെള്ളിയോ ഉണ്ടെങ്കിലോ?

അ:—എന്നാൽ അതു കുറുപ്പിനു ചേരും. അദ്ദേഹത്തിന്റെ വീടല്ലേ?

ഭാ:—അച്ഛൻ വീടിനുമാത്രമേ വില തന്നിട്ടുള്ളു. അതിലുള്ള നിധിക്ക് അച്ഛനു അവകാശമില്ല. അതു നിങ്ങൾക്കാക്കെങ്കിലും തന്നെ ചേരും.

"എന്താണെന്നു നോക്കാം. വരൂ"—എന്നു പറഞ്ഞ്, കമല ഭാഗീരഥിയെ വലിച്ചിഴച്ചു പത്തായത്തിന്നരികിൽ നിറുത്തി. അതിനുള്ളിൽ വലയും പൊടിയും എലിയും പാററയുമല്ലാതെ, യാതൊന്നും ഭാഗീരഥി കണ്ടില്ല. കമലയ്ക്കു സമ്മതമായില്ല. അവൾ ഒരു വിളക്കു കത്തിച്ചുകൊണ്ടു വന്നു നോക്കി, ഭാഗീരഥിക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു. "അതാ! ഒരു ഇരുമ്പു പെട്ടിപോലെ തോന്നുന്നു." അതു വെളിയിലെടുത്തു പരിശോധിക്കാൻ കമലയ്ക്കു ബദ്ധപ്പാടായി. "നിൽക്കൂ കമലേ, ബദ്ധപ്പെടേണ്ടാ. അത് എടുത്താൽ ഇവിടെയൊക്കെ ഇപ്പോൾ പൊടി നിറയും, ഒച്ചപ്പെടുകയും ചെയ്യും. അമ്മുക്കുട്ടിഅമ്മ ഇങ്ങനെ കിടക്കുമ്പോൾ അവരെ ബുദ്ധിമുട്ടിക്കയോ? അതു മാത്രമോ? പെട്ടിയെടുത്തതുകൊണ്ടെന്തു ഫലം? പൂട്ടുകണ്ടില്ലേ? തുറക്കണമെങ്കിൽ കൊല്ലൻ വരണം. ക്ഷമിക്കൂ; നാളെ രാവിലെ വാല്യക്കാരെക്കൊണ്ട് എടുപ്പിച്ചു പുറത്തുവച്ചു, കൊല്ലനെ വരുത്തി തുറപ്പിച്ചുനോക്കാം"—എന്നിങ്ങിനെ പറഞ്ഞ്, ഭാഗീരഥി കമലയെ സമാധാനപ്പെടുത്തി.

അമ്മു ഇതെല്ലാം കേട്ടും കണ്ടും കിടക്കുകയായിരുന്നു. അവൾക്കു വേദന കലശലായിരുന്നു. വേദനയുടെ തീവ്രതകൊണ്ടും, ദേഹക്ഷീണതകൊണ്ടും അവൾ കുറെയൊന്നു കണ്ണു ചിമ്മി. കുറെ കഴിഞ്ഞു ഡാക്ടർ വന്നു അവളുടെ മുട്ടിനെ തൊട്ടപ്പോൾ അവൾ ഗാഢനിദ്രയിൽ നിന്നെന്നവിധം ഞെട്ടിയുണർന്നു. വാസ്തവത്തിൽ, അവൾ ഉറങ്ങുകയല്ലായിരുന്നു; എന്നാലും, ഇരുമ്പുപെട്ടിയുടെ കഥ ഒരു സ്വപ്നമാണെന്നു വിചാരിച്ച്, അവൾ അതിനെ മറന്നു. വേദന മാത്രമേ അവൾക്കു മറക്കാൻ കഴിയാതിരുന്നുള്ളു; ആ വേദനയും അതു സംബന്ധമായ സംഭവങ്ങളും വാസ്തവമെന്നും തോന്നി.

## അദ്ധ്യായം, ൨൪.

### അമ്മയുടെ അഭിമതം.

അമ്മുവിനു പററിയ ആപത്തു, 'കണ്ണോടു കൊള്ളുന്നതു പുരികത്തോടായി' എന്ന വിധത്തിൽ കഴിഞ്ഞു. ഒന്നുരണ്ടു ദിവസം കാലനക്കാതെ സ്വസ്ഥമായിക്കിടന്നാൽ, സുഖമാവും എന്നായിരുന്നു, ഡാക്കടരുടെ അഭിപ്രായം. തൽക്കാലംകുറേ അധികം വേദനയും, ക്ഷീണവും ഉള്ളതു സഹിക്കാനേ മാർഗ്ഗമുള്ളു. ഡാക്കടർ പോയ ഉടൻ, അവൾ സ്വസ്ഥമായി കിടന്നു ഉറങ്ങാൻ തുടങ്ങി. എന്നാൽ, തോരണത്തെ കഥയോർത്തു് അവളുടെ മനസ്സു ചഞ്ചലമായി: അവൾ മടങ്ങിച്ചെന്നിട്ടില്ലെന്ന കഥ അമ്മ അറിഞ്ഞിരിക്കുമോ? അമ്മയുടെ സ്ഥിതി എന്തായിരിക്കും? ഇങ്ങനെയുള്ള ചിന്തകൾ അവളെ ബാധിച്ചുവെങ്കിലും, ആ സ്ഥിതിയിൽ ഉടനടി തോരണത്തു പോകേണമെന്നു അവൾ ആഗ്രഹിച്ചില്ല.

ഡാക്കടർ പോയപ്പോൾതന്നെ, കുറുപ്പു്, തോരണത്തേക്കു പുറപ്പെട്ടു; നേരം സന്ധ്യയായിട്ടും മടങ്ങിയില്ല. കുറുപ്പ് അവിടെതന്നെ ഉണ്ടായിരിക്കുമോ, മറെറങ്ങാനും പോയിരിക്കുമോ, എന്നന്വേഷിപ്പാൻ കമലയോടോ ഭാഗീരഥിയോടോ പറയുവാനും, അമ്മുവിനു വൈമനസ്യം തോന്നി. എന്തായാലും, കുറുപ്പു് മടങ്ങിവരുംവരെ, ഉറങ്ങാതെ കിടക്കാൻ അവൾ ഉറച്ചു. സന്ധ്യമുതല്ക്കു്, കമല ആ മുറിവിട്ടു പോയതേ ഇല്ല; അവൾ അമ്മുവിനു വേണ്ടുന്ന ശുശ്രൂഷകൾ ചെയ്തുകൊണ്ടിരുന്നു.

കുറുപ്പ് തിരികെ വന്നപ്പോൾ, നേരം പാതിരാ കഴിഞ്ഞിരുന്നു. അമ്മു മയങ്ങിക്കിടക്കയായിരുന്നുവെങ്കിലും, കുറുപ്പ് ഭാഗീരഥിയെ ഉണർത്തി എന്തൊ പറഞ്ഞതായി അമ്മു ഗ്രഹിച്ചു. ദുശ്ശങ്കകൾകൊണ്ടു സംസാരിക്കാൻ ശക്തയല്ലാതിരുന്നതിനാൽ, അമ്മുവിനു നിശ്ശബ്ദമായിക്കിടക്കാനെ സാധിച്ചുള്ളു. കുറെ കഴിഞ്ഞപ്പോൾ, ഭാഗീരഥി സാവധാനമായി

ആ മുറിയുടെ വാതൽ തള്ളിത്തുറന്നു അകത്തു ചെന്നു. "എന്ത്?" എന്നു മാത്രം അമ്മു ചോദിച്ചു. ഭാഗീരഥി ഉത്തരം പറയാൻ മടിച്ചു എങ്കിലും, അവളുടെ മുഖഭാവംകൊണ്ടുതന്നെ, അമ്മുവിനു എന്തോ പന്തിയല്ലെന്നു മനസ്സിലായി.

"വണ്ടിയിൽക്കയറാമെന്നു തോന്നുന്നുണ്ടോ? തോരണത്തുപോയാൽ കൊള്ളാം. അമ്മ കാണണമെന്നു പറയുന്നു"— എന്നു ഭാഗീരഥി ഒരു പ്രകാരത്തിൽ മന്ദമായി പറഞ്ഞു.

"കൊണ്ടുവരട്ടെ" എന്നു പറഞ്ഞ്, അമ്മു വേദനയേയും ക്ഷീണത്തേയും മറന്നു കട്ടിലിൽനിന്നു എഴുന്നേററു, താഴത്തിറങ്ങി, കമലയുടെ സഹായത്താൽ വസ്ത്രങ്ങൾ ശരിപ്പെടുത്തി, തലമുടിയും കെട്ടി, മുറിയുടെ വാതല്ക്കലോളം നടന്നു. അവിടെ കുറുപ്പ് കാത്തു നിന്നിരുന്നു. "അമ്മയ്ക്കു സുഖക്കേടധികമുണ്ടോ?"—എന്നു അമ്മു ചോദിച്ചു.

"കുറെ അധികംതന്നെയാണ്"—എന്നു മാത്രം മറുവടി പറഞ്ഞ്, കുറുപ്പ് അമ്മുവിനെ കൈക്കു പിടിച്ചു നടത്തി, പുറമേ കൊണ്ടുവന്നു വണ്ടിയിൽ കയററി. അവൾ വണ്ടിയിൽ നിശ്ചേഷ്ടയായിട്ടാണിരുന്നത്. കുറുപ്പും വണ്ടിക്കകത്തു ഉണ്ടായിരുന്നു. എന്നാൽ രണ്ടാളും ഒരു വാക്കുപോലും സംസാരിച്ചില്ല. കാററു വീശിയ സമയം, അവൾക്കു കുറെ തണുപ്പു തോന്നി; അവളുടെ കൈകാലുകൾ മരവിച്ചു. വണ്ടി അതിവേഗത്തിൽ പോയ്ക്കൊണ്ടിരുന്നതിനാൽ, അതിലെ വിളക്കുകളുടെ ചുവന്ന വെളിച്ചത്തിൽ കണ്ട വൃക്ഷനിഴലുകൾ ഭൂതപ്രേതപിശാചങ്ങളെപ്പോലെ അവൾക്കു ഭയഹേതുവായി. വണ്ടിയുടെ ഗതി ഒന്നു മന്ദിക്കയും, അവളുടെ ക്ഷീണിച്ചു വാടി വിളർത്ത മുഖവും, ഭയത്തെ പ്രദർശിപ്പിക്കുന്ന കണ്ണുകളും കുറുപ്പു കാണുകയും ചെയ്തപ്പോൾ, "എന്താ മുട്ട വേദനപ്പെടുന്നുണ്ടോ?" എന്നു കുറുപ്പു ചോദിച്ചു. "സാരമില്ല" എന്നു, അവൾ തീരെ താണ സ്വരത്തിൽ പറഞ്ഞതു, കേൾക്കാൻ കുറുപ്പിനു സാധിച്ചില്ലെങ്കിലും, അവളുടെ അധരോഷ്ഠങ്ങളുടെ

ചലനത്താൽ അവൾ എന്തോ ഉത്തരം പറഞ്ഞതായി അയാൾ മനസ്സിലാക്കി. കുറുപ്പിനു അവളോടു സംസാരിക്കണമെന്നാഗ്രഹമുണ്ടായിരുന്നു. അമ്മയുടെ അപകടനിലയെ അവളെ ഗ്രഹിപ്പിക്കേണ്ടതാണെന്നു അയാൾക്കു തോന്നി. അവളെ സമാധാനപ്പെടുത്തണമെന്നും അയാൾ വിചാരിച്ചു. എന്നാൽ, അയാളുടെ നാവു, അയാളെ സഹായിച്ചില്ല; അതു ബന്ധിക്കപ്പെട്ടുപോയിരുന്നു. തന്നെ കുറുപ്പു സൂക്ഷിച്ചുനോക്കുന്നുണ്ടെന്നും; തൻെറ ആപത്തിൽ അയാൾക്കു തന്നോടു നിർവ്യാജമായ അനുകമ്പയുണ്ടെന്നും, അവൾ ഗ്രഹിച്ചു. എന്നാൽ, അമ്മയുടെ ചരമം വരുംമുമ്പ് അവൾ അവിടെ ചെന്നുചേരുമോ എന്നുള്ള അയാളുടെ ശങ്കയേയും, അമ്മയ്ക്കു അപകടം പറ്റിയാൽ അവളോട് ആ വിവരം എങ്ങിനെ പറയേണ്ടു എന്നും, എങ്ങിനെ അവളെ ആശ്വസിപ്പിക്കേണ്ടു എന്നും ഉള്ള അയാളുടെ ചിന്തയേയും അവൾ ഗ്രഹിച്ചില്ല.

വണ്ടി തോരണത്തു പടിക്കൽ എത്തി; ഒരാൾ അവരുടെ വരവിനെ കാത്തു നില്ക്കുന്നുണ്ടായിരുന്നു; അതു സമീപത്തുള്ള ഒരു വൃദ്ധയായിരുന്നു. ദീനശുശ്രൂഷയ്ക്കു, കാത്ത്യായനിയെ സഹിക്കാനായി, കുറുപ്പു നേരത്തേതന്നെ ആ വൃദ്ധയെ അവിടെ വരുത്തിയിരുന്നു. കുറുപ്പു വണ്ടിയിൽ നിന്നിറങ്ങി അവരോടു എന്തോ ചോദിച്ചു. അതിനു, “അടുത്തിരിക്കുന്നു. സമയത്തിനെത്തി” എന്നു ആ സ്ത്രീ മറുവടി പറഞ്ഞതായി അമ്മുവിനു തോന്നി. എന്തായിരിക്കും അടുത്തതു? സമയത്തിനെത്തിയതു ആർ? എന്നിങ്ങിനെ ചിന്തിച്ചു, അമ്മു വല്ലാതെ കുഴങ്ങി. കുറുപ്പു അവളെ വണ്ടിയിൽനിന്നു മെല്ലെ പിടിച്ചിറക്കി പറഞ്ഞു:— “അമ്മയ്ക്കു സുഖക്കേടു കലശലാണ്. അന്ധാളിക്കരുതു. ഈശ്വരേച്ഛപോലെ വരട്ടെ. ഡാക്ടർ അടുത്തുണ്ടു്.”

അമ്മു ആരുടേയും സഹായം കൂടാതെ നാലുകെട്ടിനു

ള്ളിൽ കടന്നു. അവറം നേരെ അമ്മയുടെ മുറിയിൽ കടക്കു വാൻ തുടങ്ങിയപ്പോറം, ആ വൃദ്ധ അവളെ തടഞ്ഞു നിത്തി— "നില്ലു്, വിവരം അറിയിച്ചിട്ടു പോകാം, ഞാൻ കാത്ത്യായനിയെ വിളിച്ചു പറയാം" എന്നു പറഞ്ഞു "എന്ത്? അമ്മ യല്ലു എന്നെക്കാണണമെന്നു പറഞ്ഞയച്ചല്ലൊ! സമ്മതം ചോദിക്കാതെ എനിക്കു പോകാൻ പാടില്ലയോ?" എന്നു അമ്മു ചോദിച്ചു.

"അമ്മയല്ലു കാണണം എന്നു പറഞ്ഞിട്ടുതന്നെ ഈ രാത്രി പറഞ്ഞയച്ചതു്. പക്ഷേ ദീനമല്ലയോ? അമ്മുവിൻെറ ഈ കോലം പെട്ടെന്നു കണ്ടാൽ ഞെട്ടിപ്പോവുല്ലയോ? വീണ്ടും ദീനം അധികമായാലോ."

ഈ സംസാരം കേട്ടു്, കാത്ത്യായനി വാതല്ക്കൽ വന്നു: "ഓ! വന്നെത്തിയോ? ഭാഗ്യം! അമ്മുവിനെ കാണണം, കാണണം, എന്നു ഇത്രനേരം കരഞ്ഞു വിളിക്കയായിരുന്നു."

അമ്മു:—അമ്മയല്ലു സാധാരണയിലധികമുണ്ടോ?

കാത്ത്യാ:—അധികമോ! അയ്യോ! ആത്യത്തെ കിടപ്പുകണ്ടപ്പോഴ് മരിച്ചു എന്നുതന്നെ എനിക്കു തോന്നി.

അമ്മു:—ഡാക്ടർ വന്നെത്തും മുമ്പുതന്നെ ബോധക്ഷയം ഉണ്ടായോ?

കാത്ത്യാ:—പിന്നെ! അമ്മു കായലിൽ വീണു കാലൊടിഞ്ഞു, എല്ലു നുറുങ്ങി, എന്നൊക്കെ ഒരുത്തൻ ഇവിടെവന്നു പറഞ്ഞു കേറംപ്പിച്ചു. അപ്പഴ് തൊടങ്ങി വെറയലും, മൊകപാവവും ഒക്കെക്കണ്ടു് ഞാൻ ഡാക്കിട്ടൎക്കു ആളയച്ചു. ഡാക്കിട്ടരു് അപ്പഴ്തന്നെ അമ്മുവിൻെറ അടുത്തു വന്നിരുന്നുപോലും; ഇവിടെ എത്തുമ്മുമ്പെ, അമ്മയല്ലു ഓൎമ്മകേടു വന്നുപോയി.

അമ്മു:—എപ്പോഴാണു് ഓൎമ്മവന്നതു്?

കാത്ത്യാ:—കൊറെ നേരം വേണ്ടിവന്നു. കെടക്കുന്ന കെടക്കണ്ടു ഡാക്കിട്ടൎത്തന്നെ വല്ലാതെ ആയി. ഇപ്പഴ് കുട്ടികളുടെ

ഓർമ്മയൊണ്ട്. ഓർമ്മ വരുമ്പോഴാണ് അമ്മുവിനെ കാണേണം എന്നു ശാട്ട്യം പിടിക്കണതു്. സംസാരിച്ചും, പിന്നെയും ഓർമ്മയില്ല. ഓർമ്മയില്ലാണ്ട് കെടക്കയാണ്. ഞാൻ പോയി വിളിച്ചു നോക്കട്ടെ.

കാർത്ത്യായനി അകത്തു കടന്നപ്പോൾ, ഡാക്ടർ പുറമെ പോന്നു. ഡാക്ടർ അമ്മുവിനെ നോക്കി പറഞ്ഞു:—"ശ്രമപ്പെടുത്തി, കൊണ്ടുവരേണ്ടതായി വന്നു. എന്തു ചെയ്യാം? നിങ്ങളെ കണ്ടല്ലാതെ അമ്മയ്ക്കു വിശ്വാസമാകയില്ല. മനസ്സമാധാനത്തോടെ—" മുഴുവനും പറവാൻ ഡാക്ടർക്ക് ധൈര്യമുണ്ടായില്ല. അയാളുടെ അനുകമ്പ കണ്ടതിൽ, അമ്മുവിനു കാര്യത്തിൻെറ ഗൌരവം മുഴുവൻ മനസ്സിലായി.

"ഭേദമില്ലയോ?"—എന്നു അവൾ വളരെ പണിപ്പെട്ടു ചോദിച്ചു.

ഡാ:—തീർച്ച പറവാൻ സാധിക്കയില്ല. അത്ര കലശലാണ്. ചോര തലയിൽ കയറിയിരിക്കുന്നു. വേറെയും ചില തകരാറുകൾ ഉണ്ടു്. എന്നാൽ ആവുന്നതൊക്കെ ചെയ്യാം. വേറെ ചില മരുന്നുകൾ എടുത്തു വരാനുണ്ടു്; ഞാൻ വേഗം വന്നേക്കാം. അകത്തു പോവുക. ഇപ്പോൾ ഓർമ്മ തീരെയില്ല. ധൈര്യമായിരിക്കുക. കാലിനെ ശ്രമപ്പെടുത്താതെ, നീട്ടിവെച്ചു കിടക്കുകയോ ഇരിക്കുകയോ ചെയ്യണം.

ഡാക്ടർ പുറത്തു വന്നപ്പോൾ, കൃഷ്ണക്കുറുപ്പ് കോലായിൽ തൂണും ചാരി, അവിടെ തൂക്കിയിരുന്ന വിളക്കിനെ സൂക്ഷിച്ചു നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. "നിങ്ങളിവിടെ ഉണ്ടോ? ഭാഗ്യം. ഇവിടെത്തന്നെ ഉണ്ടായിരിക്കുമല്ലോ? ആ കുട്ടിയെ തനിയേ ആക്കിക്കളയരുതേ! എപ്പോഴാണ് അവസാനിക്കുന്നതെന്നു നിശ്ചയമില്ല"—എന്നു ഡാക്ടർ കുറുപ്പിനോടു പറഞ്ഞു.

കു:—ഞാൻ ഇവിടെതന്നെ ഉണ്ടായിരിക്കും. ആശയ്ക്കു മാർഗ്ഗമില്ല, അല്ലേ?

ഡാ:—എനിക്കു തിരെ ഉറപ്പു തോന്നുന്നില്ല. ഞാൻ തിരിയെ വരുമ്മുമ്പുതന്നെ കഥ കഴിയില്ലേ എന്നാണു സംശയം. മരുന്നുകൊണ്ടു ചെയ്യാവുന്നതൊക്കെ ഞാൻ ചെയ്യാം.

ഒരു വെളിച്ചവുംകൂടി എടുക്കാതെ തനിയെയായിരുന്നു ഡാക്ടർ പോയതു്. കുറുപ്പു കോലായിൽ കുറെ നേരം നിന്ന ശേഷം, മുററത്തിറങ്ങി തെക്കും വടക്കും നടന്നുതുടങ്ങി; കൂടക്കൂടെ കോലായുടെ സമീപംചെന്നു്, അകത്തുനിന്നു വല്ല ശബ്ദവും പുറപ്പെടുന്നുണ്ടോ എന്നു ചെവിയോർക്കും; വീണ്ടും നടക്കും. കോലായിലെ വിളക്കു കാററടിച്ചു കെട്ടുപോയതിനാൽ, അവിടെ നല്ല ഇരുട്ടായിരുന്നു കാററടിക്കുന്ന ശബ്ദമല്ലാതെ, മററു ശബ്ദം യാതൊന്നും ഉണ്ടായിരുന്നില്ല. കുറുപ്പു നാരായണി അമ്മയുടെ ബാല്യകാലത്തെ കഥകൾ പലതും ഓർത്തുകൊണ്ടു നടന്നു. അവരുടെ സൌന്ദര്യവും, പ്രഭാവവും, മോടിയും, ഗർവ്വും, അക്കാലത്തെന്നവിധം, അയാളുടെ മനോനേത്രങ്ങൾക്കു വിഷയമായി. അവയൊക്കെ ചിന്തിച്ചുകൊണ്ടു് എത്രനേരം അവിടെ നടന്നു എന്നു നിശ്ചയമില്ല. നേരം എന്തായി എന്നു അയാൾ അറിഞ്ഞതുമില്ല.

കിഴക്കുഭാഗത്തു ആകാശം കുറെ തെളിഞ്ഞുതുടങ്ങി; അപ്പോൾ നാലുകെട്ടിൽനിന്നു് ഒരാൾ ബദ്ധപ്പെട്ടു് പുറമെ വന്നു്, കുറുപ്പിനെ അന്വേഷിച്ചു. കഥ കഴിഞ്ഞിരിക്കും എന്നു ശങ്കിച്ചുകൊണ്ടു് കുറുപ്പു് അങ്ങോട്ടു ചെന്നു. “നിങ്ങളെ കാണണമെന്നു പറയുന്നു. വേഗം വരിൻ”—എന്നു്, ആ വൃദ്ധ, കുറുപ്പിനെ ബദ്ധപ്പെടുത്തി.

“ഓർമ്മയുണ്ടോ?”—എന്നു ചോദിച്ചുകൊണ്ടു്, കുറുപ്പു് അകത്തേക്കു നടന്നു.

വൃദ്ധ:—ഉണ്ടു്, ഉണ്ടു്. കൂടെക്കൂടെ ഓർമ്മവന്നു പലതും സംസാരിച്ചു. വേഗം നടക്കിൻ. ഓർമ്മകേടു വരുമ്മുമ്പു ചെന്നു കാണിൻ.

കുറുപ്പു മുറിക്കുള്ളിൽ കടന്നു. അവിടെ വെളിച്ചം മങ്ങി

ക്കത്തികൊണ്ടിരുന്നതിനാൽ, ആദ്യം കുറുപ്പിനു യാതൊന്നും കാണ്മാൻ കഴിഞ്ഞില്ല. കണ്ണുകൾ തുടച്ചു സൂക്ഷിച്ചു നോക്കി; നാരായണി അമ്മയെ കിടക്കയിൽ, ചാവട്ടകൾ വച്ചു പൊന്തിച്ചിരുത്തിയിരിക്കുന്നതായി കണ്ടു. ഹാ! മുഖം എത്ര വികൃതം! ഗംഭീരപൌരുഷഭാവം നിശ്ശേഷം പൊയ്പോയിരിക്കുന്നു; കവിൾത്തടങ്ങൾ ചുളുങ്ങിത്തുടങ്ങുന്നു; കണ്ണുകൾക്കും, വായ്ക്കു ചുററും കറുത്ത നിറം വളഞ്ഞിരിക്കുന്നു; ചുണ്ടുകൾ നീലിച്ചിരിക്കുന്നു; കുണ്ടിൽപോയി ആണ്ടിരുന്ന കണ്ണുകളുടെ പ്രഭ മാത്രം തീരെ കുറഞ്ഞിരുന്നില്ല.

കുറുപ്പ് കട്ടിലിന്നരികെ വന്നതു കണ്ട്, നാരായണി അമ്മ സംസാരിപ്പാൻ തുടങ്ങി:—"വിളിച്ചതെന്തിനെന്നറിഞ്ഞോ?"

കുറുപ്പിനു ഈ സംസാരം കഷ്ടിച്ചു കേൾപ്പാനേ കഴിഞ്ഞുള്ളു. അയാൾ കുറേക്കൂടെ അടുത്തുചെന്ന്, കട്ടിലിന്നരികേ താന്നിരുന്ന്; നാരായണി അമ്മയുടെ നേക്കു ചെവിതാഴ്ത്തി. കട്ടിലിന്റെ മറുവശത്ത് അരികിൽച്ചേന്ന് അമ്മുവും താണിരിക്കുന്നുണ്ടായിരുന്നു. കുറുപ്പ് ആദ്യം അവളെ കണ്ടിരുന്നില്ല. യദൃച്ഛയാ നോക്കിയപ്പോൾ അവൾ കിടയ്ക്കമേൽ തലവെച്ചു മുഖം മറച്ചു.

"എന്നോടു വല്ലതും പറവാനുണ്ടോ?"—എന്നു കുറുപ്പ പതുക്കെ നാരായണി അമ്മയോടു ചോദിച്ചു.

നാരായണി അമ്മ തല കുലുക്കി. വിരൽ ചൂണ്ടിക്കൊണ്ട്, പറഞ്ഞു:—"ഇവളെപ്പററി"

കു. കു:—മകളെക്കുറിച്ചോ? എന്താണ്?

നാ. അ:—ഞാൻ ചത്താൽ—ഇവൾക്കു—ആരും—സഹായമില്ല—മാധവൻ—കമലയെ—രക്ഷിക്കും. ഇവൾക്കു—കഞ്ഞികുടിക്കാൻ—വകയില്ല.

കു. കു:—ഞാൻ ചെയ്യേണ്ടത് എന്താണെന്നു പറഞ്ഞാൽ— — —

നാ. അ:—ഇവളെ സംബന്ധം— — — —

"അയ്യോ, അമ്മേ!" എന്നു നിലവിളിച്ചുകൊണ്ട്, അ

മ്മു, അമ്മയുടെ ഇടത്തു കൈയിന്മേൽ തലവച്ചു കഠിനമായി കരഞ്ഞു. വിയത്തൊലിച്ചു തണുത്തിരുന്ന അവളുടെ വലത്തു കൈയെ പിടിച്ചു് നാരായണി അമ്മ കുറുപ്പിന്റെ കൈയിൽ അപ്പിച്ചു. കുറുപ്പു് അനുകമ്പാപൂവ്വം അതിനെ ഒന്നു് അമത്തി, മൌനമായി നിന്നു.

നാരാ: - മിണ്ടാത്തതെന്തു?—പാവപ്പെട്ടവൾ—പക്ഷേ താമരശ്ശേരിയിലെ—കടവിലത്തെ—സന്താനം - - -

കൃ കു:—അമ്മുവിനെ ഞാൻ സംരക്ഷിച്ചുകൊള്ളാം. ഇതിൽ എനിക്കു സന്തോഷമേയുള്ളു. ഞാൻ മുമ്പുതന്നെ അപേക്ഷിച്ചിരുന്നതല്ലേ? എന്റെ അറിവുകേടുകൊണ്ടു് വല്ല അപരാധവും ചെയ്തുപോയിട്ടുണ്ടെങ്കിൽ, മാപ്പുതരണം. ഞാൻ ദരിദ്രനായിരുന്ന കാലത്തു്, എന്നെ - - - -

ന. അ:— അതൊക്കെ ഇപ്പോൾ — സംസാരിച്ചിട്ടാവശ്യമില്ല— അവളോടു്— ദയവായി— പെരുമാറണം— അവൾ - - - -

നാരായണി അമ്മയ്ക്കു എല്ലാം പറവാൻ സാധിച്ചില്ല; അതിൻമുമ്പു്, ആലസ്യപ്പെട്ടു ബോധക്ഷയമുണ്ടായി:—"സംസാരിച്ചു ക്ഷീണിച്ചു വീണ്ടും വന്നല്ലോ"—എന്നു മുറുമുറുത്തുകൊണ്ടു്, കാത്ത്യായനി വീശുകയും വിയപ്പു തുടയ്ക്കുകയും, മരുന്നുകുപ്പി തുറന്നു മൂക്കിൽ പിടിക്കുകയും ചെയ്തു. അപ്പോഴെക്കും ഡാക്ടരും വന്നു. കിടക്കയുടെ ഒരു ഭാഗത്തു തലവച്ചു ഏങ്ങിക്കരയുന്ന അമ്മുകുട്ടിയെ നോക്കി, "അല്ലാ! രണ്ടു ദീനക്കാരെ ശുശ്രൂഷിക്കണമെന്നോ? നന്നായി! കാത്ത്യായനി ഇവിടെ നില്ക്കട്ടെ. നിങ്ങൾ അമ്മുവിനെ പുറമെ കൂട്ടിച്ചുകൊണ്ടു പോവിൻ"—എന്നു കുറുപ്പിനോടും വൃദ്ധയോടുമായി പറഞ്ഞു. അമ്മുവാകട്ടെ, മോഹാലസ്യത്താൽ നിലത്തു വീണുപോയി.

## അദ്ധ്യായം, ൨൫.

### അമ്മുവിൻെറ ഭാഗ്യം.

രാത്രിയുടെ അന്ത്യയാമത്തിൽ അമ്മയുടെ കിടക്കച്ചുവട്ടിൽ വച്ച് നടന്ന സ്മരണീയമായ ആ സംഭവം കഴിഞ്ഞു, അമ്മുക്കുട്ടി, കുറെനാൾ ആലസ്യം നിമിത്തം ദിനരാത്രങ്ങളെ സ്വന്തം മുറിക്കുള്ളിൽ കഴിച്ചുകൂട്ടേണ്ടിവന്നു; എന്നാൽ അവളുടെ ഹൃദയത്തിനു ലഭിച്ച പുതിയ ജീവനും, നവമായ ആനന്ദവും അവളുടെ സകലവിധങ്ങളായ ആലസ്യങ്ങളെയും വേഗത്തിൽ ശമിപ്പിച്ചു.

നാരായണി അമ്മയുടെ അപകടനിലകണ്ട് അമ്മുവിനും അവളുടെ ബന്ധുക്കൾക്കും ക്ഷേമാശംസികൾക്കും അത്യന്തം അസ്വാസ്ഥ്യം ഉണ്ടായി. ആ അമ്മ ദീൎഘകാലത്തേക്കു മൃതപ്രായയായിത്തന്നെ കിടന്നു. ഒടുവിൽ അപകടഘട്ടം കഴിഞ്ഞുവെന്നു ഡാക്കടർ അഭിപ്രായപ്പെട്ടപ്പോൾ, അമ്മുവിന് ആശ്വാസമായി.

വളരെ നാളായി അവൾ ആഗ്രഹിച്ചുകൊണ്ടിരുന്ന ഭാഗ്യം അവൾക്കു ലഭിച്ചു. അവളുടെ വിവാഹത്തിനു വിരോധം പറഞ്ഞിരുന്ന മാതാവുതന്നെ അവളെയും കുറുപ്പിനെയുംതമ്മിൽ വിവാഹബന്ധത്തിൽ ഉൾപ്പെടുവാൻ നിൎബ്ബന്ധിച്ചില്ലേ? കുറുപ്പിൻെറ പേരിൽ നാരായണി അമ്മക്കുണ്ടായിരുന്ന ദ്വേഷവും വെറുപ്പും തീരെ മാറിപ്പോയി; ആ അമ്മ കുറുപ്പിനെ പുത്രനിൎവ്വിശേഷംസ്നേഹിക്കാനും തുടങ്ങി. നിത്യകന്യാവ്രതം അനുഷ്ഠിക്കേണ്ടി വരുമെന്നോ, ജീവിതം മുഴുവൻ അനാഥയായിക്ലേശിച്ചു കഴിയേണ്ടിവരുമെന്നോ ഉള്ള ശങ്കകൾ അമ്മുവിനെ വിട്ടുമാറി. അമ്മുവിൻെറ ഭാഗ്യത്തിനു ഇനി എന്താണു കുറവുള്ളതു്? കുറുപ്പ് അവളെ പ്രഥമദൎശനത്തിൽ തന്നെ സ്നേഹിക്കാൻ തുടങ്ങിയെന്നും; അന്നുമുതൽ കുറുപ്പിൻെറ ഹൃദയം മുഴുവനും അവൾക്കായി അൎപ്പിച്ചിരിക്കുന്നു എന്നും ഉള്ള വസ്തുത അവളെ പരമാനന്ദതുന്ദിലയാക്കി. എന്നാൽ, ഇഹലോ

കത്തിലെ ഏതുവിധം ഭാഗ്യമാണു പരിപൂൎണ്ണമായുള്ളതു്? അമ്മുക്കുട്ടി പരമാനന്ദലഹരിയിൽ മുഴുകിയിരുന്നു എങ്കിലും, അവളുടെ ഭാഗ്യം പരിപൂൎണ്ണമായിരുന്നില്ല; അല്പം ഒരു ദുഃഖനിഴൽ അവളുടെ മനസ്സിൽ കുടികൊള്ളുവാനിടയായി.

നാരായണി അമ്മ മൃത്യുവിന്റെ വായിൽനിന്നു പണിപ്പെട്ടു രക്ഷ പ്രാപിച്ചു; എന്നാലും അവരുടെ ആരോഗ്യത്തിനു നീക്കുവാൻ കഴിയാത്ത കേടുതട്ടി; അവർ ജീവശേഷം മുഴുവൻ രോഗി എന്ന നിലയിൽ കഴിയേണ്ടതായി തീൎന്നു. തന്റെ പ്രിയപ്പെട്ട മാതാവിനുവേണ്ടി, എന്തു ചെയ്യുവാനും അമ്മുക്കുട്ടി ഒരുക്കമായിരുന്നതിനാൽ, ഡാക്കുടരുടെ ഉപദേശമനുസരിച്ചു, കുറെ നാൾ അമ്മയെ മറെറാരു ദിക്കിൽ കൊണ്ടുപോയി പാൎപ്പിക്കുവാൻ നിശ്ചയിച്ചു. മാതൃശുശ്രൂഷയിൽ അമ്മുവിനെ സഹായിക്കുന്നതിനായി, അവളുടെ പ്രിയമിത്രമായ രാധയും, സഹോദരദാരങ്ങളായ കമലയും അവളോടുകൂടെ പോയിട്ടുണ്ടായിരുന്നു. ഇവരുടെ വാസത്തിനു വേണ്ട സൌകൎയ്യം ഉണ്ടാക്കിക്കൊടുക്കുവാൻ, കുറുപ്പും അവരോടൊപ്പം പോയി; എന്നാൽ, കുറുപ്പ് ഇടനാട്ടിലെ വസ്തു സംബന്ധിച്ച വ്യവഹാരകാൎയ്യത്തിന്നായി, താമസിയാതെ താമരശ്ശേരിക്കു മടങ്ങേണ്ടി വന്നു.

നാരായണി അമ്മയ്ക്കു കമലയോടുണ്ടായിരുന്ന ദ്വേഷം വേരുപറിഞ്ഞുപോയിരിക്കുന്നു; അവർ ആ യുവതിയെ ലാളിക്കയും, സന്തോഷിപ്പിക്കയും ചെയ്യുന്നതിൽ പ്രത്യേകം താല്പൎയ്യം കാണിക്കുന്നു; കമല സമീപത്തില്ലാഞ്ഞാൽ, ഒരു നിമിഷംപോലും അവൎക്കു സുഖമല്ല. കമലയെ അങ്ങിനെ സ്നേഹിക്കുന്നതു്, അവൾ വഴിയായി മാധവനു സമ്പത്തു ലഭിപ്പാൻ പോവുന്നതിനാലാണെന്നു വായനക്കാർ വിചാരിച്ചേക്കാം. എന്നാൽ അതു അബദ്ധമായ വിചാരമാകുന്നു. ഇടനാട്ടിലെ വസ്തുകാൎയ്യം താൻ അറിയുന്നതിനും എത്രയോ മുമ്പുതന്നെ, നാരായണി അമ്മ, കമലയെ കാണാൻ ആവശ്യപ്പെട്ടു. എന്നാൽ ചെന്നു കാണ്മാൻ കമലയ്ക്കു മനസ്സായിരുന്നില്ല; അ

വൾ പേടിച്ചു വിറച്ചുകൊണ്ടായിരുന്നു നാരായണിഅമ്മയുടെ മുമ്പിൽ പോയതു്. നാരായണി അമ്മ അവളുടെ മേൽ കോരിച്ചൊരിഞ്ഞ സ്നേഹവാത്സല്യങ്ങളാൽ അവളുടെ കുണ്ഠിതവും ഭയവും ശീഘ്രം നീങ്ങി.

നാരായണി അമ്മയുടെ ഈ സ്വഭാവഭേദം സുഖക്കേടിൻെറ അനന്തരഫലമായിരുന്നു. മേലാൽ, ആക്കും ആ അമ്മയെ ഭയപ്പെടേണ്ടുന്ന അവശ്യമില്ല. ആ അമ്മയുടെ ഹൃദയകാഠിന്യവും, ദുരഭിമാനവും, സകലക്കും അസഹ്യമായിരുന്ന കഠിനവാക്കുകളും നോക്കുകളും നിശ്ശേഷം മാറിപ്പോയിരിക്കുന്നു. രോഗത്തിൻെറ അവസാനത്തിൽ വന്നുകൂടിയ ബുദ്ധിമാന്ദ്യമല്ലാതെ, മറെറാന്നുമല്ല ഈ മാററത്തിന്നു കാരണം. ആ അമ്മ ഇനി പൂവ്വസ്ഥിതിയിൽ ആകുമെന്നു ശങ്കിക്കാൻ സംഗതിയില്ല; മേലാൽ കോപിക്കയോ, അലറുകയോ, ആളുകളെ ഭയപ്പെടുത്തുകയോ ചെയ്കയില്ല. ബുദ്ധിക്കു മാന്ദ്യം സംഭവിച്ചുതോടുകൂടെ, ദുസ്സ്വഭാവങ്ങളും നീങ്ങിയതിൽ സന്തോഷമല്ലാതെ, ആക്കും സന്താപമുണ്ടായില്ല. ആറുമാസം പുറമേ പാത്തശേഷം, താമരശ്ശേരിയിലായിരുന്നു മടങ്ങി വന്നതു്. ആ ഭവനവും സ്വത്തുകളും കൈമാറിപ്പോയ കഥയാകട്ടെ, കഴിഞ്ഞ നാലു കൊല്ലങ്ങൾക്കിടയിൽ നടന്ന സംഭവങ്ങളാകട്ടെ, യാതൊന്നും നാരായണി അമ്മയ്ക്കു ഓമ്മയുണ്ടായില്ല.

നാരായണി അമ്മയ്ക്കു് ഓമ്മശക്തി കുറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ, അവരെ ആശ്ചയ്യപരതന്ത്രയാക്കുമായിരുന്ന ചില അത്ഭുതസംഭവങ്ങൾ ആ ആറുമാസത്തിലിടയ്ക്കു സംഭവിച്ചിരുന്നു. കമല കണ്ടുപിടിച്ച ഇരുമ്പുപെട്ടി ഒരു അമൂല്യനിക്ഷേപപ്പെട്ടിയായിരുന്നു. അതു വെളിച്ചത്തു കൊണ്ടുവന്നു തുറന്നു നോക്കിയപ്പോൾ, പല പഴയ പ്രമാണങ്ങളും കത്തുകളും മററു പല രേഖകളും കണ്ടുകിട്ടി. കൃഷ്ണക്കുറുപ്പു് അവയെ തൻെറ വ്യവഹാരകായ്യസ്ഥൻ മുഖാന്തരം, വക്കീലിന്നു

അയച്ചുകൊടുത്തു. ഈ ടനാട്ടു വ്യവഹാരത്തിനു അത്യാവശ്യമായതും കാണാതിരുന്നതുമായ പ്രമാണവും, മററു പല വില പിടിച്ച ലക്ഷ്യങ്ങളും, അക്കൂട്ടത്തിൽ കണ്ടുകിട്ടി. തന്നിമിത്തം ആറേഴ മാസത്തിലിടയ്ക്കു് ഉണ്ണിത്താനു അനുകൂലമായ വിധി ലഭിപ്പാൻ സംഗതിയായി.

വ്യവഹാരം നടത്തുന്നതിനും, വിധി നടത്തി വസ്തു ഒഴിപ്പിക്കുന്നതിനും, മററുമായി വളരെ പണം ചെലവായി. ആവശ്യപ്പെടുമ്പോഠം ഒക്കെ, പണവും തയ്യാറായിരുന്നു. അനുകൂലമായ വിധി കിട്ടിയ ശേഷം ഉണ്ണിത്താൻ മദിരാശി വിട്ടു പോന്നു. എന്നാൽ ഇടനാട്ടിലെ വീടും വസ്തുക്കളും പോയി നോക്കിയതിൽ, ഉണ്ണിത്താന്നു് കുണ്ഠിതമാണുണ്ടായതു്. അത്ര വലിയ വീടും വസ്തുക്കളും ഭരിക്കുന്നതിനുള്ള സാമർത്ഥ്യം തനിക്കില്ലെന്നും; ആ വീട്ടിൽ കമലയ്ക്കും തനിയ്ക്കും തനിയേ പാക്കാൻ സാധിക്കയില്ലെന്നും ആയിരുന്നു കുണ്ഠിതം. താമരശ്ശേരി കിട്ടിയിരുന്നെങ്കിൽ, തനിക്കു പതിന്മടങ്ങു സന്തോഷമുണ്ടായിരുന്നു എന്നു്, ഉണ്ണിത്താൻ ഒരിക്കൽ കുറുപ്പിനോടു പറക ഉണ്ടായി. ദയാലുവും ഉദാരശീലനും ആയ കുറുപ്പു്, ആ യുവാവിനെ പതിന്മടങ്ങു സന്തോഷിപ്പിക്കാമെന്നു സമ്മതിച്ചു. അമ്മയും അമ്മുവും മടങ്ങി എത്തും മുമ്പു് വസ്തു കൈമാറി.

വേനൽക്കാലത്തിൻെറ അവസാനത്തിൽ ഉണ്ടാകാറുള്ള മഴ കഴിഞ്ഞശേഷമായിരുന്നു നാരായണി അമ്മയും കൂട്ടരും മടങ്ങി എത്തിയതു്. ഉണങ്ങി വരണ്ടുനിന്ന വൃക്ഷങ്ങഠം ഇളന്തളിർ ചാർത്തിയും, വരണ്ടു വിണ്ടു കിടന്ന നിലം പച്ചപ്പുല്ലു പുതച്ചും വിളങ്ങി. പുതുമഴയിൽ കുളിച്ചു് ദിവ്യവസ്ത്രാഭരണങ്ങഠം ധരിച്ച പ്രകൃതിദേവി, തൻെറ പ്രിയപുത്രിയേയും അവളുടെ മാതാവിനേയും എതിരേററു. ഉണ്ണിത്താൻെറ കൈപിടിച്ചു് വണ്ടിയിൽനിന്നിറങ്ങി, ഭവനത്തിനുള്ളിൽ പ്രവേശിച്ചപ്പോഠം, നാരായണി അമ്മയ്ക്കു തൻെറ തറവാട്ടിൽ നടന്ന ഭേദഗതികളേയും കഷ്ടനഷ്ടങ്ങളേയും പററി അല്പവും ഒമ്മ

യുണ്ടായില്ല. താമരശ്ശേരിയെ പണ്ടത്തെ നിലയിൽ ആക്കുന്നതിനു ഉണ്ണിത്താൻ വേണ്ട യത്നങ്ങൾ ചെയ്തിരുന്നു. ശില്പവേലകൾ ചെയ്തിട്ടുള്ള വാതലുകളും, ജനാലകളും, മരസാമാനങ്ങളും, തോരണത്തുനിന്നു തിരികെ കൊണ്ടുവന്ന്, മുമ്പ് അവ ഏതേതു സ്ഥാനങ്ങളിൽ ഇരുന്നിരുന്നുവോ, അതാതു സ്ഥാനങ്ങളിൽ സ്ഥാപിച്ചു. താമരശ്ശേരിക്കാരണവന്മാരുടേയും മുത്തശ്ശിമാരുടേയും ഛായാപടങ്ങൾ, പൊടിതുടച്ച് മിനുക്കി, അതാതിൻെറ സ്ഥാനത്തു ഉറപ്പിച്ചു. അമ്മയെ സാവധാനമായി പിടിച്ചു നടത്തികൊണ്ടുവന്ന ഉണ്ണിത്താനേയും കമലയേയും കണ്ടു സന്തോഷിച്ചിട്ടെന്നപോലെ, തെക്കേ അറയിൽ ഇരുന്ന മാണിക്കത്തിൻെറ മുഖം പൂർവ്വാധികം ശോഭിച്ചു. നാരായണിഅമ്മ മിണ്ടാതെ നടക്കുന്നതു കണ്ട്, "ഒന്നും ഓർമ്മയില്ലെന്നു തോന്നുന്നു"—എന്ന്, കമല ഉണ്ണിത്താൻെറ ചെകിട്ടിൽ പറക ഉണ്ടായി. ഉണ്ണിത്താൻെറ കണ്ണുകളിൽനിന്നു ധാരധാരയായി പൊഴിഞ്ഞ അശ്രുകണങ്ങൾ തൻെറ ഭുജങ്ങളിൽ വീണ് ഒലിച്ചിട്ടും കൂടി, നാരായണി അമ്മയ്ക്കു ഭാവഭേദം ഉണ്ടായില്ല. ആ ചൈതന്യരഹിതമായ മുഖത്തെ കണ്ട്, സാധുവായ ആ യുവാവിൻെറ ഹൃദയം പൊട്ടിത്തകർന്നു.

അമ്മുവിൻെറ വിവാഹോത്സവം താമരശ്ശേരിയിൽ വച്ച് ആ തറവാട്ടിൻെറ അവസ്ഥക്കനുരൂപമായ വിധത്തിൽ തന്നെ കൊണ്ടാടി. വരപ്പുറത്തുകാർ ആബാലവൃദ്ധം ഈ മംഗളകർമ്മത്തിൽ പങ്കുകൊള്ളുവാൻ ക്ഷണിക്കപ്പെട്ടിരുന്നു. കുറുപ്പിൻെറ നേർക്ക് പ്രത്യക്ഷമായി വിരോധം കാണിച്ചുകൊണ്ടിരുന്ന ശത്രുക്കൾപോലും, വൈരം വെടിഞ്ഞ്, സന്തോഷത്തോടും സൌഹാർദ്ദത്തോടും കൂടെ, കുറുപ്പിൻെറ അതിഥികളായി താമരശ്ശേരിയിൽ സന്നിഹിതരായിരുന്നു. താമരശ്ശേരിയിലെ കഴിഞ്ഞുപോയ കാരണവന്മാരുടെ ഛായാപടങ്ങളാൽ അലംകൃതമായ തളത്തിൽവെച്ചായിരുന്നു വിവാഹം നടത്തിയത്. സഭാവാസികളുടെ മംഗളപ്രാർത്ഥനാമദ്ധ്യേ,

ശുഭ്രവസ്ത്രയായി, വിനീതയായി, തന്റെ മുമ്പിൽ വന്നു തൊഴുതു നിന്ന ആ യുവതീരത്നത്തിനു വസ്ത്രദാനം ചെയ്വാൻ കുറുപ്പ് തന്റെ ശിരസ്സിനെ പൊക്കിയപ്പോൾ, അയാളുടെ നേത്രങ്ങൾ, ഒരു മഹാശക്തിയാൽ ആകർഷിക്കപ്പെട്ടിട്ടെന്നവണ്ണം ചുമരുകളെ അലങ്കരിച്ച ഛായാപടങ്ങളിൽ പതിച്ചു. ഒരു വമ്പിച്ച തറവാട്ടിലെ ഒടുവിലത്തെ സന്താനമായ ആ കന്യകാരത്നത്തെ, അവളുടെ പദവിക്കു യോജിക്കുന്ന വിധം ബഹുമാനിക്കയും, സ്നേഹിക്കയും, സംരക്ഷിക്കയും ചെയ്യേണമെന്നുള്ള ആജ്ഞ, ആ ഛായകളുടെ ഊർജ്ജസ്വലമായ ഓരോ നേത്രങ്ങളിൽനിന്നും പുറപ്പെടുന്നതായി കുറുപ്പിനു തോന്നി. കുറുപ്പ് ആ ആജ്ഞയെ ശിരസാവഹിക്കാമെന്നു മനസ്സുകൊണ്ടു ശപഥം ചെയ്ത ശേഷമായിരുന്നു വസ്ത്രദാനം ചെയ്തതു്.

വിവാഹാനന്തരം, കുറെ നാൾ കഴിഞ്ഞപ്പോൾ, ഒരു ശുഭദിനത്തിൽ കുറുപ്പ് തന്റെ പ്രിയതമയെ തന്റെ പുതിയ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടു പോയി. അവർ കയറിപ്പോയ കുതിരവണ്ടി രാജപാതയിൽ കൂടെ കടന്നുപോയപ്പോൾ, വരപുരനിവാസികൾ പലരും പാതയുടെ ഇരുഭാഗവും നിന്നു് അവരെ അനുഗ്രഹിച്ചു. എന്നാൽ കുറുപ്പ് വരപുരം വെടിഞ്ഞു ഇടനാട്ടിൽ താമസമുറപ്പിച്ചതിൽവച്ചു്, കുറുപ്പിന്റെ ആശ്രിതജനങ്ങൾ പലരും വ്യസനിക്കാതെയുമിരുന്നില്ല. പ്രേമം കവിഞ്ഞുവഴിയുന്ന നേത്രങ്ങളാൽ തന്നെ കടാക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രിയനെ നോക്കി അമ്മു ചോദിച്ചു:—"താമരശ്ശേരി വിട്ടു പോരുന്നതിൽ കുണ്ഠിതമില്ലേ? ആ വീട്ടിനോടുള്ള സ്നേഹം കൊണ്ടല്ലേ ഇത്ര ശ്രമം ചെയ്തു് അതിനെ സ്വാധീനമാക്കിയതു്?"

"ക്ഷേത്രം കൈവിട്ടു പോയാലെന്തു? അതിനുള്ളിൽ പ്രതിഷ്ഠിച്ചിരുന്ന ഭാഗ്യമൂർത്തിയെ ലഭിച്ചുവല്ലോ"—എന്നായിരുന്നു കുറുപ്പിന്റെ മറുപടി.

സമാപ്തം.

UNIVERSITY 31.MAR.19

UNIVERSITY LIBRARY
25.JUN 1935
MADRAS

B80

താമരശ്ശേരി

അഥവാ

അമ്മുവിന്റെ ഭാഗ്യം.